

# കാത്തലിക് ഗ്രീവൻസസ്

ജോൺ കച്ചിറമറ്റം

www.malankaralibrary.com

# കാത്തലിക് ഗ്രീവൻസസ്

## കത്തോലിക്കരുടെ അവശതകൾ

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

MALAYALAM
**CATHOLIC GRIEVANCES**
**By JOHN KACHIRAMATTAM**

| | | |
|---|---|---|
| FIRST PUBLISHED | : | 28-12-2007 ( 7th Birth day of Maria Kachiramattam, the grand daughter of the auther) |
| PUBLISHED BY | : | DR. KACHIRAMATTAM FOUNDATION |
| COPY RIGHT | : | DR. KACHIRAMATTAM FOUNDATION |
| DTP SETTING | : | C-CAD GRAPHICS, ERATTUPETTA Ph: 272852 |
| COVER DESIGN | : | JOSEPH FRANCIES PALA, 04822 212066 |
| PRINTED AT | : | PENTA OFFSET, KOTTAYAM |
| PRICE | : | Rs 135/- |


## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. കാത്തലിക് ഗ്രീവൻസസ് - ജോൺകച്ചിറമറ്റം
2. കേരള സഭാപ്രതിഭകൾ - ജോൺകച്ചിറമറ്റം
3. നായർ ഈഴവ ഐക്യം - ജോൺകച്ചിറമറ്റം
4. തിരഞ്ഞെടുക്കപ്പെട്ട മുഖപ്രസംഗങ്ങൾ - ജോൺകച്ചിറമറ്റം
5. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം - ജോൺകച്ചിറമറ്റം
6. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം - ജോൺകച്ചിറമറ്റം
7. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺകച്ചിറമറ്റം
8. കേരള സഭാരത്നങ്ങൾ - ഒന്നാംഭാഗം - ജോൺകച്ചിറമറ്റം
9. കേരള സഭാരത്നങ്ങൾ - രണ്ടാംഭാഗം - ജോൺകച്ചിറമറ്റം
10. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺകച്ചിറമറ്റം
11. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺകച്ചിറമറ്റം
12. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
13. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
14. Homilies and Reflections (Part I) - Rev.Dr.A.Kachiramattam
15. Homilies and Reflections (Part II) - Rev.Dr.A.Kachiramattam
16. Why American youth Turn to Budha "
17. Evolution in the human concept of God "
18. Re-discovery of India "
19. Catholic Eastern Churches "
20. Prepare the way of the Lord "
21. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം
22. ഇടിമുഴക്കം കേട്ടതെപ്പോൾ - ജോൺകച്ചിറമററം

www.malankaralibrary.com

# കാത്തലിക് ഗ്രീവൻസസ്

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ 04822 260434, 261102, 260071
Mob: 9447662076

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേള നങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007-ൽ വീണ്ടും അമേരിക്കൻ ഐക്യനാടു കളിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർ ഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർ ഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങ നാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാ രവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാ രവും കച്ചിറമറ്റത്തിന് ലഭിക്കുകയുണ്ടായി

നാലുദശാബ്ദക്കാലമായി എ.കെ.സി.സി. യുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചിറമറ്റം ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമ തിയുടെ ജനറൽ സെക്രട്ടറിയുമാണ്. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ

www.malankaralibrary.com

# സമർപ്പണം



തലശ്ശേരി, പാലാ, തിരുവല്ല രൂപതകളിൽ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ച എന്റെ പിതൃസഹോദര പുത്രൻ **ഫാ. ജോൺ കച്ചിറമറ്റം** ( പാപ്പച്ചനച്ചൻ ) ചരിത്രഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിലും വായിക്കുന്നതിലും അതീവ താല്പര്യം പ്രകടിപ്പിച്ചിരുന്നു. 70-ാമത്തെ വയസ്സിൽ 2007 ഓഗസ്റ്റ് 18-ന് ദിവംഗതനായ ആ ചരിത്രസ്നേഹിയുടെ പാവനസ്മരണയ്ക്കു മുമ്പിൽ ഈ ചരിത്രഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com

# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
അവതാരിക — പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ.
ആമുഖം
1. കത്തോലിക്കരുടെ പരാതികൾ ..... 17
2. ക്രൈസ്തവരും ആദ്യകാല ജനകീയ പ്രക്ഷോഭങ്ങളും ..... 20
a. മലയാളിമെമ്മോറിയൽ ..... 20
b. പൗരസമത്വവാദപ്രക്ഷോഭണം ..... 22
3. നാലു മെമ്മോറിയലുകൾ ..... 26
a. ഒന്നാമത്തെ കത്തോലിക്കാമെമ്മോറിയൽ ..... 26
b. രണ്ടാമത്തെ മെമ്മോറിയൽ ..... 27
c. മൂന്നാമത്തെ മെമ്മോറിയൽ ..... 29
d. നാലാമത്തെ മെമ്മോറിയൽ ..... 30
4. കാത്തലിക് ഗ്രീവൻസസ് ..... 32
a. കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ ..... 33
b. രാജകീയ പ്രഖ്യാപനം ..... 33
c. എ.കെ.സി.സി. പ്രസിഡന്റ്. ജെ. ജോൺ നിധീരിയുടെ ആമുഖം ..... 34
മെമ്മോറാണ്ടത്തിലെ പ്രതിപാദ്യവിഷയങ്ങൾ ..... 38
1. ആരാധനാസ്വാതന്ത്ര്യം
2. പബ്ലിക്ക് സർവ്വീസ്
3. പ്രാതിനിധ്യസ്ഥാപനങ്ങൾ
4. പട്ടാളസേവനം
5. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
6. അനുബന്ധം എ. അഖിലകേരളീയ കത്തോലിക്കാ കോൺഗ്രസ് ചരിത്രസംക്ഷേപം ..... 134
അനുബന്ധം ബി.പട്ടികകൾ: ..... 136
i. ഉദ്യോഗവിതരണം
ii. നിയമനിർമ്മാണസഭ
iii. ശ്രീമൂലം പ്രജാസഭ
iv. മുൻസിപ്പൽ കൗൺസിലുകൾ
v. പഞ്ചായത്ത്-ബഞ്ച് മജിസ്ട്രേറ്റുകോടതികൾ
അനുബന്ധം സി. i.അകത്തോലിക്കാ പത്രാഭിപ്രായങ്ങൾ ..... 155
ii. തിരുവിതാംകൂർ പത്രപ്രവർത്തകസംഘത്തിന്റെ പബ്ലിക്ക് സർവ്വീസ് കമ്മിറ്റി റിപ്പോർട്ട് ..... 158
5. ചരിത്രം സൃഷ്ടിച്ച നിവേദനം ..... 166
6. ക്രിസ്റ്റ്യൻ മെമ്മോറാണ്ടം ..... 170
7. രണ്ടരലക്ഷത്തിന്റെ ഭീമഹർജി ..... 172
8. സ്വതന്ത്ര തിരുവിതാംകൂർ വാദവും കത്തോലിക്കാ കോൺഗ്രസ്സും. 175

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്

www.malankaralibrary.com

മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം ഇരുപത്തിരണ്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. "കാത്തലിക് ഗ്രീവൻസസ്" എന്ന ഈ ഗ്രന്ഥം ഇരുപത്തിമുന്നാമത്തെ പുസ്തകമാണ്.

www.malankaralibrary.com

# ആമുഖം

കേരളത്തിലെ ക്രൈസ്തവരുടെ രാഷ്ട്രീയ നിലയുടെ ചരിത്രം തിരുവിതാംകൂർ സംസ്ഥാനത്തിലെ ക്രൈസ്തവരുടെ പൗരാവകാശലബ്ധിയുടെ ചരിത്രമാണ്. പൗരാവകാശങ്ങൾക്കായുള്ള വാദം ക്രൈസ്തവർ ആരംഭിച്ചതും തുടർന്നുകൊണ്ടുപോയതും തിരുവിതാംകൂറിലാണ്. കൊച്ചി സംസ്ഥാനത്തും കേരളത്തിന്റെ ബാക്കി ഭാഗത്തും ക്രൈസ്തവരുടെ സംഖ്യ കേരളത്തിലെ ക്രൈസ്തവരുടെ മൂന്നിലൊന്നുപോലുമില്ലാതിരുന്നതിനാലും തിരുവിതാംകൂറിലെ ക്രൈസ്തവരുടെ സമരങ്ങളുടെ ഫലമായി ലഭിച്ച പൗരാവകാശങ്ങൾ കൊച്ചിയിലും സ്വീകരിക്കാൻ ഭരണകർത്താക്കൾ തയ്യാറായതിനാലും കേരളവ്യാപകമായ ഒരു സമരം ആവശ്യമായില്ല. എന്നാൽ തിരുവിതാംകൂറിലെ ക്രൈസ്തവരെയും വിശിഷ്യ കത്തോലിക്കരെയും സംബന്ധിച്ചിടത്തോളം പൗരാവകാശങ്ങൾ ഓരോന്നായും അല്പാല്പമായും പിടിച്ചു വാങ്ങേണ്ടി വന്നു.

പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നിരവധി നിവേദനങ്ങൾ തിരുവിതാംകൂർ മഹാരാജാവിനു നൽകിയിട്ടുണ്ട്. തിരുവിതാംകൂറിലെ എല്ലാ സമുദായങ്ങളും കൂടിച്ചേർന്നും അവഗണിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്ത ജനവിഭാഗങ്ങൾ സംയുക്തമായും കത്തോലിക്കർ ഒറ്റക്കും നൽകിയ നിവേദനങ്ങൾ തിരുവിതാംകൂർ ചരിത്രത്തിലെ അവിസ്മരണീയ സംഭവങ്ങളാണ്. ഇന്നത്തേതുപോലെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് പ്രതിഷേധയോഗങ്ങളോ, പിക്കറ്റിംഗുകളോ, ഹർത്താലോ ഒന്നും അക്കാലത്ത് നടത്തിയിരുന്നില്ലല്ലോ. ചില പ്രധാന കേന്ദ്രങ്ങളിൽ ചിലപ്പോൾ പ്രതിഷധ യോഗങ്ങൾ നടത്തിയിട്ടുണ്ടാകാം. അതിൽ കവിഞ്ഞൊന്നുമില്ല.

10038 പേർ ഒപ്പിട്ട് സമർപ്പിച്ച മലയാളി മെമ്മോറിയലും രണ്ടര ലക്ഷം പേർ ഒപ്പിട്ട് സമർപ്പിച്ച വിശ്വാസ അവകാശ ഭീമഹർജിയുമെല്ലാം ചരിത്രസംഭവങ്ങളാണ്. മലയാളി മെമ്മോറിയൽ സമർപ്പണത്തോടനുബന്ധിച്ച് പ്രധാനമായും 6 കേന്ദ്രങ്ങളിലാണ് പൊതുയോഗം സംഘടിപ്പിച്ചതെങ്കിൽ രണ്ടര ലക്ഷം പേർ ഒപ്പിട്ട് സമർപ്പിച്ച ഭീമഹർജിയോടൊപ്പം തിരുവിതാംകൂറിൽ ആയിരക്കണക്കിന് യോഗങ്ങളാണ് വിവിധ സ്ഥലങ്ങളിൽ നടത്തപ്പെട്ടത്. പൗരസമത്വവാദപ്രക്ഷോഭണത്തോടും നിവർത്തന പ്രക്ഷോഭണത്തോടും ബന്ധപ്പെട്ട് രാജ്യത്താകമാനം പ്രതിഷേധ യോഗങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ 1924 മുതൽ 1927 വരെയുള്ള കാലഘട്ടത്തിൽ നിവേദന സമർപ്പണത്തോടനുബന്ധിച്ച് പ്രതിഷേധ യോഗങ്ങൾ ഒന്നും സംഘടിപ്പിച്ചിരുന്നില്ല. നിയമസഭയിലെയും പ്രജാസഭയിലെയും അംഗങ്ങൾ ചേർന്ന് സമർപ്പിച്ച നിവേദനങ്ങൾ തിരുവിതാകൂറിനെ സംബന്ധിച്ചിടത്തോളം ആധികാരിക രേഖകളാണ്.

1924 ൽ സമർപ്പിച്ച രണ്ടു നിവേദനങ്ങളും അതോടനുബന്ധിച്ച് അവയെ

www.malankaralibrary.com

സാധൂകരിക്കുന്ന അനേകം അനുബന്ധങ്ങളുംചേർത്ത് 1925 നവംബർ 10-ാം തീയതി ദാസൻ വർക്കി തിരുവിതാംകൂർ പബ്ലിക് സർവ്വീസും കത്തോലിക്കരുടെ അവകാശങ്ങളും എന്ന പേരിൽ ഒരു പുസ്തകം പ്രകാശനം ചെയ്തു. 1931 നവംബർ 26-ാം തീയതി നൽകിയ നിവേദനം കാത്തലിക് ഗ്രീവൻസസ് എന്ന പേരിൽ ഇംഗ്ലീഷിലും കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ എന്ന പേരിൽ മലയാളത്തിലും അച്ചടിച്ച് പ്രസിദ്ധീകരിച്ചു. ആ നിവേദനങ്ങളും അതോടനുബന്ധിച്ച് ചേർത്തിരിയ്ക്കുന്ന അനുബന്ധങ്ങളും പരിശോധിച്ചാൽ ഒരു നിവേദനം സമർപ്പിക്കുന്നതിന് നമ്മുടെ പൂർവ്വികർ സഹിച്ച ത്യാഗവും കഷ്ടപ്പാടും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇന്നത്തെപ്പോലെ വിവരസാങ്കേതിക സൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ഇപ്രകാരമൊരു നിവേദനം സമർപ്പിക്കുവാൻ ശ്രമിച്ചവരെ നമുക്ക് അനുസ്മരിക്കാം.

ഈ ഗ്രന്ഥം വായനക്കാർക്ക് രസകരമല്ലായിരിക്കും. എങ്കിലും ചരിത്രത്തോട് താല്പര്യമുള്ളവർ ഒരു നിധിപോലെ ഈ ഗ്രന്ഥം സൂക്ഷിക്കുകതന്നെചെയ്യും. നൂറുകണക്കിന് കത്തോലിക്കാ സ്ഥാപനങ്ങളും പ്രൊവിൻഷ്യൽ ഹൗസുകളും സെമിനാരികളും ഹോസ്റ്റലുകളും മറ്റിതരസ്ഥാപനങ്ങളും കത്തോലിക്കർ നടത്തുന്നുണ്ട്. അവയിൽ ഒരു ശതമാനമാളുകൾപോലും ഈ ചരിത്രഗ്രന്ഥം വാങ്ങുകയില്ലെന്ന അനുഭവംകൊണ്ടുതന്നെ ഈ പുസ്തകം എന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ ഞാൻ പ്രസിദ്ധീകരിക്കുകയാണ്. ഇങ്ങനെയുള്ള ചരിത്രഗ്രന്ഥങ്ങളോട് പ്രതിപത്തിയുള്ള ഒരു സമൂഹം ഇവിടെ വളർന്നുവരുന്നില്ലങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കും.

ഈ ചരിത്രഗ്രന്ഥത്തിന് പണ്ഡിതോചിതമായ ഒരവതാരിക എഴുതിത്തന്ന് സഹായിച്ചത് പ്രമുഖ ദൈവശാസ്ത്രജ്ഞനായ പ്രൊഫ. കെ.ടി സെബാസ്റ്റ്യൻ അവറുകളാണ്. അത്മായ പ്രേഷിത രംഗത്ത് കേരളത്തിലെന്നല്ല ഭാരത - ആഗോള തലങ്ങളിൽത്തന്നെയും അറിയപ്പെടുന്ന ഒരു സഭാസ്നേഹിയാണ് പ്രൊഫ. സെബാസ്റ്റ്യൻ. അത്മായ പ്രേഷിതത്വം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു ദൈവനിയോഗംതന്നെയാണ്. ഞാൻ രചിച്ച എല്ലാ ഗ്രന്ഥങ്ങളുടെയും രചനയിൽ പ്രൊഫ. സെബാസ്റ്റ്യൻ വേണ്ട ഉപദേശങ്ങൾ നൽകി അനുഗ്രഹിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിത്തന്ന് സഹായിച്ച പ്രൊഫ. സെബാസ്റ്റ്യനോടുള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. ജോലി ഭംഗിയായും കൃത്യസമയത്തും തയ്യാറാക്കി തന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് (ഈരാറ്റുപേട്ട) പ്രവർത്തകരോടും ഭംഗിയായി അച്ചടിച്ചുതന്ന പെന്റാ ഓഫ്സെറ്റ് പ്രവർത്തകരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

രാമപുരം, പിഴക് — ജോൺ കച്ചിറമറ്റം.
10-08-2004

www.malankaralibrary.com



# അവതാരിക

തിരുവിതാംകൂറിലെ കത്തോലിക്കരുടെ സാമൂഹ്യ ചരിത്രത്തിലെ ഒരു സുപ്രധാന ഏടാണ് "കാത്തലിക്ക് ഗ്രീവൻസസ്" എന്ന പേരിൽ ശ്രീ. ജോൺ കച്ചിറമറ്റം പ്രസിദ്ധീകരിച്ചിരിക്കുന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യം.

ഐക്യകേരളം രൂപപ്പെടുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന തിരുവിതാംകൂറും കൊച്ചിയും ചേർന്നുള്ള ഭൂവിഭാഗം ഭാരതത്തിലെ ക്രൈസ്തവസഭയുടെ പിള്ളത്തൊട്ടിലാണ്. മാർത്തോമാശ്ലീഹായെ തങ്ങളുടെ പിതാവായി കരുതിപ്പോരുന്ന ഇവിടുത്തെ നസ്രാണികൾ നൂറ്റാണ്ടു കാലങ്ങളായി മറ്റു മതസ്ഥരോടൊപ്പം അന്തസ്സായി ജീവിച്ചിരുന്ന ഒരു ജനസമൂഹമായിരുന്നു. ഇവിടുത്തെ ഭരണാധികാരികൾ ഇവർക്കു പ്രസക്തമായ പദവികളും മാന്യതയും നല്കിയിരുന്നു. സവർണ്ണ ഹൈന്ദവരോടൊപ്പമായിരുന്നു അവർക്കു സമുദായത്തിലെ സ്ഥാനം.

പതിനാറാം നൂറ്റാണ്ടിൽ തെക്കൻതിരുവിതാംകൂറിന്റെ തീരപ്രദേശങ്ങളിൽ വി.ഫ്രാൻസിസ് സേവ്യർ നടത്തിയ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമായി ആയിരക്കണക്കിനാളുകൾ (കൂടുതലും മുക്കുവർ) കത്തോലിക്കാ വിശ്വാസംസ്വീകരിച്ചു. ഇവർ ലത്തീൻ കത്തോലിക്കരെന്ന് അറിയപ്പെടുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പുള്ള കാലഘട്ടത്തിലാണല്ലോ തിരുവിതാംകൂർ ഭൂവിഭാഗം ഒരു സംസ്ഥാനമായി രൂപപ്പെട്ടത്. ഇങ്ങനെ രൂപപ്പെട്ട സംസ്ഥാനത്ത് മഹാരാജാവിന്റെ ഭരണത്തിൽ സഹായികളായി വന്നത് തമിഴ് ബ്രാഹ്മണരായിരുന്നു. ഈ ബ്രാഹ്മണ മേധാവിത്വത്തിന്റെ അവസാനത്തെ കണ്ണിയായിരുന്നു ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ. ഈ നീണ്ട കാലയളവിൽ പബ്ലിക്കു സർവ്വീസിൽ ക്രിസ്ത്യാനികൾക്ക്, പ്രത്യേകിച്ച് കത്തോലിക്കർക്ക് കാര്യമായ യാതൊരു പ്രാതിനിധ്യവും ഇല്ലായിരുന്നു. പൊതു ജീവിതത്തിൽ അവർക്കു വേറെയും പല പരാധീനതകളുണ്ടായിരുന്നു. പൗരാവകാശത്തെക്കുറിച്ച് വേണ്ട അവബോധം ഉണ്ടായിരുന്ന കത്തോലിക്കാ

www.malankaralibrary.com

സമുദായത്തിന്റെ നേതാക്കൾ നിരന്തരം സങ്കടഹർജികൾ രാജാവിനു സമർപ്പിച്ചുകൊണ്ടിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഈ കാലത്ത് ഇന്നത്തെപ്പോലെ പ്രകടനങ്ങളും പ്രക്ഷോഭണങ്ങളും നടത്തുവാൻ 'പ്രജകൾക്കു' സ്വാതന്ത്ര്യമില്ലായിരുന്നു. തങ്ങൾക്കു ന്യായമായി അവകാശപ്പെട്ട പൗരസ്വാതന്ത്ര്യവും ഭരണത്തിലുള്ള പങ്കാളിത്തവും അനുവദിച്ചുകിട്ടുവാനായി പരാതികൾ(സങ്കടഹർജികൾ, Grievance) രാജസമക്ഷം സമർപ്പിക്കുകയെന്നതു മാത്രമായിരുന്നു പരിഹാരമാർഗ്ഗം. ഈ കാരണത്താൽതന്നെ ഇത് മെമ്മോറിയലുകളുടെയും സങ്കടഹർജികളുടെയും ഒരു കാലമായിരുന്നു. ശ്രീ കച്ചിറമറ്റത്തിന്റെ കാത്തലിക്കു ഗ്രീവൻസസ് എന്ന ഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത് ഈ ആവലാതികളുടെയും പരാതികളുടെയും ഒരു ചരിത്രമാണ്. ഒപ്പം ഇവിടുത്തെ കത്തോലിക്കാ നേതൃത്വത്തിന്റെ സമയോചിതമായ ഇടപെടലുകളുടെയും ത്യാഗപൂർണ്ണമായ സമുദായസേവനത്തിന്റെയും ഒരു ചിത്രവും ഇതിൽനിന്നും ഉരുത്തിരിയുന്നുണ്ട്. പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ സത്യാവസ്ഥ അധികാരികളെ ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുന്നത് സ്ഥിതിവിവരക്കണക്കുകളും പട്ടികകളും ചേർത്തുവച്ചുകൊണ്ടാണെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വിവരാവകാശത്തിന്റേതായ ഇന്നത്തെക്കാലത്തുപോലും സർക്കാർ ഓഫീസുകളിൽ നിന്നു വിവരങ്ങൾ ശേഖരിക്കുക ദുഷ്കരമായിരിക്കെ ഒരു നൂറുകൊല്ലം മുമ്പ് ഈ കാര്യത്തിലുണ്ടായിരുന്ന ബുദ്ധിമുട്ടു ചിന്തിക്കാവുന്നതേയുള്ളു.

ഇന്നത്തെ തലമുറയിൽപ്പെട്ടവർക്ക് വിരസമായിത്തോന്നാവുന്നതാണെങ്കിലും ഈ പുസ്തകത്തിലുടെ അനാവരണം ചെയ്യപ്പെടുന്ന നമ്മുടെ പൂർവ്വികരുടെ സമുദായസ്നേഹവും, പരാതികൾ തയ്യാറാക്കുന്നതിലും അവ അധികാരസ്ഥാനങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിലും കാണിച്ച ത്യാഗവും, ആത്മാർത്ഥതയും, എല്ലാം നാം മനസ്സിലാക്കേണ്ടതാണ്. അനീതിക്കും മനുഷ്യാവകാശ ലംഘനത്തിനും എതിരായി പ്രതികരിക്കുന്ന ഒരു സമൂഹ നേതൃത്വമാണ് ആ കാലഘട്ടത്തിലുണ്ടായിരുന്നത്. സ്വന്തം താൽപര്യങ്ങളും വെട്ടിപ്പിടിക്കാവുന്ന നേട്ടങ്ങളും വേണ്ടെന്നുവെച്ച നമ്മുടെ മുൻകാല നേതാക്കളുടെ ചൈതന്യം ഇന്നത്തെ തലമുറയ്ക്കു ലഭിച്ച വിലപ്പെട്ട ഒരു പൈതൃകമാണ്. മനോഹരമായ ഈ പൈതൃകത്തെ ഓർമ്മപ്പെടുത്തുന്നതാണ് ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ ജീവിതവും അദ്ദേഹത്തിന്റെ കൃതികളും.

ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മെമ്മോറിയലുകൾ (ഹർജികൾ) തയ്യാറാക്കുന്നതിലും അവ അധികാരസ്ഥാനങ്ങളിൽ

www.malankaralibrary.com

എത്തിക്കുന്നതിലും നേതൃത്വം നൽകിയത് രണ്ട് അസാധാരണ വ്യക്തിത്വങ്ങളാണ്. ദാസൻ വർക്കി എന്നറിയപ്പെട്ടിരുന്ന ശ്രീ. എം. എം. വർക്കി (യാക്കോബായ സഭയിൽ നിന്നു പുനരൈക്യപ്പെട്ട ഈ പ്രതിഭാശാലി കേരളദാസൻ ഉൾപ്പെടെ പല പത്രങ്ങളുടെയും അധിപരായിരുന്നതുകൊണ്ടാണ് ദാസൻ വർക്കി എന്നറിയപ്പെട്ടിരുന്നത്) രണ്ടാമത്തെയാൾ ദീർഘകാലം നിയമസഭ (പ്രജാസഭ) അംഗമായിരുന്ന ഷെവലിയാർ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മനായിരുന്നു. സമുദായകാര്യങ്ങളിൽ ഇത്രയും അധികം ജാഗ്രത കാണിച്ചിട്ടുള്ള മറ്റൊരാൾ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. കത്തോലിക്കാകോൺഗ്രസ്സിന്റെ പ്രസിഡന്റു കൂടിയായിരുന്ന അദ്ദേഹത്തിന്റെ പണമാണ് സമുദായ സംബന്ധമായ എല്ലാകാര്യങ്ങളുടെയും നടത്തിപ്പിനായി ചിലവിട്ടത്. ശ്രീ. എം.എം. വർക്കിയെയും ശ്രീ. കുഞ്ഞിത്തൊമ്മനെയും വിശേഷിപ്പിക്കുവാൻ ഞാൻ ഉപയോഗിക്കുക Legandary figure (ഐതിഹാസിക വ്യക്തിത്വങ്ങൾ) എന്ന ഇംഗ്ലീഷ്ശൈലിയാണ് ശ്രീ.വർക്കിയുടെ Catholic claims (കത്തോലിക്കരുടെ അവകാശങ്ങൾ) എന്ന കൃതിയെക്കുറിച്ച് ദിവാൻ വാട്ട്സിന്റെ ആശ്ചര്യ പ്രകടനം - Where ever I go, I see only the book "Catholic Claims" whom ever I meet they talk about the "Catholic Claims" who is the wonderful author of this "Catholic Claims"?- ഈ പുസ്തകത്തിന്റെ 13-ാംപേജിൽ ഉദ്ധരിച്ചിരിക്കുന്നത് ഈ വിശേഷണത്തെ സാധൂകരിക്കുന്നു. ഇംഗ്ലീഷിലുള്ള മറ്റൊരു ശൈലിയാണ് A leagend in his own time എന്നതാണ്. (ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരു ഇതിഹാസമായിരിക്കുക) പ്രജാസഭാംഗമായിരുന്ന കുഞ്ഞിത്തൊമ്മനുമായി ബന്ധപ്പെടുത്തിപ്പറയാറുള്ള മൃഗശാലയിലെ ജിറാഫിന്റെ കഥ ഇതിനു നല്ലൊരു ഉദാഹരണമാണ്. ഇതു വെറുമൊരു കഥമാത്രമായിരുന്നുവെങ്കിലും ഇതു പരോക്ഷമായിട്ടെങ്കിലും കുഞ്ഞിത്തൊമ്മന്റെ സമുദായ സ്നേഹത്തിനു ലഭിച്ച നല്ലൊരു സർട്ടിഫിക്കറ്റാണ്. ശ്രീ കച്ചിറമറ്റമെഴുതിയ കുഞ്ഞിത്തൊമ്മനെക്കുറിച്ചുള്ള ജീവചരിത്രത്തിന്റെ 34-ാം ഭാഗത്ത് (216-18 പേജുകൾ) രസകരമായ ഈ കഥ വിവരിക്കുന്നുണ്ട്.

ഈ പുസ്തകത്തിന്റെ സിംഹഭാഗവും കത്തോലിക്കാ സമുദായത്തിന്റെ സങ്കടഹർജികളാണ് (ഗ്രീവൻസസ്) പ്രതിപാദിക്കുന്നത്. 'മലയാളിമെമ്മോറിയലും പൗരസമത്വപ്രക്ഷോഭണവും' കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിൽ ഇവിടെ നിലനിന്നിരുന്ന അനീതിപരമായ സാമൂഹ്യ അസമത്വത്തിന്റെയും വിവേചനത്തിന്റെയും ചിത്രം അനാവരണം ചെയ്യുന്നു. ഏറ്റവും പ്രധാനവും സുദീർഘവുമായ രേഖ

www.malankaralibrary.com

യാണ് ഈ പുസ്തകത്തിന്റെ ശീർഷകമായി കൊടുത്തിരിക്കുന്ന കാത്തലിക് ഗ്രീവൻസസ്. കത്തോലിക്കാ കോൺഗ്രസ് 1931 നവബർ 26ന് മഹാരാജാവിന് സമർപ്പിച്ച ഈ ഹർജിയുടെ മുഖ്യ പ്രമേയം പബ്ലിക്ക് സർവ്വീസിൽ കത്തോലിക്കർക്കു ലഭിക്കാതിരുന്ന പ്രാതിനിധ്യമാണ്. സ്ഥിതിവിവരക്കണക്കുകളും നിരവധി പട്ടികകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ രേഖ ആരംഭിക്കുന്നത് അന്നത്തെ കോൺഗ്രസ് പ്രസിഡന്റായിരുന്ന ശ്രീ.ജോൺ. നിധീരിയുടെ ഒരു ആമുഖത്തോടു കൂടിയാണ്. സങ്കടഹർജിയിൽ പറയുന്ന കാര്യങ്ങൾ യുക്തിഭദ്രമായും ഭരണാധികൾക്കു ബോധ്യം വരത്തക്കരീതിയിലും അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു. പബ്ലിക്ക് സർവ്വീസിലെ അവഗണനക്കു പുറമേ മതസ്വാതന്ത്ര്യത്തിലുള്ള അനാവശ്യ നിയന്ത്രണങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തിരുതാംകൂറിലെ പട്ടാളസേവനം ഒരു പ്രത്യേക സമുദായത്തിന്റെ കുത്തകയാക്കി വച്ചിരിക്കുന്നതിലുള്ള അനീതി, വിദ്യാഭ്യാസ പ്രവത്തനങ്ങളിൽ ഇവർ നേരിടുന്ന അവഗണന എന്നിവയെല്ലാം സങ്കടഹർജിയിൽ എടുത്തു കാട്ടുന്നു. Catholic grievances നെ കത്തോലിക്കരുടെ ഒരു അവകാശപത്രികയായി (മാഗ്നാ കാർട്ട) വേണം വിശേഷിപ്പിക്കുവാൻ.

കത്തോലിക്കരുടെ ചരിത്രത്തിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന് അവരുടെ സഭാചരിത്രം. ബ.പ്ലാസിഡച്ചനും കൂടപ്പുഴയച്ചനും മത്തിയാസ് മുണ്ടാടനച്ചനും മാർത്തോമ്മാക്രിസ്ത്യാനികളുടെ കർത്താവായ ബർനാർദച്ചനുമെല്ലാം സഭാ ചരിത്രകാരന്മാരാണ്. ഒരു സമുദായമെന്ന നിലയിൽ അവരുടെ ചരിത്രം ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത് ആനുഷംഗികമായി മാത്രമാണ്. ശ്രീ.കച്ചിറമറ്റത്തിന്റെ കൃതികളെല്ലാം കത്തോലിക്കരുടെ സമൂഹചരിത്രത്തിന്റെ ഭാഗമാണ്. ഇതിൽ ഏറ്റവും പ്രധാനം ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന കൃതിയാണ്. തച്ചിൽ മാത്തുതരകൻ തര്യത്കുഞ്ഞിതൊമ്മൻ എന്നിവ ജീവചരിത്രങ്ങളാണെങ്കിലും അവ നമ്മുടെ സമുദായചരിത്രത്തിന്റെ സുപ്രധാന ഏടുകളാണ്. കേരള സഭാരത്നങ്ങളെന്ന ബ്രഹത് ഗ്രന്ഥാവലിയിലൂടെ ഉരുത്തിരിയുന്നത് കത്തോലിക്കാ സമുദായത്തിന്റെ തന്നെ കഴിഞ്ഞകാല ചരിത്രമാണ്. മൺമറഞ്ഞുപോയ നമ്മുടെ പൂർവ്വികരെക്കുറിച്ചുള്ള ഓർമ്മകളുടെ ഒരു അമൂല്യ നിധിയാണ് സഭാരത്ന ഗ്രന്ഥാവലി. നമ്മുടെസമൂഹത്തിന്റെ ചരിത്രരചനയിൽ ഏർപ്പെട്ട പ്രതിഭാധനരായിരുന്നു ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം ഷെവ. വിസി ജോർജ്ജ് എന്നിവരോടൊപ്പം എടുത്തുപറയാവുന്ന ഒരേ ഒരാൾ ഈ തലമുറയിൽ ശ്രീ ജോൺ കച്ചിറമറ്റം മാത്രമാണ്.

സമുദായ ചരിത്രത്തെസംബന്ധിച്ചിടത്തോളം ശ്രീ. കച്ചിറമറ്റ

www.malankaralibrary.com

ത്തിന്റെ ഏറ്റവും വിലപ്പെട്ട സംഭാവനയായിരിക്കും കത്തോലിക്കാ ഗ്രീവൻസസ് എന്ന ഈ പുസ്തകം.

ശ്രീ. തര്യത് കുഞ്ഞിത്തൊമ്മൻ, ശ്രീ. എം.എം. വർക്കി, ഷെവ. ഐ.സി ചാക്കോ, ശ്രീ. എം.ഒ ജോസഫ് നെടുങ്കുന്നം, ശ്രീ.ജോൺ നിധീരി തുടങ്ങിയ സഭാസ്നേഹികളുടെ നിരയിലാണ് ശ്രീ. കച്ചിറമറ്റം. സഭയിൽ നിന്ന് എന്തു ലഭിക്കും എന്നതിനെക്കാൾ സഭയ്ക്കുവേണ്ടി എന്തുചെയ്യാൻ സാധിക്കും എന്നുള്ള ചേതോവികാരമാണ് ഇവരുടെ പൊതുജീവിതത്തെ മുമ്പോട്ടുകൊണ്ടു പോകുന്നത്. A.K.C.C ജനറൽ സെക്രട്ടറിയായും പ്രസിഡന്റായും ദീർഘകാലം സമുദായസേവനംനടത്തിയ കച്ചിറമറ്റത്തിന്റെ ഹൃദയസ്പന്ദനങ്ങളാണ് പ്രസിഡന്റിന്റെ കത്തുകൾ. A.K.C.C പ്രസിഡന്റായിരുന്ന കച്ചിറമറ്റം ഈ കത്തുകളിലൂടെ ഇന്നും ഈ സംഘടനയ്ക്കു മാർഗ്ഗദീപമായിപ്രശോഭിക്കുകയാണ്. സഭയോടൊത്തു ചിന്തിക്കുകയും ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സത്യം, നീതി, ധാർമ്മികത, എന്നീ ആദർശങ്ങളുടെ സാക്ഷാത്കാരത്തിനായി നിരന്തരം പോരാടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ശ്രീ.കച്ചിറമറ്റത്തിന്റെ പൊതുജീവിതം അല്മായ പ്രേക്ഷിതത്വത്തിന്റെ മനോഹരമായ ഒരുദാഹരണമാണ്.

പൗരസ്ത്യ തിരുസംഘത്തിന്റെ തലവനായിരുന്ന എവുജിൻ കർദ്ദിനാൾ തിസരാങ്ങ് ഒരിക്കൽ പറയുകയുണ്ടായി- I love your church because I know its history (നിങ്ങളുടെ സഭയെ ഞാൻ സ്നേഹിക്കുന്നു. കാരണം എനിക്കീ സഭയുടെ ചരിത്രം അറിയാം) ഇത് തന്നെയാണ് കച്ചിറമറ്റത്തിന്റെ പുതിയ പുസ്തകത്തിന്റെ പ്രസക്തി. കത്തോലിക്കാസമുദായം കടന്നുപോന്നിട്ടുള്ള പ്രയാസങ്ങളെയും പ്രതിസന്ധികളെയുംകുറിച്ചുള്ള അറിവ് ഈ സമുദായത്തിന്റെ ചരിത്രത്തിൽ അഭിമാനമുള്ളവരായിരിക്കുവാനും ഇതിനോടു കൂടുതൽ പ്രതിബദ്ധതയുള്ളവരായിരിക്കുവാനും പുത്തൻ തലമുറയ്ക്ക് പ്രചോദനമാകും. നമ്മുടെ സഭാസ്നേഹം വർദ്ധിപ്പിക്കുവാനും കച്ചിറമറ്റത്തിന്റെ പുസ്തകം സഹായമാകും.

ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ സഭാസേവനം കഴിഞ്ഞനാലു പതിറ്റാണ്ടു കാലമായി ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. രണ്ടു വള്ളത്തിൽ ചവിട്ടുന്ന സഭാസ്നേഹികൾ ധാരാളമുള്ള ഈ കാലത്ത് ശ്രീ. കച്ചിറമറ്റം വേറിട്ടു നിൽക്കുന്നു. ഈ സമുദായത്തിന് അദ്ദേഹത്തോട് വലുതായ ഒരു കടപ്പാടുണ്ട്. ഈ കടപ്പാടു തീർക്കേണ്ടത് അദ്ദേഹത്തിന് അവാർഡുകൾ നല്കിക്കൊണ്ടല്ല മറിച്ച് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പണം കൊടുത്തുതന്നെ വാങ്ങിക്കൊണ്ടായിരിക്കട്ടെ. ഈ പുസ്തകങ്ങളെല്ലാം തന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചിരിക്കുന്നത്

www.malankaralibrary.com

സ്വന്തം ചിലവിലാണ്. ഇതിന്റെ രചനയിൽ അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ക്ലേശങ്ങളെക്കുറിച്ച് എനിക്കു നന്നായിട്ടറിയാം. അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ ഓരോ പ്രതി എല്ലാസഭാസ്നേഹികളും-വൈദീക അല്മായ വ്യത്യാസംകൂടാതെ-വാങ്ങിക്കുകയും വായിക്കുകയും ചെയ്യേണ്ടതാണ്- വളർന്നുവരുന്ന തലമുറ അറിയേണ്ടതായി പലകാര്യങ്ങളും ഇതിലുണ്ട്.

കാത്തലിക്ക് ഗ്രീവൻസസ് എന്ന ഗ്രന്ഥം തയ്യാറാക്കുന്നതിന് ശ്രീ. കച്ചിറമറ്റത്തിന് ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നതായി എനിക്കറിയാം. സ്വന്തം ആരോഗ്യപ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടാണ് അദ്ദേഹം ഈ ഗ്രന്ഥത്തിന്റെ രചനയിലും പ്രസാധനത്തിലും ഏർപ്പെട്ടത്. അതുകൊണ്ടുതന്നെ ഈ ഗ്രന്ഥത്തിന്റെ മൂല്യം വർദ്ധിച്ചിരിക്കുന്നു. എഴുപതാം വയസ്സിന്റെ പടിവാതിൽക്കലെത്തി നിൽക്കുന്ന അദ്ദേഹത്തിന് എന്റെ അഭിനന്ദനങ്ങളും സമുദായത്തിന്റെ പേരിലുള്ള ആശംസകളും

എന്റെ മാന്യ സുഹൃത്തിന് ആരോഗ്യവും ദീർഘായുസ്സും നേർന്നുകൊണ്ട് കാത്തലിക്ക് ഗ്രീവൻസസ് എന്ന ഈ ഗ്രന്ഥം കാത്തലിക് ഗ്രീവൻസസ് എന്ന മെമ്മോറിയൽ തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ചതിന്റെ 76-ാം വാർഷിക ദിനത്തിൽ സഹൃദയസമക്ഷം അവതരിപ്പിക്കട്ടെ.

ചങ്ങനാശ്ശേരി
നവ: 26-2007

**പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ.**

www.malankaralibrary.com

# 1. കത്തോലിയ്ക്കരുടെ പരാതികൾ (Catholic Grievances)

ഭാരതക്രൈസ്തവസഭയ്ക്ക് ക്രൈസ്തവസഭയോളം പഴക്കമുണ്ട്. ഭാരത ക്രൈസ്തവരും ക്രൈസ്തവമതവും സമൂഹത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ഭാരതത്തിലെ കത്തോലക്കർ മൂന്ന് വ്യത്യസ്ത റീത്തുകളിൽപ്പെട്ടവരാണെങ്കിലും ഏകധർമ്മം അനുഷ്ഠിക്കുന്നവരെന്ന നിലയിൽ അവരുടെ താല്പര്യങ്ങൾക്ക് ഐക്യരൂപമുണ്ട്. അവർ ഒരു സമൂഹമാണ്.

ലോകജനസംഖ്യയിൽ 27 ശതമാനം ക്രിസ്ത്യാനികളും 17 ശതമാനം കത്തോലിക്കരുമാണ്. കേരളത്തിലെ ജനസംഖ്യയിൽ 20 ശതമാനം ക്രൈസ്തവരും 15 ശതമാനം കത്തോലിക്കരുമാണ്. ഭാരതത്തിലെ ക്രൈസ്തവർ ജനസംഖ്യയിൽ വെറും രണ്ടരശതമാനം മാത്രമാണ്. ഭാരതക്രൈസ്തവരിൽ 60 ശതമാനവും കേരളം, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലാണ് അധിവസിക്കുന്നത്. കേരളത്തിലാണ് 31.5 ശതമാനം ക്രൈസ്തവർ. ഭാരതത്തിലെ ക്രൈസ്തവർ ജനസംഖ്യയിൽ രണ്ടു ശതമാനം മാത്രമാണെങ്കിലും ഭാരതത്തിന്റെ വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക പുരോഗതിയിൽ ഈ സമുദായം അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണ്.

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കാലഘട്ടത്തിൽ അവയ്ക്കെതിരെ നിശബ്ദസമരം നടത്തി സാംസ്കാരിക പുരോഗതിയിലേക്കുള്ള മുന്നേറ്റത്തിന് വേഗം കൂട്ടിയവരാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ. സവർണ്ണ മേധാവിത്വം കൊടുംപിരികൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ പുലയനെയും പറയനെയും സവർണ്ണരോടൊപ്പം ഒന്നിച്ചിരുത്തി അന്നുവരെ നിലവിലിരുന്ന അയിത്തസമ്പ്രദായത്തെ വെല്ലുവിളിച്ചവരാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ. സാമൂഹ്യരംഗത്ത് അവർ അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണ്. രോഗീ ശുശ്രൂഷ സമൂഹത്തിന്റെ കടമയാണെന്ന് കാണിച്ചുകൊടുത്തത് ക്രൈസ്തവരാണ്. കുഷ്ഠരോഗികളുടെ വ്രണങ്ങൾ വെച്ചുകെട്ടി പാപികളെയും ദുർമാർഗികളെയും സ്നേഹിതാ എന്നുവിളിച്ച് അവരെ സൽപാതയിലേക്കാനയിച്ചു. ദരിദ്രരെ സഹായിച്ചു. വസ്ത്രമില്ലാത്തവർക്ക് വസ്ത്രം നൽകി. പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം നൽകി. അങ്ങനെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാൻ അവർ പ്രവർത്തിച്ചു.

ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുവാനും ഹൃദയവ്യഥ അനുഭവി

www.malankaralibrary.com

ക്കുന്നവരെ ആശ്വസിപ്പിക്കുവാനും ബന്ധിതരെ മോചിപ്പിക്കുവാനും കുരുടർക്ക് കാഴ്ച നൽകുവാനും മർദ്ദിതരെ സ്വതന്ത്രരാക്കുവാനും വന്ന യേശുവിന്റെ കാലടികളെ പിന്തുടരുന്ന ഭാരതത്തിലെ രണ്ടരശതമാനം വരുന്ന ക്രൈസ്തവർ ഭാരതത്തിലെ സകല ജനങ്ങളുടെയും സമഗ്രപുരോഗതി ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഇന്ത്യയിലുടനീളം കാണുന്ന ആയിരക്കണക്കിന് സ്കൂളുകളും കോളേജുകളും ആശുപത്രികളും ആതുരാലയങ്ങളും അതാണ് വിളിച്ചറിയിക്കുന്നത്. കുഷ്ഠരോഗികൾ, അന്ധന്മാർ, വികലാംഗർ, മന്ദബുദ്ധികൾ തുടങ്ങിയവരുടെ സങ്കേതങ്ങളും മനുഷ്യസേവനത്തിന്റെ മകുടോദാഹരണങ്ങളാണ്. ക്രൈസ്തവസഭയുടെ സേവനങ്ങൾ ക്രൈസ്തവർക്കു വേണ്ടി മാത്രമായിരുന്നില്ല. മാനവരാശിയുടെ നന്മയെ മുഴുവൻ കണ്ടുകൊണ്ടുള്ളതായിരുന്നു. അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് വേണ്ടിയുള്ളതായിരുന്നു.

രാജ്യത്തിന് മുഴുവൻ അത്താണിയായി പ്രവർത്തിച്ച ഭാരതത്തിലെ ക്രൈസ്തവർ, സഭാപരമായി പല പ്രതിസന്ധികളെയും നേരിടേണ്ടിവന്നു. പോർട്ടുഗീസുകാരുടെ വരവും അവരിലൂടെ ലത്തീൻ സഭയും പൗരസ്ത്യ ആചാരമര്യാദകളോടുകൂടിയ കേരളത്തിലെ ക്രൈസ്തവ സമുദായത്തെ ലത്തിനീകരിക്കാൻ നടത്തിയ ശ്രമങ്ങൾ ഭാരതസഭയിൽ ഉളവാക്കിയ പ്രതിസന്ധി തരണം ചെയ്യാൻ വലിയ ശ്രമം നടത്തേണ്ടി വന്നു. 1599 ലെ ഉദയം പേരൂർ സൂനഹദോസിലൂടെ നടത്തിയ ലത്തിനീകരണശ്രമങ്ങളെ ചെറുക്കുവാനും ആദ്ധ്യാത്മികമായ സ്വന്തം അസ്തിത്വം നിലനിറുത്തുവാനുംവേണ്ടി കേരളത്തിലെ ക്രൈസ്തവ സമുദായത്തിന് 17-ാം നൂറ്റാണ്ടുമുതൽ നീണ്ടസമരം ചെയ്യേണ്ടിവന്നു. ഒരു വശത്ത് വിദേശ മിഷനറിമാരുടെ ലത്തിനീകരണ ശ്രമവും മറുവശത്ത് ആ കുടുക്കിൽ നിന്ന് രക്ഷപ്പെടാനും സ്വന്തം വ്യക്തിത്വം നിലനിർത്തുവാനുമുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ യത്നവുമാണ് കേരള ചരിത്രത്തിൽ നാം കാണുന്നത്. കേരളത്തിലെ ക്രൈസ്തവ സമുദായം അതിന്റെ മുഴുവൻ കഴിവും ശക്തിയും ഈ സ്വാതന്ത്ര്യസമരത്തിൽ കേന്ദ്രീകരിച്ചിരുന്നു. ആദ്ധ്യാത്മികവശത്തിന് സർവ്വ പ്രാധാന്യം നൽകിയിരുന്ന അവർ ഭൗതിക വശത്തെപ്പറ്റി അത്ര കാര്യക്ഷമമായി ചിന്തിച്ചിരുന്നില്ല. ഉപജീവനത്തിന് അനിവാര്യമായിരുന്ന കൃഷിയിലും കച്ചവടത്തിലും അവർ വ്യാപൃതരായിരുന്നുവെങ്കിലും പൗരപരമായ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അവർ സമയമോ സൗകര്യമോ കണ്ടെത്തിയില്ല.

പൗരപരമായ അവകാശങ്ങൾ നിഷേധിച്ചിരുന്നത് ക്രൈസ്തവർക്ക് മാത്രമായിരുന്നില്ല. നായർക്കും ക്രിസ്ത്യാനികൾക്കും മുസ്ലീംങ്ങൾക്കും ഈഴവർക്കും മറ്റ് എല്ലാ പിന്നോക്ക വിഭാഗങ്ങൾക്കും പൗരപരമായ അവകാശങ്ങൾ നിഷേധിച്ചിരുന്നു. ഇതിനെതിരെ ആദ്യം നടന്ന സമരമാണ് മലയാളി മെമ്മോറിയൽ. തുടർന്നു നടന്ന പൗരസമത്വവാദപ്രക്ഷോഭണവും തുടർന്നു

www.malankaralibrary.com

നടത്തിയ മെമ്മോറാണ്ടസമർപ്പണങ്ങളും നിവർത്തനപ്രക്ഷോഭണങ്ങളുമെല്ലാം പൗരാവകാശലബ്ധിക്കുവേണ്ടി തിരുവിതാംകൂറിൽ നടന്ന പ്രക്ഷോഭണങ്ങളാണ്. ഓരോ പ്രക്ഷോഭണംകൊണ്ടും ലഭിക്കുന്ന നേട്ടങ്ങൾ സ്വന്തമാക്കുവാനും, ആ നേട്ടങ്ങളുടെ പ്രയോജനം മറ്റാർക്കും ലഭിക്കാതിരിക്കാനും ഉള്ള ശ്രമങ്ങൾ വിവിധ സമുദായങ്ങൾ നടത്തിക്കൊണ്ടിരുന്നു. മലയാളി മെമ്മോറിയൽ സമർപ്പണംകൊണ്ട് നേട്ടമുണ്ടായത് നായന്മാർക്കായിരുന്നു. ആ നേട്ടത്തിന്റെ പങ്ക് ക്രൈസ്തവനോ, ഈഴവനോ, മുസ്ലീംങ്ങൾക്കോ, പിന്നോക്ക ജനവിഭാഗങ്ങൾക്കോ നൽകുവാൻ നായർ സമുദായം തയ്യാറായില്ല.

മലയാളി മെമ്മോറിയൽ സമർപ്പണത്തെ തുടർന്ന് വഞ്ചിതരായ നായരേതര സമുദായങ്ങൾ ചേർന്ന് നടത്തിയ പ്രക്ഷോഭണങ്ങളിൽ ഏറ്റം പ്രമുഖമാണ് പൗരസമത്വവാദപ്രക്ഷോഭണം. ആ പ്രക്ഷോഭണത്തിന്റെ ഫലമായി ക്രിസ്ത്യാനികൾക്കും നേട്ടമുണ്ടായി എന്നാൽ ആ നേട്ടമുണ്ടായത് കത്തോലിക്കരല്ലാത്ത ക്രൈസ്തവ സഭാവിഭാഗങ്ങൾക്കായിരുന്നു. വീണ്ടും വീണ്ടും നടത്തിയ നിരവധി പ്രക്ഷോഭണങ്ങളുടെ ഫലമായിട്ടാണ് തിരുവിതാംകൂറിൽ കത്തോലിക്കർക്ക് പൗരപരമായ അവകാശങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞത്. ഇന്ത്യൻ ഭരണഘടനയുടെ കീഴിൽ സമത്വവും സ്വാതന്ത്ര്യവും അനുഭവിക്കുന്ന ഇന്നത്തെ തലമുറക്ക് അക്കാലത്ത് നടത്തിയ പ്രക്ഷോഭണത്തിന്റെ ആവശ്യകത ബോദ്ധ്യമാകണമെങ്കിൽ അന്നത്തെ രാഷ്ട്രീയ നിലവാരം മനസ്സിലാക്കണം. അത് ഇന്നത്തെ തലമുറയെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് തിരുവിതാംകൂറിൽ കഴിഞ്ഞ കാലങ്ങളിൽ നടത്തിയ പ്രക്ഷോഭണങ്ങളെപ്പറ്റിയും നിവേദനങ്ങളെപ്പറ്റിയും ചുരുക്കമായി പ്രതിപാദിച്ചുകൊണ്ട് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്.

1931 നവംബർ 26-ാം തീയതി തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച മെമ്മോറാണ്ടമാണ് കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ (കാത്തലിക് ഗ്രീവൻസസ്) എന്ന ഈ മെമ്മോറാണ്ടം. അതു പൂർണ്ണമായും ഇതിൽ ചേർത്തിരിക്കുന്നത് അന്നത്തെ മെമ്മോറാണ്ട സമർപ്പണരീതി മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. എന്തുമാത്രം കഷ്ടപ്പാടുകൾ സഹിച്ചാണ് ഈ മെമ്മോറാണ്ടം തയ്യാറാക്കിയിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ ഈ ഗ്രന്ഥം സഹായകരമാകും. ഈ മെമ്മോറാണ്ടം ഉൾപ്പെടെ നൽകിയിട്ടുള്ള നിരവധി നിവേദനങ്ങൾ നൽകുന്നതിന് നമ്മുടെ പൂർവ്വികർ സഹിച്ച ത്യാഗത്തെപ്പറ്റിയും അദ്ധ്വാനത്തെപ്പറ്റിയും നാം മനസ്സിലാക്കേണ്ടതാണ്. ഈ മെമ്മോറാണ്ടത്തോടനുബന്ധിച്ച് അതിന് മുൻപും പിൻപും സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത് അക്കാലത്തെ ചരിത്രം ഇന്നത്തെ തലമുറ മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. ഒരു ചരിത്രരേഖയെന്ന നിലയിൽ എല്ലാവരും ഈ ഗ്രന്ഥം സൂക്ഷിച്ചുവയ്ക്കുന്നത് ഭാവിതലമുറയ്ക്ക് ഉപകാരപ്രദമായിരിക്കുമെന്ന് ആമുഖമായി സൂചിപ്പിക്കട്ടെ.

www.malankaralibrary.com

# 2. ക്രൈസ്തവരും ആദ്യകാല ജനകീയ പ്രക്ഷോഭണങ്ങളും

തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾ ഉൾപ്പെട്ട ഭൂഭാഗമാണ് കേരളം എന്ന് അറിയപ്പെട്ടിരുന്നത്. തിരുവിതാംകൂറിലും കൊച്ചിയിലും രാജഭരണം ആണ് നിലനിന്നിരുന്നത്. മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. ബ്രിട്ടീഷ്കാർ നേരിട്ടാണ് അവിടെ ഭരണം നടത്തിയിരുന്നത്. തിരുവിതാംകുറിലും കൊച്ചിയിലുമായിരുന്നു ക്രിസ്ത്യാനികൾ തിങ്ങിപാർത്തിരുന്നത്. പോർട്ടുഗീസുകാരുടെയും പിന്നീട് ഡച്ചുകാരുടെയും ശക്തികേന്ദ്രമായിത്തീർന്ന കൊച്ചിയിലെ ഭരണാധികാരികൾ സ്വന്തം നിലനിൽപ്പിനുവേണ്ടി ക്രിസ്ത്യാനികളോട് വളരെ സൗമനസ്യപൂർവ്വം വർത്തിച്ചിരുന്നു. അതുകൊണ്ട് കൊച്ചിയിലെ ക്രിസ്ത്യാനികൾക്ക് പൗരപരമായ അവശതകൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. എന്നാൽ തിരുവിതാംകൂറിന്റെ രാജധാനിയും തലസ്ഥാനവും ക്രിസ്ത്യാനികൾക്ക് യാതൊരു സ്വീധീനവുമില്ലാതിരുന്ന തെക്കേയറ്റത്തായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയത്തിന് സഹായിച്ചത് പ്രധാനമായും രാമയ്യൻ എന്ന തമിഴ്ബ്രാഹ്മണനും ഡിലെനായ് എന്ന യൂറോപ്യൻ കത്തോലിക്കനുമായിരുന്നു. എന്നാൽ ഇതിൽനിന്നും രാഷ്ട്രീയമായ മുതലെടുപ്പ് നടത്തിയിരുന്നത് രാമയ്യൻ മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളും ആശ്രിതരുമായിരുന്ന വളരെയേറെ തമിഴ് ബ്രാഹ്മണർ തിരുവിതാംകൂറിൽ കടന്നുവന്ന് രാജ്യഭരണത്തിൽ സ്വാധീനം ചെലുത്തി. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേക്കും തിരുവിതാംകൂറിലെ പ്രധാന ഉദ്യോഗങ്ങളെല്ലാം അവരുടെ കൈയിലായി. രാജസ്ഥാനംപോലും അവരുടെ ചൂണ്ടുവിരലിനൊപ്പിച്ചാണ് നീങ്ങിക്കൊണ്ടിരുന്നത്.

## എ. മലയാളി മെമ്മോറിയൽ

ബ്രാഹ്മണ മേധാവിത്വത്തിന്റെ തള്ളിക്കയറ്റത്തിൽ തിരുവിതാംകൂറുകാരായ ജനങ്ങൾ, ജാതിമതഭേദമെന്യേ സർക്കാർ ഉദ്യോഗത്തിൽ നിന്നും പുറംതള്ളപ്പെട്ടുകൊണ്ടിരുന്നു. ദുർവഹമായ ഈ ബ്രാഹ്മണ മേധാവിത്വത്തെ തച്ചുടച്ച് മണ്ണിന്റെ മക്കളുടെ അവകാശം പുനഃസ്ഥാപിക്കാൻ രാജ്യാഭിമാനികൾ തീരുമാനിച്ചതിന്റെ പ്രത്യക്ഷഫലമായിരുന്നു, സുപ്രസിദ്ധമായ മലയാളി മെമ്മോറിയൽ. 10038 പേർ ഒപ്പിട്ട് 1891 ൽ മഹാരാജാവിന് സമർപ്പിച്ച ഈ മെമ്മോറിയലിൽ സംസ്ഥാനത്തെ വിവിധ സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിദ്ധ്യം അനുവദിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്. ദിവാൻജിയെ നേരിൽകണ്ട് നിവേദനം സമർപ്പിച്ച ആറംഗ ഡലഗേഷനിൽ കത്തോലിക്കാ സമുദായനേതാവ് ശ്രീ സിറിയക് നിധീ

www.malankaralibrary.com

രിയുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹോദരനും, സുറിയാനി സമുദായത്തിന്റെ അനിഷേധ്യ നേതാവും സ്വാതന്ത്ര്യസമര ചരിത്രത്തിലെ മുന്നണിപ്പടയാളിയുമായിരുന്ന നിധീരിക്കൽ മാണിക്കത്തനാർ ഈ മെമ്മോറിയൽ സമർപ്പണ വിഷയത്തിൽ നിർണ്ണായകമായ പങ്കുവഹിച്ചിരുന്നു.

മലയാളി മെമ്മോറിയൽ സമർപ്പണം വിജയകരമായി ഉയർന്ന ഉദ്യോഗങ്ങളിൽ ഏതദ്ദേശീയർക്ക് ഗണ്യമായ സ്ഥാനം ലഭിക്കുകയും ചെയ്തു. ബ്രാഹ്മണ മേധാവിത്വത്തിനുപകരം നായർ മേധാവിത്വം വന്നു എന്നതുമാത്രമായിരുന്നു എടുത്തുപറയത്തക്കമാറ്റം. നായരുടെ മേധാവിത്വം സുരക്ഷിതമായപ്പോൾ വിവിധ സമുദായങ്ങൾക്ക് പ്രാതിനിദ്ധ്യമെന്ന മെമ്മോറിയലിലെ പ്രാർത്ഥിതം അവർ പാടെ മറന്നുപോയി. മലയാളി മെമ്മോറിയൽ സമർപ്പണത്തിന് തങ്ങളെപ്പോലെതന്നെ മുൻനിന്ന് യത്നിച്ച ക്രൈസ്തവരുടെയും ഈഴവരുടെയും മറ്റിതരസമുദായങ്ങളുടെയും അവകാശങ്ങൾ കണ്ടില്ലെന്നുവയ്ക്കുവാൻ അവർക്ക് പ്രയാസം തോന്നിയില്ല. അബ്രാഹ്മണർക്ക് ഉദ്യോഗം കൊടുക്കുന്നതിന് എതിരായി ബ്രാഹ്മണർ ഉന്നയിച്ചിരുന്ന വാദങ്ങൾതന്നെ അഹിന്ദുക്കൾക്ക് ഉദ്യോഗം കൊടുക്കുന്നതിനെതിരായി നായന്മാരും ഉന്നയിച്ചുകൊണ്ടിരുന്നു.

## സമുദായസംഘടന

ചരിത്രകാരനായ ശ്രീ എം.ഒ. ജോസഫ് നെടുംകുന്നം എ.കെ.സി.സി. ബുള്ളറ്റിൻ രജതജൂബിലി സ്മരണികയിൽ സമുദായ സ്വാതന്ത്ര്യസമരം എന്ന ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. 'ആധ്യാത്മിക സ്വയംഭരണത്തിനുവേണ്ടി ദീർഘസമരം ചെയ്തുകൊണ്ടിരുന്ന കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾക്കു പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേക്കും ലക്ഷ്യപ്രാപ്തി ഏതാണ്ടു സുനിശ്ചിതമായി. 1896 ലെ മൂന്നു സുറിയാനി വികാരിയാത്തുകളുടെ സ്ഥാപനത്തോടുകൂടി സ്വയംഭരണം അസാദ്ധ്യമല്ലെന്നു വ്യക്തമായി. പക്ഷേ ഈ ദീർഘസമരത്തിന്റെ അനിവാര്യമായ ഒരു ഫലം, വിദേശ മിഷനറിമാരോടു കൂട്ടുചേർന്നു നിന്നിരുന്ന ലത്തീൻ ക്രിസ്ത്യാനികളിലുള്ള വിശ്വാസരാഹിത്യമായിരുന്നു. ഒരേ വിശ്വാസവും ഒരേ മാമ്മോദീസയും ഒരേ കർത്താവും ഒരേ തലവനുമുള്ളവരെങ്കിലും ഈ മണ്ണിന്റെ മക്കൾ തന്നെയായ അവർ രണ്ടു ഭിന്നചേരികളിൽ നിൽക്കാനിടയായതു ക്രൈസ്തവസമുദായത്തിന്റെ രാഷ്ട്രീയമായ ശക്തിക്ഷയത്തിനു കുറച്ചൊന്നുമല്ല കാരണമായത്.

'സ്വയംഭരണലബ്ധി ദൃശ്യമായതോടുകൂടി സമരരംഗത്തുനിന്നു പിന്തിരിയാൻ അവസരം ലഭിച്ച ക്രിസ്ത്യാനികൾ ഇക്കാലമത്രയും തങ്ങളുടെ പൗരാവകാശങ്ങൾ അപഹിക്കപ്പെട്ടിരിക്കുന്ന വസ്തുത കണ്ടു അമ്പരന്നുപോയി. രാഷ്ട്രീയമായ സ്വന്ത അസ്തിത്വത്തിനുതന്നെ മറ്റൊരു സമരം ചെയ്യാതെ നിവൃത്തിയില്ലെന്നുവന്നു. അതിലേക്കു സംഘടിക്കുക മാത്രമേ

www.malankaralibrary.com

ഒരു പോംവഴിയുള്ളുവെന്നും അവർ മനസ്സിലാക്കി. എന്നാൽ കത്തോലിക്കർ സംഘടിക്കുന്നതിനെ, അവർ സമരം ചെയ്തു നേടിയ അവരിൽനിന്നു തന്നെയുള്ള വൈദികമേലദ്ധ്യക്ഷന്മാർ സംശയദൃഷ്ടിയോടെയാണു വീക്ഷിച്ചത്. ജനങ്ങളുടെ സമരഫലമായി തങ്ങളുടെ സ്ഥാനത്തിന് ഏതെങ്കിലും തരത്തിൽ വെല്ലുവിളിയാകാവുന്ന മറ്റൊരു സമരത്തിനു പഴുതുണ്ടാകാതിരിക്കുവാൻ ജനങ്ങളെ അസംഘിടതരായി നിർത്തുകയാണു വേണ്ടതെന്ന് അവർക്ക് തോന്നിയിരിക്കാം'

യാഥാർത്ഥ്യം ഇതൊക്കെയാണെങ്കിലും കേരള കത്തോലിക്കർക്ക് ഒരു സാമുദായിക സംഘടന ഉണ്ടാകണമെന്ന് പലരും ആഗ്രഹിച്ചിരുന്നു. 1905 ൽ രൂപംകൊണ്ട കേരള കത്തോലിക്കാ ക്രിസ്തീയമഹാജനസഭക്ക് രണ്ടുവർഷമേ പ്രവർത്തിക്കാൻ സാധിച്ചിട്ടുള്ളു. പിന്നെ സാമൂഹ്യ സമ്മേളനങ്ങൾ എന്ന പേരിൽ ഓരോ വർഷവും സമുദായ നേതാക്കൾ സമ്മേളിച്ച് സമുദായ പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നു. 1918 ൽ കത്തോലിക്കാ മഹാജനസഭ രൂപീകരിച്ചു. അതാണ് അഖിലകേരള കത്തോലിക്കാ കോൺഗ്രസ് എന്നപേര് പിന്നീട് സ്വീകരിച്ചത്. പിന്നീട് നടന്ന പൗരാവകാശ സമരങ്ങളിലും പൗരസമത്വവാദ പ്രക്ഷോഭണത്തിലും മറ്റും കത്തോലിക്കാ സമുദായത്തിന്റെ ജിഹ്വയായി പ്രവർത്തിച്ചത് കത്തോലിക്കാ കോൺഗ്രസ്സാണ്. കഴിഞ്ഞ അരനൂറ്റാണ്ടുകൾക്ക് ഇടയിൽ കത്തോലിക്കാ സമുദായത്തിനുണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങളുടെയും പിന്നിൽ കത്തോലിക്കാ കോൺഗ്രസ്സിനെ കാണാൻ സാധിക്കും.

## ബി. പൗരസമത്വവാദ പ്രക്ഷോഭണം

ക്രിസ്ത്യാനികൾക്കു സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം നൽകാതിരിക്കുവാൻ സവർണസമുദായങ്ങൾ പൊക്കിക്കാണിച്ചിരുന്ന ഒരു ന്യായം ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണം സർക്കാരിനായിരുന്നുവെന്നതാണ്. ഹൈന്ദവദൈവാലയങ്ങളുടെ ഭരണച്ചുമതല പരോക്ഷമായിപ്പോലും ഒരു ക്രിസ്ത്യാനിയുടെ കൈയിൽ വന്നുചേരുന്നതു സമചിത്തതയോടെ വീക്ഷിക്കുവാൻ അവർക്കു സാധിച്ചില്ല. ഈ ദേവസ്വം നൂലാമാല സർക്കാരിൽനിന്നു അടർത്തിയെറിയാതെ തങ്ങൾക്കു രക്ഷയില്ലെന്നു അഹിന്ദുക്കൾ, പ്രത്യേകിച്ച് ക്രിസ്ത്യാനികൾ മനസ്സിലാക്കി. അങ്ങനെയാണു റവന്യൂ ദേവസ്വം വിഭജനത്തിനുവേണ്ടിയുള്ള പൗരസമത്വവാദപ്രക്ഷോഭണമുണ്ടായത്. പൗരസമത്വവാദ പ്രക്ഷോഭണത്തിന് ദീപിക പത്രം ഊറ്റമായ പിന്തുണ നൽകി. 1918 മാർച്ച് 19ന് ദീപിക മുഖലേഖനത്തിൽ ഇപ്രകാരം എഴുതി. "ദേവസ്വംവക ചിലവുകൾ അതിൽ നിന്നുള്ള വരവുകൊണ്ടുമാത്രം നടത്തപ്പെടുന്നതെങ്കിൽ തത്സംബന്ധമായ ഉദ്യോഗങ്ങൾ അന്യജാതിക്കാർക്ക് ആവശ്യപ്പെടാനോ ആഗ്രഹിക്കാനോ പാടില്ലെന്നുള്ളത് ന്യായംതന്നെ. എന്നാൽ നാനാജാതി മതസ്ഥരുടെ വക പണംകൂടി ചെലവ് ചെയ്ത് ഈ സ്ഥാപനങ്ങൾ നടത്തപ്പെടുന്ന കാലത്തോളം അവർക്കും ഇതിൽ മേൽപ്പറഞ്ഞ ഉദ്യോ

www.malankaralibrary.com

ഗങ്ങൾ ആവശ്യപ്പെടാവുന്നതും അങ്ങനെ ഇതര രാജ്യങ്ങളിൽ നടന്നുവരുന്നതുമാണ്. ഇപ്പോഴത്തെ നിലയിൽ ക്രിസ്ത്യാനികൾക്ക് റവന്യൂ വകുപ്പിൽ പ്രവേശനം അനുവദിക്കാൻ പാടില്ലെന്നു തന്നെയാണ് ശാഠ്യമെങ്കിൽ അതിന് ഹേതുവായ ദേവസ്വത്തെ റവന്യൂവകുപ്പിൽനിന്നും വേർതിരിക്കുകയല്ലയോ ഗവൺമെന്റ് ചെയ്യേണ്ടത്" ഇൻഡ്യൻ ഭരണഘടനയുടെ കീഴിൽ സമത്വവും സാതന്ത്ര്യവും അനുഭവിക്കുന്ന ഇന്നത്തെ തലമുറയ്ക്കു, പൗരസമത്വവാദപ്രക്ഷോഭണത്തിന്റെ ആവശ്യകത ബോധ്യമാകണമെങ്കിൽ അന്നത്തെ രാഷ്ട്രീയനിലവാരം അൽപമെങ്കിലും മനസ്സിലാക്കിയിരിക്കണം.

നിയമനിർമ്മാതാവും നിയമപാലകനും അന്നു മഹാരാജാവു മാത്രമായിരുന്നു. അദ്ദേഹത്തെ ഉപദേശിച്ചിരുന്ന പ്രധാന ഉദ്യോഗസ്ഥന്മാരെല്ലാം നായന്മാർ. മഹാരാജാവിന്റെ ഭാര്യ ഒരു നായർ വനിത. ആ വഴിക്കും ആ സമുദായത്തിനു പ്രാമാണ്യം ലഭിച്ചിരുന്നു. നിയമങ്ങൾ എഴുതി ഉണ്ടാക്കുന്നവരും, അതു വ്യാഖ്യാനിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നവരും നായന്മാർ മാത്രമായിരുന്നതിനാൽ മറ്റു സമുദായത്തിൽപ്പെട്ടവർക്കു നീതി ലഭിക്കുകയില്ലെന്ന നില വന്നിരുന്നു. ഉദ്യോഗത്തിന്റെ പ്രൗഢിയും ശമ്പളവുമെന്നതിലധികമായി ഈ നീതിയുടെ കാര്യത്തിലായിരുന്നു അഹിന്ദുസമുദായത്തിന്റെ ഉൽക്കണ്ഠ മുഴുവൻ. ഉയർന്ന ഉദ്യോഗസ്ഥന്മാർ സ്വജനപക്ഷപാതികളാകുമ്പോൾ മറ്റുള്ളവർക്കു നാട്ടിൽ അഭിമാനാവഹമായ സ്ഥാനം ലഭിക്കുകയില്ലെന്നു വ്യക്തമാണല്ലോ.

ഈ നായർ മേധാവിത്വം കൈയടക്കി വച്ചിരുന്നതു ഭരണരംഗം മാത്രമായിരുന്നില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അവർ ആധിപത്യം പുലർത്തിപ്പോന്നു. രാജ്യചരിത്രംതന്നെ സ്വസമുദായത്തിന്റെ മേന്മ പാടുന്നതിനുള്ള ഒരുപാധിയാക്കി അവർ മാറ്റി എഴുതി. നായന്മാർ രാജ്യസേവകരും അനായന്മാർ രാജ്യദ്രോഹികളുമാണെന്നു വരത്തക്ക കള്ള ചരിത്രങ്ങൾ നിർമ്മിച്ചു സർക്കാർ സഹായത്തോടെ അവർ പ്രചരിപ്പിച്ചു. അവർ എഴുതുന്ന ചപ്പുചവറുകൾ വിദ്യാലയങ്ങളിൽ പാഠ്യപുസ്തകങ്ങളാക്കി എല്ലാവരും പഠിക്കുവാൻ അവർ ഏർപ്പാടാക്കി. ഹിന്ദുമതസംബന്ധമായ ഏതു കൃതിയും സാഹിത്യവും ക്രിസ്തുമതസംബന്ധമായവ മതവുമെന്ന ലേബൽ പതിച്ചു അവർ മാറ്റിനിറുത്തി. എന്തിനു അക്കാലത്തെ ഏതെങ്കിലും ചരിത്രമോ സാഹിത്യമോ പരിശോധിച്ചാൽ, ക്രിസ്ത്യാനികൾ എന്നൊരു കൂട്ടർ ഇവിടെ ജീവിച്ചിരുന്നുവെന്നതിനു കാര്യമായ സൂചനകളൊന്നും ലഭിച്ചെന്നു വരികയില്ല. അങ്ങനെ മറ്റുള്ളവരെ രാഷ്ട്രീയമായും സാംസ്കാരികമായും അടിമത്തത്തിൽവച്ചുകൊണ്ടിരിക്കുന്നതിനു നായർമേധാവിത്വത്തിനു കഴിഞ്ഞു.

പൗരസമത്വവാദ പ്രക്ഷോഭണത്തിന് മുഖ്യനേതൃത്വം നൽകിയ കത്തോലിക്കാ കോൺഗ്രസ്, തിരുവിതാകൂറിൽ അധിവസിക്കുന്ന മുപ്പത്തിയഞ്ചുലക്ഷം ജനങ്ങൾ തമ്മിൽ വാസ്തവമായി യോജിക്കണമെങ്കിൽ പൗരാവകാശം സമത്വം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് ശക്തമായി വാദിച്ചു.

www.malankaralibrary.com

## പൗരാവകാശ സമത്വപ്രമേയം

പൗരസമത്വവാദ പ്രക്ഷോഭണം ശക്തമായ സന്ദർഭത്തിൽ 1921 ൽ നിയമസഭ വിഘടനം ചെയ്യപ്പെട്ട സന്ദർഭത്തിൽ, ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ച പൗരാവകാശ സമത്വ പ്രമേയം പ്രശ്നത്തിന് കൂടുതൽ ആക്കവും തൂക്കവും നൽകുകതന്നെ ചെയ്തു. ഇങ്ങനെ രാജ്യമാസകലം ആഞ്ഞടിച്ച പ്രക്ഷോഭണത്തിന്റെയും ബഹുജനമുന്നേറ്റത്തിന്റെയും ഫലമായി അന്നത്തെ ദിവാൻ ടി. രാഘവയ്യാ, റവന്യൂ ദേവസ്വം വകുപ്പ് വിഭജിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. അതേവർഷം ആഗസ്റ്റ് 17-ാം തീയതി അത് പ്രാവർത്തികമാക്കുമെന്നും പ്രഖ്യാപിച്ചു. ഈ ഉത്തരവ് പിൻവലിപ്പിക്കുവാൻ സവർണ്ണസമുദായങ്ങൾ സർവ്വ ശക്തിയും ഉപയോഗിച്ച് ശ്രമിക്കാതിരുന്നില്ല. ഈയവസരത്തിൽ ദീപിക മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി. "റവന്യൂ ദേവസ്വം വിഭജനം ഭരണസൗകര്യത്തിനും ക്ഷേത്രസംരക്ഷണത്തിനും ആവശ്യമാണെന്ന് പല ഹിന്ദുക്കളും അഭിപ്രായപ്പെട്ടിട്ടുള്ളതാണെങ്കിലും ചില ഉദ്യോഗങ്ങൾ അതുമൂലം ക്രിസ്ത്യാനികൾക്കും ലഭ്യമാകുമെന്ന് കണ്ട് പ്രസ്തുത വിഭജനത്തെ വെറുക്കുകയും തദ്വാര ക്രിസ്ത്യാനികളെ പഴിക്കുകയും ചെയ്തവരുണ്ട്. വിഭജനം സാധിതപ്രായമായ സ്ഥിതിക്ക് അത് ദേവസ്വങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് തക്കതെന്ന് എല്ലാവരും കീർത്തിക്കുകയും ചെയ്യുന്നു. ക്ഷേത്രപ്രവേശന വിളംബരം, പൗരാവകാശ സമത്വം ഇവ സംബന്ധിച്ചുള്ള വാദങ്ങൾ ഇനിയും അവസാനിച്ചിട്ടില്ലെങ്കിലും അവയ്ക്കു ആധാരമായിട്ടുള്ള മൂല തത്ത്വങ്ങൾ ബഹുജനസമ്മതങ്ങളാകയാൽ അവ ഇനി വർഗീയ സമരത്തിന് ഹേതുവായി ശോഭിക്കുമെന്ന് തോന്നുന്നില്ല."

സവർണ്ണ സമുദായങ്ങൾ വീണ്ടും പ്രക്ഷോഭണങ്ങളിലേക്ക് നീങ്ങി. അപ്പോൾ ദീപികയുടെ പത്രാധിപരായിരുന്ന തെങ്ങുംമൂട്ടിൽ വർഗീസ് മാപ്പിള ഇപ്രകാരം എഴുതി. "ദിവാൻ ടി. രാഘവയ്യായുടെ പരിഷ്കാരങ്ങളിൽ സർവ്വപ്രധാനമായത് റവന്യൂ - ദേവസ്വം വിഭജനമാകുന്നു. സമർത്ഥനും ധീരനുമായ ദിവാൻജിയുടെ ഈ ഉചിതകൃത്യം അഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും ആജീവനാന്തം കൃതജ്ഞതയോടെ സ്മരിക്കും. തിരുവിതാകൂർ ചരിത്രത്തിൽ സുവർണ്ണലിപികളിൽ അടയാളപ്പെടുത്തേണ്ട ഒരു മഹനീയ കൃത്യമാണിതെന്ന് ഏതു രാജ്യനിവാസികൾക്കും സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല."

നായർ സമുദായത്തിന്റെ എല്ലാവിധ എതിർപ്പുകളെയും അതിജീവിച്ച് പൗരസമത്വവാദം വിജയിക്കുകയും റവന്യൂ-ദേവസ്വം വിഭജനം ഒരു യാഥാർത്ഥ്യമായിത്തീരുകയും ചെയ്തു. ഈ പ്രക്ഷോഭണത്തിന് ആളുകൊണ്ടും അർത്ഥംകൊണ്ടും നേതൃത്വം നൽകിയതു കത്തോലിക്കാ സമുദായമായിരുന്നു. അഡ്വക്കേറ്റ് ജോൺ നിധീരി, ഇലഞ്ഞിക്കൽ തര്യത് കുഞ്ഞിത്തൊമ്മൻ, ജേക്കബ് കുര്യൻ മുതലായ പ്രഗത്ഭമതികളുടെ നാമം ഇത്തരു

www.malankaralibrary.com

ണത്തിൽ സ്മർത്തവ്യമാകുന്നു. ഈ കാലയളവിലാണു മദ്രാസ് ഗവർണർ വെല്ലിംഗ്ടൺ പ്രഭുവും പത്നിയും മഹാരാജാവിന്റെ അതിഥിയായി തിരുവനന്തപുരത്തെത്തിയത്. രാജകീയ സൽക്കാര വേളയിൽ താനും മദാമ്മയും ഉൾപ്പെടുന്ന സമുദായത്തിന്റെ കാര്യംകൂടി പരിഗണിക്കണമെന്നു ഗവർണർ സൂചിപ്പിച്ചതു മഹാരാജാവിന്റെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമായി.

## അകത്തോലിക്കർക്കു ആനുകൂല്യങ്ങൾ

റവന്യൂ - ദേവസ്വം വിഭജനത്തെ തുടർന്നു ക്രിസ്ത്യാനികൾക്കും ഉയർന്ന ഉദ്യോഗങ്ങൾ ലഭിക്കുമെന്നായി. പക്ഷേ അതു ഗവർണരും മദാമ്മയും ഉൾപ്പെട്ടിരുന്ന പ്രൊട്ടസ്റ്റന്റു മതവിഭാഗത്തിനും അവരോടൊട്ടിനിന്നിരുന്ന മാർത്തോമ്മക്കാർ മുതലായ വിഭാഗങ്ങൾക്കും മാത്രമായി ചുരുങ്ങിപ്പോയി. ക്രിസ്ത്യാനികൾ എന്ന സമൂഹത്തിൽ സി.എം.എസ്. കാരെയും എൽ.എം. എസുകാരെയും മാർത്തോമ്മക്കാരെയും മാത്രമേ അന്നത്തെ ഗവൺമെന്റ് കണ്ടിരുന്നുള്ളു. ഒന്നു പറയണമല്ലോ. വിദേശികളായിരുന്ന കത്തോലിക്കാ വൈദിക മേലദ്ധ്യക്ഷന്മാർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു എതിരായി സ്വീകരിച്ച ബുദ്ധിശൂന്യമായ നിലപാടുനിമിത്തം കത്തോലിക്കരിൽ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരുടെ സംഖ്യയും അന്നു വിരളമായിരുന്നു. കാരണമെന്തായാലും കത്തോലിക്കർ വീണ്ടും പുറംതള്ളപ്പെട്ടവരായി. സർവ്വീസിൽ കയറിപ്പറ്റിയ കത്തോലിക്കേതരരാകട്ടെ, ബ്രാഹ്മണരും നായന്മാരും മുൻപ് സ്വീകരിച്ചിരുന്ന അടവുതന്നെ സ്വീകരിക്കുകയാണ് ചെയ്തത്.

കേരള കത്തോലിക്കാ സമുദായത്തിലെ ഒരു അനശ്വരജ്യോതിസ്സായ എം.എം. വർക്കി രംഗപ്രവേശം ചെയ്തത് ഇക്കാലഘട്ടത്തിലാണ്. വർക്കിയുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തു നിന്നു പുറപ്പെട്ടിരുന്ന കേരളദാസൻ, ദാസൻ, യുവഭാരതി പത്രങ്ങൾ വഴിയും മറ്റുവിധത്തിലും വർക്കി ചെയ്തിട്ടുള്ളിടത്തോളം പ്രയോജനകരമായ സമുദായസേവനം മറ്റേതെങ്കിലും വ്യക്തിയോ സ്ഥാപനമോ ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പ്രോജ്ജ്വലങ്ങളായ മുഖപ്രസംഗങ്ങളും ലേഖനങ്ങളും സമർത്ഥമായ നേതൃത്വവും കത്തോലിക്കരിൽ അദൃഷ്ടപൂർവമായ ഒരു രാഷ്ട്രീയോത്തേജനം സംജാതമാക്കി. അദ്ദേഹം ദാസൻ, യുവഭാരതി പത്രങ്ങളിൽ തുടരെ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന സ്ഥിതിവിവരക്കണക്കുകൾ കത്തോലിക്കരുടെയെന്നപോലെ അധികാരികളുടെയും കണ്ണു തുറപ്പിക്കുന്നതിനു കാരണമായി. കത്തോലിക്കസമുദായത്തിനു അചിരേണ ലഭിച്ച രാഷ്ട്രീയ അംഗീകാരത്തിനും ഉന്നതനിലക്കും കത്തോലിക്കാസമുദായം വർക്കിയോടു കുറച്ചൊന്നുമല്ല കടപ്പെട്ടിരുന്നത്. സ്വന്തമായ സാമ്പത്തിക നേട്ടങ്ങളുണ്ടാക്കാൻ കൂട്ടാക്കാതിരുന്ന വർക്കിയെ കേരള കത്തോലിക്ക സമുദായം വിസ്മരിച്ചുകളഞ്ഞുവെന്നതു നമ്മുടെ സമുദായചരിത്രത്തിലെ ഇരുളടഞ്ഞ ഒരു ഏടായി അവശേഷിക്കുന്നു.

www.malankaralibrary.com

# 3. നാല് മെമ്മോറിയലുകൾ

മലയാളി മെമ്മോറിയൽ, പൗരസമത്വവാദ പ്രക്ഷോഭണം എന്നിവക്കു ശേഷം പ്രക്ഷോഭണങ്ങൾക്ക് ഒരു പുതിയ രീതി അനുവർത്തിക്കുകയാണ് ചെയ്തത്. മലയാളി മെമ്മോറിയൽ സമർപ്പണത്തോടനുബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ നിരവധി പ്രക്ഷോഭണയോഗങ്ങൾ നടന്നു. പൗരസമത്വവാദ പ്രക്ഷോഭണത്തിലും നാടാകെ പ്രതിഷേധയോഗങ്ങൾ നടന്നു. ആ രണ്ടു സമരങ്ങളും വിജയിച്ചുവെങ്കിലും കത്തോലിക്കർ വീണ്ടും അവഗണിക്കപ്പെടുകയാണ് ചെയ്തത്. ഇവയ്ക്കു പരിഹാരമുണ്ടാക്കാൻ പ്രതിഷേധയോഗങ്ങളേക്കാൾ മെമ്മോറാണ്ടസമർപ്പണത്തിനാണ് പ്രധാന്യം നൽകിയത്. ഈ മെമ്മോറാണ്ടവിഷയത്തിൽ ഏറ്റവും കൂടുതൽ ബന്ധപ്പെട്ടത് ശ്രീ. എം.എം. വർക്കിയും ഷെവ. തര്യതുകുഞ്ഞിത്തൊമ്മനുമായിരുന്നു. സമുദായം നേരിടുന്ന അവഗണനകളുടെ ചരിത്രം കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പത്രമാസികകളിൽ കൂടി പ്രസിദ്ധീകരിക്കുന്നതിൽ എം.എം. വർക്കി അസാമാന്യമായ കഴിവ് പ്രകടിപ്പിച്ചിരുന്നു. അത് മെമ്മോറാണ്ടരൂപത്തിലാക്കാനും അദ്ദേഹം ശ്രമിച്ചു. മെമ്മോറാണ്ട സമർപ്പണത്തിൽ കുഞ്ഞിത്തൊമ്മനും പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. അന്ന് തിരുവനന്തപുരത്ത് സമ്മേളിച്ച കത്തോലിക്കാ പ്രതിനിധികളുടെ മധ്യത്തിലേക്ക് മെമ്മോറിയലും മെമ്മോറാണ്ടങ്ങളും അച്ചടിപ്പിക്കുന്നതിനും പത്രങ്ങളെക്കൊണ്ട് പിന്തുണ അഭ്യർത്ഥിക്കുന്നതിനും ഡെപ്യൂട്ടേഷൻ പോകുന്നതിനുമുള്ള ചെലവുകൾക്കായി ഉദാരഭരിതനായ കുഞ്ഞിത്തൊമ്മൻ കോട്ടിന്റെ ഇരു പോക്കറ്റുകളിൽ നിന്നും ചുരുട്ടിക്കൂട്ടിയ 100 രൂപാ നോട്ടുകൾ ശൈശവോചിതമായ ലാഘവത്തോടു കൂടി എടുത്തിട്ടസംഭവം ദൃക്സാക്ഷികൾ അനുസ്മരിച്ചിട്ടുണ്ട്.

## എ. ഒന്നാമത്തെ കത്തോലിക്കാ മെമ്മോറിയൽ

പൗരസമത്വവാദപ്രക്ഷോഭണത്തിനുശേഷം കത്തോലിക്കരെ ഒരു പ്രത്യേക സമുദായമായി അംഗീകരിക്കുന്നതിനും പ്രധാന തസ്തികകളിൽകത്തോലിക്കർക്ക് പ്രാതിനിധ്യം ലഭിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങളായിരുന്നു പിന്നീട് നടന്നത്. സമുദായ സേവന തൃഷ്ണയും ത്യാഗസന്നദ്ധതയും ഉണ്ടായിരുന്ന പ്രജാസഭയിലെയും നിയമസഭയിലെയും കത്തോലിക്കാ സാമാജികന്മാരായിരുന്നു മുൻനിന്ന് പ്രവർത്തിച്ചത്. അവർക്കതിന് വേണ്ട സഹായസഹകരണങ്ങൾ നൽകിയത് കത്തോലിക്കാ കോൺഗ്രസ്സും ശ്രീ. എം.എം. വർക്കിയുമായിരുന്നു. കത്തോലിക്കരെ ഒരു പ്രത്യേക സമുദായമായി അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1924 മാർച്ച് 14-ാം തീയതി തിരുവനന്തപുരം കോട്ടയ്ക്കകം കൊട്ടാരത്തിൽചെന്ന് ശ്രീമൂലം മഹാരാജാവിന് നിവേദനം സമർപ്പിക്കുകയുണ്ടായി. അക്കൊല്ലത്തെ പ്രജാസഭാംഗങ്ങ

www.malankaralibrary.com

ളായിരുന്ന റവ. ഫാ. പി.ജെ. ജോൺ കോട്ടയം, തോമസ് ചാണ്ടി മുക്കാടൻ കൈനകരി, ഇ.വി. തോമസ് ചേർത്തല, കെ. ലോനൻപിള്ള ചേർത്തല, പി. ഒസേഫ് ഉമ്മൻ ചങ്ങനാശ്ശേരി, വടക്കൻ ഉലഹന്നൻ പാലാ, എൻ.ജെ. കുഞ്ചെറിയാ തൊടുപുഴ, കെ.ജോസഫ് തോമസ് പാലാ, റ്റി. ചാക്കോ മാത്യു ചങ്ങനാശ്ശേരി, എം.പി. അഗസ്റ്റിൻ ആലുവാ, എം. തോമ്മാകുര്യൻ ചങ്ങനാശ്ശേരി, എം. പി. ജോർജ് വടക്കൻപറവൂർ, എം.വി. മാത്യു വെളിയനാട്, തോമ്മാ വർക്കി കോട്ടയം, എന്നീ പതിനാലു പേരായിരുന്നു. ഇതാണ് പ്രഥമ കത്തോലിക്കാമെമ്മോറിയൽ.

## ബി. രണ്ടാമത്തെ മെമ്മോറിയൽ

ശ്രീമൂലം തിരുനാളിനെത്തുടർന്ന് അധികാരമേറ്റെടുത്ത റീജന്റ് മഹാറാണിക്ക് 1924 ഒക്ടോബർ 2-ാം തീയതി അന്നത്തെ നിയമസഭയിലെ ആറു കത്തോലിക്കാമെമ്പർമാർ ചേർന്ന് സമർപ്പിച്ച മെമ്മോറിയലാണ് കത്തോലിക്കർ സമർപ്പിച്ച രണ്ടാമത്തെ മെമ്മോറിയൽ. ഈ നിവേദനത്തിൽ ഒപ്പുവച്ച നിയമസഭാംഗങ്ങൾ ഫാ. കുര്യാക്കോസ് വെട്ടിക്കാപ്പള്ളി (വൈക്കം) എ. ഗുഗ്വർഫ് (നോമിനേറ്റഡ് അംഗം) ജോൺ നിധീരി (ചേർത്തല) ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ (കോതമംഗലം) ജോസഫ് പഞ്ഞിക്കാരൻ, കെ. ഡൊമിനിക് തൊമ്മൻ കാഞ്ഞിരപ്പള്ളി പബ്ലിക് സർവ്വീസിലുള്ള സമുദായത്തിന്റെ ശോച്യമായ അവസ്ഥ ചൂണ്ടിക്കാണിച്ചുകൊണ്ട് സമർപ്പിച്ച ആ മെമ്മോറിയലിലെ ഒരു ഖണ്ഡിക താഴെ ചേർക്കുന്നു.

"പബ്ലിക് സർവ്വീസിലുള്ള സമുദായത്തിന്റെ ശോച്യമായ അവസ്ഥയെ താഴെക്കാണുന്ന സംഗതികൾ ധാരാളം വ്യക്തമാക്കുന്നതാകുന്നു. ഹജൂരിൽ, സെക്രട്ടറിമാർ, സൂപ്രണ്ടന്മാർ ആദിയായ 82 ഹയർഗ്രേഡ് ഉദ്യോഗസ്ഥന്മാരുണ്ടെങ്കിലും ഒരു ക്ലാർക്ക് മാത്രമേ കത്തോലിക്കരായുള്ളു. അക്കൗണ്ടാഫീസിൽ ഓഫീസർമാർ, സൂപ്രണ്ടുമാർ തുടങ്ങി 66 ഉയർന്ന ഉദ്യോഗസ്ഥന്മാരുള്ളതിൽ ഒരു സൂപ്രണ്ടുമാത്രമേ കത്തോലിക്കനായുള്ളു. റവന്യൂ വകുപ്പിൽ പേഷ്കാരന്മാർ, അസിസ്റ്റന്റുമാർ, തഹസീൽദാർമാർ, ട്രഷറി ഓഫീസർമാർ എന്നീ 100 ൽപരം ഉദ്യോഗസ്ഥന്മാരുള്ളതിൽ കത്തോലിക്കരിൽനിന്ന് ഒരു അസിസ്റ്റന്റ് തഹസീൽദാർ മാത്രമാണുള്ളത്. റവന്യൂദേവസ്വം വിഭജനത്തിനുശേഷം 15 രൂപയിൽ കൂടുതൽ ശമ്പളമുള്ള 198 നിയമനങ്ങൾ ഉണ്ടായിട്ടുള്ളതിൽ കത്തോലിക്കരുടെ സംഖ്യ 5 ശതമാനം മാത്രമാണെന്നു കാണുന്നത് അടിയങ്ങളെ കഠിനമായി വേദനപ്പെടുത്തുന്നു. ജുഡീഷ്യൽവകുപ്പിൽ ജഡ്ജിമാർ, മുൻസിഫുമാർ, മജിസ്ട്രേറ്റർമാർ, സർക്കാർ വക്കീലന്മാർ എന്നിവരായി 95 പേരുണ്ടെങ്കിലും കത്തോലിക്കരായി 2 മുൻസിഫുമാർ മാത്രമേയുള്ളു. വിദ്യാഭ്യാസവകുപ്പിൽ ഭരണകർത്താക്കളും ഹയർഗ്രേഡ് അദ്ധ്യാപകരും കൂടി 405 ഉയർന്ന ഉദ്യോഗസ്ഥന്മാരുള്ളതിൽ 2 ഇൻസ്പെക്ടർമാരും, 2 അദ്ധ്യാപകരും മാത്രമാണ് കത്തോലിക്കരായിട്ടുള്ളത്. കോളേജുക

www.malankaralibrary.com

ളിൽ പ്രിൻസിപ്പൽമാർ, ട്യൂട്ടർമാർ മുതലായി 88 പേരുള്ളതിൽ 4 പേർ മാത്രമേ കത്തോലിക്കരായിട്ടുള്ളു. എക്സൈസ് വകുപ്പിൽ ഇൻസ്പെക്ടർമാർവരെയുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ എണ്ണം 128 ആണെങ്കിലും രണ്ട് കത്തോലിക്കർ മാത്രമാണുള്ളത്. ഫോറസ്റ്റ് വകുപ്പിൽ 38 ഉയർന്ന ഉദ്യോഗസ്ഥന്മാരുള്ളതിൽ കത്തോലിക്കർ 4 പേരാണുള്ളത്. രജിസ്ട്രേഷൻവകുപ്പിൽ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ 88 ഉള്ളതിൽ കത്തോലിക്കനായി ഒരു സബ്ബ്രജിസ്ട്രാർ മാത്രമേയുള്ളു. പോലീസ് കമ്മീഷണർമാർ, സൂപ്രണ്ടുമാർ, ഇൻസ്പെക്ടർമാർ എന്നിങ്ങനെ 87 പേരുണ്ടെങ്കിലും 3 ഇൻസ്പെക്ടർമാർ മാത്രമാണ് കത്തോലിക്കരായിട്ടുള്ളത്. മെഡിക്കൽവകുപ്പിൽ സബ്അസിസ്റ്റന്റ് സർജൻമാർവരെ 120 പേരുള്ളതിൽ കത്തോലിക്കർ 10 പേർ മാത്രമാണ്. പൊതുമരാമത്ത് വകുപ്പിൽ സൂപ്പർവൈസർമാർ 100 പേരുണ്ടെങ്കിലും 4 പേർ മാത്രമേ കത്തോലിക്കരായിട്ടുള്ളു. വ്യവസായവകുപ്പിൽ 13 ഉയർന്ന ഉദ്യോഗസ്ഥന്മാരുള്ളതിൽ കത്തോലിക്കരായുള്ളത് ഒരാൾ മാത്രമാണ്. കൃഷിവകുപ്പിൽ 16 ഉം സാനിട്ടറി വകുപ്പിൽ 120 ഉം അഞ്ചൽ വകുപ്പിൽ 10 ഉം ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിലും അവരിൽ ഒരു കത്തോലിക്കനുമില്ല. കത്തോലിക്കർ ആരുമില്ലാത്തതായ അച്ചുകൂടം, ആയുർവ്വേദം മുതലയാ പല മൈനർ ഡിപ്പാർട്ടുമെന്റുകളെയും മിക്കവാറും എല്ലാ നോൺ ഗസറ്റഡ് ഉദ്യോഗങ്ങളെയും ഈ കണക്കിൽ ചേർത്തിട്ടില്ല." ഇതായിരുന്നു അന്നത്തെ കത്തോലിക്കന്റെ നില. 1646 ഉദ്യോഗങ്ങൾ ഉള്ളതിൽ 46 എണ്ണം മാത്രമാണ് ജനസംഖ്യയിൽ 15.3 ശതമാനം വരുന്ന കത്തോലിക്കർക്ക്. ഉദ്യോഗങ്ങളിൽ 2.7 ശതമാനം മാത്രം. അന്ന് ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഒരു ഒഴിവിൽ ഒരു കത്തോലിക്കനെ നിയമിക്കുന്നതിനാണ് ഈ മെമ്മോറിയൽ കൊടുത്തത്.

## തിരുവിതാംകൂർ പബ്ലിക് സർവ്വീസും കത്തോലിക്കരുടെ അവകാശങ്ങളും.

1924 മാർച്ച് 14 ന് ശ്രീമൂലം തിരുനാൾ മഹാരാജാവിനും അതേവർഷം ഒക്ടോബർ രണ്ടാം തീയതി റീജന്റ് മഹാറാണിക്കും സമർപ്പിച്ച രണ്ടു മെമ്മോറിയലുകൾ അവയെ സാധൂകരിക്കുന്ന അനേകം അനുബന്ധങ്ങളും ചേർത്ത് 1925 നവംബർ 10-ാം തീയതി ദാസൻ പത്രാധിപർ എം.എം. വർക്കി തിരുവിതാംകൂർ പബ്ലിക് സർവ്വീസും കത്തോലിക്കരുടെ അവകാശങ്ങളും എന്ന പേരിൽ ഒരു പുസ്തകം പ്രസാധനം ചെയ്തു. ഈ പുസ്തക പ്രകാശനത്തോടെയാണ് തിരുവിതാംകൂറിൽ കത്തോലിക്കർ അനുഭവിക്കുന്ന അവഗണനയുടെ ചരിത്രം ലോകം അറിയുന്നത്.

കേരളത്തിനകത്തും പുറത്തുമായി ഇതിന്റെ അനേകായിരം കോപ്പികൾ പ്രചരിപ്പിക്കപ്പെട്ടു. മനോഹരമായി ബയന്റ് ചെയ്ത ഈ പുസ്തകത്തിന്റെ കോപ്പികൾ നാട്ടിലും പുറത്തുമുള്ള പത്രങ്ങൾക്കു റീജന്റ്,

www.malankaralibrary.com

ദിവാൻജി, ഡിപ്പാർട്ട്മെന്റ് മേലദ്ധ്യക്ഷന്മാർ, നിയമസഭയിലേയും പ്രജാസഭയിലേയും അംഗങ്ങൾ, മതാദ്ധ്യക്ഷന്മാർ, വൈസ്രോയി പൊളിറ്റിക്കൽ സെക്രട്ടറി, എക്സിക്യൂട്ടീവ് കൗൺസിൽ മെമ്പർമാർ, ഇന്ത്യൻ നേതാക്കന്മാർ, തുടങ്ങിയവർക്കെല്ലാം അയച്ചുകൊടുത്തു. ഇംഗ്ലണ്ടിലും ഇതിന്റെ ദശകണക്കിന് കോപ്പികൾ വിതരണം ചെയ്തു. അന്ന് ദിവാനായിരുന്ന വാട്സ്, അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തായിരുന്ന വിദ്യാഭ്യാസ ഡയറക്ടർ മി. സി.വി. ചന്ദ്രശേഖരനോട് ഇപ്രകാരം പറയുകയുണ്ടായി. “Wherever I go, I see only the book, "Catholic Claims" whom ever I meet they talk about the 'Catholic Claims' when ever I meet they talk about the 'Catholic Claims' who is the wonderful author of this Catholic Claims (ഞാൻ എവിടെ ചെന്നാലും കാണുന്നത് Catholic Claims എന്ന പുസ്തകമാണ്. ആരെ കണ്ടുമുട്ടിയാലും, അവരൊക്കെ സംസാരിക്കുന്നതും കത്തോലിക്കരുടെ അവകാശങ്ങളെക്കുറിച്ചാണ്. കത്തോലിക്കരുടെ അവകാശവാദങ്ങൾ എന്ന ഈ പുസ്തകത്തിന്റെ അത്ഭുത കർത്താവ് ആരാണ്?)

## സി. മൂന്നാമത്തെ മെമ്മോറിയൽ

രാജ്യത്തിലെ സമുന്നത നീതിന്യായസനമായ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ നിയമിച്ചു കിട്ടുവാൻ ശ്രീ. എം.എം. വർക്കിയുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്. കൊച്ചിയിലെ ഹൈക്കോർട്ടിൽ ഒരു ക്രിസ്ത്യാനി നിയമിതനായതിനാൽ കൊച്ചിയിലെ കത്തോലിക്കർക്ക് ഇങ്ങനെയൊരു പ്രശ്നം ഉണ്ടായിരുന്നില്ല. തിരുവിതാംകൂറിലെ സ്ഥിതി അതായിരുന്നില്ല. അതിനാൽ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ നിയമിച്ചു കിട്ടുന്നതിനുവേണ്ടി ഡസൻകണക്കിന് മെമ്മോറിയലുകൾ രാജസ്ഥാനത്ത് സമർപ്പിക്കപ്പെടുകയും രാജ്യത്തെമ്പാടും പൊതുജനാഭിപ്രായം സംഘടിപ്പിക്കുന്നതിന് നിരവധി യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ നിയമിച്ചു കിട്ടണമെന്ന പ്രത്യേക കാര്യം ചൂണ്ടിക്കാണിച്ച് പ്രജാസഭയിലെയും നിയമസഭയിലെയും അംഗങ്ങൾ ചേർന്ന് സമർപ്പിക്കപ്പെട്ട മൂന്നാമത്തെ മെമ്മോറിയൽ 1926 മാർച്ച് 7-ാം തീയതി പീരുമേട്ടിൽവച്ച് റീജന്റ് മഹാറാണിക്ക് സമർപ്പിച്ചു. മി. ചാക്കോ മാത്യു ചങ്ങനാശ്ശേരി, എ.സി. കുര്യാക്കോസ് പാലാ, ഇട്ടിയവിരാ തര്യൻ ചങ്ങനാശ്ശേരി, കെ.ജോസഫ് തോമസ് പാലാ, കോര ഔസേപ് കോട്ടയം, കെ. ലോനൻപിള്ള ചേർത്തല, ചാക്കോ ജോസഫ് ചങ്ങനാശ്ശേരി, ജി.എ. ഫെർണാണ്ടസ് (നോമിനേറ്റഡ്) സി.എം. സ്വാമിനാഥപിള്ള (നോമിനേറ്റഡ്) എന്നീ ഒൻപതുപേരായിരുന്നു നിവേദനസമർപ്പണത്തിൽ പങ്കെടുത്തത്. ഈ നിവേദനത്തിലെ പ്രധാന പ്രാർത്ഥിതം ഹൈക്കോടതി ജഡ്ജിയായി ഒരു കത്തോലിക്കനെ നിയമിക്കണമെന്നതായിരുന്നു.

www.malankaralibrary.com

കത്തോലിക്കരുടെ ഈ അവകാശങ്ങളെ ഒരുവിഭാഗം ക്രിസ്ത്യാനികൾ ആദ്യംമുതലേ എതിർത്തുകൊണ്ടിരുന്നു. എങ്കിലും ബാരിസ്റ്റർ ജോസഫ് തളിയത്ത് തിരുവിതാംകൂർ ജഡ്ജിയായി നിയമിതനായി.

## ഡി. നാലാമത്തെ മെമ്മോറിയൽ

സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ വിവിധ സമുദായങ്ങൾക്കു ലഭിച്ചിട്ടുള്ള പ്രാതിനിധ്യസ്വഭാവം കാണിക്കുന്ന വളരെയേറെ പട്ടികകൾ സഹിതം നിരവധി അനുബന്ധങ്ങളോടുകൂടി 1927 മാർച്ച് ആദ്യം പൂജപ്പുര സേതിൽമൗണ്ട് കൊട്ടാരത്തിൽവച്ച് റീജന്റ് മഹാറാണിക്കു സമർപ്പിച്ച മെമ്മോറിയൽ ആണ് നാലാമത്തേത്. പ്രജാസഭയിലെ കത്തോലിക്കരായ കണ്ണമ്പുഴ ലോനാ ഔസേഫ് വടക്കൻപറവൂർ, തോമസ്ചാണ്ടി മുക്കാടൻ കൈനകരി, എ.സി. കുര്യാക്കോസ് പാലാ, ചെറിയതുണ്ടത്തിൽ ഔസേഫ്, ഔസേഫ് ചങ്ങനാശ്ശേരി, പുളിക്കീക്കളത്തിൽ ജോസഫ് ഉമ്മൻ മുട്ടാർ, വടക്കയിൽ അബ്രാഹം മൂവാറ്റുപുഴ, നമ്പ്യാപറമ്പിൽ തൊമ്മൻ ജോസഫ് തൊടുപുഴ, നടയ്ക്കപ്പാടത്ത് നൈനാൻ ശൗര്യാർ കുറുമ്പനാടം, സേവിയർ അലക്സാണ്ടർ കുളച്ചൽ (നോമിനേറ്റഡ്) എന്നീ പത്തുപേർചേർന്നാണ് ഈ മെമ്മോറിയൽ സമർപ്പിച്ചത്.

1924 മുതൽ 1927 വരെയുള്ള കാലഘട്ടത്തിൽ പ്രധാനമായും നാലു മെമ്മോറിയലുകളാണ് സമർപ്പിച്ചത്. ഈ നിവേദനങ്ങളുടെ ഫലമായി പല നേട്ടങ്ങളുമുണ്ടായി. ജോസഫ് തളിയത്തിനെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചു. അദ്ദേഹത്തിന് ചീഫ് ജസ്റ്റീസ് സ്ഥാനം വരെ ഉയരുവാൻ സാധിച്ചു. ജില്ലാ ജഡ്ജി ടി.ജെ. ജോസഫ് തുമ്പശ്ശേരി, ചീഫ് സെക്രട്ടറി പദമലങ്കരിച്ച ടി. ചാണ്ടി തേവർകാട് തുടങ്ങിയവരും അതിനെ തുടർന്നുണ്ടായ പരിശ്രമഫലമായി സർവ്വീസിൽ കയറിപ്പറ്റിയവരാണ്. കത്തോലിക്കർ ഒരു പ്രത്യേക സമുദായമായി അംഗീകരിക്കപ്പെട്ടതും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ അംഗീകരിക്കപ്പെട്ടതും ഈ മെമ്മോറിയലുകളുടെ ഫലമായിട്ടാണ്.

## മെമ്മോറാണ്ട സമർപ്പണരീതി

മലയാളി മെമ്മോറിയൽ സമർപ്പണവും പൗരസമത്വവാദ പ്രക്ഷോഭണവും കഴിഞ്ഞ് 1922 മുതൽ 31 വരെയുള്ള കാലഘട്ടങ്ങളിൽ മെമ്മോറിയൽ സമർപ്പണത്തിലൂടെ സമുദായ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ശ്രമിക്കുകയാണ് ചെയ്തത്. മറ്റു പ്രക്ഷോഭണ മാർഗ്ഗങ്ങളൊന്നും സ്വീകരിച്ചിരുന്നില്ല. എന്നാൽ അക്കാലത്ത് മെമ്മോറിയൽ സമർപ്പണം ഇന്നത്തേതുപോലെ അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. മഹാരാജാവിനെ കാണുന്നത് മുഖംകാണിക്കൽ എന്നാണ് അറിയപ്പെട്ടിരുന്നത്. മുഖം കാണിക്കാൻ അനുവാദം കിട്ടാൻ പ്രയാസം. കിട്ടിയാൽ പുലർച്ചെ കൊട്ടാരത്തിൽ എത്ത

www.malankaralibrary.com

ണം. വൈദികരല്ലാത്തവരെല്ലാം അർദ്ധനഗ്നരായിട്ട് എത്തണം. ഷർട്ട് ധരിക്കാൻ പാടില്ല. ഉടുമുണ്ടിനുമേൽ ഒരു രണ്ടാം മുണ്ട് അരയിൽ കെട്ടി വായ്പൊത്തി 'തിരുമുമ്പിൽ നിൽക്കണം മെമ്മോറിയൽ തൃക്കൈയിൽ കൊടുക്കുവാൻ പാടില്ല. നെടിയതൂശനിലയുമായി ചെന്ന് തൂശിനില തൃപ്പാദങ്ങളിൽവച്ച് അതിൽ മെമ്മോറിയൽ ഭക്തിപൂർവ്വം പ്രതിഷ്ഠിക്കണം. കൂടാതെ സ്വർണ്ണനാണയങ്ങളും, പട്ടുവസ്ത്രങ്ങളും തിരുമുൽക്കാഴ്ച വച്ചതിനുശേഷമേ മെമ്മോറിയൽ സമർപ്പിക്കാനാവൂ. ഈ രീതിയിലാണ് ആദ്യ നിവേദകസംഘം ശ്രീമൂലം തിരുനാളിനെകണ്ട് നിവേദനം സമർപ്പിച്ചത്.

ഈ മുഖം കാണിക്കൽ രീതിക്ക് അന്ത്യംകുറിച്ചത് റീജന്റ് മഹാറാണിയാണ്. തിരുവനന്തപുരത്തെ പത്രപ്രവർത്തകർ ശ്രീ. എം.എം. വർക്കിയുടെ നേതൃത്വത്തിൽ റീജന്റ് മഹാറാണിയെ കാണാൻ തൂശിനിലയും പട്ടും പവനും കൂടാതെയും അർദ്ധനഗ്നരല്ലാതെയും രാജകൊട്ടാരത്തിൽ എത്തി. റീജന്റിന്റെ ആഫീസ് ഉദ്യോഗസ്ഥനായിരുന്ന കുളത്തുവയ്യരുടെ മുറിയിൽ കയറി അവിടെ കണ്ട ഇരിപ്പിടങ്ങളിൽ കയറി ഇരുന്നു. കുപിതനായ കുളത്തുവയ്യരോട്, മുഖം കാണിക്കാൻ വന്നു എന്ന് പറയേണ്ടതിനുപകരം റീജന്റിനെ കാണാൻ വന്നതാണെന്നു പറഞ്ഞു. “ആദ്യമായി മുഖം കാണിക്കുകയല്ലേ പട്ടും സ്വർണ്ണവും കൊണ്ടുവന്നിട്ടുണ്ടോ” എന്നു കുളത്തുവയ്യർ ചോദിച്ചു. അതെന്തിനാണെന്ന് വർക്കിയുടെ ചോദ്യം. രണ്ടും കൊണ്ടുവരാത്തവർ രണ്ടു രൂപാ കൊടുക്കണം. അപ്പോൾ പട്ടുതുണി കുളത്തുവയ്യർ തരും. ഇലയും തയ്യാർ ഉണ്ടായിരിക്കും. സാധാരണക്കാർ കുളത്തുവയ്യർക്ക് രണ്ടു രൂപാ കൊടുത്ത് ഇലയും തുണിയും വാങ്ങുകയാണ് പതിവ്. കാശു കൊടുത്ത് മഹാറാണിയെ കാണുന്നില്ലെന്നും എന്നാൽ മഹാറാണിയെ കാണാതെ പോകുന്നില്ലന്നും വർക്കി തറപ്പിച്ചു പറഞ്ഞു. ഈ ബഹളമെല്ലാം മഹാറാണി അകത്തുനിന്ന് കേൾക്കുന്നുണ്ടായിരുന്നു. ബല്ലടിച്ച് കുളത്തുവയ്യരെ അകത്തേക്ക് വിളിച്ച് മഹാറാണി വിവരം തിരക്കി. കുളത്തുവയ്യർ തിരികെവന്ന് എല്ലാവരെയും റീജന്റിന്റെ സ്വീകരണമുറിയിലേക്ക് വിളിച്ചുകൊണ്ടുപോയി. ഈ സംഭവത്തിനുശേഷം അർദ്ധനഗ്നരായി പട്ടും സ്വർണ്ണവുമായി ആരും കൊട്ടാരത്തിൽ പോകേണ്ടി വന്നിട്ടില്ല.

1931 നവംബർ 26-ാം തീയതി തിരുവിതാംകൂർ മഹാരാജാവിന് കത്തോലിക്കാ കോൺഗ്രസ് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ പൂർണ്ണരൂപമാണ് അടുത്ത താളുകളിൽ പേജ് 33 മുതൽ 163 വരെ. അതിനേപ്പറ്റിയുള്ള ചെറുവിവരണം 32-ാം പേജിലും.

www.malankaralibrary.com

# 4. കാത്തലിക് ഗ്രീവൻസസ്

പൗരസമത്വവാദപ്രക്ഷോഭത്തിനു ശേഷം 1922–1931 കാലഘട്ടങ്ങളിൽ പ്രജാസഭയിലെയും നിയമസഭയിലെയും അംഗങ്ങളെ സംഘടിപ്പിച്ച് മെമ്മോറാണ്ടങ്ങൾ രാജസമക്ഷത്തിൽ സമർപ്പിച്ച് അവകാശങ്ങൾ നേടിയെടുക്കുക എന്നതായിരുന്നുവല്ലോ കത്തോലിക്കാ കോൺഗ്രസ്സിന്റെ ശൈലി. ആ ശ്രമകരമായ ദൗത്യം നിർവഹിക്കുന്നതിന് കത്തോലിക്കാ കോൺഗ്രസ്സിനെ സജ്ജമാക്കിയത് ശ്രീ.എം.എം.വർക്കിയായിരുന്നു. കത്തോലിക്കാസമുദായത്തെ ഒരു പ്രത്യേക സമുദായമായി അംഗീകരിപ്പിക്കുവാൻ സാധിച്ചുവെന്നതും തിരുവിതാംകൂർ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ ജഡ്ജിയായി നിയമിക്കുവാൻ സർക്കാർ തയ്യാറായതും ഈ മെമ്മോറിയലുകൾ സമർപ്പിച്ചതുകൊണ്ടായിരുന്നു.

കത്തോലിക്കർക്ക് വേറെയും ചില അവശതകൾ ഉണ്ടായിരുന്നു. ദേവാലയങ്ങളും സിമിത്തേരികളും സ്ഥാപിക്കുന്നതിലും വിദ്യാലയങ്ങൾ നടത്തുന്നതിലും ഉദ്യോഗങ്ങൾ ലഭിക്കുന്നതിലും പൗരാവകാശങ്ങൾ അനുവദിച്ച് കിട്ടുന്നതിലും പിന്നെയും പല അവശതകൾ കത്തോലിക്കർക്കുണ്ടായിരുന്നു. അത് വെളിച്ചത്തു കൊണ്ടു വരുവാൻ കത്തോലിക്കാ കോൺഗ്രസ്സ് മുന്നോട്ടു വന്നു. സർക്കാർ സർവ്വീസ്സിൽ വിശിഷ്യാ ജുഡീഷ്യൽ വകുപ്പിൽ കത്തോലിക്കരുടെ പ്രാധിനിദ്ധ്യക്കുറവ് ചൂണ്ടിക്കാണിച്ചുകൊണ്ട് സമർപ്പിച്ച ആ മെമ്മോറാണ്ടത്തിലെ പ്രസക്ത ഭാഗങ്ങളും അത് തെളിയിക്കാൻ സഹായകമായ നിരവധി അനുബന്ധങ്ങളും ചേർത്ത് കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ എന്ന പേരിൽ മലയാളത്തിലും Catholic Grievences എന്ന പേരിൽ ഇംഗ്ലീഷിലും പ്രസിദ്ധം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധീകരിച്ച ഈഗ്രന്ഥം കത്തോലിക്കാസമുദായത്തിന്റെ മാഗ്നാകാർട്ടയാണ്. ഈ ഗ്രന്ഥമാണ് പിന്നീട് കത്തോലിക്കർ നടത്തിയ രാഷ്ട്രീയസമരങ്ങൾക്കെല്ലാം പ്രചോദനമായത്.

കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ എന്ന ഗ്രന്ഥത്തിന്റെ പൂർണ്ണരൂപമാണ് ഇതിൽ ചേർത്തിരിക്കുന്നത്. യഥാർത്ഥത്തിൽ കത്തോലിക്കാകോൺഗ്രസ്സ് സമർപ്പിച്ച മറ്റ് നാലു മെമ്മോറിയലുകളും പൂർണ്ണമായും പ്രസിദ്ധീകരിച്ചാൽ അതിന്റെ പിന്നിലുള്ള കഷ്ടപ്പാട് എത്രയെന്ന് ബോദ്ധ്യമാകുകയുള്ളു അത് പ്രയാസകരമാണ്. എങ്കിലും കാത്തലിക് ഗ്രീവൻസസ് എന്ന ഈ ഗ്രന്ഥം പൂർണ്ണമായി പ്രസിദ്ധീകരിക്കുന്നതു വഴി അന്നത്തെ മെമ്മോറിയലുകളെപ്പറ്റി ഒരു ധാരണ ജനങ്ങൾക്കുണ്ടാകും. ഇന്നത്തേതു പോലെ ആധുനിക സാങ്കേതികവിദ്യകൾ ഒന്നും ഇല്ലാതിരുന്ന ഒരു കാലത്ത് ഇതുപോലെ രേഖകൾ കൃത്യമായി തയ്യാറാക്കുക എത്ര ദുഷ്കരമാണെന്ന് ചിന്തിച്ച് നോക്കാവുന്നതാണ്.

www.malankaralibrary.com

## എ. കത്തോലിക്കർ സഹിക്കുന്ന ഉപദ്രവങ്ങൾ

തിരുവിതാംകൂറിലെ കത്തോലിക്കർ മതപരമായും രാഷ്ട്രീയമായും സഹിക്കുന്ന ഉപദ്രവങ്ങളെപ്പറ്റി അഖിലകേരളകത്തോലിക്കാ കോൺഗ്രസിൽനിന്നും രാജാവ് തിരുമനസ്സിലേയ്ക്കു സമർപ്പിച്ച മെമ്മോറാണ്ഡത്തിന്റെ പരിഭാഷ

പ്രസാധകൻ എം.എം. വർക്കി
ദാസൻ ഓഫീസ്, തിരുവനന്തപുരം

## ബി. രാജകീയപ്രഖ്യാപനം 1107 തുലാം 20

ദൈവകാരുണ്യത്താൽ എന്റെ ജനങ്ങളുടെ ഇടയ്ക്കുള്ള എല്ലാ സമുദായങ്ങളുടേയും വർഗ്ഗങ്ങളുടേയും സ്നേഹവും ആദരവും സമ്പാദിക്കുന്നതിന് എനിക്ക് ശേഷിയുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ജീവിതത്തിന്റെ എല്ലാ വശങ്ങളിലുമുള്ള അവരുടെ അഭിവൃദ്ധി എന്റെ പ്രധാനമായ ലക്ഷ്യവും നിരന്തരമായ ശ്രമവും ആയിരിക്കുന്നതാണ്. നിങ്ങൾ പരമാർത്ഥമായി പറഞ്ഞിട്ടുള്ളതുപോലെ വളരെ വലുതായ ഒരു ട്രസ്റ്റാണ് എന്നിൽ ഭരമേല്പിച്ചിരിക്കുന്നത്. ആ ട്രസ്റ്റ് എന്റെ പ്രജകളുടെ സമാധാനത്തേയും സംതൃപ്തിയേയും പരിരക്ഷിക്കുന്നതിനുവേണ്ടി പരിശ്രമിക്കും.

## നാം പഠിക്കേണ്ടത്

"പൗരാവകാശം സംബന്ധിച്ചു അസമത്വദുഃഖം അനുഭവിക്കുന്ന കേരളീയകത്തോലിക്കർ ഒരിക്കലും ഉത്സാഹശൂന്യരൊ ഉന്മേഷരഹിതരൊ ആകാതെ നിരന്തരമായി അവരുടെ പൗരാവകാശത്തിനായി ധർമ്മസമരങ്ങൾ നടത്തിക്കൊണ്ടിരുന്നാൽ തീർച്ചയായും വിജയം സിദ്ധിക്കുന്നതാണെന്നാണ് ഇതിൽനിന്ന് നാം പഠിക്കേണ്ടത്. കൊച്ചി, തിരുവിതാംകൂർ രാജ്യങ്ങളിലെ പബ്ലിക്സർവ്വീസിൽ കത്തോലിക്കർക്കുവേണ്ടുവോളം പ്രാതിനിധ്യം കിട്ടിയിട്ടില്ലെങ്കിൽ അതിലേയ്ക്ക് ഫലോദയംവരെ അക്ഷീണയത്നം ചെയ്യേണ്ടത് കത്തോലിക്കാ നേതാക്കന്മാരുടെ മാതൃകയ്ക്ക് അനുയോജ്യമാണെന്നും കാണിക്കുവാൻ ഇത്രയും പറഞ്ഞു എന്നേയുള്ളൂ.

ബിഷപ്പ് കാളാച്ചേരി

www.malankaralibrary.com

# എ.കെ.സി.സി. പ്രസിഡന്റ് ജെ. ജോൺ നിധീരിയുടെ ആമുഖം

## തിരുവിതാംകൂർ മഹാരാജാവ് ശ്രീ. ചിത്തിരതിരുനാൾ രാമവർമ്മ തിരുമനസ്സിലേയ്ക്ക്

പൊന്നുതിരുമേനി,

1. തിരുമനസ്സിലെ പ്രജാഗണത്തിന്റെ ആറിൽ ഒരു ഭാഗം വരുന്ന തിരുവിതാംകൂറിലെ കത്തോലിക്കർക്കുവേണ്ടി തിരുമനസ്സിലെ നേർക്കു അവർക്കുള്ള ഹൃദയംഗമമായ ഭക്തിസ്നേഹബഹുമാനങ്ങളെ അടിയങ്ങൾ വിനയാദരപൂർവ്വം തിരുമനസ്സുണർത്തിച്ചുകൊള്ളുന്നു. രാജകീയമായി തിരുമനസ്സിലേയ്ക്കുള്ള ഭരണാവകാശാധികാരം സംബന്ധിച്ചുള്ള പ്രതിഷ്ഠാപന മഹോത്സവത്തെ അടിയങ്ങൾ അത്യാനന്ദാഹ്ളാദങ്ങളോടുകൂടി ദർശിക്കുകയും, ഈ ശുഭസംഭവാവസരം തിരുമനസ്സിലെ പ്രജകൾക്കു പൊതുവേയും കത്തോലിക്കർക്കു പ്രത്യേകമായും സൗഭാഗ്യസംപൂർണ്ണമായ ഒരു നവയുഗാരംഭമായി അടിയങ്ങൾ ആമോദിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.

2. പൊതുവെ, എല്ലാ പ്രജകൾക്കും നിഷ്പക്ഷമായ രാജനീതിയേയും കത്തോലിക്കരെപ്പോലെ ബഹുനാളായി അവശതകൾക്കു അധീനരായി കഴിഞ്ഞുവരുന്ന സമുദായങ്ങളോടു പ്രത്യേകമായ ആനുകൂല്യാനുഭവങ്ങളേയും പ്രദർശിതമാക്കിക്കൊണ്ടുള്ള ഐശ്വര്യാഭിവൃദ്ധമായ ഒരു കാലമാണ് തിരുമനസ്സിലെ ഭരണത്തിൽ നിശ്ചയമായും ഉണ്ടാകാൻ പോകുന്നതെന്നുള്ള ആകാംക്ഷയാൽ പ്രേരിതമായിട്ടാണ് കത്തോലിക്കർക്കുവേണ്ടി അടിയങ്ങൾ ഈ മെമ്മോറിയൽ വിനയാന്വിതം തൃപ്പാദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നത്. അധികമാളുകൾക്കും ആയുഷ്കാലംകൊണ്ടു ആർജ്ജിക്കാൻ കഴിയാത്തതിൽ കൂടുതലായ ലോകപരിചയവും പക്വതയും തിരുമനസ്സിലേയ്ക്ക് അല്പകാലം കൊണ്ടു പ്രാപ്തമായിരിക്കുന്നു. തിരുമനസ്സിലെ ഭരണപരിശീലനക്കാലത്തു തിരുമനസ്സിലേയ്ക്കു നേരിട്ടു കണ്ടറിയാനും പഠിക്കാനും ഇടപെടാനും കഴിഞ്ഞിട്ടുള്ള ഭരണരീതികളും ആധുനിക രാഷ്ട്രീയപ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും, തിരുമനസ്സിലെ ഭരണകാലത്തു രാജ്യത്തെ ഐശ്വര്യോന്മുഖമാക്കിത്തീർക്കുന്നതിനും തിരുവിതാംകൂറിലെ കത്തോലിക്കരുടെ അവശതകളെ അറിഞ്ഞും മനസ്സിലാക്കിയും അവയെ പരിഹരിക്കുന്നതിനും തിരുമനസ്സിലേയ്ക്കു ധാരാളം ഉപകരിക്കുമെന്നു അടിയങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

3. ഈ മെമ്മോറിയൽ 1931 ആഗസ്റ്റുമാസം 28-നു കോട്ടയത്തുവെച്ചു കൂടിയ അഖില കേരള കത്തോലിക്കാ കോൺഗ്രസ് കമ്മിറ്റിയിൽ ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടതും ചുവടെ ചേർക്കുന്നതുമായ പ്രമേയത്തിന്റെ ഫലമായിട്ടു സമർപ്പിക്കപ്പെടുന്നതാണ്:-

"തിരുവിതാംകൂറിലെ കത്തോലിക്കർക്കു പബ്ലിക് സർവ്വീസിലുള്ള അസമതക

www.malankaralibrary.com

ളേയും പ്രാതിനിധ്യസ്ഥാപനങ്ങളിലുള്ള പ്രാതിനിധ്യക്കുറവിനെയും ആരാധനാസ്വാതന്ത്ര്യം സംബന്ധിച്ചുള്ള തടസ്സങ്ങളേയും മറ്റും വ്യക്തമാക്കി പരിഹാരം നേടുന്നതിന് ഒരു മെമ്മോറിയൽ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേയ്ക്ക് ഉടനെ സമർപ്പിക്കേണ്ടതാണെന്നു ഈ യോഗം തീരുമാനിക്കുന്നു."

4. സങ്കടപരിഹാരാർത്ഥം തിരുമനസ്സിലെ കരുണാപൂർവ്വമായ പര്യാലോചനയ്ക്ക് വിഷയീഭവിപ്പിക്കുന്ന അടിയങ്ങളുടെ അവശതകളേയും അസമത്വങ്ങളേയും തൃക്കൺപാർക്കുന്നതിനുള്ള സൗകര്യാർത്ഥം ക്രോഡീകരിച്ചു അഞ്ചു വിഭാഗങ്ങളായി വേർതിരിച്ചു ചേർത്തിരിക്കുന്നു. അടിയങ്ങളുടെ സങ്കടങ്ങളുടെ യാഥാർത്ഥ്യതയും ദുഃസഹഭാരവും എത്രമാത്രം കൂടുതലാണെന്ന് തിരുമനസ്സിലേയ്ക്കു ബോദ്ധ്യമാകുന്നതിനുവേണ്ടിയാണ് ഈ മെമ്മോറിയലിന്റെ ഒരു അവിഭാജ്യഘടകമായി ഒരു മെമ്മോറാണ്ഡം ചേർത്തിട്ടുള്ളത്. അടിയങ്ങളുടെ ബഹുവിധങ്ങളായ സങ്കടങ്ങളെ കഴിയുന്നത്ര വിശദീകരിച്ചും സ്ഥിതിവിവരക്കണക്കുകൾ കൊണ്ട് സമർത്ഥിച്ചുമാണ് ഈ മെമ്മോറാണ്ഡം തയ്യാറാക്കിയിട്ടുള്ളതും. അതിനാൽ മെമ്മോറിയലിന്റെ ഈ ഭാഗത്ത് അടിയങ്ങളുടെ അവശതകളേയും സങ്കടങ്ങളേയും ചുവടെ ചേർക്കും പ്രകാരം സ്ഥൂലമായി മാത്രം പ്രതിപാദിച്ചുകൊള്ളുന്നു.

1. **ആരാധനാ സ്വാതന്ത്ര്യം:** പൊതു ആരാധനാസ്ഥലങ്ങളും ശ്മശാനസ്ഥലങ്ങളും സ്ഥാപിക്കുന്നവിഷയം ഗവൺമെന്റ് നിയന്ത്രണത്തിൻകീഴിലാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാകുന്നു. 1898-ലേയും 1910-ലേയും വിളംബരങ്ങളും 1930 മാർച്ച് 17-ലെ ഗവൺമെന്റുത്തരവും. ഈ നിയമശാസനങ്ങളിൽ കാണുന്ന വ്യവസ്ഥകളെ അതിലംഘിച്ചും ഗവൺമെന്റ് പ്രവർത്തിച്ചുവരുന്നു. ഈ വിളംബരങ്ങളേയും ഗവൺമെന്റുത്തരവിനേയും ആധാരമാക്കിക്കൊണ്ട് 1858-ലെ വിക്ടോറിയാ മഹാരാജ്ഞിയുടെ വിളംബരത്തിനു വിപരീതമായുള്ള ഒരു മതസ്വാതന്ത്ര്യ ധ്വംസക നിയമമാണ് തിരുവിതാംകൂറിൽ കർശനമായ രീതിയിൽ തുടർന്നുകൊണ്ടിരിക്കുന്നത്. ഈ വിളംബരങ്ങൾ എല്ലാ ജാതിക്കാരേയും ബാധിക്കുമെന്നാണ് വെച്ചിരിക്കുന്നത് എങ്കിലും സംസ്ഥാനത്തിലെ പ്രജകളിൽ അഞ്ചിൽരണ്ടു ഭാഗം വരുന്ന ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കുമാണ് ഇവയുടെ കർക്കശമായ പ്രവർത്തനംകൊണ്ടു അതിയായ ബുദ്ധിമുട്ടുകൾ നേരിട്ടിരിക്കുന്നത്. മറ്റുള്ളവർ എല്ലാവരേയുംകാൾ ഈ നിരോധനങ്ങളുടെ ദൂരനുഭവം കൂടുതലായി സഹിക്കേണ്ടിവന്നിരിക്കുന്നത് കത്തോലിക്കർക്കാകുന്നു. ഇതിനുള്ള കാരണം ഈ വിഷയത്തിൽ ഗവൺമെന്റിൽനിന്നും അവർക്കു താരതമ്യേന കൂടുതലായി നൽകിക്കൊണ്ടിരിക്കുന്ന നിഷേധ ഉത്തരവുകൾക്കും പുറമെ, അവരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ദേവാലയങ്ങൾക്കും ശ്മശാനങ്ങൾക്കുമുള്ള സ്ഥാനം ഒഴിച്ചുകൂടാൻ വഹിയാത്തവണ്ണം അത്രയ്ക്കു പ്രാധാന്യമേറിയ ഒന്നാകകൊണ്ടും കൂടിയാണ്. പ്രസ്താവിത വിളംബരങ്ങളും ഗവണ്മെന്റ് ഉത്തരവും ആദിയിൽ ഗവൺമെന്റിന്റെ സവർണ്ണ പ്രതിപത്തിയെ മാത്രമേ പ്രസ്പഷ്ടമാക്കിയിരുന്നുള്ളു എങ്കിലും ആയതു പ്രജകളുടെ ഇടയിൽ ഒരു നികൃഷ്ടമനോഭാവത്തെ ഉളവാക്കുന്നതിനും ഒരു കാലത്തു കേട്ടുകേൾവിപോലുമില്ലാതിരുന്ന വർഗ്ഗീയമത്സരത്തെ ഉൽഭൂതമാ

www.malankaralibrary.com

ക്കുന്നതിനും പര്യാപ്തമായിത്തീർന്നിരിക്കുന്നു. പ്രത്യേകിച്ചും മേൽപ്രസ്താവിച്ച ഗവൺമെന്റ് ഉത്തരവ് രണ്ടു പ്രകാരത്തിൽ ആക്ഷേപാർഹമായിട്ടുള്ളതാകുന്നു. ഒന്നാമതായി, അത് രാജ്യത്തിൽ നിലവിലിരിക്കുന്ന നിയമങ്ങളേയും വ്യവസ്ഥാപിതനടപടികളേയും കീഴുമേൽ മറിക്കുന്നതും ആയതുകൊണ്ട് അതു പ്രജാപീഢനത്തിനും മർദ്ദനത്തിനും അത്യാപൽക്കരമായ ഒരു മുൻനടപടിയെ സുസ്ഥാപിതമാക്കുന്നതിനു അടിസ്ഥാനമുറപ്പിക്കുന്നതുമാകുന്നു. രണ്ടാമതായി, ആ ഉത്തരവ് അനാവശ്യമായുള്ള ഗവൺമെന്റിന്റെ കൈകടത്തലിന് ഒരു ഉത്തമദൃഷ്ടാന്തമായിത്തീർന്നിരിക്കുന്നുവെന്നും കൂടാതെ ക്രിസ്ത്യാനികളോടും മുസ്ലീങ്ങളോടും വിശിഷ്യ, കത്തോലിക്കരോട് കൂടുതലായും കാണിച്ചുപോരുന്ന ഒരു നീചമനോഭാവത്തിന്റെ ഒരു പ്രത്യക്ഷപ്രദർശനമാണെന്നുമുള്ളതാണ്. രാജ്യക്ഷേമത്തിനുവേണ്ടി ആ രണ്ടു വിളംബരങ്ങളും ഗവൺമെന്റ് ഉത്തരവും ഉടനടി റദ്ദു ചെയ്യുകയും പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്യേണ്ടത് അത്യന്താവശ്യമാകുന്നു.

**2. പബ്ലിക്സർവ്വീസ്** : മെമ്മോറാണ്ഡത്തിൽ സ്ഥിതിവിവരക്കണക്കുകൾകൊണ്ട് വിശദമാക്കി കാണിച്ചിട്ടുള്ളതുപോലെ, പബ്ലിക്ക് സർവ്വീസിൽ തിരുവിതാംകൂർ കത്തോലിക്കർക്കു അവരുടെ സംഖ്യാബലത്തിനും പുരോഗതിക്കും അനുസരണമായി അവർക്കു ന്യായമായി കിട്ടേണ്ടതായുള്ള ഓഹരിയുടെ 95 ശതമാനവും അവർക്കു ഇപ്പോൾ ലഭിക്കാതെയാണിരിക്കുന്നത്. അവർ അർഹിക്കുന്നിടത്തോളമുള്ള രാഷ്ട്രീയാധികാരം കൊടുക്കാതെ അവരിൽ ഉണ്ടാക്കിവെച്ചിരിക്കുന്ന കഠിനമായ ഈ അവശത, ന്യായമായോ അന്യായമായോ ഉള്ള ഔദ്യോഗിക ഇടപെടൽ വേണ്ടിവരുന്ന എല്ല ജീവിത നടപടികളിലും കത്തോലിക്കരെ പീഢനത്തിനു വശംവദരാക്കിത്തീർത്തിരിക്കുന്നു. ഈ ദുഃസ്ഥിതി ദൈനംദിനം വർദ്ധിച്ച് കത്തോലിക്കാ സമുദായാംഗങ്ങളിൽ നിരന്തരമായ മനോവേദനയെ ഉണ്ടാക്കുകയും സമുദായത്തെ എന്തെന്നില്ലാത്ത നിരാശക്കുണ്ടിലേയ്ക്കു ത്വരിതഗമനം ചെയ്യിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**3. പ്രാതിനിധ്യ സ്ഥാപനങ്ങൾ:** സംസ്ഥാനത്തിലെ പ്രജാധിപത്യപരമായ രാഷ്ട്രീയസ്ഥാപനങ്ങളിൽ കത്തോലിക്കർക്കു വേണ്ടുന്ന പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നുള്ളതാകുന്നു മുൻവിവരിച്ചതിനോടു തുല്യപ്രാധാന്യതയുള്ള മറ്റൊരു സങ്കടം. സമ്മതിദാനം, നിയോജകമണ്ഡലങ്ങൾ എന്നിവയെ സംബന്ധിക്കുന്ന നിയമവ്യവസ്ഥകളും ഗവൺമെന്റിന്റെ അധികാരത്തിലിരിക്കുന്ന നോമിനേഷൻ പ്രമാണിച്ചു ഗവൺമെന്റു നടത്തിപ്പോരുന്ന സ്വേച്ഛാധികാരവും ആണ് ഇക്കാര്യത്തിലുള്ള കത്തോലിക്കരുടെ സങ്കടകാരണങ്ങൾ.

**4. പട്ടാളവകുപ്പ്:** രാജ്യത്തിലെ സൈനിക വകുപ്പിൽ കത്തോലിക്കർക്കുള്ള പ്രവേശനനിരോധനം അവർക്കു പൂർണ്ണമായുള്ള പൗരാവകാശത്തേയും രാഷ്ട്രീയാവകാശത്തേയും ലഭ്യമല്ലാതാക്കിത്തീർത്തിരിക്കുന്നു. ഇത് അവർക്ക് ഭയങ്കരമായ മനോവ്യഥയെ ഉണ്ടാക്കത്തക്കവണ്ണം അവരുടെ ആത്മാഭിമാനത്തേയും രാജ്യഭക്തിയേയും ക്ഷതപ്പെടുത്തുന്നതിനു പര്യാപ്തമായിത്തീർന്നിരിക്കുന്നു.

**5. വിദ്യാഭ്യാസപ്രവർത്തനങ്ങൾ:** വിദ്യാഭ്യാസപരമായുള്ള പൊതു

www.malankaralibrary.com

ജനസംരഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണെന്നുള്ള ഗവൺമെന്റിന്റെ ഉറപ്പുണ്ടായിരുന്നിട്ടും മറ്റു സമുദായങ്ങളുടേതിനെ അപേക്ഷിച്ചു കത്തോലിക്കരുടെ വിദ്യാഭ്യാസ പരിശ്രമങ്ങളെയാണ് കൂടുതലായും കഠിനമായും പ്രീണിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ ചെയ്യുന്നത് പ്രധാനമായി എല്ലാവരും തന്നെ അകത്തോലിക്കരായ വിദ്യാഭ്യാസാധികൃതന്മാർ മുഖാന്തിരമായിട്ടാകുന്നു. ഈ വിഷയത്തിലുള്ള കത്തോലിക്കരുടെ സങ്കടം മതവിഷയമായുള്ള അവരുടെ അവശതയ്ക്കു തുല്യമാകുന്നു. എന്തെന്നാൽ കത്തോലിക്കാ സഭയുടെ ശാസനമനുസരിച്ചു കത്തോലിക്കരായ കുട്ടികൾ കത്തോലിക്കാ വിദ്യാലയങ്ങളിൽതന്നെ അദ്ധ്യയനം ചെയ്യണമെന്നു നിർബന്ധമാണ്.

**6.** ഈ വക അവശതകളും സങ്കടങ്ങളും കത്തോലിക്കരെ ഭയങ്കരമാംവണ്ണം പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. സമുദായത്തിന്റെ സങ്കടപരിഹാരാർത്ഥമുള്ള എല്ലാ പരിശ്രമങ്ങളും എല്ലാ പ്രകാരത്തിലും വിഫലങ്ങളായി കലാശിച്ചിരിക്കുന്നു. ഈ ദുരന്താനുഭവസ്ഥിതിക്കുള്ള പ്രധാനകാരണം ദിവാൻജിമാരുടെ അനുകമ്പാരഹിതവും ചിലപ്പോൾ പ്രതികൂലവും എന്നാൽ എല്ലായ്പോഴും അഗണ്യപരവുമായ പെരുമാറ്റം ആണ്. ആയതുകൊണ്ട് ഇന്നത്തെ പരിതസ്ഥിതികളിൽ, വർഗ്ഗീയചിന്ത നിശ്ശേഷം വെടിഞ്ഞും എല്ലാവരോടും ഒരുപോലെ നീതിയായി പെരുമാറിയും തിരുമനസ്സിലെ ക്ഷേമകരങ്ങളായ കല്പനകളെ വിശ്വാസപൂർവ്വം നടപ്പിൽവരുത്തിയും തന്മൂലം നാട്ടിന്റെ നന്മയെ ഉത്തരോത്തരം വർദ്ധിപ്പിക്കുന്നതിന്, നീതിമാനും സമർത്ഥനും ആയ ഒരു യൂറോപ്യൻ സിവിലിയൻ, ഉദ്യോഗസ്ഥനെ സാധിക്കുകയുള്ളുവെന്നതിനാൽ, അങ്ങിനെയുള്ള ഒരാളെ തിരുവിതാംകൂർ ദിവാൻജിയായി നിയമിക്കാതെ അടിയങ്ങളുടെ സങ്കടങ്ങൾക്കു പൂർണ്ണപരിഹാരം ഉണ്ടാകയില്ലെന്നുള്ള അടിയങ്ങളുടെ ദൃഢവിശ്വാസത്തെ അടിയങ്ങൾ തിരുമനസ്സുണർത്തിച്ചുകൊള്ളുന്നു.

കരുണാമസൃണമായ തിരുമനസ്സിലെ കൃപാകടാക്ഷം തിരുമനസ്സിലെ കത്തോലിക്കാ പ്രജകളിൽ വർഷിച്ചുകാണാൻ അടിയങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ അനുഗ്രഹം കത്തോലിക്കർക്കു ലഭിക്കുന്നപക്ഷം, അവരുടെ അവശതകൾ ഒന്നിനൊന്നു കുറയുമെന്നുള്ളതു അവിതർക്കിതമാകുന്നു. എന്തെന്നാൽ നീതിന്യായധർമ്മപ്രകാരം കത്തോലിക്കർക്കു കിട്ടേണ്ടതിൽ കൂടുതലായ ഒന്നിനും തന്നെ അവർ ആവശ്യപ്പെടുന്നില്ലാ എന്നു അവർക്കു നല്ലപോലെ ബോദ്ധ്യമുണ്ട്. തിരുമനസ്സിലെ ഭരണം അനുക്രമം ഐശ്വര്യോന്മുഖമായ നിലയിലും ആയിരിക്കത്തക്കവണ്ണം പ്രശാന്തരമണീയാകുന്നതിനു അടിയങ്ങൾ പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്നു തിരുമനസ്സിലെ രാജഭക്തരായ
അഖിലകേരള കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ
ജെ. ജോൺ നിധീരി
പ്രസിഡണ്ട്

1931 നവംബർ 26
കോട്ടയം.

www.malankaralibrary.com

# മെമ്മോറാണ്ടത്തിലെ പ്രതിപാദ്യവിഷയങ്ങൾ

## 1. ആരാധനാസ്വാതന്ത്ര്യം

തിരുവിതാംകൂറിലെ കത്തോലിക്കരുടെ സങ്കടങ്ങളിൽ അവരെ അത്യധികമായി മനോവേദനപ്പെടുത്തിക്കൊണ്ടിരിക്കുന്നത് മതസ്വാതന്ത്ര്യവിഷയത്തിൽ അവർക്കു വരുത്തിക്കൂട്ടിക്കൊണ്ടിരിക്കുന്ന അവശതകളാണ്. എത്രയോ മുമ്പിനാലെ, അതായതു 1858-ൽ ഉണ്ടായിട്ടുള്ള വിക്ടോറിയാ മഹാരാജ്ഞിയുടെ രാജകീയ വിളംബരം ഉണ്ടായിരുന്നിട്ടും ഈ രാജ്യത്തിലെ കത്തോലിക്കർക്കു അവരുടെ മതവിശ്വാസങ്ങളെ അവരുടെ ഇഷ്ടാനുസരണം സ്വതന്ത്ര്യമായ നിലയിൽ ആചാരപദ്ധതിയിൽ നയിക്കുന്നതിനു അടിക്കടി അവർക്കു ഭീമങ്ങളായ പ്രതിബന്ധങ്ങളാണുണ്ടായിക്കൊണ്ടിരിക്കുന്നത്. വിക്ടോറിയാ മഹാരാജ്ഞിയുടെ രാജകീയ വിളംബരത്തിന്റെ പ്രത്യേകോദ്ദേശം മദ്രാസ് ഗവർണ്ണറായിരുന്ന സർ. ചാറത്സിട്രി വല്യൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ "മഹാരാജ്ഞിയുടെ ഭാരതീയപ്രജകളുടെ മതവിശ്വാസാചാരങ്ങളിൽ ഇടപെടാതെ അവയുടെ സ്വതന്ത്രപരിപാലനത്തിനുറപ്പു നൽകുകയെന്നുള്ളതായിരുന്നു." സർ ചാറത്സിന്റെ 1859 ലെ ഈ പ്രസ്താവന ഇന്നത്തെനിലയ്ക്കു എത്രയും സമുചിതമായിരിക്കുന്നു. അന്നത്തെ തിരുവിതാംകൂർ റസിഡന്റിനു അദ്ദേഹം ഇപ്രകാരം എഴുതുകയുണ്ടായിട്ടുണ്ട്. "സത്യവും ന്യായവും മാത്രമല്ല എന്നാൽ പൊതുവെ മനുഷ്യസമുദായത്തിന്റെ അനുഭാവമത്രയും ഇങ്ങനെ ഒരു ഭാഗത്തേയ്ക്കു മാത്രം പക്ഷപാതവീക്ഷണത്തോടുകൂടിയിരിക്കുന്നതായുള്ള യാതൊരു ദൃഷ്ടാന്തവും എനിക്കു ഇത്രകാലമായിട്ടുമുണ്ടായിട്ടില്ല. ഇപ്രകാരമുള്ള ഒരു സന്ദർഭത്തിൽ നാം ധൈര്യത്തോടുകൂടി പ്രവർത്തിച്ചില്ലെങ്കിൽ പരിഷ്കൃതലോകം മുഴുവനും നമ്മെ ആക്ഷേപിക്കാതിരിക്കയില്ല." 1829 ൽ (കൊല്ലവർഷം 1004) ഫെബ്രുവരി 3 നു ഉണ്ടായ വിളംബരത്തിൽ അടങ്ങിയിരുന്ന നിരോധനങ്ങളെക്കുറിച്ച് ഗവർണർ സർ ചാറത്സ് തുടർന്നുപറയുകയാണ്:-"ഇവ ഇന്നത്തെ കാലത്തിനു അനുയോജ്യമല്ലാത്തതും ഒരു പരിഷ്കൃതഭരണാധികാരിക്കു അയോഗ്യമായതും ആകുന്നു." (തിരുവിതാംകൂർ സ്റ്റേയിറ്റ് മാനുവൽ) ഈ നിലയ്ക്കു പീഡനത്തിനുവേണ്ട സകല ഉപകരണങ്ങളും ആവശ്യത്തിലധികമുള്ള 1898 (കൊല്ലവർഷം 1074) നവംബർ 27-ലെ വിളംബരത്തെക്കുറിച്ച് എന്താണു പറയേണ്ടത്?

1858 ന് എത്രയോ വർഷങ്ങൾക്കു മുമ്പിനാലെ തന്നെ തിരുവിതാംകൂറിലെ രാജകീയഭരണാധികാരികൾ, വിക്ടോറിയാ മഹാരാജ്ഞിയുടെ രാജകീയവിളംബരത്തിൽ അടങ്ങിയിരുന്ന മതസ്വാതന്ത്ര്യപ്രഖ്യാപനങ്ങളേക്കാൾ കൂടുതലായ മതസ്വാതന്ത്ര്യാവകാശങ്ങൾ നൽകിക്കൊണ്ടിരുന്നു. ക്രിസ്തുമ

www.malankaralibrary.com

തത്തോടുള്ള അവരുടെ വിപ്രതിപത്തി വെറും സമ്മതസഹിഷ്ണുതമാത്രമായിരുന്നതേയുള്ളു. അനുഭാവപൂർവ്വമുള്ള സഹായസഹകരണങ്ങൾ ആയിരുന്നു അവർ അക്കാലത്തു ക്രിസ്തുമത്തിനു നൽകിക്കൊണ്ടിരുന്നത്. അക്കാലത്തെ മഹാരാജാവിങ്കൽനിന്നും ക്രിസ്തുമതാവലംബികൾക്കു ലഭിച്ചുകൊണ്ടിരുന്ന നിരവധി ഗുണങ്ങളെക്കുറിച്ച് കേട്ടിട്ട് അന്നത്തെ മാർപാപ്പയായിരുന്ന ക്ലെമന്റു പതിനാലാമൻ 1774 ജൂലൈ 2 നു എഴുതീട്ടുള്ളതും മഹാരാജാവിന്റെ രാജ്യത്തിൽ തിരുസഭയിലെ അംഗങ്ങൾക്കു കിട്ടിക്കൊണ്ടിരുന്ന പ്രോത്സാഹനങ്ങൾക്കു മഹാരാജാവിന് കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നതും ആയ ഒരു പ്രത്യേക സന്ദേശത്തോടുകൂടി രണ്ടു പ്രതിനിധികളെ തിരുവിതാംകൂർ മഹാരാജാവിന്റെ അടുത്തു അയയ്ക്കുകയുണ്ടായി. തിരുവിതാംകൂർ രാജകൊട്ടാരത്തിൽ അവർക്കുലഭിച്ച സ്വീകരണത്തെ മാർപാപ്പായുടെ പ്രതിനിധികളിൽ ഒരാളായിരുന്ന ബർത്തോളിമിയൊ ഇങ്ങനെ വിവരിച്ചിരിക്കുന്നു:-

"കോട്ടയുടെ പ്രവേശനദ്വാരത്തിൽ ഞങ്ങൾ എത്തിയ ഉടനെ ദ്വാരപാലകന്മാർ ഞങ്ങളെ സൈനികാഭിവാദ്യം ചെയ്യുകയും, രാജമന്ദിരം ഇരിക്കുന്ന ഉദ്യാന (തെങ്ങിൻതോപ്പ്) വാതുക്കലേയ്ക്കു ഞങ്ങളെ കൊണ്ടുചെല്ലുന്നതിനു, ഞങ്ങൾ കയറിയിരുന്ന പല്ലക്കുചുമന്നിരുന്നവരെ വഴികാട്ടുന്നതിനു മന്ത്രി ഒരു മാർഗ്ഗദർശിയെ അയക്കുകയും ചെയ്തു..... ഇവിടെവച്ച് രാജാവിന്റെ സർവ്വസൈന്യാധിപൻ ഞങ്ങളെ സ്വീകരിച്ചു നടത്തി രാജാവ് ഇരിക്കുന്ന കൊട്ടരവാതുക്കലേയ്ക്കു ഞങ്ങളെ കൊണ്ടാക്കി. അവിടെ രാജാവ് ഞങ്ങളെ കാത്തുനിന്നിരുന്നു. അനേകം ഉദ്യോഗസ്ഥന്മാരാലും രാജകുമാരന്മാരാലും പരിസേവിതനായി നിന്നിരുന്ന രാജാവ് നിന്നുകൊണ്ടുതന്നെ ഞങ്ങളെ സ്വീകരിച്ചു. ഉറയിൽ നിന്നൂരിയ വാളും പിടിച്ചുകൊണ്ട് രാജസമീപം അദ്ദേഹത്തിന്റെ പുത്രൻ നിന്നിരുന്നു. അടുത്ത തണലുള്ള ഒരു സ്ഥലത്തു മൂന്നു കസാലകൾ ഇട്ടിരുന്നു. അവയിൽ ഒന്നു രാജാവിനും ഒന്നു എനിക്കും മൂന്നാമത്തതു എന്റെ സഹചാരിക്കുമായിരുന്നു..... ഉടനെ ഞാൻ മാർപാപ്പായുടെ എഴുത്തു എടുത്തു.... അനന്തരം അത് ആ രാജഹസ്തങ്ങളിൽ സമർപ്പിച്ചു. മാർപാപ്പാതിരുമേനിയോടുള്ള ബഹുമാനസൂചകമായി രാജാവ് എഴുത്തിനെ മൂർദ്ധാവ് വരെ ഉയർത്തുകയുണ്ടായി. മാർപാപ്പായുടെ എഴുത്തുകൊടുത്ത അവസരത്തിൽ കൊട്ടാരത്തിലെ പീരങ്കികളിൽനിന്നും വെടികൾ വെയ്ക്കപ്പെട്ടു....(തിരുവിതാംകൂർ സ്റ്റെയിറ്റുമാനുവൽ)

മഹാറാണി ഗൗരി പാർവ്വതിഭായിയുടെ കാലത്തു ആലപ്പുഴെ ഒരു പ്രൊട്ടസ്റ്റന്റു പള്ളി പണിയുന്നതിനു വേണ്ട തടി സൗജന്യമായി കൊടുക്കുകയും, മുറയ്ക്കു വേദപ്രചാരണജോലി നടത്തുന്നതിനായി നാഗർകോവിലിൽ ഒരു ബംഗ്ലാവും കൂടാതെ 5000 രൂപായും ലണ്ടൻമിഷ്യൻ സൊസൈറ്റിക്കു നൽകുകയും ഉണ്ടായിട്ടുണ്ട്. (തിരുവിതാംകൂർ സ്റ്റെയിറ്റുമാനുവൽ). തിരുവിതാംകൂർ റസിഡന്റായിരുന്ന മിസ്റ്റർ ജി.റ്റി. മെക്കൻസി ഇപ്രകാരം എഴുതിയിരിക്കുന്നു.

"സുറിയാനി ക്രിസ്ത്യാനികൾക്കു വേദപഠനത്തിനായി 1816-ൽ തിരുവിതാംകൂർ ഡർബാറിൽ നിന്നു 8000 രൂപാ നൽകുകയുണ്ടായി. കോട്ടയത്തെ സുറിയാനി കോളേജിനു സഹായധനമായി 1818 ൽ കേണൽ മൺറോ മുഖാന്തിരം റാണി 20000 രൂപാ നൽകിയിരിക്കുന്നു. സുറിയാനിക്കാരുടെ ക്ഷേമത്തെക്കരുതി വിശിഷ്യാ കോട്ടയം

www.malankaralibrary.com

സെമിനാരിയിലെ കുട്ടികളുടെ വിദ്യാഭ്യാസാർത്ഥം 1819ൽ റാണി മൺറോദ്വീപ് നൽകുകയുണ്ടായി. ദക്ഷിണ തിരുവിതാംകൂറിലെ ലണ്ടൻമിഷ്യൻ സൊസൈറ്റിക്കാർക്കും അനവധി ആനുകൂല്യങ്ങൾ അന്നു നൽകിയിട്ടുണ്ട്. സാധുക്കൾക്ക് അന്നദാനം നൽകുന്നതിനും, മിഷ്യനിലെ വിദ്യാഭ്യാസ കാര്യങ്ങൾക്കായി ചെലവിട്ടുകൊള്ളുന്നതിനും ഉദ്ദേശിച്ചുകൊണ്ട് റവ. മിസ്റ്റർ റിങ്ങുലെറ്റാബിന് അദ്ദേഹത്തിന്റെ ഔദ്യോഗിക അനന്തരഗാമികൾക്കുമായി റാണി 1814ൽ കന്യാകുമാരിക്കു സമീപം താമരക്കുളം വൈലകുളം എന്നീ സ്ഥലങ്ങളിലായി 88കോട്ട നിലംകൊടുക്കുകയുണ്ടായി. ധർമ്മവിഷയമായി ചെലവിടുന്നതിനു റവ. മീഡിനും അദ്ദേഹത്തിന്റെ ഔദ്യോഗിക അനന്തരഗാമികൾക്കുമായി 99 കോട്ടനിലത്തിന്റെ കരം മേലാൽ നൽകണ്ടായെന്നു 1818 ൽ റാണി കൽപിക്കുകയുണ്ടായി. അതേവർഷത്തിൽതന്നെ മിസ്റ്റർ മീഡിനു 5000രൂപായും റാണി നൽകുകയുണ്ടായി. സെമിനാരിയുടെ സംരക്ഷണാർത്ഥം ഈ തുക കൊടുത്ത് അദ്ദേഹം വെള്ളമാടത്തിനടുത്തുള്ള 21 കോട്ടനിലം വാങ്ങിച്ചു. അടുത്തകൊല്ലമായ 1819 ൽ കലിമോറിനടുത്തു പുത്തനേരിൽ 34 കോട്ടനിലം മിഷ്യൻ കാര്യങ്ങൾക്കായി റാണി മിസ്റ്റർ മീഡിയനെ ഏൽപ്പിക്കുകയുണ്ടായി." (ക്രിസ്ത്യാനിറ്റി ഇൻ ട്രാവൻകൂർ)

സ്വതന്ത്രരാജാധികാരം ഉണ്ടായിരുന്ന കാലത്ത് തിരുവിതാംകൂർ മഹാരാജാക്കന്മാരും മഹാറാണിമാരും ക്രിസ്ത്യാനികൾക്കു നൽകീട്ടുള്ള ഉദാര സംഭാവനകളും ശാശ്വതാനുഗ്രഹങ്ങളും വിലതീരാത്തവയും മഹാമനസ്കതയ്ക്കു മകുടോദാഹരണങ്ങളായി അനശ്വരകീർത്തിയോടുകൂടി എന്നും പരിലസിക്കുന്നവയുമാകുന്നു.

രാജ്യത്തിലെ മഹനീയങ്ങളായ പാരമ്പര്യനടപടികളെ അതേപടി തുടർന്നിരുന്നുവെങ്കിൽ വിക്ടോറിയാ മഹാരാജ്ഞിയുടെ രാജകീയവിളംബരം തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്ത ഒന്നായിത്തീരുമായിരുന്നു. എന്നാൽ പിന്നീടുള്ള സ്ഥിതി അങ്ങിനെയല്ലായിരുന്നു. ഈ പതനത്തിൽ തിരുവിതാംകൂർദിവാൻജിമാരായി പരദേശബ്രാഹ്മണർ നിയമിക്കപ്പെടുകയും അവരെ തുടർന്നു ഇവിടെ കുടിയേറിപ്പാർക്കുന്നതിനായി ഒരു പാരദേശക ബ്രാഹ്മണപ്രവാഹം ഉണ്ടാവുകയും തിരുവാതാംകൂർ രാജാധികാരികളിൽ ഇവർക്കു ലഭിച്ച സ്വാധീനതയെ ഇവർ ദുരുപയോഗപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി രാജ്യത്തിൽ അതുവരെ കണ്ടുകൊണ്ടിരുന്ന വിശാലമായ സഹിഷ്ണുതനയം ഇല്ലാതാകയും പകരം കാലംചെല്ലുന്തോറും ശക്തിയെ പ്രാപിച്ചുകൊണ്ടിരുന്ന അസഹിഷ്ണുതാസമന്വിതമായ പ്രതിബന്ധനയങ്ങൾ പ്രത്യക്ഷപ്പെട്ടുവരികയും ചെയ്തുകൊണ്ടിരുന്നു. നാട്ടുകാരായ ദിവാൻജിമാരുടെ കാലത്ത് എത്രയും മാമൂൽപ്രിയന്മാരായിരുന്ന മഹാരാജാക്കന്മാർക്കു കേട്ടുകേൾവിപോലും ഇല്ലാതിരുന്ന ഒരു പുതിയ പ്രതിലോമനയമാണ്, പിന്നീടു നിയമസംഹിതയിൽനിന്നും നീക്കംചെയ്യപ്പെട്ടിട്ടുള്ളതും ഒരു കാലത്തു സർ ചാറത്സ് ട്രവല്യനാൽ കൂലംകഷമായി അധിക്ഷേപിക്കപ്പെട്ടിട്ടുള്ളതും ആയ 1829 ലെ വിളംബരം പ്രഖ്യാപനം ചെയ്യുകയുണ്ടായിട്ടുള്ളത്. ഹൈന്ദവ മതാചാരങ്ങളിൽ അതിപ്രതിപത്തി പ്രദർശിപ്പിച്ച് "റാണിയുടെ സ്നേഹാദരവുകൾക്കു പാത്രീഭൂതനായിതീർന്നയാളും" തിരുവിതാംകൂറിലെ

www.malankaralibrary.com

രണ്ടാമത്തെ പരദേശബ്രാഹ്മണദിവാൻജിയുമായ മി. വെങ്കിട്ടറാവുവിന്റെ കാലത്താണ് ഈ വിളംബരം ഉണ്ടായത്. ഇത്തരത്തിലുള്ള വേറെ ഒരു ദിവാൻജിയായ മി. രാമറാവു ഈ വിളംബരത്തെ ഒന്നുകൂടി ബലപ്പെടുത്തി ആയതു ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും നേരെ പ്രത്യക്ഷമായ കാഠിന്യത്തോടുകൂടി പ്രയോഗിക്കാൻ തുടങ്ങി. 1065 മേടം 21 നു(1889) ഇദ്ദേഹം പാസ്സാക്കിയ ഉത്തരവിൽ "ക്രിസ്ത്യാനികളും മുസ്ലീമുകളും മതകർമ്മങ്ങൾ അനുഷ്ഠിച്ചുവരുന്ന പൊതു ആരാധനാസ്ഥലങ്ങൾ എന്നുമാത്രം പ്രത്യേകം പ്രസ്താവിച്ചുകാണുന്നു. ഈ ഉത്തരവിൽ ഹൈന്ദവക്ഷേത്രങ്ങളുടെ കാര്യം പ്രസ്താവിച്ചിട്ടേയില്ല. (ലാൻഡ് റവന്യൂ മാനുവൽ). അവിശാലഹൃദയരായ ഭരണതന്ത്രജ്ഞന്മാരുടെ ഒരു യഥാർത്ഥസന്താനമായ കെ. കൃഷ്ണസ്വാമിറാവു ദിവാൻജി തിരുവിതാംകൂറിനു നൽകിയിട്ടുള്ള ഒരു കളങ്കസമ്പാദ്യമാകുന്നു, ഇന്നു നിലവിലിരിക്കുന്നതും കത്തോലിക്കർക്കും മറ്റും ഒരു തീരാവ്യാധിയായി കലാശിച്ചിരിക്കുന്നതുമായ 1898-ലെ വിളംബരം. 1910 നവംബർ 3-ാം തീയതിയിലെ (1086 ലെ) വിളംബരം ദിവാൻ പി. രാജഗോപാലാചാരിയുടെ കാലത്ത് ഉണ്ടായിട്ടുള്ളതാണ്. രാജകീയ നിയമനിർമ്മാണമാതൃകയിൽ ശ്മശാനസ്ഥലങ്ങളെ സംബന്ധിച്ച് 1930 മാർച്ചു 17നു പാസ്സാക്കിയിട്ടുള്ള ഗവൺമെന്റു ഉത്തരവുകൊണ്ട് ആധുനിക ദിവാൻജിയായ മി.വി.എസ്. സുബ്രമഹ്ണ്യയ്യർ ഈ നിഷ്ഠൂരമായ മർദ്ദനത്തിന്റെ അഭിഷേകകർമ്മം പൂർത്തിയാക്കിയിരുന്നു. ജനങ്ങളുടെ മതവിശ്വാസങ്ങളെ നിസ്സാരമാക്കിത്തള്ളുന്നതു തീയോടു കളിക്കുന്നതിനു തുല്യമാണ്. മതസ്വാതന്ത്ര്യം പ്രമാണിച്ച് അരാജകത്വം സംഭവിച്ചിട്ടുള്ള രാജ്യങ്ങൾ അനേകമാണ്. പ്രജകളിൽ ഒരു നിസ്സാര അംശത്തിന്റെ മതഭ്രാന്തിനെ സംരക്ഷിക്കുന്ന ഉദ്ദേശംമാത്രമേ തിരുവിതാംകൂറിൽ ഉള്ളു എന്നതിനാൽ പൊതുആരാധനാസ്ഥലങ്ങളേയും ശ്മശാനസ്ഥലങ്ങളേയും സംബന്ധിച്ചുള്ള നിരോധനനിയമങ്ങൾ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഗർഹണീയമായിട്ടുള്ളവയാകുന്നു. ഇവിടുത്തെ പ്രജകളിൽ അഞ്ചിൽ രണ്ടുഭാഗവും ക്രൈസ്തവരും മുസ്ലീമുകളും ചേർന്നുള്ളതും ഇനി ഒരു അഞ്ചിൽ രണ്ടുഭാഗം ഈഴവരും അയിത്തജാതിക്കാരുംകൂടി ചേർന്നുള്ളതാകുന്നു. ബാക്കിയുള്ള അഞ്ചിൽ ഒരുഭാഗക്കാരും സവർണ്ണഹിന്ദുക്കൾ എന്നു വിളിച്ചുപോരുന്നവരുമായ ആളുകളിൽ നല്ലഒരംശം സംസ്ഥാനത്തിൽ നിലനിർത്തിപോരുന്ന മതസംബന്ധമായ അസ്വാതന്ത്ര്യങ്ങളെ ഇല്ലാതാക്കണമെന്നുള്ള ഉല്പതിഷ്ണാഭിപ്രായക്കാരുമാണ്. സത്യാഗ്രഹം മുഖേനയും പ്രസംഗമണ്ഡപങ്ങൾ ആദിയായവമൂലം പ്രകടിപ്പിച്ചുവരുന്ന പ്രതിഷേധങ്ങൾ വഴിയായും പബ്ലിക്കു ക്ഷേത്രങ്ങളിൽ സകല സമുദായക്കാർക്കും പ്രവേശനാവകാശമുണ്ടെന്നുള്ള അവരുടെ പ്രഖ്യാപനം അവരുടെ മതസഹിഷ്ണുതയെ പ്രകാശിപ്പിക്കുന്നു. ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ ആനുകൂല്യം ഉള്ളതുകൊണ്ടോ ഉയർന്ന സ്ഥാനങ്ങളിൽനിന്നും ഉണ്ടാകുന്ന ശാസനം കൊണ്ടോ ആണ്

www.malankaralibrary.com

ഈ അടുത്തകാലത്തു വർദ്ധമാനമായ നിലയിൽ മതപരമായി ഗവൺമെന്റു അനുവർത്തിച്ചു പോരുന്ന മർദ്ദനനടപടികൾ എന്നു ഉറപ്പുപറയാൻ ഗവൺമെന്റിനു സംശയിക്കാൻപോലും നിർവ്വാഹമില്ല.

ഇപ്പോൾ നിലവിലില്ലാത്തതും 1829-ൽ പാസ്സാക്കിയതും ആയ രാജകീയവിളംബരം, തിരുവിതാംകൂറിൽ പണ്ടു കേട്ടുകേൾവിപോലുമില്ലാതിരുന്നതും ഇപ്പോൾ കണ്ടുവരുന്നതുമായ മതസ്വാതന്ത്ര്യ നിയമങ്ങളുടെ പ്രഥമസന്താനമായിരുന്നു. ഈ വിളംബരം മലയാളത്തിലായിരുന്നു എഴുതിയിരുന്നത്. മേൽമുണ്ട്(ഉത്തരീയം) ധരിക്കുന്നതു സംബന്ധിച്ചും മറ്റും പല വിഷയങ്ങളെക്കുറിച്ച് ഇതിൽ പ്രസ്താവിച്ചിരിക്കുന്നു. പൊതു ആരാധനാസ്ഥലങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്ന അതിലെ 4-ാം ഖണ്ഡിക ഇപ്രകാരമാകുന്നു:-

"4-ാമതു നമ്മുടെ രാജ്യത്തിലുള്ള പ്രജകൾ അവരവരുടെ മതമര്യാദ അനുസരിച്ചു യാതൊരു വ്യത്യാസം കൂടാതെ നടക്കുന്നതിനും അയതിന്റെ മുറകൾ ന്യായപ്രകാരം ആയാളുകൾ ശരിയായിട്ടു നടക്കുന്നതിനും വേണ്ടുന്ന ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതിനു നമുക്കു മനസ്സാകുന്നു എങ്കിലും ഏതു മതത്തിൽ ചേർന്നവരാകട്ടെ ഏതു ജാതിയിൽ ചേർന്നവരാകട്ടെ അവരവർക്കു ബോധിച്ചതിന്മണ്ണം കർമ്മം കഴിക്കുന്ന സ്ഥലങ്ങൾ മുറപ്രകാരം പണ്ടാരവക ഉത്തരവുകൂടാതെ യാതൊരുത്തരും ഉണ്ടാക്കുകയും അരുത്. ആവക സ്ഥലങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യം ഉണ്ടായിരുന്നാൽ പണ്ടാരവക ഉദ്യോഗസ്ഥന്മാർ മുഖാന്തിരം മുറപ്രകാരം ബോധിപ്പിച്ചാൽ ആ സംഗതികൾ നല്ലവണ്ണം വിചാരിച്ചുനോക്കി മറ്റുള്ള ജാതിക്കാർക്ക് ഒരു അസഹ്യത്തിനും ഇടയില്ലാതെയിരിക്കുന്ന സ്ഥലമായിട്ടു നിശ്ചയിച്ചുകൊടുക്കുകയും ചെയ്യും."

1829 ലെ രാജകീയവിളംബരപ്രഖ്യാപനത്തിന് അന്നത്തെ ഗവൺമെന്റ് സമുചിതമെന്നു തോന്നത്തക്ക ഒരവസരത്തെയാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. നിയമസഭയിൽ 1074 ലെ 1-ാം റഗുലേഷന്റെ (1898 ലെ തിരുവിതാംകൂർ പീനൽകോഡിന്റെ) ചാർജ്ജുവഹിച്ചിരുന്നത് മി. ആർ. കൃഷ്ണസ്വാമിറാവു ആയിരുന്നു. അക്കാലത്തു അദ്ദേഹം ഇവിടെ ചീഫ് ജസ്റ്റീസായിരുന്നു. പിന്നീട് അദ്ദേഹം തിരുവിതാംകൂർ ദിവാൻജിയായി. 1898 ലെ വിളംബരത്തെ ലംഘിക്കുന്നവർക്കു നൽകാവുന്ന ശിക്ഷകളെ കുറിച്ച് പ്രതിപാദിച്ചയവസരത്തിൽ അതിനുമുമ്പുണ്ടായിരുന്ന രാജകീയവിളംബരത്തിനു ഹേതുഭൂതമായിത്തീർന്ന കാര്യങ്ങൾക്കു ആധാരമായി അദ്ദേഹം ചുവടെചേർക്കുന്ന സമാധാനം പറഞ്ഞിരിക്കുന്നു:-

"പുരാതനകാലംമുതലെ മാവേലിക്കര ഹൈന്ദവക്ഷേത്രത്തിലെ ആറാട്ടുനടത്തിപോന്നിരുന്ന സ്ഥലത്തിനു സമീപം 1002 ൽ (1827) ഒരു ക്രൈസ്തവപള്ളി പണിയിക്കുകയുണ്ടായി. ക്രിസ്തുമതാവലംബികളായിത്തീരുന്ന സകലജാതിക്കാർക്കും പ്രവേശനമുള്ള ക്രിസ്തീയപള്ളിയുടെ സാമീപ്യംകാരണം പതിവുസ്ഥലത്തുവച്ചു ആറാട്ടുനടത്തുവാൻ നിർവ്വാഹമില്ലെന്നു ക്ഷേത്രാധികാരികൾ ഗവൺമെന്റിനെ അറിയിച്ചു. ഉടനെ ഗവണ്ടമെന്റു വേറൊരു സ്ഥലം എടുത്തു ആറാട്ടുനടത്തുന്നതിനായി ആ സ്ഥലം ഹൈന്ദവക്ഷേത്രാധികാരികളെ ഏൽപ്പിക്കുകയുണ്ടായി. ഈ മാതിരി ഒരോ സന്ദർഭങ്ങളിലും അതുപോലെയുള്ള ഏർപ്പാടുകൾ ചെയ്യുവാൻ സാദ്ധ്യമാകയില്ലെന്നു വിചാ

www.malankaralibrary.com

രിച്ചുകൊണ്ട് അന്നത്തെ റീജന്റ് പാർവ്വതിഭായി റാണിയുടെ ഗവൺമെന്റ് ഇപ്പോൾ നിലവിലിരിക്കുന്നതും ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ലഭിക്കാതെ തിരുമനസ്സിലെ പ്രജകളിൽ ആരുംതന്നെ പൊതു ആരാധനാസ്ഥലങ്ങൾ ഏർപ്പെടുത്തുവാൻ പാടില്ലെന്നു വിവക്ഷിക്കുന്നതും ആയ വിളംബരം നടപ്പിൽ വരുത്തുകയും ചെയ്തു. അന്നു ബ്രിട്ടീഷ് റസിഡന്റായിരുന്നത് കർണ്ണൽ മോറിസൺ സി.ബി. അവറുകളായിരുന്നു. മതസംബന്ധമായി മറ്റുള്ളവർക്കു അസഹ്യത നേരിടാതെയിരിക്കത്തക്ക സ്ഥലങ്ങളിൽ വിവിധസമുദായക്കാർക്കു ക്ഷേത്രങ്ങൾ, പള്ളികൾ മുതലായവ പണിയുന്നതിനു തക്കതായ ഇടങ്ങൾ നല്കുന്നതാണെന്നും ആ വിളംബരത്തിൽ ഗവൺമെന്റു ഭരമേറ്റിരുന്നു. മതകൃത്യങ്ങളിൽ വിവിധസമുദായങ്ങൾ തമ്മിൽ മത്സരം ഉണ്ടാകരുതെന്നുള്ളതുമാത്രമായിരുന്നു നിരോധനത്തിന്റെ ഏക ഉദ്ദേശം." (1896 ലെ തിരുവിതാംകൂർ നിയമസഭാ നടപടികൾ).

1829 ലെ രാജകീയവിളംബരത്തിന്റെ ആവശ്യകതയെ സാധൂകരിച്ചുകൊണ്ടു പ്രതിപാദിച്ചിട്ടുള്ള സ്ഥിതിഗതികൾ, ആ വിളംബരത്തിന്റെ രൂപീകൃതസ്വഭാവത്തെ ന്യായികരിക്കുന്നു എന്നു പറയാവുന്നതല്ല. സത്യാവസ്ഥയെ മറച്ച്, ഹിന്ദുക്കളുടെ ഇടയിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന തീണ്ടൽ, തൊടീൽ, അശുദ്ധി ആദിയായ അന്ധവിശ്വാസങ്ങളെ ആദരിച്ച് നിലവിലിരുന്ന ഹൈന്ദവക്ഷേത്രങ്ങളുടേയോ സ്ഥിരീകൃതങ്ങളായിത്തീർന്നിട്ടുള്ള ഘോഷയാത്രാമാർഗ്ഗങ്ങളുടേയോ സമീപങ്ങളിലായി പൊതു ആരാധനാസ്ഥലങ്ങൾ പണികഴിപ്പിക്കുന്നതിനെ തടയണമെന്നു മാത്രമേ കൂടുതലായി അവർ ആവശ്യപ്പെട്ടിരുന്നുള്ളു. അക്കാലത്തും അതിനുമുമ്പും അനവധി ഹിന്ദുക്ഷേത്രങ്ങൾ, ക്രൈസ്തവദേവാലയങ്ങളുടേയും മുസ്ലീംപള്ളികളുടേയും അയൽപക്കങ്ങളിൽ സ്ഥിതിചെയ്യുകയും മതാഘോഷങ്ങൾ നടത്തിപ്പോരുകയും ചെയ്തുവന്നിരുന്നുവെന്നുള്ളത് ഓർത്തിരിക്കേണ്ടതാണ്. പൊതുആരാധനാസ്ഥലങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും ഈ വക അന്ധവിശ്വാസങ്ങൾ ആദ്യമായി ഇവിടെ പരത്തിയത് വിദേശീയദിവാൻജിമാരാകുന്നു. എങ്ങിനെയായിരുന്നാലും ഗവൺമെന്റു അനുവാദം മുൻകൂട്ടി ലഭിക്കാതെയുള്ള ദേവാലയ പണികളെ ഗവൺമെന്റു നിരോധിച്ചു വന്നു. പ്രജകളുടെ സ്വതന്ത്രമായ മാതാഭിവൃദ്ധിയെ ക്രമാതീതമായി തടയുന്നതിനു ഒരു യാദൃശ്ചിക സംഭവത്തെ ഗവൺമെന്റു നന്നായി വിനിയോഗിച്ചു എന്നേയുള്ളു. ഒരു ബ്രാഹ്മണനായിരുന്ന ദിവാൻ മി.വെങ്കിട്ടറാവുവിന്റെ സർവത്ര ഹിന്ദുമയമായിരുന്നു ഗവൺമെന്റു ഹൈന്ദവാരാധനക്കാര്യങ്ങളിൽ കാണിച്ചുവന്നിരുന്ന ക്രമരഹിതമായ പ്രതിപത്തിമൂലം എത്രയും ഔദാര്യപൂർവ്വമായ രീതിയിൽ ഗവൺമെന്റിന്റെ ഈനടപടിയെ സാധൂകരിക്കാൻ നോക്കിയാൽ പോലും ആയതു ക്രൈസ്തവരും മുസ്ലീങ്ങളും ആയ പ്രജകളുടെ സ്നേഹത്തെ കരുതി ചെയ്തിട്ടുള്ളതല്ലെന്നു കാണാൻ കഴിയും. ഈ വിളംബരം ഉറയിൽ കിടക്കുന്ന ഒരു വാളിനു സമാനമായിരുന്നു. ഗവൺമെന്റ് അധികാരികളുടെ മതവൈരാഗ്യത്തിന്റെ കൂടുതൽ കുറവനുസ്സരിച്ച് ഈചന്ദ്രഹാസം ഏതു

www.malankaralibrary.com

സമയത്തും എടുത്തു അഹിന്ദുക്കളുടെ നേരെ പ്രയോഗിക്കാവുന്നതായിരുന്നു. മഹാറാണിറീജന്റു ഗൗരീപാർവ്വതീഭായി തിരുമനസ്സിലെ ഭരണാരംഭഘട്ടങ്ങളിൽ തിരുമനസ്സിലേയ്ക്കു തന്റെ ക്രിസ്ത്യൻ പ്രജകളോട് ഉണ്ടായിരുന്ന കാരുണ്യാതിരേകത്തിനു നിരവധി ദൃഷ്ടാന്തങ്ങൾ ഉണ്ടായിരിക്കെ, അവിടുത്തെ ഭരണാന്ത്യത്തിൽ അവിടത്തെ തിരുനാമധേയത്തിൽ ഇങ്ങനെയൊരു വിളംബരം പ്രസിദ്ധപ്പെടുത്തുവാനുണ്ടായ ഹേതു, തിരുമനസ്സിലെ അനന്യസാധാരണമായഗുണവിശേഷത്തെ അറിഞ്ഞിരുന്നവർ ഇതിന്റെ ആവശ്യകതയെക്കുറിച്ച് സംശയിക്കാനിടയില്ല എന്നുള്ള വിളംബരകർത്താക്കളുടെ ഉദ്ദേശമായിരുന്നിരിക്കണം എന്നു പ്രകൃത്യാ അനുമാനിക്കേണ്ടിയിരിക്കുന്നു. വിവാദസംഭവം ശാന്തരീതിയിലുള്ള ഒന്നായിരുന്നു. ആറാട്ടുകടവിനു അടുത്തു അഥവാ കുറേക്കൂടി സൂക്ഷ്മമായി പറയുന്നപക്ഷം പണ്ടേക്കുപണ്ടെ ആറാട്ടുഘോഷയാത്ര പൊയ്ക്കൊണ്ടിരിക്കുന്ന മാർഗ്ഗത്തിനു വളരെ സമീപമായി ഒരു ക്രൈസ്തവദേവാലയം പണികഴിക്കുകയുണ്ടായി. അതിന്റെ പണി നടന്നു കൊണ്ടിരുന്നകാലത്തു യാതൊരു കുഴപ്പങ്ങളും ഉണ്ടായില്ല. ഇതിനുശേഷം രണ്ടു വർഷം കഴിഞ്ഞാണ് പൊതു ആരാധനാസ്ഥലങ്ങൾ പുത്തനായി പണിയുന്നതിനു ക്രമപ്രകാരമുള്ള അപേക്ഷകൾ അയച്ചിരിക്കണമെന്നു വിവരിച്ചു കൊണ്ടുള്ള വിളംബരം പ്രസിദ്ധീകൃതമായത്. വിളംബരത്തിൽ പറഞ്ഞിട്ടുള്ളതു അനുസ്സരിച്ചു നോക്കുന്നതായാൽ അപേക്ഷ കിട്ടിയാലുടൻ മറ്റ് ജാതിക്കാർക്കു അസഹ്യം ഉണ്ടാകാത്തവിധത്തിൽ ഒരു സ്ഥലം നിർണ്ണയിച്ചു കൊടുക്കുക എന്നുള്ള കടമയേ ഗവൺമെന്റിനുണ്ടായിരുന്നുള്ളു എന്നു കാണാവുന്നതാണ്. ഈ സംഗതി നമ്മുടെ രാജ്യത്തിലുള്ള പ്രജകൾ അവരവരുടെ മതമര്യാദ അനുസ്സരിച്ചു യാതൊരു വ്യത്യാസം കൂടാതെ നടക്കുന്നതിനും ആയതിന്റെ മുറകൾ ന്യായപ്രകാരം അയാളുകൾ ശരിയായിട്ടു നടക്കുന്നതിനും വേണ്ടുന്ന അനുകൂലങ്ങൾ ചെയ്തു കൊടുക്കുന്നതിനു നമുക്കു മനസ്സാകുന്നു എന്നുള്ള വിളംബരത്തിലെ വാഗ്ദാനമനുസ്സരിച്ച് നിർദ്ദിഷ്ടസ്ഥലത്തിനു പകരം വേറൊരുസ്ഥലം ഗവൺമെന്റു ഉണ്ടാക്കികൊടുക്കുമെന്നുള്ളതിൽ നിന്നും സമർത്ഥിതമാകുന്നു. എന്നാൽ പ്രായോഗികപ്രവർത്തനത്തിൽ ഗവണ്മെന്റു ചെയ്തുവന്നിരുന്നത് ഒന്നുകിൽ അപേക്ഷ അനുവദിച്ചു കൊടുക്കുകയോ അല്ലെങ്കിൽ നിഷേധിക്കുകയോ മാത്രമായിരുന്നു. ക്രിസ്ത്യാനികൾ മുസ്ലീങ്ങൾ എന്നിവരിൽ നിന്നും ഉണ്ടായ അപേക്ഷകർക്കു ലഭിച്ചുവന്നിരുന്ന കൂടുതൽ നിഷേധമറുപടികൾ വിളംബരത്തിന്റെ തനിസ്വരൂപത്തെ നഗ്നമാക്കി പ്രകാശിപ്പിച്ചു, അതിനും പുറമെ ഹിന്ദുക്കളുടെ തീണ്ടൽ ആചാരത്തെ ആസ്പദമാക്കിയുള്ള ഒരു അസഹ്യം മാത്രം ഉണ്ടായതോടുകൂടി വിളംബരത്തിൽ അതിനെ യാതൊരു വ്യാഖ്യാനവും കൂടാതെയുള്ള ഒരു പൊതുകാരണമാക്കി അതിനെ ഇഷ്ടാനുസരണം പ്രയോഗിക്കത്തക്കവണ്ണം ആക്കിത്തീർക്കുകയും ചെയ്തു. രാജ്യത്തിലെ മതസംബന്ധമായ പൂജ്യതക്കു ഹാനിനേരിടത്തക്കവണ്ണം ഉണ്ടായ

www.malankaralibrary.com

അദ്യനടപടിയുടെ സ്വഭാവം ഇപ്രകാരമെല്ലാമായിരുന്നു.

1829-ലെ രാജകീയവിളംബരം 1898 ൽ റദ്ദാക്കി. ഈവിളംബരം നിയമസംഹിതയെ കളങ്കപ്പെടുത്തുന്ന ഒന്നാണെന്നു ഗവണ്മെന്റിനു അറിയാൻ ഇടയായിട്ടു ഇങ്ങനെ ചെയ്തല്ലാ എന്നു പറയേണ്ടിവന്നതിൽ വ്യസനിക്കാതെ തരമില്ല. ബ്രിട്ടീഷ് ഗവണ്മന്റിന്റെ നിർബന്ധക്കൂടുതൽ കൊണ്ടു ഗത്യന്തരമില്ലാതെ വന്നതിനാൽ തിരുവിതാംകൂർ ഗവണ്മന്റ് ഇങ്ങനെ ചെയ്തതാണ്. മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ പൊതു ആരാധനാസ്ഥലങ്ങളെ കൂടാതെ പല വിഷയങ്ങളും ആ വിളംബരത്തൽ ഉൾപ്പെട്ടിരുന്നു.'മേൽമുണ്ട്' വാദവിഷയത്തിൽ നിന്നും 1859 ൽ ഉണ്ടായ ലഹളകളെക്കുറിച്ച് സർ ചാറൽസ് ട്രവല്യൻ കർക്കശമായി ആക്ഷേപിക്കയാൽ വിളംബരത്തെ എന്നെന്നേക്കുമായി റദ്ദു ചെയ്യേണ്ടതായി വന്നു. എന്നാൽ പൊതു ആരാധനാസ്ഥലങ്ങളെ സംബന്ധിച്ചുള്ള ആപ്രത്യേക വകുപ്പിനെ തള്ളിക്കളയാൻ ഗവണ്മെന്റിനുണ്ടായ വിസമ്മതത്തിന്റെ ഫലമായി ചുവടെ ചേർക്കുന്ന 1898 നവംബർ 27 ലെ വിളംബരം നടപ്പിൽ വരുത്തുകയുണ്ടായി:

പൊതുജനോപയോഗങ്ങളായ ദേവാലയങ്ങൾ പുതുതായി കെട്ടുന്നതിനെയും ഉപയോഗിക്കുന്നതിനേയും ക്രമപ്പെടുത്തേണ്ടതാവശ്യമാകയാൽ ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ:

1. ഈ വിളംബരം 1074-ാമാണ്ടു മകരമാസം 1-നു നടപ്പാകുന്നതാകുന്നു.
2. 1104-ാമാണ്ടു മകരമാസം 23-നു ഉണ്ടായ വിളംബരത്തെ ഇതിനാൽ റദ്ദു ചെയ്തിരിക്കുന്നു.
3. "പൊതുജനോപയോഗമായ" ദേവാലയം എന്നു വച്ചാൽ 1074-ാമാണ്ടത്തെ 1-ാം റഗുലേഷനായ തിരുവിതാംകൂർ ശിക്ഷാനിയമം 182-ാംവകുപ്പിൽ * വിവരിച്ചിരിക്കുന്ന വിധത്തിൽ ഉള്ള ഒരു പൊതുജനോപയോഗമായ ഒരു ദേവാലയം എന്നർത്ഥമാകുന്നു.
4. നമ്മുടെ ഗവണ്മെന്റിന്റെ രേഖാമൂലമായ അനുവാദമില്ലാതെ പൊതുജനോപയോഗമായ യാതൊരു ദേവാലയവും പുതുതായി കെട്ടുകയോ ഇപ്പോൾ ഉള്ള വല്ല കെട്ടിടത്തെയും പൊതുജനോപയോഗമായ ദേവാലയമാക്കുകയോ ചെയ്തുകൂടാത്തതാകുന്നു.

---

* 182-ാംവകുപ്പ്- ഗവൺമെന്റ് ഈ നാട്ടിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വല്ല വിളംബരത്തിൽ എങ്കിലും ചട്ടത്തിൽ എങ്കിലും പൊതുജനോപയോഗമായ ദേവാലയങ്ങൾ പുതുതായി കെട്ടുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നിതിനേയോ ഉത്സവയാത്ര എഴുന്നള്ളിപ്പുകളെയോ ക്രമപ്പെടുത്തുന്നതിനായിട്ടു നമ്മുടെ ഗവൺമെന്റിൽനിന്നു കൊടുക്കപ്പെട്ടിട്ടുള്ള വല്ല ആജ്ഞയേയും ലംഘിക്കുന്ന വല്ലയാൾക്കും അഞ്ഞൂറു രൂപയിൽ കവിയാത്ത പിഴശിക്ഷ വിധിക്കുകയും വേണം.

വിവരണം 1. ഒരു മതസംഘക്കാർ പൊതുവെ ദേവാരാധനത്തിനായിട്ടു പതിവായി ഉപയോഗിക്കുന്നതിനു പ്രത്യേകം സങ്കല്പിച്ചുവെച്ചിരിക്കുന്ന ഒരു കെട്ടിടം ഈ വകുപ്പിന്റെ അർത്ഥത്തിൽ ഉൾപ്പെട്ടു പൊതുജനോപയോഗമായ ദേവാലയം ആകുന്നു.

വ്യത്യസ്തം കുട്ടികളുടെ വാസസ്ഥലത്തിലോ പള്ളിക്കൂടത്തിലോ പ്രാർത്ഥനകൾ നടത്തപ്പെടുന്നു എന്നുള്ള കാരണത്തിൻമേൽ മാത്രം അവയെ ഈ വകുപ്പിന്റെ അർത്ഥത്തിൽപ്പെട്ട ഒരു പൊതുജനോപയോഗമായ ദേവാലയമായി വിചാരിക്കരുതാത്തതാകുന്നു.

www.malankaralibrary.com

5. പൊതു ജനോപയോഗമായ വല്ല ദേവാലയവും കെട്ടുന്നതിനോ ഇപ്പോൾ ഉള്ള വല്ല കെട്ടിടത്തെയും ഒരു പൊതു ജനോപയോഗമായ ദേവാലയമായി ഉപയോഗിക്കുന്നതിനോ അനുവാദത്തിനായി ഉള്ള അപേക്ഷാ ഹർജിയെ ഇതിനോടു ചേർത്തിരിക്കുന്ന എ ഫാറത്തിൽ എഴുതി അപ്രകാരമുള്ള ദേവാലയമുണ്ടാക്കാൻ നിശ്ചയിച്ചിരിക്കുന്ന കെട്ടിടമോ ഏതു ഡിവിഷ്യനിൽ സ്ഥിതിചെയ്യുന്നുവോ ആ ഡിവിഷനിലെ ദിവാൻപേഷ്കാരുടെ പക്കൽ അപേക്ഷാക്കാരൻ തന്നെയോ ക്രമപ്രകാരം അധികൃതനായ കാര്യസ്ഥൻ മുഖാന്തിരമോ കൊടുക്കേണ്ടതാകുന്നു.

6. ആ അപേക്ഷാഹർജികിട്ടിയ ഉടനെ ദിവാൻപേഷ്കാർ അപേക്ഷാ ഹർജിയിലെ അപേക്ഷയെ അനുവദിക്കുന്നതിൽ വല്ല വിരോധാക്ഷേപവും ഉണ്ടായിരിക്കുന്നവർ പരസ്യത്തിലെ തീയതിമുതൽ ഒരാഴ്ചവട്ടത്തിനകം തന്റെയോ പരസ്യത്തിൽ പ്രത്യേകം ആജ്ഞാപിച്ചിരുന്നാൽ സ്ഥലത്തെ തഹസശീൽദാരുടെയോ മുമ്പാകെ ഹാജരായി വിരോധാക്ഷേപങ്ങളെ എഴുതി ബോധിപ്പിച്ചുകൊള്ളണമെന്ന് ഒരു പരസ്യം ഇതിനോടു ചേർത്തിരിക്കുന്ന ബിഫാറം അനുസ്സരിച്ചു എഴുതി പ്രസിദ്ധപ്പെടുത്തുകയും അതിന്റെ പകർപ്പുകളെ പ്രവൃത്തികച്ചേരിയിലും എല്ലാപേരും കാണത്തക്ക സ്ഥലത്തു പതിപ്പിക്കുകയും ആസ്ഥലമൊ കെട്ടിടമോ ഏതു ഗ്രാമത്തിലൊ പ്രവൃത്തിയിലൊ സ്ഥിതിചെയ്യുന്നുവോ ആഗ്രാമത്തിലും പ്രവൃത്തിയിലം തമുക്കടിച്ചു പ്രസിദ്ധപ്പെടുത്തിക്കുകയും ചെയ്യേണ്ടതാകുന്നു. ഈഅവധി കഴിഞ്ഞുകിട്ടുന്ന വിരോധാക്ഷേപങ്ങളെ യാതൊരു സംഗതിവശാലും സ്വീകരിക്കത്തക്കതല്ലാത്തതാകുന്നു. ക്ലിപ്തപ്പെടുത്തിയ തീയ്യതിക്കകം യാതൊരു വിരോധാക്ഷേപവും കിട്ടിയില്ലെന്നു വരുകിൽ തഹശീൽദാർ റിക്കാർട്ടുകളെ ദിവാൻപേഷ്കാർക്കും ദിവാൻപേഷ്ക്കാർ ദിവാനും ഹർജികിട്ടിയ തീയ്യതിമുതൽ മുപ്പതുദിവസ്സത്തിനകം തന്നെ അയക്കേണ്ടതാകുന്നു.

7. വിരോധാക്ഷേപങ്ങൾ വല്ലതും വന്നിട്ടുണ്ടായിരുന്നാൽ അവ കിട്ടിയതുമുതൽ പത്തുദിവസ്സത്തിനകം താമസ്സിയാതെ ഒരുദിവസ്സത്തിൽ അവയെ കേൾക്കാനായി ഒരു വിചാരണദിവസ്സം നിശ്ചയിക്കേണ്ടതാകുന്നു. അപേക്ഷക്കാരനും വിരോധാക്ഷേപം പുറപ്പെടുവിക്കുന്നവരും അന്നേ ദിവസ്സം തഹശീൽദാരുടെയോ ദിവാൻപേഷ്കാരുടെയോ മുമ്പാകെ ഹാജരാകേണമെന്നു ആവശ്യപ്പെടേണ്ടതാകുന്നു. സ്ഥലത്തുചെന്നുവിചാരണചെയ്യുന്നതുകൊണ്ടു കാര്യത്തെ വേഗത്തിൽ തീർച്ചചെയ്യാമെന്നുണ്ടായിരുന്നാൽ ഇരുകക്ഷികളുടെയുമോ ആ കാലത്തിനകം അവിടെ ഹാജരായിരക്കാവുന്ന കക്ഷികളുടെയോ മുമ്പാകെ വച്ചു അപ്രകാരം സ്ഥലവിചാരണ ചെയ്യേണ്ടതു വിചാരണചെയ്യുന്ന ഉദ്യോഗസ്ഥന്റെ കൃത്യമാകുന്നു. തഹശീൽദാർ ആവശ്യമുള്ള റിക്കാർട്ടുക്കളെ തന്റെ അഭിപ്രായത്തോടുകൂടി ഹർജികിട്ടിയ തിയ്യതിമുതൽ ഒരു മാസ്സത്തിനകം ദിവാൻപേഷ്ക്കാർക്കു നിശ്ചയമായും കിട്ടാൻതക്കവണ്ണം അയക്കേണ്ടതാകുന്നു .ദിവാൻപേഷ്ക്കാർ അപേക്ഷാ ഹർജിയെയും വിചാരണയിലുള്ള റിക്കാർട്ടുകൾ വല്ലതും ഉണ്ടെങ്കിൽ അവയേയും തന്റെ അഭിപ്രായസഹിതം അപേക്ഷഹർജികിട്ടുയ തീയ്യതിമുതൽ 45 ദിവസ്സത്തിനകം തന്നെ ദിവാന് കിട്ടത്തക്കവണ്ണം അയക്കേണ്ടതാകുന്നു.

8. ഗവൺമെന്റിൽ നിന്നു ഇന്ന വിധത്തിൽ തീർച്ചചെയ്തിരിക്കുന്നു എന്ന് ദിവാൻ അപേക്ഷക്കാരനെ തെര്യപ്പെടുത്തേണ്ടതാകുന്നു. അപേക്ഷയെ സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണങ്ങളും അയാളെ തെര്യപ്പെടുത്തേണ്ടതാകുന്നു. ദിവാൻപേഷ്കാർക്കു ഹർജികൊടുത്തു 60 ദിവസത്തിനകം അപേക്ഷയെ തള്ളിയിരിക്കുന്നതായൊ അനുവദിച്ചിരിക്കുന്നതായൊ ഒരു ഉത്തരവ് അപേക്ഷക്കാരന് കിട്ടിയില്ലെന്നു

www.malankaralibrary.com

വരികിൽ 4-ാം വകുപ്പിൽ എന്തുതന്നെ പറഞ്ഞിരുന്നാലും ദേവാലയം കെട്ടുന്നതിനൊ അതിനെ ദേവാലയമായി ഉപയോഗിക്കുന്നതിനൊ ആരംഭിക്കാവുന്നതാകുന്നു.

**ഫാറം എ.**

1. അപേക്ഷക്കാരന്റെ പൂർണ്ണമായ വാസസ്ഥലവും പേരും.
2. അപേക്ഷാസ്ഥലമോ കെട്ടിടമോ ഏതു ഡിവിഷനിലും താലൂക്കിലും പ്രവൃത്തിയിലും സ്ഥിതിചെയ്യുന്നുവോ അവയുടെ പേരും സ്ഥലത്തിന്റെ സർവ്വെനമ്പരും അതിർത്തികളും.
3 ദേവാലയം കെട്ടാൻപോകുന്നത് ഏതു വർഗ്ഗക്കാരുടെ ഉപയോഗത്തിനാണ്.
4. ദേവാലയത്തോടു ചേർന്നു പ്രേതമടക്കുന്നതിന് വല്ല സ്ഥലവും ഉണ്ടാക്കുന്നുണ്ടോ ഉണ്ടെങ്കിൽഏതു സ്ഥാനത്തിൽ ആണെന്നും പ്രത്യേകവിവരണം.
5. ഇപ്പോൾ ദേവാലയമാക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തിലൊ കെട്ടിടത്തിലൊ നിന്ന് അരമൈൽ ദൂരത്തിനകത്തുള്ള പൊതുജനോപയോഗങ്ങളായ എല്ലാ ദേവാലയങ്ങളുടേയും പേരുകൾ.
6. ദേവാലയമാക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തിനു സമീപത്തിൽ മതസംബന്ധമായ വല്ല എഴുന്നള്ളിപ്പുകളും പോവുക പതിവുണ്ടോ ഉണ്ടെങ്കിൽ അവ പോകുന്നവഴിക്കും ദേവാലയത്തിനായി നിശ്ചയിക്കുന്ന സ്ഥലത്തിനും തമ്മിലുള്ള ദൂരം.
7. ഏതുവർഗ്ഗക്കാരുടെ ഉപയോഗത്തിനുവേണ്ടി ദേവാലയം ഉണ്ടാക്കാൻ നിശ്ചയിച്ചിരിക്കുന്നുവോ ആ വർഗ്ഗക്കാർക്കു ആ സ്ഥലത്തു ദേവാലയം വല്ലതും ഉണ്ടോ? ഉണ്ടെങ്കിൽ ഉദ്ദേശിക്കുന്ന ദേവാലയം ഉണ്ടാക്കേണ്ടതിനുള്ള കാരണങ്ങൾ.
8. റിമാർക്ക്.

**ഫാറം ബി**

ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ താഴെ വിവരിച്ചിരിക്കുന്ന അപേക്ഷഹർജിയിൽ ഉള്ള അപേക്ഷയെ അനുവദിക്കുന്നതിനെപ്പറ്റി വല്ലയാൾക്കൊ ആളുകൾക്കൊ വല്ല വിരോധാക്ഷേപവും പറയാനുണ്ടെന്നുവരികിൽ അതിനെ.........മാസം.........തീയതിയോ അതിനു മുമ്പോ.......... ദിവാൻപേഷ്ക്കാരോടൊ തഹസീൽദാരോടൊ ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. (അപേക്ഷഹർജി ഇവിടെ ചേർക്കണം)

മുകളിൽ ഉദ്ധരിച്ചിട്ടുള്ള 1898 ലെ വിളംബരത്തെയൊന്നു ഓടിച്ചുവായിക്കുന്നതായാൽപോലും അതിന് 70 വർഷങ്ങൾക്കു മുമ്പ് നീചമനോഭാവത്തോടുകൂടി ആരംഭിച്ചിട്ടുള്ള ഒരു പിൻഗമനനയത്തിന്റെ ശക്തിയേറിയ പുരോഗമനം എത്രകണ്ടു ഫലവത്തായിത്തീർന്നിരിക്കുന്നുവെന്നു സ്പഷ്ടമാകുന്നതാണ്. ആരാധനാസ്വാതന്ത്ര്യത്തിനു ഇന്നു യഥാർത്ഥത്തിൽ ഒരു പ്രധാനപ്രതിരോധമായിനിൽക്കുന്നതു ഈ വിളംബരമാകുന്നു. ഈ വിളംബരവും 1829 ലെ വിളംബരവും തമ്മിൽ ഒന്നു താരതമ്യം ചെയ്യുന്നതു ഫലപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഗവൺമെന്റു നടിച്ചിരുന്നതുപോലെ ഹിന്ദുക്കൾക്കുള്ള ഒരു രക്ഷാവ്യവസ്ഥയായിട്ടല്ല പ്രത്യുത: ക്രിസ്ത്യാനികളോടും മുസ്ലീങ്ങളോടും പ്രയോഗിച്ചുവന്ന ഒരു ദണ്ഡനമായിട്ടാണ് 1829 ലെ വിളംബരം കലാശിച്ചത്. “മറ്റുള്ള ജാതിക്കാർക്ക് ഒരു അസഹ്യത്തിനും ഇടയില്ലാതെയിരിക്കണം” എന്നു പ്രസ്താവിച്ചുകൊണ്ട് വിളംബരത്തിനുഹേതുഭൂതമായിതീർന്ന പരിസ്ഥിതി

www.malankaralibrary.com

കൾക്കു കടകവിരുദ്ധമായി ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും മത സ്വാതന്ത്ര്യങ്ങളിൽ കൂടെകൂടെ വർദ്ധമാനരീതിയിൽ കൈകടത്തി തുടങ്ങി. ഏതെല്ലാംവിധമുള്ള അസഹ്യതകളെയാണു പ്രതിരോധിക്കേണ്ടത് എന്നു വിളംബരത്തിൽ പ്രസ്താവിക്കാതിരുന്നിട്ടുള്ളത് കരുണാനിധിയായിരുന്ന മഹാറാണിറീജന്റ് അറിയാതെചെയ്തുപോയ ഒരു പിശകായിരുന്നുവെങ്കിലും, ദിവാൻജിയായിരുന്ന ബ്രാഹ്മണൻ മനഃപൂർവ്വം അങ്ങനെ കല്പിച്ചുകൂട്ടീട്ടുള്ളതായിരുന്നതിനാൽ, ആ ന്യൂനത അനന്തരഫലങ്ങൾക്കു ആക്ഷേപകാരണമായിതീരുകയുണ്ടായി. ഇപ്രകാരം ഈ വിളംബരത്തിന്റെ തണലിൽ അതിനുമുമ്പു കേട്ടുകേഴ്‌വിപോലുമില്ലാതിരുന്ന വർഗ്ഗീയവിദ്വേഷവിഷച്ചെടി ഒന്നിനൊന്നു തളിർത്തുവളരുന്നതിനു ഇടയായിത്തീർന്നു. ഇതിന്റെ ഫലമായി പഴയ വിളംബരത്തിന്റെ കാഠിന്യത്തെ ലഘൂകരിക്കാൻ ഒരു പുതിയ വിളംബരം അവശ്യം ആവശ്യമായിതീർന്നു. എന്നാൽ 1898 ലെ വിളംബരം റദ്ദ്ചെയ്യപ്പെട്ട പഴയതിനെ അപേക്ഷിച്ചു കുറെക്കൂടി നിഷ്ഠൂരപരമായ ഒന്നായിത്തീർന്നു. ഈ വിളംബരത്തിന് ഒരു വിളംബരത്തിനുണ്ടായിരിക്കേണ്ട അതായതു "ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് നമുക്കു മനസ്സാകുന്നു" എന്നിത്യാദി 1829 ലെ വിളംബരത്തിൽ ഉണ്ടായിരുന്ന മാതിരിയുള്ള യാതൊരുവിധ സ്വഭാവവിശേഷണങ്ങളൊ പ്രത്യേകരീതിയിലുള്ളതും വ്യക്തിപരവും പൈതൃകവുമായ ആശംസകളൊ ഇല്ലായെന്നുള്ളതിനും പുറമെ ആയതു ഒരു കർശനമായ നിയമശാസനംപോലെ നിർമ്മിതമായ ഒന്നുമായിരുന്നു. മറ്റു ജാതിയിൽപെട്ടവർക്ക് ഒരു പൊതു ആരാധനാസ്ഥലം എപ്രകാരം അസഹ്യതയെ ഉണ്ടാക്കുമെന്നു 1829 ലെ വിളംബരത്തിൽ വെളിവാക്കാതിരുന്നിട്ടുള്ളതിനെ 1898 ലെ വിളംബരത്തിൽ പരിഹരിച്ചിരിക്കുന്നത് ഒരു ആരാധനാസ്ഥലം പണിയുന്നതിൽ മറ്റുള്ളവർക്കു പ്രാതികൂല്യം ഉണ്ടായേക്കാം എന്നുദ്ദേശിച്ചുകൊള്ളണം എന്ന രീതിയിലാണ്. ഈ മാറ്റം കാര്യങ്ങളെ കുറെകൂടി വഷളാക്കിത്തീർത്തു. അസഹ്യത എല്ലായ്പോഴും യഥാർത്ഥങ്ങളെ കുറെക്കൂടി വഷളാക്കിത്തീർത്തു. അനേകകാലങ്ങളായി ന്യായമായരീതിയിൽ അനുഭവിച്ചുവന്ന ഒരു അവകാശത്തിൽ കയ്യേറ്റം ചെയ്യുക എന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. എന്നാൽ തടസ്സം അഥവാ ആക്ഷേപം ഒന്നുകിൽ ഒരു പുതിയ അവകാശസ്ഥാപനത്തിനുവേണ്ടിയുള്ള വെറും ആഗ്രഹം അറിയിക്കുന്നതിനായികൊണ്ടോ അല്ലാത്തപക്ഷം അസൂയമൂലമോ വെറുപ്പുമൂലമോ മറ്റുള്ളവരെ അസഹ്യപ്പെടുത്തുന്നതിനും അവരുമായി ശണ്ഠകൂടുന്നതിനും ആയികൊണ്ടൊ പുറപ്പെടുവിക്കാമെന്നുള്ളതാണ്. അതിനാൽ 1898 ലെ വിളംബരം ആരാധനാസ്വാതന്ത്ര്യത്തെ ബലികഴിച്ച് ആക്ഷേപസ്വാതന്ത്ര്യത്തിനു ഇടംനൽകിയിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. തടസ്സങ്ങളും ആക്ഷേപങ്ങളും പുറപ്പെടുവിക്കുന്നതിനും അവയെ ഔദ്യോഗികമായി രേഖപ്പെടുത്തുന്നതിനും ഇരുകക്ഷികളുടേയും

www.malankaralibrary.com

ആഭിമുഖ്യത്തിൽ അവയെക്കുറിച്ച് അന്വേഷിക്കുന്നതിനും അവയുടെ ഗുണദോഷങ്ങളെ നോക്കി തീർച്ച കല്പിക്കുന്നതിനും ഉള്ള അവകാശം ആരാധനാസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെക്കാൾ പ്രാധാന്യമേറിയതാണെന്നുള്ള പക്ഷം ആയതു പൊതുജീവിതത്തിന്റെ എല്ലാ വശങ്ങളേയും സ്പർശിച്ചിരിക്കേണ്ടത് അത്യാവശ്യമാകുന്നു. മതസഹിഷ്ണുതാതത്വത്തെ ഒരിക്കൽ അംഗീകരിക്കുകയും അപ്രകാരം ചെയ്തിട്ടുണ്ടെന്നു തിരുവിതാംകൂർ ഗവൺമെന്റ് സമ്മതിക്കുകയും ചെയ്തിരിക്കെ അതേ സമയത്ത് ഒരുകൂട്ടർക്കു നൽകീട്ടുള്ള സ്വാതന്ത്ര്യം വേറെ ഒരു കൂട്ടക്കാരുടെ മൗലിക മതസിദ്ധാന്തങ്ങൾ കാരണം അവർക്ക് അതേമാതിരി സ്വാതന്ത്ര്യം നൽകുന്നതിനു വിഘാതമായിത്തീരുകയും ചെയ്യുന്ന അവസരത്തിലല്ലാതെ പൊതു ആരാധനാസ്വാതന്ത്ര്യത്തിനു തടസ്സരീതിയിലുള്ള ആക്ഷേപങ്ങൾ ഹാജരാക്കുന്നതിനു അവകാശംനൽകാൻ പാടില്ലാത്തതാകുന്നു. തടസ്സം കാണുമെന്നു പ്രത്യാശിക്കുന്നത് തടസ്സത്തെ ക്ഷണിക്കുന്നതിനു തുല്യമാകുന്നു. ഇക്കാര്യം മതപരമായി വരുമ്പോൾ ആയത് എത്രയും നികൃഷ്ടമായ വർഗ്ഗീയവികാരങ്ങളെ ഉജ്ജീവിപ്പിക്കുന്നതിനു സമവുമാകുന്നു. 1829 ലെ വിളംബരം മൂലം ആദ്യമായി ആരംഭിച്ച നിന്ദ്യമായ മതവൈരാഗ്യവികാരങ്ങളെ ക്രമീകരിച്ചു വളർത്തി സ്ഥിരമാക്കിത്തീർക്കുന്നതിനുവേണ്ടി മനഃപൂർവ്വം ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ് 1898 ലെ വിളംബരം.

1898 ലെ വിളംബരത്തോട് അനുബന്ധിതമായിരിക്കുന്ന എ ഫാറം തടസ്സക്കാർക്കു ധാരാളം മതിയായതും ഔദ്യോഗികമായതുമായ ഒരു ഉപകരണമാണ്. അതിൽ പ്രസ്താവിച്ചിരിക്കുന്ന അരമൈൽ ദൂരം,ശ്മശാനസ്ഥലങ്ങൾ,ഘോഷയാത്രകൾ എന്നിവയെ അടിസ്ഥാനമാക്കിക്കൊണ്ട് സൗകര്യമായി തടസങ്ങൾ പുറപ്പെടുവിക്കാവുന്നതാകുന്നു. ശ്മശാനസ്ഥലം എന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധാർഹമാണ്. ഇത് ക്രിസ്ത്യാനികളേയും മുസ്ലീമുകളേയും മാത്രം ഉദ്ദേശിച്ചുള്ള ഒരു പ്രയോഗമാണ്. എന്തെന്നാൽ ഹിന്ദുക്കൾക്കു ശ്മശാനങ്ങൾ (സിമിറ്ററികൾ) ഇല്ല. അരമൈൽ ദൂരമെന്നു പ്രത്യേകം പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടും മതസംബന്ധമായ ഘോഷയാത്രകളുടെ മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ ആവശ്യപ്പെടുന്നതുകൊണ്ടും അപേക്ഷകളെ നിരസിക്കുന്നതിനു സൗകര്യം കൂടുന്നു. കാൽ മൈലെന്നോ അരയ്ക്കാൽ മൈലെന്നോ പ്രസ്താവിക്കാതെ അരമൈൽദൂരം എന്നു നിശ്ചയിച്ചത് ഏതുവിധത്തിലാണെന്നുള്ളതു അജ്ഞാതമായി സ്ഥിതി ചെയ്യുന്നതേയുള്ളു. മാവേലിക്കരയിലെ ആറാട്ടുസംഭവം സംബന്ധിച്ചുള്ള വിവാദത്തിന് ഏതാനം അടിദൂരം മാത്രമേ കാരണമായിരുന്നുള്ളു. ഈ വിവാദത്തിനു പരിഹാരമായിട്ടാണു 1829 ലെ വിളംബരം ഉണ്ടായതെന്നുള്ളതിനാൽ യാഥാസ്ഥിതിക ഹിന്ദുക്കളുടെ തീണ്ടൽദൂരമായ ഏതാനംഅടി മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളുവെന്നു വിചാരിക്കാവുന്നതാകുന്നു. എന്നാൽ 1898

www.malankaralibrary.com

ലെ വിളംബരം ഇഷ്ടാനുസരണം അരമൈൽദൂരം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. മതപരമായ ഘോഷയാത്രകളെപ്പറ്റി പറയുകയാണെങ്കിൽ അവയിൽ എല്ലാറോഡുകളുംതെരുവീഥികളും ഇടവഴികളും അടങ്ങിയിരിക്കാനേ നിർവ്വാഹമുള്ളു. ഇപ്രകാരം എ ഫാറം വിളംബരത്തിന്റെതനിനിറത്തെ പ്രഖ്യാപനം ചെയ്യുന്നു.

1074-ലെ 1-ാം റഗുലേഷനിലെ (1898) ലെ തിരുവിതാംകൂർ പീനൽകോഡ്) 182-ാം വകുപ്പ് ആദ്യമായി രൂപീകരിച്ചിരുന്നതനുസരിച്ച് ഗവൺമെന്റനുവാദംകൂടാതെ ഒരു ദേവാലയം നിർമ്മിക്കുന്നതായാൽ ഒരു വർഷത്തെ തടവും അല്ലെങ്കിൽ പിഴയും, അങ്ങിനെ നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ദേവാലയം പൊളിച്ചുമാറ്റിക്കൊള്ളണമെന്നുള്ള ഗവൺമെന്റു ഉത്തരവിനെ നിഷേധിക്കുന്നതായാൽ രണ്ടുവർഷത്തിൽ കൂടാത്ത തടവും അല്ലെങ്കിൽ പിഴയും നൽകുന്നതാണെന്നും വിവക്ഷിച്ചിരുന്നു. ഈ ശിക്ഷ നിശിതവും പ്രതിക്രിയാപരവുമായിരുന്നുവെന്നു സ്പഷ്ടമാണല്ലൊ. ക്രിസ്തീയ മിഷ്യനറിമാരുടെ മെമ്മോറിയലുകളുടെ ഫലമായിട്ടാണ് പ്രസ്തുത വകുപ്പിന്റെ കാഠിന്യത്തെ ലഘൂകരിച്ച് ഇപ്പോഴത്തെ വകുപ്പിൽ അടങ്ങിയിരിക്കുന്ന 500 രൂപാ പിഴശിക്ഷ എന്നാക്കീട്ടുള്ളത്.

ജനങ്ങളുടെ സ്വാതന്ത്ര്യങ്ങളെ തടയുന്നതിനായിരുന്നു 1898 ലെ വിളംബരം എന്നുള്ളതു സംശയരഹിതമാകുന്നു. ദേവാലയനിർമ്മാണം സംബന്ധിച്ചുള്ള ഒരു വ്യവഹാരത്തിൽ ഈ നിയമശാസനം (തിരുവിതാംകൂർ പീനൽകോഡിലെ 182-ാം വകുപ്പ്) "ശിക്ഷാപരമായ ഒന്നാണെന്ന് അതായത് ആളുകളുടെ സ്വതന്ത്രമായ ആരാധനയെ നിയന്ത്രിക്കുന്നതാകുന്നു." എന്ന് തിരുവിതാംകൂർ ഹൈക്കോടതി അഭിപ്രായപ്പെട്ടിരിക്കുന്നു. നിയമപ്രകാരം നോക്കുന്നതായാൽ ഈ നിയന്ത്രണം പൊതുആരാധനാസ്ഥലങ്ങളെ സംബന്ധിച്ച് എല്ലാവരേയും ബാധിക്കുന്നതാണ്. ഹിന്ദുക്കളും ഈ വിളംബരപരിധിയിൽ ഉൾപ്പെടുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇതു ക്രിസ്ത്യാനികളേയും മുസ്ലീമുകളേയും മാത്രമാണ് ബാധിക്കുന്നത്. പുതിയ ക്ഷേത്രങ്ങളെ പണികഴിപ്പിക്കാതെതന്നെ ഹിന്ദുക്കൾക്ക് അനവധി ക്ഷേത്രങ്ങൾ ഉണ്ട്. പുതിയ ദേവാലയം പണിയേണ്ട ആവശ്യം അവർക്കു നേരിടുന്നതായാൽപോലും ആവശ്യം വേണ്ട അനുവാദം അവർക്കു ലഭിക്കാതെ പോകുമെന്നു ഭയപ്പെടുകയും വേണ്ടാ. ഇക്കാര്യത്തിൽ മറ്റാളുകൾ പുറപ്പെടുവിക്കുന്ന തടസ്സങ്ങളെപ്പറ്റി ഗവൺമെന്റു തള്ളി തീരുമാനം കല്പിക്കും. എന്തെന്നാൽ ഗവൺമെന്റിന്റെ മനസ്ഥിതി എന്താണെന്നു ലോകർക്കു ബോധ്യമുണ്ട്. ഗവൺമെന്റു അക്കാര്യം രഹസ്യമാക്കിയിട്ടുമില്ല. 1074-ലെ 1898-ാംറഗുലേഷന്റെ (1898-ലെ തിരുവിതാംകൂർ പീനൽകോഡ്) കരടുബില്ലിനെപ്പറ്റി സിലക്ടു കമ്മറ്റിക്കാർ റിപ്പോർട്ടുചെയ്തിട്ടുള്ളതെന്താണെന്നു നോക്കുന്നതു ഇവിടെ അവസരോചിതമായിരിക്കുമെന്നു വിചാരിക്കുന്നു. അക്കാലത്തു

www.malankaralibrary.com

പോലും അവർ മനസ്സില്ലാ മനസ്സോടെ ആഗ്രഹിച്ചതു ഇപ്രകാരമായിരുന്നു:- "സങ്കേതങ്ങൾ, ഇപ്പോഴുള്ള ദേവാലയങ്ങളുടെയും മറ്റും തൊട്ടുള്ള ചില സ്ഥലങ്ങൾ എന്നിവയെ സംബന്ധിച്ചിടത്തോളം മാത്രം ഈ തടസ്സം ഏർപ്പെടുത്തുന്നതിനും സംസ്ഥാനത്തിലെ മറ്റുഭാഗങ്ങളിൽനിന്നും ഈ തടസ്സത്തെ പിൻവലിക്കുന്നതിനും ഗവണ്മെന്റിനു ഇഷ്ടാനുസരണം പ്രവർത്തിക്കാം" (സിലക്ടു കമ്മറ്റി റിപ്പോർട്ടു 17-ാം ഖണ്ഡിക).

വിളംബരം പൊതുവേ നോക്കുമ്പോൾ എത്രമാത്രം നിരുപദ്രവകരമായിതോന്നിയാലും അത് എങ്ങിനെയാണ് പ്രയോഗത്തിൽവരുത്തിക്കൊണ്ടിരിക്കുന്നതെന്നുള്ളതിൽനിന്നുമാത്രമേ മർദ്ദനത്തിനുള്ള അതിന്റെ അപരിമിതമായ ശക്തിയെ കാണാൻ കഴിയുകയുള്ളൂ. അക്കാലത്തെ ചീഫ് ജസ്റ്റീസും നിയമസഭയിൽ റഗുലേഷന്റെ ചാർജ്ജുവഹിച്ചിരുന്നയാളും ആയ മിസ്റ്റർ കെ. കൃഷ്ണസ്വാമിറാവു (പിന്നീടു തിരുവിതാംകൂർദിവാൻജിയായി) 1074-ലെ 1-ാംറഗുലേഷനെ സംബന്ധിച്ചുള്ള ബില്ലിന്റെ സിലക്ടു കമ്മറ്റി റിപ്പോർട്ടു ആലോചനക്കു എടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടു ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:- "ദേവാലയങ്ങൾ പുതുതായി പണിയാനുള്ള അപേക്ഷകൾ തീരുമാനത്തിനു എടുക്കുമ്പോൾ പൊതുനന്മയെ കരുതി സംസ്ഥാനത്തു സമാധാനലംഘനമുണ്ടാകാതെയിരിക്കാനുള്ള കാര്യങ്ങളല്ലാതെ മറ്റു യാതൊരുവിധകാര്യങ്ങളും അവയുടെ തീരുമാനത്തിനു ബാധകമായിരിക്കുന്നതല്ല" (1896-ലെ തിരുവിതാംകൂർ നിയമസഭാനടപടികൾ). എന്നാൽ ഈ ഉറപ്പ് ആകാശത്തെ മാറ്റൊലിപോലെ പരിണമിച്ചിട്ടേയുള്ളൂ. സമാധാന ലംഘനമെന്ന വ്യാജേന മറ്റു കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയും അപേക്ഷകൾ തള്ളിയിട്ടുള്ളത് അപൂർവ്വമല്ല. മറ്റുകാര്യങ്ങളെ ആസ്പദമാക്കുകയില്ല എന്നുള്ളത് വാസ്തവമാണെന്നിരുന്നാൽപോലും ഈവിളംബരം പ്രസിദ്ധം ചെയ്തതിനെയും അദ്യാപി ഇതു നിയമവരിയിൽ വച്ചുകൊണ്ടിരിക്കുന്നതിനെയും ന്യായീകരിക്കത്തക്കതാണോ? രാജ്യാതിർത്തിക്കുള്ളിൽ സമാധാനവും ശാന്തതയും സംരക്ഷിച്ചുപോരുന്നതിനു ഈസംസ്ഥാനത്തു ഒന്നാംതരത്തിലുള്ള പോലീസും പട്ടാളവും ഉണ്ട്. സമാധാനലംഘനത്തെ തടയുന്നതിനു ക്രിമിനൽനടപടിനിയമത്തിലും പോലീസ്റഗുലേഷനിലും ധാരാളം വ്യവസ്ഥകളും ഉണ്ട്. ഈസംഗതിക്കു ബ്രിട്ടീഷ് ഇന്ത്യയിലും മറ്റു പരിഷ്കൃതരാജ്യങ്ങളിലും ഈവക കരുതലുകൾ ധാരാളം മതിയായവയായിട്ടാണു കാണപ്പെടുന്നത്. അതുകൊണ്ട്, അനാശാസ്യസംഭവങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കാനായി ഈ വിളംബരത്തിന്റെ ആവശ്യകതയുണ്ടെന്നു സമർത്ഥിക്കുന്നത് ഒന്നുകിൽ വേണ്ടവിധം ഭരിക്കുന്നതിനുള്ള ത്രാണി ഇല്ലെന്നു സമ്മതിക്കുന്നതിനോ അല്ലാത്തപക്ഷം ഗവർമ്മെന്റിന്റെ യഥാർത്ഥ ഉദ്ദേശത്തെ മറയ്ക്കുന്നതിനോ പര്യാപ്തമായിത്തീരുന്നതേയുള്ളൂ. വിവാദവിഷയത്തിൽ ഒന്നുകൂടി കടന്നുനോക്കാം. ഈ വിഷയത്തെ സംബന്ധിച്ചുള്ള ഏറ്റവും

www.malankaralibrary.com

പഴയതായ 1829-ലെ വിളംബരത്തിനു മുൻപ് തിരുവിതാംകൂറിൽ പല സ്ഥല ങ്ങളിലും വിവിധവകുപ്പുകാരായ ക്രിസ്ത്യാനികളുടെ ദേവാലയങ്ങളും, മുസ്ലിംസമുദായത്തിലെ വിവിധവകുപ്പുകാരുടെ പള്ളികളും ഹിന്ദുക്ഷേത്ര ങ്ങളും എങ്ങിനെയാണു അടുത്തടുത്തു സ്ഥിതിചെയ്തുപോന്നിരുന്നത് എന്ന് ഒരു ചോദ്യം ഉണ്ടായേക്കാം. തലസ്ഥാനനഗരിയായ തിരുവനന്തപുരത്തെ ദൃഷ്ടാന്തമായി എടുക്കാം. മൂന്നുഫർലോങ്ങുദുരത്തിനുള്ളിൽ ഒരു എൽ. എം. എസ്.പള്ളി, ഒരു സി.എം എസ്.പള്ളി, ഒരു കത്തോലിക്കാപള്ളി, ഒരു മുസ്ലിം പള്ളി, ഒരു മാർത്തോമാപള്ളി, ഒരു യാക്കോബായപള്ളി, ഏതാനും ഹിന്ദു ക്ഷേത്രങ്ങൾ എന്നിവസ്ഥിതിചെയ്യുകയും, ഇവയുടെ എല്ലാം മുമ്പിൽക്കൂടി നിരവധി ഘോഷയാത്രകൾ പോയ്ക്കൊണ്ടിരിക്കുകയും ചെയ്തിട്ടും യാതൊ രുവിധ ഉപദ്രവങ്ങളോ ലഹളകളോ തിരുവനന്തപുരത്തുണ്ടാകുന്നില്ല. കാരണം ആരായേണ്ട ആവശ്യമില്ല. സമാധാനലംഘനമുണ്ടായിട്ടില്ല. വിളം ബരങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് ഈവക ഭീതികൾ ഉണ്ടായിരുന്നതുമില്ല. ഇതുകൊണ്ട് അനുമാനിക്കേണ്ടിയിരിക്കുന്നത് സഹ്യാദ്രിക്കു അപ്പുറത്തു നിന്നും വന്ന ബ്രാഹ്മണദിവാൻജിമാർ തിരുവിതാംകൂറിൽ വർഗ്ഗീയ കലഹ ങ്ങൾക്കുള്ള വിത്തുവിതച്ചു എന്നും ഇങ്ങനെ ചെയ്തത് ബ്രാഹ്മണമേധാവി ത്വത്തിനുള്ള എതൃശക്തികളെ ഭിന്നിപ്പിച്ചു നിർത്തുന്നതിനുവേണ്ടിയായിരു ന്നുവെന്നുമാണ്. സൽസ്വഭാവികളും മതവിശ്വാസികളും ആയിരുന്ന തിരു വിതാംകൂർ മഹാരാജാക്കന്മാരുടെ മനസ്സ്തിരിച്ച് അവരിൽ വർഗ്ഗീയാഗ്നിയെ ജ്വലിപ്പിച്ചു പബ്ലിക്കുസർവ്വീസ്സിനെ തങ്ങൾക്കു അട്ടിപ്പേറാക്കിത്തീർക്കാൻ അവർക്കു വീജയപൂർവ്വം സാധിച്ചതുപോലെ മതവൈരാഗ്യങ്ങളെ പുലർത്തി മതമാത്സര്യങ്ങളെ വർദ്ധിപ്പിക്കുന്നതിനും അവർക്കുകഴിഞ്ഞു. മറ്റുള്ളസ്ഥ ലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസം മുന്നണിയെ പ്രാപിച്ചിരിക്കുന്ന തിരുവി താംകൂറിൽ, ഒരു കാലത്ത് അനുപമമായ നിലയിൽ മതസഹിഷ്ണുത പ്രാബ ല്യത്തിൽ ഇരുന്നതിന്റെ ഫലമായി ക്രിസ്ത്യാനികളും മുസ്ലീംങ്ങളും കൂടി ജനസംഖ്യയിൽ അഞ്ചിൽരണ്ടുഭാഗം വരാനിടയുള്ള തിരുവിതാംകൂറിൽ മറ്റൊ രിടത്തും ഇല്ലാത്ത ഈവക വിശേഷ വിളംബരങ്ങൾ ഉണ്ടാകാനുള്ള ഏക കാരണം മേൽപറഞ്ഞതാകാനെ വഴികാണുന്നുള്ളു.

സമാധാനസംരക്ഷണാർത്ഥമെന്നുള്ള ഗവൺമെന്റിന്റെ ഈ വക പ്രസ്താവനകൾ എല്ലാം ഉണ്ടായിരുന്നിട്ടും ഒരു പുതിയ ദേവാലയം പണി യുന്നതിനുള്ള അപേക്ഷയെ നിരസിക്കുന്നതിന് ഏറിയകൂറുമുണ്ടാകുന്ന സമാധാനം നിർദ്ദേശസ്ഥലം ഒന്നുകിൽ വേറൊരു ദേവാലയത്തിനോ അല്ലാ ത്തപക്ഷം ആണ്ടിലൊരിക്കലോ വല്ലപ്പോഴും മാത്രമോ ഉണ്ടാകാറുള്ള ഒരു മത സംബന്ധമായ ഘോഷയാത്രാമാർഗ്ഗത്തിനോ-അയൽപക്കത്തുള്ള മറ്റു ജാതിക്കാർക്ക് യാതൊരുവിധ അസഹ്യം ഉണ്ടാകാതിരിക്കയും സമാധാന ലംഘനം ഉണ്ടാകുമെന്ന് ലേശം പോലും ഭയപ്പെടേണ്ട ആവശ്യമില്ലാതിരി

www.malankaralibrary.com

ക്കയും ചെയ്താലും-സമീപമാണെന്നോ ആകുന്നു. 1898 ലെ വിളംബര ത്തിലുള്ള എ ഫാറത്തിൽ പ്രസ്താവിച്ചിരിക്കുന്ന അരമൈൽ ദൂരഅളവ് മാത്ര മാണ് അനാശാസ്യസാമീപ്യം എന്നാൽ എന്താണെന്ന് സൂചിപ്പിക്കുന്നത്. തിരുവിതാംകൂറിൽ 10000 ഹന്ദുക്ഷേത്രങ്ങൾ ഉണ്ടെന്ന് ഓർമിക്കുമ്പോൾ ഈ സമീപസ്ഥിതിവിവാദത്തിന്റെ കാര്യം പ്രസ്പഷ്ടമാകുന്നതാണല്ലോ. തിരു വിതാംകൂറിന്റെ വിസ്തീർണ്ണം 7625 ചതുരശ്രമൈലാകുന്നു. എന്നാൽ ഈ ക്ഷേത്രങ്ങൾ എല്ലാം സ്ഥിതിചെയ്യുന്നത് ജനങ്ങൾ പാർത്തുവരുന്ന സ്ഥല ങ്ങളിലാണ്. ഒരു ഹിന്ദുക്ഷേത്രത്തിൽ നിന്ന് മറ്റൊരു ഹിന്ദുക്ഷേത്രത്തി ലേയ്ക്കു മിക്കവാറും അരമൈൽ ദൂരമേ കാണുകയുള്ളു. ഒരു പക്ഷെ ഇതി നാലായിരിക്കാം തീണ്ടൽ നിയമമനുസരിച്ച് ഇതിലും കുറവായിരിക്കേണ്ട ദൂരഅളവ് വെടിഞ്ഞ് അരമൈൽ ദൂരഅളവ് നിശ്ചയിച്ചിട്ടുള്ളത്. തൽഫല മായി സാമീപ്യം എന്നുള്ള തടസ്സത്തെ ലംഘിക്കാതെ കത്തോലിക്കർക്ക് ദേവാലയം പണിയിക്കണെമെന്നുണ്ടെങ്കിൽ മനുഷ്യർ ഓടിയെത്താത്ത ഇട ങ്ങൾനോക്കി അങ്ങിനെ ചെയ്യേണ്ടിയിരിക്കുന്നു. ഇനിയും പ്രസ്തവയോ ഗ്യമായ ഒരു സംഗതികൂടിയുണ്ട്. പത്തുലക്ഷമുള്ള സവർണ്ണഹിന്ദുക്കൾക്കു വേണ്ടിയാണ് ഈ 10000 ഹൈന്ദവക്ഷേത്രങ്ങൾ ഉള്ളത്. ബാക്കിയുള്ള 20 ലക്ഷം അവർണ്ണഹിന്ദുക്കൾക്ക് ഈ ക്ഷേത്രങ്ങളിൽ പ്രവേശനാവകാശം പോലുമില്ല. എട്ടുലക്ഷം കത്തോലിക്കർക്ക് ഈ കണക്കനുസരിച്ച് നോക്കു ന്നപക്ഷം യാതൊരുവിധ തടസ്സങ്ങളോ ഉപദ്രവങ്ങളോ കൂടാതെ 8000 ദേവാ ലയങ്ങൾ പണികഴിപ്പിച്ചുകൊള്ളുന്നതിനനുവദിക്കേണ്ടതാണ്. യാതൊരു വ്യത്യാസവും കാണിക്കാതെ സകല ആളുകൾക്കും മതസ്വാതന്ത്ര്യം അനു വദിച്ചുകൊടുത്തിട്ടുണ്ടെന്നു ഘോഷിക്കുന്ന തിരുവിതാംകൂർ ഗവൺമെന്റു ഏതെങ്കിലും ഒരു സമുദായത്തിന്റെ മതവിശ്വാസത്തിന് നിയന്ത്രണാതിരു കൾ കല്പിക്കുന്നത് ഗവൺമെന്റിന്റെ പ്രസ്താവനയ്ക്കും പ്രവൃത്തിക്കും പരസ്പരവിരുദ്ധമായുള്ള നടപടിയാകുന്നു.

സമീപസ്ഥിതമാണെന്നുള്ള തടസ്സം; ഒരുപക്ഷെ വലിച്ചുനീട്ടി സമാ ധാനലംഘനത്തിനു പര്യാപ്തമായിത്തീരുന്നതാണെന്നുള്ള ഒഴികഴിവായി രൂപാന്തരപ്പെടുത്തുന്നതിനു സാധിച്ചേക്കും. എന്നാൽ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം പലപ്പോഴും ദേവാലയങ്ങൾ പണിയുന്നതിനുള്ള അവ രുടെ അപേക്ഷകളെ നിരസിച്ചിട്ടുള്ളതിന് വേറെ ഒരുകാരണം കൂടി ഉണ്ട്. ആ കാരണമാകട്ടെ അപേക്ഷകന്മാർക്കു നിർദ്ദേശസ്ഥലങ്ങളുടെ പൂർണ്ണഉട മസ്ഥാവകാശമില്ലെന്നുള്ളതാണ്. ഇപ്രകാരത്തിലുള്ള ഒരു നിഷേധകാരണം വിളംബരത്തിൽ ഊഹിക്കപോലുമുണ്ടായിട്ടില്ലെന്നു മാത്രമല്ല, ഇതിനു ന്യായ ത്തിന്റെ കണികപോലും ഇല്ലാത്തതുമാകുന്നു. ഈ ജന്മവസ്തുക്കൾ ജന്മി കളൊഴികെ മറ്റാർക്കും പൂർണ്ണഉടമസ്ഥാവകാശമുള്ളതായിത്തീരുന്നതല്ല. ഇതുപോലെതന്നെയാണു കാണവസ്തുക്കളെസംബന്ധിച്ചുള്ള പരിതസ്ഥി

www.malankaralibrary.com

തികൾ. സ്ഥിരകൈവശാവകാശമേ കാണവസ്തുക്കൾ നൽകുന്നുള്ളു. ഈ രണ്ടുതരം വസ്തുക്കളും ദേവാലയങ്ങൾ പണിയുന്നതിന് തടസ്സമുള്ള സ്ഥലങ്ങളായി പരിഗണിക്കപ്പെട്ടിരിക്കുന്നു. ഈ തരം വസ്തുക്കളിൽ മറ്റു എടുപ്പുകൾ പണിയുന്നതിനു വസ്തു അനുഭവക്കാർക്കു അവകാശമുണ്ട്. എന്നാൽ ദേവാലയങ്ങൾ പണിയുന്നതിനു മാത്രം അവർക്കു അനുവാദമില്ല. ഇങ്ങനെ നിരോധിക്കുന്നതു ഗവൺമെന്റുമാണ്. ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ട് ഗവൺമെന്റു നീതിന്യായകോടതികളുടെ അധികാരത്തെ കവരുകയാണു ചെയ്യുന്നത്. ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനെ തടസ്സപ്പെടുത്തുവാൻ ഗവൺമെന്റു സ്വീകരിക്കുന്ന ദുരധികാരത്തിന്റെ വ്യാപ്തി എത്രത്തോളമെന്ന് ഈ സംഗതിയിൽനിന്നും കാണാവുന്നതാണ്.

പരിശോധനയിൽ നിരർത്ഥകങ്ങളെന്ന് പ്രത്യക്ഷമാകുന്ന കാരണങ്ങളെ ഗവൺമെന്റു കാര്യമായി എഴുന്നള്ളിക്കുന്നതു കാണുമ്പോൾ ഗവൺമെന്റിന് ജനങ്ങളെക്കുറിച്ചുള്ള അഭിപ്രായം വളരെ മോശമായ ഒന്നായിരിക്കാനെ ഇടയുള്ളു എന്ന് തോന്നിപ്പോകുന്നു. മതവിരോധത്തെ പ്രത്യക്ഷപ്പെടുത്തുന്ന ചില കാരണങ്ങളും ഗവൺമെന്റു ചിലപ്പോൾ പുറപ്പെടുവിക്കാതിരിക്കുന്നില്ല. നിർദ്ദേശസ്ഥലങ്ങൾക്കു സമീപം വിദ്യാലയങ്ങൾ ഉണ്ടെന്നുള്ള കാരണത്താൽ ദേവാലയങ്ങൾ പണിയുന്നതിനു ഗവൺമെന്റു അനുവാദം നൽകുന്നില്ല. ചാരായഷാപ്പുകളും കള്ളുഷാപ്പുകളും പള്ളിക്കൂടങ്ങൾക്കു സമീപം ആകാം; പക്ഷെ ദേവാലയങ്ങൾ പള്ളിക്കൂടങ്ങൾക്കുസമീപം വരുന്നതു ആശാസ്യമല്ലപോലും. ക്രിസ്ത്യാനികളുടെയും മുസ്ലീമങ്ങളുടേയും മതകാര്യങ്ങളെ അടിച്ചുതാഴ്ത്തുന്നതിനു ഗവൺമെന്റു എത്രത്തോളം സന്നദ്ധമായിരിക്കുന്നുവെന്നാണ് ഈ സംഗതികൾ തെളിയിക്കുന്നത്. ഇവയെല്ലാം വിളംബരത്തിലെ വ്യവസ്ഥകൾ പ്രകാരം ന്യായീകരിക്കാമോ എന്നുപോലും ഗവൺമെന്റു നോക്കുന്നില്ല. വിളംബരം നിലവിലിരിക്കയും അതനുസരിച്ചു പൊതു ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കാൻ അനുമതിക്കായി ജനങ്ങൾ ഗവൺമെന്റിനെ ശരണം പ്രാപിക്കുന്നതിനു നിർബന്ധിതരാവുകയും ചെയ്താൽ ധാരാളം മതിയെന്നാണ് ഗവൺമെന്റ് നിശ്ചയിച്ചുറച്ചിട്ടുള്ളത്. ബാക്കി കാര്യങ്ങൾ എല്ലാം ഗവൺമെന്റിന് എളുപ്പമാണ്. എന്തെന്നാൽ ഗവൺമെന്റിന് യഥേഷ്ടം എന്തും ചെയ്യാം. ആരോടും തന്നെ ഉത്തരവാദിത്വം ചെയ്യേണ്ടതായിട്ടുമില്ല. ഗവൺമെന്റിന്റെ ഈ പുറപ്പാട് എവിടെച്ചെന്ന് അവസാനിക്കുമെന്നു നിർണ്ണയിക്കുക സാദ്ധ്യമല്ല. ഗവൺമെന്റിന്റെ നില ഉറച്ചതാണെന്നുള്ള ബോധം ഗവൺമെന്റിന് കൂടുംതോറും എത്രയുംകൂടിയ തോതിൽ തന്നെ ചുമതലരഹിതമായും അക്രമപരമായും ഗവൺമെണ്ടു പെരുമാറുമെന്നു മാത്രമേ ഇപ്പോൾ പറയാൻ സാധിക്കയുള്ളു.

1898 ലെ വിളംബരം എന്തുമനോഭാവത്തോടുകൂടിയാണ് രൂപീകൃതമായിട്ടുള്ളതെന്നു അതിന്റെ പ്രവർത്തനരീതികൊണ്ടു തെളിയിക്കാവുന്നതാണ്.

www.malankaralibrary.com

1886 മുതൽ 1898 വരെയുള്ള 12 വർഷക്കാലത്തിനിടയിൽ ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനു അനുമതിക്കായി വിവിധ ക്രിസ്തീയവകുപ്പുകളിൽ നിന്നുമുണ്ടായിട്ടുള്ള 121 അപേക്ഷകളിൽ അഞ്ചെണ്ണം മാത്രമേ തിരസ്കൃതങ്ങളായിട്ടുള്ളൂ. എന്നാൽ 1930 ജനുവരിക്കും 1931 ആഗസ്റ്റിനും ഇടയ്ക്കുള്ള ചുരുങ്ങിയ കാലത്തിനുള്ളിൽ അത്തരം 100 അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുള്ളതായി അറിയുന്നു. ഇവയിൽ ഭൂരിപക്ഷം അപേക്ഷകളും കത്തോലിക്കരുടേതായിരുന്നു. ഭീബൽസരൂപത്തിലുള്ള 1898 ലെ വിളംബരത്തിന്റെ നിപാതങ്ങളേക്കാൾ എത്രയോ ലഘുവായ രീതിയിലാണു 1829 ലെ വിളംബരം കത്തോലിക്കർക്കും മറ്റു ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ഉപദ്രവകരമായിരുന്നതെന്നു ഇതിൽനിന്നും വെളിവാകുന്നതാണല്ലോ.

ഒരു അപേക്ഷ കിട്ടിയാലുടൻ ആയതു റിപ്പോർട്ടിനായി പാർവത്യകാർക്കു അയയ്ക്കുകയാകുന്നു ഇപ്പോഴത്തെ പതിവ്. ഈ നടപടി 1898 ലെ വിളംബരത്തിനു നേരെ വിപരീതമാകുന്നു. ഇത്തരം അപേക്ഷകളെപ്പറ്റി നടപടി നടത്തേണ്ട ഉദ്യോഗസ്ഥന്മാർ ആരെല്ലാമായിരിക്കണമെന്നു ആ വിളംബരത്തിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ പാർവത്യകാരുടെ കാര്യം പറഞ്ഞിട്ടില്ല. റവന്യൂവകുപ്പിലെ ഏറ്റവും താഴ്ന്നപടിയിലുള്ള ഒരു ഉദ്യാഗസ്ഥനാകുന്നു പാർവത്യകാരൻ. പാർവത്യകാരൻ എല്ലായ്പോഴും ഹിന്ദുവായിരിക്കും. സ്ഥലനിവാസികൾ അപേക്ഷയ്ക്കു എതിരല്ലാതിരുന്നാലും യാതൊരു തടസ്സവുമില്ലാത്തിടത്തു ഒന്നുകിൽ സ്വയംകൃതമായിട്ടോ അല്ലാത്തപക്ഷം മേലാവിൽ നിന്നും ലഭിക്കുന്ന ആജ്ഞയനുസരിച്ചോ ആരെക്കൊണ്ടെങ്കിലും എതൃപ്പു ഉണ്ടാക്കുന്നതിനു പാർവത്യകാർ വേണ്ടവിദ്യകൾ കണ്ടുപിടിക്കുന്നു. അതിനെത്തുടർന്നു അയാൾ തന്റെ അത്യാഗ്രഹത്തിന്റേയോ, അസൂയയുടെയോ അഥവാ വിദ്വേഷത്തിന്റേയോ ഫലമായുള്ള ഒരു റിപ്പോർട്ടു സമർപ്പിക്കുന്നു. ഈ റിപ്പോർട്ടും യന്ത്രം കണക്കെ പലകൈമറിഞ്ഞു ഒടുവിൽ അപേക്ഷ തള്ളിയിരിക്കുന്നു എന്നുള്ള ഗവൺമെണ്ടു ഉത്തരവായി വെളിയിൽവരുന്നു. റവന്യൂദേവസ്വം വകുപ്പുകളുടെ വിഭജനശേഷം സവർണ്ണഹിന്തുവും പോരെങ്കിൽ മിക്കവാറും ബ്രാഹ്മണനും കൂടിയാകുന്ന ദേവസ്വം കമ്മീഷണരുമായി ഈ അപേക്ഷകളെക്കുറിച്ചു ആലോചനകൾ നടത്തിത്തുടങ്ങിയിരിക്കുന്നത് കാര്യങ്ങളുടെ വിഷമസ്ഥിതിയെ കുറെക്കൂടി വർദ്ധിപ്പിച്ചിരിക്കുന്നു. ഹൈന്ദവാചാരമർമ്മജ്ഞനും ബ്രാഹ്മണനുമായ ദേവസ്വം കമ്മീഷണറുടെ വിധി ഒട്ടുംതന്നെ അനുകൂലമായിരിക്കാനിടയില്ലല്ലോ. അവസാനതീരുമാനത്തിനുമുൻപ് തെളിവ് എടുക്കുന്നതിനും ന്യായവാദം കേൾക്കുന്നതിനും ഗവൺമെണ്ടു യാതൊരു വ്യവസ്ഥാനടപടികളും ഉണ്ടാക്കീട്ടില്ല എന്നുള്ളതിനാൽ അപേക്ഷകളുമായി ഇടപെടുന്ന റവന്യൂ ഉദ്യോഗസ്ഥന്മാരുടെ തോന്ന്യാസപരങ്ങളും ഹിതാനുസരണങ്ങളുമായ റിപ്പോർട്ടുകളെ ആസ്പദമാക്കി അപേക്ഷകളെ എക്സപാർട്ടിയായി തീരുമാനിക്കുക

www.malankaralibrary.com

യാണ് ഗവൺമെണ്ട് ചെയ്തുവരുന്നത്. ഇപ്രകാരം ഈ കർക്കശമായ അകൃത്യത്തെ തുടർന്നുകൊണ്ടുപോകുന്നു. ഇത് എന്നും ഇങ്ങനെ തുടർന്നു കൊണ്ടുപോകാനാണോ ഉദ്ദേശിച്ചിരിക്കുന്നത്?

1829ലെ വിളംബരത്തിന്റെ സന്താനപരമ്പരകളിൽ അവസാനത്തേതല്ലായിരുന്നു 1898 ലെ വിളംബരം. പക്ഷെ ആ വിളംബരംവരേയ്ക്കും അതായിരുന്നു ഏറ്റവും അറുവഷളായിരുന്നത്. 1910 നവംബർ 3-ാം(1086) വേറെ ഒരു വിളംബരം ഉണ്ടായിട്ടുണ്ട്. ഇതിൻപ്രകാരം 1898-ലെ വിളംബരത്തിന്റെ 8-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ള 60 ദിവസ കാലാവധി 90 ദിവസമായി ദീർഘിപ്പിക്കുകയുണ്ടായി. 1898-ലെ വിളംബരം അനുസരിച്ച് ദേവാലയ സ്ഥാപനാനുമതിക്കായുള്ള ഒരു അപേക്ഷയിന്മേൽ 60. ദിവസത്തിനകം ഗവൺമെണ്ടു യാതൊരു ഉത്തരവുകളും പാസാക്കാതിരിക്കുകയാണെങ്കിൽ ദേവാലയ നിർമ്മാണം നടത്തിക്കൊള്ളുന്നതിനു അപേക്ഷകനു അവകാശാർഹതയുണ്ടായിരുന്നു. എന്നാൽ മന്ദഗതിയിലുള്ള സർക്കാർ നടപടികൾകൊണ്ടു ദേവാലയനിർമ്മാണത്തെ തടയുന്നതിനു സാധിക്കയില്ലെന്ന് കണ്ടുപിടിച്ചതിന്റെ ഫലമായിട്ടാണ് കാലാവധിയെ ദീർഘിപ്പിക്കുകയുണ്ടായിട്ടുള്ളത്. പ്രഥമദൃഷ്ടിയിൽ നിരുപദ്രവമായി തോന്നാവുന്ന ഈ ഭേദഗതി, മന്ദഗതിയിലുള്ള ഉദ്യോഗസ്ഥനടപടികളിൽ യാദൃശ്ചികമായി വല്ല കൈപിശകും വന്നുപോകുന്നുണ്ടെങ്കിൽ അങ്ങിനെയുള്ള അപേക്ഷകളെയും തടയണമെന്നുകരുതി ഗവൺമെണ്ടു മുൻകൂട്ടി ചെയ്തിട്ടുള്ള ഒരു നിവാരണവിദ്യ മാത്രമാകുന്നു എന്നുള്ളത് സ്പഷ്ടമാണല്ലോ. കൂടാതെ ഈ കാലാവധിനീട്ടൽ റവന്യൂവകുപ്പിലെ ഹിന്ദുക്കളായ കീഴുദ്യോഗസ്ഥന്മാർക്കു സ്വന്തലാഭത്തിനായി അവരുടെ അധികാരങ്ങളെ ദുർവിനിയോഗം ചെയ്യുന്നതിനു വേണ്ടുവോളം സാവകാശവും സൗകര്യവും നൽകുന്നു. ഗവൺമെണ്ടിന്റെയും അവരുടെ കീഴുദ്യോഗസ്ഥന്മാരുടെയും മനപൂർവമായ അമാന്തത്തെ സാധൂകരിച്ചു വളർത്തുന്നതിനായി എത്ര ദ്രുതഗതിയിലാണ് വേണ്ട സൗകര്യം ഗവൺമെണ്ടു ഉണ്ടാക്കിയിരിക്കുന്നതെന്നുള്ളത്, അപേക്ഷകളിൽ അന്തർഭവിച്ചിരിക്കുന്ന യാഥാർത്ഥഭക്തിയേയും ഉൽകണ്ഠയേയും എത്ര നിഷ്ഠൂരഹൃദയത്തോടെയാണ് ഗവൺമെണ്ടു വീക്ഷിക്കുന്നതെന്നും അപേക്ഷകന്മാരുടെ ഈ സങ്കടാവസ്ഥയെ എത്ര പുച്ഛരസത്തോടെയാണ് ഗവൺമെണ്ടു കരുതിവരുന്നു എന്നും വിളിച്ചു പറയുന്നു. 1829-ലെ വിളംബരം നിലവിലിരുന്ന കാലത്ത് അതനുസരിച്ചുള്ള അപേക്ഷകൾ ഉടനടി തീർച്ചചെയ്യാൻ അന്നത്തെ ഗവൺമെണ്ടു ഇടവിടാതെ നിർബന്ധിച്ചിരുന്നു. "തഹശീൽദാരിൽനിന്നുമുണ്ടാകുന്ന കാലതാമസത്തെ ഗവൺമെന്റു പ്രത്യേകം ഗൗനിക്കുന്നതായിരിക്കും" എന്നുകൂടെ 1071 മിഥുനം 2-ലെ (1095) ഒരു ഗവർമ്മെന്റു ഉത്തരവിൽ ചേർത്തിരുന്നു. (തിരുവിതാംകൂർ ലാൻഡ് റവന്യൂ മാനുവൽ). കൂടാതെ അപേക്ഷകനെപ്പറ്റിയുള്ള അന്നത്തെ അന്വേഷണനടപടികളിൽ നിരവധി

www.malankaralibrary.com

വിശദവിവരണങ്ങൾ അടങ്ങിയിരുന്നതിനാൽ ഔദാസീന്യനിലയിൽ ഒരു തീരുമാനം കല്പിക്കുന്നതിന് ഒരിക്കലും സാദ്ധ്യമാവുമായിരുന്നില്ല. (തിരുവിതാംകൂർ സ്റ്റേററ് മാനുവൽ) പരിഷ്കാരവർദ്ധനയോടുകൂടി അഴിമതികളേയും അന്യായത്തേയും പീഡനത്തേയും നിരോധിക്കുന്നതായുള്ള രക്ഷാവകുപ്പുകൾ ഇല്ലാതായതേയുള്ളു. ഇപ്രകാരം 1829, 1898, 1910 എന്നീ കൊല്ലങ്ങളിലെ വിളംബരങ്ങൾ ക്രമപ്രവൃദ്ധമായ ഒരു പിൻഗമനവളർച്ചയെയാണ് പ്രകാശിപ്പിക്കുന്നത്.

ഈ പിൻഗമനവളർച്ചയ്ക്കു ആധുനികദിവാൻജിയായ മിസ്റ്റർ വി. എസ്. സുബ്രഹ്മണ്യയ്യരുടെ കാലത്തു വേഗത വർദ്ധിച്ചു. ഇദ്ദേഹത്തിന്റെ ഭരണകാലം മുഴുവനും കത്തോലിക്കരെ ചവുട്ടിമെതിക്കുകയും പബ്ളിക്കു ജീവിതത്തിലുള്ള എല്ലാ വശങ്ങളിലും കത്തോലിക്കർക്കു മിക്കവാറും ഗളഹസ്തം ലഭിക്കുകയും ചെയ്തിരിക്കുന്നു. പൊതുആരാധനാ, പബ്ളിക്കു സർവീസ്, പ്രാതിനിദ്ധ്യസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സംരംഭങ്ങൾ എന്നു വേണ്ട എല്ലാ കാര്യങ്ങളിലും കത്തോലിക്കർക്കു അധഃപതനം ആണ് ഇദ്ദേഹത്തിന്റെ കാലത്തു ഉണ്ടായിട്ടുള്ളത്. ദേവാലയനിർമ്മാണ വിഷയത്തിൽ അകത്തോലിക്കർക്കു ലഭിച്ചിട്ടുള്ള നിഷേധഉത്തരവുകൾ എല്ലാംകൂടി കണക്കാക്കിയാലും അതിൽകൂടുതലായി ഇദ്ദേഹം കത്തോലിക്കരുടെ അപേക്ഷകളെ നിരസിച്ചിട്ടുണ്ട്. ആയതുകൊണ്ടു കത്തോലിക്കരെ കൂടുതലായി ബാധിക്കുമെന്ന് ഇദ്ദേഹത്തിനു അറിവുണ്ടായിരുന്നതിനാൽ മാത്രമാണ് 1930 മാർച്ച് 17-ാം തീയതിയിലെ ഗവർമ്മെണ്ടു ഉത്തരവ് ഉണ്ടായിട്ടുള്ളതെന്നു കരുതുന്നതിൽ അബദ്ധമില്ല. ആ ഉത്തരവ് താഴെ ചേർക്കും പ്രകാരമാകുന്നു:-

"പൊതു ആരാധനാസ്ഥലങ്ങളുടെ ക്രമീകരണത്തിനായി താഴെപ്പറയുന്ന ചട്ടം ഗവർമ്മെന്റിൽനിന്നും ഏർപ്പെടുത്തിയിരിക്കുന്നു എന്ന് ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു. ഈ ചട്ടത്തെ ലംഘിക്കുന്ന യാതൊരാളിനെയും തിരുവിതാംകൂർ പീനൽകോഡ് 182-ാം വകുപ്പിൻ പ്രകാരമുള്ള ഒരു കുറ്റത്തന് പ്രോസിക്യൂട്ടു ചെയ്യുന്നതാണ്:-

"ഈ ചട്ടം ഗവർമ്മെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽക്കും അതിനുശേഷവും യാതൊരാളും ഗവർമ്മെന്റിന്റെ രേഖാമൂലമായ മുന്നനുവാദത്തോടുകൂടാതെ ഏതെങ്കിലും പൊതു ആരാധനാസ്ഥലത്തോടു സംബന്ധിക്കപ്പെട്ടു ഒരു ശവക്കോട്ടയെ ഏർപ്പെടുത്തുകയോ ഉണ്ടാക്കുകയോ ചെയ്യാൻ പാടില്ലാത്തതും അപ്രകാരമുള്ള അനുവാദമില്ലാതെ ഏർപ്പെടുത്തുകയോ ഉണ്ടാക്കുകയോ ചെയ്തിട്ടുള്ള ഏതൊരു ശവക്കോട്ടയെയും അപ്രകാരമുള്ള അനുവാദം നൽകപ്പെട്ടിട്ടില്ലെന്നു അറിഞ്ഞുകൊണ്ടു യാതൊരാളും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു." (തിരുവിതാംകൂർ ഗവർമ്മെണ്ടു ഗസറ്റ്.)

ഈ ഗവർമ്മെണ്ടു ഉത്തരവിനെപ്പറ്റി കുറഞ്ഞൊന്നു പറയേണ്ടിയിരിക്കുന്നു. ഒന്നാമതായി പറയാനുള്ളത് ഈ ചട്ടം നിയമവിരുദ്ധവും ആദ്യന്തം അസാധുവുമാണെന്നാണ്. രാജ്യത്തിലെ നിയമത്തിനും വ്യവസ്ഥിത നടപടിക്കും വിപരീതമായിട്ടാണു ഇതിന്റെ നിർമ്മാണം ഉണ്ടായിട്ടുള്ളത്. ഏതെ

www.malankaralibrary.com

ങ്കിലും ഒരു രാജകീയ വിളംബരംകൊണ്ടോ റഗുലേഷൻകൊണ്ടോ അധികാരപ്പെടുത്താതെ ഇപ്രകാരമുള്ള ചട്ടങ്ങൾ ഏർപ്പെടുത്തുന്നതിനു ഗവർമ്മെണ്ടിനു അധികാരമില്ല. അപ്രകാരമുള്ള അധികാരപ്പെടുത്തൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതായി കാണുന്നുമില്ല. ഈ സ്ഥിതിഗതികളിൽ ഈ ഉത്തരവിനെ സ്വീകരിക്കുന്നത്കൊണ്ടു ആപൽക്കരമായ ഒരു കീഴ്നടപ്പിനെ സ്ഥാപിക്കുന്നതിനും, വിളംബരംമൂലം നിയമനിർമ്മാണം ചെയ്യാനുള്ള രാജകീയാധികാരത്തിനു സമമായി ഗസറ്റ് പരസ്യംമൂലം നിയമനിർമ്മാണം ചെയ്യുന്നതിനുള്ള അധികാരാവകാശത്തെ ഗവർമ്മെണ്ടിനു പ്രദാനം ചെയ്യുന്നതിനും ഇടയായിത്തീരുന്നതാണ്.

ഗവർമ്മെന്റു ജനങ്ങളോടു ഉത്തരവാദിത്വമുള്ളതാക്കിത്തീർക്കണമെന്നുള്ള പ്രക്ഷോഭണം രാഷ്ട്രീയാന്തരീക്ഷത്തിൽ എവിടെയും മുഖരീകൃതമായിരിക്കുന്ന ഇക്കാലത്ത് സ്വതന്ത്രവും അനിയന്ത്രിതവുമായ ഏകാധിപത്യ ഭരണമാണു നല്ലതെന്നു ഗവർമ്മെന്റു വിചാരിച്ചിരിക്കുന്നു. രണ്ടാമതായി പറയാനുള്ളത് ഈ ഉത്തരവ് ജനങ്ങളുടെ സ്വതന്ത്രാവകാശങ്ങളിൽ ഗവർമ്മെന്റിന്റെ അനാവശ്യമായ ഒരു കൈകടത്തൽ ആണെന്നുള്ളതാണ്. ഗവർമ്മെന്റു ഇടപെട്ടു ഒരു പൊതുനിരോധനംമൂലം ശരിപ്പെടുത്തക്കയാതൊരു കാര്യവും തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ല. രാജ്യത്തിന്റെ പൊതുവെയുള്ള പ്രകൃതിവിശേഷംകൊണ്ടും, ജനങ്ങൾ അവരുടെ കുടിപാർപ്പിടങ്ങൾ പണിയിക്കുന്ന രീതികൊണ്ടും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പട്ടണങ്ങളെ സംബന്ധിച്ചിടത്തോളംമാത്രമേ ശ്മശാനസ്ഥലങ്ങൾ പൊതുജനശ്രദ്ധയെ അർഹിക്കുന്ന ഒരു വിഷയമായിത്തീരുന്നുള്ളു. പട്ടണങ്ങളിലെ ശ്മശാനസ്ഥലങ്ങളാകട്ടെ, ഗവർമ്മെണ്ടിനാലല്ല മുനിസിപ്പാലിറ്റികളാലാണു നിയന്ത്രിക്കപ്പെടേണ്ടിയിരിക്കുന്നതും. മൂന്നാമതായി, ഈ ഉത്തരവ് ആദ്യന്തം മതസ്വാതന്ത്ര്യക്കുറവിനെ പ്രത്യക്ഷമായി പ്രകാശിപ്പിക്കുന്ന ഒന്നാണ്. ശ്മശാനസ്ഥലങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങൾ ക്രിസ്ത്യാനികളെയും മുസ്ലീമങ്ങളേയും മാത്രം ആണു ബാധിക്കുന്നത്. നിരോധനം ഹിന്ദുക്കളെ ബാധിക്കുന്നതേയില്ല എന്നുതന്നെ പറയാം. വിവിധവർഗ്ഗക്കാരും ജാതിക്കാരും ആയ നിരവധി അയൽവാസികൾക്കു ഉപദ്രവത്തേയും വെറുപ്പിനേയും ഉണ്ടാക്കത്തക്കവിധത്തിൽ ഹിന്ദുക്കൾക്കു അവരുടെ മൃതശരീരങ്ങളെ ചൊല്ലും ചോദ്യവുമില്ലാതെ അവരുടെ സ്വന്തം ഭൂമികളിൽ കുഴിച്ചുമൂടുകയും ദഹിപ്പിക്കുകയും ചെയ്യുന്നതിന് അവകാശംഉള്ള ഈ തിരുവിതാംകൂറിൽ, ഗവർമെന്റിന്റെ അനുവാദംകൂടാതെ നാട്ടിൻപുറങ്ങളിൽപോലും തങ്ങളുടെ മതാദ്ധ്യക്ഷന്മാരാൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽകൂടി ശ്മശാനങ്ങൾ ഏർപ്പെടുത്തുന്നതിന് നിർവാഹമില്ലായെന്നുള്ള ദുഃസ്ഥിതിയെ ക്രിസ്ത്യാനികൾ ഇന്നും കഠിനമായ മനോവേദനയോടെ അനുഭവിച്ചു പോരേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. ചുരുക്കത്തിൽ ഈ ഉത്തരവ് 1829, 1898, 1910 എന്നീ കൊല്ല

www.malankaralibrary.com

ങ്ങളിലെ വിളംബരങ്ങളിൽ പ്രകടമാക്കിയിരിക്കുന്ന ഉഗ്രമായ സ്വേഛാധികാരത്തിന് എത്രയും അനുയോജ്യമായിരിക്കുന്നു. ഇവയിൽ എല്ലാം പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ഗവർമ്മെണ്ടു ഭാവിക്കുന്നതുപോലെതന്നെ യഥാർത്ഥത്തിൽ പ്രധാന്യമുള്ളവയാണെങ്കിൽ സാധാരണ മാർഗ്ഗമനുസരിച്ചുള്ള നിയമനിർമ്മാണത്തിന് ഗവർമ്മെണ്ടു ഒരുമ്പെടാഞ്ഞതിനുള്ള കാരണം എന്താണെന്നു അറിയേണ്ടിയിരിക്കുന്നു. നിയമനിർമ്മാണാർത്ഥം എന്തുകൊണ്ടു നിയമനിർമ്മാണ സഭയിൽ ഈ വക കാര്യങ്ങൾ ഗവർമ്മെണ്ടു അവതരിപ്പിക്കാതിരുന്നു? ജനങ്ങളുടെ പുരോഗമനാദർശങ്ങളെ വകവയ്ക്കാതെ ഗവൺമെന്റിന്റെ അവിസ്തൃത വീക്ഷണങ്ങൾക്കും നീചമനോഭാവങ്ങൾക്കും യോജിച്ചു പ്രവർത്തിക്കുന്ന ഒരു രാജ്യസ്ഥിതിയാണ് വേണ്ടതെന്നും അല്ലാതെ ജനങ്ങൾ ആഗ്രഹിക്കുന്ന മാതൃകയിലുള്ള ഒരു രാജ്യാവസ്ഥയല്ല ആവശ്യമെന്നുള്ള ഗവർമ്മെണ്ടിന്റെ ഉൽകണ്ഠയാണു ഇതിനു കാരണം എന്നാണ് മതവിഷയങ്ങളിൽപോലുമുള്ള ഗവർമ്മെണ്ടിന്റെ ഈ കൈകടത്തലിന് സമാധാനപരമായി പറയാനുള്ളത്.

ക്രിസ്ത്യാനികളുടേയും മുസ്ലീമങ്ങളുടേയും മതസ്വാതന്ത്ര്യങ്ങളെ വേട്ടയാടി നശിപ്പിക്കുന്നതിൽ ആധുനിക ദിവാൻ ഒരു പ്രധാനഭാഗം വഹിച്ചിരിക്കുന്നു എന്നു ഇതുകൊണ്ട് സുസ്പഷ്ടമാകുന്നുണ്ടല്ലോ. ഗവർമ്മെന്റു ഉത്തരവു കത്തോലിക്കരെ എപ്രകാരമാണ് പ്രധാനമായും അത്യധികമായും ക്ഷതപ്പെടുത്തീട്ടുള്ളതെന്നുമാത്രമേ ഇനി കാണിക്കേണ്ടതുള്ളു. ദേവാലയങ്ങളെപ്പോലെതന്നെ ശ്മശാനസ്ഥലങ്ങളും, കത്തോലിക്കർക്കു ഒഴിച്ചു കൂടുവാൻ വഹിയാത്തവയാകുന്നു. അവരുടെ മതശാസനം അനുസരിച്ച് ശ്മശാനങ്ങൾ ദേവാലയങ്ങൾക്കു തൊട്ടുസമീപംതന്നെ സ്ഥിതിചെയ്യേണ്ടിയിരിക്കുന്നു. മൃതശരീരങ്ങൾ അടക്കം ചെയ്യുന്നതുസംബന്ധിച്ചു പ്രത്യേകമായുള്ള മതചടങ്ങുകൾ, ശുദ്ധീകരിച്ച സ്ഥലങ്ങളിൽ മൃതശരീരങ്ങളെ അടക്കം ചെയ്യാനുള്ള കടമ, മരിച്ചുപോയിട്ടുള്ളവരുടെ ആത്മാക്കളുടെ നിത്യശാന്തിക്കായി അവരെ അടക്കീട്ടുള്ള സ്ഥലങ്ങൾ കൂടെക്കൂടെ സന്ദർശിച്ച് പ്രാർത്ഥനകൾ നടത്തണമെന്നുള്ള ശാസനം എന്നിവയെല്ലാം കത്തോലിക്കാ വിശ്വാസത്തിന്റെ മുലപ്രമാണങ്ങളോടു ബന്ധപ്പെട്ടവയാകുന്നു. അതുകൊണ്ട് ദേവാലയങ്ങൾക്ക് തൊട്ടുസമീപം ശ്മശാനങ്ങൾ ഏർപ്പെടുത്തുന്നതിനു കത്തോലിക്കരെ അവകാശരഹിതരാക്കിത്തീർക്കുന്നത് അവരിൽ തീവ്രമായ മനോവേദനയെ ഉളവാക്കുന്നതിനും അവർക്കു ആത്മീയസമാധാനം ഇല്ലാതാക്കുന്നതിനും പര്യാപ്തമായിത്തീരുന്നതായിരിക്കും. മറ്റുവിഭാഗക്കാരായ ക്രിസ്ത്യാനികൾക്കു അവരുടെ മൃതശരീരങ്ങളുടെ പ്രകൃതിജന്യമായ ബഹുമാനമേ കാണിക്കേണ്ടതുള്ളു എന്നിരിക്കെ, കത്തോലിക്കർക്കു അവരുടെ മൃതശരീരങ്ങളോടു മതപരമായ ഒരു ചുമതലയും അവരെപ്പറ്റി കൂടെക്കുടെയുള്ള സ്മരണയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനകളും അവരുടെ കുഴിമാടങ്ങളിൽ

www.malankaralibrary.com

പ്രത്യേകം കർമ്മാനുഷ്ഠാനങ്ങളും നിർവഹിക്കേണ്ടതായിട്ടുണ്ട്.

ചുരുക്കിപ്പറയുന്നപക്ഷം, ദേവാലയങ്ങളെ സംബന്ധിച്ചുള്ള വിളംബരങ്ങളുടെ ആന്തരോദ്ദേശത്തെ ശ്മശാനസ്ഥലങ്ങളെക്കുറിച്ചുള്ള ഗവർമ്മെന്റു ഉത്തരവ് പരിപൂർണ്ണമാക്കിത്തീർത്തിരിക്കുന്നു. കത്തോലിക്കരുടെ പരസ്യമായ എല്ലാവിധ മതചടങ്ങുകളേയും യഥാർത്ഥത്തിൽ ഗവർമ്മെന്റു നിരോധനത്തിനധീനമാക്കിയിരിക്കുന്നു. തൽഫലമായി, നീറോയെപ്പോലുള്ള റോമാ ചക്രവർത്തിമാർ, അവരുടെ കാലത്തു ശൈശവാവസ്ഥയിലിരുന്ന കത്തോലിക്കാസഭയെ കഠിനമായി പീഡിപ്പിച്ചപ്പോൾ കത്തോലിക്കർ തങ്ങളുടെ മതാനുഷ്ഠാനങ്ങളെ നിർവഹിക്കുന്നതിനായി ഭൂഗർഭങ്ങളെ ശരണം പ്രാപിക്കയുണ്ടായി. ഏതാണ്ടു അതുപോലെയുള്ള ഒരു നിലയിലേയ്ക്കാണ് ഗവർമ്മെന്റു ഇന്നാട്ടിലെ കത്തോലിക്കരെ ക്രമേണ തള്ളിവിട്ടുകൊണ്ടിരിക്കുന്നത്. പ്രാധാന്യതയിലും അത്യാവശ്യകതയിലും അനുപമേയമായ ഒരു സ്ഥാനമാണു കത്തോലിക്കരുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ദേവാലയങ്ങൾക്കുള്ള സ്ഥാനം. ജനനത്തോടുകൂടിയുള്ള ജ്ഞാനസ്നാനംമുതൽ മരണകാലത്തെ അന്ത്യാഭിഷേകകർമ്മംവരെയുള്ള കത്തോലിക്കരുടെ വിവിധ കൂദാശകൾ അവരുടെ ആദ്ധ്യാത്മിക ജീവിതസന്ധികളാകുന്നു. ഈ കൂദാശകൾ നടത്തേണ്ടതു ദേവാലയങ്ങളിൽ വച്ചാകയാൽ ദേവാലയങ്ങൾ ഇല്ലാതെപോയാൽ കത്തോലിക്കർക്കു അവരുടെ ആത്മീയപോഷണം ഇല്ലാതാകുന്നു. ഈ ഒരന്ത്യത്തിനു ഈശ്വരവിശ്വാസം ആസ്പദമാക്കിയുള്ള ഒരു ഗവർമ്മെണ്ടും ആഗ്രഹിക്കുമെന്നു തോന്നുന്നില്ല. ഇതിനുംപുറമെ, ഏഴുവയസ്സുപ്രായംമുതൽ എല്ലാ കത്തോലിക്കരും എല്ലാ ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ദിവ്യപൂജ കാണാതിരുന്നാൽ മഹാപാപമാണെന്നുള്ളത് കത്തോലിക്കാസഭയുടെ സർവ്വപ്രധാനങ്ങളായ ശാസനകളിൽ ഒന്നാണ്. ദിവ്യപൂജ അനുഷ്ഠിക്കുന്നത് ദേവാലയങ്ങളിൽ മാത്രമാണുതാനും. യഥാർത്ഥത്തിൽ കത്തോലിക്കർക്കു അവരുടെ ജീവിതത്തിൽ ജനനംമുതൽ മരണംവരെ ഒഴിച്ചുകൂടുവാൻ നിർവാഹമില്ലാത്ത ഒരത്യാവശ്യകാര്യമാകുന്നു ദേവാലയങ്ങൾ. അതുകൊണ്ടു സൗകര്യത്തിനനുസരിച്ച് ദേവാലയങ്ങൾ ഇല്ലാതിരുന്നാൽ ബലം പ്രയോഗിച്ച് മതവിശ്വാസങ്ങളെ അമർച്ച ചെയ്യേണ്ടതായിവരും. അങ്ങനെവരുമ്പോൾ മനസ്സുചുട്ടു ക്രമരഹിതമായ മതവൈരാഗ്യം ഉളവാകാതിരിക്കയില്ല. തങ്ങളുടെ മതപരമായ ജീവിതത്തിന്റെ നാരായവേരിനെതന്നെ അറുക്കുന്ന ഗവർമ്മെന്റുത്തരവിനോടും വിളംബരങ്ങളേയും പറ്റി കത്തോലിക്കർ കഠിനമായി വിലപിക്കുന്നതോടുകൂടി അവർ അതിതീവ്രമായ സങ്കടവും അസ്വസ്ഥതയും അനുഭവിക്കുകയും ചെയ്യുന്നു.

1901 ൽ ക്രിസ്ത്യാനികളുടെ സംഖ്യ ഏഴുലക്ഷം മാത്രമേ ആയിരുന്നുള്ളു. ഇന്നു അവരുടെ ജനസംഖ്യ 16 ലക്ഷമാണ്. 30 കൊല്ലങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന ദേവാലയങ്ങളും ശ്മശാനങ്ങളും അവർക്കു ഇന്നു തീരെ

www.malankaralibrary.com

മതിയാകാതെയാണിരിക്കുന്നതെന്നു ബുദ്ധിയുടെ ലേശമെങ്കിലും ഉള്ളവർക്കു മനസ്സിലാക്കാൻ കഴിയുന്നതാണ്. ക്രമാനുഗതമായി ഇവയുടെ എണ്ണവും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കണം. ചാപ്പലുകൾ ഉൾപ്പെടെ ഈ സംസ്ഥാനത്ത് ഉദ്ദേശം 1500 ക്രൈസ്തവദേവാലയങ്ങൾ ഉണ്ട്. ഇവയിൽ നേർപകുതിയും കത്തോലിക്കരുടേതാകുന്നു. ഇന്നു 8 ലക്ഷം കത്തോലിക്കരാണുളളത്. ക്ഷേത്രപ്രവേശനമില്ലാത്ത ഹിന്ദുക്കളെ ഒഴിച്ചു 10 ലക്ഷം ഹിന്ദുക്കൾക്കു 10000 ക്ഷേത്രങ്ങൾ ഉണ്ട്. അതായതു 100 ഹിന്ദുക്കൾക്കു ഒരു ക്ഷേത്രം വീതം ഉണ്ട്. എന്നാൽ 1066 കത്തോലിക്കർക്കു ഒരു ദേവാലയം വീതമേയുള്ളു. ശരിയായ മതാനുഷ്ഠാനങ്ങൾക്കു ഇവ തീരെ പോരാതെയാണിരിക്കുന്നത്. ഇങ്ങനെയാണെങ്കിലും കത്തോലിക്കർക്കു ആഴ്ചയിൽ ഒരിക്കലെങ്കിലും ദേവാലയത്തിൽ പോകണമെന്നുള്ളത് നിർബന്ധവുമാണ്. മറ്റുള്ളവർക്കാകട്ടെ ഈ നിർബന്ധം ഇല്ല. വിദ്യാഭ്യാസാഭിവൃദ്ധിയിലും താഴ്ന്നതല്ല മതാഭിവൃദ്ധിയെന്നുള്ളതിനാൽ പള്ളിക്കൂടങ്ങൾക്കുള്ളതുപോലെ ദേവാലയനിർമ്മാണത്തിനും അവയുടെ സംരക്ഷണത്തിനും സഹായധനം കിട്ടണമെന്നു അഭ്യർത്ഥിക്കുന്നതിനു കത്തോലിക്കർക്കു ന്യായമായ അവകാശമുണ്ടായിരിക്കെ, ഗവർമെന്റിന്റെ ന്യായരഹിതവും അസഹിഷ്ണുതാപരവുമായ നയംമൂലം ദേവാലയങ്ങളും ശ്മശാനങ്ങളും പണികഴിപ്പിക്കുവാൻ പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുന്നതിനു അവർക്കു പ്രക്ഷോഭണം നടത്തേണ്ടിയിരിക്കുന്നു. ഗവർമെന്റിന്റെ ഈ നയം പ്രത്യേകിച്ചും മാത്സര്യത്തെ ഉളവാക്കുന്നതാണ്. എന്തെന്നാൽ ക്രിസ്തീയ മിഷ്യനറിമാർ സംസ്ഥാനത്തിനു ചെയ്തുകൊടുത്തിട്ടുള്ള വിലതീരാത്ത സഹായങ്ങൾ അത്രയ്ക്കുണ്ട്. അധഃകൃതരുടെ ഉന്നമനം ക്രിസ്ത്യാനികളാണു നിർവഹിച്ചിട്ടുള്ളതെന്നതിന് പക്ഷാന്തരമില്ലല്ലോ. ചുവടെ ചേർക്കുന്ന ഒന്നുരണ്ടു ഉദ്ധരണികൾ ഇതിനു മതിയായ സാക്ഷ്യം ആകുന്നു.

"ഹൈന്ദവസമുദായോദ്ധാരകന്മാർ നമ്മുടെ അന്ധവിശ്വാസങ്ങളേയും തീണ്ടലുകളേയും അസഹനീയങ്ങളായ ജാതിധാർഷ്ട്യങ്ങളേയും കുറിച്ചു രസിക്കമാത്രം ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ ഹിന്ദുരാജ്യത്തിൽ ഏതദ്വിഷയകമായി ആരെങ്കിലും കുറെകാര്യബോധം ഉളവാക്കിയിട്ടുണ്ടെങ്കിൽ അത് ക്രിസ്ത്യൻമിഷനറി അല്ലാതെ മറ്റാരുമായിരുന്നില്ലെന്നു ഈ സന്ദർഭത്തിൽ ചുണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു" (1939 ലെ അഖിലതിരുവിതാംകൂർ (ഹിന്ദു) സമുദായോദ്ധാരണസമ്മേളനത്തിലെ സ്വാഗതപ്രസംഗത്തിൽ നിന്നും).

"ക്രിസ്ത്യൻ മിഷ്യനറിമാർ ഇല്ലായിരുന്നെങ്കിൽ ഹിന്ദുസമുദായത്തിലെ ഈ അധഃസ്ഥിതർ എന്നും അധോഗതിയിൽ തന്നെ കഴിയുമായിരുന്നു. ഇവരുടെ കുടിലുകളിൽചെന്നു കുറെക്കൂടി ഭേദമായ മനുഷ്യജീവിതത്തിനു ഇവരെ പ്രബുദ്ധരാക്കിത്തീർത്തിട്ടുള്ളതിന്റെ യശസ്സു മുഴുവൻ ക്രിസ്ത്യൻ മിഷനറിമാർക്കുതന്നെ നൽകേണ്ടതാണ്. മിഷ്യനറിമാരുടെ ഈ പ്രവൃത്തി പൂർവിക ചരിത്രസംബന്ധമായ ഒരു വെറും പരിഷ്കാരം അല്ലായിരുന്നു. നിലവിലിരുന്ന ഒരു മാതൃകയെ ശരിപ്പെടുത്തി

www.malankaralibrary.com

തേച്ചുമിനുസമാക്കുകയുമല്ല അവർ ചെയ്തത്. മഹത്തായ ആ കൃത്യം കേട്ടു കേഴ്വിപോലുമില്ലാതിരുന്ന ഒരു നവീനരീതിയിൽ ആരംഭിച്ച് പലപ്പോഴും കഠിനമായ എതൃശക്തികളേയും പീഡനങ്ങളേയും വിഗണിച്ച് പ്രശംസനീയമായവിധം വിജയകരമായ നിലയിൽ സമാപിപ്പിക്കയാണു അവർ ചെയ്തിട്ടുള്ളത്. (തിരുവിതാംകൂർ സ്റ്റെയിറ്റ് മാനുവൽ).

ഈ ഒരു ഉന്നമനശ്രമം ഇല്ലായിരുന്നുവെങ്കിൽ തിരുവിതാംകൂർ ഒരു പരിഷ്കൃതരാജ്യമാണെന്നുള്ള വമ്പ് പറച്ചിൽ വെറും ഭോഷ്ക്കും അവാസ്തവവുമായി പരിണമിക്കുമായിരുന്നു. എന്നാൽ പ്രശംസാർഹമായ കൃത്യങ്ങൾക്കു തിരുവിതാംകൂറിൽ ലഭിക്കുന്ന പ്രതിഫലം ക്രമാഗതമായ ശ്വാസം മുട്ടിക്കലോ അഥവാ ഞെക്കിക്കൊല്ലലോ ആണ്.

ഇക്കാരണങ്ങളാലെല്ലാമാണ്, മതപരമായ അസ്വാതന്ത്ര്യങ്ങളെപ്പറ്റി കത്തോലിക്കർ ഒരു പ്രത്യേകസങ്കടമായി തുടരെ ആവലാതി പറഞ്ഞുകൊണ്ടിരിക്കുന്നത്. നിരവധി സമ്മേളനങ്ങളിൽ കത്തോലിക്കർ ഇവയെ പ്രതിപാദ്യവിഷയമാക്കീട്ടുണ്ട്. നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സഭാദ്ധ്യക്ഷന്മാർ ഗവർമെന്റിനെ നേരിട്ടും അറിയിച്ചിട്ടുണ്ട്. അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ഓരോ യോഗങ്ങളിലും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഈ കാര്യം പ്രതിപാദിച്ചിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ച് അനവധി ലഘുപത്രികകളും ചെറുപുസ്തകങ്ങളും ധാരാളമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1930 ൽ ചേർത്തലവച്ചു നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിച്ച മദ്രാസ് ഗവർമെന്റിന്റെ മന്ത്രിമാരിൽ ഒരാളായിരുന്ന ദിവാൻ ബഹദൂർ ആർ.എൻ. ആരോഗ്യസ്വാമിമുതലിയാർ ബി.എം., ബി.സി.ഇ., ഈ സങ്കടത്തെക്കുറിച്ച് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ കർക്കശമായി പ്രതിപാദിച്ചിരുന്നു. പ്രാപഞ്ചിക ലാഭത്തെ ലാക്കാക്കിയല്ലാതുള്ളതും, ശക്തിമത്തും അനുസ്യൂതം നടത്തിപ്പോരുന്നതും ആയ ഈ പ്രക്ഷോഭണത്തിനു കത്തോലിക്കരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതു എന്താണെന്നു ഗവർമെന്റു അവധാനപൂർവ്വം ആലോചിച്ചുനോക്കുന്നപക്ഷം, കത്തോലിക്കർക്കു ദേവാലയങ്ങളും ശ്മശാനങ്ങളും എത്രമാത്രം അത്യാവശ്യപ്പെട്ടവയും പ്രിയപ്പെട്ടവയും ആണെന്നു ഗവർമെന്റിനു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

കത്തോലിക്കാ ദേവാലയ നിർമ്മാണത്തിനു ചില സന്ദർഭങ്ങളിൽ ഗവർമെന്റു അനുവാദം തന്നിട്ടുള്ള വസ്തുതയെ നിഷേധിക്കുന്നില്ല. എന്നാൽ ഇവപോലും ഗവർമെന്റിന്റെ സന്മനസ്സിനെയല്ല പ്രത്യുത: അനവധി അപേക്ഷകൾക്കു അനുവാദം കർക്കശമായ രീതിയിൽ നിഷേധിച്ചിട്ടുള്ളതുകൊണ്ട് മതസംബന്ധമായ അസഹിഷ്ണുതയെ ആണ് പ്രകടമാക്കുന്നത്. കത്തോലിക്കർക്കു ഗുണകരമായി കലാശിച്ചിട്ടുള്ള അപേക്ഷകൾ ഏതൽകാര്യത്തിൽ അവർക്കു നിരവധി കഷ്ടതകളെയും ദീർഘകാല ബുദ്ധിമുട്ടുകളെയും അനുഭവമാക്കിയിട്ടുണ്ട്. ആയതുകൊണ്ടു അത്തരം ഓരോ വിജയത്തിനും സങ്ക

www.malankaralibrary.com

ടകരമെങ്കിലും പ്രയോജനകരമായ ഓരോ ചരിത്രമാണുള്ളത്. ദേവാലയ സ്ഥാപനാനുമതിക്കായുള്ള കത്തോലിക്കരുടെ അപേക്ഷകൾ അവസാനം വിജയത്തിലോ പരാജയത്തിലോ കലാശിക്കുന്നതെന്നിരുന്നാലും ഇതുസംബന്ധമായുള്ള അവരുടെ വിഷമങ്ങളിൽ എല്ലാം ഒരു സംഗതി സാധാരണമായി കാണ്മാറുണ്ട്. അത് ഒന്നുകിൽ ഗവർമെണ്ടോ അഥവാ അവരുടെ കീഴുദ്യോഗസ്ഥന്മാരോ ആണ് സ്വതന്ത്രമായ ആരാധനയ്ക്കു യഥാർത്ഥത്തിൽ വിഘാതമായി നിൽക്കുന്നതെന്നാകുന്നു. ഇതിനു പ്രബലമായ ഒരുദാഹരണം ഇവിടെ ചേർത്തുകൊള്ളുന്നു. ഒരു ദേവാലയം പണിയുന്നതിന് ഒരു സ്ഥലത്തെ ഇതരസമുദായക്കാരായ ജനങ്ങളിൽ അധികംപേരും ഹിന്ദുക്കളായിരുന്നു. അവർ യാതൊരു എതിരും ഈ അപേക്ഷയെ സംബന്ധിച്ച് പുറപ്പെടുവിച്ചില്ല. എന്നുതന്നെയല്ല, ദേവാലയം പണിയുന്നതിനു കത്തോലിക്കർ നിർദേശിച്ചിരുന്ന സ്ഥലം, ആ ഉപയോഗത്തിനായി അവർക്കു ഹിന്ദുക്കൾ നൽകുകയാണു ചെയ്തത്. ഒരു പുതിയ മനോഭാവത്തെ ഉദ്ദീപിപ്പിക്കുന്ന വിളംബരം ഉണ്ടായിരുന്നിട്ടും മതം എന്നുള്ളത് ഒരു വിശ്വാസത്തിനു പകരം ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ള അപൂർവം ചില ഹിന്ദുക്കൾ ഒഴിച്ച് ഹിന്ദുക്കൾ പൊതുവെ മതസംബന്ധമായ കാര്യങ്ങളിൽ ക്രിസ്ത്യാനികൾക്കു പ്രതികൂലികളല്ലെന്നു ഈ ഘട്ടത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ അഭിപ്രായഗതി ഇപ്രകാരമാണെന്നു പറയുന്നതുതന്നെ ഹിന്ദുക്കളിൽ പലരും ഒരു ബഹുമാനമായും കരുതിപ്പോരുന്നു. ക്രൈസ്തവ ഉത്സവങ്ങളെ ഹിന്ദുക്കളിൽ പലരും ഇഷ്ടപ്പെടുകയും അവരിൽ പലരും ക്രൈസ്തവ ദേവാലയങ്ങളിൽ ഈശ്വരപ്രീതിക്കായി നേർച്ചകളോ വഴിപാടുകളോ കഴിക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും ഇങ്ങനെ സാധാരണമായി നടന്നുവരുന്നത് കത്തോലിക്കരുടെ ഉത്സവങ്ങളേയും ദേവാലയങ്ങളേയും സംബന്ധിച്ചാണ്. ഇടയ്ക്കു ഇത്രയും പറഞ്ഞു എന്നേയുള്ളു. വിവരിച്ചുവന്ന സംഭവചരിത്രത്തെ വീണ്ടും തുടരാം. അപേക്ഷയെപ്പറ്റി സ്ഥലത്തുചെന്നു അന്വേഷിക്കാനെന്നുള്ള ഭാവത്തിൽ ഉദ്യോഗസ്ഥന്മാർ സ്ഥലത്തെത്തി. ഇവരുടെ ആഗമനത്തോടുകൂടി സ്ഥിതിഗതികളുടെ മട്ടുമാറി. ശാന്തമായിരുന്ന അന്തരീക്ഷം സമരപ്രോജ്വലമായിത്തീർന്നു. ദേവാലയസ്ഥാപനത്തിനായി കത്തോലിക്കർക്കു സ്ഥലം നൽകിയ ഹിന്ദുകുടുംബക്കാർപോലും എതിർവശം ചേർന്നതിന്റെ ഫലമായി കത്തോലിക്കർക്കു അതിനുസമീപം വേറൊരു സ്ഥലം വിലയ്ക്കുവാങ്ങേണ്ടതായിവന്നു. പുതിയസ്ഥലം വാങ്ങിയതോടുകൂടി ദേവാലയസ്ഥാപനാനുമതിക്കായി വീണ്ടും അപേക്ഷകൊടുക്കേണ്ടതായി വന്നു. ഇങ്ങനെ പുതിയ ഒരു അപേക്ഷ നൽകുന്നതിനുമുമ്പ് ഒരു ക്ഷേത്രസ്ഥാപനാനുമതിക്കായി ഹിന്ദുക്കൾ ഒരു അപേക്ഷകൊടുത്തു. ക്ഷേത്രംപണിക്കു ഹിന്ദുക്കൾ നിർദ്ദേശിച്ചിരുന്ന സ്ഥലം കത്തോലിക്കർ പുതുതായി വാങ്ങിയ സ്ഥലത്തിനു സമീപമായിരു

www.malankaralibrary.com

ന്നു. ഉദ്യോഗസ്ഥന്മാർ വീണ്ടും സ്ഥലത്തു ഹാജർകൊടുത്തു. എന്നാൽ ഇപ്രാവശ്യം ഹിന്ദുക്കളുടെ അപേക്ഷയെപ്പറ്റി അന്വേഷിക്കാനാണ് അവർ വരുകയുണ്ടായത്. ഇത്തവണ അവർ കത്തോലിക്കരോടു വളരെ സൗഹാർദ്ദ നില ഭാവിക്കുകയും അവരുടെ ആദ്യ അപേക്ഷയെ പിൻവലിക്കുന്നതിനു ഉപദേശിക്കുകയും ചെയ്തു. കാര്യങ്ങൾ ഭംഗിയായി ഒതുങ്ങിത്തീരുമെന്നുള്ള ഉദ്യോഗസ്ഥന്മാരുടെ വാക്കുകളെ വിശ്വസിച്ചുകൊണ്ട് കത്തോലിക്കർ അവരുടെ ഉപദേശാനുസരണം പ്രവർത്തിച്ചു. എന്നാൽ അവർക്കു നേരിട്ട പ്രമാദത്തെപ്പറ്റി ഉടനടി അവർക്കു അറിയാൻ കഴിഞ്ഞു. എന്തെന്നാൽ ഏതാനും വാരങ്ങൾ കഴിഞ്ഞപ്പോൾ ഹിന്ദുക്കൾക്കു ക്ഷേത്രം പണികഴിപ്പിക്കുന്നതിനുള്ള അനുവാദം വന്നുചേരുകയാണുണ്ടായത്. ഹിന്ദുക്കളുടെ അപേക്ഷ കത്തോലിക്കരുടെ രണ്ടാമത്തെ അപേക്ഷയ്ക്കു മുൻപായി സമർപ്പിക്കപ്പെട്ടതാകയാൽ ആദ്യഅപേക്ഷയെപ്പറ്റി ആദ്യമായി തീരുമാനം ചെയ്യണമെന്നുള്ള ഒഴികഴിവിൽ പ്രയാസങ്ങളെ തരണംചെയ്തുകൊണ്ട് ഹിന്ദുക്കളുടെ അപേക്ഷാനുസരണം ഉദ്യോഗസ്ഥന്മാർ അവർക്കു അനുവാദ ഉത്തരവ് നൽകി. ഹിന്ദുക്കളുടെ അപേക്ഷയെപ്പറ്റി അന്വേഷണം ആരംഭിക്കുന്നതിനുപോലും മുൻപായിട്ടാണ് കത്തോലിക്കർ തങ്ങളുടെ ആദ്യ അപേക്ഷയെ പുതുക്കുകയുണ്ടായിട്ടുള്ളത്. ഈ സംഭവത്തിന്റെ ഗുണപാഠം എന്താണെന്ന് ഇതു വായിക്കുന്ന ഏതൊരുവനും നിഷ്പ്രയാസം മനസ്സിലാക്കാമല്ലോ. ഒരു കത്തോലിക്കാ ശ്മശാനം സ്ഥാപിക്കുന്നതു സംബന്ധിച്ചു ഇന്നും ഒരു വഴക്കു നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. തിരുവിതാംകൂറിലെ ഒരു മുനിസിപ്പൽ പട്ടണത്തിൽ നിവസിക്കുന്ന കത്തോലിക്കർ ഒരു ശ്മശാനം ഏർപ്പെടുത്തിന്നതിനായി സ്ഥലത്തെ മുനിസിപ്പാലിറ്റിയിൽ അപേക്ഷിക്കുകയുണ്ടായി. എന്തെന്നാൽ പട്ടണാതിർത്തിക്കുള്ളിൽ ശ്മശാനം സ്ഥാപിക്കാനുള്ള അനുവാദം നൽകേണ്ടതു മുനിസിപ്പൽ റഗുലേഷൻ അനുസരിച്ച് മുനിസിപ്പാലിറ്റികൾ തന്നെയാണ്. കൂലംകഷവും നിഷ്പക്ഷവുമായ അന്വേഷണങ്ങൾക്കും പര്യാലോചനകൾക്കുംശേഷം മുനിസിപ്പാലിറ്റി അനുവാദം നൽകി. എന്നാൽ ശ്മശാനം സ്ഥാപിക്കുന്നതിനെ എതിർത്തുകൊണ്ട് ഒരു ഹർജി കിട്ടിയിട്ടുണ്ടെന്നുള്ള ഒഴികഴിവോടുകൂടി ഗവർമെന്റിൽനിന്നും ഇക്കാര്യത്തിൽ ഇടപെട്ടും ഈ മാതിരി കാര്യങ്ങളിൽ മുൻസിപ്പാലിറ്റിയുടെ തീരുമാനം അവസാന തീരുമാനമാകയാൽ ഗവർമെന്റിന്റെ ഈ പ്രവേശനം നിയമവിരുദ്ധമായിട്ടുള്ള ഒന്നാകുന്നു. നിലവിലിരിക്കുന്ന നിയമത്തെ റദ്ദുചെയ്യുകയോ ഭേദഗതിചെയ്യുകയോ ചെയ്യാതെ ഗവർമെന്റിന്റെ ഇഷ്ടാനുസരണം ഏതൊരു റഗുലേഷനെയും ചവുട്ടിതേച്ചുകൊണ്ടു യഥേഷ്ടം പ്രവർത്തിക്കുവാൻതക്കവണ്ണം ഗവർമെന്റു നിയമാതീതമാണെന്നുള്ള ഒരു അവകാശത്തെ സ്ഥാപിക്കുകയാണ് ഗവർമെണ്ടു ഈ നടപടിമൂലം ചെയ്തിരിക്കുന്നത്. ഒരുകൊല്ലം കഴിഞ്ഞിട്ടും ഈ ശ്മശാനകാര്യം ഇന്നും തീരമാനിക്കാതെ ഇട്ടിരിക്കുന്നു.

www.malankaralibrary.com

പൊതു ആരാധനാസ്ഥലങ്ങൾ പണികഴിപ്പിക്കുന്ന കാര്യം 1898 ലെ വിളംബര പ്രകാരം തിരുവിതാംകൂർ പീനൽകോഡ് 182-ാം വകുപ്പിന്റെ പരിധിയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളതുപോലെ ശ്മശാനസ്ഥാപനകാര്യവും മേൽവിവരിച്ചിട്ടുള്ള 1930 ലെ ഗവർമെന്റു ഉത്തരവുംപ്രകാരം പ്രസ്തുത നിയമവകുപ്പിന്റെ പരിധിക്കുള്ളിൽ ആക്കിത്തീർത്തിട്ടുണ്ടെങ്കിലും, അപേക്ഷ തീയതി മുതൽ 90 ദിവസങ്ങൾക്കുള്ളിൽ അപേക്ഷയെപ്പറ്റി ഗവർമ്മെന്റു യാതൊരു തീരുമാനവും ചെയ്തിട്ടില്ലെങ്കിൽ ദേവാലയം പണിതുടങ്ങുന്നതിനു അപേക്ഷകനു അവകാശമുണ്ടെന്നുള്ള 1910 ലെ വിളംബരത്തിൽ കാണിച്ചിട്ടുള്ള കാലക്ലിപ്തനിർണ്ണയംപോലെ യാതൊരു കാലക്ലിപ്തവും ശ്മശാനസ്ഥാപനാപേക്ഷകൾ സംബന്ധമായി 1930 ലെ ഉത്തരവിൽ നിർദ്ദേശിച്ചുകാണുന്നില്ല. ഇന്നത്തെ ദിവാൻ മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ രക്ഷാധികാരത്തിലാണ് ഈ ഗവർമെന്റു ഉത്തരവ് ഉണ്ടായിട്ടുള്ളതെന്നു പ്രത്യയജന്യമാകുന്നു.

ഈ പരിതസ്ഥിതികളിലാണു നിയമസഭയിലെ വൈക്കം പ്രതിനിധിയായിരുന്ന മിസ്റ്റർ മാത്യു മുരിക്കൻ ഔചിത്യത്തോടും കാര്യബോധത്തോടുംകൂടി നിശിതമായ ഭാഷയിൽ ഭംഗിയായി ഈ വിഷയത്തെക്കുറിച്ചു ചുവടെചേർക്കുന്നപ്രകാരം നിയമസഭായോഗത്തിൽ പ്രസ്താവിക്കുകയുണ്ടായിട്ടുള്ളത്:-

"നമ്മുടെ ഗവർമ്മെണ്ടു ചില ചട്ടങ്ങളും നിയമങ്ങളും നടപ്പിൽവരുത്തുന്നതിന്റെയും ആ ചട്ടങ്ങളും നിയമങ്ങളും പ്രയോഗിച്ചുവരുന്നതിന്റെയും അസാധാരണമൊ പ്രത്യേകവിധമൊ ആയ സമ്പ്രദായംകൊണ്ടു, ജനങ്ങളുടെ കാതലായ അവകാശങ്ങളിൽ ഇടപെടുന്നതിന് ഗവർമ്മെണ്ടു മുൻകൂട്ടി തീർച്ചപ്പെടുത്തി പുറപ്പെട്ടിരിക്കുകയാണെന്ന് ഏതൊരുവനും ബോദ്ധ്യമാകുന്നതാണ്. ദൃഷ്ടാന്തമായി, ദേവാലയങ്ങൾ സ്ഥാപിക്കുവാൻ ഗവർമെണ്ടിന്റെ അനുമതിവാങ്ങുന്നതുസംബന്ധിച്ചു ജനസാമാന്യം അനുഭവിച്ചുവരുന്ന അസാമാന്യമായ ബുദ്ധിമുട്ടുകളിലേയ്ക്കു ഗവർമ്മെണ്ടിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു. മതസ്വാതന്ത്ര്യം പണ്ടുകാലംമുതൽക്കേ നമ്മുടെ ഭരണാധിപന്മാരാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും അതിനായി അനേകം യുദ്ധങ്ങൾ തന്നെ നടന്നിട്ടുള്ളതും അനേകംപേർ രക്തസാക്ഷികളായി മരിച്ചിട്ടുള്ളതുമാകുന്നു. നമ്മുടെ സംസ്ഥാനത്തു ദേവാലയങ്ങൾ സ്ഥാപിക്കുവാൻ അനുമതിവാങ്ങുക പരമാർത്ഥത്തിൽ അസാദ്ധ്യമായ ഒരു കാര്യമായിത്തീർന്നിട്ടുണ്ട്. ഹജ്ജുരാഫീസിലെ ഗവർമ്മെണ്ടു റിക്കാർഡുകൾ പരിശോധിക്കുന്നതായാൽ, അനേകം അപേക്ഷകൾ നിരസിക്കപ്പെട്ടിരിക്കുന്നതായും അനേകംഎണ്ണം വെറും നിസ്സാരകാരണങ്ങളെ അടിസ്ഥാനമാക്കി തീർച്ചചെയ്യപ്പെടാതെ ഇട്ടിരിക്കുന്നതായും കാണാൻ സാധിക്കുന്നതാണ്. ദേവാലയം സ്ഥാപിക്കുന്നതിനായുള്ള ഒരു അപേക്ഷ ഗവർമ്മെണ്ടിലേക്കു ചെല്ലുമ്പോൾ അത് ഒരു ചൂതുകളി സ്ഥലത്തിനാണെന്നോണം ശങ്കയോടെ ഗവർമ്മെണ്ടു അതിനെ പരിഗണിക്കുന്നു. ഒരു അപേക്ഷകിട്ടുമ്പോൾ അതിനെ അതിന്റെ സ്വാഭാവിക നിലയിൽതന്നെ പരിഗണിക്കണമെന്നാണ് ഞാൻ പറയുന്നത്. ഇപ്പോൾ ഈ വിഷയം പാർവ്വത്യകരന്റെ നിയന്ത്രണത്തിലാകുന്നു. അപേക്ഷകിട്ടുമ്പോൾ പാർവ്വത്യകാരനോടാണ് സ്ഥലത്തുപോയി അന്വേഷിക്കുവാൻ ആജ്ഞാപിക്കുന്നത്. പാർവ്വത്യകാരൻ നാമമാത്രമായ ഒരു അന്വേഷണം നടത്തുകയും അപ്രകാരം പാർവ്വത്യകാരൻ നൽകുന്ന വിവരങ്ങളെ അടിസ്ഥാനപ്പെ

www.malankaralibrary.com

ടുത്തി മേലധികാരികൾ പ്രവർത്തിക്കയും ചെയ്യുന്നു. ഇത് മതസ്വാതന്ത്ര്യങ്ങളിൽ ഗൗരവാവഹമായുള്ള ഒരു കൈകടത്തലാകുന്നു." (തിരുവിതാംകൂർ നിയമസഭാനടപടികൾ) വാല്യം 15 (പുറം 564).

മറ്റു ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ മതസഹിഷ്ണുതാപരമായി എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നുള്ളതിന് താരതമ്യേന ദൃഷ്ടാന്തീകരിക്കുന്നതിനായി കപ്പൂർത്തല സംസ്ഥാനത്ത് ഈ അടുത്തകാലത്തുണ്ടായ ഒരു സംഭവത്തെക്കുറിച്ച് ഇവിടെ കുറഞ്ഞൊന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഏതാനും മാസങ്ങൾക്ക് മുൻപ് തന്റെ മുസ്ലീമങ്ങളായ പ്രജകളുടെ ഉപയോഗത്തിനായി പൊതുഖജനാവിൽനിന്നും പണം ചെലവാക്കി തന്റെ തലസ്ഥാന നഗരത്തിൽ രമണീയമായ ഒരു മുസ്ലീംദേവാലയം കപ്പൂർത്തലമഹാരാജാവ് പണികഴിപ്പിച്ച് അതിന്റെ ഉൽഘാടനം വളരെ ആഘോഷത്തോടുകൂടി നടത്തുകയുണ്ടായി. കപ്പുർത്താല മഹാരാജാവിന്റെ ക്ഷണമനുസരിച്ച് ഈ ദേവാലയത്തിന്റെ ഉത്ഘാടനകർമ്മം നിർവ്വഹിച്ചത് ഭവൽപുരത്തിലെ നബാവായിരുന്നു. ഈ മഹനീയ സന്ദർഭത്തിൽ മഹാരാജാവ് കുറെകൂടി മഹനീയങ്ങളായ അഭിപ്രായങ്ങളാണ് പുറപ്പെടുവിക്കുകയുണ്ടായത്. മഹാരാജാവു തദവസരത്തിൽ ചെയ്ത ശ്രദ്ധാർഹവും പ്രശംസനീയവുമായ പ്രസംഗത്തിന്റെ ചുരുക്കം ഇപ്രകാരമാണ്:- "ഈ തലസ്ഥാന നഗരിയിൽ ഹിന്ദുക്കൾക്കായി എന്റെ പൂർവ്വികന്മാർ ഒരു വലിയക്ഷേത്രം പണികഴിപ്പിച്ചിട്ടുണ്ട്. ഏതാനും കാലത്തിനുമുൻപ് എന്റെ സിക്കുപ്രജകൾക്കുവേണ്ടി ഞാൻ തന്നെ ഒരു ഗുരുദ്വാരം പണികഴിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഞാൻ എന്റെ മുസ്ലീം പ്രജകൾക്കായി ഒരു ദേവാലയം പണികഴിപ്പിച്ചിരിക്കുന്നു. ഈ ദേവാലയപണിക്കുവേണ്ടി ഞാൻ 4 ലക്ഷം രൂപാ ചെലവാക്കിയിട്ടുണ്ട്. ഇതിന്റെ മേൽനോട്ടച്ചെലവിനായി പ്രതിവർഷം 3000 രൂപായും ഞാൻ അനുവദിച്ചു കഴിഞ്ഞിരിക്കുന്നു. ദേവാലയത്തിന്റെ പ്രതിവർഷ അറ്റകുറ്റപണികൾ ഗവർമ്മെന്റു ചെലവിൽ നടത്തിക്കൊടുക്കുന്നതിനും ഞാൻ ആജ്ഞാപിച്ചിട്ടുണ്ട്." മൊറോക്കോയിലുള്ള ഒരു ദേവാലയത്തിന്റെ മാതൃകയനുസരിച്ചാണ് ഈ ദേവാലയം പണിയിച്ചിട്ടുള്ളത്. ഇതിന്റെ പണിനടത്തിക്കുന്നതിന് ഫ്രഞ്ചുകാരനായ ഒരു ശില്പശാസ്ത്രവിദഗ്ദ്ധനെ മഹാരാജാവു പ്രത്യേകം ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

ഹിന്ദുമതാവലംബികളല്ലാതിരുന്ന തങ്ങളുടെ പ്രജകളുടെ ഓരോ മതകാര്യങ്ങൾക്കായി തിരുവിതാംകൂറിലെ മഹാരാജാക്കന്മാരും മഹാറാണിമാരും ഒരു ശതവർഷകാലത്തിനു മുൻപ് ചെയ്തുകൊടുത്തുകൊണ്ടിരുന്ന നന്മകളെപ്പറ്റി പര്യാലോചിക്കുമ്പോൾ മുകളിൽ പ്രസ്താവിച്ച കപ്പൂർത്താലസംഭവം എത്രയോ നിസ്സാരമായിരിക്കുന്നു. എന്നാൽ ഇന്നാകട്ടെ ഈ നിലമാറിയിരിക്കുന്നു. ഇന്നത്തെ തിരുവിതാംകൂറിലെ സ്ഥിതി താരതമ്യപ്പെടുത്തുന്നത് കുത്സിതമായ ഒരാക്ഷേപമായി തീരുന്നതായിരിക്കും. കഷ്ടം! ഈ സ്ഥിതി

www.malankaralibrary.com

യിലായിപ്പോയല്ലോ എന്നു വിചാരിച്ചു പരിതപിക്കുകയല്ലാതെ എന്തു ചെയ്യാം. ആധുനിക പുരോഗമനത്തിനു അനുപേക്ഷണീയവും, ദൈവത്തിനുവേണ്ടിയും മനുഷ്യനുവേണ്ടിയും ചെയ്യാവുന്നതിൽവച്ച് ഏറ്റവും മഹത്തായ കർത്തവ്യകടമയ്ക്കു അത്യന്താപേക്ഷിതവും പുരാതനവും ആയ മതസഹിഷ്ണുതയെ ഗർഹണീയമായവിധം നിന്ദയോടുകൂടി വീക്ഷിക്കുന്നതിനു കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലമായി ഇവിടെ ഉൽഭൂതമായിക്കൊണ്ടിരിക്കുന്ന കപടരഞ്ജനാഗർഭമായ നയപ്രഭാവങ്ങൾ ക്രമേണ വർദ്ധിച്ചു സംഗതികളെ താറുമാറാക്കിക്കൊണ്ടിരുന്നു. മതപരമായ വിശ്വാസ സ്വാതന്ത്ര്യത്തെ തടഞ്ഞുനിർത്തുന്ന ദുഷ്ടതാപൂരിതമായ ബലിഷ്ഠപ്രകാരങ്ങളാകുന്ന ഗവർമ്മെന്റു ഉത്തരവിനേയും വിളംബരങ്ങളേയും റദ്ദ് ചെയ്തു നാമാവശേഷങ്ങളാക്കിത്തീർക്കണമെന്നാകുന്നു മതസ്വാതന്ത്ര്യധ്വംസകപരമായ പുതിയനയത്തിനു വിധേയരായി കഴിഞ്ഞുകൂടുന്ന ജനസഞ്ചയത്തിന്റെ അതിയായ ആഗ്രഹമെന്നു ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ദേവാലയങ്ങളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനു ഗവർമെന്റു അനുവാദം വാങ്ങിയിരിക്കണമെന്നു കഠിനമായ ശിക്ഷാവ്യവസ്ഥകൾ സഹിതം നിർബ്ബന്ധിച്ചിട്ടുള്ളതിനാൽ, ഇത്തരത്തിലുള്ള ശിക്ഷാനിയമങ്ങളെ അടിസ്ഥാനമാക്കി കള്ളുഷാപ്പു ലൈസൻസുകളെ നിയന്ത്രിച്ചിട്ടുള്ളതിനോടു ഇതിനെ സാമ്യപ്പെടുത്താമെന്നു വരുന്നതുകൊണ്ട് ദേവാലയങ്ങളും ശ്മശാനങ്ങളും കള്ളുഷാപ്പുകൾക്കു സമമായി പരിഗണിക്കപ്പെട്ടിരിക്കുന്നു. മഹത്തരങ്ങളായ ആധുനിക ആദർശങ്ങളേയും അഭിപ്രായങ്ങളേയും കരുതിപൊതു ആരാധനാസ്ഥലങ്ങളേയും സ്ഥാപനങ്ങളേയും പറ്റിയുള്ള നിരോധനങ്ങളെ റദ്ദ് ചെയ്യാത്തപക്ഷം, ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഗൗരവമായും വേഗതയിലും വർദ്ധിച്ചുവരുന്ന അഴിമതി, അക്രമം, കൈക്കൂലി ആദിയായ വൈകല്യങ്ങളെ ഇല്ലായ്മചെയ്തു തിരുവിതാംകൂറിലെ ഔദ്യോഗികാന്തരീക്ഷത്തെ മലീമസമാക്കിത്തീർക്കാതിരിക്കാനെന്നുള്ള സാധാരണക്ഷേമത്തെയെങ്കിലും മുൻനിറുത്തി ഈ നിരോധനങ്ങളെ നാമാവശേഷങ്ങളാക്കിത്തീർക്കേണ്ടതാണ്. ഈ കാര്യങ്ങളെ എല്ലാ അന്ത്യമായി അപഗ്രഥിച്ചുനോക്കിയാൽ ഇതൊക്കെയും സ്വാർത്ഥപരന്മാരായ ഏതാനും ചില മതഭ്രാന്തന്മാരുടെ സുഖലോലുപത്തിനായിട്ടുള്ളവയാണെന്നുകാണാം. 1900 ൽ തിരുവിതാംകൂർ സന്ദർശിച്ച വൈസ്രോയി കഴ്സൺപ്രഭു വിവരിച്ചതിൽ കൂടുതൽ ഭംഗിയായി മതസഹിഷ്ണുതയെക്കുറിച്ചു പറയാൻ കഴിയുന്നതല്ല. തിരുവനന്തപുരത്തുവച്ച് നടത്തിയ ബാങ്കറ്റു പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു:-

"ഒരു കാര്യത്തിൽ മഹാരാജാവിന് അസാധാരണ ഉത്തരവാദിത്വമുള്ള ഒരു നിലയാണുള്ളത്. എന്തുകൊണ്ടെന്നാൽ അവിടന്ന്, തമ്മിൽ തമ്മിൽ വളരെ അകൽച്ചയുള്ള പല വർഗ്ഗക്കാരടങ്ങിയ ഒരു ജനസമൂഹത്തിന്റെ ഭരണാധിപനായിരിക്കയും പ്രത്യേകതരത്തിലുള്ള വിവിധ മതങ്ങളുടെ പ്രാതിനിധ്യം വഹിക്കയും ചെയ്യുന്നു. ഇപ്രകാരമുള്ള ഒരു സംഗതിയിൽ, സാധുക്കളോടു ദയവോടും എല്ലാവരോടും നീതിയോടെയും

www.malankaralibrary.com

സഹിഷ്ണുതയോടെയും വർത്തിക്കുന്നു എന്നുതിനേക്കാൾ ഉൽകൃഷ്ടമായ ഒരു ആഗ്രഹം ഒരു രാജാവിന് ഉണ്ടാകാനില്ല. രാജ്യങ്ങളുടെ ചരിത്രത്തിൽ, മതവിഷയമായ അസഹിഷ്ണുതമൂലമുണ്ടാകുന്ന ചാപല്യങ്ങളെയോ ഇടുങ്ങിയ മനസ്ഥിതിയെയോ ജയിച്ച്, ഏറ്റവും സാധുക്കളായവരുൾപ്പെടെയുള്ള എല്ലാ വർഗ്ഗക്കാരായ ജനങ്ങളോടും തുല്യമായ കാരുണ്യബുദ്ധിയോടെയും തുല്യമായ നീതിബോധത്തോടെയും വർത്തിച്ചിട്ടുള്ള ഭരണാധിപന്മാരേയാണ് ലോകം പരമ്പരയായി ബഹുമാനപൂർവ്വം അനുസ്മരിച്ചു പോരുന്നത്." (തിരുവിതാംകൂർ സ്റ്റേയിറ്റ് മാനുവൽ)

കത്തോലിക്കരോടു പ്രദർശിപ്പിച്ചുപോരുന്ന അന്യായങ്ങളിൽ അവരെ ഏറ്റവും ഉൽകണ്ഠാകുലരാക്കിത്തീർക്കുന്നതും ഏതു ത്യാഗകർമ്മത്തിനു തന്നെയും അവരെ പ്രേരിപ്പിക്കുന്നതും അവരുടെ മതവിശ്വാസങ്ങളിൽ അനാവശ്യമായി ആരെങ്കിലും കൈകടത്തുമ്പോൾ ആണ്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിൽ, ഗവൺമെന്റിന്റെ സംരക്ഷണയിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലമായി അത്തരത്തിലുള്ള ഒരു സ്ഥിതി ബീജാവാപം ചെയ്തു ക്രമപ്രവൃദ്ധമായി വളർന്നുവന്നിരിക്കുന്നു. മറ്റു ജാതിക്കാർക്കോ മതാവലംബികൾക്കോ ദോഷകരമായിത്തീരത്തക്ക ഒരു സ്വാതന്ത്ര്യം വേണമെന്നല്ലാ തിരുവിതാംകൂറിലെ കത്തോലിക്കർ ആവശ്യപ്പെടുന്നത്. ഇക്കാര്യത്തിൽ പുതുതായ ഒരു നയം സ്വീകരിക്കണമെന്നു അവർ ആഗ്രഹിക്കുകയോ ആവശ്യപ്പെടുകയോ പോലും ചെയ്യുന്നുമില്ല. 1829, 1898, 1910 എന്നീ കൊല്ലങ്ങളിലെ വിളംബരങ്ങൾ, 1930 – ലെ ഗവൺമെന്റു ഉത്തരവ് എന്നിവമൂലം വർദ്ധമാനമായരീതിയിൽ ക്ഷതപ്പെടുത്തിക്കൊണ്ടിരിക്കുകയും ഉല്ലംഘിക്കുകയും ചെയ്തുവരുന്ന ഇന്നത്തെ നയത്തിനു മുൻപ് ഈ സംസ്ഥാനത്തു അനുവർത്തിച്ചു പോന്നിരുന്ന ആ പഴയ പ്രശസ്ത നയത്തിലേയ്ക്കു ഗവൺമെന്റു പിൻതിരിയണമെന്നേ കത്തോലിക്കർ ആവശ്യപ്പെടുന്നുള്ളു. ഈ വിഷയത്തിൽ ഗവൺമെന്റു പുതുതായി ഈ രാജ്യത്തിലേയ്ക്കു ഇറക്കുമതിചെയ്തിട്ടുള്ള അഭിപ്രായങ്ങളേയും ഗവൺമെന്റിന്റെ അനാവശ്യനടപടികളേയും അതുകളെ ഏറെക്കുറെ വിജയകരമാക്കിത്തീർക്കാൻ സഹായിച്ചിട്ടുള്ള ഗവൺമെന്റിന്റെ ഇന്നത്തെ നയത്തേയും കത്തോലിക്കർക്കു എതിർക്കാതിരിയ്ക്കാൻ നിവൃത്തിയില്ല. ഗവർമെന്റു കുറേകൂടി സഹിഷ്ണുതയോടുകൂടി അവശ്യം പെരുമാറേണ്ടതിനു പകരം സംസ്ഥാനത്തിലെ മാമൂൽ പ്രിയന്മാരായ സവർണ്ണഹിന്ദുക്കളേക്കാൾ കലശലായി വർഗ്ഗീയ പ്രതിപത്തിയെ താലോലിക്കുന്നതിൽ ഉൽസുകരാണെന്നുള്ളതാണ് കത്തോലിക്കർക്കു ഏറ്റവും അസ്വാസ്ഥ്യജനകമായി പരിണമിച്ചിരിക്കുന്നത്. വിവാദവിളംബരങ്ങളും ഗവൺമെന്റു ഉത്തരവും നിയമസംഹിതയിൽ ഉള്ളിടത്തോളം കാലം സംസ്ഥാനത്തു സമാധാനമോ വർഗ്ഗീയ കലഹങ്ങളുടെ അഭാവമോ മതസ്വാതന്ത്ര്യമോ ഉണ്ടായിരിക്കുന്നതല്ല. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അവരുടെ മതവിശ്വാസങ്ങളേയും ഏതൽസംബന്ധമായ കർമ്മാനുഷ്ഠാനങ്ങളേയും പരസ്യമായി നിർവ്വഹിക്കുന്നതിന്

www.malankaralibrary.com

അവർക്കുള്ള രണ്ടു പ്രധാന ഉപകരണങ്ങളാണ് അവരുടെ ദേവാലയങ്ങളും ശ്മശാനസ്ഥലങ്ങളും. അവരുടെ വിദ്യാഭ്യാസപരിശ്രമങ്ങളും ഇതിൽ ഉൾപ്പെടുമെങ്കിലും അതെപ്പറ്റി പിന്നീടു പ്രസ്താവിക്കുമെന്നതിനാൽ ഇപ്പോൾ പ്രതിപാദിക്കുന്നില്ല. ഈ വക കാരണങ്ങൾകൊണ്ടു മതസ്വാതന്ത്ര്യപരങ്ങളായ ഈ വാദ വിഷയങ്ങളിൽ തിരുവിതാംകൂറിലെ കത്തോലിക്കർ അലക്ഷ്യമായി വർത്തിക്കുന്നതായാൽ അവർ വിശ്വാസസ്ഥിരതയില്ലാത്തവരും ജീവിതത്തിലെ ഏറ്റവും വിലപിടിച്ചതും രമ്യങ്ങളും ആയ സകലതിനോടും കളങ്കമായി പെരുമാറുന്നവരും ആയിത്തീരുന്നതായിരിക്കും.

# 2. തിരുവിതാംകൂർ പബ്ളിക്ക് സർവീസ്

പബ്ളിക്ക് സർവീസിൽ ശരിയായ പ്രാതിനിധ്യമില്ലെന്നുള്ളതാണ് തിരുവിതാംകൂറിലെ കത്തോലിക്കരുടെ സർവപ്രധാനമായ സങ്കടം. ഇതിൽനിന്നും, ഇതിന്റെ യഥാർത്ഥ ഉൽപ്പത്തിയിൽനിന്നും വലുതും ചെറുതുമായ മറ്റു എല്ലാവിധ ദൂഷ്യങ്ങളും ഉൽഭൂതമായി നിസ്സഹായരായ ഈ ജനവിഭാഗത്തെ പ്രീണിപ്പിച്ചുകൊണ്ടിരിക്കുന്നു. ദീർഘകാലമായി തുടരെ കത്തോലിക്കരോടു പ്രവർത്തിച്ചുപോരുന്ന അന്യായങ്ങളും അസമത്വങ്ങളും കാരണം, അവരുടെ മതവിശ്വാസങ്ങളിലുള്ള കൈകടത്തുലുകളേയും, സാന്മാർഗ്ഗികമായും അധ്യാത്മികമായും ഉള്ള അവരുടെ പുരോഗമനത്തെ തടഞ്ഞുനിറുത്തുന്നതിനേയും, വിദ്യാഭ്യാസപരമായും സാമുദായികമായും സാമ്പത്തികമായും അവർ തുടങ്ങീട്ടുള്ള നിരവധി സംരംഭങ്ങൾക്കു നാമമാത്രം നൽകിപ്പോരുന്ന സഹായങ്ങളേയും, പലപ്പോഴുമുണ്ടാക്കുന്ന മനഃപൂർവ്വതടസ്സങ്ങളേയും കുറിച്ചു കത്തോലിക്കർ പുറപ്പെടുവിക്കുന്ന പ്രതിഷേധങ്ങൾ വേണ്ടുവോളം ന്യായീകരിക്കപ്പെട്ടിരിക്കുന്നു. ഈവക ഉപദ്രവങ്ങളെക്കുറിച്ച് ഗവൺമെന്റിനെതന്നെയാണ് എത്രയും ശരിയായി കുറ്റപ്പെടുത്തിപോരുന്നത്. എന്നാൽ ഏറിയ കൂറും കുറ്റം സ്ഥിതിചെയ്യുന്നത് കീഴുദ്യോഗസ്ഥന്മാരിലാണെന്നുള്ള പരമാർത്ഥത്തെ മറയ്ക്കാവുന്നതോ നിഷേധിക്കാവുന്നതോ അല്ല. സാധാരണമുറയിൽ കീഴുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടനുസരിച്ച് ഗവൺമെന്റു പ്രവർത്തിക്കുകയോ പ്രവർത്തിക്കാതിരിക്കുകയോ ആണല്ലോ ചെയ്തുവരുന്നത്. എന്നാൽ റിപ്പോർട്ടു ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ വൈരത്തെപ്പറ്റിയോ സമുദായ സ്പർദ്ധയെപ്പറ്റിയോ ഗവൺമെന്റു അറിഞ്ഞെന്നു വരുന്നതല്ല. ഇതിന്റെ ഫലമായി അപരിഹാര്യമായവിധമുള്ളതും ഇടവിടാതെയുള്ളതുമായ പീഡനം കീഴുദ്യോഗസ്ഥന്മാരിൽനിന്നും ഉണ്ടാകുന്നു. ഉദ്യോഗസോപാനങ്ങളിൽ കത്തോലിക്കർക്കു വേണ്ട പ്രാതിനിധ്യം ലഭിക്കുകയും അവരുടെ ജനസംഖ്യാനുരൂപമായ രാഷ്ട്രീയാധികാരം അവർക്കു ലബ്ധമാവുകയും ചെയ്തിരുന്നുവെങ്കിൽ അവർ പകരം വീട്ടിയേക്കുമെന്നുള്ള ഭീതി, ഭരണം ന്യായമായ രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനു പ്രബലമായി സഹായിക്കു

www.malankaralibrary.com

മായിരുന്നു. ഇപ്പോൾ മദ്രാസ് പബ്ലിക്കു സർവീസു കമ്മീഷനിലെ ഒരംഗമായിരുന്ന മിസ്റ്റർ എം. രത്നസ്വാമി, എം.എ. ബാർ - അറ്റ്ലാ, 1927 ൽ പാലായിൽവച്ചു നടന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസ് സമ്മേളനത്തിൽവച്ച് ചെയ്ത അധ്യക്ഷപ്രസംഗത്തിൽ പബ്ളിക്ക് സർവീസിൽ അവശ്യം ഉണ്ടായിരിക്കേണ്ട സമുദായ പ്രാതിനിധ്യത്തിന്റെ പ്രാധാന്യതയെക്കുറിച്ച് ചുവടെ ചേർക്കുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"കൊച്ചിയിലേയും തിരുവിതാംകൂറിലെയും പബ്ലിക്സർവ്വീസുകളിൽ കത്തോലിക്കർക്കു പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതിനെപ്പറ്റി കഴിഞ്ഞ കോൺഗ്രസ്സുകളിൽ സവ്യഥം ഏതാനും നിശ്ചയങ്ങൾ പാസ്സാക്കിയിട്ടുള്ളതായി ഞാൻ കാണുന്നുണ്ട്. ഏതത്സംബന്ധമായി ഒരു മെമ്മോറിയൽ തിരുവിതാംകൂറിലെ റീജന്റ് മഹാറാണിയുടെ സന്നിധിയിൽ സമർപ്പിച്ചിട്ടുള്ളതായും ഞാൻ കാണുന്നു. ഈ അവകാശവാദം ജോലി കിട്ടാഞ്ഞിട്ടുള്ള ഒരു വെറും ബഹളമാണെന്നു സാധാരണ ഗണിക്കപ്പെടാറുണ്ട്. അർഹതയുള്ളതിൽ അധികം ഉദ്യോഗങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്ന സമുദായക്കാർ വിശേഷിച്ചും ഇപ്രകാരം കരുതുന്നതാണ്. എന്നാൽ ഭരണസംബന്ധമായ ഉദ്യോഗങ്ങൾ അധികാരസ്ഥാനങ്ങളാകുന്നു. രാഷ്ട്രീയ ഐക്യം പൂർണ്ണമായിട്ടില്ലാത്തതും ഭരണസമ്പ്രദായം ജനങ്ങളെ ഇത്രയധികം ബാധിക്കുന്നതുമായ ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തിൽ വിവിധ സമുദായക്കാർക്കും അവരവർ അർഹിക്കുന്നവിധം പ്രതിനിധികൾ ഇല്ലെങ്കിൽ പ്രസ്തുത അധികാരം ദുഷ്പ്രഭുത്വമായി പരിണമിക്കാൻ വളരെ എളുപ്പമുള്ളതാണ്. വർഗ്ഗീയപ്രാതിനിധ്യത്തിനുവേണ്ടി കാര്യക്ഷമതയെ ബലി കഴിച്ചുകൂടെന്നുള്ളത് വാസ്തവം തന്നെ. എന്നാൽ ഭരണകാര്യക്ഷമതയ്ക്കു വളരെ സഹായിക്കുന്നതായിട്ടാണ് ഒരു രാജ്യത്തിലുള്ള എല്ലാ സമുദായക്കാർക്കും പ്രസ്തുത അധികാരസ്ഥാനങ്ങൾ വീതിച്ചുകൊടുക്കണമെന്നു ഞാൻ വാദിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഭരണവകുപ്പിനെ ഉത്തരോത്തരം നന്നാക്കണമെന്നുള്ള വിചാരത്തോടുകൂടി പരസ്പരം ദോഷങ്ങളെ തടയുകയും മത്സരപൂർവ്വം കാര്യങ്ങൾ നടത്തുകയും ചെയ്യുന്ന വിവിധസമുദായക്കാരുടെ പ്രതിനിധികൾ ഭരണവകുപ്പിലെ അംഗങ്ങൾ ആയിരിക്കുന്നതുകൊണ്ടുള്ളിടത്തോളം കാര്യക്ഷമത മറ്റൊന്നുകൊണ്ടും ഉണ്ടാകുന്നതല്ല. ഭരണകാര്യത്തിൽ ഭാഗഭാക്കുകളാകുന്നതുപോലെ ഒരു സമുദായത്തെ ഒരു രാജ്യത്തോടു അടുപ്പിക്കാൻ തക്കത് മറ്റൊന്നുമില്ല. (അദ്ധ്യക്ഷപ്രസംഗം)

പബ്ലിക് സർവ്വീസിൽ ശരിയായ പ്രാതിനിധ്യം ലഭിക്കുന്നതിനായുള്ള പരിശ്രമത്തിന് തിരുവിതാംകൂറിലെ കത്തോലിക്കരെ പ്രധാനമായി പ്രേരിപ്പിക്കുന്നത് സാമുദായിക ഐശ്വര്യത്തെ വർദ്ധിപ്പിക്കണമെന്നും സമുദായങ്ങൾ തമ്മിലുള്ള മത്സരം ഇല്ലാതാക്കണമെന്നുമുള്ള ആഗ്രഹമാണ്. ഒരു ഗവൺമെന്റുദ്യോഗസ്ഥനുള്ള അധികാരശക്തിയും പ്രഭവപ്രതാപങ്ങളും പ്രാധാന്യതയും അവസ്ഥാബഹുമതികളും ഒരു സാധാരണ പൗരനു അവന്റെ കൌബേര പദവിയ്ക്കോ മറ്റു സാഹചര്യങ്ങൾക്കോ യഥാർത്ഥത്തിൽ ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്നതല്ല. ധനസംബന്ധമായി നോക്കുന്നതായാലും തിരുവിതാംകൂറിൽ മറ്റേതു തൊഴിലിനേയുംകാൾ ഭാവി ഐശ്വര്യങ്ങൾക്കു കൂടുതൽ ആദായകരവും നിശ്ചിതവും ആയ മാർഗ്ഗം ഗവൺമെന്റു ഉദ്യോഗല

www.malankaralibrary.com

ബ്ധിയാണ്. തിരുവിതാംകൂർ പ്രധാനമായും ഒരു കർഷകരാജ്യമാകുന്നു. കാർഷികതൊഴിൽകൊണ്ടുമാത്രം കുബേരന്മാരായിത്തീർന്നിട്ടുള്ളവരായി തിരുവിതാംകൂറിൽ അധികമാരും എന്നല്ല ആരും തന്നെയില്ല. ഇന്നത്തെ നിലയിൽ വാണിജ്യ വ്യവസായങ്ങളിൽ നിന്നും ഉപജീവനത്തിനുള്ള വകയല്ലാതെ കൂടുതലൊന്നും ആശിക്കേണ്ടതായിട്ടില്ല. നേരെ മറിച്ച് പബ്ലിക് സർവീസ് നിജമായ ഒരു വരവിന് സർവസമ്മതം നേടിയിട്ടുള്ള ശരിയായ ഒരു ആദായ മാർഗ്ഗമായിട്ടാണിരിക്കുന്നത്. ബഹുശതം അകത്തോലിക്കാ കുടുംബങ്ങൾ ഇന്നു നല്ല നിലയിൽ കഴിഞ്ഞുകൂടുന്നതിന് കാരണം ആ കുടുംബാംഗങ്ങളിൽ ഇന്നുള്ളവരോ അല്ലാത്തപക്ഷം അവരുടെ അടുത്തകാലത്തേയും പണ്ടത്തേയും ബന്ധുക്കളോ ഗവൺമെണ്ടു സർവീസിൽ ഇരിക്കുന്നതും ഇരുന്നിട്ടുള്ളതും ആണെന്നു സംശയലേശംകൂടാതെ പ്രസ്താവിക്കാവുന്നതാണ്. പല ഗവൺമെന്റുദ്യോഗസ്ഥന്മാർക്കും സമ്പാദിച്ചുകൂട്ടാൻ കഴിഞ്ഞിട്ടുള്ള ധനവും അങ്ങിനെയുള്ള ധനംകൊണ്ട് സുസ്ഥാപിതമാക്കിത്തീർക്കാൻ കഴിഞ്ഞിട്ടുള്ള കൗബേരകുടുംബങ്ങളും വെളിവാക്കുന്നത് ഗവൺമെന്റു ഉദ്യോഗത്തിനുള്ള മോഹം അർത്ഥമില്ലാത്തതല്ലാ എന്നാകുന്നു. സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന ബഹുശതം കത്തോലിക്കാ കുടുംബങ്ങളിൽ പത്തുഇരുപതു എണ്ണം ഒഴികെ ബാക്കിയുള്ളവയുടെ പ്രാഭവങ്ങൾക്കും സ്വത്തിനും കാരണം സ്വപരിശ്രമങ്ങളും അത്യദ്ധ്വാനങ്ങളുമാണെന്ന് കത്തോലിക്കർക്കു എത്രയും ന്യായമായിതന്നെ അഭിമാനിക്കാവുന്നതാണ്. എന്നാൽ പബ്ലിക്ക് സർവീസ് കൊണ്ടു തങ്ങളുടെ സമുദായത്തിനു ഉണ്ടാകാവുന്ന കൂടുതലായ ഭൗതിക ഐശ്വര്യങ്ങളെക്കുറിച്ച് അജ്ഞേയരായി കഴിച്ചുകൂട്ടുവാൻതക്ക ബുദ്ധിഹീനരല്ല കത്തോലിക്കർ. ഈ വസ്തുത നന്നായി ഗ്രഹിച്ചുകൊണ്ടുതന്നെയാണ് തിരുവിതാംകൂർ രാഷ്ട്രീയലീഗ് 1929 ൽ "തിരുവിതാംകൂർ കത്തോലിക്കരുടെ ഇന്നത്തെ രാഷ്ട്രീയനില" എന്ന വിഷയത്തെക്കുറിച്ചു രണ്ടാം നമ്പറായി പുറപ്പെടുവിച്ചിട്ടുള്ള ലഘുപത്രികയിൽ താഴെ കാണുന്ന പ്രകാരം എഴുതിയിട്ടുള്ളത്:-

"ഉദ്യോഗം ഒരു ആദായമാർഗ്ഗമെന്നുള്ളതിനേക്കാൾ അധികാരസ്ഥാനമെന്നുള്ള നിലയിലാണ് അതിന് കൂടുതൽ പ്രാധാന്യമുള്ളത്. ആദായമാർഗ്ഗമെന്ന നിലയിലും അത് ഒട്ടും അവഗണിക്കത്തക്ക ഒന്നല്ല. രണ്ടരക്കോടിയോളം രൂപാ മുതലെടുപ്പുള്ള ഈ രാജ്യത്ത് ഒരുകോടിയോളം രൂപാ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും പടിയുമായി പോകുന്നുണ്ടെങ്കിലും അതിന്റെ ആറിലൊന്നോളം ന്യായമായി കിട്ടേണ്ട കത്തോലിക്കാ സമുദായത്തിന് നൂറിൽ ഒന്നുപോലും കിട്ടുന്നില്ല. ഇതു നമ്മുടെ സാമ്പത്തികാവസ്ഥയെയും ആത്മാഭിമാനത്തെയും സാരമായി ബാധിക്കുന്ന ഒരു കാര്യമാണ്."

കത്തോലിക്കരും മറ്റു ക്രിസ്ത്യാനികളും തമ്മിൽതമ്മിൽ സ്വാഭാവികമായും രൂഢമൂലമുള്ള വ്യത്യസ്തങ്ങളോടുകൂടിയവരാണ്. ഇക്കാരണത്താൽ കത്തോലിക്കർക്കു പ്രത്യേകം ഒരു സമുദായമായിതന്നെ ജീവിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കർക്കു മറ്റു ക്രിസ്ത്യാനികളുമായി യോജിച്ചു പ്രവർത്തി

www.malankaralibrary.com

ക്കാവുന്ന പൊതുക്കാര്യങ്ങൾ, അവർക്കു ഹിന്തുക്കളോടും മുസ്ലീമങ്ങളോടും യോജിച്ചു പ്രവർത്തിക്കാവുന്നതിൽ അധികം വ്യത്യസ്തങ്ങളായിട്ടുള്ളതോ വിപുലങ്ങളായിട്ടുള്ളതോ അല്ല. മൊത്തത്തിൽ നോക്കുന്നതായാൽ അകത്തോലിക്കാ ക്രൈസ്തവവിഭാഗങ്ങൾ തമ്മിൽ തമ്മിൽ മൗലികമായ വ്യത്യസ്തങ്ങളോടു കൂടിയവരല്ലെന്നു കാണാവുന്നതാണ്. അവർക്കു അവരുടെയിടയിലുള്ള ഏതൊരു വിഭാഗക്കാരുടെ ദേവാലയങ്ങളിലും ആരാധന നടത്തുന്നതിനും, അവരുടെ ശ്മശാനങ്ങളെ ഉപയോഗിക്കുന്നതിനും പരസ്പരം വിരോധമില്ലാത്തതാകുന്നു. മിശ്രവിവാഹം അവരുടെയിടയിൽ സർവ്വസാധാരണമാണ്. കത്തോലിക്കരും മറ്റു ക്രിസ്തീയ വിഭാഗക്കാരും തമ്മിലുള്ള വലുതായ ഈ അകൽച്ചയെ യൂറോപ്പിലെ മതമാത്സര്യചരിത്രം ധാരാളം തെളിയിക്കുന്നു. കത്തോലിക്കർക്കു എതിരായി മറ്റുവിഭാഗക്കാരായ ക്രിസ്ത്യാനികൾ എല്ലാം ഒന്നുചേരുന്നതിനു അവർക്കു അതിയായ ഉൽകണ്ഠയാണുള്ളതും. കത്തോലിക്കരുടെ പ്രത്യേകമായ ഈ നിലയ്ക്കുള്ള കാര്യകാരണങ്ങളെക്കുറിച്ച് ഇവിടെ ഇപ്പോൾ പ്രസ്താവിക്കേണ്ടയാവശ്യമില്ല. ചരിത്രരേഖകളും ജീവിച്ചിരിക്കുന്ന കത്തോലിക്കാ സഭാധികൃതരും മുഖേന ഈ വസ്തുത വേണ്ടവിധം ഗ്രഹിക്കാൻ കഴിയുന്നതാണ്.

കത്തോലിക്കർക്കു ഇത്ര വലുതായ ഒരു വ്യത്യസ്തനില ഉണ്ടായിരുന്നിട്ടും സമുദായപ്രാതിനിധ്യമനുസരിച്ച് കത്തോലിക്കരെ ഒരു പ്രത്യേക സമുദായമായി തിരുവിതാംകൂർ ഗവൺമെന്റിനെക്കൊണ്ട്, പരിഗണിപ്പിക്കുന്നതിനു കത്തോലിക്കർക്കു ദീർഘകാലംപ്രക്ഷോഭണം നടത്തേണ്ടിവന്നു. ദിവാൻ മിസ്റ്റർ രാഘവയ്യായുടെ ഭരണാന്ത്യഘട്ടമായ 1924 ൽ ആണു ഗവൺമെന്റിൽ നിന്നും കത്തോലിക്കരെ രാഷ്ട്രീയമായുള്ള ഒരു പ്രത്യേക ജനവിഭാഗമായി പരിഗണിക്കുകയുണ്ടായത്. മിസ്റ്റർ രാഘവയ്യായ്ക്കു എന്തെല്ലാം കുറ്റങ്ങളും കുറവുകളും ഉണ്ടായിരുന്നെങ്കിലും കാര്യകാരണങ്ങൾക്കു വശപ്പെടുന്ന ഒരു മഹാനായിരുന്നു അദ്ദേഹം.

തിരുവിതാംകൂറിൽ ഇന്നു ആകെയുള്ള 50 ലക്ഷം ജനങ്ങളിൽ 8 ലക്ഷം പേർ കത്തോലിക്കരാകുന്നു. ഇതിൽനിന്നും ഇവരുടെ സംഖ്യ ആകെയുള്ളതിൽ ആറിൽ ഒരു ഭാഗമാണെന്നു കാണാം. ആരുടെ ശ്രദ്ധയേയും അർഹിക്കുന്ന ഒരു സംഖ്യയാണല്ലോ ഇത്. കത്തോലിക്കരുടെ അവകാശങ്ങളെ അവഗണിക്കുകയും അതേകാലത്തുതന്നെ രാജ്യത്തിന്റെ അഭിവൃദ്ധിയെ ത്വരിതപ്പെടുത്തുകയും ചെയ്യാനുള്ള ശ്രമങ്ങൾ നിശ്ചയമായും പരാജയത്തിൽ കലാശിക്കുകയോ ഉള്ളു. ഈ മാതിരി ഒരു വമ്പിച്ച ജനവിഭാഗത്തിനു, പ്രത്യേകിച്ചും അവരെപ്പോലെ തന്നെ അവശതകൾ അനുഭവിച്ചുപോരുന്നവരും ജനസംഖ്യയുടെ അഞ്ചിൽ മൂന്നു ഭാഗം വരുന്നവരും ആയ ഒര ജനവിഭാഗത്തിന്റെ വേണ്ട പിൻബലത്തോടുകൂടി, അവരുടെ ദീർഘകാലസങ്കടങ്ങളിൽ നിന്നും അവരെപ്പറ്റിയുള്ള അവജ്ഞയിൽനിന്നും മോചനം ലഭിക്കുന്നതിനു ഇന്നല്ലെ

www.malankaralibrary.com

ങ്കിൽ ഇനി ഒരിക്കൽ ഗവൺമെന്റിനെ വിഷമിപ്പിക്കാൻ കഴിയുമെന്നുള്ളത് തീർച്ചയാണല്ലോ. കത്തോലിക്കരുടെ അവകാശങ്ങളെ തെളിയിക്കാൻ വേണ്ടി ചില പ്രധാനസമുദായങ്ങളുടെ പ്രാബല്യതയെ കാണിക്കുന്നതും 1921 ലെ കനേഷുമാരി കണക്കനുസരിച്ച് (ഇക്കൊല്ലത്തെ ജനസംഖ്യകണക്കുകൾ ഇനിയും പുറത്തായിട്ടില്ല) തയ്യാറാക്കീട്ടുള്ളതുമായ ജനസംഖ്യ വിവരം ചുവടെ ചേർത്തുകൊള്ളുന്നു:-

| | | |
|---|---|---|
| സംസ്ഥാന ജനസംഖ്യ | 40.06 | ലക്ഷം |
| ബ്രാഹ്മണർ | .45 | ലക്ഷം |
| നായന്മാർ | 6.90 | ലക്ഷം |
| കത്തോലിക്കർ | 6.11 | ലക്ഷം |
| മറ്റു ക്രിസ്ത്യാനികൾ | 5.61 | ലക്ഷം |

തിരുവിതാംകൂർ പബ്ളിക്ക് സർവീസിൽ കത്തോലക്കർക്കുള്ള സ്ഥാനം എന്തെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാകത്തക്കവണ്ണം വിശദമാക്കുന്നതിനു സ്ഥിതിവിവരക്കണക്കുകളെ പട്ടികരൂപത്തിൽ പ്രദർശിപ്പിക്കുന്നതിലും ഫലവത്തായ മറ്റൊരു മാർഗ്ഗവും ഉണ്ടെന്നു തോന്നുന്നില്ല. ഈ ഉദ്ദേശത്തോടുകൂടിയാണു ഗവൺമെന്റു പ്രസിദ്ധീകരണങ്ങളായ തിരുവിതാംകൂർ നിയമസഭാനടപടികൾ, ഗവൺമെന്റു സിവിൽലിസ്റ്റ്, ഗവൺമെന്റ് ആൽമനക് ആൻഡ് ഡയറക്ടറി മുതലായവയിൽനിന്നെല്ലാം വളരെ പണിപ്പെട്ടും കഴിയുന്നത്ര സൂക്ഷ്മമായ നിലയിലും സ്ഥിതിവിവരക്കണക്കുകളടങ്ങിയ പലേ പട്ടികകളും തയ്യാറാക്കീട്ടുള്ളത്. അവയിൽ ഓരോന്നും ഈ മെമ്മോറാണ്ടത്തിന്റെ ഏതൊരുഭാഗത്തോളംതന്നെ പ്രാധാന്യമുള്ളതാണ് എന്നുവരികിലും അച്ചടിസൗകര്യത്തേയും മറ്റും ഉദ്ദേശിച്ചു അവയെ അനുബന്ധമായി ചേർക്കുന്നതിനേ നിർവാഹമുള്ളു. എങ്കിലും ചിലതെല്ലാം ഇടക്കിടെ ചേർത്തു അവയെക്കുറിച്ച് വിമർശനംചെയ്യുന്നതാണ്. വിശദമായ വിവരണം അനുബന്ധം നോക്കിയെങ്കിൽ മാത്രമേ ലഭിക്കയുള്ളു. ആദ്യമായി തിരുവിതാംകൂർ പബ്ളിക്ക്സർവീസിലുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക ചുവടെ ചേർത്തിരിക്കുന്നു:-

| ഡിപ്പാർട്ടുമെന്റുകൾ | ആകെ ഉദ്യോഗസ്ഥന്മാർ | ബ്രാഹ്മണർ 45868 | നായന്മാർ 690495 | കത്തോലിക്കർ 611312 | മറ്റുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| ഹജൂർ | 27 | 11 | 6 | 1 | 4 |
| അക്കൗണ്ടാഫീസ് | 25 | 11 | 5 | 2 | 5 |
| റവന്യൂ | 58 | 24 | 24 | 1 | 4 |
| എക്സയിസ് | 72 | 14 | 35 | 6 | 6 |
| ഫോറസ്റ്റ് | 37 | 9 | 14 | 3 | 6 |
| രജിസ്ട്രേഷൻ | 94 | 15 | 29 | 4 | 29 |
| ജുഡീഷ്യൽ | 115 | 28 | 40 | 6 | 23 |

www.malankaralibrary.com

| | | | | | |
|---|---|---|---|---|---|
| പോലീസ് | 92 | 21 | 33 | 6 | 13 |
| വിദ്യാഭ്യാസം | 503 | 218 | 77 | 25 | 135 |
| കൃഷി | 40 | 7 | 19 | 1 | 6 |
| വ്യവസായം | 15 | 3 | 5 | 1 | 6 |
| മെഡിക്കൽ | 157 | 16 | 43 | 9 | 64 |
| ഹെൽത്ത് | 26 | 5 | 6 | ഇല്ല | 12 |
| പലവക | 24 | 8 | 9 | ഇല്ല | 4 |
| കോ-ഓപ്പറേറ്റീവ് | 29 | 3 | 12 | 2 | 5 |
| പബ്ലിക്ക് വർക്ക്സ് | 119 | 43 | 34 | 4 | 26 |
| അഞ്ചൽ | 10 | 7 | 1 | ഇല്ല | 2 |
| **ആകെ** | **1443** | **443** | **392** | **71** | **350** |
| ഇവരിൽ 150-ം അതിൽ കൂടുതലും രൂപാ ശമ്പളമുള്ളവർ | 515 | 165 | 155 | 25 | 116 |

ഈ പട്ടികയെ അപഗ്രഥിച്ചു ഓരോ ഡിപ്പാർട്ടുമെന്റും പ്രത്യേകം എടുത്തു വിശദീകരണം ചെയ്തുനോക്കുമ്പോൾ മാത്രമേ അസമത്വങ്ങളുടെ ഭയങ്കരത എത്രമാത്രം ഉണ്ടെന്ന് മനസ്സിലാക്കാൻ സാധ്യമാകയുള്ളു. ഉദാഹരണത്തിനായി നീതിന്യായ വകുപ്പിലെ (ജുഡീഷ്യൽ) ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ ചുവടെ ചേർക്കുന്ന ജാതിതിരിച്ചുള്ള പട്ടികനോക്കിയാൽ മതിയാകുന്നതാണ്. മജിസ്ത്രേട്ടധികാരം കൂടിയുള്ള തഹസീൽദാരന്മാരേയും മുൻസിഫന്മാരേയും ഈ പട്ടികയിൽ ഉൾപ്പെടത്തിയിട്ടുണ്ട്.

| ഗ്രെയിഡുകൾ | ആകെ ഉദ്യോഗസ്ഥന്മാർ | ബ്രാഹ്മണർ 45868 | നായന്മാർ 650495 | കത്തോലിക്കർ 611312 | മറ്റുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| ഹൈക്കോടതി ജഡ്ജിമാർ | 6 | 1 | 2 | 1 | 2 |
| ഡിസ്ട്രിക്ജഡ്ജിമാർ | 15 | 3 | 4 | 1 | 4 |
| ഡിസ്ട്രിക്ട് മുൻസിഫന്മാർ | 40 | 12 | 15 | ഇല്ല | 8 |
| സർക്കാർവക്കീലന്മാർ | 15 | 3 | 4 | 1 | 2 |
| 2-ാംക്ലാസ് മജിസ്ത്രേട്ടന്മാർ | 27 | 10 | 6 | 3 | 3 |
| 1-ാംക്ലാസ് മജിസ്ത്രേട്ടന്മാർ | 14 | 9 | 5 | ഇല്ല | ഇല്ല |
| ഡിസ്ട്രിക് മജിസ്ത്രേട്ടന്മാർ | 5 | 3 | 1 | ഇല്ല | 1 |
| ലാക്കാളജ് ഉദ്യോഗസ്ഥന്മാർ | 8 | 1 | 4 | ഇല്ല | 2 |
| പലവക | 15 | 4 | 8 | ഇല്ല | 2 |
| ആകെ | 145 | 46 | 49 | 6 | 24 |

മേൽ പട്ടികകളിൽനിന്നും പ്രഥമമായി തോന്നുന്ന അഭിപ്രായം ഭരണം

www.malankaralibrary.com

എന്നും തങ്ങളുടെ കൈയ്യിൽതന്നെ ഇരിക്കണമെന്നുള്ള ദുർമ്മോഹത്തെ ആസ്പദമാക്കി തിരുവിതാംകൂർ രാജ്യഭരണം തലമുറതലമുറകളായി ഒരു കൂട്ടക്കാർ തന്നെ നടത്തിപ്പോരുന്നു എന്നാണ്. ഇതിനായി അവർ സ്വന്തബന്ധുജനങ്ങളേയും സമുദായക്കാരേയും പ്രോത്സാഹിപ്പിച്ചു പോരുന്നു. ഇതിന്റെ ഫലമായി അവരുടെ കീഴുദ്യോഗസ്ഥന്മാരും സ്വാർത്ഥലാഭത്തേയും സ്വസമുദായലാഭത്തേയും കരുതി തങ്ങളുടെ ബന്ധുക്കളേയും സ്വസമുദായക്കാരേയും കഴിയുന്നത്ര എല്ലായിടത്തും നിയമിച്ചുപോരുന്നു. തിരുവിതാംകൂറിൽ പുരോഗമനരീതിയിലുള്ള പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തീട്ടുണ്ടെന്നുള്ളത് വാസ്തവംതന്നെ. ഉദാഹരണത്തിനു, വിദ്യാഭ്യാസവിഷയത്തിൽ ഈ സംസ്ഥാനം താരതമ്യേന വളരെ പുരോഗമനം ചെയ്തിരിക്കുന്നു. എന്നാൽ പബ്ളിക്ക് സർവീസിൽ പൂർണ്ണമായും പ്രസ്പഷ്ടമാക്കിയിരിക്കുന്ന വിധത്തിലുള്ള ഗവൺമെന്റിന്റേയും അവരുടെ ഉദ്യോഗസ്ഥന്മാരുടേയും സന്മാർഗ്ഗനിരത അനുമോദനീയമല്ലെന്നു മാത്രമല്ല ആക്ഷേപാർഹമായും തീർന്നിരിക്കുന്നു. വിദ്യാഭ്യാസഫലമായുണ്ടാകുമെന്നു പറയപ്പെടുന്ന മനോവികാസം ഉണ്ടായിട്ടില്ലെന്നുതന്നെയല്ല തൽസ്ഥാനത്തു പ്രദർശിതമായിത്തീർന്നിരിക്കുന്നത് എന്തു പ്രവർത്തിച്ചും അന്യായമായ ലാഭം ഉണ്ടാക്കണമെന്നുള്ള ഒരു ദുർമ്മോഹമനസ്ഥിതിയുമാണ്. ഈവക പരിഷ്കാരപദ്ധതികളുടെ നിർമ്മിതാക്കളായ ഓരോ ഭരണകർത്താക്കൾ ഈ ഓരോ പദ്ധതികൾ നടപ്പിൽ വരുത്തിയപ്പോൾ തന്നെ വിവിധ ഉദ്യോഗങ്ങൾ സൃഷ്ടിച്ച തങ്ങളുടെ ബന്ധുക്കളേയും, സ്വസമുദായങ്ങളേയും തൃപ്തിപ്പെടുത്താൻ കഴിയുമല്ലൊ എന്നുകൂടി ആലോചിച്ചിരിക്കണം എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ 503 ഉയർന്ന ഉദ്യോഗങ്ങളിൽ 25 എണ്ണം മാത്രമേ കത്തോലിക്കർക്കുള്ളു. സംസ്ഥാനത്ത് വിദ്യാഭ്യാസ വിഷയത്തിൽ വിവിധ സമുദായങ്ങൾ ചെയ്തുവരുന്ന പരിശ്രമങ്ങളിൽ കത്തോലിക്കരെ ജയിക്കാനൊ അവരുടെ അടുത്തുപോലും വരുന്നതിനോ മറ്റൊരു സമുദായത്തിനും തന്നെ സാധിച്ചിട്ടില്ല.

1930-ൽ ചേർത്തലവച്ചു നടന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസ് സമ്മേളനത്തിൽവച്ച് മദ്രാസ് ഗവൺമെന്റിന്റെ ഒരു മന്ത്രിയായിരുന്ന ദിവാൻ ബഹദൂർ ആർ.എൻ. ആരോഗ്യസ്വാമി മുതലിയാർ ബി.എ., ബി.സി.ഇ., എം.എൽ.സി. ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന് ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നത് അവസരോചിതമായിരിക്കുമെന്നു കരുതുന്നു. "നിങ്ങളുടെ പ്രധാന അവശതകളിൽ ഒന്നു പബ്ളിക്ക് സർവീസിൽ കത്തോലിക്കർക്കുള്ള അതൃപ്തികരമായ നിലയാകുന്നു." സ്ഥിതിവിവരക്കണക്കുകൾമൂലം തന്റെ പ്രസ്താവനയെ അദ്ദേഹം പറയുന്നു: "അധികൃതന്മാരുടെ ഉടനടിയുള്ള ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം കത്തോലിക്കരുടെ ആധുനികനില അത്രയ്ക്കു മോശമായിട്ടാണ് സ്ഥിതിചെയ്യുന്നതെന്നു കണക്കുകൾകൊണ്ടു

www.malankaralibrary.com

സ്പഷ്ടമാകുന്നുണ്ട്.' ന്യായമായ വർഗ്ഗീയ സങ്കടങ്ങളേയും അവശതകളേയും ദുരീകരിക്കേണ്ടതാണെന്നു അദ്ദേഹം ബലമായി അഭിപ്രായപ്പെടുകയുണ്ടായി. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് അദ്ദേഹം പറയുന്നത്, "അതൃപ്തിയേയും വർഗ്ഗീയമായ അവശതകളേയും മാറ്റി പകരം തൃപ്തിയേയും പരസ്പര വിശ്വാസത്തേയും എല്ലാ വർഗ്ഗക്കാരിലും പോഷിപ്പിക്കുന്നതിനു ഇടയായിത്തീരും." എന്നാണ്. "സങ്കടങ്ങളെ വിശദമാക്കിക്കൊണ്ടു വേണ്ടവിധം പ്രക്ഷോഭണം നടത്തുന്നതായാൽ ഈ വക അവശതകൾക്കു എത്രയുംവേഗം പരിഹാരം ലഭിക്കുന്നതാണ്" എന്നുള്ള അദ്ദേഹത്തിന്റെ ആശംസയോടു തിരുവിതാംകൂറിലെ കത്തോലിക്കരും യോജിക്കുന്നു.

തിരുവിതാംകൂറിലെ കത്തോലിക്കർക്കു ഒരു സമുദായം എന്ന നിലയിൽ യാതൊരു കാരണവശാലും ലജ്ജിക്കേണ്ടതായി ഒന്നുമില്ല. ഒരു നായർപത്രം അവരെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:- "ഈ രാജ്യത്തിലെ കത്തോലിക്കർ വിദ്യാഭ്യാസം, ധനസ്ഥിതി, സാമൂഹ്യശക്തി എന്നിവയിൽ അദ്വിതീയമായ ഒരു സമുദായക്കാരാകുന്നു." സംസ്ഥാനത്തിലെ വിദ്യാലയങ്ങളിൽ പഠിച്ചുവരുന്ന കത്തോലിക്കാ വിദ്യാർത്ഥികളുടെ സംഖ്യാബലത്തിൽ നിന്നും വിദ്യാഭ്യാസവിഷയത്തിൽ ഈ സമുദായത്തിനുള്ള യഥാർത്ഥനില എന്താണെന്നു ബോധ്യമാകുന്നതാണ്. രാജ്യത്തിലെ വിവിധ ഗ്രേഡുകളിലുള്ള ഇംഗ്ലീഷു വിദ്യാലയങ്ങളിലെല്ലാംകൂടി പഠിച്ചുവരുന്ന 53, 701 അദ്ധ്യേതാക്കളിൽ 10079 പേർ അതായതു അഞ്ചിൽ ഒരുഭാഗം കത്തോലിക്കാ ബാലികാബാലന്മാരാകുന്നു. സംസ്ഥാനത്തിലെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ ആകെയുള്ള 5,08,537 അദ്ധ്യേതാക്കളിൽ 84,695 പേരും അതായതു ആറിൽ ഒരു ഭാഗത്തിൽ കൂടുതലും കത്തോലിക്കരാകുന്നു. ഉണ്ടാകുന്ന ഉദ്യോഗ ഒഴിവുകൾക്കെല്ലാം, ആ വക സ്ഥാനങ്ങൾക്കു പൂർണ്ണയോഗ്യത സമ്പാദിച്ചിട്ടുള്ളവരായ കത്തോലിക്കർ അപേക്ഷകരായിരുന്നിട്ടുമുണ്ട്. എന്നാൽ ഉദ്യോഗലബ്ധിക്കു അവർക്കു തടസ്സമായി നിൽക്കുന്നത്, അവർ പ്രാതിനിധ്യകൂടുതൽ ഉള്ള സമുദായങ്ങളിൽപെട്ടവരല്ലാ എന്നുള്ള പ്രസ്താവയോഗ്യമല്ലാത്ത വസ്തുതയാകുന്നു. രാജ്യത്തിന്റെ പൊതുക്ഷേമത്തിനായി അതിലെ ഓരോ സമുദായങ്ങൾ പ്രത്യേകം പ്രത്യേകം ചെയ്തുപോരുന്ന പരിശ്രമങ്ങളെക്കുറിച്ച് പരിചിന്തനം ചെയ്തു നോക്കുമ്പോഴാണ് കത്തോലിക്കരോടു കാണിച്ചുപോരുന്ന ആ അവഹേളനങ്ങളുടെ ഭയങ്കര രൂപം പ്രത്യക്ഷമാകുന്നത്. വിദ്യാഭ്യാസശാഖമാത്രം നോക്കുന്നതായാൽ കാണുന്ന വസ്തുതകൾ ഇതിലേയ്ക്കു ദൃഷ്ടാന്തമാകുന്നതാണ്. ഈ രാജ്യത്തു ആകെയുള്ള 3641 വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഏതാണ്ടു മൂന്നിലൊരുഭാഗം വരുന്ന 1150 എണ്ണവും കത്തോലിക്കരുടെ വകയാകുന്നു. പ്രാഥമികവിദ്യാലയങ്ങൾ തുടങ്ങി ഒന്നാം ഗ്രേഡ് കോളേജുവരെയുള്ള വിദ്യാലയസ്ഥാപനങ്ങളാണ് കത്തോലിക്കരുടെ വകയായുള്ളത്. സ്ത്രീ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം കത്തോ

www.malankaralibrary.com

ലിക്കരുടെ പ്രവർത്തനം ഗവൺമെന്റിന്റെ പരിശ്രമങ്ങളെപോലും വളരെ പിന്നിലാക്കി പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യാലയങ്ങളെ സംബന്ധിച്ചും ഇക്കഥതന്നെയാണു പറയാനുള്ളത്. അനാഥശിശുമന്ദിരങ്ങൾ, ധർമ്മാലയങ്ങൾ ആദിയായവ മൂലം ചെയ്തുപോരുന്ന സാമൂഹ്യസേവന കൃത്യങ്ങളിൽ കത്തോലിക്കരെപ്പോലെ പ്രവർത്തിക്കുന്നവർ വേറെ ആരും തന്നെ ഉണ്ടെന്നു തോന്നുന്നില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ കത്തോലിക്കരെ ഈ വിഷയത്തിൽ ജയിക്കുന്നതിനു ആർക്കും തന്നെ സാധിച്ചിട്ടുമില്ല. സംഖ്യാബലമനുസരിച്ചു നോക്കുന്നതായാൽ രാജഭണ്ഡാഗാരത്തിലേയ്ക്കു കത്തോലിക്കർ നൽകിവരുന്ന നികുതിഅംശം മറ്റേതുസമുദായത്തേക്കാളും കൂടുതലാണെന്നു കാണാവുന്നതാണ്. അനൗദ്യോഗികമായ ഏതൊരു തൊഴിലിലും കത്തോലിക്കർ നല്ലപോലെ ശോഭിക്കുന്നു. രാജ്യത്തിലെ പ്രകൃതി വിഭവങ്ങളുടെ പോഷണവിഷയത്തിൽ അവർക്കു ഒരു പ്രധാനപങ്കുണ്ട്. ഗവൺമെന്റു ഉദ്യോഗസ്ഥന്മാരായിരിക്കാനുള്ള അവരുടെ അവകാശം അനന്യസാധാരണമാംവണ്ണം തിരസ്കൃതമാണെങ്കിലും സാധാരണ പൗരന്മാർ എന്നനിലയിൽ അതിപ്രയത്നങ്ങൾക്കും വിജയകരങ്ങളായ പരിശ്രമങ്ങൾക്കും കത്തോലിക്കർ മറ്റൊരു സമുദായത്തിനും പിന്നിലല്ല. അവരുടെ സംരംഭങ്ങൾ അത്രയ്ക്കു നിലയുറച്ചവയാകയാൽ ഇന്നേവരെയായിട്ടും ആരും അതെപ്പറ്റി എതിർവാദം പുറപ്പെടുവിച്ചിട്ടുമില്ല. അവരുടെ രാജഭക്തി സംശയാതീതവുമാണ്. അസഹനീയമാകുംവണ്ണം അത്ര ക്രൂരമായിട്ടാണ് അവരോടു ഏതുകാര്യത്തിലും ഗവൺമെന്റു പെരുമാറിവരുന്നതെങ്കിലും ഈവക കഷ്ടപ്പാടുകളെയും അവശതകളേയും സഹിച്ച് അവർ പ്രദർശിപ്പിച്ചുപോരുന്ന ക്ഷമാശീലം, അവരുടെ ആത്മനിയന്ത്രണത്തേയും വ്യവസ്ഥാപിത അധികാരങ്ങളോടുള്ള അവരുടെ ബഹുമാനത്തേയും അവരുടെ ശാന്തപ്രകൃതിയേയും ആണു രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യത്തെ പരിഷ്കൃതനിയമസഭയിലെ കത്തോലിക്കാ മെമ്പറന്മാർ ചേർന്നു 1925-ൽ മഹാറാണി റീജന്റു തിരുമനസ്സിലേയ്ക്കു സമർപ്പിച്ച മെമ്മോറിയലിനെ വിമർശനം ചെയ്തുകൊണ്ട് ഒരു നായർപത്രവും ഒരു അകത്തോലിക്കാ ക്രിസ്ത്യൻപത്രവും പുറപ്പെടുവിച്ച അഭിപ്രായങ്ങളാണ് യഥാക്രമം താഴെ ചേർക്കുന്നത്:-

"കത്തോലിക്ക് സമുദായം വിദ്യാഭ്യാസത്തിൽ മറ്റുസമുദായങ്ങളെ അപേക്ഷിച്ചു ഒട്ടും താഴ്ന്നനിലയിലല്ലെങ്കിലും പ്രസ്തുത സമുദായത്തിന്റെ ഉദ്യോഗപ്പങ്കിനെ ഗവൺമെന്റു വേണ്ടവിധത്തിൽ വീതിച്ചുകൊടുക്കുന്നില്ലെന്നുള്ളപരാതി യഥാർത്ഥതയെ അടിസ്ഥാനപ്പെടുത്തിയാണെന്നു മെമ്മോറിയലിൽ ക്രോഡീകരിച്ചിട്ടുള്ള കണക്കുകൾ സാക്ഷ്യം വഹിക്കുന്നുണ്ട്. തിരുവിതാംകൂറിലുള്ള ഉദ്യോഗങ്ങൾ രൂപീകൃതമായ ചില സമുദായസംഘടനകളുടെ ശക്തിയും വണ്ണവും അനുസരിച്ചു വിഭാജ്യമാണെന്നുള്ള തത്വത്തെ ഗവൺമെന്റു സ്വീകരിക്കുന്നുണ്ടെങ്കിൽ ആ തത്വത്തിനെതിരായിട്ടാണ് കത്തോലിക്കരോടു ഗവൺമെന്റിനുള്ള പെരുമാറ്റമെന്നു ആരും നിസ്സന്ദേഹം തലകുലുക്കിസ

www.malankaralibrary.com

മ്മതിക്കുന്നതാണ്. അതല്ല പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളെ പ്രോത്സാഹിപ്പിക്കയാണു ഗവൺമെന്റിന്റെ നയമെങ്കിൽ കത്തോലിക്ക് സമുദായത്തിലെ ഉദ്യോഗാർത്ഥികളോടു പൂർവ്വാധികം അനുകമ്പ ഗവൺമെന്റു പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കരെ കഴിയുന്നത്ര ഗവൺമെന്റു പ്രോത്സാഹിപ്പിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നതിനോടുകൂടിതന്നെ ഉദ്യോഗത്തിനു വേണ്ടിയുള്ള കശപിശകളേയും മുറുമുറുപ്പുകളേയും ഇല്ലാതാക്കുന്നതിന് എന്തെങ്കിലും ഒരു വ്യവസ്ഥ ചെയ്യേണ്ടകാലഘട്ടം അത്യാസന്നമായിരിക്കുന്നു എന്നുകൂടി ഞങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു." (ശ്രീവാഴുംകോട്).

"ധനസ്ഥിതി, വിദ്യാഭ്യാസം, സ്വാധീനശക്തി എന്നിതുകളിലെല്ലാം ഈ തിരുവിതാംകോട്ടു പ്രശസ്തനിലയെ പ്രാപിച്ചിട്ടുള്ളവരാണ് കത്തോലിക്കർ. അവരുടെ അവകാശങ്ങൾക്കു ഹാനിസംഭവിക്കുന്നുവെങ്കിൽ അതു തീർച്ചയായും ആക്ഷേപയോഗ്യമാണ്. രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി കത്തോലിക്കർചെയ്യുന്ന പരിശ്രമങ്ങൾ ബഹുമുഖങ്ങളും ഉൽകൃഷ്ടങ്ങളുമാണ്. അവ കണ്ടില്ലെന്നൊ അറിഞ്ഞില്ലെന്നൊ ഭാവിച്ചാൽ അവർ പ്രക്ഷോഭിക്കുന്നതിൽ ആരും വിസ്മയിക്കാനില്ല......നീതിനിയമങ്ങൾക്കു അധീനമായ പദ്ധതിയാണ് അവർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഈ പരിധികൾ ലംഘിച്ച് അവർ മറ്റുമാർഗ്ഗങ്ങളിൽ പ്രവേശിക്കുന്നതിനുമുമ്പേ അവരുടെ അവകാശങ്ങൾ നീതിപൂർവ്വം പര്യാലോചിച്ചു സങ്കടപരിഹാരം വരുത്തിക്കൊടുക്കുന്നതിൽ അധികാരമുള്ളവർ ഉത്സുകരായിത്തീരുകയും മറ്റുള്ളജനസമുദായങ്ങൾ പിൻവാങ്ങിനില്ക്കുകയും ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു." ("നവഭാരതി").

അകത്തോലിക്കാപത്രങ്ങൾ കത്തോലിക്കരുടെ അവകാശങ്ങളെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള കൂടുതൽ അഭിപ്രായപ്രകടനങ്ങൾ ഈ മെമ്മൊറാണ്ഡത്തിന്റെ അനുബന്ധം സി യിൽ കൊടുത്തിട്ടുണ്ട്.

മേൽചേർത്തിരിക്കുന്ന ഉദ്ധരണികൾ കത്തോലിക്കരുടെ അവകാശവാദങ്ങളെ പരസ്യമായി അനുകൂലിച്ചും വാദിച്ചും അകത്തോലിക്കാ പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള നിരവധി അഭിപ്രായപ്രകടനങ്ങളിൽ രണ്ടു ഉദാഹരണങ്ങൾ മാത്രമേ ആകുന്നുള്ളു. തിരുവിതാംകൂറിലും വെളിയിലുമുള്ള പലേ വൃത്താന്തപത്രങ്ങളിലും ഏതാദൃശങ്ങളായ പ്രസ്താവനകൾ ധാരാളമായി കാണുന്നതാണ്. അകത്തോലിക്കാ പ്രസംഗ മണ്ഡപങ്ങളിലും ഈ വിഷയത്തെക്കുറിച്ചു ഇപ്രകാരമുള്ള പ്രസ്താവനകൾ ഉണ്ടാകാതിരുന്നിട്ടില്ല. എന്നാൽ ഒരു കാൽ ശതാബ്ദത്തിനു മുൻപ്മുതൽ ഒന്നിനൊന്നു ആയിരം മടങ്ങു ശക്തിയായും അതേസമയം തുടർച്ചയായും ഇത്സംബന്ധമായി ഊഹിക്കാൻപോലും കഴിവുള്ള സകലവിധ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽകൂടെയും കത്തോലിക്കർ സങ്കടപരിഹാരാർത്ഥം പ്രക്ഷോഭണങ്ങൾ നടത്തിവരികയാണ്. കത്തോലിക്കരുടെ അവകാശങ്ങളെപ്പറ്റിയും അവരുടെ അവശതകളെപ്പറ്റിയും തിരുവിതാംകൂറിലെ കത്തോലിക്കരുടെ പത്രപ്രവർത്തനസംരംഭങ്ങൾ കുറഞ്ഞ തോതിലുള്ളവയോ നിന്ദാവഹങ്ങളായവയോ അല്ല. അവഹേളനരൂപത്തിലുള്ള ഏതെങ്കിലും ഒരു സംഭവലക്ഷണമുണ്ടായാൽ ഉടൻ അതിന്റെ ആഗമനത്തെ ശക്തിമത്തായി പ്രതിഷേധിച്ചുതുടങ്ങും. രാഷ്ട്രീ

www.malankaralibrary.com

യകാര്യങ്ങളെക്കുറിച്ച് പര്യാലോചിക്കാനായി അവർ മാസത്തിൽ ചുരുങ്ങിയതു ഒരു മഹായോഗം എങ്കിലും കൂടാതിരിക്കയില്ല. ക്ലിപ്തകാലങ്ങളിലും വിശേഷാലും പ്രവർത്തനങ്ങൾ നടത്താനായി രാജ്യത്തിൽ എവിടെയും കത്തോലിക്കാ സംഘങ്ങൾ ഉണ്ട്. അഖില കേരള കത്തോലിക്കാ കോൺഗ്രസ് സ്ഥാപിച്ചിട്ടു 25 കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. അനവധി പണം ചെലവാക്കി വമ്പിച്ചരീതിയിൽ ഏതെങ്കിലും ഒരുപ്രധാന കത്തോലിക്കാ കേന്ദ്രത്തിൽവച്ച് ഈ കോൺഗ്രസ്സിന്റെ വാർഷികസമ്മേളനങ്ങൾ നടത്തിവരുന്നു. ഈ കോൺഗ്രസ്സിൽ നിന്നാണ് ഈ മെമ്മൊറാണ്ടം തന്നെ തയ്യാറാക്കീട്ടുളളത്. കത്തോലിക്കരുടെ സങ്കടങ്ങളെക്കുറിച്ച് കൂടെക്കൂടെ അടിച്ചിറക്കുന്ന പ്രസിദ്ധീകരണങ്ങളുടെ സംഖ്യ അനവധിയാണ്. തിരുവിതാംകൂർ രാഷ്ട്രീയലീഗിന്റെ വക ലഘുലേഖകൾ ഇതിനു ഒരു ഉദാഹരണമാണ്. അധികാരികൾക്കു സമർപ്പിച്ചിട്ടുളള ഹർജികളും മെമ്മോറിയലുകളും അവരെ സന്ദർശിച്ചിട്ടുളള ഡെപ്യൂട്ടേഷനും അസംഖ്യങ്ങളാകുന്നു. അവയിൽ ചിലതിനെപ്പറ്റി ഇതിൽ ഇടക്കിടെ അവസരോചിതം പ്രസ്താവിക്കുന്നതാണ്. ഇതുകൾക്കു എല്ലാം പുറമെ നിയമസഭയിലും ശ്രീമൂലം പ്രജാസഭയിലും നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. ഈ സഭകളിലെ നടപടികൾ അച്ചടിച്ചിട്ടുളള ഔദ്യോഗിക റിപ്പോർട്ടുകളിൽ തിരുവിതാംകൂറിലെ കത്തോലിക്കരുടെ ന്യായമായ അവകാശങ്ങളെക്കുറിച്ചുളള പ്രതിപാദനങ്ങളും ഉൽബോധനങ്ങളും ധാരാളമായി കാണ്മാൻകഴിയും.

ഇപ്പോൾ തിരുവനന്തപുരം കാത്തലിക് ഹോസ്റ്റൽ ഡയറക്ടറും മുൻപു തൊടുപുഴ-കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ നിയമസഭാപ്രതിനിധിയുമായിരുന്ന റവ. ഫാദർ കുര്യാക്കോസ് വെട്ടിക്കാപ്പളളി 1923-ലെ തന്നെ ഒരു നിയമസഭായോഗത്തിൽ കത്തോലിക്കർക്കുളള അസമത്വങ്ങളെ പരാമർശിച്ച്, കത്തോലിക്കരുടെ അവകാശങ്ങളിൽ സഹജമായുളള മിതസ്വരത്തിൽ, ഗവൺമെന്റിനെ ഉൽബോധിപ്പിച്ചത് ഇപ്രകാരമാണ്:-

"സർ, സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണത്തെക്കുറിച്ചു പൊതുവെ പറയുന്നപക്ഷം നിവൃത്തിയുളളിടത്തോളം അത് കാര്യക്ഷമമായിരിക്കണമെന്നും ആ നിലയെ പാലിച്ചുകൊണ്ടുപോകുന്നതിൽ കഴിയുന്നവിധമെല്ലാം പ്രവർത്തിക്കണമെന്നും ഈ സഭയിലെ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും സമർത്ഥിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയുളള ഒരു സ്ഥിതിയായിരിക്കണം നിശ്ചയമായും വേണ്ടത്. എന്നാൽ കാര്യക്ഷമതയുടെ മറപിടിച്ചോ അതല്ലാ മറ്റുവല്ല കാരണംപറഞ്ഞോ ഒരു ഡിപ്പാർട്ടുമെന്റും മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ ഒരു വർഗ്ഗത്തിന്റെതന്നെയൊ അല്ലെങ്കിൽ ഏതാനും വർഗ്ഗക്കാരുടേയോ അട്ടിപ്പേറാക്കിതീർക്കരുതെന്നാണ് ഈ സന്ദർഭത്തിൽ എനിക്കു പറയാനുളളത്. ഉദ്യോഗവിഷയത്തിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരുടെ കാര്യം ന്യായവും മര്യാദയും കരുതി അധികാരികൾ പ്രത്യേകമായ ആനുകൂല്യനിലയിൽ പരിഗണിക്കണം. പബ്ലിക്ക് സർവ്വീസിൽ പ്രാതിനിധ്യകുറവുളളവരായ അവർണ്ണഹിന്ദുക്കൾ, മുസ്ലീമുകൾ ക്രിസ്ത്യാ

www.malankaralibrary.com

നികൾ എന്നിവരിൽ ഞാൻ ഒരംഗമായിരിക്കുന്ന കത്തോലിക്കാ സമുദായത്തിന്റെ കാര്യം ഗവൺമെന്റിന്റെയും ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുടേയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്ത് ആകെയുള്ള 4006062 ജനങ്ങളിൽ 611312 പേർ അതായതു ജനസംഖ്യയുടെ ഏകദേശം ആറിൽ ഒരു ഭാഗവും കത്തോലിക്കരാകുന്നു. പൊതുവിദ്യാഭ്യാസത്തിലും ഉയർന്ന വിദ്യാഭ്യാസത്തിലും ഭൂസ്വത്തിലും കത്തോലിക്കാ സമുദായം മറ്റ് യാതൊരുസമുദായത്തിനും പിന്നിലല്ല. എന്നാൽ സിവിൽ ലിസ്റ്റിൻപ്രകാരം ആകെയുള്ള ഉദ്ദേശം 800 ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ 44 പേർ മാത്രമേ കത്തോലിക്കരായുള്ളു എന്നു വ്യസനപൂർവ്വം പറയേണ്ടിവന്നിരിക്കുന്നു. ഇവരിൽതന്നെ 31 പേർ മറ്റു 25 ഡിപ്പാർട്ടുമെന്റുകളിലുമായി ചിതറിക്കിടക്കുന്നു. കീഴുദ്യോഗസ്ഥന്മാരുടെ സ്ഥിതിവിവരങ്ങൾ അറിയുന്നതിനു എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഈ സഭയിലേയ്ക്കു ഏതാനും ചോദ്യങ്ങൾ അയച്ചിരുന്നു. അവയ്ക്കു മറുപടിതരാൻ ഗവൺമെന്റിനു മനസ്സുണ്ടായില്ല. ഏതായാലും ഒരു കാര്യം ഉറപ്പായി പറയാൻ എനിക്കു കഴിയും. അതായത് ഉദ്യോഗസോപാനത്തിന്റെ താഴ്ന്ന പടികളിൽ ഞങ്ങളുടെ സ്ഥിതി ഉയർന്ന തുറകളിലേക്കാൾ കഷ്ടതരമാണ്. ഈ അനാശാസ്യ സ്ഥിതിഗതികൾക്കുള്ള കാരണങ്ങൾ എന്തുതന്നെയായിരുന്നാലും ഈ സംസ്ഥാനത്തെ ഒരു വമ്പിച്ച ജനസമുദായത്തോടു കാണിച്ചുപോരുന്ന ഈ അക്രമമായ അന്യായത്തെ നിവാരണം ചെയ്യുവാൻ ഉടനടി വേണ്ടതു പ്രവർത്തിക്കണമെന്ന് ഞാൻ ഗവൺമെന്റിനോടു ആവശ്യപ്പെട്ടുകൊള്ളുന്നു. ഇന്നേവരയ്ക്കും സർവ്വീസിൽ വേണ്ട പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ നിന്നെല്ലാം പെട്ടെന്നു നിയമനങ്ങൾ നടത്താൻ ഗവൺമെന്റിനുള്ള പ്രയാസങ്ങളെ ഞാൻ മനസ്സിലാക്കുന്നുണ്ട്. ഗവൺമെന്റും ഡിപ്പാർട്ടുമെന്റു മേധാവികളും ചെയ്യേണ്ടതു നിയമനങ്ങൾ നടത്തുമ്പോൾ കാര്യക്ഷമതയ്ക്കു ഹാനി നേരിടാത്തവിധം ഞങ്ങളുടെ അവകാശങ്ങളെ കാരുണ്യബുദ്ധിയോടെ പരിഗണിച്ചും ധാരാളം ഉദ്യോഗങ്ങൾ ലഭിച്ചിട്ടുള്ള സമുദായങ്ങളിൽ നിന്നും നിയമനങ്ങൾ നടത്തുന്നതുപോലെയും ഉയർന്ന ഉദ്യോഗങ്ങൾക്കും താഴ്ന്ന ഉദ്യോഗങ്ങൾക്കും ഞങ്ങളുടെ ആളുകളേയും നിയമിക്കണമെന്നു മാത്രമാകുന്നു ഞാൻ വാദിക്കുന്നത്. വർഗ്ഗീയകാര്യങ്ങളെ ചിലപ്പോഴെല്ലാം തെറ്റിദ്ധരിക്കുന്നതുപോലെ എന്റെ പ്രസ്താവനകളെ നിയമസഭാംഗങ്ങൾ തെറ്റിദ്ധരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു." (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം 3. പുറം 518)

ആ നിയമസഭായോഗത്തിൽവെച്ച് തന്നെ അന്ന് ഗവൺമെന്റ് ചീഫ് സെക്രട്ടറിയായിരുന്ന മി. ആർ. കൃഷ്ണപിള്ള കത്തോലിക്കരുടെ അവകാശവാദത്തെപ്പറ്റി ഇപ്രകാരം പറഞ്ഞു:-

"പബ്ലിക്ക് സർവീസിൽ കത്തോലിക്കാ സമുദായത്തിന്റെ പ്രാതിനിധ്യാവകാശത്തെ പറ്റി റവ. ഫാദർ വെട്ടിക്കാപ്പള്ളി, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ, മിസ്റ്റർ നിധീരി എന്നിവർ പുറപ്പെടുവിച്ച വാദങ്ങൾക്കു എനിക്കു പറയുവാനുള്ള മറുപടി, ഗവർമ്മെന്റിന്റെ നയം മഹാരാജാവു തിരുമനസ്സിലെ എല്ലാ വർഗ്ഗക്കാരായ പ്രജകൾക്കും തുല്യാവകാശം നൽകണമെന്നുള്ളതാണ്. ഈനയം സദാ ഓർമ്മിച്ചുകൊണ്ടു പ്രവർത്തിക്കുമെന്ന് സഭയോടു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു."(തിരുവിതാംകൂർ നിയമസഭാ നടപടികൾ വാല്യം3. പുറം 525)

കത്തോലിക്കരുടെ അവകാശവാദങ്ങൾക്കു സർവസാധാരണമായി

www.malankaralibrary.com

ലഭിച്ച്പോന്നിരുന്നതും വാഗ്ദാനങ്ങൾകൊണ്ട് മാത്രം നിറഞ്ഞിരുന്നതും കാര്യത്തിൽ ഒന്നും നടക്കാത്തതും ആയ അലക്ഷ്യരൂപത്തിലുള്ള മറുപടികൾക്കു എത്രയും അനുയോജ്യമായ വിധത്തിലുള്ള ഒരു പ്രഖ്യാപനം മാത്രമായിരുന്നു ഇത്. പൊതുവേയുള്ള നയം ഇന്നതായിരിക്കുമെന്നുള്ളതിനു ഒരു ഉറപ്പുമാത്രമായിരുന്നു ഇതെങ്കിലും പ്രസ്തുത വിഷയത്തിൽ കത്തോലിക്കരുടെ പരിതാപകരമായ സ്ഥിതികളെ സമ്മതിക്കുന്നതിനോ ഭാവിയിലെങ്കിലും അവർക്കുവേണ്ട പ്രോത്സാഹനം നൽകുന്നതാണെന്നു വാഗ്ദാനം ചെയ്യുന്നതിനോ ഉള്ള ഹൃദയവിശാലത ഗവർമ്മെന്റിനുണ്ടായില്ല. ഒരു കൊല്ലം കഴിഞ്ഞു. കത്തോലിക്കരുടെ സ്ഥിതിപഴയപടിയിൽ തന്നെ നിലകൊള്ളുന്നു പ്രാതിനിധ്യകൂടുതലുള്ള സമുദായങ്ങൾക്കു കൂടുതൽ കൂടുതലായി ഉദ്യോഗങ്ങൾ അതീതകാലങ്ങളിലെപ്പോലെ ലഭിച്ചുകൊണ്ടിരുന്നു. 1924-ൽ വീണ്ടും നിയമസഭകൂടി. ഇപ്രാവശ്യം റവ. ഫാദർ വെട്ടിക്കാപ്പള്ളി കുറെകൂടി കർക്കശമായ രീതിയിൽ ഈവിഷയത്തെക്കുറിച്ച് ചുവടെ കാണുംപ്രകാരം പ്രസംഗിക്കുകയുണ്ടായി:-

"ഉദ്യോഗനിയമനവിഷയത്തിൽ മഹാരാജാവ് തിരുമനസ്സിലെ എല്ലാപ്രജകളുടെയും അവകാശങ്ങളെപ്പറ്റി തുല്യമായി പരിഗണിക്കുന്നതായിരിക്കുമെന്നുള്ള ഗവർമ്മെന്റുനയപ്രഖ്യാപനം പ്രജാസഭയിലും നിയമസഭയിലും ഗവർമ്മെന്റു അപ്പഴപ്പോൾ ചെയ്തിട്ടുണ്ട്. എന്നാൽ ഈപ്രഖ്യാപനങ്ങൾ എല്ലാം വെറും സദ്ദുദ്ദേശപരങ്ങളായ പ്രസ്താവനകൾ മാത്രമായി പരിണമിച്ചുകൊണ്ടിരിക്കുന്നു. ചില ചോദ്യങ്ങൾക്കു ഉത്തരങ്ങളായി ഈ സഭമുമ്പാകെ സമർപ്പിച്ചിട്ടുള്ള പട്ടികകളിൽനിന്നും ഈ വസ്തുത തെളിയുന്നതാണ്. ഉദ്യോഗങ്ങളിൽ സിംഹഭാഗവുംകരസ്ഥമാക്കിയിരിക്കുന്ന അനുഗ്രഹീതസമുദായക്കാരോടു പ്രത്യേക ആനുകൂല്യംകാണിച്ചു പോരുന്ന നയം തന്നെ ഇപ്പോഴും പ്രബലപ്പെട്ടിരിക്കുന്നു. ദീർഘകാലത്തെ പ്രക്ഷോഭണങ്ങളുടെ ഫലമായി ഗവർമ്മെന്റു ഒരു മഹാകാര്യം സാധിച്ചതുപോലെ വർത്തിച്ചുതുടങ്ങി. ഇപ്രവർത്തിക്കു ഗവർമ്മെന്റിന് ധാരാളം പ്രശംസകളും ലഭിച്ചു. ജനങ്ങൾ ഗവർമ്മെന്റിനോടു വളരെ കൃതജ്ഞതയും കാണിച്ചു. ഒരു വലിയ ഡിപ്പാർട്ടുമെന്റും രൂപീകരിച്ചു. അതിന്റെ സംരക്ഷണത്തിനായിഒരു വലിയ തുകയും നീക്കി വച്ചു. ഇതൊക്കെയും സവർണ്ണഹിന്ദുക്കൾക്കു വേണ്ടി മാത്രമാണെന്നു തീരുമാനിക്കുകയും ചെയ്തു. റവന്യൂദേവസ്വം വിഭജനത്തോടു കൂടി റവന്യൂതുറയിലേക്കു തങ്ങളുടെ ഇടയിൽ നിന്നും ധാരാളമായി നിയമനങ്ങൾ നടത്തുമെന്നും, അങ്ങിനെ തങ്ങളോടു ഇതെവരെയായി കാണിച്ചുപോന്നിരുന്ന അനീതിയെ പരിഹരിക്കുമെന്നും വിചാരിച്ച് അവർണ്ണഹിന്ദുക്കളും അഹിന്ദുക്കളും മനഃപായസ്സം കുടിച്ചു. വിഭജനം കഴിഞ്ഞിട്ടു ഇപ്പോൾ രണ്ടു വർഷമായിരിക്കുന്നു. ഫലം എത്രയോ നിരാശാജനകം. ഈ അവസ്ഥക്കുമാറ്റുകൂട്ടുവാനായിട്ടെന്നോണം ദേവസ്വംവകുപ്പിനെ റവന്യൂഡി

www.malankaralibrary.com

പ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗങ്ങളിൽ പ്രവേശിക്കാൻമാർഗ്ഗമില്ലായെന്നാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഇ നടപടി ഒരു കൈകൊണ്ട്നീട്ടിയതിനെ മറ്റേകൈകൊണ്ട് പിടിച്ചുപറിക്കുന്നതിനു തുല്യമായി പരിണമിച്ചിരിക്കുന്നു. റവന്യുവകുപ്പിന്റെ മേലദ്ധ്യക്ഷനായി ഒരു യൂറോപ്യനെ നിയമിച്ചതോടുകൂടി ഈ വമ്പിച്ച തുറയിൽ നിന്നും അന്യായമായിഅനേകകാലം അകറ്റിനിർത്തിയിരുന്ന അനവധിസമുദായക്കാരോടുചെയ്തുപോന്നിരുന്ന അനീതിക്കു പരിഹാരം ലഭിക്കുമല്ലോ എന്നുവിചാരിച്ചു ഞങ്ങൾ അത്യധികം സന്തോഷിച്ചു. എന്നാൽ പഴയ നടപടിതന്നെ പിന്നെയും തുടർന്നുകൊണ്ടു പോകുന്നു എന്നു കാണുന്നതിനാൽ ഞങ്ങളുടെ മനസ്താപത്തിനു മാറ്റുവർദ്ധിച്ചിരിക്കുന്നു. മറ്റുഡിപ്പാർട്ടുമെന്റുകളിലെയും കഥ ഇങ്ങനെതന്നെ. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു ഒരു പ്രത്യേകസമുദായത്തിന്റെ അട്ടിപ്പേറായിത്തീർന്നിട്ടുള്ളതുപോലെ തോന്നിപ്പോകുന്നു. എന്നാൽ വിധിയുടെ വൈപരീത്യം നിമിത്തം ഈവകുപ്പിന്റെ മേലധ്യക്ഷനായി എല്ലായ്പ്പോഴും ഒരു യൂറോപ്യൻ തന്നെയാണ് ഇരുന്നിട്ടുള്ളതും. അദ്ദേഹത്തിൽ നിന്നും ആശിച്ചിരുന്നത് നീതിനടക്കുമെന്നായിരുന്നു. പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളിൽനിന്നും ധാരാളമായി നിയമനങ്ങൾ നടത്താവുന്ന പോലീസ്, എക്സൈസ് രജിസ്ട്രേഷൻ എന്നീവകുപ്പുകളിലും റവന്യുവകുപ്പിലേയും വിദ്യാഭ്യാസവകുപ്പിലെയും ചരിത്രം തന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗവർമ്മെന്റിന്റേയും ജനങ്ങളുടേയും ക്ഷേമത്തെക്കരുതി ഈ സ്ഥിതി ഇനി അധികകാലം തുടരാൻ സമ്മതിച്ചുകൂടാത്തതാകുന്നു. മഹാരാജാവ് തിരുമനസ്സിലെ എല്ലാപ്രജകളോടും തുല്യമായനീതിയോടു വർത്തിച്ചുകൊണ്ടു വർഗ്ഗീയ മത്സരത്തെ ഇല്ലായ്മചെയ്യുവാൻനോക്കണം.ഗവർമ്മെന്റുസർവ്വീസ്സിൽ അനുഗ്രഹീതസമുദായക്കാരേയും എത്തിക്കത്തക്കവണ്ണം മേലിലുണ്ടാകുന്ന നിയമനങ്ങളിൽ ഈ അവശസമുദായക്കാർക്കു മുൻഗണന നൽകുകയും അതതുസമുദായങ്ങളുടെ ജനസംഖ്യയും വിദ്യാഭ്യാസസ്ഥിതിയും നോക്കി ഉദ്യോഗവിതരണം നിർവഹിക്കുകയും ചെയ്യേണ്ടതാകുന്നു. ഗൌരവമായ നിലയിൽ ഇക്കാര്യത്തെപ്പറ്റി ആലോചിച്ചു തക്കതായ നടപടികൾ അംഗീകരിച്ച് നടപ്പിൽവരാത്തിടത്തോളംകാലം രാജ്യത്തു സമാധാനം ഉണ്ടാകുന്നതല്ല എന്നു ഞാൻ വീണ്ടും പ്രസ്താവിച്ചുകൊള്ളുന്നു." (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം 5.പുറം 99.)

റവന്യു-ദേവസ്വം വിഭജനത്തെക്കുറിച്ച് ഈപ്രസംഗത്തിൽ പരമാർശിച്ചിട്ടുള്ള സംഗതികളെപ്പറ്റി പിന്നാലെ പ്രസ്താവിച്ചുകൊള്ളാം. അതിനിടക്ക് ഈ അടുത്തകാലത്തുണ്ടായിട്ടുള്ള പ്രധാനമെമ്മോറിയലുകളെക്കുറിച്ച് സൂചിപ്പിക്കേണ്ടിയിരിക്കുന്നു. 1924-ൽ ശ്രീമൂലം പ്രജാസഭയിലെ 14 കത്തോലിക്കാ മെമ്പർമാർ ചേർന്ന് കത്തോലിക്കരുടെ സങ്കടങ്ങളെ കാണിച്ച് നാടുനീങ്ങിയ മഹാരാജാവ്തിരുമനസ്സിലേക്കുസമർപ്പിച്ച മെമ്മോറിയലിലെ അവ

www.malankaralibrary.com

സ്ഥാനഭാഗം ഇങ്ങനെയായിരുന്നു:-

"പബ്ലിക്ക് സർവ്വീസിൽ കത്തോലിക്കർ അനുഭവിക്കുന്ന അസമത്വത്തെ പരിഹരിച്ചുകിട്ടുന്നതിന പല കൊല്ലങ്ങളായി പ്രജാസഭയിലും നിയമസഭയിലും അതതു കാലത്തെ മെമ്പർമ്മാർ ആവശ്യപ്പെടുകയും ഡിപ്പാർട്ടുമെന്റു അധികാരികളെയും ദിവാൻജിമാരെയും രേഖാമൂലമായും അഭിമുഖമായും അറിയിക്കുകയും ചെയ്തിട്ടും യാതൊരു സങ്കടനിവർത്തിയും ഇതേവരെ ഉണ്ടാക്കിത്തന്നിട്ടില്ല."

ഈവിഷയത്തെക്കുറിച്ചു തന്നെ നിയമസഭയിലെ കത്തോലിക്കാമെമ്പറന്മാർ ചേർന്ന് 1925-ൽ ഒരു മെമ്മോറിയൽ മഹാറാണീറീജന്റു തിരുമനസ്സിലേയ്ക്കു സമർപ്പിക്കുകയുണ്ടായി. കത്തോലിക്കരുടെ ദുരവസ്ഥയെപ്പറ്റി പരിതപിച്ചുകൊണ്ട് അവർ ഇപ്രകാരം ആമെമ്മോറിയലിൽ പറഞ്ഞിരിക്കുന്നു:

"ഈ രാജ്യത്തെ പബ്ലിക്ക് സർവ്വീസിൽ അടിയങ്ങൾക്കുള്ള അസമത്വത്തെ പരിഹരിക്കുന്നതിന് പ്രജാസഭ,നിയമസഭ,വർത്തമാനപ്പത്രങ്ങൾ,ഡെപ്യൂട്ടേഷൻ എന്നിവ മുഖേന ഏറെക്കാലമായി ഗവർമ്മെന്റിനോടു തുടരെതുടരെ അപേക്ഷിച്ചുകൊണ്ടിരുന്നിട്ടും ആശാജനകങ്ങളായ മറുപടികളല്ലാതെ തൃപ്തികരമായ ഫലം കാണായ്കയാൽ കഴിഞ്ഞ പ്രജാസഭയിലെ എല്ലാകത്തോലിക്കാ മെമ്പറന്മാരും കൂടി നാടുനീങ്ങിയ മഹാരാജാവുതിരുമേനിയെ മുഖം കാണിച്ച് അവിടുത്തെ സന്നിധിയിൽ ഒരു മെമ്മോറിയൽ സമർപ്പിക്കുകയും അതിനു മറുപടിയായി ആ പൊന്നു തിരുമേനി അടിയങ്ങളുടെ സങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കിത്തരുന്നതാണെന്നു കല്പിച്ചരുളുകയും ചെയ്തു. എന്നാൽആ കല്പനയുടെ ഫലം അനുഭവിക്കുന്നതിന് അടിയങ്ങൾക്കു ഭാഗ്യമുണ്ടായില്ല."

ഗവൺമെന്റിന്റെ സജീവമായ സഹതാപാനുകൂല്യഭാവത്തെപ്പററി പരാതിപ്പെട്ടുകൊണ്ട് ശ്രീമൂലം പ്രജാസഭയിലെ കത്തോലിക്കാ മെമ്പറന്മാർ കൊല്ലംതോറും നാടുവാഴുന്ന ഭരണാധികാരികൾക്ക് മെമ്മോറിയലുകൾ സമർപ്പിച്ചുകൊണ്ടിരുന്നു. 1927-ൽ നടന്ന 23-ാമത്തെ പ്രജാസഭയിലെ കത്തോലിക്കാ മെമ്പറന്മാർ മഹാറാണി റീജന്റ് തിരുമനസ്സിലേയ്ക്ക് സമർപ്പിച്ച മെമ്മോറിയലിൽ അവർക്ക് ഈ വിഷയത്തിലുള്ള കഠിനമായ നൈരാശ്യത്തെ പ്രകാശിപ്പിച്ചിരുന്നത് ഇപ്രകാരമാണ്:-

"തിരുമനസ്സിലെ സദുദ്ദേശപരങ്ങളായ ആജ്ഞകൾ അക്ഷരംപ്രതി നടപ്പിൽവരുത്തുവാൻ നിയോഗിതരും കടപ്പെട്ടവരുമായ തിരുമനസ്സിലെ ഉദ്യോഗസ്ഥന്മാരിൽ അധികംപേരും പ്രദർശിപ്പിച്ചുവരുന്ന ശിക്ഷാർഹമായ അനാസ്ഥയും അക്ഷന്തവ്യമായ അലസതയും ഇവയെ വെല്ലുന്ന അധികാര പ്രമത്തതയുമാണ് അടിയങ്ങൾക്കും അടിയങ്ങളെപ്പോലുള്ള മറ്റ് അസമത്വസമുദായങ്ങൾക്കും സങ്കടകാരണം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്ന് വൈമനസ്യത്തോടെയെങ്കിലും തിരുമനസ്സറിയിക്കാതെ ഗത്യന്തരമില്ലെന്നായിട്ടുണ്ട്. ഉദ്യോഗനിയമനവിഷയത്തിലാണ് അടിയങ്ങൾക്കുള്ള ഈ സങ്കടം ക്രമാതീതമായും അസഹനീയമായും വർദ്ധിച്ചിരിക്കുന്നതെന്നു അടിയങ്ങൾ പ്രത്യേകമായി തിരുമനസ്സറിയിച്ചുകൊള്ളുന്നു. നിയമനാധികാരമുള്ള ചില ഉദ്യോഗസ്ഥന്മാരിൽനിന്നും അടിയങ്ങൾ അനുഭവിച്ചുവരുന്ന അന്യായങ്ങളും അസമതകളും സീമാതീതങ്ങളാകുന്നു. അടിയങ്ങളുടെ സമുദായം ഏറെക്കാലമായി സഹിച്ചുവരുന്ന ഈ പരമസങ്കടത്തെപ്പറ്റി കഴിഞ്ഞ നാലഞ്ചുവർഷങ്ങളായി അടിയങ്ങൾ തുടരെതുടരെ അധികാരസ്ഥാനങ്ങളിൽ ആവലാധിപ്പെട്ടുകൊണ്ടാണിരിക്കുന്നത്. എന്നാൽ ഇതേവരെ അടിയങ്ങ

www.malankaralibrary.com

ളുടെ സങ്കടത്തിന് പറയത്തക്ക യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല."

കത്തോലിക്കരുടെ പ്രക്ഷോഭണം വിപുലവും തുടർച്ചയായുള്ളതും ശക്തിമത്തും ആയിട്ടുള്ളതാണെന്ന് ഇതിൽനിന്നെല്ലാം അനുമാനിക്കാവുന്നതാണല്ലോ. ഗവൺമെന്റ് ഈ വസ്തുതകൾ നന്നായി മനസ്സിലാക്കിക്കൊണ്ടാണിരിക്കുന്നതെന്നും ഗവൺമെന്റ് അറിയിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നിരുന്നിട്ടും കത്തോലിക്കരുടെ സങ്കടങ്ങളെ പരിഹരിക്കുന്നതിന് ഗവൺമെന്റ് അനസ്യൂതം തുടർന്നുപോരുന്ന പ്രവൃത്തിരാഹിത്യത്തെപ്പറ്റി തെറ്റായോ ശരിയായോ അനുമാനിക്കേണ്ടിയിരിക്കുന്നത് ഗവൺമെന്റിന് ഇക്കാര്യത്തിൽ പ്രകൃത്യാ എന്തോ വിരോധമാണുള്ളതെന്നാകുന്നു. അകത്തോലിക്കാ സമുദായക്കാർക്ക് അക്കൂട്ടരുടെ പ്രക്ഷോഭണങ്ങൾകൊണ്ടു ഉടനടി തക്കതായ വിജയപ്രാപ്തി ലഭിക്കുന്നത് സർവ്വസാധാരണമായി കണ്ടുവരുന്നതിനാൽ ഈ ധാരണയ്ക്ക് കൂറെക്കൂടി ബലം വർദ്ധിക്കുന്നു. പ്രാതിനിധ്യസ്ഥാപനങ്ങളിലും അവയ്ക്കു വെളിയിലുമായി കത്തോലിക്കർ നടത്തിവരുന്ന സംഖ്യാതീതങ്ങളായ നിവേദനങ്ങൾ വെറും കണ്ഠക്ഷോഭം മാത്രമായി പരിണമിക്കെ, നായന്മാരുടെ രാഷ്ട്രീയസ്ഥിതിഗതികളെ നന്നാക്കുന്നതിന്, ഇന്നു തിരുവിതാംകൂർ ഹൈക്കോടതിയിലെ ജഡ്ജിയും അന്നു നിയമസഭയിലെ തിരുവല്ലാ പ്രതിനിധിയും ആയിരുന്ന മി. ചങ്ങനാശേരി പരമേശ്വരൻപിള്ള ബി.എ., ബി.എൽ. ന്റെ നിയമസഭാപ്രസംഗം എത്രമാത്രം ഉപയുക്തമായിത്തീർന്നിട്ടുണ്ടെന്നുള്ളത് ഓർമ്മിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ അന്നത്തെ പ്രസംഗം ഇങ്ങനെയായിരുന്നു:-

"വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു-വിശേഷിച്ചും അതിലെ ഇംഗ്ലീഷ് ശാഖ - ബ്രാഹ്മണരുടെ ഒരു സങ്കേതസ്ഥാപനമായിത്തീർന്നിരിക്കുന്നു. കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷും വെർണാകുലരും പള്ളിക്കൂടങ്ങളിൽ നിയമിച്ചിട്ടുള്ള ആക്ടിങ്ങ് അദ്ധ്യാപകന്മാരുടെ ഒരു ലിസ്റ്റു ചോദിച്ചതിനു ഗവൺമെന്റിൽനിന്നും മിസ്റ്റർ എം.എൻ. പിള്ളക്കു നൽകിയ മറുപടിപ്രകാരം ആകെ ഉണ്ടായ 96 നിയമനങ്ങളിൽ 49 എണ്ണവും ബ്രാഹ്മണർക്കാണ് നൽകീട്ടുള്ളതെന്നു കാണുന്നു. പള്ളിക്കൂടം അസിസ്റ്റന്റു ഇൻസ്പെക്ടരന്മാരായുള്ള 23 പേരിൽ 11 പേരും ബ്രാഹ്മണരാകുന്നു. 20 ഇംഗ്ലീഷ്സ്ക്കൂൾ ഹെഡ്മാസ്റ്റർന്മാരിൽ 16 പേരും ബ്രാഹ്മണരാകുന്നു. പ്രൊഫസർന്മാരും അസിസ്റ്റന്റുമാരും പ്രൊഫസർന്മാരായി കോളേജിലുള്ള 16 പേരിൽ 12 പേരും, ആകെയുള്ള 27 ട്യൂട്ടർന്മാരിൽ 11 പേരും ബ്രാഹ്മണരാകുന്നു. 200 രൂപായ്ക്കുമേൽ ശമ്പളമുള്ള 37 ഉദ്യോഗങ്ങളിൽ 24 എണ്ണത്തിലും ബ്രാഹ്മണരെ കാണുന്നു. ഒരു കാലത്തു ഇങ്ങനെ സംഭവിക്കുന്നതിനുണ്ടായ കാരണങ്ങൾ എന്തുതന്നെയായാലും മറ്റു സമുദായങ്ങളിൽനിന്നും അപേക്ഷകർ ഇല്ലാഞ്ഞിട്ടാണു ഇന്നു ആ സമുദായങ്ങളിൽനിന്നും ആളുകളെ നിയമിക്കാതിരിക്കുന്നത് എന്നു യുക്തിപൂർവ്വം തർക്കിക്കാമെന്നു തോന്നുന്നില്ല. ഡിപ്പാർട്ടുമെന്റിലെ ഉയർന്നസ്ഥാനങ്ങളിൽ ബ്രാഹ്മണർ ഇരിക്കുന്നതുകൊണ്ട് സ്വസമുദായാംഗങ്ങളെ ധാരാളമായി ഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നതിനു അവർക്കു സാധിക്കുന്നു. വർഷാവർഷം സർവ്വകലാശാലാബിരുദങ്ങളും നേടിവരുന്നവരുടെ സംഖ്യ കൂടിക്കൊണ്ടിരിക്കുന്നതിനാൽ തൊഴിലില്ലായ്മ പ്രശ്നത്തിന്റെ ഭയങ്കരതയും കൂടിക്കൊ

www.malankaralibrary.com

ണ്ടാണു വരുന്നത്. ബഡ്ജറ്റിനെ വിമർശനംചെയ്തുകൊണ്ടു പ്രസംഗിച്ചമെമ്പറന്മാർ എല്ലാവരും തന്നെ ഉദ്യോഗനിയമനത്തിൽ അംഗീകരിച്ചിരിക്കുന്ന രീതി ആർക്കും തൃപ്തികരമായിരിക്കുന്നില്ലാ എന്നു പ്രസ്താവിക്കാതിരുന്നിട്ടില്ല. ഈ വിഷയത്തെക്കുറിച്ച് കഴിഞ്ഞ 35 കൊല്ലങ്ങളായി പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും ഗവൺമെന്റിന്റെ മനസ്ഥിതിയ്ക്ക് ഇളക്കം തട്ടീട്ടില്ല. ഇതുസംബന്ധമായുള്ള നിലവിളികൾ എല്ലാം വനരോദനങ്ങളായി പരിണമിച്ചിരിക്കുന്നു......... ഇക്കാര്യത്തിന് കഴിയുന്നതും വേഗം പരിഹാരമുണ്ടാക്കിയില്ലെങ്കിൽ, ഈ പരിസ്ഥിതിയിൽ കഴിഞ്ഞുകൂടുന്ന മദ്രാസിലെ അബ്രാഹ്മണസമുദായങ്ങൾ അവിടെ പ്രയോഗിച്ചിട്ടുള്ള നടപടികൾ ഇവിടെ ആരംഭിക്കുന്നതിന് ഞങ്ങൾക്കും കഴിവുള്ളതാണെന്നുള്ള വിവരം ഞാൻ ഗവൺമെന്റിനെ നേരത്തെ അറിയിച്ചുകൊള്ളുന്നു. വേണ്ടിവരുന്നപക്ഷം ആ പ്രസ്ഥാനം ഇവിടെ തുടങ്ങുന്നതിനു ഞങ്ങൾ മടിക്കുകയുമില്ല. ഈ പതനത്തിലേയ്ക്കു ഗവൺമെന്റു ഞങ്ങളെ ചാടിക്കയില്ലെന്നു വിശ്വസിക്കുന്നു. എന്തെന്നാൽ അങ്ങിനെവരുമ്പോൾ ഈ പ്രശ്നത്തിനുള്ള നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ഗവൺമെന്റിനു വളരെ ബുദ്ധിമുട്ടു നേരിടുന്നതായിരിക്കും. ജനസംഖ്യയനുസരിച്ചുനോക്കുന്നതായാൽ ഉദ്യോഗങ്ങളുടെ 1.25 ശതമാനത്തിനുമാത്രം അവകാശമുള്ള ബ്രാഹ്മണർക്കു ഇപ്പോൾ ചില ഡിപ്പാർട്ടുമെന്റുകളിൽ 70 ശതമാനത്തിൽ കൂടുതൽ ഉദ്യോഗങ്ങളാണുള്ളത്." (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം 5. പുറം 168).

റവന്യൂഡിപ്പാർട്ടുമെന്റിൽ നിന്നും ദേവസ്വങ്ങളെ വേർതിരിച്ചതിനെ സംബന്ധിച്ച് റവ. ഫാദർ വെട്ടിക്കാപ്പള്ളിയുടെ പ്രസംഗങ്ങളിലൊന്നിൽ സൂചിപ്പിച്ച് പ്രസ്താവിച്ചിട്ടുള്ളസംഗതി കത്തോലിക്കരുടെ പ്രക്ഷോഭണഫലങ്ങളായുണ്ടാകുന്ന വിജയങ്ങളിൽ പോലും വന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അന്ത്യമമായ പരാജയത്തിന് ഉദാഹരണമാകുന്നു. ശ്രീമൂലം പ്രജാസഭയുടെ ആവിർഭാവത്തോടുകൂടി പബ്ളിക്ക് സർവ്വീസിലെ വർഗ്ഗീയപ്രാതിനിധ്യപ്രശ്നത്തിനു കൂടുതൽ പ്രാബല്യം സിദ്ധിക്കുകയുണ്ടായി. ലാൻഡ്റവന്യൂവകുപ്പ് ഒഴികെ ബാക്കിയുള്ള എല്ലാഡിപ്പാർട്ടുമെന്റുകളിലും സകല സമുദായക്കാർക്കും പ്രവേശനം ഉണ്ടെന്നു ദിവാൻ രാജഗോപാലാചാരി പ്രഖ്യാപനം ചെയ്തു. നീതിമാനായ ഒരു രാജ്യതന്ത്രജ്ഞനെന്ന നിലയിൽ, റവന്യൂഡിപ്പാർട്ടുമെന്റ് ദേവസ്വങ്ങളുമായി ഘടിപ്പിച്ചിരിക്കുന്നിടത്തോളം അത് മറ്റുള്ളവർക്കു അനിരോധ്യമായ നിലയിൽ സവർണ്ണഹിന്ദുക്കൾക്കു മാത്രമായുള്ള ഒരു സങ്കേതമായിരിക്കുമെന്നു അദ്ദേഹം കണ്ടു. അതുകൊണ്ട് അദ്ദേഹം കത്തോലിക്കരോടും പ്രാതിനിധ്യമില്ലാത്ത മറ്റുസമുദായക്കാരോടും ഉപദേശിച്ചത് ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളേയും വേർതിരിക്കുന്നതിനു പ്രക്ഷോഭണം നടത്താനാകുന്നു. കത്തോലിക്കരുടെ അതിയായ സഹകരണത്തോടുകൂടി ഈ സമുദായക്കാർ ദിവാൻ കൃഷ്ണൻനായരുടെകാലത്തു സകലമാനപേർക്കും സമനിലയിലുള്ള പൗരാവകാശം സ്ഥാപിച്ചുകിട്ടുന്നതിനായി "പൗരസമത്വവാദം" എന്നപേരിൽ ശക്തിമത്തായ ഒരു പ്രക്ഷോഭണം തുടർന്നു നടത്തി. തന്റെ ഉദ്യോഗകാലാവസാനഘട്ടത്തിൽ ഈ രണ്ടു വകുപ്പുകളേയും വേർതിരിക്കുന്നതിനു ഒരു പദ്ധതി തയ്യാറാക്കാനായി ദിവാൻ

www.malankaralibrary.com

കൃഷ്ണൻനായർ ഒരു കമ്മറ്റിയെ നിയമിച്ചു. റവന്യൂ-ദേവസ്വം വകുപ്പുകളെ വേർതിരിക്കുകയും അതു നടപ്പിൽവരുത്തുകയും ചെയ്തത് ദിവാൻ രാഘവയ്യാ ആയിരുന്നു. പ്രാതിനിധ്യമില്ലാത്ത സമുദായക്കാരിൽ നിന്നും ചുരുക്കം ചിലരെ റവന്യൂവകുപ്പിൽ നിയമിച്ചു പുതിയ നയം നടപ്പിലാക്കിയതും അദ്ദേഹം ആകുന്നു. എന്നാൽ പ്രക്ഷോഭണപ്രസ്ഥാനത്തിലെ പ്രധാന പങ്കുകാരായിരുന്ന കത്തോലിക്കരിൽ ആർക്കും തന്നെ ഒരു ഉദ്യോഗവും ലഭിച്ചില്ല. ഗവൺമെന്റിന്റെ ഈ പെരുമാറ്റത്തെ റവ. ഫാദർ വെട്ടിക്കാപ്പള്ളി നിയമസഭയുടെ ഒരു സമ്മേളനത്തിൽ എത്രയും കർക്കശമായിത്തന്നെ ആക്ഷേപിച്ചതായി നാം കണ്ടുവല്ലൊ. അന്നു ചങ്ങനാശേരി-മീനച്ചിൽ നിയോജകമണ്ഡലത്തിലെ നിയമസഭാപ്രതിനിധിയും ഇന്നു അഖിലകേരളകത്തോലിക്കാകോൺഗ്രസ്സിന്റെ പ്രസിഡന്റും ആയ മിസ്റ്റർ ജെ. ജോൺ നിധിയിരി ബി.എ., ബി.എൽ., അതേ നിയമസഭാസമ്മേളത്തിൽ വച്ചുതന്നെ ഗവൺമെന്റിന്റെ നയചാപല്യംമൂലം കത്തോലിക്കർക്കുണ്ടായ കഠിനമായ നൈരാശ്യത്തെ സ്പഷ്ടമാക്കിക്കൊണ്ടു പ്രസംഗിച്ചത് താഴെകാണുന്ന പ്രകാരമാണ്:-

"സർ, എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ് റവന്യൂഡിപ്പാർട്ടുമെന്റി നെക്കുറിച്ച് ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. പൗരസമത്വവാദപ്രസ്ഥാനത്തിൽ ഭാഗഭാക്കുകളായിട്ടുള്ളവരിൽ ഒരാളാണ് ഞാൻ. റവന്യൂ-ദേവസ്വം വിഭജനക്കമ്മിറ്റിയിൽ ഒരംഗമായിരിക്കാനുള്ള ഭാഗ്യവും എനിക്കുണ്ടായിരുന്നു. വിഭജനത്തിന്റെ ഒരു പ്രധാന ഉദ്ദേശം റവന്യൂ ഡിപ്പാർട്ടുമെന്റ് മഹാരാജാവുതിരുമനസ്സിലെ എല്ലാ വർഗ്ഗക്കാരായ പ്രജകൾക്കും പ്രവേശനാർഹതയുള്ളതാക്കിത്തീർക്കണമെന്നുള്ളതായിരുന്നു. വളരെക്കാലത്തിനുമുൻപേ ചെയ്യേണ്ടിയിരുന്ന ഈ ആശാസ്യമായ പരിഷ്ക്കാരം നടപ്പിലാക്കുന്നതിനായി ഒരു ലക്ഷത്തിൽപരം രൂപാ ചെലവുവരുന്ന ഒരു പ്രത്യേകഡിപ്പാർട്ടുമെന്റ് രൂപീകരിച്ച് ദേവസ്വത്തെ വേർതിരിക്കുകയുണ്ടായി. എന്നാൽ ഇതുകൊണ്ടുണ്ടായ ഫലമെന്താണ്? കാര്യങ്ങൾ പഴയപടി നടന്നുകൊണ്ടിരിക്കുന്നു. മഹാരാജാവുതിരുമനസ്സിലെ 30 ലക്ഷം പ്രജകൾക്കു ഈ ഡിപ്പാർട്ടുമെന്റിന്റെ കവാടങ്ങൾ ഇന്നും അടയ്ക്കപ്പെട്ടതായി തന്നെയിരിക്കുന്നു. ഇതുകൊണ്ടുണ്ടായ അന്ത്യമഫലം രാജ്യത്തിന്റെ ഭരണനിർവ്വഹണച്ചെലവ് കുറേക്കൂടി വർദ്ധിച്ചു എന്നതേയുള്ളു. നീതിമാൻ എന്നു പേരുകേട്ടിട്ടുള്ള ഒരു ഇംഗ്ലീഷുകാരനെ ഈ ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷനായി നിയമിച്ചിട്ടും കാര്യങ്ങൾക്കു ഒരു ഭേദഗതിയും വന്നിട്ടില്ലായെന്നുള്ളത് അത്യന്തം പരിതാപകരമായിരിക്കുന്നു. ദേവസ്വം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഗ്രെയിഡ് സംബന്ധിച്ചും പ്രമോഷൻ സംബന്ധിച്ചും റവന്യൂവകുപ്പിനെ ദേവസ്വം വകുപ്പുമായി പരസ്പരം ഘടിപ്പിച്ചു ഏട്ടിൽമാത്രം വിഭജനകാഹളം മുഴക്കിക്കൊണ്ടു അദ്ദേഹത്തിന്റെ മുൻഗാമി ചെയ്തുവെച്ചിട്ടുള്ള സമർത്ഥമായ ഏർപ്പാടുകൾ മൂലം അദ്ദേഹം എന്താണുചെയ്യേണ്ടതെന്നറിയാതെ സർവ്വത്ര കുഴങ്ങുന്നതായിതോന്നുന്നു. അതുകൊണ്ട് ഗവൺമെന്റിന്റെ മനഃസ്ഥിതിക്കു മാറ്റം വരുത്താത്ത കാലത്തോളം ഇപ്പോൾ നടപ്പിൽ വരുത്തീട്ടുള്ള വിഭജനംകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. നിയമസഭയിലെ നിരവധിചോദ്യങ്ങൾക്കു ലഭിച്ചിട്ടുള്ള മറുപടികൾകൊണ്ടും നിയമനക്കണക്കുകൾകൊണ്ടും കാണുന്നത് ഗവൺമെന്റ് ഇക്കാര്യം അത്ര ഗൗരവമായി ഗണി

www.malankaralibrary.com

ച്ചിട്ടില്ലാ എന്നാകുന്നു. ഇതേക്കുറിച്ച്, പ്രത്യേകിച്ചും ദേവസ്വം വിഭജനത്തിനായി നമുക്കുണ്ടായിട്ടുള്ള വമ്പിച്ച ചെലവിനെപ്പറ്റിയും ഓർക്കുമ്പോൾ അത്യധികമായി പരിതപിക്കയല്ലാതെ മറ്റു ഗത്യന്തരമൊന്നും കാണുന്നില്ല." (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം 5. പുറം 180).

കത്തോലിക്കർ സ്വതെ ശാന്തശീലരാകുന്നു. സ്ഥാപിതങ്ങളായിരിക്കുന്ന അധികാരശക്തികളുടെ നയവൈകല്യംകൊണ്ടുണ്ടാകുന്ന ഏതുവിധ ക്ലേശങ്ങളേയും ദീർഘകാലം സഹിക്കുന്നതിനുള്ള അനിതരസാധാരണമായ ഒരു ശക്തിയാണ് കത്തോലിക്കർക്കു അവരുടെ മതശിക്ഷണം നല്കീട്ടുള്ളത്. പൌരോഹിത്യ ഭരണസമ്പ്രദായത്തിന് കീഴ്പ്പെട്ട് വിശ്വാസത്തെയും സദാചാരത്തെയും സംബന്ധിച്ച് തങ്ങളുടെ പരമാധികാരിയായ മതാദ്ധ്യക്ഷന്റെ അപ്രമാധിത്വത്താൽ അചഞ്ചലമായി വിശ്വസിച്ചുപോരുന്നതിന്റെ ഫലമായി വ്യവസ്ഥാപിതമായിട്ടുള്ള ഏതൊരു അധികാരശക്തിയെക്കുറിച്ചും കത്തോലിക്കർക്കു അഭംഗുരമായ ഒരു ബഹുമാനമാണ് സ്വതേയുള്ളത്. കത്തോലിക്കരുടെ ഈ പ്രത്യേക സ്വഭാവവിശേഷത്തെ ഗവർമ്മെന്റു സ്വകാര്യലാഭാർത്ഥം കൊള്ളചെയ്യുകയാണെന്നുള്ള ഒരു ബോധം ക്രമേണ കത്തോലിക്കാ ഹൃദയങ്ങളിൽ ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. അങ്ങിനെയാണെങ്കിൽ, ക്ഷമാശീലനായ ഒരാളുടെ കോപം അതിഭയങ്കരമായിരിക്കുമെന്നുള്ള വസ്തുതയെ ഗവർമെന്റു വിസ്മരിക്കുകയാണുചെയ്യുന്നത്. വിശ്വാസസംരക്ഷണത്തിനുവേണ്ടി രക്തസാക്ഷികളായി തങ്ങളുടെ ജീവനെ വെടിഞ്ഞിട്ടുള്ള കത്തോലിക്കർ ബഹുസഹസ്രമാണ്. വേറെ യാതൊരു മതത്തിനും ഇത്ര പ്രശസ്തമായ ഒരു പൂർവ്വചരിത്രം ഉണ്ടായിരിക്കില്ല. മഹനീയങ്ങളായ ഈ ധർമ്മാർത്ഥത്യാഗങ്ങളെ ഏറെക്കുറെ സമീപിക്കുന്ന വേറൊരു ദൃഷ്ടാന്തം ത്തെ പറയാനുണ്ടെങ്കിൽ അതു മധ്യകാലങ്ങളിലെ കുരിശുയുദ്ധങ്ങളാണ്. കത്തോലിക്കർക്കു തിരുവിതാംകൂറിലുള്ള നില ഏതാണ്ടു ദുർഘടരീതിയിൽ ഉറപ്പില്ലാത്തതാകുന്നു. അവർ സേവിച്ചുനോക്കി; പ്രശംസിച്ചുനോക്കി; അപേക്ഷിച്ചുനോക്കി; കാരുണ്യത്തെയും സമത്വത്തെയും നീതിയെയും കരുതിയെങ്കിലും തങ്ങളുടെ കാര്യം ഗൌനിക്കണമെന്നു അവർഅധികൃതസമക്ഷം അഭ്യർത്ഥിച്ചും നോക്കി. അവരുടെ അവകാശസ്ഥാപനാർത്ഥമുള്ള സുദീർഘപ്രയത്നങ്ങൾ, അറിഞ്ഞിട്ടുള്ളതും അറിയപ്പെടാവുന്നതുമായ എല്ലാവിധവ്യവസ്ഥിതമാർഗ്ഗങ്ങളിൽ കൂടിയുമുള്ളവരുടെ പ്രക്ഷോഭണങ്ങൾ എന്നിതുകളെയെല്ലാം ഗവർമ്മെന്റു സദാ തൃണതുല്യമാക്കുകയാണു ചെയ്തത്. കത്തോലിക്കരുടെ സങ്കടങ്ങളെ ഗവർമ്മെന്റു ദയാപുരസ്സരം കേട്ടിട്ടുണ്ട്. അവരുടെ അവകാശവാദങ്ങളെ നിശ്ശേഷം നിരസ്സിക്കാതിരിക്കാൻ വേണ്ടും ബുദ്ധിസാമർത്ഥ്യവും ഗവർമ്മെന്റിനുണ്ടായിട്ടുണ്ട്. തങ്ങൾ സഹിച്ചിട്ടുള്ള നിരവധി കഷ്ടപ്പാടുകൾക്കും അവർണ്ണനീയങ്ങളായ വിഷമങ്ങൾക്കുമെല്ലാം കത്തോലിക്കർക്കു ലഭിച്ചിട്ടുള്ള പ്രതിഫലം അടുത്തു മേൽ പ്രസ്താവിച്ചവയെല്ലാ

www.malankaralibrary.com

മാണ്. ഈസ്ഥിതിഗതികൾക്കു ഒരവസ്സാനം കാണണമെന്നോ, വേണ്ടിവരുന്നപക്ഷം അതു അവസാനിപ്പിക്കുകയും അതുതന്നെ എത്രയും വേഗത്തിൽ വേണമെന്നു തീരുമാനിക്കുകയും ചെയ്യണമെന്നോ കത്തോലിക്കർക്കു തോന്നിത്തുടങ്ങിയിട്ടുണ്ടെങ്കിൽ അതിനു അവരെ കുറ്റപ്പെടുത്താവുന്നതാണോ?

അടുത്തുകഴിഞ്ഞ കൊല്ലങ്ങൾ (1100-1107) കത്തോലിക്കർക്കു വിശേഷിച്ചും അസന്തുഷ്ടികരമായിരുന്നു. മിസ്റ്റർ എം. ഇ. വാട്സിന്റെ നിയമനത്തോടുകൂടി ഗവർമ്മെണ്ടു കത്തോലിക്കരുടെ നില പൂർവ്വാധികം നന്നായി മനസ്സിലാക്കുകയും തൽഫലമായി വേണ്ട പരിഹാരങ്ങൾ ഉടനെ ഉണ്ടാക്കുകയും ചെയ്യുമെന്നു അവർ ആശിച്ചു. അതുകൊണ്ടുഅവർ പ്രക്ഷോഭണത്തിന്റെ ശക്തി കുറച്ചു. എന്നാൽ ഇതിന്റെ ഫലം എന്തായിരുന്നു? മിക്കവാറും എല്ലാവരും തന്നെ അകത്തോലിക്കരായ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർ ഈ പ്രശാന്തമായ അന്തരീക്ഷത്തെ പൂർണ്ണമായി വിനിയോഗിച്ചുകൊണ്ടുണ്ടാകുന്ന ഒഴിവുകളിൽ എല്ലാം തങ്ങളുടെ ചാർച്ചക്കാരെയോ സ്വസമുദായാംഗങ്ങളെയോ നിയമിച്ചു തൃപ്തിയടഞ്ഞു. അദ്ദേഹത്തിന്റെ പിൻഗാമിയായ മിസ്റ്റർ വി. എസ്. സുബ്രഹ്മണ്യയ്യരുടെ കാലത്തു സ്ഥിതിഗതികൾ അറുവഷളായിത്തീർന്നു. ഇദ്ദേഹത്തിന്റെ ഭരണം കൊണ്ടുണ്ടായിട്ടുള്ള ഒരു പ്രധാന ഗുണം കത്തോലിക്കാസമുദായത്തെ ഒന്നാകെ തട്ടിയുണർത്തി ശീഘ്രഫലനടപടികൾക്കു സന്നദ്ധമാക്കുകയും അവരുടെ വിചാരങ്ങളെ അഗ്രസ്ഥിതങ്ങളാക്കുകയും ചെയ്തിരിക്കുന്നു എന്നുള്ളതാണ്. ഉദ്യോഗനിയമനവിഷയത്തിൽ ഗവർമ്മെന്റും തങ്ങളുടെ ഉദ്യോഗസ്ഥന്മാരും നീതിന്യായധർമ്മങ്ങളെ എത്ര ധിക്കാരപരമായിട്ടാണ് ലംഘിച്ചിട്ടുള്ളതെന്നും തിരുവിതാംകൂറിലെ കത്തോലിക്കരുടെ രാഷ്ടീയ പുരോഗമനചരിത്രത്തിൽ അത് എത്രമാത്രം ഇരുളടഞ്ഞ വശങ്ങളെയാണു ചിത്രീകരിച്ചിട്ടുള്ളതെന്നും തെളിയിക്കുന്നതിനു ചുവടെ ചേർക്കുന്ന പട്ടിക തികച്ചും മതിയാകുന്നതാണ്:-

| നിയമനങ്ങൾ ആരാൽ നടത്തപ്പെട്ടു | ആകെ ചെയ്ത നിയമനങ്ങൾ | ബ്രാഹ്മണർ 45868 | നായന്മാർ 690495 | കത്തോലിക്കർ 611312 | മറ്റുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| ഡിസ്ട്രിക്ട് ജഡ്ജിമാരാൽ 1104 ലും 1105 ലും | 238 | 40 | 104 | 6 | 7 |
| ഡിസ്ട്രിക്ട് മുൻസിപ്പന്മാരാൽ 1104 ലും 1105 ലും | 835 | 89 | 419 | 27 | 137 |
| സെൻസസ് കമ്മീഷണരാൽ 1106 ൽ | 421 | 48 | 194 | 2 | 85 |
| പേഷ്കാരന്മാരാലും ദേവികുളം കമ്മീഷണരാലും 1104 ലും 1105 ലും | 85 | 7 | 33 | 6 | 20 |

www.malankaralibrary.com

| | | | | | |
|---|---|---|---|---|---|
| ഡിസ്ട്രിക്ട് രജിസ്ട്രാരന്മാരാൽ 1104ലും 1105ലും 1106 ലും | 564 | 53 | 261 | 41 | 67 |
| ഇംഗ്ലീഷ് സ്ക്കൂൾ അധികൃതരന്മാരാൽ 1104ലും 1105ലും | 17 | 2 | 4 | ഇല്ല | 5 |
| മെഡിക്കൽ ബോർഡിനാൽ 1104 മുതൽ 1106 വരെ | 88 | 11 | 26 | 8 | 30 |
| കൃഷി ഡയറക്ടരാൽ 1104 മുതൽ 1106 വരെ | 23 | 4 | 8 | 2 | 5 |
| അഞ്ചൽ സുപ്രണ്ടിനാൽ 1104 മുതൽ 1106 വരെ | 23 | 5 | 6 | 1 | 4 |
| ഫോറസ്റ്റ് കൺസർവേറ്ററാൽ 1104 മുതൽ 1105 വരെ | 32 | 2 | 12 | 1 | 6 |
| ഗവൺമെന്റിനാൽ നിയമിക്കപ്പെട്ട ഡിസ്ട്രിക്റ്റ് മുൻസിപ്പരന്മാർ 1085 മുതൽ 1107 വരെ | 54 | 15 | 17 | 1* | 13 |
| ഗവൺമെന്റിനാൽ നിയമിക്കപ്പെട്ട ഡിസ്ട്രിക്റ്റ് മുൻസിപ്പരന്മാർ 1100 മുതൽ 1107 വരെ | 22 | 6 | 9 | 1* | 3 |

*ഇപ്പോൾ ഹജൂരിൽ അസിസ്റ്റന്റ് സെക്രട്ടറിയാണ്

പബ്ളിക്കുസർവ്വീസിൽ വർഗ്ഗീയപ്രാതിനിധ്യം വേണമെന്നാകുന്നു കത്തോലിക്കർ ആദ്യന്തം ആവശ്യപ്പെടുന്നത്. മിസ്റ്റർ രത്നസ്വാമിയുടെ മേൽ ഉദ്ധരിച്ചിട്ടുള്ള പ്രസംഗഭാഗത്തിൽ അദ്ദേഹം വർഗ്ഗീയ പ്രാതിനിധ്യംകൊണ്ടുള്ള ഗുണങ്ങൾ താഴെചേർക്കുന്നവയാണെന്നു പ്രസ്താവിച്ചിരിക്കുന്നു. (1) രാഷ്ട്രീയഅധികാരത്തിൽ ദുഷ്പ്രഭുത്വവും അധികാരദുർവിനിയോഗവും ഇല്ലാതാകുന്നു. (2) വിവിധസമുദായാംഗങ്ങൾ ഒന്നിച്ചിരുന്നു സഹപ്രവർത്തനം നടത്തുന്നതുകൊണ്ട് നല്ല ഊർജ്ജിതമുണ്ടായി കാര്യക്ഷമത വർദ്ധിക്കുന്നു. (3) സമുദായങ്ങൾക്കു രാജ്യഭക്തി വർദ്ധിക്കുന്നു. 1891 ലെ മലയാളിമെമ്മോറിയലിന്റെ സാരവും ഇതുതന്നെയായിരുന്നു. ബ്രാഹ്മണർ ഒഴികെ സംസ്ഥാനത്തിലെ എല്ലാസമുദായക്കാരും ആഗ്രഹിക്കുന്ന പദ്ധതിയും ഇതാകുന്നു. ബ്രാഹ്മണർ ജനസംഖ്യയുടെ ശതാംശമെയുള്ളുവെങ്കിലും ആകെയുള്ള 26000 ഗവൺമെന്റു ഉദ്യോഗങ്ങളിൽ 6000 വും അവരാണു കരസ്ഥമാക്കിയിരിക്കുന്നത്. സമുദായപ്രാതിനിധ്യമനുസരിച്ചു അവർക്ക് ചെല്ലേണ്ടതിൽ 5740 സ്ഥാനങ്ങളാണു ഇപ്പോൾ കൂടുതലായുള്ളത്. തിരുവിതാംകൂർ പത്രപ്രവർത്തനസംഘത്തിൽ നിന്നും നിയമിച്ചു പബ്ളിക്ക് സർവ്വീസ് കമ്മിറ്റിക്കാർ തയ്യാറാക്കീട്ടുള്ള റിപ്പോർട്ടിൽ (അനുബന്ധം സി)

www.malankaralibrary.com

വർഗ്ഗീയപ്രാതിനിധ്യത്തിനുള്ള ഉദ്ദേശകാരണങ്ങളെക്കുറിച്ചു ചുരുക്കത്തിൽ പ്രസ്താവിക്കുകയും വർഗ്ഗീയപ്രാതിനിധ്യസ്ഥാപനാർത്ഥം എങ്ങിനെയാണു നിയമനങ്ങൾ നടത്തേണ്ടതെന്നു കാണിച്ചുകൊണ്ട് ഒരുപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റിയിൽ സംസ്ഥാനത്തിലെ എല്ലാ പ്രധാനസമുദായങ്ങളുടെയും പ്രതിനിധികൾ അടങ്ങിയിരുന്നു. അതുകൊണ്ട് അവരുടെ അഭിപ്രായങ്ങൾ ശ്രദ്ധാർഹങ്ങളാണ്. ബോംബെ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിൽ വർഗ്ഗീയപ്രാതിനിധ്യം അംഗീകരിച്ചിട്ടുണ്ട്. നിയമനങ്ങളേയും കയറ്റങ്ങളേയും നിയന്ത്രിക്കുന്നതിനു ഈ രണ്ടുസ്ഥലങ്ങളിലും ഏറെക്കുറെ ഒരുപോലെയുള്ള രീതിയിൽ ഏതാനം ചട്ടങ്ങളും ഏർപ്പെടുത്തീട്ടുണ്ട്. മദ്രാസിലെ പദ്ധതി താഴെപ്പറയും പ്രകാരമാകുന്നു:-

(1) "ഓരോ 12 നിയമനങ്ങളിൽ നാല് എണ്ണം അബ്രാഹ്മണഹിന്ദുക്കൾക്കും, രണ്ടെണ്ണം ബ്രാഹ്മണർക്കും, രണ്ടെണ്ണം മുസ്ലീമുകൾക്കും, രണ്ടെണ്ണം ഇന്ത്യൻ ക്രിസ്ത്യാനികൾക്കും ആംഗ്ലൊഇന്ത്യാക്കാർക്കും, രണ്ടെണ്ണം ആദിദ്രാവിഡർക്കും മറ്റുസമുദായക്കാർക്കുമായി നൽകേണ്ടതാണ്.

(2) ഈ ഉത്തരവ് ഇപ്പോൾ സർവ്വീസിലിരിക്കുന്നവരുടെ കയറ്റത്തിന് ബാധകമായിരിക്കുന്നതല്ല.

(3) അത്യാവശ്യമുള്ളിടത്തോളംമാത്രം കാര്യക്ഷമതയെ പരിഗണിച്ച് എല്ലാ നിയമനങ്ങളും നടത്തിയാൽ മതിയാകും. ഏതെങ്കിലും ഒരു സമുദായത്തിന്റെ മുറവരുമ്പോൾ അവശ്യം വേണ്ടയോഗ്യതകൾ ഉള്ള സ്ഥാനാർത്ഥി ആ സമുദായത്തിലില്ലാതെ വരുന്നതായാൽ, ആ സ്ഥാനം മുറയനുസരിച്ചുള്ള അടുത്ത സമുദായത്തിനുപോകുന്നതും, അതിനടുത്തുണ്ടാകുന്ന ഒഴിവിൽ, ആൾ ഇല്ലായ്ക കാരണത്താൽ നിയമനലാഭം കിട്ടാതെപോയ സമുദായത്തിൽ ആൾ ഉള്ളപക്ഷം ആ ആളെ നിയമിക്കേണ്ടതുമാണ്."

ഈ പദ്ധതിയെ വിമർശിച്ചുകൊണ്ട് മിസ്റ്റർ ആരോഗ്യസ്വാമിമുതലിയാർ പ്രസ്താവിച്ചതിങ്ങനെയാണ്:- "ഈ ഉത്തരവുകളെ കർശനമായി നടപ്പിൽ വരുത്തുന്നതായാൽ ഇരുപതു ഇരുപത്തഞ്ചു കൊല്ലങ്ങൾക്കകം വർഗ്ഗീയപ്രാതിനിധ്യാവകാശം തുല്യനിലയിലായിത്തീരുന്നതാണെന്നു സ്പഷ്ടമാണല്ലൊ. അതോടുകൂടി ഉദ്യോഗസംബന്ധമായുള്ള വർഗ്ഗീയവാദങ്ങൾ സ്വയം മൃതി അടയുകയും പിന്നീടു ഒരിക്കലും അതേപ്പറ്റി ചിന്തിക്കേണ്ടതായി വരുന്നതല്ലാത്തതുമാകുന്നു."

പബ്ളിക്ക് സർവ്വീസിൽ വർഗ്ഗീയപ്രാതിനിധ്യം ആവശ്യമാണെന്നു തിരുവിതാംകൂർ ഗവൺമെന്റു പരസ്യമായി സമ്മതിച്ചിട്ടുള്ളതിനാൽ അതേപ്പറ്റി ഈ മെമ്മോറാണ്ടത്തിൽ പ്രതിപാദനം ചെയ്യേണ്ട ആവശ്യമില്ല. 1925 ൽ അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന മിസ്റ്റർ ആർ. കൃഷ്ണപിള്ള നിയമസഭയിൽ പ്രസ്താവിച്ചത് ഇപ്രകാരമാണ്:-

"പബ്ളിക്ക് സർവ്വീസിലെ ഉയർന്നതും താഴ്ന്നതുമായ ഉദ്യോഗങ്ങൾക്കു ആളുകളെ നിയമിക്കുന്നതു സംബന്ധിച്ച ഒരു വിപുലമായ പദ്ധതി രൂപീകരിച്ചു കഴിഞ്ഞി

www.malankaralibrary.com

രിക്കുന്നു എന്നും അതു ഇപ്പോൾ ഗവൺമെന്റിന്റെ പര്യാലോചനയ്ക്കു വിഷയീഭവിച്ചിരിക്കയാണെന്നും കൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഉദ്യോഗങ്ങൾക്കു ആളുകളെ തെരഞ്ഞെടുക്കുവാൻ അനുദ്യോഗസ്ഥന്മാരുമായി കൂടിയാലോചിക്കുന്നതിനു ആ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു കിട്ടാവുന്നതിൽ അതിസമർത്ഥന്മാരെ പബ്ളിക്ക് സർവ്വീസിലേയ്ക്കു ലഭിക്കുമെന്നും തന്മൂലം ഉദ്യോഗനിയമനരീതി എല്ലാ പ്രധാനസമുദായങ്ങൾക്കും തൃപ്തികരമായ ഒരു നിലയെ പ്രാപിക്കുമെന്നും വിശ്വസിക്കുന്നു. ഉദ്യോഗത്തിൽ ആൾ എടുക്കുന്നതു സംബന്ധിച്ച് ഗവൺമെന്റു തങ്ങളുടെ നയം ഇന്നതാണെന്നു തീരുമാനിച്ചിരിക്കുന്നതായി ഇതിൽ നിന്നും വെളിവാകുന്നതാണല്ലോ. ഈ നയം അനുസരിച്ചു പ്രവർത്തിക്കുന്നതിനു ഗവൺമെന്റു അവരുടെ ഉദ്യോഗസ്ഥന്മാരെ നിർബന്ധിക്കുന്നതുമാണ്. സ്ഥിതിഗതികൾ ഇങ്ങനെയിരിക്കെ, ഉദ്യോഗനിയമനവിഷയംപ്രമാണിച്ച് വർഗ്ഗീയപക്ഷപാതം കാണിച്ചുവരുന്നുവെന്നുള്ളതിനെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കേണ്ടയാവശ്യമോ ന്യായമോ ഉണ്ടെന്നു തോന്നുന്നില്ല." (തിരുവിതാംകൂർ നിയമസഭാനടപടികൾ. വാല്യം 6. പുറം 851)

അന്നു നിയമസഭാദ്ധ്യക്ഷനായിരുന്ന ദിവാൻ രാഘവയ്യാ ഈ പ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ടു ഇപ്രകാരം പറയുകയുണ്ടായി:-

"ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും അത് ഇപ്പോൾ ഗവൺമെന്റിന്റെ പരിശോധനയിലിരിക്കയാണെന്നും ചീഫ് സെക്രട്ടറി നിങ്ങളോടു പ്രസ്താവിക്കുകയുണ്ടായല്ലൊ. ഈ പദ്ധതി സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇന്ന് നിങ്ങളെ അറിയിക്കാമെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ അപ്രകാരം ചെയ്യുന്നതിനു എനിക്കിപ്പോൾ നിർവ്വാഹമില്ല. ഈ പദ്ധതി അനുദ്യോഗസ്ഥ ജനസമൂഹത്തിനു തൃപ്തികരമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പദ്ധതി പ്രയോഗത്തിൽ വരുമ്പോൾ നിയമനരീതിയിൽ ഉള്ളതായി പറയപ്പെടുന്ന പക്ഷപാതങ്ങളും രക്ഷാധികാരങ്ങളും എല്ലാം നിവൃത്തിയുള്ളിടത്തോളം ഇല്ലാതായിത്തീരുന്നതാണ്. പക്ഷപാതമായി പെരുമാറുന്നു എന്നുള്ള സംശയങ്ങളും മറ്റും യഥാർത്ഥത്തിൽ ഉള്ളതല്ല. അവയിൽ അധികവും വെറും മനോധർമ്മവ്യാപാരങ്ങളാണ്. ഔദ്യോഗിക നടപടിപ്പിശകുകളേയും വൈകല്യങ്ങളേയുംപറ്റി ധാരാളം പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ പൊതുജനങ്ങളും സഹകരിച്ചു പ്രവർത്തിച്ചേമതിയാവൂ. കൈക്കൂലിക്കാരനായ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനു അഭയംനൽകണമെന്നുള്ളതല്ല ഗവൺമെന്റിന്റെ ഉദ്ദേശം. (തിരുവിതാംകൂർ നിയമസഭാനടപടികൾ. വാല്യം 6. പുറം 894)

"പ്രാതിനിധ്യമില്ലാത്ത സമുദായക്കാരോടു പ്രത്യേക നിലയിൽ വർത്തിക്കണം" എന്നുകാണിച്ചു ഒരു കത്തോലിക്കാ മെമ്പർ അവതരിപ്പിച്ച പ്രമേയത്തെപ്പറ്റി നിയമസഭയുടെ ആ സമ്മേളനത്തിൽ തന്നെ തീവ്രമായ വാദപ്രതിവാദം നടക്കുകയുണ്ടായി. പ്രമേയം പിൻവലിക്കണമെന്നു അപേക്ഷിച്ചുകൊണ്ട്, അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന മി. ആർ. കൃഷ്ണപിള്ള ഗവൺമെന്റിനു വേണ്ടി, വർഗ്ഗീയപ്രാതിനിധ്യം സംബന്ധിച്ചു ഗവൺമെന്റു അനുകരിക്കാൻ നിശ്ചയിച്ചിരുന്ന പദ്ധതിയിലെ പൊതുതത്വങ്ങളെക്കുറിച്ചു പ്രസ്താവിച്ചത് ഇപ്രകാരമാകുന്നു:-

www.malankaralibrary.com

(1) "ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിൽപെട്ട ആൾ എന്ന കാരണത്താൽ യാതൊരാൾക്കും പബ്ളിക്ക് സർവ്വീസിൽ പ്രവേശനം ലഭിക്കാതിരിക്കുന്നതല്ല.

(2) സർവ്വീസിൽ പ്രവേശിക്കുന്നതിനു എല്ലാവർഗ്ഗക്കാർക്കും തുല്യ അവസരം നൽകുന്നതാണ്.

(3) മറ്റുകാര്യങ്ങൾ തുല്യങ്ങളായിരുന്നാൽ പ്രാധിനിധ്യം ഒട്ടും ഇല്ലാത്തതും പ്രാതിനിധ്യം കുറവുള്ളതുംആയ സമുദായക്കാർക്കു പ്രഥമാവകാശം നൽകുന്നതാണ്.

(4) ഏതാനും വ്യവസ്ഥിതമായുള്ള സമുദായങ്ങൾക്കും സമുദായക്കൂട്ടങ്ങൾക്കു മല്ലാതെ, ഓരോ പ്രത്യേകസമുദായത്തിനും പ്രത്യേകം പ്രത്യേകമായി പ്രാതിനിധ്യം സംബന്ധിച്ച് ആനുകൂല്യങ്ങൾ ചെയ്യുന്നതല്ല.

(5) ഈ നിലയിൽതന്നെയും ഓരോസമുദായത്തിലും പരീക്ഷായോഗ്യതയും ജോലികയ്യേല്ക്കുവാൻ സമ്മതവുമുള്ളവരുടെ സംഖ്യയായിരിക്കും, അല്ലാതെ അതതു സമുദായത്തിന്റെ ജനസംഖ്യയായിരിക്കയില്ല, പ്രാതിനിധ്യത്തിന്റെ മാനദണ്ഡം.

(6) ഉദ്യോഗകയറ്റങ്ങളില്ല, സ്ഥിരമൊ താൽക്കാലികമൊ ആയ നിയമനങ്ങളിൽ മാത്രമേ വർഗ്ഗീയ പ്രാതിനിധ്യം അംഗീകരിക്കയുള്ളു." (തിരുവിതാംകൂർ നിയമസഭാ നടപടികൾ വാല്യം 6. പുറം 1050).

പബ്ളിക്ക് സർവ്വീസിൽ വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിക്കാനുള്ള ഒരു മനസ്ഥിതി മിസ്റ്റർ രാഘവയ്യായ്ക്കു ഉണ്ടായത് പൊടുന്നനവെ ഉണ്ടായ വല്ല കാരണത്താലുമല്ലെന്നു നാം പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ കാലത്തു വർഗ്ഗീയവാദപ്രക്ഷോഭണം വമ്പിച്ച തോതിൽ എത്തിയിരിക്കുന്നു. തന്റെ ന്യായബുദ്ധിയുടെ പ്രേരണയാലൊ അതല്ല തല്ക്കാലശാന്തിക്കായൊ എന്തിനാണ് മിസ്റ്റർ രാഘവയ്യാ വർഗ്ഗീയ പ്രാതിനിധ്യവാദത്തെ സ്വീകരിച്ചതെന്നു നോക്കേണ്ടകാര്യമില്ല. അദ്ദേഹം അദ്ദേഹത്തോടുതന്നെ മല്ലിട്ടതിന്റെ ഫലമാണിതെന്ന് മാത്രമേ നമുക്കു അറിഞ്ഞുകൂടൂ. വാഗ്ദാനം നിറവേറ്റുന്നതിന് അദ്ദേഹം സോത്സാഹം പ്രവർത്തിച്ചു തുടങ്ങി. ഒരു ശരിയായ പദ്ധതി അദ്ദേഹം തയ്യാർ ചെയ്തു. ആയതു ഉടനെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനും അദ്ദേഹം നിശ്ചയിച്ചു. അപ്പോഴേയ്ക്കും അദ്ദേഹത്തെ ദിവാൻ പണിയിൽ നിന്നും പിരിച്ചുവിടുന്നതായിട്ടാണ് നാം കാണുന്നത്. എന്തുകാരണം കൊണ്ടൊ അല്ലെങ്കിൽ ആരുടെ സ്വാധീനശക്തി കൊണ്ടൊ എങ്ങിനെയാണ് ആ പദ്ധതി സൂര്യപ്രകാശം കാണാതെപോയതെന്നുള്ളത് ഇനിയും ഒരു രാഷ്ട്രീയ രഹസ്യമായിരിക്കുന്നതേയുള്ളു. ഈ സന്ദർഭത്തിൽ മിസ്റ്റർ രാഘവയ്യായെപ്പറ്റി പ്രശംസാപരമായി കുറഞ്ഞൊന്നു പ്രസ്താവിക്കുന്നത് അസ്ഥാനത്താകാനിടയില്ല എങ്കിലും ആ ഒരു കൃത്യം ഇപ്പോൾ ചെയ്യാതിരിക്കുന്നതായിരുക്കും ഉത്തമമെന്നു കരുതുന്നു. എന്തുകൊണ്ടെന്നാൽ വർഗ്ഗീയപ്രാതിനിധ്യതത്വത്തെ നടപ്പിൽ വരുത്തുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രയത്നങ്ങൾക്ക് ഇന്നത്തെ ഭരണമേധാവിയായ മിസ്റ്റർ വി.എസ്. സുബ്രഹ്മണ്യയ്യർ തന്റെ വിപരീതവും പിൻഗമനരീതിയിലുള്ളതുമായ നടപടികൾകൊണ്ട് കുറെക്കൂടി പ്രാധാന്യതയും മാഹാത്മ്യവും ഉണ്ടാക്കിയിട്ടുണ്ട്. ഇതിൽ കൂടുതൽ ഒരു പ്രശംസ

www.malankaralibrary.com

മിസ്റ്റർ രാഘവയ്യായ്ക്കു ലഭിക്കാനില്ലല്ലൊ. കബളിപ്പിക്കാതെ പ്രയാസങ്ങളെ സഹതാപപൂർവ്വം നിവാരണം ചെയ്യുന്നതിനും, ഉപായംകൊണ്ടോ ശ്ലേഷോക്തികൾകൊണ്ടോ കാലം കളയാതെ ആത്മാർത്ഥമായി പെരുമാറുന്നതിനും ചുമതലപ്പെട്ടിട്ടുള്ള ഒരു മഹാസ്ഥാനം അലങ്കരിക്കുന്നതിന് ഗന്ധർവ്വതുല്യം പെട്ടെന്ന് അവതരിച്ച ഒരു യാന്ത്രികമനുഷ്യനെപ്പോലെയുള്ള ദിവാൻ മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ വിവാദവിഷയത്തെക്കുറിച്ചുള്ള ചില പ്രസ്താവനകളേയും ഇവിടെ ഉദ്ധരിച്ചെങ്കിൽ മാത്രമേ അദ്ദേഹം ഏതു തരത്തിലുള്ള ആളാണെന്ന് നമുക്കു അറിയാൻ കഴിയുകയുള്ളു.

1929-ൽ കൂടിയ നിയമസഭയുടെ ദ്വിതീയസമ്മേളനത്തിൽ ദിവാൻ മിസ്റ്റർ വി.എസ്. സുബ്രഹ്മണ്യയ്യർ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:-

"ഈ വിഷയത്തെപ്പറ്റിയുള്ള വാദപ്രതിവാദം പര്യവസാനിപ്പിക്കുന്നതിനു മുൻപായി രണ്ടുവാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ എല്ലാവരുടേയും മനസ്സിൽ പതിഞ്ഞിട്ടുള്ളതായ ഈ വർഗ്ഗീയപ്രാതിനിധ്യവാദത്തിനു ഒരു തീരുമാനം ഉണ്ടാക്കുന്നതിലേയ്ക്കു ഈ കൗൺസിലിലെ എല്ലാ മെമ്പറന്മാരും ആഗ്രഹിച്ചുവരുന്നതിനെ ഗവൺമെന്റു നല്ലപോലെ മനസ്സിലാക്കുന്നുണ്ട്. ഇതിനൊരു തീരുമാനം ഉണ്ടാക്കുന്നതിനായി ഗവൺമെന്റും ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. മിസ്റ്റർ റോബിൻസൺ പറഞ്ഞതുപോലെ അപ്രാതിനിധ്യസമുദായങ്ങളിലൊ വേണ്ടുവോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിലൊ ഉൾപ്പെട്ടവരും ആവശ്യമായ യോഗ്യതകളോടുകൂടിയവരുമായ ആളുകളെ കാര്യക്ഷമതയ്ക്കു ഹാനിനേരിടാതിരിക്കത്തക്കവണ്ണം ആദ്യനിയമനങ്ങളിൽ കഴിയുന്നിടത്തോളം നിയമിച്ച് ഇപ്പോഴുള്ള അസമത്വങ്ങളെ പരിഹരിക്കുവാൻ ഗവൺമെന്റ് ശ്രമിച്ചുവരുന്നുണ്ട്. ഈ ഉദ്യമം പ്രായോഗികമാക്കിത്തീർത്തുകൊണ്ടിരിക്കുന്നതിൽ അവിടിവിടെയായി ന്യൂനതകൾ ഉണ്ടായേക്കാം. ആ ന്യൂനതകളെ പരിഹരിക്കുന്നതിനായി, ഈ ഉപക്ഷേപത്തിന്മേൽ ഇന്നു ഈ കൗൺസിലിൽ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളിൽ പുറപ്പെടുവിച്ചിരിക്കുന്ന വിവിധ നിർദ്ദേശങ്ങളെപ്പറ്റി പര്യാലോചിക്കുന്നതിനും ഈ വിഷയത്തിന്റെ നാനാവശങ്ങളെയും പരിഗണിച്ചു വേണ്ട നടപടി നടത്തുന്നതിനും ഗവൺമെന്റു ഒരുക്കമാണ്. ഇതിനു പറ്റിയതെന്ന നിലയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ള പരിഹാരമാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നു ഉടനടി സ്വീകരിക്കുവാൻ ഗവൺമെന്റിനു നിവൃത്തിയില്ല. മെമ്പർമാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളെപ്പറ്റിയും ഗവൺമെന്റു പര്യാലോചിക്കുന്നതാണെന്നും എല്ലാവർക്കും തൃപ്തികരമായിരിക്കത്തക്കവിധം ഈ കാര്യം തീരുമാനിക്കുന്നതിലേയ്ക്കു ഒരുപക്ഷെ ഈ കൗൺസിലിന്റെ തന്നെ സഹായം ആവശ്യമായിവന്നേക്കാമെന്നും മാത്രമേ ഇപ്പോൾ എനിക്കു പറയാൻ തരമുള്ളു." (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം 15, പുറം 312.)

ശ്രീമൂലം പ്രജാസഭയുടെ 26 ാംമത്തെ സമ്മേളനത്തിൽ വിവിധവർഗ്ഗക്കാരായ മെമ്പറന്മാർ സമർപ്പിച്ച നിവേദനങ്ങൾക്കു എല്ലാറ്റിനുംകൂടി നൽകിയ മറുപടിയിൽ മിസ്റ്റർ സുബ്രഹ്മണ്യയ്യർ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്:-

"തങ്ങൾ താമസിച്ചാണു രംഗപ്രവേശം ചെയ്തിട്ടുള്ളതെന്ന കാരണത്താൽ പ്രത്യേകനിലയിൽ തങ്ങളോടു പെരുമാറണമെന്നു അവർ ആവശ്യപ്പെടുന്നു. കാര്യ

www.malankaralibrary.com

ക്ഷമതയ്ക്കു വിഘ്നംകൂടാതെ അവരിൽനിന്നും കുറെക്കൂടി കൂടുതലായി ആളുകളെ സർവ്വീസിൽ നിയമിക്കേണ്ടതാണെന്നു ഗവൺമെന്റിനും തോന്നിയിട്ടുള്ളതുകൊണ്ടു ഈ അഭിപ്രായമനുസരിച്ചു വേണ്ടപോലെ ചെയ്തുകൊള്ളാമെന്നു കാണിച്ച് ഗവൺമെന്റു ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു ഉത്തരവുകൾ അയയ്ച്ചിട്ടുണ്ട്. ഈ ഉത്തരവു കളെ അവയുടെ താത്പര്യമനുസരിച്ചു നടപ്പിൽ വരുത്തുന്നില്ലായെന്നുള്ള പരാതി യാണു നിങ്ങൾ പ്രധാനമായി ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. ഈ വിഷയത്തെപ്പറ്റി യുള്ള ഉത്തരവുകൾ കുറെകൂടി നിശ്ചിതവും വിശദവുമായിരിക്കണമെന്നും നിങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇക്കാര്യം ഗവൺമെന്റിന്റെ അവധാനപൂർവ്വമായ പര്യാ ലോചനയിൽ പെട്ടിട്ടുണ്ട്. പരാതിയെ ഇല്ലായ്മചെയ്യുന്നതിനു ചില മാർഗ്ഗങ്ങൾ കണ്ടു പിടിക്കാമെന്നും ഗവൺമെന്റു ആശിക്കുന്നു. സുഗമമായ പ്രവർത്തനത്തിനായി ചട്ട ങ്ങളെ വേണ്ടപോലെ നിജപ്പെടുത്തുകയും ചെയ്യാമെന്നു വിചാരിയ്ക്കുന്നു.". (26-ാംമത്തെ ശ്രീമൂലം പ്രജാസഭാ നടപടികൾ 1930 പുറം 376)

ഒരു കൊല്ലം കഴിഞ്ഞ് 27-ാംമത്തെ ശ്രീമൂലം പ്രജാസഭയിൽ മിസ്റ്റർ സുബ്രഹ്മണ്യയ്യർ ഇങ്ങനെ പറയുകയുണ്ടായി:-

"പബ്ളിക് സർവ്വീസിനെപ്പറ്റി പ്രജാസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ചെയ്ത നിവേദനങ്ങൾക്കു മറുപടി പറഞ്ഞ കൂട്ടത്തിൽ വർഗ്ഗീയപ്രാതിനിധ്യകാര്യം ഗവൺമെന്റിന്റെ അവധാനപൂർവമായ പര്യാലോചനയ്ക്കു എടുത്തിട്ടുണ്ടെന്നും സുഗ മമായ പ്രവർത്തനത്തിനു ഉതകത്തക്കവിധം ചട്ടങ്ങളെ നിജപ്പെടുത്തുന്നതിന് ചില മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതാണെന്നും ഞാൻ പറഞ്ഞിട്ടുണ്ട്. ഈ വിഷയം പ്രമാ ണിച്ചു പ്രജാസഭയുടെ അതീതസമ്മേളനങ്ങളിലെ നിവേദനങ്ങളും നിയമസഭയിലെ വാദപ്രതിവാദയങ്ങളും നോക്കിയതിൽ ഇതേപ്പറ്റി അഭിപ്രായവ്യത്യാസമുള്ളതായി വെളി വായിരിക്കുന്നു. ഈ വിഷയത്തിന്റെ നാനാവശങ്ങളേയും പറ്റി പരിചിന്തിക്കുന്നതിനും ഉദ്യോഗനിയമനം സംബന്ധിച്ചു സ്വീകരിക്കേണ്ട മാർഗ്ഗങ്ങളേയും തത്വങ്ങളേയും കുറിച്ചു നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ആയി ഒരു കമ്മിറ്റിയെ നിയമിക്കുന്നതു ആശാ സ്യമായിരിക്കുമെന്നു ഗവൺമെന്റു വിചാരിക്കുന്നു. ഇതുസംബന്ധിച്ചു ആവശ്യം വേണ്ട ഉത്തരവുകൾ ഉടനെ പുറപ്പെടുവിക്കുന്നതായിരിക്കും". (27-ാംമത്തെ ശ്രീമൂലം പ്രജാസഭാ നടപടികൾ 1931 പുറം 14).

ഇതിനുശേഷം അഞ്ചുമാസം കഴിഞ്ഞപ്പോൾ ഇപ്പോഴത്തെ നിയമസ ഭയുടെ പ്രഥമസമ്മേളനം നടന്നു. അന്നു മിസ്റ്റർ സുബ്രഹ്മണ്യയ്യർ പ്രസ്താ വിച്ചത് ഇപ്രകാരമാണ്:-

"ഈ സംഗതിയ്ക്കായി ഒരു കമ്മറ്റിയെ നിയമിക്കാമെന്നു ഗവൺമെന്റു വാഗ്ദാനം ചെയ്തിട്ടുള്ള വസ്തുതയെ ഇക്കാര്യത്തെപ്പറ്റി പ്രസംഗിച്ച മെംബറന്മാർ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. ഈ വിഷയം ഗവൺമെന്റിന്റെ ആലോചനയിലിരിക്കയാ ണെന്നുള്ള സംഗതി ഞാൻ സഭയെ അറിയിച്ചുകൊള്ളുകയും കമ്മിറ്റിയെ എത്രയും വേഗത്തിൽ നിയമിക്കുന്നതാണെന്നു ഉറപ്പുപറയുകയും ചെയ്തുകൊള്ളുന്നു." (തിരു വിതാംകൂർ നിയമസഭാ നടപടികൾ വാല്യം 19 നമ്പർ 8).

പ്രസംഗമനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും അതിനനുസരണ മായി ഭാവിനടപടികളെ നിയന്ത്രിക്കാതിരിക്കുകയും ചെയ്യുന്നത് ഒരു രാജ്യ തന്ത്രജ്ഞനു യോജിച്ചതല്ല. തല്ക്കാലഭാരത്തെ ലാഘവപ്പെടുത്തുകയെ

www.malankaralibrary.com

ന്നുള്ള ഏകവിചാരമേ ദിവാൻ മിസ്റ്റർ സുബ്രഹ്മണ്യയ്യർക്കുള്ളൂ എന്നു അദ്ദേഹത്തിന്റെ പ്രസ്താവനകൾ സുവ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ ആദ്യപ്രസ്താവനയ്ക്കും ഇടയ്ക്കു വർഷം രണ്ടുകഴിഞ്ഞിരിക്കുന്നു. രണ്ടാമത്തെ പ്രസ്താവനയും ആദ്യത്തെ പ്രസ്താവനപോലെ കാര്യനടപ്പിനെ വിദൂരസ്ഥിതമാക്കിത്തീർക്കുന്നതേയുള്ളു. ഒരു കമ്മിറ്റിയെ നിയമിക്കാമെന്നുള്ള വാഗ്ദാനം സംബന്ധിച്ച് 1931 മാർച്ച് 2 ലെ "ഉടനെ" എന്ന പ്രസ്താവനയ്ക്കും 1931 ആഗസ്റ്റ് 4 ലെ "എത്രയും വേഗത്തിൽ" എന്ന പ്രസ്താവനയ്ക്കും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്. "ഉടനെ" എന്നുള്ളത് 5 മാസത്തെ കാലദൈർഘ്യമാകാമെങ്കിൽ അതോടൊന്നിച്ചു "എത്രയും വേഗത്തിൽ" എന്നുള്ളതു കൂടി ചേർന്നാൽ ഈ രണ്ടാമത്തെ പ്രയോഗത്തിന് 5 മാസത്തിൽ കുറയാതെ തുടങ്ങി 50 വർഷത്തിൽ കവിയുന്നതുവരെയുള്ള ഒരു കാലദൈർഘ്യം ഉണ്ടായേക്കാം എന്നർത്ഥമാകാം . ഇന്നു നിലവിലിരിക്കുന്ന ഉത്തരവുകളെ റദ്ദ് ചെയ്തിരിക്കുന്നു എന്നുള്ള ഒരു ഭയങ്കരഏടാകൂടം അദ്ദേഹത്തിന്റെ പ്രഖ്യാപനത്തിൽ അന്തർലീനമായി കിടക്കുന്നതുകൊണ്ടു, കമ്മിറ്റി രൂപീകരിക്കുകയും, വർഗ്ഗീയപ്രശ്നത്തിന്റെ എല്ലാവശങ്ങളേയുംപറ്റി പരിശോധിച്ചിട്ട് പബ്ളിക്ക് സർവീസിലേയ്ക്കു ആളുകളെ നിയമിക്കുന്നതു സംബന്ധിച്ചുള്ള തത്വങ്ങളേയും മാർഗ്ഗങ്ങളേയുംകുറിച്ച് അവരുടെ നിർദ്ദേശങ്ങൾവരുകയും, അവയെ ഗവൺമെന്റു അനുവദിക്കുകയും ചെയ്യുന്നതുവരെ ആർക്കും അവരവരുടെ ഇഷ്ടാനുസരണം എന്തും ചെയ്യാമെന്നു വരുന്നതാണ്. അതുകൊണ്ട് ദിവാൻ രാഘവയ്യാ ചെയ്തിട്ടുള്ളതിനെ ഇല്ലാതാക്കുന്നതിനും അതൊന്നും ചെയ്യണ്ടാഎന്നുള്ള ലാക്കോടുകൂടി ഇക്കാര്യം വീണ്ടും ആരംഭിക്കുന്നതിനുമാണ് ആധുനികദിവാന്റെ ആലോചന. ചട്ടങ്ങൾക്കു അധികമായ ന്യൂനത ഉണ്ടെന്നുള്ളതല്ല, പ്രത്യുതഃ അവയെ വേണ്ടപോലെയും ശരിയായും പ്രയോഗിക്കുന്നില്ല എന്നുള്ളതാണു പ്രാതിനിധ്യസ്ഥാപനങ്ങളിൽ ചെയ്ത ആക്ഷേപങ്ങൾ. ഓരോ ചട്ടങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരുമ്പോൾ പ്രദർശിതമാകുന്ന കുറ്റങ്ങളേയും കുറവുകളേയും ശരിപ്പെടുത്താനുള്ള സാമർത്ഥ്യമെങ്കിലും ഇത്രവലിയ ശമ്പളം വാങ്ങുന്ന ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥനു ഇല്ലെങ്കിൽ അതേപ്പറ്റി എന്തു പറയട്ടെ. അതുകൊണ്ടു മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ ഈ കമ്മിറ്റി രൂപീകരണം വെറും ഒരു പിത്തലാട്ടം അല്ലാതെ മറ്റൊന്നുമല്ലെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

വർഗ്ഗീയപ്രശ്നകാര്യം ഒരു കമ്മിറ്റിയെ ഏൽപ്പിക്കാനുള്ള ഇന്നത്തെ നിർദ്ദേശത്തെ പല കാരണങ്ങൾകൊണ്ടും തിരുവിതാംകൂറിലെ കത്തോലിക്കർക്കു തിരസ്ക്കരിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇവയിൽ നിന്നെല്ലാം ആശിക്കാനുള്ളത് എത്രത്തോളമെന്ന് ദുഃഖപര്യവസായികളായ പല മുൻ അനുഭവങ്ങളും അവരെ പഠിപ്പിച്ചിട്ടുണ്ട്. യഥാർത്ഥമായ ഈ ഭീതിക്കു നിയമസഭാ നടപടികളും ഉത്തമസാക്ഷ്യം വഹിക്കുന്നു. അപ്രാതിനിധ്യ സമുദാ

www.malankaralibrary.com

യത്തിൽപെട്ട ഒരു മെമ്പർ നിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുന്നു. തന്റെ സമുദായത്തിനുള്ള അവശതകളെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഏക ഉദ്ദേശമെ ആ മെമ്പറിന് ഉള്ളു എന്നു എല്ലാവർക്കും അറിവുള്ളതുമാണ്. വേണ്ടതുചെയ്യാമെന്നു ഉറപ്പുകൊടുത്തുകൊണ്ട് ആ പ്രമേയത്തെ പിൻവലിക്കാൻ മെമ്പറിനോടു ആവശ്യപ്പെടുന്നതിനുപകരം ആ പ്രമേയത്തിനു പരാജയപ്രാപ്തി ഉണ്ടാകാൻവേണ്ടി പ്രമേയത്തെ വോട്ടിനിടുന്നതിനു നിർബന്ധിക്കുന്നു. ഇത് രാഷ്ട്രീയസ്വാധീനം കൊണ്ടു രാഷ്ട്രീയനീതിയെ ധ്വംസിക്കുന്ന ഒരു നികൃഷ്ട കൗശലമാണ്. സർവ്വീസിൽ അർഹാതീതമായി പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിലെ മെമ്പറന്മാരും ഗവൺമെന്റു മെമ്പറന്മാരുംകൂടി ചേരുമ്പോൾ നിയമസഭയിൽ അവർക്കു ഭൂരിപക്ഷം ലഭിക്കുന്നു. പബ്ളിക്ക് സർവ്വീസിൽ പ്രാതിനിധ്യക്കുറവുള്ള സമുദായക്കാർക്കു പ്രാതിനിധ്യസ്ഥാപനങ്ങളിലും അതേസ്ഥിതിതന്നെയാണല്ലൊ ഉള്ളത്. ആലേചനയിലിരിക്കുന്ന കമ്മിറ്റിയിലും അവർക്കു അതേ സ്ഥിതിതന്നെയായിരിക്കും. പിന്നണിയിൽ നിൽക്കുന്ന സമുദായക്കാർക്ക് ഗവൺമെന്റും അവരുടെ അരുമസമുദായക്കാരും കൂടി നൽകുന്ന അന്നം വിഷമായിട്ടേ പരിണമിക്കുകയുള്ളൂ. നിയമസഭയിൽ കത്തോലിക്കർക്ക് വേണ്ട സംഖ്യാബലമുണ്ടായിരുന്നുവെങ്കിൽ ഇതിനു എത്രയോ മുമ്പു തന്നെ അവർ അവരുടെ മുഴുവൻ രാഷ്ട്രീയാധികാരത്തേയും കരസ്ഥമാക്കുമായിരുന്നു. കൂടാതെ ഗവൺമെണ്ടു കമ്മിറ്റി ഏർപ്പെടുത്തേണ്ടതിലേയ്ക്കു ആവശ്യം വേണ്ട കാര്യകാരണങ്ങളെ വെളിപ്പെടുത്തുകയും ഉണ്ടായിട്ടില്ല. ഏതെല്ലാം ചട്ടങ്ങളാണ് ന്യൂനതയുള്ളവയായിരിക്കുന്നതെന്നു ഇതേവരെ തെളിയിക്കുകയോ ആ ന്യൂനതകൾ പരിഹരിക്കത്തക്കവയാണോ എന്നു പരീക്ഷിച്ചുനോക്കുകയോ ഉണ്ടായിട്ടില്ല. ഏതാനും ഗവൺമെന്റ് ചട്ടങ്ങൾക്കുള്ള ന്യൂനതകളെ പരിഹരിക്കുന്നതിനായി മാത്രം ഒരു കമ്മറ്റി ഏർപ്പെടുത്തിക്കളയാമെന്നുള്ള ആലോചന തികച്ചും ഈച്ചയെ കൊല്ലുന്നതിനു കൂടം എടുത്തു അടിക്കുന്നതിനു തുല്യമായ ഒരു പ്രയത്നമാണെന്നു സമ്മതിച്ചേ മതിയാവൂ. വഷളായ സംഗതികളെ അറുവഷളാക്കുന്നതിന് ഈ മാതിരി ന്യായങ്ങൾ ലോകാവസാനംവരയ്ക്കും പറഞ്ഞുകൊണ്ടിരിക്കാവുന്നതാണ്. ചട്ടങ്ങൾ ഏതു പ്രകൃതത്തിലുള്ളവായിരുന്നാലും അവയെ ശരിയായി ഒരിക്കലെങ്കിലും ഒന്നു പരീക്ഷിച്ചു നോക്കീട്ടില്ലെന്നുള്ളതാണ് കത്തോലിക്കരുടെ പ്രധാന ആക്ഷേപം. അതുകൊണ്ട് ഏതുകാര്യം സാധിക്കാനായി കമ്മിറ്റി ആവശ്യമെന്നു തോന്നുന്നുവോ അതിനു കമ്മിറ്റിയുടെ ആവശ്യം യഥാർത്ഥത്തിലില്ലെങ്കിൽ, കത്തോലിക്കരുടെ ഇന്നത്തെ പ്രക്ഷോഭണത്തെ അമർച്ച ചെയ്തു ഏതെങ്കിലും വിധത്തിൽ ഒരു ഏർപ്പാടുണ്ടാക്കി അവരുടെ ഇന്നത്തെ നിലയെ സ്ഥിരമാക്കി ലോകരെ കബളിപ്പിക്കുന്നതിനെങ്കിലും ഒരു കമ്മിറ്റിയുടെ ആവശ്യം കൂടിയേകഴിയുന്നുവെന്നു വന്നിരിക്കുന്നു.

www.malankaralibrary.com

ഇതിനുംപുറമെ, തിരുവിതാംകൂറിൽ ഗവൺമെണ്ടിനാൽ നിയമിക്കപ്പെടുന്ന കമ്മറ്റികളെക്കുറിച്ച് പ്രശംസാപരമായി പറയത്തക്ക ചരിത്രം അല്ല അവയ്ക്കുള്ളത്. എത്രയും അത്യാവശ്യവും പ്രസ്പഷ്ടവും ആയ ഒരു കാര്യം ആലോചനയ്ക്കു വരുന്നു. വർദ്ധമാനമായ ഊർജ്ജിതത്തോടും നിർബന്ധത്തോടുംകൂടി ഇക്കാര്യം നിയമസഭയിലും ശ്രീമൂലം പ്രജാസഭയിലും പ്രതിപാദിക്കപ്പെടുന്നു. പൊതുവെ ചില പ്രഖ്യാപനങ്ങളും ഉറപ്പുകളും നൽകി കാര്യങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതിന് ഗവൺമെന്റിന് സാധിക്കാത്ത വിധം ക്രമേണ ഈ കാര്യങ്ങൾ വന്നവസാനിക്കുന്നു. അപ്പോൾ "ഉടനെ"യോ അല്ലാത്തപക്ഷം "എത്രയും വേഗത്തിലോ" ഒരു കമ്മിറ്റിയെ രൂപീകരിക്കുന്നതാണെന്നുള്ള വാഗ്ദാനവുംകൊണ്ട് ഗവൺമെന്റ് രക്ഷ നേടുന്നു. ഈ വാഗ്ദാനതീയതി മുതൽ അതു നിറവേറ്റുന്നതുവരയ്ക്കുള്ള കാലാവധി, അക്കാലത്തെ മേധാവിയുടെ യോഗ്യതപോലെ ഏതാനും മാസം മുതൽ ഒരു കൊല്ലം വരെയോ അതിൽ കൂടുതലായോ നീണ്ടുനിന്നേക്കാൻ മതിയാകും. ഒടുവിൽ കമ്മറ്റിയുടെ നിയമനം നടക്കുന്നു. കമ്മിറ്റി ജോലി ആരംഭിക്കുന്നു. കമ്മിറ്റിയിൽ തങ്ങൾക്കു ഭൂരിപക്ഷം കിട്ടത്തക്കവണ്ണം ഗവൺമെന്റ് കാലേകൂട്ടി കരുതിയേ പ്രവർത്തിക്കയുള്ളൂ. അവസാനമായി പരമലക്ഷ്യത്തെ ഇല്ലായ്മചെയ്യത്തക്കവിധത്തിലായിരിക്കും കമ്മിറ്റിയുടെ അന്വേഷണപരിധിയെ പ്രായേണ നിയന്ത്രിച്ചുകാണാറുള്ളത്. നിശ്ചയിച്ചിട്ടുള്ള കാലാവധിയെ കടന്നു എത്രകാലത്തേയ്ക്കുകൂടി കമ്മിറ്റി പ്രവർത്തനത്തിൽ ഇരിക്കുമെന്നു ദീർഘദർശനം ചെയ്യുന്നതു ഒരു വലിയ സാഹസംതന്നെയായിരിക്കും. ഇതിനിടയ്ക്കു ഭരണമേധാവി മാറുന്നു. ഇത്തരം കാര്യങ്ങൾക്കു ഒരു കമ്മിറ്റി നിയമിക്കത്തക്ക മണ്ടത്തരം താൻ പ്രവർത്തിക്കയില്ലായിരുന്നു എന്നർത്ഥത്തിൽ പുതിയ ആൾ സഗൗരവം തല കുലുക്കിത്തുടങ്ങുന്നു. അധികം താമസിച്ചോ താമസിയാതെയോ റിപ്പോർട്ടു സമർപ്പിതമാകുന്നു. നിരവധി നിർദ്ദേശങ്ങളും കുന്നുകണക്കിനുള്ള തെളിവുമേഖലകളും അടങ്ങിയ ഒരു മഹാകാര്യമായി റിപ്പോർട്ടു ലാലസിക്കുന്നു. റിപ്പോർട്ടിൽ ഉണ്ടായേക്കാവുന്ന ഭിന്നാഭിപ്രായങ്ങളെ വേണ്ടപോലെ പ്രയോജനപ്പെടുത്താമെന്നു കരുതിക്കൊണ്ട് ആ റിപ്പോർട്ടിനെ ഭദ്രമായി സൂക്ഷിക്കുന്നു. പിന്നെ ആ റിപ്പോർട്ടു സൂര്യപ്രകാശം കാണുകയുമില്ല. എന്നാൽ, അത്തരത്തിലുള്ള ഒഴികഴിവുകൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും കമ്മറ്റിയുടെ നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ വ്യക്തിപരങ്ങളായ ഇഷ്ടനിഷ്ടങ്ങൾക്കു വിരുദ്ധങ്ങളായി വരുന്നപക്ഷം അവയുടെ കഥ അതോടെതന്നെ തീരുകയും അവയെ പിന്നെ നടപ്പിലാക്കുന്നതിന് ലോകത്തിലെ ഒരു ശക്തിയെക്കൊണ്ടും കഴിയാതെ ആയിത്തീരുകയും ചെയ്യുന്നു. ഇങ്ങനെ ദുഃഖപര്യവസായിയായിത്തീർന്നിട്ടുള്ള റിപ്പോർട്ടുകൾ ധാരാളമുള്ളതിനാൽ പ്രത്യേക ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കേണ്ടയാവശ്യമില്ല. യഥാർത്ഥത്തിൽ തിരുവിതാംകൂറിനെ

www.malankaralibrary.com

സംബന്ധിച്ചിടത്തോളം കമ്മറ്റികൾ തീരുമാനങ്ങൾക്കു മാർഗ്ഗങ്ങളായിട്ടല്ല പ്രത്യുതഃ അവസാനതീരുമാനങ്ങളായിട്ടുതന്നെയാണ് കലാശിച്ചുകാണുന്നത്. ചരിത്രം ആവർത്തിക്കുമെന്നുള്ളതുപോലെ, രൂപീകരിക്കപ്പെടുന്ന പക്ഷം മിസ്റ്റർ സുബ്രഹ്മണ്യയ്യർ വാഗ്ദാനം ചെയ്തിട്ടുള്ള കമ്മിറ്റി രൂപീകരിക്കപ്പെടുന്ന പക്ഷം അതിന്റെയും ഗതി പഴയപോലെതന്നെയായിരിക്കും. കമ്മിറ്റിയുടെ നിയമനത്തിനും അതിന്റെ അവസാനമായ പിരിച്ചുവിടലിനും ഇടയ്ക്കുള്ള സമയം അദ്ദേഹത്തിന് യഥേഷ്ടം എന്തു ചെയ്യുന്നതിനും സൗകര്യം നൽകുന്ന ഒരു കാലഘട്ടമായിത്തീരുന്നതും അങ്ങനെ ഈ ഒന്നോ രണ്ടോ വർഷങ്ങൾക്കിടയിൽ അദ്ദേഹത്തിന് ചെയ്യുവാൻ കഴിയുന്ന ഉപദ്രവങ്ങളെ പിന്നീട് ഒരു ഇരുപതുകൊല്ലം കൊണ്ടു പരിഹരിക്കാൻ സാധിക്കാതെ വരുന്നതും ആകുന്നു. പബ്ലിക് സർവ്വീസിന്റെ മർമ്മങ്ങളായ സ്ഥാനങ്ങളിൽ എല്ലാം അദ്ദേഹത്തിന്റെ സ്വന്തം ആളുകളെക്കൊണ്ടു നിറക്കാൻ കഴിയുന്നതും ഇങ്ങനെ നിർമ്മിതമാകുന്ന ഉദ്യോഗപ്രാകാരത്തെ ഭേദിക്കാൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങളാകുന്ന പീരങ്കികൾ തീരെ അശക്തങ്ങളായി പരിണമിക്കുന്നതുമാണ്.

ആധുനിക ദിവാൻജിയുടേയും, പബ്ലിക് സർവ്വീസിലേയ്ക്കുള്ള നിയമനസംബന്ധമായ തത്വങ്ങളേയും മാർഗ്ഗങ്ങളേയും നിർദ്ദേശിക്കാൻ അദ്ദേഹത്താൽ രൂപീകൃതമാകുന്ന കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ അർക്കു വായിച്ചാലും മനസ്സിലാകുന്നതും സുഗമവും സുകരവുമായ രീതിയിലുള്ളതും "സകലമാനപേർക്കും തൃപ്തിയെ " പ്രദാനം ചെയ്യത്തക്കവിധത്തിൽ അത്രയ്ക്കു ന്യായമായിട്ടുള്ളതും യാതൊരു വിധ ന്യൂനതകൾ ഇല്ലാത്തതും ആയ ഏതാനും ചട്ടങ്ങൾ നടപ്പിൽവരുന്നു എന്നു വാദത്തിന് വേണ്ടി സമ്മതിക്കാം. പിന്നത്തെ കഥ എന്ത്? പബ്ലിക് സർവ്വീസ് സംബന്ധിച്ചു ഒരു സുവർണ്ണകാലത്തിന്റെ അരുണോദയമായി അവ തീരുമെന്നുള്ളത് തീർച്ചയാണോ? നിയമസഭയിലെ കോട്ടയം പ്രതിനിധിയായ മിസ്റ്റർ ഒ.എം. തോമസ് ബി.എ., എൽ.എൽ.ബി. ഇപ്പോഴത്തെ നിയമസഭയുടെ പ്രഥമസമ്മേളനത്തിൽ ചെയ്ത പ്രസംഗം ചുവടെ ചേർക്കുന്ന കുറ്റാരോപണത്തോടെയാണ് അവസാനിപ്പിക്കുകയുണ്ടായത്:-

"സർ, തങ്ങളുടെ സമുദായത്തിനു ഗുണമുണ്ടെന്നു കാണുമ്പോൾ ഗവൺമെന്റിന്റെ നിശ്ചിതരൂപത്തിലുള്ള ഉത്തരവുകളെ അവരുടെ കീഴുദ്യോഗസ്ഥന്മാർ മനഃപൂർവ്വം അവഗണിച്ചുവരുന്നു. ഒരിക്കലും അനുവദിച്ചുകൂടാത്ത ഒരു സ്ഥിതിയാകുന്നു ഇത്. സംഗതികൾ ഈവിധം കുറേ കാലത്തേയ്ക്കുകൂടി തുടർന്നുപോകുവാൻ അനുവദിക്കുന്നതായാൽ ഗവൺമെന്റിന്റെ പ്രശ്സ്തിക്കു ഹാനിവരുത്തുന്നതും ആൾനാശവും അർത്ഥനാശവും ഉണ്ടാക്കിത്തീർക്കുന്നതും ആയ ഒരു അത്യാപത്ത് നേരിടുകയില്ലയോ എന്നു ഞാൻ ഭയപ്പെടുന്നു. സർ, ഈ വിഷയത്തെക്കുറിച്ച് ഞാൻ പറയുമ്പോൾ ഒരു അമിതവാദിയായ രാജ്യതന്ത്രജ്ഞൻ പുറപ്പെടുവിച്ചിട്ടുള്ള ഒരു ഭയങ്കരപ്രസ്താവനയാണ് എനിക്ക് ഓർമ്മ വരുന്നത്. ...... സർ, തല എണ്ണി നമുക്ക് ന്യായം

www.malankaralibrary.com

നേടാൻ കഴിയാത്തപക്ഷം തലവെട്ടിയെങ്കിലും നമുക്ക് അതു സമ്പാദിക്കതന്നെ ചെയ്യണം എന്നുള്ള ഒരു ഭയങ്കരപ്രസ്താവനകൊണ്ട് മിസ്റ്റർ മൗലാനാ മുഹമ്മദലി ഭാരതീയരെ ആകമാനം ഒരിക്കൽ പരിഭ്രാന്തരാക്കിത്തീർക്കുകയുണ്ടായി. നിശ്ചയമായും ആ ഒരു അവസ്ഥയിലേയ്ക്കാണ് നാം ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്." (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം 19. നമ്പർ 8)

യഥാർത്ഥത്തിൽ, ഇന്നത്തെ സ്ഥിതിഗതികളിൽ നവമായി ഉണ്ടാക്കാൻ ആലോചിച്ചുവരുന്ന ചട്ടങ്ങൾ ഇന്നത്തെ ഗവൺമെന്റുത്തരവുകളുടെ ഗതി തന്നെയേ തുടരുകയുള്ളു. ഇന്നു സർവ്വത്ര കളിയാടിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങളും മത്സരങ്ങളും വീണ്ടും അതേ സ്ഥിതിയിൽ തന്നെ ഇരിക്കുകയും ചെയ്യും. ഈ അടുത്ത കുറെക്കാലങ്ങളായി പബ്ലിക് സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾക്കു മാനദണ്ഡമായിരിക്കുന്ന ദോഷകരമായ ചാർച്ചവേഴ്ചകളും നഗ്നമായ വർഗ്ഗീയപ്രതിപത്തിയുമാണ്, ഇന്നത്തെ ഗവൺമെന്റുത്തരവുകളുടെ അനിശ്ചിത സ്വഭാവത്തേയും അവയുടെ മറ്റു ന്യൂനതകളേയുംകാൾ ഉടനടി പരിഹരിക്കപ്പെടേണ്ടവയായിരിക്കുന്നത്. ഈ ദൂഷ്യനടപടികൾ തിരുവിതാംകൂർ ഗവൺമെന്റിന്റെ ഒരു സ്ഥായിയായ പ്രകൃതമായിട്ടാണ് കണ്ടുവരുന്നത്. തന്റെ ഭരണപരിഷ്കാരങ്ങൾകൊണ്ടു തിരുവിതാംകൂറിനെ "മാതൃകാരാജ്യം" എന്ന അപരാഭിധാനത്തിനു ഇടയാക്കിത്തീർത്തിട്ടുള്ള മഹാനായിരുന്ന സർ. ടി. മാധവറാവുവിനുപോലും, അദ്ദേഹത്തിന്റെ സ്വജനങ്ങളേയും സ്വസമുദായക്കാരേയും പ്രധാനപ്പെട്ട ഉദ്യോഗങ്ങളിൽ എല്ലാം നിയമിക്കുക കാരണത്താൽ ബ്രിട്ടീഷ് ഗവൺമെന്റിൽനിന്ന് താക്കീത് ലഭിക്കാതിരുന്നിട്ടുമില്ല. നല്ലപേരിന് ആഗ്രഹമോ അർഹതയോ ഇല്ലാതിരുന്ന ഒരുതരം വിദേശീയ ദിവാൻജിമാർ തങ്ങളുടെ ബന്ധുക്കളേയും മറ്റും തിരുവിതാംകൂർ പബ്ലിക് സർവ്വീസിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന പതിവ് തുടർന്നുകൊണ്ടിരിക്കുന്നതിൽ ലേശവും ശങ്കകൂടാതെ പ്രവർത്തിച്ചിരുന്നു എന്നു പ്രസ്താവിക്കേണ്ടയാവശ്യമില്ലല്ലോ. ഇന്നു ജീവിച്ചിരിക്കുന്ന വയോധികന്മാരായ നാട്ടുകാരുടെ ജനനകാലം മുതൽ തിരുവിതാംകൂറിൽ കുടിയേറി താവളമുറപ്പിച്ചിട്ടുള്ള ബ്രാഹ്മണരേയും അവരുടെ സന്താനങ്ങളേയും സംസ്ഥാനത്തുനിന്നും ഇപ്പോൾ ബഹിഷ്കരിക്കുന്നതായാൽ തിരുവിതാംകൂറിലെ ബ്രാഹ്മണരുടെ ജനസംഖ്യ ഇന്നുള്ളതിൽ 90ശതമാനം കുറയുകയും, പബ്ലിക് സർവ്വീസിലും ഇതേ ബഹിഷ്കരണനയം പ്രയോഗിക്കുന്നപക്ഷം, അതിലെ ബ്രാഹ്മണ സംഖ്യ ഏറ്റവും തുച്ഛമായ ഒന്നായിരിക്കയും ചെയ്യുമെന്നുള്ളത് തീർച്ചയാണ്. വിദേശീയദിവാൻജിമാർ ഈ സംസ്ഥാനത്തു സ്ഥാപിച്ചുവച്ചുപോയ ഏറ്റവും അപകീർത്തികരവും പ്രസ്പഷ്ടവും ആയ സ്മാരകം അവരുടെ സമുദായം ഇന്ന് തിരുവിതാംകൂർ പബ്ലിക് സർവ്വീസിൽ അനുഭവിക്കുന്ന മേധാവിത്വം ആകുന്നു. ഭയങ്കരമായ ഈ നടപടികളെ ഇല്ലായ്മചെയ്യാൻ രാജസ്ഥാനം ചെയ്ത മഹത്തായശ്രമത്തിന്റെ ഫലമാണ് 1050 കന്നി 10-ാം തീയതി (1874)യിലെ രാജകീയവിളംബരം. ആ വിളംബരം ഇപ്രകാരമാണ്:-

www.malankaralibrary.com

"എന്തെന്നാൽ പേഷ്കാരന്മാരു തഹശീൽദാരന്മാരു മുതലായ ഉദ്യോഗസ്ഥന്മാരു തങ്ങളുടെ കച്ചേരികളിലും ഡിവിഷങ്ങളിലും മണ്ടപത്തുംവാതുക്കൽകളിലും തങ്ങ ളുടെ സംബന്ധക്കാരായുള്ളവരെ ജീവനങ്ങൾക്കു നിയമിച്ചുവരുന്നതിൽവച്ചു സർക്കാർ കാര്യത്തിനു വളരെ ഹാനി സംഭവിക്കുന്നതായി കേൾവിപ്പെട്ടിരിക്കുന്നതിനാൽ അങ്ങ നെയുള്ള ഒരു നടപ്പു ഇനിമേൽ ഉണ്ടായിപ്പോകരുതെന്ന് നിർദ്ദാക്ഷിണ്യമായി വിരോ ധിക്കപ്പെട്ടിരിക്കുന്നു.

2. ഉദ്യോഗസ്ഥന്മാരുടെ സംബന്ധക്കാരായി ഇപ്പോൾ ജീവനത്തിൽ ഇരിക്കുന്ന എല്ലാവരുടേയും ഒരു വിവരം നാം അറിയുന്നതിനായി ഇന്നേദിവസംമുതൽ രണ്ടുമാ സത്തിനകം നിശ്ചയിക്കപ്പെടുന്ന ഫാറത്തിൽ ദിവാനു എഴുതിയയ്ക്കേണ്ടതാകുന്നു.

3. ആയതു ദിവാന്റെ അടുക്കൽ എത്തിക്കൂടുമ്പോൾ ദിവാൻ സർക്കാർ കാര്യാ ദികളുടെ ഗുണത്തിനായി ആവശ്യപ്പെടുന്നതുപോലെ മേൽപ്രകാരം സംബന്ധക്കാരാ യുള്ളവരെ സ്ഥലം മാറ്റുകയോ മറ്റൊ ചെയ്യുന്നതാകുന്നു.

4. പ്രത്യേകമായ ഓരോ കാരണവശാൽ സംബന്ധക്കാരനായ ഒരുത്തനെ സർക്കാർ ജീവനത്തിൽ ആക്കണമെന്നുണ്ടായിരുന്നാൽ ആ വിവരത്തിന് എഴുതിയ യച്ചു ദിവാന്റെ അടുക്കൽനിന്നും പ്രത്യേകമായി അനുവാദം വാങ്ങേണ്ടതാകുന്നു.

5. സംബന്ധക്കാരൻ എന്ന വാക്കിൽ സഹോദരന്മാരും പുത്രന്മാരും അനന്ത രവനും മക്കളുടെ ഭർത്താക്കന്മാരും മാത്രവും അല്ല പിതൃമാതൃഭാഗങ്ങളിലുള്ളവരും ഭാര്യയുടേയും സഹോദരികളുടേയും പാർശ്വത്തിൽ ഉള്ള എല്ലാവരും ഉൾപ്പെടുന്നതാ കുന്നു.

6. ഈ ഏർപ്പാട് ഈ സംസ്ഥാനത്തിൽ എല്ലാവക ജീവനക്കാർക്കും എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും എല്ലാ കച്ചേരികളിലും സംബന്ധിക്കുന്നതാകുന്നു. അതിനെ ലംഘിക്കുന്ന ഉദ്യോഗസ്ഥന്മാരു നമ്മുടെ കഠിനമായ അപ്രീതിക്കു പാത്രീഭവിക്കുന്ന താകുന്നു.

ഈ വിളംബരം ഇന്നും നിയമസംഹിതയിൽ കാണുന്നുണ്ടെങ്കിലും ആയതു വെറും മൃതപ്രായമായിത്തീർന്നു ഇരുട്ടറയെ ശരണം പ്രാപിച്ചിരി ക്കുന്നു. സ്വാകാര്യലാഭങ്ങൾക്കായി പബ്ലിക് സർവ്വീസിനെ ആരും കൊള്ള ചെയ്യരുതെന്നുള്ള ഉദ്ദേശത്തോടെ നടപ്പാക്കിയ ഈ വിളംബരം റദ്ദാക്കുന്ന പക്ഷം അത് ഒരു രാജകീയ ദാനപത്രത്തെ സംസ്ഥാനത്തിനു നഷ്ടമാക്കു കയായിരിക്കും. എന്നാൽ അതിനെ നിലവിൽവച്ചുകൊണ്ട് അങ്ങിനെ ഒന്നു മില്ലെന്നുള്ള മട്ടിൽ പ്രവർത്തിക്കുന്നത് ഒരു മഹാരാജാവിന്റെ "കഠിനമായ അപ്രീതിക്ക്" യാതൊരുവിലയുമില്ലെന്നുള്ള ഒരു പരിഭ്രമാവസ്ഥയെ ജനിപ്പി ക്കുകയും ചെയ്യും. ഈ വിളംബരത്തിന്റെ ഇപ്പോഴത്തെ നാമാവശേഷസ്വ ഭാവം, മഹാരാജാക്കന്മാരുടെ രാജ്യക്ഷേമകരങ്ങളായ നിയമങ്ങളെപ്പോലും അവരുടെ ഭൃത്യന്മാരായ ഉയർന്ന ഉദ്യോഗസ്ഥന്മാർക്ക് ഇഷ്ടമില്ലെങ്കിൽ ദൂരെ വലിച്ചെറിയാം എന്നുള്ളതിന് ഒരു സ്മാരകമായിട്ടേ ഉപകരിക്കുന്നുള്ളൂ. എന്നാൽ വിളംബരങ്ങളെ സംബന്ധിച്ചും തരഭേദം കാണിക്കാൻ ഗവൺമെന്റു മടിക്കുന്നില്ല. അതിനു ഒരു താരതമ്യദൃഷ്ടാന്തം പറയാം. പൊതു ആരാധ നാസ്ഥലങ്ങളെക്കുറിച്ചുള്ള 1829ലെ വിളംബരം കുറെക്കൂടി വിപുലമായ രീതി

www.malankaralibrary.com

യിൽ പുതുക്കി 1898ലെ വിളംബരമായി പുറത്തു ചാടിച്ചു. 1910-ലെ വിളംബരം കൊണ്ട് അതിന്റെ കാഠിന്യത്തെ കൂറേക്കൂടി വർദ്ധിപ്പിച്ചു. വിളംബരങ്ങൾ പ്രധാനമായും ക്രിസ്ത്യാനികളെ ബാധിക്കുന്നവയായിരുന്നതിനാൽ അവയെ എപ്പോഴും ഊർജ്ജിതമാക്കിയും കൂടെക്കൂടെ അവയുടെ മൂർച്ചയെ കൂട്ടിയും വന്നു. മേൽ ചേർത്തിട്ടുള്ള 1874 ലെ വിളംബരത്തെ സംബന്ധിച്ചിടത്തോളം അത് റദ്ദ് ചെയ്യണമെന്നോ അതല്ല വച്ചുകൊണ്ടിരിക്കണമെന്നോ എന്താണ് പറയേണ്ടതെന്ന് രൂപമില്ല. ഈ വിഷയത്തെ പുരസ്കരിച്ചുള്ള മറ്റൊരു വിളംബരം കൊണ്ടു 1874 ലെ വിളംബരത്തെ റദ്ദു ചെയ്യുന്നതായിരിക്കും ഏറ്റവും ഗുണകരമായ നടപടി. എന്നാൽ പബ്ലിക് സർവ്വീസിൽ ഇന്നു കാണുന്ന വൈകല്യങ്ങളെയെല്ലാം ഇല്ലായ്മചെയ്യാൻ തക്കവണ്ണമുള്ള വ്യവസ്ഥകളോടുകൂടിയതായിരിക്കണം ആ പുതിയ വിളംബരം. നിയമന വിഷയം സംബന്ധിച്ചു അക്രമം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ നല്ലപാഠം പഠിപ്പിക്കുന്നതിന് ഈ അടുത്തകാലത്ത് ദിവാൻ രാഘവയ്യാ മഹത്തായ ഒരു ശ്രമം ആരംഭിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഈ നടപടികൾക്കു ഊർജ്ജിതക്കുറവുണ്ടായിരുന്നെങ്കിലും അതിൽ ഏതാണ്ടു നല്ല ഉദ്ദേശം പ്രകടിതമായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന മിസ്റ്റർ ആർ. കൃഷ്ണപിള്ള നിയമസഭയിൽവെച്ച് ഇപ്രകാരം തുറന്നു പ്രസ്താവിക്കുകയുണ്ടായി:-

"ഉദ്യോഗവിതരണക്കാര്യത്തിൽ സ്പഷ്ടമായ അസമത്വം പ്രദർശിപ്പിച്ചിട്ടുള്ളതിനു ഏതാനും ദൃഷ്ടാന്തങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇതിലേയ്ക്കു അതതു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുടെ ശ്രദ്ധയെ ഗവർമെന്റു ക്ഷണിച്ചിട്ടുമുണ്ട്. ഗവർമ്മെന്റു സ്വീകരിച്ചു നടപ്പിൽ വരുത്തിയിട്ടുള്ള നയത്തിനു പ്രത്യക്ഷവിപരീതമായി പ്രവർത്തിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ആരെല്ലാമെന്നു കണ്ടുപിടിച്ച് അവരുടെ സമാധാനം വാങ്ങി അയയ്ക്കാൻ ഗവർമ്മെന്റു ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാരോടു ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു." (തിരുവിതാംകൂർ നിയമസഭാ നടപടികൾ വാല്യം 6, പുറം 871)

ചില ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം അവയുടെ മേലദ്ധ്യക്ഷന്മാർ തന്നെ നടത്തീട്ടുള്ള ചില നിയമനങ്ങളെക്കുറിച്ച് അവരുടെ സമാധാനം ആവശ്യപ്പെട്ടുകൊണ്ട് മിസ്റ്റർ രാഘവയ്യായുടെ കാലത്തു ഗവർമ്മെന്റു അയച്ചിട്ടുള്ള ഉത്തരവുകൾ കുറെക്കൂടി ആശ്വാസപ്രദമായ ഒരു നടപടി വിശേഷമായിരുന്നു. അങ്ങിനെ ഉണ്ടായ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:-

"രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ പ്രവേശിക്കുന്നതിനുവേണ്ട പരീക്ഷായോഗ്യതയുള്ള ക്രിസ്ത്യാനികളും ഈഴവരും മുസ്ലീമുകളും വേണ്ടുവോളം അപേക്ഷകന്മാരായി ഉണ്ടായിരുന്നിട്ടും താൽക്കാലിക ഒഴിവുകളിൽപോലും ഈ സമുദായത്തിൽപെട്ടവർക്കു പ്രാഥമ്യം നൽകി അവരെ നിയമിക്കാഞ്ഞത് എന്തുകൊണ്ടാണെന്ന് രജിസ്ട്രേഷൻ ഡയറക്ടർ സമാധാനം ബോധിപ്പിക്കേണ്ടതാണ്.

ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്ന് ധാരാളം അപേക്ഷകന്മാരുള്ളതായി കണക്കുകൾകൊണ്ടു

www.malankaralibrary.com

കാണുന്ന സ്ഥിതിക്കു അതതു സമുദായങ്ങളിൽനിന്നും നിയമിക്കപ്പെട്ടിട്ടുള്ളവരുടെ സംഖ്യ വളരെ കുറവായിരിക്കുന്നതു എന്തുകൊണ്ടാണെന്നു റവന്യൂകമ്മീഷണർ സമാധാനം ബോധിപ്പിക്കേണ്ടതാണ്.

ഉദ്യോഗവിതരണവിഷയത്തിൽ മേൽ വിവരിച്ച കണക്കുകൾ വെളിപ്പെടുത്തുന്ന പ്രത്യക്ഷമായ അസമത്വത്തിന് യാതൊരു സമാധാനവും പറഞ്ഞു കാണുന്നില്ല. അഹിന്തുക്കളിൽനിന്നും അവർണ്ണഹിന്ദുക്കളിൽനിന്നും അപേക്ഷകന്മാരുടെ കുറവു ഉണ്ടായിരുന്നില്ലെന്നു കണക്കുകൾ കൊണ്ടു കാണുകയും ചെയ്യുന്നു.

ഈ വിധത്തിൽ നിയമനങ്ങൾ നടത്തിയ ദിവാൻ പേഷ്കാരന്മാരുടെ സമാധാനം വാങ്ങി തന്റെ അഭിപ്രായത്തോടുകൂടി ലാൻഡ് റവന്യൂകമ്മീഷണർ കഴിയുന്നതും വേഗത്തിൽ ഗവർമ്മെണ്ടിലേയ്ക്ക് അയയ്ക്കേണ്ടതാണ്.. (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം. 8. പുറങ്ങൾ. 1005 - 1014).

മിസ്റ്റർ രാഘവയ്യാ തടഞ്ഞു നിർത്താൻ തുടങ്ങിയിരിക്കുന്ന ഈ സ്ഥിതിഗതികൾ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ശതഗുണം വർദ്ധിച്ചിരിക്കുന്നു. മിസ്റ്റർ സുബ്രഹ്മണ്യയ്യർ ഇക്കാര്യത്തിൽ എന്താണ് ചെയ്യുന്നത്? നടപ്പിലിരുന്ന ചട്ടങ്ങളുടെ ന്യൂനതകളും അനിശ്ചിതരൂപവും ആകുന്നു ഈ കുറവുകൾക്കെല്ലാം ഹേതുവെന്നു പ്രസ്താവിച്ചുകൊണ്ടു കീഴുദ്യോഗസ്ഥന്മാരെ താലോലിക്കുകയാണ് അദ്ദേഹം ചെയ്തുവരുന്നത്. പറഞ്ഞതിനെ ആവർത്തിച്ചു പറഞ്ഞു പൊതുവെ ചില ഉറപ്പുകൾ നൽകിയും ഒരു കമ്മിറ്റിയെ നിയമിക്കുന്നതാണെന്നുള്ള ഒരു വിശേഷാൽ വാഗ്ദാനം ചെയ്തും അദ്ദേഹം ജനക്ഷോഭത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. കമ്മിറ്റിയെ എന്നെങ്കിലും നിയമിക്കുമോ എന്നുള്ള പ്രശ്നം വേറെകാര്യം ആകുന്നു. ഈ അടുത്തകാലത്ത് ഉദ്യോഗസ്ഥന്മാരുടെ ഒരു കണക്ക് ദിവാൻ ശേഖരിക്കുകയുണ്ടായത്രെ. 40ലക്ഷത്തിൽപ്പരം ജനസംഖ്യയുള്ള ഇവിടെ ബ്രാഹ്മണരുടെ സംഖ്യ അര ലക്ഷത്തിൽ കുറവാണ്. ആകെ 26000 ഗവർമ്മെന്റ് ഉദ്യോഗങ്ങൾ ഉള്ളതിൽ 6000 സ്ഥാനങ്ങളും ബ്രാഹ്മണരാണ് അനുഭവിച്ചുവരുന്നതെന്നു ആ കണക്കുകൊണ്ടു തെളിഞ്ഞിട്ടുള്ളതായി കാണുന്നു. സംസ്ഥാനത്തിലെ ആകെയുള്ള വരുമാനത്തിൽ പകുതിയും അഥവാ 120 ലക്ഷം രൂപാ ശമ്പളമായും അലവൻസായും പെൻഷനായും മറ്റും പബ്ലിക് സർവ്വീസിനായി പ്രതിവർഷം ചെലവ് ചെയ്തു വരുന്നുണ്ട്. നല്ല നല്ല സ്ഥാനങ്ങളിൽ എല്ലാം ബ്രാഹ്മണ ഉദ്യോഗസ്ഥന്മാരാണ് ഇരിക്കുന്നതെന്നുള്ളതിനാൽ, കുറഞ്ഞപക്ഷം ഈ തുകയുടെ നാലിൽ ഒരു ഭാഗം അതായതു 30,00,000 രൂപാ അവർക്കു ലഭിക്കുന്നു. സമുദായ പ്രാതിനിധ്യമനുസരിച്ച് നോക്കുന്നതായാൽ അവർക്ക് 260 ഉദ്യോഗങ്ങൾക്കും 1,20,000 രൂപായിൽ കുറഞ്ഞ ഒരു തുകയ്ക്കും മാത്രമേ അർഹതയുണ്ടായിരുന്നുള്ളൂ. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽനിന്നു മാത്രം അവർക്കു കിട്ടുന്ന തുക അവർക്കു ന്യായമായി ലഭിക്കാനുള്ളതിൽ കവിഞ്ഞിരിക്കും. ഈ സ്ഥിതികൾ കണ്ടു അത്ഭുതപരവശനായിത്തീർന്ന ദിവാൻ ഉടനടി കമ്മിറ്റിയെ നിയമിക്കാഞ്ഞതിൽ അത്ഭുതപ്പെടാനില്ലല്ലോ.

www.malankaralibrary.com

ദിവാന്റെ വാഗ്ദാനമനുസരിച്ചുള്ള കമ്മിറ്റി രൂപീകൃതമാകാതെ പോകുന്നപക്ഷം അതേപ്പറ്റി തിരുവിതാംകൂറിലെ കത്തോലിക്കർ മനസ്താപപ്പെടുന്നതല്ല. ഈ കമ്മിറ്റി നിയമനംകൊണ്ടു യാതൊരു ഗുണവുമുണ്ടാകയില്ലെന്നും കരയുന്ന കുഞ്ഞുങ്ങളെ കളിപ്പിക്കാൻവേണ്ടി നൽകുന്ന ഒരു കളിപ്പാട്ടമായിരിക്കും അതെന്നും കത്തോലിക്കർക്കു നല്ലപോലെ അറിയാം. സദുദ്ദേശത്തോടെയാണ് കമ്മിറ്റിയെ നിയമിക്കുന്നതെന്നിരുന്നാലും തല്കാലത്തേക്കെങ്കിലും അവർ ഒരു കമ്മിറ്റിയെ ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ കമ്മിറ്റിയുടെ ആവിർഭാവം കുതിരക്കുമുമ്പിൽ വണ്ടിയെ പൂട്ടുന്നതിനു തുല്യമായിരിക്കും. കീഴുദ്യോഗസ്ഥന്മാരുടെ ഇന്നത്തെ ദുഷ്പ്രഭുത്വപരമായ മർദ്ദനങ്ങളും അവരുടെ അധികാരദുർവിനിയോഗങ്ങളും മേലിൽ ഉണ്ടാകാതിരിക്കത്തക്കവണ്ണം കർക്കശങ്ങളായ ചട്ടങ്ങൾ ഉടനടി ഏർപ്പെടുത്തണമെന്നാണ് കത്തോലിക്കർ ഉൽക്കണ്ഠാപൂർവ്വം ആഗ്രഹിക്കുകയും തുടരെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നത്. നിയമനങ്ങളെയും കയറ്റങ്ങളെയും സംബന്ധിച്ചിടത്തോളം തങ്ങൾക്കു നിയമത്തെയോ മര്യാദയെയോ ആദരിക്കേണ്ടതില്ലെന്നും ഇങ്ങനെയൊക്കെ പ്രവർത്തിച്ചാൽ ഒട്ടുംതന്നെ ഭയപ്പെടേണ്ടതില്ലെന്നും ഉള്ള കീഴുദ്യോഗസ്ഥന്മാരുടെ അചഞ്ചലവിശ്വാസത്തിനു ഒരു അറുതിവരുത്തിയേ മതിയാവൂ. എന്നാൽ ആരാണ് ഇത് നിറുത്താൻ പോകുന്നത്; ഗവൺമെന്റിനുതന്നെയും ഇത്തരം വൈകല്യങ്ങൾ ഇല്ലാതില്ല. നിയമസഭാനടപടികളിൽനിന്ന് ഈ വസ്തുത മനസ്സിലാക്കാൻ കഴിയും. അയതിനാൽ തങ്ങളുടെ കീഴുദ്യോഗസ്ഥന്മാരുടെ അഴിമതികളെ വേണ്ടവണ്ണം തടയുന്നതിനു ഗവൺമെന്റിനു സാധിക്കാതെ വന്നിരിക്കുന്നു. സാധാരണമാർഗ്ഗങ്ങൾവഴിയായി ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ കഴിയാത്തവിധം ഇതിന്റെ മൂലകാരണം അത്രയ്ക്കു ഉന്നതസ്ഥാനങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ ഈ അടുത്ത കാലത്ത്, പ്രത്യേകിച്ചും ദിവാൻ മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ ഭരണകാലത്തു ഉണ്ടായിട്ടുള്ള വിവിധങ്ങളായ അഴിമതികളെക്കുറിച്ചു അന്വേഷണം നടത്തുന്നതിനു ഒരു കമ്മീഷൻ ഏർപ്പെടുത്തണമെന്നാകുന്നു കത്തോലിക്കർ ആവശ്യപ്പെടുന്നത്. സത്യവാന്മാരും ധനസംബന്ധമായി യാതൊരു കുഴപ്പങ്ങൾ ഇല്ലാത്തവരുമായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരെ സാക്ഷികളായി വിസ്തരിക്കുന്നതിനും ഔദ്യോഗികരേഖകളേയും പ്രമാണങ്ങളേയും തെളിവായി ശേഖരിക്കുന്നതിനും കമ്മീഷനുവേണ്ട അധികാരങ്ങൾ ഉണ്ടായിരിക്കണം. സാക്ഷികൾ ഉത്തമവിശ്വാസത്തിൽ നൽകുന്ന മൊഴികൾക്കു അവരെ പീഡിപ്പിച്ചുകൂടാത്തതാകുന്നു. അന്വേഷണപരിധിയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരിക്കണം. (1) 1874-ലെ വിളംബരത്തിനു വിപരീതമായി ചാര്യവേഴ്ചക്കാരെ നിയമിച്ചിട്ടുള്ളത്. (2) വർഗ്ഗീയ പ്രാതിനിധ്യത്തിന് അനുസരണമല്ലാത്ത നിയമനങ്ങൾ, നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരുടെ സ്വജാതിയിലുള്ളവർക്കു നൽകീ

www.malankaralibrary.com

ട്ടുള്ള അനാവശ്യക്കയറ്റങ്ങൾ, ശമ്പളക്കൂടുതലുകൾ, പ്രത്യേക അലവൻസും പെൻഷനും, വ്യക്തിപരമായും പ്രത്യേക നിലയിലുള്ളതുമായ ശമ്പളത്തോതുകൾ. (3) കൊള്ളരുതായ്മയ്ക്കോ ഔദ്യോഗിക നടപടിപിശകുകൾക്കോ ആയി മുൻപ് തരം താഴ്ത്തപ്പെട്ടിട്ടുള്ളവരും താക്കീത് ചെയ്യപ്പെട്ടിട്ടുള്ളവരുമായ ഉദ്യോഗസ്ഥന്മാർക്കു നൽകിട്ടുള്ള കയറ്റങ്ങൾ. (4) പക്ഷപാതപരമായ ശിക്ഷകൾ. (5) വർഗ്ഗീയപക്ഷപാതത്തോടെ ശിക്ഷകളെ അസ്ഥിരപ്പെടുത്തുകയും ശിക്ഷ കൂട്ടുകയും ചെയ്തിട്ടുള്ളത്. (6) നിയമനത്തിനോ, കയറ്റത്തിനോ, ശമ്പളക്കൂടുതലിനോ അർഹതയുള്ളവരും പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളിൽപെട്ടവരുമായ ഉദ്യോഗസ്ഥന്മാരുടെ അവകാശധ്വംസനം (7) പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ചും മറ്റുമുള്ള വർഗ്ഗീയ പക്ഷപാതങ്ങൾ.

മേൽപ്രസ്താവിച്ചിട്ടുള്ളവയും അതിലും ഗൗരവതരങ്ങളായവയുമായ പലേ കുറ്റാരോപണങ്ങളെപ്പറ്റിയും വൃത്താന്തപത്രങ്ങളിൽ സർവ്വസാധാരണമായി പ്രതിപാദിക്കുകയും നിയമസഭയും പ്രജാസഭയും മുഖേന ഗവൺമെന്റിന്റെ ശ്രദ്ധയെ കൂടെക്കൂടെ അതിലേയ്ക്ക് ആകർഷിക്കുകയും ചെയ്തിട്ടുള്ളതാണ്. ഉദാഹരണമായി, ഡാക്ടരല്ലാത്ത ഒരാളെ ഒരു ഡിസ്ട്രിക്ട് ആശുപത്രിയിൽ മെഡിക്കൽ ആഫീസരായി ലേശംപോലും ചുമതലാബോധമില്ലാതെ നിയമിച്ചതിനെക്കുറിച്ച് നിയമസഭയുടെ കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ സുദീർഘവും തീവ്രവുമായ വാദപ്രതിവാദം നടക്കുകയും ഗവൺമെന്റിനെ താക്കീത് ചെയ്തുള്ള ഒരു ഉപക്ഷേപം പാസ്സാക്കുകയും ചെയ്തു. ഇനിയും ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും പറയാനുണ്ട്. പക്ഷെ വ്യക്തികളെ ഓർത്തും അന്വേഷണക്കമ്മീഷൻ ഏർപ്പെടുത്തുമെന്നു വിശ്വസിച്ചും കൂടുതൽ ദൃഷ്ടാന്തങ്ങൾ ഇവിടെ കാണിക്കണമെന്നു വിചാരിക്കുന്നില്ല. കഴിഞ്ഞ അര ശതാബ്ദകാലമായി ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം അത്രയേറെ അധികം തോന്ന്യാസങ്ങളും അഴിമതികളുമാണു കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഒരു അന്വേഷണക്കമ്മീഷനിൽ കുറഞ്ഞ യാതൊരു ഏർപ്പാടുകൊണ്ടും കാര്യങ്ങൾ നേരെയാകുന്നതല്ല. ഇതിനെതുടർന്നു കുറ്റക്കാരായി കാണുന്നവരെ കഠിനമായി ശിക്ഷിച്ചെങ്കിൽ മാത്രമേ മേലിൽ പബ്ലിക് കാര്യങ്ങളിൽനിന്നു ഈ മാതിരി സംഭവങ്ങളെ ഒഴിച്ചു നിർത്തുവാൻ സാധ്യമാകയുള്ളൂ. ഇവയുടെ എല്ലാം തീവ്രമായ ഉഗ്രപാതം എത്രയും ഭയങ്കരമാംവണ്ണം സഹിച്ചുവരുന്നത് കത്തോലിക്കരാകയാൽ അവരും അവരെപ്പോലെയുള്ള മറ്റു സമുദായക്കാരും ഈ ഉദ്യോഗദുഷ്പ്രഭുത്വത്തിൽനിന്നു മോചനം ലഭിക്കുന്നതിനും പ്രകൃത്യാ അത്യധികം ഉൽക്കണ്ഠയുള്ളവരുമാകുന്നു. തിരുവിതാംകൂറിലെ കത്തോലിക്കർക്കു രാഷ്ട്രീയമായും മറ്റും യാതൊരു സങ്കടങ്ങളും അവശതകളും ഇല്ലെന്നു ആരെങ്കിലും പറയുകയോ, അല്ലാത്തപക്ഷം അവരുടെ സങ്ക

www.malankaralibrary.com

ടങ്ങളെ പരിഹരിക്കാൻ ഗവൺമെന്റു കാര്യമായി വല്ലതും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നതെന്നു പ്രസ്താവിക്കുകയോ ചെയ്യുന്നതായാൽ അത് വെറും സത്യവിരോധം മാത്രമായിരിക്കും. അന്വേഷണക്കമ്മീഷന് മറ്റു യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിലും ഇപ്പറഞ്ഞതെങ്കിലും പരമാർത്ഥമാണെന്നു സ്ഥാപിക്കാൻ കഴിയുമെന്നാണ് കത്തോലിക്കരുടെ ദൃഢവിശ്വാസം. ഇത്രയും സാധിച്ചാൽ തന്നെയും അത് സമുദായത്തിന് വലിയ ഒരു രക്ഷയായിരിക്കുമെന്നതിന് സംശയമില്ല. കത്തോലിക്കർ ദീർഘകാലമായി ഇതേപ്പറ്റി പ്രക്ഷോഭണം ചെയ്തിരുന്നിട്ടും വിദ്യാഭ്യാസപുരോഗതിയും പൊതുവേയുള്ളു കാര്യപ്രാപ്തിയും മറ്റും അവർക്കു വേണ്ടുവോളം ഉണ്ടായിരുന്നിട്ടും, പബ്ലിക്സർവ്വീസിലുള്ള 26000 ഉദ്യോഗങ്ങളിൽ 260 സ്ഥാനങ്ങൾ മാത്രമേ അവർക്കു ലഭിച്ചുള്ളൂ. ന്യായമായി അവർക്കു 4350 ഉദ്യോഗങ്ങൾ ലഭിക്കേണ്ടതാണ്. ജനസംഖ്യയിൽ കത്തോലിക്കരുടെ പതിമൂന്നിൽ ഒരു ഭാഗം വരുന്ന ബ്രാഹ്മണർക്കു ന്യായമായി 260 ഉദ്യോഗങ്ങൾക്കു മാത്രമേ അവകാശമുള്ളുവെന്നിരിക്കെ അവർക്ക് 6000 ഉദ്യോഗങ്ങൾ കിട്ടിയിരിക്കുന്നു.

ഈ പ്രതിപാദനത്തിൽ പബ്ലിക് സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾക്കാണ് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നത്. ഇതിനുകാരണം അതാണ് സകല സങ്കടങ്ങൾക്കും മൂലകാരണമായിരിക്കുന്നത് എന്നുള്ളതിനാലാകുന്നു. കത്തോലിക്കരായി സർവ്വീസിലുള്ള ചുരുക്കം പേർക്കു പോലും ഉദ്യോഗകയറ്റങ്ങൾ നൽകുന്നതിലും ശിക്ഷ നൽകുന്നതിലും കൂടി ഗവൺമെന്റു അവരോടു നീതിയായിട്ടല്ല പെരുമാറി വരുന്നത്. അന്വേഷണക്കമ്മീഷൻ നടപ്പിൽ വരുമ്പോൾ തീരെ തള്ളിയിട്ടിരിക്കുന്ന ഈ സമൂദായത്തിന്റെ കഷ്ടസ്ഥിതി നഗ്നരൂപത്തിൽ വെളിപ്പെടുന്നതാണ്. ഗവൺമെന്റു കത്തോലിക്കരുടെ ക്ഷമയെ അസഹനീയമാംവണ്ണം പരീക്ഷിച്ചുവരുന്നു. അവർക്കു ഗവൺമെന്റിന്റെ പേരിലുള്ള വിശ്വാസത്തിനു ഉടവു തട്ടിയിരിക്കുന്നു. എന്തെന്നാൽ അവരുടെ വിശ്വാസത്തെ പരിരക്ഷിച്ചുപോരുന്നതിന് ഗവൺമെന്റ് യാതൊരു ശ്രമവും ചെയ്യുന്നില്ല. ഏതൊരു ഗവൺമെന്റിന്റേയും പീഡിതരായ പ്രജകളുടെ ചരിത്രത്തിൽ, വിദ്യാഭ്യാസം വർദ്ധിക്കുകയും ആത്മാഭിമാനത്തിനു കൂടതലായി വില കല്പിക്കുകയും അതോടുകൂടി അവരുടെ സംഖ്യാബലത്തിനും സാമർത്ഥ്യങ്ങൾക്കും അനുസരണമായ വിധത്തിൽ സമനിലയിലുള്ള അവകാശങ്ങളും അധികാരങ്ങളും അനുഭവിച്ചുകൊണ്ടു ബഹുമാന്യനിലയിൽ വർത്തിക്കുന്നതിനു സാധിക്കാതെയും എല്ലാ പ്രകാരത്തിലും അവർക്കു പ്രജകൾ എന്നുള്ള അഭിമാനത്തോടുകൂടി കഴിഞ്ഞുകൂടുന്നതിനു കഴിയാതെയും വരുമ്പോൾ ആ ഗവൺമെന്റിന്റെ പ്രജകളായിരിക്കുന്നത് തന്നെ എന്തിനാണെന്നുള്ള ഒരു പ്രശ്നം അവരിൽ അങ്കുരിക്കുന്നതായ ഒരു കാലം ഉണ്ടാകാതെ വരികയില്ല. ഏതൊരു ഗവൺമെന്റും തങ്ങളുടെ പ്രജകളെ ഈ ഒരന്ത്യത്തിലേയ്ക്കു നിർബന്ധപൂർവ്വം തള്ളിവിട്ടുകുടാത്തതാകുന്നു. എന്നാൽ കത്തോലിക്കരാകട്ടെ, സമാ

www.malankaralibrary.com

ധാനപരമായും വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽകൂടിയും നടത്തുന്ന പ്രക്ഷോഭ ണങ്ങൾകൊണ്ടു വിജയപ്രാപ്തി ഉണ്ടാകാതിരിക്കയില്ല എന്നുള്ള വിശ്വാസം ഇനിയും കൈവെടിഞ്ഞിട്ടില്ല.

ചുരുക്കത്തിൽ പബ്ലിക് സർവ്വീസിനെ സംബന്ധിച്ച് കത്തോലിക്കരും അവരെപ്പോലെ പ്രാതിനിധ്യമില്ലാത്ത മറ്റു സമുദായക്കാരും പുറപ്പെടുവിക്കുന്ന വാദങ്ങൾ യഥാർത്ഥത്തിൽ വന്നു കലാശിക്കുന്നത് തിരുവിതാംകൂറിലെ നാലിൽ മൂന്നു ഭാഗം ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരു പരി ശ്രമമായിട്ടാകുന്നു. എല്ലാ സമുദായക്കാർക്കും തുല്യനിലയിലുള്ള അവകാ ശാധികാരങ്ങൾ നൽകുന്നതാണെന്നുള്ള ഉൽഘോഷണങ്ങൾ ഒരു യഥാർത്ഥ അനുഗ്രഹമായിത്തീരണമെങ്കിൽ അവയെ യഥാർത്ഥമായ പ്രായോഗിക നട പടികളായി പ്രവർത്തനം ചെയ്യിക്കേണ്ടിയിരിക്കുന്നു. ഗവൺമെന്റിന്റെയും തൽഫലമായി അവരുടെ കീഴുദ്യോഗസ്ഥന്മാരുടെയും നടപടികളിൽ സ്പഷ്ട മായി കണ്ടു വരുന്ന ചാർച്ചവേഴ്ചകളേയും വർഗ്ഗീയ പക്ഷപാതത്തേയും ഇല്ലാതാക്കുന്നതിനു എത്ര കപടപ്രസംഗങ്ങൾകൊണ്ടും സാധിക്കുന്നതല്ല. തിരുവിതാംകൂറിൽ കാര്യക്ഷമത എന്നതു കുന്നുപോലെ കൂടിട്ടുള്ള നിര വധി അസമത്വങ്ങളെ ഒന്നിച്ചു മറയ്ക്കുന്നതിനായി കണ്ടു പിടിച്ചിട്ടുള്ള ഒരു കപടഭാഷണം ആകുന്നു. പബ്ലിക് സർവ്വീസിനെ സംബന്ധിച്ചിടത്തോളം കത്തോലിക്കർക്കും, അവരെപ്പോലെ പ്രാതിനിധ്യസ്ഥാപനങ്ങളിൽ കഴിഞ്ഞു പോരുന്ന മറ്റു സമുദായക്കാർക്കും ബുദ്ധിയൊ കാര്യങ്ങൾ അറിയാനുള്ള ത്രാണിയോ ഇല്ലെന്നുള്ള നിലയിലാണു ഗവൺമെന്റ് അവരോട് വർത്തിച്ചു വരുന്നത്. ദീർഘകാലങ്ങളായി അവർ നടത്തിവരുന്ന വ്യവസ്ഥാപിതരീതി യിലുള്ള പ്രക്ഷോഭണം പരാജയപര്യവസായിയായിത്തീരുകയോ, അല്ലാത്ത പക്ഷം അതിന് അനിശ്ചിതമായ പരാജയമാണുണ്ടാകാൻ പോകുന്നതെന്നു കാണുകയോ ചെയ്യുന്നതായാൽ, പ്രാതിനിധ്യക്കൂടുതൽ ലഭിച്ചിട്ടുള്ള സമു ദായങ്ങൾക്കുള്ളതായി അവകാശപ്പെടുന്ന ആ യോഗ്യതകൾ ഒട്ടും കുറവ ല്ലാത്ത നിലയിൽ തങ്ങൾക്കും ഉണ്ടെന്നു തെളിയിക്കാൻ ആപല്ക്കരമായ ഒരു പ്രസ്ഥാനം ആരംഭിച്ച് തങ്ങളുടെ നിലയെ തെളിയിക്കുന്നതിന് അവർ സന്നദ്ധരായിത്തീരുന്നതാണ്. പബ്ലിക് സർവ്വീസിൽ ചില സമുദായക്കാർ ക്രമാതീതമായി കയറിപ്പറ്റിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ അവ രുടെ അസാധാരണ സാമർത്ഥ്യത്തികവുകൾ മാത്രമല്ലെന്നും നേരെ മറിച്ച് ഒരു ജോലി കരസ്ഥമാക്കാൻവേണ്ടി എന്തും ചെയ്യാൻ സന്നദ്ധമാകുന്ന വർഗ്ഗീ യമനസ്ഥിതി, അപരിഷ്കൃതാഭിപ്രായങ്ങൾ, യാദൃശ്ചിക ചരിത്രസംഭവങ്ങൾ ആദിയായ മറ്റു കാരണങ്ങൾ കൂടിയുണ്ടെന്നുമുള്ളതാണ് പരമാർത്ഥം. മറ്റു സമുദായക്കാരുടെ മേൽ കുതിരകയറുന്നതിനായി രണ്ടു മൂന്നു സമുദായ ക്കാർ പ്രത്യേകം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞാൽ അത് ഇക്കാലത്ത് ആരും വിശ്വസിക്കുന്നതല്ലല്ലൊ.

www.malankaralibrary.com

മേൽ പ്രതിപാദിച്ചിട്ടുള്ള കാര്യകാരണങ്ങളാലും അപ്രാതിനിധ്യസമുദായങ്ങളുടെ പൂർണ്ണ ആനുകൂല്യം ഉണ്ടെന്നുള്ള ഉറപ്പോടുകൂടിയും തിരുവിതാംകൂർ പബ്ലിക് സർവ്വീസിലെ അസമത്വങ്ങൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തണമെന്നു കത്തോലിക്കർ ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊള്ളുന്നു:-

1. ഇന്നത്തെ നിലയ്ക്ക് വർഗ്ഗീയപ്രാതിനിധ്യതത്വത്തെ തിരുവിതാംകൂർ ഗവൺമെന്റ് പരസ്യമായി സ്വീകരിച്ചിട്ടുള്ളതിനാൽ, മദ്രാസ് ബോംബെ എന്നീ സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും ചെയ്തിട്ടുള്ളതുപോലെ അതിനു നിയമപ്രാബല്യം നൽകണം. ആവശ്യമില്ലാത്ത ഒരു കമ്മിറ്റിയെ നിയമിക്കാതെ വർഗ്ഗീയപ്രാതിനിധ്യതത്വത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ന്യായയുക്തങ്ങളായ ഏതാനും ചട്ടങ്ങൾ രൂപീകരിക്കണം. അനേകകൊല്ലങ്ങളിലെ വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെയുള്ള പ്രക്ഷോഭണഫലമായി നേടാൻ കഴിഞ്ഞിരുന്ന നല്ല കാര്യങ്ങളെ പെട്ടെന്ന് തീരെ ഇല്ലാതാക്കാൻ, അടുത്തു കഴിഞ്ഞ കാലങ്ങളിൽ, പ്രത്യേകിച്ചും മിസ്റ്റർ. വി.എസ്. സുബ്രഹ്മണ്യയ്യരുടെ ഭരണകാലത്ത് നിഷ്പ്രയാസം സാധിച്ചിരിക്കുന്നു എന്നുള്ളത് പ്രത്യക്ഷത്തിൽ തെളിയുകയുണ്ടായിട്ടുണ്ടല്ലോ. ഈ മാതിരി അക്രമങ്ങളേയും അഴിമതികളേയും തടയാൻവേണ്ടിയാണ് വർഗ്ഗീയപ്രാതിനിധ്യതത്വം സംബന്ധിച്ച് നിയമപ്രാബല്യമുള്ള ചട്ടങ്ങൾ ഏർപ്പെടുത്തണമെന്ന് കത്തോലിക്കർ വാദിക്കുന്നത്.

2. എത്രയും വേഗത്തിൽ വർഗ്ഗീയപ്രാതിനിധ്യലക്ഷ്യം പ്രാപ്തമാകുന്നതിലേയ്ക്കുവേണ്ടിയും അതീതകാലങ്ങളിൽ ചെയ്തിട്ടുള്ള അനീതികൾ പരിഹരിച്ചു ശരിപ്പെടുത്തുവാൻവേണ്ടിയും പബ്ലിക് സർവ്വീസിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായക്കാർക്കു കുറെനാളത്തേക്കെങ്കിലും നിയമനകാര്യങ്ങളിൽ മുൻഗണന നൽകേണ്ടതാണ്. അല്ലെങ്കിൽ പ്രാതിനിധ്യക്കൂടുതൽ ലഭിച്ചിട്ടുള്ള സമുദായക്കാർതന്നെ ഇനിയും ഒരു ശതവർഷക്കാലത്തേയ്ക്കുകൂടി മേധാവിത്വത്തിൽ വർത്തിക്കാനിടയാകുന്നതാണ്.

3. നിയമനങ്ങളേയും കയറ്റങ്ങളേയും സംബന്ധിച്ചുള്ള ചട്ടങ്ങളുടെ പ്രായോഗികപ്രവർത്തനത്തിനു കർശനമായ നടപടികൾ ആരംഭിക്കണം. ചട്ടങ്ങൾക്കു വിപരീതമായാണു നിയമനങ്ങളും കയറ്റങ്ങളും നടത്തീട്ടുള്ളതെന്നു കാണുന്നപക്ഷം അവയെ ചുവടെ നിരാകരിക്കയും നിഷേധിക്കുകയും ചെയ്യുന്നതിനും പുറമെ ഇങ്ങനെ തെറ്റു ചെയ്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കഠിനമായി ശിക്ഷിക്കേണ്ടതുമാകുന്നു. ആധുനിക പരിതസ്ഥിതികൾക്കുചേരുംവിധം 1874ലെ വിളംബരത്തെ പുതുക്കി ഒരു പുതിയ വിളംബരം പ്രസിദ്ധം ചെയ്യുകയും ആ വിളംബരത്തെ ഊർജ്ജിതമായി നടപ്പിൽ വരുത്തുകയും ചെയ്യണം.

4. ഉദ്യോഗനിയമനങ്ങൾ, ശിക്ഷകൾ എന്നിവ സംബന്ധിച്ച് അടുത്തുകഴിഞ്ഞ കാലങ്ങളിൽ പ്രത്യേകിച്ചും ദിവാൻ മിസ്റ്റർ വി.എസ്. സുബ്രഹ്മണ്യയ്യരുടെ ഭരണകാലത്ത് നടന്നിട്ടുള്ള അധികാരദുർവിനിയോഗത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനും, കുറ്റക്കാരായവരുടെ പേരിൽ എന്തു നടപടികളാണ് നടത്തേണ്ടതെന്നു ശുപാർശ ചെയ്യുന്നതിനും ആയി ഒരു അന്വേഷണക്കമ്മീഷനെ നിയമിക്കണം. കീഴുദ്യോഗസ്ഥന്മാരുടെ അക്രമപരിമായ പ്രവൃത്തികളെ തടയാൻ ഇത്തരത്തിലുള്ള ഒരു കമ്മീഷനു മാത്രമേ സാധിക്കയുള്ളൂ.

www.malankaralibrary.com

# 3. പ്രാതിനിധ്യസ്ഥാപനങ്ങൾ

പബ്ലിക്ക് സർവ്വീസിൽ തിരുവിതാംകൂറിലെ കത്തോലിക്കർക്കുള്ള പ്രാതിനിധ്യക്കുറവ്പോലെതന്നെ ഏറെക്കുറെ പ്രജാധിപത്യമാതൃകയിൽ സംഘടിതമായിട്ടുള്ള സംസ്ഥാനത്തിലെ പ്രാതിനിധ്യസ്ഥാപനങ്ങളിലും അവർക്കു ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളിൽ തൃപ്തികരമായ ഒരു സ്ഥാനം തങ്ങൾക്കും വേണമെന്നുള്ള അവരുടെ ആഗ്രഹം എത്രയും ന്യായമായിട്ടുള്ളതും ബഹുമാന്യമായിട്ടുള്ളതുമാകുന്നു. ഒരു ജനസമുദായത്തിലെ അംഗങ്ങൾ എന്ന നിലയിൽ പൂർണ്ണമായ പൗരജീവിതത്തിലും രാഷ്ട്രീയജീവിതത്തിലും ഭാഗഭാക്കുകളാകാനുള്ള അവരുടെ അവകാശത്തെ നിഷേധിക്കരുതെന്നുള്ളത് ന്യായമായിട്ടുള്ളതാണല്ലോ. ഈ സ്ഥാപനങ്ങൾവഴി ചെയ്യുന്ന സേവനത്തിനു പ്രതിഫലം ഇല്ലായെന്നുള്ളതു കൊണ്ട് ആയത് ബഹുമാന്യവുമായിരിക്കുന്നു. പൊതുക്ഷേമത്തിനും പുരോഗതിക്കും വേണ്ട സംരഭങ്ങളിൽ പങ്കുചേരാൻ ആഗ്രഹിക്കാതിരിക്കുക എന്നുള്ളത് ഒരു കുലഹീനന്റെ ലക്ഷണമാകുന്നു. വിദ്യാഭ്യാസപന്ഥാവിലൂടെ പരിഷ്കൃതാശയരായിത്തീർന്നിട്ടുള്ള കത്തോലിക്കർ സ്വാർത്ഥപരമായ ജീവിതത്തെ കൈവെടിഞ്ഞു സംഘടിതമായ പൊതുജീവിതാന്തരീക്ഷത്തിൽ പ്രവേശിക്കുന്നതിനു തല്പരരായിത്തീർന്നിരിക്കുന്നു. ചുരുക്കത്തിൽ, തിരുവിതാംകൂറിലെ കത്തോലിക്കർ കുലഹീനന്മരെപ്പോലെ വെറും സാധാരണന്മാരായി ജീവിക്കുന്നതിനു വിസമ്മതിക്കുന്നതിന്റെ ഫലമായിട്ടാണു സംസ്ഥാനത്തെ പ്രാതിനിധ്യസ്ഥാപനങ്ങളിൽ അവർക്കും മറ്റുള്ളവരെപ്പോലെ തൃപ്തികരമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി കുറേക്കാലമായി പ്രക്ഷോഭണം തുടങ്ങീട്ടുള്ളത്. ആധുനിക കാലത്തെ ഒരു വിശേഷസംഭവമായിത്തീർന്നിരിക്കുന്ന സാമാന്യജനങ്ങളുടെ രാഷ്ട്രീയപ്രബുദ്ധതയിൽ, ഒരു സമുദായത്തിന്റെ പ്രാബല്യത്തെ പരിഗണനം ചെയ്യുന്നത്, ആ സമുദായത്തിന് ആ രാജ്യത്തിലെ പ്രാതിനിധ്യസ്ഥാപനങ്ങളിൽ തങ്ങൾക്കു കിട്ടേണ്ടതായ പ്രാതിനിധ്യം മുഴുവനും കരസ്ഥമാക്കുന്നതിനു കത്തോലിക്കർ നിർബന്ധിതരായിത്തീരാൻ ഇനിയും ഒരു കാരണം കൂടി ഉണ്ട്. തിരുവിതാംകൂറിലെ പൗരാവലി പ്രത്യേകസമുദായങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നു. വർഗ്ഗീയവാദങ്ങൾ കൊണ്ടുള്ള ദൂഷ്യങ്ങൾ ഇന്ന ഇന്നവയാണെന്നു ഗ്രഹിക്കാൻ പ്രാപ്തിയുള്ള ബുദ്ധിമാന്മാർക്കുപോലും പ്രായോഗികമായി അവയെ വെടിഞ്ഞു പ്രവർത്തിക്കുന്നതിനു നിർവ്വാഹമില്ലാത്തവിധം വർഗ്ഗീയതിമിരം ജനനാലെ ഓരോരുത്തരിലും ഇവിടെ രൂഢമൂലമായിത്തീർന്നിട്ടുണ്ട്. പൊതുക്ഷേമം എന്നാൽ സമുദായക്ഷേമം എന്നാണ് അവരുടെ യഥാർത്ഥവിശ്വാസം. ഇതിന്റെ ഫലമായി സംസ്ഥാനത്തിനു പൊതുവെ കരുതപ്പെടുന്ന ഗുണഗണങ്ങളെ അവരവരുടെ സമുദായങ്ങൾക്കു സ്വായത്തമാക്കിത്തീർക്കാനുള്ള

www.malankaralibrary.com

മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നാണ് പ്രാതിനിധ്യസ്ഥാപനങ്ങളിലെ അംഗങ്ങൾ ആരാഞ്ഞുവരുന്നത്. ഈ സ്ഥിതിയിൽ പ്രാതിനിധ്യസ്ഥാപനങ്ങളിൽ തങ്ങളുടെ പ്രതിനിധികളില്ലാത്ത സമുദായത്തിനു അതിന്റെ അവകാശങ്ങളെ മറ്റുള്ളവർ കരസ്ഥമാക്കാതെ സംരക്ഷിക്കുന്നതിന് സാധിക്കാതെ വരുന്നു. പോരെങ്കിൽ ഓരോ സമുദായത്തിനും ഓരോ തരത്തിൽ പ്രത്യേക ആവശ്യങ്ങളും അവശതകളും ഉണ്ട്. അതിനാൽ പ്രാതിനിധ്യസ്ഥാപനങ്ങളിൽ ഉള്ള സ്വസമുദായാംഗങ്ങൾ മുഖാന്തിരം ഇക്കാര്യങ്ങൾക്കുവേണ്ട പ്രതിവിധികൾ നേടാത്തപക്ഷം അവയെക്കുറിച്ച് മറ്റാരും ഒന്നും ചെയ്യുമെന്നു ആശിക്കേണ്ടതില്ല. എന്തെന്നാൽ ഓരോ അംഗത്തിനും അവനവന്റെ സമുദായകാര്യങ്ങളെ കാത്തുരക്ഷിക്കാനുള്ള പദ്ധതികളാണ് എപ്പോഴുമുള്ള ആലോചനാവിഷയം. കത്തോലിക്കരെ ബാധിക്കുന്ന പല കാര്യങ്ങളും അകത്തോലിക്കർക്ക് അറിയാൻ പാടില്ലാതാണിരിക്കുന്നത്. കത്തോലിക്കരെ ആകമാനം ബന്ധിക്കുന്ന അവരുടെ ആരാധനാക്രമം, വിവാഹം, ശ്മശാനസ്ഥലം, ശവസംസ്കാരരീതി, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം, മറ്റുള്ളവരുമായി പെരുമാറേണ്ടവിധം, അധികാരികളുടെ നേരെയുള്ള അവരുടെ നില എന്നിത്യാദികാര്യങ്ങളെ നിയന്ത്രിക്കുന്ന അവരുടെ കാനോൻ നിയമത്തിലെ വ്യവസ്ഥകൾ തന്നെ ഉദാഹരണമായി എടുക്കുക. അതുകൊണ്ട് പ്രാതിനിധ്യസ്ഥാപനങ്ങളിൽ കത്തോലിക്കർക്കും ശരിയായ പ്രാതിനിധ്യം ലഭിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം അകത്തോലിക്കരുടെ അജ്ഞതമൂലമോ ഉദാസീനത കൊണ്ടോ അതല്ല അവരുടെ വിദ്വേഷം കാരണമോ കത്തോലിക്കർക്ക് നാശകരവും ഉപദ്രവകരവും ആയിത്തീർന്നേക്കാവുന്ന പല കാര്യങ്ങളും നടപ്പിൽ വരുത്തിയെന്നു വന്നേക്കാം.

ബി. അനുബന്ധത്തിൽ കൊടുത്തിട്ടുള്ള പട്ടികകളിൽനിന്നും സംസ്ഥാനത്തിലെ പ്രാതിനിധ്യസ്ഥാപനങ്ങളിൽ, തങ്ങളുടെ വമ്പിച്ച ജനസംഖ്യയനുസരിച്ച് എത്രയോ കുറഞ്ഞ തോതിലുള്ള സ്ഥാനമേ കത്തോലിക്കർക്കു ലഭിച്ചിട്ടുള്ളുവെന്നു കാണുവാൻ കഴിയുന്നതാണ്. വലിയ അതൃപ്തിക്കും ആശങ്കയ്ക്കും ഇടം നൽകുന്ന ഒരു കാര്യമാകുന്നു ഇത്. ഇതിന്റെ ഫലമായിട്ടുംകൂടിയാകുന്നു കത്തോലിക്കർക്ക് അവരുടെ മറ്റ് അവശതകളെ പരിഹരിക്കുന്നതിന് സാധിക്കാതെയും അവരുടെ ന്യായമായ പ്രക്ഷോഭണങ്ങൾക്കു വേഗത്തിലും തൃപ്തികരമായ രീതിയിലും ഫലപ്രാപ്തി ഉണ്ടാകാതേയും ഇരിക്കുന്നത്.

കത്തോലിക്കരുടെ ഈ പ്രാതിനിധ്യക്കുറവിനു രണ്ടുകാരണങ്ങളാണ് ഉള്ളത്. ഈ പരിതസ്ഥിതികളിൽ കഴിഞ്ഞുകൂടുന്ന മറ്റു സമുദായക്കാരോടൊപ്പം കത്തോലിക്കരും ഇവയിൽ ഒന്നിനു അധീനമായിരിക്കുന്നു എന്നതുകൊണ്ട് കത്തോലിക്കരുടെ സങ്കടത്തിന്റെ കാഠിന്യം കുറയുന്നില്ല. എന്തെന്നാൽ സംഖ്യാബലം, വിദ്യാഭ്യാസപരമായും സാമുദായികപരമായും സാമ്പത്തികപരമായുമുള്ള പുരോഗതി, മറ്റുവിധസംരംഭങ്ങൾ എന്നീ കാരണങ്ങളാൽ ഈ ന്യൂനതയുടെ ദുരനുഭവം കൂടുതലായി ബാധിക്കുന്നത് കത്തോ

www.malankaralibrary.com

ലിക്കരെയാകുന്നു. പ്രാതിനിധ്യസ്ഥാപനങ്ങളുടെ സംഘടനാരീതിയിലുള്ള ന്യൂനതയാണ് മിക്ക സമുദായങ്ങൾക്കും കുറഞ്ഞ തോതിൽ പ്രാതിനിധ്യം ലഭിക്കാനിടയാക്കിക്കൊണ്ടിരിക്കുന്ന ഈ ഒരു കാരണം. ഇതേപ്പറ്റി സവിസ്തരമായി അടുത്തുതന്നെ പ്രസ്താവിച്ചുകൊള്ളാം. ഇനിയുമുള്ള കാരണം കത്തോലിക്കരെ സംബന്ധിച്ചിടത്തോളം കുറേക്കൂടി ശക്തിമത്തായ നിലയിൽ ഒരു യഥാർത്ഥ തടസ്സമായിത്തീർന്നിട്ടുള്ള ഒന്നാണ്. പ്രാതിനിധ്യസ്ഥാപനങ്ങളിലെ അംഗങ്ങളായി ഓരോരുത്തരെ ഗവൺമെന്റ് നോമിനേറ്റു ചെയ്യുന്ന അവസരങ്ങളിൽ കത്തോലിക്കരോടു ചിറ്റമ്മനയത്തിലാണ് ഗവൺമെന്റ് പെരുമാറി വരുന്നത്. പല ഉദാഹരണങ്ങൾ പിന്നീട് പ്രസ്താവിക്കേണ്ടതായിട്ടുണ്ടെങ്കിലും ഇവിടെ ഒരൊറ്റ ദൃഷ്ടാന്തമേ ചൂണ്ടിക്കാണിക്കുന്നുള്ളൂ. മൂന്നുലക്ഷത്തിഇരുപത്തേഴായിരത്തിൽപ്പരം ജനങ്ങളുള്ള ലത്തീൻ ക്രിസ്ത്യാനികളുടെ ഇടയിൽനിന്നും ഇപ്പോഴത്തെ നിയമസഭയിൽ ഒരു പ്രതിനിധിപോലുമില്ല. യാതൊരു കാരണവുംകൂടാതെ ഇന്നത്തെ ദിവാൻ മി.വി.എസ്. സുബ്രഹ്മണ്യയ്യർ ഈ അവകാശത്തെ ധ്വംസനം ചെയ്യുന്നതുവരെ എത്രയും പരിമിതമെങ്കിലും ഈ അവകാശം വകവെച്ചുകൊടുത്തിരുന്ന ഒന്നായിരുന്നു. ജനസംഖ്യയിൽ രണ്ടുലക്ഷത്തി ഇരുപത്തേഴായിരത്തോളം പ്രോട്ടസ്റ്റന്റുകാർക്ക് രണ്ടു മെമ്പർമാരേയും ഒരു ലക്ഷത്തിൽ ചില്വാനം പേരുള്ള മാർത്തോമ്മാക്കാർക്കു ഒരു മെമ്പറേയും, രണ്ടു ലക്ഷത്തിഎഴുപതിനായിരം പേരുള്ള മുസ്ലീമുകൾക്ക് ഒരു തിരഞ്ഞെടുക്കപ്പെട്ട മെമ്പർ ഉണ്ടായിരിക്കേ ഒരു മെമ്പറിനെക്കൂടിയും നോമിനേറ്റു ചെയ്ത് അതിലും വിശേഷിച്ചു പ്രോട്ടസ്റ്റന്റുകാരിൽനിന്ന് ഒരാളെ നോമിനേറ്റു ചെയ്തിരിക്കെ തിരഞ്ഞെടുപ്പിനുനിന്നു തോൽവി സമ്പാദിച്ച വേറെ ഒരു പ്രോട്ടസ്റ്റന്റിനെക്കൂടി നോമിനേറ്റ് ചെയ്ത് വിരുതനായ ദിവാൻ മി. സുബ്രഹ്മണ്യയ്യർ മൂന്നുലക്ഷത്തി ഇരുപത്തേഴായിരം പേരുള്ള ലത്തീൻ ക്രിസ്ത്യൻ സമുദായത്തെ പാടെ വിസ്മരിക്കേണ്ടതാണെന്നും തീരുമാനിച്ചുകളഞ്ഞു. ഇദ്ദേഹത്തിന്റെ ഭരണകാലത്തു സുലഭങ്ങളായിത്തീർന്നിട്ടുള്ള ഇത്തരം പ്രവൃത്തികൾ കത്തോലിക്കരെ ക്ഷോഭിപ്പിക്കുന്നതിനും അവരുടെ സങ്കടത്തെ വർദ്ധിപ്പിക്കുന്നതിനും സംഗതിയാക്കിയിട്ടുണ്ട്.

നാട്ടുരാജ്യങ്ങളിൽ തിരുവിതാംകൂർ ജനസംഖ്യയിൽ മൂന്നാമത്തെയും വിസ്തീർണ്ണതയിൽ ഏഴാമത്തെയും സ്ഥാനത്തു സ്ഥിതിചെയ്യുന്നു. ആദ്യമായി ഒരു നിയമസഭ ഏർപ്പെടുത്തിയതും തിരുവിതാംകൂറിലാണ്. വിദ്യാഭ്യാസത്തിലും മുതലെടുപ്പിലും മറ്റു തുല്യസംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തിരുവിതാംകൂർ മുന്നണിയിൽ പ്രശോഭിക്കുന്നു. ഇവ ഏതൊരു രാജ്യത്തിനും അഭിമാനകരമായ സ്ഥിതികളാണ്. ഇക്കാരണങ്ങളാൽ എല്ലാമാണ് മാതൃകാരാജ്യം എന്ന സംബോധനയ്ക്കു തിരുവിതാംകൂർ അർഹയായിത്തീർന്നത്. ഭാഗ്യദോഷത്താൽ ഈയവസരത്തിൽ തന്നെ എത്രയും മനസ്താപത്തോടുകൂടി ഒരു കാര്യം പ്രസ്താവിക്കേണ്ടിവന്നിരിക്കുന്നു. രാജ്യ

www.malankaralibrary.com

ത്തിന്റെ പരിഷ്കാരാഭിവൃദ്ധി ക്ഷണികമായ നിലയിൽ അറച്ചറച്ചാണ് പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്നത്. നാട്ടുരാജ്യങ്ങളിൽ ഇവിടുത്തെ നിയമസഭയ്ക്കാണ് പഴക്കം ഏറിയതെങ്കിലും പിന്നീട് ഉണ്ടായിട്ടുള്ള ഇതരസംസ്ഥാനങ്ങളിലെ നിയമസഭകൾ കാര്യക്ഷമതയിലും പൊതുജനോപകാരത്തിലും ഇവിടുത്തെ നിയമസഭയേക്കാൾ മികച്ചു നിൽക്കുന്നു. ചുരുക്കത്തിൽ സംസ്ഥാനത്തിലെ എല്ലാ പ്രാതിനിധ്യസ്ഥാപനങ്ങളേയും അടിമുടി ഒന്നു പരിഷ്കരിക്കേണ്ടിയിരിക്കുന്നു.

റഷ്യ, ഇറ്റലി, സ്പെയിൻ ആദിയായ രാജ്യങ്ങളിൽ ഉണ്ടായികൊണ്ടിരിക്കുന്ന രാഷ്ട്രീയ പരിവർത്തനങ്ങളെ അവഗണിച്ചാൽ തന്നെയും ബ്രിട്ടീഷു ഇൻഡ്യയിൽ അടിക്കടി ഉണ്ടായിട്ടുള്ളതും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ സ്മരണീയങ്ങളായ രാഷ്ട്രീയ സംരംഭങ്ങളേയും ഇനിമേൽ സംഭവിക്കാനിടയുള്ള വിപുലങ്ങളായ മാറ്റങ്ങളേയും തിരുവിതാംകൂറിലെ ജനങ്ങളും ഗവൺമെന്റും ശ്രദ്ധിച്ചു വീക്ഷിക്കേണ്ടതാണ്. ഇവയെല്ലാം ഓർമ്മിച്ചും രാജ്യത്തിന്റെ പരിഷ്കൃതസ്ഥിതിയെ അറിഞ്ഞും അയൽ രാജ്യങ്ങളിലെ പരിഷ്കാരനിലയോടു തുല്യതയിൽ എങ്കിലും വർത്തിക്കുന്നതിനു ഉതകുന്നവിധം നമ്മുടെ നാട്ടിലെ സ്ഥാപനങ്ങളേയും വേണ്ടപോലെ പരിഷ്കരിക്കേണ്ടകാലം അതീതമായിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളെ കഴിയുന്നത്ര പൂർണ്ണപ്രാധാന്യമുള്ളവയാക്കിത്തീർത്തുകൊണ്ടു അവയ്ക്കു കൂടുതൽ അധികാരാവകാശങ്ങൾ നൽകുകയെന്നുള്ളതായിരിക്കണം പരിഷ്കാരലക്ഷ്യം. ഇന്നത്തെ നിലയിൽ ഇവ തോന്ന്യാസങ്ങളുടെ സങ്കേതമായിത്തീർന്നിരിക്കയാണ്. ഇവയെ ഈ നിലയിൽ തുടർന്നുകൊണ്ടുപോകുന്നതിൽ ഭേദം നിർത്തിക്കളയുന്നതാണ് നല്ലത്. അതുകൊണ്ടു രാജ്യത്തിനു ഒരു ദൂഷ്യവും വരാനില്ല. തിരുവിതാംകൂറിൽ പേരിനുമാത്രമുള്ള ഈ സ്ഥാപനങ്ങളെ ഇഷ്ടംപോലെ പ്രാതിനിധ്യസഭ എന്നൊ പ്രജാസഭ എന്നോ വിളിച്ചുവരുന്നു. ഈ മെമ്മോറാണ്ടത്തിലും ആ നിലയിലുള്ള വിവക്ഷയെ അതുകൾക്കു നൽകീട്ടുള്ളു. യഥാർത്ഥത്തിൽ ഈ പേരുകൾ രണ്ടും നിരർത്ഥകങ്ങളാണ്. ഒന്നല്ലെങ്കിൽ മറ്റൊന്ന് എന്ന് ഇവയെപ്പറ്റി പറയാവുന്നതല്ല. ഇവ പ്രാതിനിധ്യസ്ഥാപനങ്ങളല്ലെന്നുള്ളതിനു ബി അനുബന്ധം മാത്രം നോക്കിയാൽ മതിയാകുന്നതാണ്. അതുപോലെതന്നെ ഇവ പ്രജാസഭകളുമല്ല. എന്തെന്നാൽ തിരുവിതാംകൂറിൽ ഏതൊരു കാര്യത്തിനും ഇന്നേവരെയായിട്ടു വർഗ്ഗീയാനുഭവങ്ങളേ ഉണ്ടായിട്ടുള്ളൂ. സംസ്ഥാനത്തിലെ എല്ലാ പ്രധാനപ്പെട്ട സമുദായങ്ങൾക്കും അതതുകൾ അർഹിക്കുംവണ്ണം പ്രാതിനിധ്യം ലഭിക്കുമ്പോൾ മാത്രമേ ആ സ്ഥാപനങ്ങൾ പ്രജാസഭകളായിത്തീരുകയുള്ളൂ. അന്നുമാത്രമേ അവയ്ക്കു പ്രാതിനിധ്യസ്ഥാപനങ്ങൾ എന്ന പേരു യോജിക്കുകയുള്ളൂ. പ്രാതിനിധ്യസ്ഥാപനങ്ങൾ എന്നു വിളിച്ചുപോരുന്ന തിരുവിതാംകൂറിലെ എല്ലാ സ്ഥാപനങ്ങളും അവയുടെ അപ്രാതിനിധ്യസ്വഭാവം ഹേതുവായി സംസ്ഥാനത്ത് വർഗ്ഗീയമത്സരം സജീവമാക്കി വർദ്ധിപ്പി

www.malankaralibrary.com

ച്ചുകൊണ്ടിരിക്കുന്നതിൽ വളരെ സഹായിച്ചിട്ടുണ്ട്.

സംസ്ഥാനത്തു പലതരത്തിലുള്ള പ്രാതിനിധ്യസ്ഥാപനങ്ങൾ ഉണ്ട്. ഇവയിൽ നിയമസഭ, ശ്രീമൂലം പ്രജാസഭ, എന്നിവ രാജ്യത്തിനു പൊതുവേയുള്ളവയും നഗരസഭകൾ, പഞ്ചായത്തും ബഞ്ചുമജിസ്ട്രേട്ടും കോടതികൾ ആദിയായവ പ്രാദേശികങ്ങളായവയും ആകുന്നു. ഈ സ്ഥാപനങ്ങൾ സംബന്ധിച്ചു കത്തോലിക്കർക്കുള്ള അവശതകളെ സ്പഷ്ടമാക്കുന്നതിനു ഉപകരിക്കുമെന്നുള്ളതിനാൽ ഇവയെപ്പറ്റി കുറഞ്ഞൊന്നു പ്രസ്താവിക്കുന്നതു അവസരോചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

1888-ൽ ആണ് നിയമനിർമ്മാണസഭ ഇവിടെ ആദ്യമായി സ്ഥാപിതമായത്. ഇന്നു നിലവിലിരിക്കുന്ന നിയമസഭ രൂപീകൃതമായിട്ടുള്ളത് 1921-ലും ആകുന്നു. ഒരു സഭയുടെ കാലാവധി മൂന്നുകൊല്ലത്തേയ്ക്കാണ്. അതനുസരിച്ച് ഇപ്പോഴത്തെ സഭ നാലാമത്തെതാണ്. ഈ സഭയുടെ സമ്മതിദാനാവകാശക്രമം താഴെപറയുംപ്രകാരമാകുന്നു.:- “പ്രതിവർഷം 5 രൂപായിൽ കുറയാതെ ഭൂനികുതി കൊടുക്കുന്ന എല്ലാ പട്ടദാരന്മാരും ദാനവസ്തു കൈവശാനുഭവക്കാരും കുടിയാന്മാരും, 3 രൂപായിൽ കുറയാതെ ഭൂനികുതിയോ, വീട്ടുകരമോ നൽകുന്ന എല്ലാ നഗരസഭാവാസികളും, ഒരു മെമ്പറെ തിരഞ്ഞെടുക്കാനധികാരമുള്ള തിരുവനന്തപുരം പട്ടണത്തിൽ ഒരുരൂപായിൽകുറയാതെ കരം തീരുവ കൊടുക്കുന്നവരും, ഏതെങ്കിലും തുക തൊഴിൽനികുതിയായി കൊടുക്കുന്നവരും, ഒരംഗീകൃത വിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരിക്കാത്ത എല്ലാ അംഗീകൃത സർവ്വകലാശാല ബിരുദധാരികളും, നായർ പട്ടാളത്തിലെയോ ചക്രവർത്തിതിരുമനസ്സിലെ കരസൈന്യത്തിലേയൊ കടൽസൈന്യത്തിലെയൊ അടുത്തൂൺ പറ്റിയവരോ, പിരിച്ചയക്കപ്പെട്ടവരോ ആയി തിരുവിതാംകൂറിൽ താമസക്കാരായ എല്ലാ ആഫീസർമാരും 21 വയസ്സിൽ കുറയാതെ പ്രായമുള്ളവരായിരുന്നാൽ അവർക്കെല്ലാം പൊതു നിയോജകമണ്ഡലങ്ങളിൽ സമ്മതിദാനം നൽകുന്നതിന് അവകാശമുണ്ട്. 15 ഉദ്യോഗസ്ഥനിയമിതാംഗങ്ങളും 35 അനുദ്യോഗസ്ഥാംഗങ്ങളും ഉൾപ്പെടെ സഭയിൽ 50 മെമ്പറന്മാർ ഉണ്ട്. ഈ 35 പേരിൽ ഗവൺമെന്റു നിയമിക്കുന്ന 7 അനുദ്യോഗസ്ഥമെമ്പറന്മാരും പൊതു നിയോജകമണ്ഡലങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന 23 പേരും, തെക്കൻ വാണിജ്യവ്യവസായം വടക്കൻ വാണിജ്യവ്യവസായം മാലിഖാൻ വാങ്ങുന്നവരുൾപ്പെടെയുള്ള ഇടവക ജന്മിമാർ, തോട്ടക്കാർ എന്നിങ്ങനെയുള്ള അഞ്ചു പ്രത്യേക മണ്ഡലങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന 5 പേരും ഉൾപ്പെട്ടിരിക്കുന്നു.

ഇന്നത്തെ ഘടനയിലുള്ള നിയമസഭയുടെ അപ്രാതിനിധ്യസ്വഭാവമറിയണമെങ്കിൽ, അനുബന്ധം ബിയിലുള്ള 10, 11, 12, 13, 14, എന്നീ നമ്പർ പട്ടികകൾ നോക്കിയാൽ മതിയാകുന്നതാണ്. ഇതു ഗൗരവമേറിയ ഒരു സംഗതിയാകുന്നു. ഗവൺമെന്റു ജനങ്ങളോട് ഉത്തരവാദിത്വമുള്ളതാക്കിത്തീർക്കുക

www.malankaralibrary.com

എന്നുള്ളതാണ് പ്രജാധിപത്യഭരണാദർശം. കാലാനുസരണമുള്ള പരിഷ്കാരങ്ങളോടുകൂടി പൂർണ്ണമായ ഒരു പ്രജാധിപത്യസ്ഥാപനം എന്ന നിലയെ പ്രാപിക്കണം എന്ന ഉദ്ദേശത്തോടെയാണ് നിയമസഭ ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്നു തിരുവിതാംകൂറിൽ പ്രബലപ്പെട്ടുകാണുന്ന വർഗ്ഗീയ മനഃസ്ഥിതി ഇല്ലാതാകുന്നപക്ഷം ആയതു അത്യുത്തമം തന്നെ. എന്നാൽ വർഗ്ഗീയമനഃസ്ഥിതി സജീവവും ശക്തിമത്തും ആയിരിക്കുന്നിടത്തോളം കാലം ഏതെങ്കിലും ഒരു സമുദായത്തിന്റെ മേധാവിത്വത്തിൽനിന്നും മനസ്സിലാക്കേണ്ടത് ഗവൺമെന്റ് ജനങ്ങളോടല്ല ആ സമുദായത്തോടാണ് ഉത്തരവാദിത്വം വഹിക്കേണ്ടത് എന്നാകുന്നു. ഇതിൽഭേദം ഒരാളുടെ സ്വേച്ഛാധിപത്യം ആകുന്നു. ഗവൺമെന്റിനു ജനങ്ങളോടു ഉത്തരവാദിത്വമില്ലാതിരിക്കുന്നിടത്തോളംകാലം ഈമാതിരി മേധാവിത്വം ദൂഷ്യപൂരിതമായിരിക്കുകയേയുള്ളൂ. ഗവൺമെന്റിന്റെ തോന്ന്യാസങ്ങളെ മേധാവിത്വസമുദായം കുറയെല്ലാം തടയുമെന്നിരുന്നാലും അങ്ങിനെ ചെയ്യുന്നത് സ്വസമുദായത്തോടു പ്രത്യേകമായ ക്ഷേമനിലയിൽ ഗവൺമെന്റു പെരുമാറാത്തക്കവണ്ണമുള്ള പരോക്ഷമനസ്ഥിതിയോടുകൂടി മാത്രമേ അയിരിക്കുകയുള്ളൂ. അതിനാൽ ഉടനടി ചെയ്യേണ്ടിയിരിക്കുന്നത് നിയമസഭയുടെ അപ്രാതിനിധ്യസ്വഭാവത്തെ ഇല്ലായ്മ ചെയ്യുക എന്നുള്ളതാണ്. ഇങ്ങനെ ചെയ്യാതെ നിയമസഭയുടെ അധികാരങ്ങളെ വർദ്ധിപ്പിക്കുന്നതായാൽ ആയതു ഭൂരിപക്ഷം പ്രജകൾക്കും ദോഷകരമായിരിക്കുന്നതാണ്. നിയമസഭയ്ക്കു പ്രാതിനിധ്യസ്വഭാവം ഇല്ലാതിരിക്കുന്നിടത്തോളം കാലം രാജ്യത്തിലെ ഓരോ രാഷ്ട്രീയ പ്രശ്നങ്ങൾ സംബന്ധിച്ചു നിയമസഭയിൽനിന്നും രൂപീകൃതമാകുന്ന കമ്മറ്റികൾ, കമ്മീഷനുകൾ, ബോർഡുകൾ എന്നിവയ്ക്കെല്ലാം ഈ അപ്രാധിനിധ്യസ്വഭാവം ഉണ്ടായിരിക്കുന്നതാണ്. നിയമസഭയുടെ അപ്രാതിനിധ്യസ്വഭാവത്തിനു കാരണമാക്കിത്തീർക്കുന്ന കാര്യങ്ങൾ എന്തെന്ന് ആലോചിക്കുന്നത് വിഹിതമായിരിക്കും.

ഉടനെ വേണ്ടതു ഒരു സമ്മതിദാനാവകാശപരിഷ്കരണമാകുന്നു. സംസ്ഥാനത്ത് ആകെയുള്ള 40,06,062 ജനങ്ങളിൽ 1103-ൽ 1,40,331 വോട്ടറന്മാർ ഉണ്ടായിരുന്നു. ഓരോ സമുദായത്തിന്റേയും ജനസംഖ്യയുടെയും വോട്ടറന്മാരുടെയും ശതമാനം എത്രയെന്നു കാണിക്കുന്ന ഒരു പട്ടികയാണ് ചുവടെ ചേർക്കുന്നത്:-

| സമുദായങ്ങൾ | ജനസംഖ്യയുടെ ശതമാനം | വോട്ടറന്മാരുടെ ശതമാനം |
|---|---|---|
| നായന്മാർ | 17 | 33 |
| ക്രിസ്ത്യാനികൾ | 30 | 28 |
| ഈഴവർ | 17 | 9 |
| മുസ്ലീമുകൾ | 9 | 5 |
| മറ്റുള്ളവർ | 27 | 25 |

www.malankaralibrary.com

ജനസംഖ്യയുടെ തോതനുസരിച്ചുനോക്കുന്നതായാൽ വോട്ടറന്മാരുടെ എണ്ണം തുലോം കുറവാകുന്നു. ഇവിടുത്തെ വർദ്ധമാനമായുള്ള അഭ്യസ്ത വിദ്യരുടെ കണക്കുനോക്കുന്നപക്ഷം തിരുവിതാംകൂറിൽ പ്രായപൂർത്തി വന്ന വർക്കെല്ലാം വോട്ടവകാശം നൽകാവുന്നതാണ്. സാമുദായികരീത്യാ ജന സംഖ്യ ശതമാനവും, വോട്ടറന്മാരുടെ ശതമാനവും തുലനം ചെയ്തു നോക്കു മ്പോൾ കാണുന്ന ന്യൂനതകൾ സമുദായങ്ങൾ തമ്മിലുള്ള അഭിവൃദ്ധിയുടെ കൂടുതൽ കുറവുകൾക്കു ലക്ഷ്യമായി സ്വീകരിക്കാവുന്നതല്ല. വോട്ടവകാ ശത്തിനുള്ള പ്രധാന ഉപാധി ഭൂസ്വത്താകുന്നു. ചരിത്രകാരണങ്ങളാൽ ഭൂസ്വത്ത് ഉടമസ്ഥത ഒന്നോ രണ്ടോ സമുദായങ്ങളിൽ അധികമായി സ്ഥിതി ചെയ്യുന്നതിന് ഇടയായിത്തീർന്നിരിക്കുന്നു. ഭൂമിയുടെ കൈവശാനുഭവം മറ്റു സമുദായാംഗങ്ങൾക്കു ലഭിച്ചാൽ തന്നെയും ഉടമസ്ഥന്മാരുടെ പേരിൽ ഭൂനി കുതി കൊടുത്തുവരുന്നതിനാൽ വോട്ടവകാശം ഉടമസ്ഥന്മാർക്കു തന്നെ ലഭി ക്കുന്നു. മറ്റു സമുദായക്കാർ എത്ര ഐശ്വര്യനിലയിലിരുന്നാലും അവർക്കു ഭൂസ്വത്തില്ലാ എന്ന കാരണത്താൽ വോട്ടവകാശം ലഭിക്കാതെയും പോകു ന്നു. ഈ പ്രാതികൂല്യസ്ഥിതിയെ പരിഹരിക്കുന്നതിനു എന്തെങ്കിലും കരമോ നികുതിയോ കൊടുക്കുന്ന ഒരാൾക്ക് സമ്മതിദാനാവകാശം ഉണ്ടായിരിക്കു ന്നതാണെന്നു വ്യവസ്ഥ ചെയ്യണം.

മൂന്നാണ്ടിൽ ഒരിക്കൽ മാത്രമാണ് വോട്ടറന്മാരുടെ ലിസ്റ്റ് പുതുക്കി വരുന്നത്. ഈ ജോലി ഏതാനും വാരങ്ങൾകൊണ്ടു ധൃതഗതിയിൽ നിർവ്വ ഹിക്കുകയും ചെയ്യുന്നു. ഈ ആവശ്യത്തിന് തന്റെ മുഴുവൻ സമയവും വിനിയോഗിക്കത്തക്കവണ്ണം വേണ്ട സിൽബന്ധികളോടുകൂടി ഒരു ഉദ്യോഗ സ്ഥനേയും പ്രത്യേകം നിയമിക്കുന്നില്ല. സമുദായലാഭങ്ങൾക്കായി റവന്യൂ വകുപ്പിലെ കീഴ്സിൽബന്ധികൾ ഈ ധൃതഗതിയെ ദുരുപയോഗപ്പെടുത്തു ന്നു. ഇതിന്റെയെല്ലാം ഫലമായി വോട്ടവകാശം നഷ്ടപ്പെട്ടവരുടെ പേരുവി വരം വോട്ടറന്മാരുടെ ലിസ്റ്റിൽ കാണുന്നതിനും, വോട്ടവകാശമുള്ളവരുടെ പേരു ലിസ്റ്റിൽ കാണാതിരിക്കുന്നതിനും ഇടയായിത്തീരുന്നു. ഇതിനുള്ള പരിഹാരം കാര്യക്ഷമമായ വിധത്തിൽ ഈ ജോലി നോക്കുന്നതിന് പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ സ്ഥിരമായി വേണ്ട സിൽബന്ധികളോടുകൂടി നിയമിക്കുകയാകുന്നു. വോട്ടറന്മാരുടെ ലിസ്റ്റ് ആണ്ടോടാണ്ട് പുതുക്കിക്കൊ ണ്ടിരിക്കണം. ഇതിനെല്ലാം പുറമെ നിയോജകമണ്ഡലങ്ങളെ ഉടച്ചു വാർ ക്കണം. 11000 വോട്ടറന്മാരും 4000 വോട്ടറന്മാരുമുള്ള നിയോജകമണ്ഡല ങ്ങൾ ഉണ്ട്. ഓരോ നിയോജകമണ്ഡലങ്ങളിലെയും വോട്ടറന്മാരുടെ എണ്ണം ഏറെക്കുറെ തുല്യമായിരിക്കണം.

നിയമസഭയുടെ അപ്രാതിനിദ്ധ്യസ്വഭാവത്തിന് ഏകനിവാരണമാർഗ്ഗം സാമുദായികരീത്യായുള്ള വരണാധികാരമാകുന്നു. സംസ്ഥാനത്തിലെ നൈയാമികമായിട്ടുള്ള രാഷ്ട്രീയകൂട്ടം സമുദായമാകുന്നു. അതിനാൽ സമു

www.malankaralibrary.com

ദായം തന്നെ തിരഞ്ഞെടുപ്പു കാര്യങ്ങൾക്കും പ്രമാണമായി സ്വീകരിക്കണമെന്നുള്ള വാദത്തിന് യാതൊരു ന്യൂനതയും കാണുന്നില്ല. രാഷ്ട്രീയകക്ഷിയോ കാര്യപരിപാടിയോ ഒന്നുംതന്നെ ഇവിടെയില്ല. തിരഞ്ഞെടുപ്പ് എന്നുള്ളത് ഇവിടെ പ്രബലസമുദായങ്ങൾതമ്മിലുള്ള മത്സരമായി പരിണമിച്ചിരിക്കുന്നു. തങ്ങളുടെ പരിശ്രമങ്ങൾക്കു സ്വതേ സാരമായ യാതൊരു ന്യൂനതയും ഇല്ലാതിരുന്നിട്ടും ഒന്നായിചേർന്നുള്ള പിൻബലത്തിന് നിവൃത്തിയില്ലാത്തവണ്ണം രാജ്യത്തിൽ പലയിടത്തുമായി ചിതറിക്കിടക്കുകകാരണത്താൽ വളരെ കുടിയ ജനസംഖ്യ ഉണ്ടായിരുന്നാൽപോലും പല സമുദായക്കാർക്കും പ്രാതിനിധ്യം ലഭിക്കാതെ പോകുന്നു. പ്രാതിനിധ്യം ഇല്ലാതെയാകുന്ന സമുദായക്കാർക്കു പ്രാതിനിധ്യം നൽകുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഏഴു അനുദ്യോഗസ്ഥമെമ്പറന്മാരെ നോമിനേറ്റു ചെയ്യുന്നതിനുള്ള അധികാരം ഗവൺമെന്റു വെച്ചുകൊണ്ടിരിക്കുന്നത്. ഇന്നത്തെ പരിതസ്ഥിതികൾക്കുള്ള നിവാരണമാർഗ്ഗം ഇതാണെന്നു ഗവൺമെന്റു വിശ്വസിക്കുന്ന പക്ഷം രാജ്യസ്ഥിതികളെക്കുറിച്ച് യാതൊന്നും അറിയാൻ പാടില്ലാത്ത വിദേശീയരെപ്പോലെയാണ് ഗവൺമെന്റ് വർത്തിച്ചുപോരുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഈ അധികാരത്തെ ഗവൺമെന്റ് വിനിയോഗിക്കുന്ന രീതി നോക്കുന്നതായാൽ ഗവൺമെന്റിന്റെ യാഥാർത്ഥ ഉദ്ദേശം ഇന്നതാണെന്നു സ്പഷ്ടമാകുന്നതാണ്. ഈ ഉദ്ദേശം പബ്ലിക് സർവ്വീസിലെന്നപോലെ നിയമസഭയിലും ഗവൺമെന്റിന് ഇഷ്ടമുള്ളവരെ കയറ്റണമെന്നും തന്മൂലം ഗവൺമെന്റിന്റെ ശക്തി പ്രബലമാക്കിത്തീർക്കണമെന്നുമുള്ളതാണ്. ദൃഷ്ടാന്തമായി, ജന്മികൾക്കുള്ള പ്രത്യേക നിയോജകമണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു മലയാളബ്രാഹ്മണമെമ്പർ എപ്പോഴും ഉണ്ടായിരുന്നിട്ടും, അര ലക്ഷത്തിൽകുറവുള്ള ബ്രാഹ്മണസമുദായത്തിൽനിന്നും എല്ലാ നിയമസഭയിലേയ്ക്കും ഒരു ബ്രാഹ്മണമെമ്പറെ നോമിനേറ്റു ചെയ്യുക ഒരു പതിവായിത്തീർന്നിരിക്കുന്നു. മെമ്പറന്മാരെ നോമിനേറ്റ് ചെയ്യുന്നത് സംബന്ധിച്ചുള്ള അധികാരദുർവിനിയോഗത്തിന് ഇതിനുമുമ്പ് ഒരു ഉദാഹരണം പറഞ്ഞിട്ടുണ്ടല്ലോ. മെമ്പർമാരെ നോമിനേറ്റു ചെയ്യുന്ന വിഷയത്തിൽ യാതൊരു തത്വദീക്ഷയും ഇല്ലെന്നു അനുബന്ധം ബിയിൽ കൊടുത്തിട്ടുള്ള പട്ടികകൾ സൂക്ഷ്മമായി പരിശോധിച്ചാൽ പ്രസ്പഷ്ടമാകുന്നതാണ്. മെമ്പർമാരെ നോമിനേറ്റ് ചെയ്യുന്ന സമ്പ്രദായം പാടെ പരിത്യജിക്കണം. എന്തെന്നാൽ ആശാസ്യമായ നിലയിൽതന്നെയാണ് നോമിനേഷൻ നടത്തുന്നതെന്നുവന്നാൽതന്നെയും അതു സഭയുടെ അപ്രാതിനിധ്യസ്വഭാവത്തിനു പരിഹാരമാകുന്നില്ല. എല്ലാ സമുദായക്കാർക്കും അല്ലാത്തപക്ഷം കൊച്ചിയിലെപ്പോലെ അപ്രാതിനിധ്യസമുദായക്കാർക്കെങ്കിലും പ്രത്യേക നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തണം. ഇങ്ങനെ ചെയ്യുന്നതായാൽ തിരഞ്ഞെടുപ്പിലുള്ള സമുദായമത്സരം നശിക്കുന്നതിനും യോഗ്യന്മാരെ മെമ്പറന്മാരായി ലഭിക്കുന്ന

www.malankaralibrary.com

തിനും ഇടയായിത്തീരുന്നതാണ്. അങ്ങിനെവരുമ്പോൾ നിയമസഭയ്ക്കുള്ളിൽ പ്രദർശിതമാകുന്ന സമുദായമത്സരവിഷബീജങ്ങളും താനേ നശിച്ചുകൊള്ളും.

ആണ്ടിൽ ഒരിക്കൽ മാത്രം കൂടുന്ന ശ്രീമൂലം പ്രജാസഭ പെരുമയിലും പ്രാധാന്യതയിലും നിയമനിർമ്മാണസഭയ്ക്കു പിന്നിൽ നിൽക്കുന്നതേയുള്ളു. കഴിഞ്ഞതു 27-ാമത്തെ സമ്മേളനം ആകയാൽ ശ്രീമൂലം പ്രജാസഭയ്ക്കു 27 വർഷത്തെ പഴക്കമുണ്ടെന്നു അനുമാനിക്കാമല്ലോ. ഈ സഭയിൽ ആകെ 100 സാമാജികന്മാർ ഉണ്ട്. ഇവരിൽ 23 പേർ നിയമിതാംഗങ്ങളും തിരഞ്ഞെടുക്കപ്പെടുന്ന 77 പേരിൽ 43 പേർ പൊതുനിയോജകമണ്ഡലങ്ങളിൽ നിന്നും 34 പേർ നഗരസഭകൾ, തോട്ടക്കാർ, ജന്മിമാർ, കച്ചവടക്കാർ ആദിയായ പ്രത്യേക നിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരും ആകുന്നു. ഇതിന്റെ വോട്ടവകാശയോഗ്യത ഇപ്രകാരമാണ്: "പ്രതിവർഷം സ്വന്തംപേരിൽ 50 രൂപാ ഭൂനികുതി കൊടുക്കുന്നവർക്കും അല്ലാത്തപക്ഷം ആണ്ടിൽ 2500 രൂപായിൽ കുറയാതെ വരവുണ്ടായിരിക്കുന്നവർക്കും ഏതെങ്കിലും ഒരംഗീകൃത സർവകലാശാലയിലെ ബിരുദധാരിയായിത്തീർന്നിട്ടു പത്തുവർഷം കഴിയുകയും, നിയോജകമണ്ഡലതാലൂക്കിൽ തന്നെ സ്ഥിരവാസിയായിരിക്കുകയും ചെയ്യുന്നവർക്കും പ്രജാസഭയ്ക്കു വോട്ടുചെയ്യുന്നതിനു അവകാശവും യോഗ്യതയും ഉണ്ടായിരിക്കും". സമ്മതിദാനാവകാശത്തിനു കൂടുതൽ യോഗ്യത വേണ്ടിയിരിക്കുന്നതുകൊണ്ടു പ്രജാസഭയെ സംസ്ഥാനത്തിലെ പ്രജാസഭയായി പരിഗണിക്കാം.

നിയമസഭയെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങൾ മിക്കവാറും പ്രജാസഭയെപ്പറ്റിയും പറയാവുന്നതാണ്. അനുബന്ധം ബിയിൽ കൊടുത്തിട്ടുള്ള 15, 16, 17, 18, 19, 20 എന്നീ നമ്പർ പട്ടികകൾ ഈ വസ്തുതയെ കൂടുതൽ ബോധ്യപ്പെടുത്തും. പ്രജാസഭ പരിഷ്കരിക്കണമെന്നു കഴിഞ്ഞ പത്തുവർഷങ്ങളായി തുടരെ മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇതേക്കുറിച്ച് പ്രജാസഭയിൽതന്നെ നിരവധി നിവേദനങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രജാസഭ നിറുത്തിക്കളഞ്ഞാലും തരക്കേടില്ലെന്ന് മെമ്പറന്മാർ പറയാതിരുന്നിട്ടില്ല. കുറേക്കൂടി നല്ല ഒരു സ്ഥാപനത്തിന്റെ താല്ക്കാലിക ചവിട്ടുപടിയായി മാത്രം ആണ് പ്രജാസഭ ഉൽഭൂതമായിട്ടുള്ളത്. പരിഷ്കരിച്ച നിയമസഭയുടെ ആവിർഭാവത്തോടുകൂടി പ്രജാസഭയെ നിർത്തിക്കളയുകയോ, പരിഷ്കരിക്കുകയൊ ചെയ്യേണ്ടതായിരുന്നു. എന്നാൽ തൽസംബന്ധമായി യാതൊന്നും തന്നെ ചെയ്യുകയുണ്ടായിട്ടില്ല. പ്രയോജനശൂന്യമായ ഒരു സ്ഥാപനമാണിതെന്ന് ആരും പ്രസ്താവിക്കുന്നില്ല. പക്ഷെ അതുകൊണ്ട് ലഭിക്കാവുന്നിടത്തോളം പ്രയോജനം ഉണ്ടാകണമെന്നേ വാദമുള്ളൂ. കൂടുതൽ പ്രയത്നമോ ചെലവോ കൂടാതെ പ്രജാസഭയ്ക്കു കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് ശരിയായ പ്രാതിനിധ്യസ്ഥാപനരൂപത്തിൽ അതിനെ

www.malankaralibrary.com

പരിഷ്കരിക്കുന്നതായാൽ അതുകൊണ്ടുള്ള പ്രയോജനം വർദ്ധിപ്പിക്കാവുന്നതാണ്. കാലഗതികൊണ്ടും ഈ പരിഷ്കാരം അത്യാവശ്യമായിത്തീർന്നിരിക്കുന്നു. യാതൊരുവിധ മാറ്റങ്ങളും കൂടാതുള്ള അതിന്റെ കാൽശതാബ്ദകാലത്തെ ജീവിതത്തിനുള്ളിൽ ജനങ്ങളുടെ ഇടയിൽ നാനാമാർഗ്ഗങ്ങൾ വഴിയായി ഉണ്ടായിട്ടുള്ള പുരോഗതി അപരിമിതമാണ്. പ്രജാസഭ ഇന്നും ഒരു അപരിഷ്കൃത സ്ഥാപനമായിട്ടാണ് നിലനിന്നുപോരുന്നത്. നിയമസഭയെ എന്നപോലെ പ്രജാസഭയേയും ശരിയായ ജനപ്രാതിനിധ്യമുള്ളതാക്കിത്തീർക്കണം. അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്ന പതിവ് നിറുത്തിയിട്ടു പകരം വർഗ്ഗീയനിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തണം. വോട്ടവകാശയോഗ്യത കുറെക്കൂടി ലഘുവാക്കണം.

ജനപ്രാതിനിധ്യത്തെ സംബന്ധിച്ചിടത്തോളം ഇതിനു പ്രജാസഭ എന്ന പേരുതന്നെ വെറും മിഥ്യയാകുന്നു. അംഗങ്ങളുടെ നാമിനേഷൻ സംബന്ധിച്ചു കാണിച്ചുവരുന്ന കൗശലങ്ങളുടെ യാഥാർത്ഥ്യം അനുബന്ധം ബിയിലെ 16-ാം നമ്പർ പട്ടികയിൽനിന്നും വെളിവാകുന്നതാണ്. പ്രാതിനിധ്യസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് പബ്ലിക് സർവ്വീസിൽ ചെയ്തുവരുന്നപോലെ തോന്ന്യാസം കാണിക്കാൻ പാടില്ലാത്തവിധം നിയന്ത്രിക്കപ്പെട്ടിരിക്കുന്നതിനാൽ ആ വിഷയത്തിലുള്ള ഗവർമെണ്ടിന്റെ ദുഃസാമർത്ഥ്യം മുഴുവൻ പ്രകടിപ്പിക്കുന്നത് ഈവക സ്ഥാപനങ്ങളിലേയ്ക്കുള്ള നാമിനേഷൻ കാര്യത്തിലാകുന്നു.

പാഠപുസ്തകക്കമ്മറ്റികളും ധനപരിപോഷണബോർഡും പ്രയോജനകരങ്ങളായ സ്ഥാപനങ്ങൾ ആണ്. പാഠപുസ്തകക്കമ്മറ്റിയിലുള്ളവർ മുഴുവൻ നിയമിതാംഗങ്ങൾ ആണ്. എന്നാൽ ധനപരിപോഷണബോർഡിലെ രണ്ടു അനുദ്യോഗസ്ഥാംഗങ്ങൾ നിയമസഭയിൽനിന്നും അനുദ്യോഗസ്ഥമെമ്പറന്മാരാൽ തിരഞ്ഞെടുക്കപ്പെടുന്നവരും ബാക്കിയുള്ളവർ ഗവൺമെന്റിനാൽ നിയമിക്കപ്പെടുന്നവരും ആകുന്നു. പാഠപുസ്തകക്കമ്മറ്റികൾ പ്രാതിനിധ്യസ്ഥാപനങ്ങളല്ല; അങ്ങനെയായിരിക്കണമെന്നു ഉദ്ദേശിച്ചിട്ടുമില്ലായിരിക്കാം. ഇതിന്റെ ഫലം തിരഞ്ഞെടുക്കപ്പെടുന്ന പുസ്തകങ്ങളിൽനിന്നും കാണാവുന്നതാണല്ലോ. പ്രസാധകന്മാരെ പ്രസാദിപ്പിക്കണമെന്നുള്ളതല്ലാതെ നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കണമെന്നുള്ളതല്ല പരമോദ്ദേശം എന്നു തോന്നിപ്പോകുന്നു. ഇതേപ്പറ്റി നിയമസഭയിൽ വേണ്ടുവോളം ആക്ഷേപശരങ്ങൾ ചൊരിഞ്ഞിട്ടുണ്ട്. കമ്മിറ്റികൾ പ്രാതിനിധ്യ രൂപത്തിലുള്ളവയായിരുന്നുവെങ്കിൽ വർഗ്ഗീയ ആനുകൂല്യതയ്ക്കു ഒട്ടൊക്കെ ശമനം വരുമായിരുന്നു. ഈ കമ്മറ്റികളിൽ ഒരു ഒറ്റ കത്തോലിക്കാ മെമ്പർ പോലും ഇല്ല. സംസ്ഥാനത്തിലെ വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി കത്തോലിക്കർ സഹിച്ചുവരുന്ന ദുർവഹഭാരത്തെപ്പറ്റി യാതൊരു സ്മരണയുമില്ലാതെ ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതിനാൽ ഇതു കത്തോലിക്കർ സഹിച്ചുവരുന്ന ദുർവഹഭാരത്തെപ്പറ്റി

www.malankaralibrary.com

യാതൊരു സ്മരണയുമില്ലാതെ ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ളതിനാൽ ഇതു കത്തോലിക്കരെ അപാരമായി കുണ്ഠിതപ്പെടുത്തിവരുന്നു. ആണ്ടോടാണ്ടു രൂപീകൃതമാകുന്ന പരീക്ഷാബോർഡുകളുടെ സ്ഥിതിയും കത്തോലിക്കരെ സംബന്ധിച്ചിടത്തോളം മേൽപ്രകാരം തന്നെ. ധനപരിപോഷണ ബോർഡിലും ഒരൊറ്റ കത്തോലിക്കൻപോലുമില്ലാത്തതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. രാജ്യവിഭവവർദ്ധനയിൽ കത്തോലിക്കർക്കുള്ള പങ്കു ചില്ലറയല്ല. കാർഷികമായും, വ്യാവസായികമായും, വ്യാപാരസംബന്ധമായും കത്തോലിക്കർക്കുള്ള പ്രവർത്തനങ്ങൾ വിപുലങ്ങളാണ്. ജനസംഖ്യ മാത്രം നോക്കിയാലും കത്തോലിക്കർക്കു ഒരു സാമാജികനെ നൽകേണ്ടതായിരുന്നു. പക്ഷെ സ്ഥിരമായുള്ള അവഗണനയാണ് കത്തോലിക്കർക്ക് വിധിച്ചിരിക്കുന്നത്. താഴെ ചേർക്കുന്ന പട്ടികയിൽ നിന്നും ഈ വസ്തുത സ്പഷ്ടമായി കാണാം. ധനപരിപോഷണബോർഡിലേയും പാഠപുസ്തകക്കമ്മിറ്റികളിലേയും അനുദ്യോഗസ്ഥമെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരമാണ് ഈ പട്ടികയിൽ അടങ്ങിയിരിക്കുന്നത്:-

| സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്ക് | ധനപരിപോഷണ ബോർഡ് | പാഠപുസ്തക കമ്മിറ്റികൾ |
|---|---|---|---|
| നായന്മാർ | 6.90 | 3 | 3 |
| ഈഴവർ | 6.67 | 1 | 1 |
| കത്തോലിക്കർ | 6.11 | ഇല്ല | ഇല്ല |
| മുസ്ലീമുകൾ | 2.70 | 1 | ,, |
| മർത്തോമ്മാക്കാർ | 1.017 | 1 | 2 |
| വെള്ളാളർ | .57 | 1 | ,, |

ഗ്രാമപഞ്ചായത്തും ബഞ്ചുമജിസ്ട്രേട്ടും കോടതികളെ സംബന്ധിച്ച് തിരഞ്ഞെടുപ്പ് ഇല്ല. അവയിലേയ്ക്കു എല്ലാം അംഗങ്ങളെയും നാമിനേറ്റ് ചെയ്യുന്നു. സ്ഥിതിവിവരക്കണക്കുകൾ നോക്കാതെതന്നെ ഇവയിലെല്ലാം കത്തോലിക്കർക്കു ഏറ്റവും കുറഞ്ഞ ഒരു പങ്കേ കിട്ടിയിട്ടുള്ളു എന്നു അനുമാനിക്കാവുന്നതാണ്. ഈ അനുമാനത്തെ അനുബന്ധം 20-ാം നമ്പർ പട്ടിക സുദൃഢമാക്കുന്നു. ഈ കോടതികളിലെ അംഗങ്ങളുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക ചുവടെ ചേർക്കുന്നു:-

| സമുദായങ്ങൾ | ജനസംഖ്യ | അംഗങ്ങൾ |
|---|---|---|
| നായന്മാർ | 6.90 | 33 |
| ഈഴവർ | 6.67 | 11 |
| കത്തോലിക്കർ | 6.11 | 6 |
| മറ്റ് ക്രൈസ്തവർ | 5.61 | 20 |
| മുസ്ലീമങ്ങൾ | 2.70 | 18 |

www.malankaralibrary.com

| | | |
|---|---|---|
| വെള്ളാളർ | .57 | 4 |
| മറ്റു ഹിന്ദുക്കൾ | .53 | 18 |
| ബ്രാഹ്മണർ | .45 | 15 |

ഗവൺമെന്റിൽനിന്നും സർവവ്യാപകത്വം ബ്രാഹ്മണർക്കു നൽകിയിട്ടുള്ളതിനാൽ മേൽകാണുന്ന പട്ടികയിലും ബ്രാഹ്മണരെ ധാരാളമായി കാണുന്നതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടാനില്ല. എന്നാൽ വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും തങ്ങളെക്കാൾ എത്രയോ പിന്നണയിൽനിൽക്കുന്ന സമുദായക്കാരുടേയും പിന്നിലോട്ടു ഇക്കാര്യത്തിൽപോലും കത്തോലിക്കരെ തള്ളിയിരിക്കുന്നതായി കാണുന്നതിൽനിന്നും അവരെപ്പറ്റി ഗവൺമെന്റിനുള്ള അവജ്ഞ എത്രമാത്രമാണെന്ന് ഏറെക്കുറെ ഊഹിക്കാമല്ലോ.

തിരുവിതാംകൂറിൽ ആകെ 19 മുനിസിപ്പാലിറ്റികൾ ഉണ്ട്. ഇവയിലെല്ലാംകൂടി ആകെയുള്ള 312 മെമ്പർമാരിൽ 193 പേർ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവരും119 പേർ ഗവർമെണ്ടിനാൽ നിയമിക്കപ്പെടുന്നവരുമാണ്. നിയമിതാംഗങ്ങളിൽ 54 പേർ ഗവർമ്മെണ്ടു ഉദ്യോഗസ്ഥന്മാരെ നാമിനേറ്റു ചെയ്യുന്ന കാര്യത്തിൽ ഓരോ സമുദായങ്ങളോടു ഗവർമ്മെണ്ടു കാണിച്ചുപോരുന്ന ആനുകൂല്യപ്രാതികൂല്യങ്ങൾ എത്രത്തോളമെന്നും എങ്ങനെയെല്ലാമെന്നും ചുവടെ ചേർക്കുന്ന പട്ടികയിൽനിന്നും മനസ്സിലാക്കാവുന്നതാണ്. സംസ്ഥാനത്തു ആകെയുള്ള 19 മുനിസിപ്പാലിറ്റികളിലായി ആകെ ഇപ്പോഴുള്ള തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെയും ഗവർമ്മെണ്ടിനാൽ നിയമിക്കപ്പെട്ടിട്ടുള്ള അനുദ്യോഗസ്ഥമെമ്പർമാരുടെയും ജാതി തിരിച്ചുള്ള വിവരണമാണ് താഴെകാണുന്ന പട്ടികയിൽ അടങ്ങിയിരിക്കുന്നത്. :-

| ചില പ്രധാന സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്ക് | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ | നിയമിക്കപ്പെട്ട അനുദ്യോഗസ്ഥർ |
|---|---|---|---|
| നായന്മാർ | 6.90 | 68 | 5 |
| ഈഴവർ | 6.67 | 2 | 15 |
| കത്തോലിക്കർ | 6.11 | 15 | 4 |
| മറ്റു ക്രൈസ്തവർ | 5.61 | 33 | 4 |
| മുസ്ലീമുകൾ | 2.70 | 17 | 8 |
| വെള്ളാളർ | .57 | 9 | 5 |
| മറ്റു ഹിന്തുക്കൾ | .53 | 20 | 7 |
| ബ്രാഹ്മണർ | .45 | 26 | 5 |

മറ്റു പ്രാതിനിധ്യസ്ഥാപനങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതെല്ലാം മുനിസിപ്പാലിറ്റികളെ സംബന്ധിച്ചും പരമാർത്ഥമാണ്. മുനിസിപ്പാലിറ്റികളുടെ സംഘടനാരീതിയും സാരമായവിധം ഭേദപ്പെടുത്തേണ്ടത് അത്യന്താവശ്യമാകുന്നു.

www.malankaralibrary.com

അല്ലാതെ ഈ സംഗതിയിലും അപ്രാതിനിധ്യസമുദായങ്ങൾക്കു മോചനം ലഭിക്കാൻ മാർഗ്ഗം കാണുന്നില്ല.

ഗവർമ്മെന്റിൽനിന്നും പൊതുവായും പ്രാദേശികമായും രൂപീകരിച്ചിട്ടുള്ള പ്രാതിനിധ്യസ്ഥാപനങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതെല്ലാം മുനിസിപ്പാലിറ്റികളെ സംബന്ധിച്ചും പരമാർത്ഥമാണ്. മുനിസിപ്പാലിറ്റികളുടെ സംഘടനാരീതിയും സാരമായവിധം ഭേദപ്പെടുത്തേണ്ടത് അത്യന്താവശ്യമാകുന്നു. അല്ലാതെ ഈ സംഗതിയിലും അപ്രാതിനിധ്യസമുദായങ്ങൾക്ക് മോചനം ലഭിക്കാൻ മാർഗ്ഗം കാണുന്നില്ല.

ഗവർമ്മെണ്ടിൽനിന്നും പൊതുവായും പ്രാദേശികമായും രൂപീകരിച്ചിട്ടുള്ള പ്രാതിനിധ്യസ്ഥാപനങ്ങളിൽ കത്തോലിക്കർക്കു ന്യായമായ പ്രാതിനിധ്യം ലഭിക്കണമെന്നുള്ള അവരുടെ വാദത്തിന്റെ അടിസ്ഥാനം തിരുവിതാംകൂർ പ്രജകൾ എന്ന നിലയിൽ വേർതിരിക്കാൻ പാടില്ലാത്തതും പേർതിരിച്ചിട്ടുള്ളതുമായ അവരുടെ അവകാശങ്ങളും ചുമതലകളും മാത്രമാകുന്നു. അപ്രകാരം പ്രതിനിധീകരിക്കപ്പെട്ടില്ലെങ്കിൽ ഉപദ്രവങ്ങളിൽനിന്നു രക്ഷപ്രാപിക്കാനോ, സ്വന്തം അവകാശങ്ങളെ സംരക്ഷിക്കുന്നതിനോ, പ്രത്യേക ആവശ്യങ്ങളെ അറിയിക്കുന്നതിനോ, പ്രത്യേക നിലയിലുള്ള അവരുടെ സ്ഥിതിഗതികളെ വിശദപ്പെടുത്തുന്നതിനോ, പൊതുജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനോ, ചുരുക്കത്തിൽ രാഷ്ട്രീയമായും സാമുദായികമായും ഉള്ള ജീവിതത്തിൽ പൂർണ്ണവളർച്ചയെ പ്രാപിക്കുന്നതിനോ കത്തോലിക്കർക്കു വേണ്ടപോലെ സാധിക്കയില്ല. പ്രാതിനിധ്യസ്ഥാപനങ്ങൾ സംബന്ധിച്ച് കത്തോലിക്കർ ആവശ്യപ്പെടുന്നതെന്തെന്ന് ചുരുക്കത്തിൽ ചുവടെ ചേർക്കുന്നു:-

(1). ഇന്നു നിലവിലിരിക്കുന്ന പ്രാതിനിധ്യസ്ഥാപനങ്ങൾക്കു കൂടുതൽ അധികാരാവകാശങ്ങൾ നൽകുന്നതിന് മുമ്പ് അവയെ യഥാർത്ഥമായ പ്രാതിനിധ്യസ്ഥാപനങ്ങളാക്കി പരിഷ്കരിക്കണം. ഇപ്പോഴുള്ള അധികാരങ്ങളെ വച്ചുകൊണ്ടുപോലും ആകെയുള്ള ജനസംഖ്യയുടെ നാലിൽമൂന്നു ഭാഗത്തിൽ കൂടുതൽവരുന്ന അപ്രാതിനിധ്യസമുദായക്കാർക്ക് ദുസ്സഹങ്ങളായ ഉപദ്രവങ്ങളെ അവ ചെയ്തുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി ഈ സമുദായക്കാർ പ്രാതിനിധ്യസ്ഥാപനങ്ങൾ എന്നു വിളിച്ചുപോരുന്ന ഈ സ്ഥാപനങ്ങളെ നിർത്തിക്കളയാൻ പോലും ആഗ്രഹിക്കാതിരുന്നില്ല.

(2) ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന മെമ്പറന്മാർ ഉള്ള സ്ഥാപനങ്ങളിൽ അംഗങ്ങളെ നോമിനേറ്റു ചെയ്യാനുള്ള തങ്ങളുടെ അധികാരം ഗവർമെണ്ട് ഉപേക്ഷിക്കണം. അതിനുപകരം കൊച്ചിയിലെപോലെ വർഗ്ഗീയപ്രാതിനിധ്യം ഉണ്ടായിരിക്കാൻവേണ്ടി പ്രത്യേക നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തണം. ഈ ഉദ്ദേശത്തോടുകൂടിതന്നെ വോട്ടവകാശത്തിനുള്ള യോഗ്യതയുടെ തോതു കുറയ്ക്കുകയും ചെയ്യണം.

(3). തിരഞ്ഞെടുപ്പ് അനുവദിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, എത്രമാത്രം വിപുലമായ രീതിയിൽ വിവിധ സമുദായപ്രാതിനിധ്യം നേടാൻ കഴിയുമോ അതുപോലെ മെമ്പറന്മാരെ നോമിനേറ്റു ചെയ്യുന്നതിനു ഗവർമ്മെന്റു യുക്തിപൂർവ്വം

www.malankaralibrary.com

അവരുടെ അധികാരത്തെ ഉപയോഗപ്പെടുത്തണം. അങ്ങിനെ ചെയ്തെങ്കിൽ മാത്രമേ സ്ഥാനമാനങ്ങളെ വിവിധ സമുദായക്കാർക്കായി വിതരണം ചെയ്യുവാനും, കൂടുതൽ കാര്യക്ഷമതയെ പരിരക്ഷിക്കാനും, അഴിമതികൾ, വർഗ്ഗീയപരാക്രമങ്ങൾ ആദിയായ വയെ തടയാനും കഴിയുകയുള്ളൂ. രാഷ്ട്രീയമായി പരിഗണിക്കപ്പെടേണ്ട സമുദായങ്ങ ളുടെ ഒരു പട്ടിക രൂപീകരിക്കണം. അതനുസരിച്ച് ഓരോരിക്കലുമോ അല്ലെങ്കിൽ മുറ അനുസരിച്ചോ ഓരോ സമുദായത്തിൽനിന്നും ഉണ്ടായിരിക്കേണ്ട മെമ്പറന്മാരുടെ സംഖ്യയും നിർണ്ണയിച്ചിരിക്കണം.

(4) വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ മറ്റു ഏതൊരു സമുദായത്തെ അപേക്ഷിച്ചും ഏറ്റവും കൂടുതലായി ഏർപ്പെട്ടിരിക്കുന്നവർ കത്തോലിക്കരാണ്. അതുകൊണ്ട് അവർക്ക് പാഠപുസ്തകക്കമ്മറ്റികളിലും പരീക്ഷാബോർഡുകളിലും പ്രത്യേകം പ്രാതി നിധ്യം ഉണ്ടായിരിക്കേണ്ടത് ന്യായവും ആവശ്യവുമാകുന്നു.

(5) പബ്ലിക് സർവ്വീസിൽ പ്രധാന പങ്ക് കരസ്ഥമാക്കുന്നതിൽ ധാരാളം സാമർത്ഥ്യം പ്രദർശിപ്പിച്ചിട്ടുള്ള സമുദായങ്ങളിൽപ്പെട്ടവർ തന്നെയാണ് ധനപരിപോഷണബോർഡി ലെയും ഭൂരിപക്ഷം മെമ്പറന്മാർ. കാർഷികമായും വ്യാവസായികപരമായും വാണിജ്യ പരമായും രാജ്യത്ത് കൂടുതൽ സംരഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കത്തോലിക്കർക്ക് ആ ബോർഡിൽ പ്രാതിനിധ്യം ലഭിച്ചിട്ടേ ഇല്ല. വിചാരശൂന്യതയോടുകൂടിയോ അല്ലാത്ത പക്ഷം മനഃപൂർവ്വമായോ ഉണ്ടായിട്ടുള്ള ഈ മാതിരി അവഗണന രാജ്യത്തിനും സമു ദായത്തിനും ആപൽക്കരമാകുന്നു. കത്തോലിക്കർക്കും അവരുടെ പ്രതിനിധിയോ, പ്രതിനിധികളോ ധനപരിപോഷണാബോർഡിൽ കൂടിയേ കഴിയൂ.

# 4. പട്ടാളസേവനം

തങ്ങളുടെ മാതൃഭൂമിയിലെ പട്ടാളവകുപ്പിൽ തിരുവിതാംകൂറിലെ കത്തോലിക്കർക്കു പ്രവേശനം ഇല്ല. സംസ്ഥാനത്തിലെ മറ്റ പല സമുദായ ക്കാർക്കുപട്ടാളത്തിൽ പ്രവേശനം ഇല്ലെന്നുള്ള വസ്തുത കത്തോലിക്കരുടെ അവശതയെ പരിഹരിക്കുകയോ ഗവർമ്മെന്റിന്റെ നടപടിയെ സാധൂകരിക്കു കയോ ചെയ്യുന്നില്ല. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അവർക്ക് അന്തഃസ്താപം ഉണ്ടാക്കുന്ന കാര്യങ്ങൾ ആണ് ഇതിലുള്ളത്. അവർ ഇന്നാ ട്ടിൽ ജനിച്ചുവളർന്നവർ ആണെന്നുള്ളതിനും പുറമേ ധാരാളം ചരിത്രപ്രാ ധാന്യതയുള്ള ഒരു പ്രബല സമുദായത്തിലെ അംഗങ്ങളുമാണ്. തങ്ങളുടെ സ്വന്തനാട് എന്ന് അഭിമാനപുരസ്സരം ഘോഷിച്ചുവരുന്ന ഈ രാജ്യത്തെ ഒന്ന രശതാബ്ദത്തിനു മുമ്പ് പുനഃസംഘടനം ചെയ്ത് സുരക്ഷിതമാക്കുന്നതി നുവേണ്ടപോലെ സഹായിച്ചിട്ടുള്ളത് ഒരു കത്തോലിക്കനായ ഡിലനായി ആയിരുന്നു എന്ന് ഓർക്കുമ്പോൾ, തങ്ങൾക്കു തങ്ങളുടെ ഈ നാട്ടിലെ പട്ടാ ളത്തിൽ പ്രവേശനം നൽകിയിട്ടില്ലെന്നുള്ളത് കത്തോലിക്കർക്ക് ഹൃദയശ ല്യമുണ്ടാക്കുന്ന ഒരു മാനഹാനിയായിത്തീർന്നിരിക്കുന്നു. തങ്ങളുടെ ഈ മാതൃഭുമിയെ വിശുദ്ധനായ ശൗര്യാർ പുണ്യവാൻ വടുകരുടെ ആക്രമണ ത്തിൽനിന്നും രക്ഷിക്കുകയും മഹാരാജാവിൽനിന്ന് "എന്റെ പ്രജകൾ

www.malankaralibrary.com

എന്നെ വലിയതമ്പുരാൻ എന്നു വിളിക്കുന്നു. എന്നാൽ ഇനിമേൽ എന്നും അവർ നിങ്ങളെ വലിയപാതിരി എന്നു വിളിക്കും." എന്ന ബഹുമതി സമ്പാദിക്കുകയും ചെയ്തിട്ടുള്ള വസ്തുതയും കത്തോലിക്കർക്ക് ഈ സന്ദർഭത്തിൽ വിസ്മരിക്കാൻ കഴിയുന്നില്ല.

ഈ ഇരുപതാം നൂറ്റാണ്ടിൽ ഏതെങ്കിലും ഒരു പരിഷ്കൃതരാജ്യത്തിൽ ഉള്ളതായി വിചാരിക്കാൻകൂടി പാടില്ലാത്തവിധം അത്ര ഹീനവും രോഷാകുലവുമായ ഈ തരം വർഗ്ഗീയപാലനത്തിനു എതിരായുള്ള അതൃപ്തി വാക്ക് രൂപേണ പ്രത്യക്ഷമായിത്തുടങ്ങീട്ടു കൊല്ലങ്ങൾ പലതു കഴിഞ്ഞിട്ടും അതിന്റെ ശക്തി ഇനിയും മാതൃകാരാജ്യമെന്നു പറയപ്പെടുന്ന ഇവിടെ ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. എല്ലാ വർഗ്ഗക്കാരായ പ്രജാവിഭാഗങ്ങൾക്കും പട്ടാളത്തിൽ പ്രവേശനം നൽകണമെന്നുള്ള വാദം സർവ്വപ്രധാനമായി നടത്തിക്കൊണ്ടിരിക്കുന്നത് കത്തോലിക്കരാകുന്നു. കത്തോലിക്കാ പത്രങ്ങളിലും കത്തോലിക്കാ പ്രസംഗമണ്ഡപങ്ങളിലും ഈ ഒരു വാദം സർവ്വസാധാരണമായിത്തീർന്നിരിക്കുകയാണ്. എന്നാൽ പട്ടാളം നിയമസഭയുടെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ള ഒരു വിഷയമാകയാൽ വ്യവസ്ഥാപിതരൂപത്തിലുള്ള പ്രക്ഷോഭണം ഏതാണ്ട് നിയന്ത്രിതമായിത്തീർന്നിരിക്കുന്നു. ഇക്കാരണത്താൽ ഇപ്പോഴത്തെ നിയമസഭയുടെ പ്രഥമസമ്മേളനത്തിൽ ഈ വിഷയത്തെക്കുറിച്ച് വളച്ചുകെട്ടിയ സമ്പ്രദായത്തിൽ അല്പം ഒന്നു സൂചിപ്പിക്കുന്നതിനുമാത്രമേ ഒരു ക്രിസ്ത്യൻ മെമ്പറിനു കഴിഞ്ഞുള്ളൂ. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്:-

"തിരുവിതാംകൂറിൽ പൗരാവകാശം ഇന്നതാണെന്നു തൃപ്തികരമായ നിലയിൽ ക്ലിപ്തപ്പെടുത്തീട്ടില്ല. തന്റെ മാതൃഭൂമിക്കുവേണ്ടി യുദ്ധംചെയ്തു മരിക്കുന്നത് ചുമതലാബോധമുള്ള ഒരു പൗരന്റെ മഹത്തായ ഒരു അവകാശമായിട്ടാണു ഞാൻ കരുതിയിരുന്നത്. എന്നാൽ ഈ രാജ്യത്ത്, ഈ ധർമ്മരാജ്യത്ത് പ്രജാതതിയുടെ ഭൂരിഭാഗത്തിനും ഈ അവകാശം ഇല്ലാതായിത്തീർന്നിരിക്കുന്നു. ഈ പരിഷ്കൃതരാജ്യത്തു ഈ സ്ഥിതി എങ്ങനെ നീതീകരിക്കുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. സ്വരാജ്യത്തിനുവേണ്ടി സമരം ചെയ്യാനുള്ള അവകാശത്തെപ്പറ്റി ഞാൻ വാദിക്കുമ്പോൾ പട്ടാളതുറയിൽ ഒരു മഹനീയ ഉദ്യോഗലാഭത്തിനായി ഞാൻ ആഗ്രഹിക്കുന്നു എന്ന് ആരും ധരിക്കരുത്. ....... സംസ്ഥാനത്തിലെ സൈനികതുറ ഒരു സമുദായത്തിനുമാത്രമുള്ള കുത്തകയായിത്തീർന്നിരിക്കുന്നതുകൊണ്ട് രാഷ്ട്രീയമായി ഉണ്ടാകാനിടയുള്ള ആപൽഫലങ്ങളെക്കുറിച്ച് ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ?" (തിരുവിതാംകൂർ നിയമസഭാനടപടികൾ വാല്യം 19. നമ്പർ 10)

നൈയാമികവും പൗരസമത്വപരവും ആയ കാരണങ്ങൾക്കും പുറമെ തിരുവിതാംകൂറിലെ സൈനികചരിത്രം നോക്കുന്നതായാൽതന്നെയും ഇന്നുള്ള പട്ടാളവകുപ്പിനെക്കുറിച്ച് ധാരാളം ആക്ഷേപങ്ങൾ പറയാനുണ്ട്. തിരുവിതാംകൂർ സൈന്യത്തിൽ 1780-ാമാണ്ടിടയ്ക്കു ഐറോപ്യൻ രീതിയിൽ യുദ്ധാഭ്യാസപരിശീലനം ലഭിച്ചിരുന്ന 50000 ഭടന്മാർക്കും പുറമെ (1761- മുതൽ

www.malankaralibrary.com

1777 വരെ യുസ്താത്തീവ്സ് ഡിലനായി എന്ന ഡച്ചു സൈന്യാധിപന്റെ കീഴിൽ) കുന്തങ്ങൾ, വാളുകൾ, കോടാലികൾ, വില്ലും അമ്പും എന്നീവക ആയുധങ്ങൾ ധരിച്ചിരുന്നവരായ ഒരു ലക്ഷം നായന്മാരും ചെകോന്മാരും അടങ്ങിയ ഒരു കൂട്ടം സൈന്യവും ഉണ്ടായിരുന്നു. ഈ കണക്കുകൾ ശരിയല്ലെന്നു തോന്നുന്നപക്ഷം, തിരുവിതാംകൂർ സൈന്യത്തിൽ നായന്മാർ മാത്രമല്ലായിരുന്നു ഉണ്ടായിരുന്നതെന്നുള്ളതിനു 1795-ലെ ഉടമ്പടി സാക്ഷ്യം വഹിക്കുന്നതാണ്. ഡിലനായിയാൽ രൂപീകരിക്കപ്പെട്ടിരുന്ന തിരുവിതാംകൂറിലെ സൈന്യം വേലുത്തമ്പിദളവായുടെ വിപ്ലവത്തോടുകൂടി ശിഥിലമായിത്തീരുകയും അതോടുകൂടി തിരുവിതാംകൂറിന്റെ സൈനികപ്രാഭവവും പ്രശസ്തിയും ഇങ്ങിനി വരാത്തവണ്ണം അസ്തമിക്കുകയും ചെയ്തു. 1808-ലാണ് ഈ വിപ്ലവം ആരംഭിച്ചത്. കർണ്ണാടകകുപ്പിണി എന്നറിയപ്പെട്ടിരുന്ന സൈന്യവിഭാഗം അന്നു ദളവായോടു ചേർന്നുനിന്നില്ല. 1809-ാമാണ്ടോടുകൂടി സഹ്യാദ്രിക്കു അപ്പുറത്തുനിന്നും വന്നവരുടേയും ഇവിടെ ഉണ്ടായിരുന്ന രാജഭക്തന്മാരായ പട്ടാളക്കാരുടെയും സഹായത്തോടുകൂടി ലഹള നിശ്ശേഷം അമർച്ച ചെയ്യുകയുണ്ടായി. മുൻപറഞ്ഞ രാജദ്രോഹകൃത്യങ്ങളുടെ ഫലമായി തിരുവിതാംകൂർസൈന്യത്തെ പിരിച്ചുവിട്ടു. അടിയന്തിരാദികൾക്കും മറ്റു സാംസ്ഥാനിക ആഡംബരാദികൾക്കുമായി 700 പേർ അടങ്ങിയ ഏതാനും കുപ്പിണികളെ, ഉപയോഗത്തിനു കൊള്ളരുതാത്ത തോക്കുകളും കൊടുത്തു, സംരക്ഷിച്ചു പോന്നു. പട്ടാളക്കാരുടെ ജോലിയായ സമരവൃത്തിയെ ഇല്ലായ്മ ചെയ്തുകൊണ്ട് പഴയപട്ടാളാവശിഷ്ടമായി കരുതി തീറ്റിപ്പോറ്റിവന്ന ഇവർ നായന്മാർ മാത്രമായിരുന്നുവെന്നുള്ളതിനും, ഇതിനു കാരണം അക്കാലത്തെ വിശ്വാസമനുസരിച്ച് അയിത്താചാരങ്ങൾക്കു വിലകൽപ്പിച്ചതായിരുന്നുവെന്നുള്ളതിനും, സംശയമില്ല. 1817-ൽഅന്നത്തെ മഹാറാണി റീജന്റിന്റെ അഭിമതം അനുസരിച്ച് സൈന്യബലം 1200 ആക്കി വർദ്ധിപ്പിക്കുന്നതിന് അനുവദിക്കണമെന്നു കാണിച്ച് അന്നു ഇവിടെ റസിഡന്റായിരുന്ന കർണ്ണൽമണ്രോ ഈസ്റ്റിന്ത്യാ കമ്പനിക്ക് എഴുതുകയുണ്ടായി. വ്യാഖ്യാനത്തിൽവന്നുപോയ തെറ്റുകാരണം 1200 പേരെ കൂടുതലായി എടുത്തുകൊള്ളുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡിൽനിന്നും അനുവാദം ലഭിച്ചു. അതിന്റെ ഫലമായി 1819-ലെ പട്ടാള പരിഷ്കരണകാലത്തു തിരുവിതാംകൂർ സൈന്യത്തിൽ ആകെ 2350 പേർ ഉണ്ടായിരുന്നു. ഓരോ കുപ്പിണിയിലും 1000 പേർ വീതം രണ്ടു കുപ്പിണി സൈന്യമായിരുന്നു അത്. എന്നാൽ 1824-ൽ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ രൂപീകരണത്തോടുകൂടി വേണ്ടിവന്ന ചെലവുകൾ വഹിക്കുന്നതിനും, പട്ടാളക്കാർ നടത്തിപ്പോന്ന പോലീസുജോലിയിൽനിന്നും അവരെ ഒഴിവാക്കുന്നതിനും നിശ്ചയിച്ചപ്പോൾ സൈന്യബലത്തിൽ 500 പേരെ കുറവു ചെയ്തു. 1830ൽ ആണ് "നായർപട്ടാളം" എന്നുള്ള പേര് ആദ്യമായി ഉണ്ടായത്.

1819-ലെ പരിഷ്കാരമനുസരിച്ച് സജ്ജമായ പട്ടാളം 1809ൽ ഏർപ്പെടു

www.malankaralibrary.com

ത്തിയ പട്ടാളത്തെപ്പോലെ വെറും ആഡംബരങ്ങൾക്കു മാത്രമായുണ്ടായതല്ല. ഉത്സവാദി അടിയന്തിരങ്ങൾക്കുള്ള പട്ടാള ആവശ്യം അപ്രധാനമാക്കിയതിനുശേഷവും നായന്മാരെ മാത്രമേ പട്ടാളത്തിൽ ചേർക്കുകയുള്ളൂ എന്നു തീരുമാനിക്കാനുണ്ടായ കാരണം അജ്ഞേയമായിരിക്കുന്നതേയുള്ളൂ. 1809-ലെ ലഹളയ്ക്കു മുൻപുണ്ടായിരുന്ന പട്ടാളത്തെപ്പറ്റി അറിവില്ലായ്മ മൂലമോ പരിഗണിക്കായ്കകൊണ്ടോ വന്നുപോയിട്ടുള്ള പ്രമാദമാണ് ഇതിനു കാരണം. എന്തെന്നാൽ 1819-ലെ പരിഷ്കാരകാലത്ത് നായന്മാർ മാത്രമേ പട്ടാളത്തിൽ ഉണ്ടായിരുന്നതായി കണ്ടുള്ളൂ. അതിനാൽ അന്നത്തെ പരിഷ്കാരത്തിന് തെറ്റായിട്ടായിരുന്നെങ്കിലും അടിസ്ഥാനമായിരുന്നത് അതാണ്. നായന്മാരിൽതന്നെ എല്ലാ വിഭാഗക്കാർക്കും പട്ടാളത്തിൽ പ്രവേശനം ഇല്ലായെന്നു കാണുന്നതിൽനിന്നും ഈ അഭിപ്രായത്തിനു ബലം കൂടുന്നു. എന്തെന്നാൽ നായന്മാരിൽ ഇല്ലം, സ്വരൂപം, തമിഴ്പാദം, പാദമംഗലം, പണ്ടാരി, മാരാൻ, കരുവേലം, വാത്തി എന്നീ അവാന്തരവിഭാഗക്കാർക്കേ പട്ടാളത്തിൽ പ്രവേശനം നൽകീട്ടുള്ളൂ.

നായർ പട്ടാളരൂപീകരണം കഴിഞ്ഞ് ഏതാനും കൊല്ലത്തേയ്ക്ക് ഒരു സ്വതന്ത്രപൗരന്റെ മൗലികാവകാശങ്ങളെ ധ്വംസിക്കുന്ന ഈ കുത്തക ഏർപ്പാടിനെപ്പറ്റി മറ്റു സമുദായക്കാരിൽനിന്നും ഒരു എതിരുശബ്ദം പോലും പുറപ്പെട്ടിരുന്നില്ല. ഇതിനുള്ള കാരണത്തെപ്പറ്റി വിദൂരാന്വേഷണം ചെയ്യേണ്ടയാവശ്യമില്ല. 1891-ലെ മലയാളി മെമ്മോറിയൽ പോലെ 1809-ലെ ലഹളയും തിരുവിതാംകൂറിൽ ഒരു സമുദായത്തിനുമാത്രം മേധാവിത്വം സമ്പാദിക്കാൻ വേണ്ടി ഉണ്ടായതാണ്. മെമ്മോറിയൽകാലത്തെപ്പോലെ ലഹളക്കാലത്തും സാധുക്കളായ ഒട്ടേറെപ്പേരെ കബളിപ്പിച്ചിട്ടുണ്ടായിരുന്നിരിക്കണം. എന്തോ ഏതോ കേട്ടു ഭയപ്പെട്ടും പലതും ആശിച്ചും ലഹളയിൽ ചേർന്ന മറ്റു സമുദായങ്ങളെയാണ് ലഹളയുടെ ദുഷ്ടഫലങ്ങൾ അതിന്റെ കാരണകർത്താക്കളായിനിന്നു സ്വകാര്യലാഭാർത്ഥം പ്രവർത്തിച്ച സമുദായത്തേക്കാൾ കൂടുതലായും കർക്കശമായും സ്പർശിക്കയുണ്ടായത്. ഇതിന്റെ ഫലമായി നായരേതര സമുദായക്കാർ കാര്യഗൗരവം മനസ്സിലാക്കാതെ പട്ടാളവുമായി ഇനിമേൽ ഇടപെടേണ്ടെന്നു തീരുമാനിച്ചതിൽ അത്ഭുതത്തിനു വകയില്ലല്ലോ. പോരെങ്കിൽ അക്കാലത്തു ജനങ്ങളുടെ ഇടയിൽ അത്രയ്ക്കുള്ള വിദ്യാഭ്യാസവും രാഷ്ട്രീയബോധവും പൗരാവകാശജ്ഞാനവുമേ ഉണ്ടായിരുന്നുള്ളൂ. ഇതിനും പുറമേ ലഹളയ്ക്കുശേഷം നിലനിർത്തിപ്പോന്ന പട്ടാളം പൊതുജനദൃഷ്ടിയിൽ അവഹേളനസ്ഥാപനമായും കാണപ്പെട്ടു. പുതിയ സൈനികസംഘടനയോടുകൂടി മാത്രമാണ് പട്ടാളത്തിന്റെ യഥാർത്ഥസ്വഭാവം ആളുകൾക്കു മനസ്സിലായിത്തുടങ്ങിയത്. ക്രമാഗതമായി പട്ടാളക്കാർക്കു നൽകിവന്ന ചുമതലാധികാരങ്ങൾ, ശമ്പളപരിഷ്കാരം, അഭിനന്ദനീയമായ അടുത്തൂൺപതിവ്, നല്ല തരത്തിലുള്ള ആയുധങ്ങളും യൂണിഫോറവും എന്നീ

www.malankaralibrary.com

കാരണങ്ങളാൽ അവരുടെ സ്ഥിതിഗതികൾ ബഹുമാന്യമായും അവരെ യഥാർത്ഥ ഭടന്മാരായും പൊതുജനങ്ങൾ വീക്ഷിച്ചുതുടങ്ങി. ഇതോടുകൂടി പട്ടാളവകുപ്പ് ഒരു സമുദായക്കാരുടെ കുത്തകയാക്കാൻ പാടില്ലായെന്നുള്ള വാദം ആദ്യം ശാന്തരൂപത്തിലും പിന്നീട് തീവ്രശ്ക്തിയോടുകൂടിയും മുഴ ങ്ങിത്തുടങ്ങി. നായന്മാരല്ലാത്ത സമുദായക്കാർക്കു സൈന്യസേവനം സാധ്യ മല്ലായെന്നുണ്ടായിരുന്ന മിഥ്യബോധം മഹായുദ്ധത്തോടുകൂടി നാമാവശേ ഷമായും തീർന്നു. മഹായുദ്ധത്തിൽ പോർക്കളത്തിൽ ഇറങ്ങി യുദ്ധം ചെയ്യു ന്നതിനും നായന്മാരെക്കൊണ്ടുമാത്രം നിറഞ്ഞിരിക്കുന്ന നായർ പട്ടാള ത്തിൽനിന്നും കൈവിരലിൽ എണ്ണാൻമാത്രം ഭടന്മാരേ സന്നദ്ധരായി പുറ പ്പെട്ടുള്ളൂ. നേരെമറിച്ച് സംസ്ഥാനത്തിൽനിന്നും മഹായുദ്ധത്തിന് പോയവ രിൽ ബഹുഭൂരിപക്ഷം ആളുകളും നായരേതരസമുദായക്കാരായിരുന്നു.

നായന്മാർ മാത്രമടങ്ങീട്ടുള്ള നായർപട്ടാളം രണ്ടു കുപ്പിണികളിലും കൂടി ആകെ 1409- പേരാണ് ഇപ്പോഴുള്ളത്. നായർ പട്ടാളത്തിനുവേണ്ടി 1107-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള 4,24,261 രൂപായിൽ ഇവരുടെ ശമ്പളത്തിനുമാ ത്രമായി നീക്കിവച്ചിട്ടുള്ളത് 2,30,000 രൂപായാണ്. അടുത്തൂൺ വകയ്ക്കുള്ള 69,000 രൂപാ ഉൾപ്പെടെ സൈനികവകുപ്പിനായി ഇക്കൊല്ലത്തേയ്ക്ക് നീക്കി വെച്ചിട്ടുള്ള ആകെത്തുക 7,74,560 രൂപായണ്. ഈ വമ്പിച്ച തുകയുടെ മറ വിൽനിന്നുകൊണ്ട് പട്ടാളം എന്നും തങ്ങൾക്കു കുത്തകയായിരിക്കണമെന്നു വാദിക്കുന്നത് നിശ്ചയമായും സ്വരാജ്യസ്നേഹംകൊണ്ടല്ല, നേരെ മറിച്ച് അത്യാഗ്രഹംകൊണ്ടും സ്വാർത്ഥതകൊണ്ടുമാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ആഭ്യന്തരലഹളകളിൽനിന്നും പുറമെനിന്നുള്ള ആക്രമണ ങ്ങളിൽനിന്നും സ്വരാജ്യത്തെ രക്ഷിക്കുന്നതിനായി പട്ടാളത്തിൽ വിവിധജാ തിമതസ്ഥരിൽനിന്നും ആളുകളെ ചേർക്കണമെന്നു നിർബന്ധിക്കുകയാ കുന്നു യഥാർത്ഥ ദേശാഭിമാനമുള്ളവർ ചെയ്യേണ്ടത്. സ്വഭാവംകൊണ്ടും ജീവിതരീതികൊണ്ടും നോക്കുന്നതായാൽ ബലിഷ്ഠന്മാരായ മുസ്ലീമുകൾ, മല്ലന്മാരായ മുക്കുവർ ആദിയായ സമുദായക്കാർ സൈന്യസേവനത്തിനു സർവ്വഥാ യോഗ്യന്മാരാണെന്നുള്ളതിനു സംശയമില്ല. നിസ്സാരമായി തള്ളി ക്കളയാൻ നിർവ്വാഹമില്ലാത്തവണ്ണം ഇന്നും അത്രയ്ക്കു രൂഢമൂലമായി നില നിന്നുപോരുന്ന തീണ്ടൽ, തൊടീൽ മുതലായ അയിത്താചാരങ്ങളാലാണ് നായന്മാർക്കു മാത്രമേ പട്ടാളത്തിൽ പ്രവേശിക്കാൻ പാടുള്ളൂ എന്നു നിശ്ച യിച്ചിട്ടുള്ളതെന്നു വാദിച്ചാൽ പോലും, അതും മനഃപൂർവ്വമായ നിലയില് യഥാർത്ഥത്തെ മറയ്ക്കാനുള്ള ഒരു ഉദ്യമമാണെന്നുള്ളതിലേയ്ക്കു നായ ന്മാരിൽപ്പെട്ട എട്ടുവിഭാഗക്കാർ ഒഴികെ ശേഷം വിഭാഗക്കാർക്ക് ആർക്കും ഈ അയിത്തബോധം ഇല്ലാതിരുന്നിട്ടും പട്ടാളത്തിൽ പ്രവേശനം ഇല്ലെന്നു ള്ളത് സ്പഷ്ടമായ ഒരു തെളിവാണ്. അഥവാ ഉത്സവാദി അടിയന്തിരങ്ങൾക്കും ആഡംബരങ്ങൾക്കും വേണ്ടിയാണ് ഇന്നത്തെ പട്ടാളമെന്നു പറഞ്ഞാൽ ആയ

www.malankaralibrary.com

തിന് ഇത്ര വമ്പിച്ച ഒരു തുക ചെലവാക്കി ഇത്ര വമ്പിച്ച ഒരു സൈന്യത്തെ സംരക്ഷിച്ചുപോരുന്നത് ഭീമമായ ഒരു അനീതിയാണെന്ന് സമ്മതിക്കാതെയും ഗത്യന്തരമില്ല. എന്നാൽ ഇതല്ല ഇന്നത്തെ പട്ടാളത്തെക്കൊണ്ടുള്ള ഉപയോഗം എന്നതിന് ഇങ്ങനെയുള്ള വിശേഷങ്ങൾക്ക് നായർപട്ടാളം ഒന്നാം കുപ്പിണിക്കാരെ ഉപയോഗപ്പെടുത്തുന്നില്ലെന്നുള്ളത് ഒരു തെളിവാണ്. എന്നിരുന്നാലും അയിത്താചാരം നിലനിൽക്കുന്നിടത്തോളം കാലം ഏതൽസംബന്ധമായ ചടങ്ങുകൾക്കു അകമ്പടി സേവിക്കുന്നതിനു ഒരു സവർണ്ണ ഹിന്ദു സൈന്യം ആവശ്യമുള്ള പക്ഷം ഇപ്പോഴുള്ള ഏതെങ്കിലും ഒരു കുപ്പിണിയിലെ ഏതാനും പട്ടാളക്കാരെ മാത്രം മാമൂൽ അനുസരിച്ച് പ്രത്യേകം സംരക്ഷിച്ചുപോരുന്നതിന് ആർക്കും ആക്ഷേപമുണ്ടാകയില്ല. പക്ഷെ ഇതിലേയ്ക്കു വേണ്ടിവരുന്ന ചെലവുമുഴുവനും ദേവസ്വം ഫണ്ടിൽനിന്നും വഹിക്കണമെന്നേയുള്ളൂ.

കത്തോലിക്കരും മറ്റു സമുദായക്കാരും തൽസംബന്ധമായി ആവശ്യപ്പെടുന്ന കാര്യങ്ങൾ ചുരുക്കത്തിൽ ചുവടെ പറയുന്നവയാണ്:-

1. പട്ടാളവകുപ്പിൽനിന്നും അനായർ സമുദായക്കാരെ അകറ്റിനിർത്തുന്നതിന് അടിസ്ഥാനമായി അനാദികാലം മുതലേ നിലനിന്നുപോരുന്നതായി പറയപ്പെടാവുന്ന യാതൊരു കീഴ്നടപ്പും തിരുവിതാംകൂറിലെ സൈനികചരിത്രത്തിൽ ഉള്ളതായി കാണുന്നില്ല. ഈ നിരോധനം അടുത്ത കാലത്തുണ്ടായിട്ടുള്ളതാണെന്നുതന്നെയല്ല, വേലുത്തമ്പിദളവായുടെ നേതൃത്വത്തിൽ 1808-ൽ ഉണ്ടായ ലഹളയുടെ ഫലമായി ഉണ്ടായിട്ടുള്ള ഒരു യാദൃശ്ചിക സംഭവമാണ്. ഇതിനു അനായർ സമുദായക്കാർ ഒരു പ്രകാരത്തിലും ഉത്തരവാദികളല്ലതാനും.

2. പട്ടാളത്തിന്റെ ഇന്നത്തെ ഘടനാരീതി നോക്കുന്നതായാൽ അതു ശരിയായ ഒരു സൈനികസ്ഥാപനമാണെന്നു കാണാവുന്നതാണ്. കബാത്തിനും ആഡംബരാദികൾക്കുംവേണ്ടി മാത്രമുള്ളതല്ല ഇന്നത്തെ പട്ടാളം. റവന്യൂ - ദേവസ്വം വിഭജനത്തിനു ഹേതുഭൂതങ്ങളായ കാരണങ്ങൾ പട്ടാളവകുപ്പിലും പ്രായോഗികമാക്കിത്തീർക്കേണ്ടതാകുന്നു. മതസംബന്ധമായ കാര്യാദികൾക്കും ചടങ്ങുകൾക്കുമായി പട്ടാളത്തിന്റെ ഒരു ചെറിയവിഭാഗത്തെ മാമൂൽ ആചാരപ്രകാരം സംഘടിതമാക്കിയിട്ടു ഭൂരിഭാഗം സൈന്യത്തെയും വിവിധജാതിമതസ്ഥരായ ആളുകളെ ചേർത്തു കാര്യക്ഷമമാക്കണം.

3. അനായർ സമുദായങ്ങളെ മാതൃഭൂമിയിലെ സൈനികസേവനത്തിൽനിന്നും അകറ്റി നിർത്തപ്പെട്ടിരിക്കുകമൂലം അവർക്ക് മൗലികമായ ഒരു പൗരാവകാശം നിഷേധിക്കപ്പെടുകയും അവർക്ക് തങ്ങളുടെ പുരുഷത്വത്തിന്റേയും സ്വരാജ്യസ്നേഹത്തിന്റെയും പൂർണ്ണതയെ പ്രാപിക്കാനുള്ള സാഹചര്യാവസരങ്ങളെ നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിലുള്ള നിരോധനംകൊണ്ടു അനായർ സമുദായക്കാരെ കീഴടക്കപ്പെട്ട പ്രജകളുടെ നിലയിലാക്കിത്തീർക്കുകയും, അവരുടെ രാജഭക്തിയെ നിലനിറുത്തിക്കൊണ്ടുപോരുന്നതിനു ഒരു പ്രബലവർഗ്ഗത്തിന്റെ ആയുധശക്തിയെ ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു.

4. പട്ടാളം ഇന്ന് ഒരു പ്രത്യേക സമുദായത്തിന്റെ കുത്തകയായിത്തീർന്നിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തുതന്നെയായാലും വിദ്യാഭ്യാസം മൂലം ഇന്ന് ഉണ്ടായിട്ടുള്ള

www.malankaralibrary.com

പുരോഗതിയും ഒന്നിനൊന്ന് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പ്രജാധിപത്യവും ആവശ്യപ്പെടുന്നത് ജാതിമതവ്യത്യാസങ്ങളെ പരിഗണിക്കാതെ എല്ലാവർക്കും ഒന്നുപോലെയുള്ള സേവനസൗകര്യങ്ങൾ പട്ടാളം ആദിയായ പൊതുഭരണസ്ഥാപനങ്ങളിൽ ഉണ്ടായിരിക്കണമെന്നാകുന്നു.

5. മഹായുദ്ധത്തിൽ ബ്രിട്ടീഷുസാമ്രാജ്യത്തിനുവേണ്ടി തിരുവിതാംകൂറിലെ അനായർ സമുദായക്കാർ ചെയ്തുകൊടുത്തിട്ടുള്ള ഉപകാരങ്ങളുടെ ഗുണവീക്ഷണപ്രകാശത്തിനുള്ള അത്യുത്തമമാർഗ്ഗം അവരുടെ മാതൃഭൂമിയിലെ പട്ടാളവകുപ്പിൽ അവർക്കും പവേശനം നൽകുക എന്നുള്ളതായിരിക്കും.

# 5. വിദ്യാഭ്യാസപ്രവർത്തനങ്ങൾ

ഗവൺമെന്റിൽനിന്നും കീഴുദ്യോഗസ്ഥരിൽനിന്നും സംസ്ഥാനത്തിലെ കത്തോലിക്കരുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന ഭയങ്കരങ്ങളായ ഉപദ്രവങ്ങളുടെയും പ്രതിബന്ധങ്ങളുടെയും പ്രത്യേക സ്വഭാവം ഹേതുവാൽ, കത്തോലിക്കരുടെ വിദ്യാഭ്യാസപരമായുള്ള സംരംഭങ്ങളെ തകർക്കാൻ പര്യാപ്തമായ ഒരു നയമാണ് ഗവൺമെന്റു മനഃപൂർവ്വം കൈക്കൊണ്ടിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. കൃതജ്ഞതാപൂർവ്വമായ അംഗീകരണത്തിനും അനുഭാവസമന്വിതമായ വീക്ഷണത്തിനും അല്ലാതെ മറ്റു പ്രകാരത്തിലുള്ള യാതൊരുവിധ നിദർശനങ്ങൾക്കും ഇടം ഇല്ലാതിരിക്കെ, ഈ പീഡനം, പീഡിതജനങ്ങളുടെ ദുരിതരൂക്ഷതയെ എന്തെന്നില്ലാതെ വർദ്ധിപ്പിക്കുന്നു. സംസ്ഥാനത്തിലെ വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി കത്തോലിക്കാ സമുദായം ചെയ്തുകൊണ്ടിരിക്കുന്ന സഹായം തിരുവിതാംകൂറിലെ മറ്റേതൊരു സമുദായത്തിനേക്കാളും എത്രയും കൂടുതലായിരിക്കുന്നതേയുള്ളൂ. തൽസംബന്ധമായുള്ളതും അവിതർക്കിതങ്ങളും ആയ സ്ഥിതിവിവരക്കണക്കുകൾ ഈ വസ്തുതയെ തെളിയിക്കുന്നതാണ്. 1929-30-ലെ ഭരണറിപ്പോർട്ടനുസരിച്ച് സംസ്ഥാനത്തിലെ അംഗീകൃതങ്ങളായ വിദ്യാലയങ്ങളുടെ മൊത്തം എണ്ണം 3641 ആകുന്നു. ഇതിൽ. 1077 എണ്ണം സർക്കാർ സ്കൂളുകളും ബാക്കിയുള്ള 2564 എണ്ണം പ്രൈവറ്റു സ്കൂളുകളുമാകുന്നു. അംഗീകരണം സിദ്ധിച്ചിട്ടുള്ള സംസ്ഥാനത്തിലെ കത്തോലിക്കാ വിദ്യാലയങ്ങളുടെ എണ്ണം 1150 ആണ്. അതായത് ഗവൺമെന്റ് നടത്തുന്നതിന്റെ ഏകദേശം പകുതിയും വിദ്യാഭ്യാസസ്ഥാപനങ്ങൾ കത്തോലിക്കരുടെ വകയായിട്ടുള്ളതാണെന്നു അർത്ഥമാകുന്നു. രാജ്യത്തിലെ ജനസംഖ്യയുടെ ഇരുപതിൽ മൂന്നുഭാഗം കത്തോലിക്കരാകുന്നു. കത്തോലിക്കർ 384 വിദ്യാഭ്യാസസ്ഥാപനങ്ങൾ മാത്രം നടത്തുന്നതായാൽ സംസ്ഥാനത്തിലെ വിദ്യാഭ്യാസസംബന്ധമായ പ്രവർത്തനങ്ങളിൽ അവരുടെ പങ്ക് ശരിക്കു നിർവ്വഹിച്ചതായി കണക്കാക്കാവുന്നതാണ്. എന്നാൽ അവർ 1150 വിദ്യാലയങ്ങൾ നടത്തുന്നതിനാൽ അവർക്കുള്ള ഓഹരിയുടെ മൂന്നു ഇരട്ടി വിദ്യാലയങ്ങൾ

www.malankaralibrary.com

അവർ നടത്തുന്നു. ഈ കണക്കനുസരിച്ചു നോക്കുന്നതായാൽ മറ്റു സമുദായക്കാർ എല്ലാവരുംകൂടി നടത്തുന്നതിന്റെ ഏകദേശം പകുതിയും വിദ്യാഭ്യാസസ്ഥാപനങ്ങൾ കത്തോലിക്കരുടെ വകയായിട്ടുള്ളതാണെന്നു അർത്ഥമാകുന്നു. രാജ്യത്തിലെ ജനസംഖ്യയുടെ ഇരുപതിൽ മൂന്നു ഭാഗം കത്തോലിക്കരാകുന്നു. കത്തോലിക്കർ 384 വിദ്യാഭ്യാസസ്ഥാപനങ്ങൾമാത്രം നടത്തുന്നതായാൽ സംസ്ഥാനത്തെ വിദ്യാഭ്യാസസംബന്ധമായ പ്രവർത്തനങ്ങളിൽ അവരുടെ പങ്കു നിർവ്വഹിച്ചതായി കണക്കാക്കാവുന്നതാണ്. എന്നാൽ അവർ 1159 വിദ്യാലയങ്ങൾ നടത്തുന്നതിനാൽ അവർക്കുള്ള ഓഹരിയുടെ മൂന്നിരട്ടി വിദ്യാലയങ്ങൾ അവർ നടത്തുന്നു. ഈ കണക്കനുസരിച്ചു നോക്കുന്നതായാൽ മറ്റു സമുദായക്കാർ എല്ലാവരുംകൂടി അവരുടെ സംഖ്യാബലമനുസരിച്ചു നടത്തേണ്ടതായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഏകദേശം അർദ്ധപകുതി മാത്രമേ നടത്തുന്നുള്ളൂ എന്നു കാണാവുന്നതാകുന്നു.

കത്തോലിക്കരുടെ വക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗ്രേഡ് അറിയണമെന്നുണ്ടെങ്കിൽ ചുവടെ ചേർക്കുന്നതും ചങ്ങനാശ്ശേരി, കൊല്ലം എന്നീ രൂപതകളിലുള്ളതും ആയ സ്ഥാപനങ്ങളുടെ പട്ടികയിൽനിന്നും മനസ്സിലാക്കാവുന്നതാകുന്നു.:-

| വിദ്യാലയങ്ങൾ | ചങ്ങനാശ്ശേരി | കൊല്ലം |
|---|---|---|
| ഒന്നാം ഗ്രേഡ് കോളേജ് | 1 | 0 |
| ആൺകുട്ടികളുടെ ഇംഗ്ലീഷ് ഹൈസ്കൂളുകൾ | 6 | 2 |
| ടി മിഡിൽ ടി | 12 | 4 |
| പെൺകുട്ടികളുടെ ഇംഗ്ലീഷ് ഹൈസ്കൂളുകൾ | 2 | 3 |
| ടി മിഡിൽ ടി | 4 | 9 |
| ആൺകുട്ടികളുടെ വർണാകുലർ മിഡിൽസ്കൂളുകൾ | 7 | 2 |
| പെൺകുട്ടികളുടെ ടി | 13 | 7 |
| ആൺകുട്ടികളുടെ ലോവർട്രെയിനിങ്ങ്സ്കൂളുകൾ | 1 | 0 |
| പെൺകുട്ടികളുടെ ടി | 1 | 0 |
| വർണാകുലർ പ്രൈമറി സ്കൂളുകൾ | 146 | 178 |
| ആകെ | 193 | 235 |

പട്ടികയിൽ പ്രസ്താവിച്ചിട്ടുള്ള കോളേജു സംസ്ഥാനത്തുള്ള രണ്ടേരണ്ടു ഒന്നാം ഗ്രേഡ് പ്രൈവറ്റു കോളേജുകളിൽ ഒന്നാകുന്നു. ചങ്ങനാശേരിയും, കൊല്ലവും കൂടാതെ ഇപ്പോൾ വേറെ എട്ടു കത്തോലിക്കാ രൂപതകൾകൂടിയുണ്ട്. ഇവയിൽ അധികവും ചിലതിന്റെ ഭാഗങ്ങളും തിരുവിതാംകൂറിൽ തന്നെയാണ്. കോട്ടയം, കൊച്ചി, വിജയപുരം, തിരുവല്ല, കോട്ടാർ

www.malankaralibrary.com

എന്നീ രുപതകളും വരാപ്പുഴ എറണാകുളം, ബഥനി എന്നീ രുപതകളും ഇവയിൽ ഉൾപ്പെടുന്നവയാകുന്നു.

സ്ത്രീവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം കത്തോലിക്കരുടെ പ്രവർത്തനം അദ്വിതീയമാണ്. സംസ്ഥാനത്തുള്ള 15 ബാലികാ ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ 14 എണ്ണവും പ്രൈവറ്റു വിദ്യാലയങ്ങളാകുന്നു. രാജ്യത്താകമാനമുള്ള 20 ബാലികാ ഇംഗ്ലീഷ് മിഡിൽസ്കൂളുകളിൽ അഞ്ചെണ്ണം ഡിപ്പാർട്ടുമെന്റു വകയും ബാക്കിയുള്ള 15 എണ്ണം പ്രൈവറ്റു സ്കൂളുകളുമാകുന്നു. ഇതിലും അധികപങ്കു കത്തോലിക്കരുടേതാണ്. വിവിധ ഗ്രേഡുകളിലുള്ള മറ്റു ബാലികാ വിദ്യാലയങ്ങളെ സംബന്ധിച്ചും ഈ സ്ഥിതി തന്നെ. അതായത് അവയിലും കൂടുതൽ എണ്ണം കത്തോലിക്കരുടേതാണെന്നാകുന്നു പറയാനുള്ളത്. പെൺപള്ളിക്കൂടങ്ങൾ കൂടുതൽ വ്യയകരങ്ങളായ സ്ഥാപനങ്ങളാകുന്നു. എന്തെന്നാൽ പെൺകുട്ടികൾക്കു ആൺകുട്ടികൾക്കുള്ള ഫീസിൽ പകുതിയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇക്കാരണത്താലാകുന്നു പ്രൈവറ്റുപെൺപള്ളിക്കൂടങ്ങളുടെ എണ്ണം ചുരുങ്ങിയിരിക്കുന്നതും ആളുകൾ അധികമായി അവയ്ക്കുവേണ്ടി ഒരുമ്പെടാത്തതും. വിദ്യാഭ്യാസത്തിനുവേണ്ടി കത്തോലിക്കർ സഹിക്കുന്ന ത്യാഗം എത്ര കൂടുതലാണെന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ. സംസ്ഥാനത്തുള്ള 19 ബാലികാസാങ്കേതികവിദ്യാലയങ്ങളിൽ 13 എണ്ണവും കത്തോലിക്കരുടെ വകയാണ്. അതുപോലെതന്നെ രാജ്യത്ത് ആകെയുള്ള 9 അനാഥ ശിശുമന്ദിരങ്ങളിൽ ആറും കത്തോലിക്കരുടേതാകുന്നു. യഥാർത്ഥത്തിൽ വിദ്യാലയങ്ങളുടെ തരവും ഗ്രേഡും ഏതു നിലയിലുള്ളതായാലും തങ്ങളുടെ ഓഹരിയിൽ മൂന്നുമടങ്ങു കൂടുതൽ ഭാരം ആ വിഷയത്തിൽ കത്തോലിക്കർ വഹിക്കുന്നതായി കാണാൻ കഴിയും.

കത്തോലിക്കരുടെ വക എല്ലാവിധ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കുമായി എത്രമാത്രം പണം ആണ് ചെലവായിക്കൊണ്ടിരിക്കുന്നതെന്നു സൂക്ഷ്മമായി പറയുവാൻ അത്ര എളുപ്പമല്ല. എങ്കിലും സംഖ്യാതീതമായ ഈ തുകയുടെ പൊതുവെയുള്ള ഒരു സ്വരൂപജ്ഞാനം ലഭിക്കുന്നതിനായി ചില വസ്തുതകളെ പ്രസ്താവിക്കാം. ഡിപ്പാർട്ടുമെന്റു വകയായുള്ള സമസ്ത ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുംകൂടി വിദ്യാർത്ഥി ഒന്നിനു ശരാശരി വേണ്ടി വരുന്ന ചെലവ് 19.58 രൂപയാകുന്നു. രാജ്യത്തിലെ ഏറ്റവും പഴക്കമുള്ള ഒരു കത്തോലിക്കാ ഇംഗ്ലീഷു സ്കൂളിൽ 1105-ൽ 800 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. ഡിപ്പാർട്ടുമെന്റു സ്കൂളുകളെ അപേക്ഷിച്ച് ലാഭകരമായ രീതിയിൽ പ്രൈവറ്റു വിദ്യാലയങ്ങൾ നടത്തിപ്പോരുന്നതിനാൽ ഒരു പ്രൈവററു വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിക്കുവേണ്ടിയുള്ള ചെലവ് നിശ്ചയമായും കുറഞ്ഞാണിരിക്കുന്നത്. ഡിപ്പാർട്ടുമെന്റ് സ്കൂളുകളിലെ 19.58 രൂപാ നിരക്കിനെ അപേക്ഷിച്ച് വിദ്യാർത്ഥി ഒന്നിന് 10 രൂപാ ക്രമമനുസരിച്ച് നോക്കു

www.malankaralibrary.com

ന്നതായാൽതന്നെയും പ്രസ്തുത കത്തോലിക്കാ ഇംഗ്ലീഷ്സ്കൂളിലെ പ്രതിവർഷച്ചെലവ് 8000 രൂപാ വരുന്നു. 1105-ൽ ഈ വിദ്യാലയത്തിനു ഗവൺമെന്റിൽനിന്നും ലഭിച്ച സഹായധനം 3000 രൂപാ ആയിരുന്നു. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനായി പ്രതിവർഷം 5000 രൂപാ കത്തോലിക്കരിൽനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു എന്നുഇതുകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലോ. ഈ ഉദാഹരണംകൊണ്ട് 24 ഇംഗ്ലീഷ്സ്കൂളുകൾ നടത്തിപ്പോരുന്ന ചങ്ങനാശ്ശേരി രൂപതയ്ക്കുമാത്രം പ്രതിവർഷം എത്രമാത്രം പണം ചെലവായിക്കൊണ്ടാണിരിക്കുന്നതെന്നു കണക്കാക്കാൻ കഴിയുന്നതാണ്. ഇവയ്ക്കും പുറമെ പകുതി ഫീസ് മാത്രമുള്ള പെൺപള്ളിക്കൂടങ്ങളും ഒട്ടുംതന്നെ ഫീസ് ഇല്ലാത്ത പ്രൈമറി വിദ്യാലയങ്ങളും ഉള്ള കാര്യവും വിസ്മരിച്ചുകൂടാത്തതാകുന്നു. 1105-ലെ ഭരണറിപ്പോർട്ടിൻപ്രകാരം 6 കത്തോലിക്കാ അനാഥശിശുമന്ദിരങ്ങൾക്കുംകൂടി പ്രതിവർഷം 47220 രൂപാ ചെലവായിക്കൊണ്ടിരിക്കുന്നു. ഇവയ്ക്കെല്ലാറ്റിനുംകൂടി പ്രതിവർഷം ഗവൺമെന്റിൽനിന്നും നൽകിവരുന്ന സഹായധനം 2001 രൂപായാണ്. എല്ലാ കാര്യങ്ങളും കൂടി പര്യാലോചിച്ചു നോക്കുമ്പോൾ സംസ്ഥാനത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി കത്തോലിക്കരിൽനിന്നും ഗവൺമെന്റിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന സഹായം ലക്ഷോപലക്ഷം രൂപയാകുന്നു.

വിദ്യാഭ്യാസപരമായി കത്തോലിക്കർ ഇത്ര അസാധാരാണനിലയിൽ ശ്രദ്ധപതിക്കാനുള്ള കാരണത്തെക്കുറിച്ച് വിവരിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ഇതേക്കുറിച്ച് അകത്തോലിക്കരുടെ ഇടയിൽ തെറ്റിദ്ധാരണകൾ ഉണ്ടായേക്കാൻ ഇടയുണ്ട്. കത്തോലിക്കർ ദേവലയങ്ങൾ പണികഴിപ്പിക്കാതെ മറ്റു ക്രൈസ്തവദേവാലയങ്ങളിലും, അല്ലാത്തപക്ഷം അടുത്തുള്ള ക്ഷേത്രങ്ങളിലും മുസ്ലീംപള്ളികളിലും പോയി ആരാധന നടത്തിക്കൊള്ളണമെന്നു പറയുന്നതിനു തുല്യമാകുന്നു അവർ വിദ്യാലയങ്ങൾ സ്ഥാപിച്ചുകൂടാ എന്നു നിയന്ത്രിക്കുന്നത്. എല്ലാ കത്തോലിക്കാ ബാലികാബാലന്മാരും അവരുടെ വിദ്യാഭ്യാസം കത്തോലിക്കാ വിദ്യാലയങ്ങളിൽതന്നെ നടത്തണമെന്നാണ് കത്തോലിക്കാസഭ ശാസിക്കുന്നത്. ഇതിനു വ്യത്യസ്തമായി പെരുമാറാൻ അപൂർവ്വമായേ അനുവദിക്കുന്നുള്ളൂ. തൽഫലമായി തങ്ങളുടെ കീഴിലുള്ളവരുടെ വിദ്യാഭ്യാസത്തിനായി തങ്ങളാൽ കഴിയുന്നത്ര ചെയ്യുന്നതിനു കത്തോലിക്കാ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ട കടമ ഓരോ രൂപതകളും നിർവ്വഹിച്ചേ മതിയാകൂ. രാജ്യത്താകമാനമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൂന്നിൽ ഒരു ഭാഗം കത്തോലിക്കരുടെ വകയാണെങ്കിലും ആകെയുള്ള വിദ്യാർത്ഥികളിൽ കത്തോലിക്കരുടെ സംഖ്യ ആറിലൊന്നേയുള്ളു എന്ന വസ്തുതയിൽനിന്നും വിദ്യാഭ്യാസവിഷയത്തിൽ കത്തോലിക്കരുടെ നില എന്തെന്നുള്ളതിനെ സ്പഷ്ടമാക്കുന്നുണ്ട്. സഭയുടെ നിർബന്ധപൂർവ്വമായ കല്പനകൾക്കു വിപരീതമായി പ്രവർത്തിക്കുന്നതിലും ഭേദം

www.malankaralibrary.com

തങ്ങളുടെ കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം കൊണ്ട് ഉണ്ടാകാവുന്ന ഗുണഗണങ്ങളെ വേണ്ടെന്നുവയ്ക്കുകയാണ് ഉത്തമമെന്ന് കത്തോലിക്കർ തീരുമാനിക്കുന്നു. ഇതാണ് മേൽപ്പറഞ്ഞ വ്യത്യസ്തത്തിന് കാരണം. കത്തോലിക്കരുടെ വിദ്യാഭ്യാസപരമായ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും ഗവൺമെന്റിൽനിന്നും ഉണ്ടാകുന്ന പ്രതിബന്ധങ്ങൾ കത്തോലിക്കാ പ്രജകളുടെ വിദ്യാഭ്യാസത്തെ യഥാർത്ഥത്തിൽ നിയന്ത്രിക്കുന്നതിനു സമവും, അവരുടെ മതവിശ്വാസത്തെ പരോക്ഷമായി കുറ്റകരമാക്കുന്നതിനു തുല്യവും ആണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടയാവശ്യമില്ലല്ലോ.

തിരുവിതാംകൂർ വിദ്യാഭ്യാസകോഡനുസരിച്ച് ജാതിമതഭേദമെന്യേ എല്ലാവർക്കും കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം നൽകിയിരിക്കുന്നു. മുൻപ് പ്രസ്താവിച്ചിട്ടുള്ള ഇംഗ്ലീഷു ഹൈസ്കൂളിലെ 800 വിദ്യാർത്ഥികളിൽ 400 പേരും അകത്തോലിക്കാ വിദ്യാർത്ഥികളാകുന്നു. ഗ്രാമീണപ്രൈമറിവിദ്യാലയങ്ങളെ ഒഴിച്ച് കത്തോലിക്കരുടെ വക വിദ്യാലയങ്ങളിലെയെല്ലാം വിദ്യാർത്ഥികളിൽ നല്ല ഒരംശം അകത്തോലിക്കരാകുന്നു. സംസ്ഥാനത്തിലെ വിദ്യാഭ്യാസ നിർവ്വഹണത്തിൽ, മുകളിൽ പ്രസ്താവിച്ച വിദ്യാഭ്യാസകോഡിലെ വ്യവസ്ഥ കത്തോലിക്കരുടെ തദ്വിഷയമായ സഹായത്തെ ഫലത്തിൽ ഏറക്കുറെ നിർബന്ധിതമാക്കിത്തീർത്തിരിക്കുന്നു. ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരിൽ നാലിൽ ഒരു ഭാഗവും അവരുടെ വിദ്യാഭ്യാസത്തിൽ മുഴുവനുമോ ഒരംശം എങ്കിലുമോ ഏതെങ്കിലും കത്തോലിക്കാവിദ്യാലയങ്ങളിലാണ് നടത്തീട്ടുള്ളതെന്നു നിസ്സംശയം പ്രസ്താവിക്കുന്നതാണ്. അതുകൊണ്ട് കത്തോലിക്കർ അവരുടെ ത്യാഗകർമ്മങ്ങൾക്കു പകരമായി ആവശ്യപ്പെടുന്നത്, അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വൈപുല്യത്തിനും ശരിയായ നടത്തിപ്പിനും കൂടുതലില്ലെങ്കിലും തുല്യനിലയിലുള്ള സൗകര്യങ്ങൾ നൽകണമെന്നുള്ള മിതവും ന്യായവുമായ അവകാശം മാത്രമാകുന്നു.

അപ്രകാരത്തിലുള്ള നീതിപരമായ സമത്വസാവകാശങ്ങൾ തിരുവിതാംകൂറിലെ കത്തോലിക്കർക്കു യഥാർത്ഥത്തിൽ നിഷേധിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസകോഡിലെ വ്യവസ്ഥകൾക്കു നേരെ വിപരീതമായി പ്രവർത്തിച്ചാൽപോലും അകത്തോലിക്കാസ്ഥാപനങ്ങൾക്കു അംഗീകരണം നൽകവെ, കോഡിലെ വ്യവസ്ഥകളിലും ഭേദമായ നിലയിൽ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊണ്ട് കത്തോലിക്കർ അംഗീകരണത്തിനു അപേക്ഷിക്കുമ്പോൾ, ആ കത്തോലിക്കാസ്ഥാപനങ്ങളോടു പ്രത്യേകനിലയിലുള്ള ഒരതൃപ്തിയോടുകൂടിയാണ് പെരുമാറി വരുന്നത്. അധികാരത്തിലിരിക്കുന്ന ഇൻസ്പെക്ടരുടെ സ്വവർഗ്ഗീയനായ ഒരദ്ധ്യാപകനെ ഒരു കത്തോലിക്കാവിദ്യാലയത്തിൽനിന്നും പിരിച്ചുവിടുക മുതലായ തുലോം നിസ്സാരങ്ങളായ കാര്യങ്ങളെ അടിസ്ഥാനമാക്കിപ്പോലും കത്തോലിക്കാ സ്ഥാപനങ്ങൾക്കുള്ള സഹായധനത്തെ നിറു

www.malankaralibrary.com

ത്തൽ ചെയ്യുന്നു. കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു ദൂഷ്യകരമായ നിലയിൽ അവയ്ക്കും അകത്തോലിക്കാസ്ഥാപനങ്ങൾക്കും സഹായധനം നൽകുന്നതിലും വ്യത്യാസം കാണുന്നു. അതായതു കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു മറ്റവയെ അപേക്ഷിച്ചു കുറഞ്ഞ ഗ്രാന്റാണ് കിട്ടിവരുന്നത്. പരീക്ഷാഫലങ്ങൾകൊണ്ട് വ്യക്തമാകുന്നതനുസരിച്ച് ഡിപ്പാർട്ടുമെന്റ് സ്കൂളുകളേക്കാൾകൂടുതൽ സാധനസാമഗ്രികളോടും കാര്യക്ഷമതയോടും കൂടിയാണ് കത്തോലിക്കാവിദ്യാലയങ്ങൾ നടത്തിപ്പോരുന്നതെങ്കിലും കത്തോലിക്കാ സ്ഥാപനങ്ങളെ ഭയപ്പെടുത്തുന്നതിനും ഉപദ്രവിക്കുന്നതിനും ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും ഒരു കാരണം കണ്ടുപിടിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാരുടെ ഉപദ്രവം സഹിക്കാൻ പാടില്ലാത്തവിധം അത്രയ്ക്കു വർദ്ധിക്കുകകാരണം തങ്ങളുടെ കീഴിലുള്ള സകല വിദ്യാലയങ്ങളേയും നിറുത്തൽ ചെയ്യുന്നതിനുപോലും യഥാർത്ഥത്തിൽ ചില കത്തോലിക്കാധികാരികൾക്കു തോന്നാതിരുന്നിട്ടില്ല. 1105-ലെ ഭരണറിപ്പോർട്ടിൽ ചുവടെ ചേർക്കുന്നപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:-"വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രൈവറ്റു ഏജൻസികൾ മുഖാന്തിരം ഏർപ്പെടുത്തുന്ന വിഷയത്തിൽ പൊതുജനങ്ങൾ പ്രദർശിപ്പിച്ച വൈമുഖ്യം ഹേതുവാൽ, ബ്രിട്ടീഷു ഇൻഡ്യയെ അപേക്ഷിച്ച് കൂടിയതോതിൽ തിരുവിതാംകൂറിൽ ഗവൺമെന്റ് നേരിട്ടു വിദ്യാലയങ്ങൾ ആരംഭിക്കേണ്ട ചുമതല വഹിക്കുന്നതിനു ഗവൺമെന്റ് നിർബന്ധിതരായിത്തീർന്നു." കത്തോലിക്കാസ്ഥാപനങ്ങളുടെ നേരെ അനുവർത്തിച്ചുവരുന്ന പ്രതിബന്ധനയത്തെപ്പറ്റി ഓർത്തുനോക്കുമ്പോൾ മുകളിൽ കാണിച്ചിട്ടുള്ള പ്രസ്താവനയുടെ അയഥാർത്ഥതയേയും കഴമ്പില്ലായ്മയേയും കുറിച്ച് കത്തോലിക്കർക്കു നിരീക്ഷിക്കാതിരിക്കാൻ നിർവ്വാഹമില്ല.

വിദ്യാഭ്യാസവിഷയത്തിൽ കത്തോലിക്കർക്കു പ്രതിബന്ധങ്ങളേയും സങ്കടങ്ങളേയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് ആരെല്ലാമാണെന്നും ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിനേയും അവരുടെ കീഴുദ്യോഗസ്ഥന്മാരേയുമാണ് കത്തോലിക്കർ കുറ്റപ്പെടുത്തുന്നത്. വൈപുല്യതയിൽ മികച്ചു നിൽക്കുന്ന ഈ പീഡനത്തെ സുഗമവും സുകരവും ആക്കിത്തീർത്തുകൊണ്ടിരിക്കുന്നതിൽ കീഴുദ്യോഗസ്ഥന്മാരും കുറ്റക്കാരാകുന്നു. വിദ്യാഭ്യാസവകുപ്പിന്റെ ഭരണകർത്താക്കളായ ഉദ്യോഗസ്ഥന്മാർ എല്ലാവരും തന്നെ അകത്തോലിക്കാരാകുന്നു. ഇംഗ്ലീഷുസ്കൂൾ ഇൻസ്പെക്ടരും അദ്ദേഹത്തിന്റെ പേഴ്സനൽ അസിസ്റ്റന്റും ഇംഗ്ലീഷുപള്ളിക്കൂടങ്ങളുടെ അസിസ്റ്റന്റു ഇൻസ്പെക്ടരന്മാരായുള്ള രണ്ടുപേരും അകത്തോലിക്കരാകുന്നു. വർണാകുലർസ്കൂൾ ഇൻസ്പെക്ടരും അദ്ദേഹത്തിന്റെ അസിസ്റ്റന്റന്മാരായുള്ള .. ഇൻസ്പെക്ടരന്മാരും അകത്തോലിക്കരാകുന്നു. ഈ എല്ലാ ഇൻസ്പെക്ടര

www.malankaralibrary.com

ന്മാരുടേയും, വിദ്യാഭ്യാസഡയറക്ടരുടേയും ആഫീസുകളിലെ ജീവനക്കാരിൽ ഒന്നോ രണ്ടോ പേർ ഒഴികെ ബാക്കിയുള്ളവരെല്ലാം അകത്തോലിക്കരാകുന്നു. അവർ എന്താണു ചെയ്യുന്നതെന്നു ഗവൺമെന്റ് അറിയുകയോ അല്ലാത്തപക്ഷം നീതിക്കും നിഷ്പക്ഷമായ പെരുമാറ്റത്തിനും ഗവൺമെന്റ് ആഗ്രഹിക്കുകയോ ചെയ്തിരുന്നുവെങ്കിൽ വിദ്യാഭ്യാസവകുപ്പിലെ ഭരണകർത്താക്കൾ എല്ലാവരുംതന്നെ മിക്കവാറും അകത്തോലിക്കരായിരിക്കുന്നതിൽനിന്നും അവർ കത്തോലിക്കരോടു ഏതുവിധം വർത്തിക്കുമെന്ന് ഗവൺമെന്റിന് മുൻകൂട്ടി തീരുമാനിക്കാൻ കഴിയുമായിരുന്നു. ഒന്നുകിൽ അറിയാതെയോ അല്ലാത്തപക്ഷം തങ്ങളുടെയും ചായ്വ് ആവഴിക്ക് ആകയാലോ എന്തോ, ഈ കീഴുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകളെ ആസ്പദമാക്കിക്കൊണ്ട് കത്തോലിക്കർക്ക് പ്രതികൂലമായ ഉത്തരവുകൾ ഗവൺമെന്റ് പാസ്സാക്കിക്കൊണ്ടിരുന്നു. ഈ സ്ഥിതിഗതികൾക്കു ഒരറുതി വരണം; അല്ലാത്തപക്ഷം അത് താമസംവിനാ കത്തോലിക്കർക്ക് അസഹനീയമായത്തീരും. ഇതിനുള്ള ഏക പരിഹാരമാർഗ്ഗം കത്തോലിക്കർക്കും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ശരിയായ പ്രാതിനിധ്യം നൽകുക ആകുന്നു. ജനങ്ങളുടെ വിദ്യാഭ്യാസാഭിവൃദ്ധിക്കുവേണ്ടി കത്തോലിക്കർ ചെയ്തുപോരുന്ന അതുല്യമായ പരിശ്രമങ്ങളും അവർക്ക് തദ്വിഷയത്തിൽ നിർവഹിക്കേണ്ടതായ പല കടമകളുംകൊണ്ട് അവരുടെ സംഖ്യാബലം അവകാശപ്പെടുന്നതിലും കൂടുതലായ തോതിൽത്തന്നെ ഡിപ്പാർട്ടുമെന്റിലെ നിയന്ത്രണസ്ഥാപനങ്ങളിൽ അവർക്കു പ്രാതിനിധ്യം ലഭിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയിരിക്കെ, തീരെ അവഗണിച്ചു അവരെ തള്ളിയിരിക്കുന്നതിൽനിന്നും കാര്യങ്ങളുടെ പോക്ക് ഏതുവഴിക്കാണെന്ന് സുഗ്രാഹ്യമാണല്ലോ. കത്തോലിക്കരുടെ ഈവക സങ്കടങ്ങൾക്കു പരിഹാരമായി ഏതാനും കത്തോലിക്കരെ ഇൻസ്പെക്ടരന്മാരായി നിയമിക്കുക എന്നുള്ളതാണ് ഉടനടി ചെയ്യാനുള്ളത്. എന്നാൽ, ഡിപ്പാർട്ടുമെന്റ് ഒട്ടാകെ നോക്കുന്നതായാൽപോലും വളരെ അപൂർവ്വം കത്തോലിക്കരേ അതിൽ ഉള്ളൂവെന്നു കാണാവുന്നതിനാൽ കത്തോലിക്കരെ വെളിയിൽനിന്നും നേരിട്ടു നിയമിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തിലെ വിവിധ കത്തോലിക്കാ വിദ്യാലയങ്ങളെക്കുറിച്ചു കീഴുദ്യോഗസ്ഥന്മാർ അയയ്ക്കുന്ന റിപ്പോർട്ടുകളെ നല്ലപോലെ നിരീക്ഷണം ചെയ്തു അവയിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളുടെ വാസ്തവാവാസ്തവങ്ങളെ സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞതിനുശേഷം മാത്രമേ ഗവൺമെന്റു ഉത്തരവുകൾ പാസ്സാക്കുകയുള്ളു എന്നു നിശ്ചയിക്കുന്നതും വിഹിതമായിരിക്കും.

www.malankaralibrary.com

# 6. അനുബന്ധം എ.

## അഖിലകേരള കത്തോലിക്കാ കോൺഗ്രസ്

അഖിലകേരള കത്തോലിക്കാ കോൺഗ്രസിനെക്കുറിച്ച് അല്പം ചിലതു ഇവിടെ പ്രസ്താവിക്കുന്നത് അവസരോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. കേരളത്തിലുള്ള തിരുവിതാകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നീ രാജ്യങ്ങളിലെ കത്തോലിക്കരുടെ പൊതുനന്മയെ അഭിവൃദ്ധമാക്കണമെന്നുള്ള ഉദ്ദേശത്തെ ലാക്കാക്കി മതാദ്ധ്യക്ഷന്മാരുടെ രക്ഷാധികാരത്തിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി വേണ്ടതു പ്രവർത്തിക്കുന്നതിന് 1907ൽ ആരംഭിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണ് ഈ കാൺഗ്രസ്. ചെറുതായ തോതിൽ ആരംഭിക്കപ്പെട്ട ഈ കാൺഗ്രസ് അതിന്റെ വിവിധങ്ങളായ ഉദ്ദേശങ്ങളെ നിറവേറ്റുന്നതിന് ഊർജ്ജിതമായി പ്രവർത്തിക്കുന്ന ഒരു മഹാസ്ഥാപനമായി ഇന്നു തീർന്നിരിക്കുന്നു. 1918ലും വീണ്ടും 1930ലും ഈ കാൺഗ്രസിനെ കാലാനുസരണം പരിഷ്കരിച്ച് രൂപവൽക്കരിക്കുകയുണ്ടായിട്ടുണ്ട്. വിവിധ കത്തോലിക്കാ കേന്ദ്രങ്ങളിൽ വച്ചു വമ്പിച്ച തോതിൽ ഇതിന്റെ വാർഷികസമ്മേളനങ്ങളും നടത്തിവരുന്നു. പ്രസിദ്ധന്മാരായ കത്തോലിക്കാ മഹാന്മാരാണ് ഈ സമ്മേളനങ്ങളുടെ ആദ്ധ്യക്ഷന്മാരായി തിരഞ്ഞെടുക്കപ്പെടാറുള്ളത്. കഴിഞ്ഞ 24 കൊല്ലങ്ങൾക്കിടയിൽ അദ്ധ്യക്ഷന്മാരായിരുന്നിട്ടുള്ളവരിൽ ചിലർ താഴെപ്പറയുന്നവരാണ്:-

1. മിസ്റ്റർ ഐ.സി. ചാക്കൊ, ബി.എ., ബി.എസ്‌സി., എ.ആർ.എസ്.എം., എ. എഫ്.ആർ.സി.എസ്. (ലണ്ടൻ). ഇപ്പോൾ വ്യവസായഡയറക്ടർ, തിരുവനന്തപുരം, തിരുവിതാംകൂർ സംസ്ഥാനം.
2. മിസ്റ്റർ സി. അന്തപ്പായി, ബി.എ., റിട്ടയർഡ് രജിസ്ട്രേഷൻ സൂപ്രണ്ട്, തൃശിവപേരൂർ, കൊച്ചി സംസ്ഥാനം.
3. മിസ്റ്റർ വി.ഡി.ഔസേപ്പ്, ബി.എ., ബി.എൽ., ഇപ്പോൾ ചീഫ്ക്കോർട്ടു ചീഫ് ജഡ്ജി, എറണാകുളം, കൊച്ചീ സംസ്ഥാനം.
4. മിസ്റ്റർ ജോസഫ് തളിയത്ത് എം.എ., ബാർ-അറ്റ്-ലാ., ഇപ്പോൾ ഹൈക്കോർട്ടു ജഡ്ജി, തിരുവനന്തപുരം, തിരുവിതാംകൂർ സംസ്ഥാനം.
5. റവ. ഫാദർ ജോൺ പാലോക്കാരൻ, എം.എ. (കൻറാബ്)., പ്രിൻസിപ്പാൾ, സെന്റ് തോമസ് ഒന്നാം ഗ്രേഡ് കോളേജ്, തൃശിവപേരൂർ, കൊച്ചീസംസ്ഥാനം.
6. വെരി. റവ. ഫാദർ ക്രൂസ്, വരാപ്പുഴ അതിരൂപത വികാരി ജനറാൾ, എറണാകുളം, കൊച്ചീ സംസ്ഥാനം.
7. റൈറ്റ്. റവ. മോൺ. ആന്റണി പുതുശ്ശേരി, തൃശിവപേരൂർ, കൊച്ചീസംസ്ഥാനം.
8. മിസ്റ്റർ എം. രത്നസ്വാമി, എം.എ., ബാർ-അറ്റ്-ലാ. ഇപ്പോൾ പബ്ലിക് സർവീസ് കമ്മീഷൻ മെമ്പർ, മദ്രാസ്.
9. ദിവാൻ ബഹദൂർ ആർ.എൻ. ആരോഗ്യസ്വാമി മുതലിയാർ, ബി.എ., ബി.സി.ഇ., എം.എൽ.സി., മുൻപ് മദ്രാസ് ഗവൺമെന്റിന്റെ മന്ത്രി, മദ്രാസ്.

www.malankaralibrary.com

10. റൈറ്റ് റവ. അലക്സാണ്ടർ ചൂളപ്പറമ്പിൽ, ഡി.ഡി കോട്ടയം ബിഷോപ്പ്, കോട്ടയം, തിരുവിതാംകൂർ സംസ്ഥാനം.
11. റൈറ്റ് റവ. ഫ്റാൻസിസ് വാഴപ്പള്ളി, ഡി.ഡി. തൃശിവപേരൂർ ബിഷോപ്പ്, തൃശിവപേരൂർ, കൊച്ചീസംസ്ഥാനം.
12. റൈറ്റ് റവ. ജെയിംസ് കാളാച്ചേരി, ഡി.ഡി. ചങ്ങനാശ്ശേരി ബിഷോപ്പ്, ചങ്ങനാശ്ശേരി, തിരുവിതാംകൂർ സംസ്ഥാനം.
13. മോസ്റ്റ് റവ. മാർ ഈവാനിയോസ്, ഡി.ഡി, എം.എ., ബഥനി ആർച്ച് ബിഷോപ്പ് തിരുവനന്തപുരം, തിരുവിതാംകൂർ സംസ്ഥാനം.

കേരളത്തിൽ വരാപ്പുഴ, ബഥനി എന്നീ അതിരൂപതകളും കോഴിക്കോട്, തൃശിവപേരൂർ, കൊച്ചി, വിജയപുരം, കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല, കൊല്ലം, കോട്ടാർ എന്നീ രൂപതകളും അടങ്ങിയിരിക്കുന്നു. കേരളത്തിൽ കത്തോലിക്കരുടെ ജനസംഖ്യ 12 ലക്ഷമാണ്. ഇത് ഇന്ത്യാസാമ്രാജ്യത്ത് ആകെയുള്ള ക്രിസ്ത്യാനികളുടെ അഞ്ചിൽ ഒന്നും ഇന്ത്യാസാമ്രാജ്യത്ത് ആകെയുള്ള കത്തോലിക്കരുടെ മൂന്നിൽ ഒന്നും ഇന്ത്യൻ നാട്ടുരാജ്യങ്ങളിലെല്ലാംകൂടിയുള്ള ക്രിസ്ത്യാനികളുടെ നേർപകുതിയും ആകുന്നു. കേരളത്തിലെ കത്തോലിക്കാ ജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗവും തിരുവിതാംകൂറിലാകുന്നു.

അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ ഇപ്പോഴത്തെ പ്രവർത്തകസമിതിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്:-

1. അദ്ധ്യക്ഷൻ: ജെ. ജോൺ നിധീരി ബി.എ., ബി.എൽ., കോട്ടയം.
2. ഉപാദ്ധ്യക്ഷൻ: സി.എ. ഔസേപ്പ്, ബി.എ., ബി.എൽ., എം.എൽ.സി., തൃശിവപേരൂർ.
3. ഖജാൻജി: തോമസ് മാതേക്കൽ, ബി.എ., ബി.എൽ., തിരുവനന്തപുരം.
4. സെക്രട്ടറി: മാത്യു മുരിക്കൻ, ബി.എ., ബി.എൽ., വൈയ്ക്കം.
5. ജോസഫ് പെട്ട എം.എ., എം.എൽ.സി., തൃശിവപേരൂർ
6. പൂണോളി ഇട്ടൂപ്പു ഇട്ടിയച്ചൻ, കാലടി.
7. പി.എക്സ്, സെബാസ്റ്റ്യൻ, ബി.എ., ബി.എൽ., ആലപ്പുഴ.
8. കളപ്പുരയ്ക്കൽ ജോസഫ് അന്ത, കൊച്ചി.
9. തര്യത് കുഞ്ഞിത്തൊമ്മൻ, എം.എൽ.സി., കോതമംഗലം.
10. പി.ജെ. കുര്യൻ, ചങ്ങനാശ്ശേരി.
11. ടി.ജെ. മാത്യു ബി.എ., ബി.എൽ., കോട്ടയം.
12. വർഗീസ് ചെറിയാൻകുഞ്ഞ്, ആലപ്പുഴ.
13. ജെയിംസ് കണ്ടത്തിൽ, പ്രവിത്താനം.
14. സി.ജെ. വർഗീസ്, ബി.എ.,ബി.എൽ., ആലപ്പുഴ.
15. തെങ്ങുംമൂട്ടിൽ വർഗ്ഗീസ് മാപ്പിള, മാന്നാനം.
16. കെ.ജെ. തോമസ് ചങ്ങനാശ്ശേരി.
17. വി.സി. ജോർജ്ജ്, ബി.എ., എൽ.റ്റി., കുറവിലങ്ങാട്.
18. മലയിൽ ഔസേപ്പ് മത്തായി, ആലപ്പുഴ
19. കെ.സി. എബ്രാഹം, മുണ്ടക്കയം.
20. സി.ആർ. ഇയ്യുണ്ണി എം.എ., ബി.എൽ. തൃശിവപേരൂർ.
21. ജോൺ സി. നിരയത്ത്, ആലപ്പുഴ.
22. പോൾ ജെ. മഠത്തിൽ, മുട്ടുചിറ.
23. ജോർജ്ജ് ചാക്യാമുറി, കൊച്ചി.
24. തോമസ് മാക്കീൽ, ബി.എ., ബി.എൽ., കോട്ടയം.
25. കെ.സി. മാത്യു, പാലാ.

www.malankaralibrary.com

26. കെ.ഈ. ജോബ്., എം.എ., എൽ.റ്റി., ചങ്ങനാശ്ശേരി.
27. മാത്യു പഞ്ഞിക്കാരൻ, ചേർത്തല.
28. പി.ജെ. സെബാസ്റ്റ്യൻ, ബി.എ., ബി.എൽ., ചങ്ങനാശ്ശേരി
29. പി.സി. വർക്കി, എറണാകുളം.
30. കെ.പി. തോമസ്, ബി.എ., ബി.എൽ., കിടങ്ങൂർ
31. എം.എം. വർക്കി, തിരുവനന്തപുരം.

# അനുബന്ധം ബി.

## പട്ടിക 1.

തിരുവിതാംകൂർ പബ്ലിക് സർവീസിലുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള വിവരണിക.

| ഡിപ്പാർട്ടുമെന്റുകൾ | ആകെ ഉദ്യോഗസ്ഥന്മാർ | ബ്രാഹ്മണർ 45868 | നായന്മാർ 690495 | കത്തോലിക്കർ 611312 | മറ്റുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| ഹജൂർ | 27 | 11 | 6 | 1 | 4 |
| അക്കൗണ്ടാഫീസ് | 25 | 11 | 5 | 2 | 5 |
| റവന്യൂ | 58 | 24 | 24 | 1 | 5 |
| എക്സൈസ് | 72 | 14 | 35 | 6 | 6 |
| ഫോറസ്ററ് | 37 | 9 | 14 | 3 | 6 |
| രജിസ്ട്രേഷൻ | 94 | 15 | 29 | 4 | 29 |
| ജുഡീഷ്യൽ | 115 | 28 | 40 | 6 | 23 |
| പോലീസ് | 92 | 21 | 33 | 6 | 13 |
| വിദ്യാഭ്യാസം | 503 | 218 | 77 | 25 | 135 |
| കൃഷി | 40 | 7 | 19 | 1 | 6 |
| വ്യവസായം | 15 | 3 | 5 | 1 | 6 |
| മെഡിക്കൽ | 157 | 16 | 43 | 9 | 64 |
| ഹെൽത്ത് | 26 | 5 | 6 | ഇല്ല | 12 |
| പലവക | 24 | 8 | 9 | ഇല്ല | 4 |
| കോപ്പറേററീവ് | 29 | 3 | 12 | 2 | 5 |
| പബ്ലിക് വർക്ക്സ് | 119 | 43 | 34 | 4 | 26 |
| അഞ്ചൽ | 10 | 7 | 1 | ഇല്ല | 2 |
| ആകെ | 1443 | 443 | 392 | 71 | 350 |
| ഇവരിൽ 150-ം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റിവരുന്നവർ | 515 | 165 | 155 | 25 | 116 |

www.malankaralibrary.com

### പട്ടിക 2.

തിരുവിതാംകൂർ പബ്ലിക് സർവീസിൽ ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള വിവരണിക.

| ഗ്രേയിഡുകൾ | ആകെ ഉദ്യോഗസ്ഥന്മാർ | ബ്രാഹ്മണർ 45868 | നായന്മാർ 690495 | കത്തോലിക്കർ 611312 | മററുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| ഹൈക്കോടതി ജഡ്ജിമാർ | 6 | 1 | 2 | 1 | 2 |
| ഡിസ്ട്രിക്റ്റ് ജഡ്ജിമാർ | 15 | 3 | 4 | 1 | 4 |
| ഡിസ്ട്രിക്റ്റ് മുൻസിഫുമാർ | 40 | 12 | 15 | ഇല്ല | 8 |
| സർക്കാർ വക്കീലന്മാർ | 15 | 3 | 4 | 1 | 2 |
| 1-ാംക്ലാസ് മജിസ്ട്രേട്ടന്മാർ | 27 | 10 | 6 | 3 | 3 |
| 2-ാംക്ലാസ് മജിസ്ട്രേട്ടന്മാർ | 14 | 9 | 5 | ഇല്ല | ഇല്ല |
| ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടന്മാർ | 5 | 3 | 1 | ഇല്ല | 1 |
| ലാക്കോളേജ് ഉദ്യോഗസ്ഥന്മാർ | 8 | 1 | 4 | ഇല്ല | 2 |
| പലവക | 15 | 4 | 8 | ഇല്ല | 2 |
| ആകെ | 145 | 46 | 49 | 6 | 24 |

### പട്ടിക 3.

തിരുവിതാംകൂർ പബ്ലിക് സർവ്വീസിലെ ചില ഡിപ്പാർട്ടുമെന്റുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| ആഫീസർമാർ | ആകെ ഉദ്യോഗസ്ഥന്മാർ | ബ്രാഹ്മണർ 45868 | നായന്മാർ 690495 | കത്തോലിക്കർ 611312 | മററുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| മെഡിക്കൽ വകുപ്പിൽ 25-ം കൂടുതലും രൂപാ ശമ്പളം പറ്റുന്നവർ | 344 | 40 | 85 | 42 | 124 |
| കൃഷിവകുപ്പിൽ 20-ം കൂടുതലും രൂപാ ശമ്പളം പറ്റുന്നവർ | 107 | 18 | 51 | 2 | 16 |
| കോ-ഓപ്പറേററീവുവകുപ്പിൽ 20-ം കൂടുതലും രൂ. ശമ്പളം പറ്റുന്നവർ | 39 | 8 | 13 | 1 | 6 |
| ഇംഗ്ലീഷുഹൈസ്കൂളുകളിലേയും മിഡിൽസ്കൂളുകളിലേയും അദ്ധ്യാപകർ | 716 | 336 | 115 | 25 | 157 |
| ആർട്സ് കോളേജിലെ ഉദ്യോഗസ്ഥന്മാർ | 57 | 14 | 23 | 2 | 3 |
| സയൻസ് കോളേജിലെ ഉദ്യോഗസ്ഥന്മാർ | 47 | 24 | 7 | 3 | 7 |

www.malankaralibrary.com

## പട്ടിക 4.

തിരുവിതാംകൂർ പബ്ലിക് സർവ്വീസിലെ ചില ഡിപ്പാർട്ടുമെന്റുകളിൽ ഗവൺമെന്റും ചില ഡിപ്പാർട്ടുമെണ്ടു അദ്ധ്യക്ഷന്മാരും നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള വിവരണിക.

| നിയമനങ്ങൾ ആരാൽ നടത്തപ്പെട്ടു. | ആകെ ചെയ്ത നിയമനങ്ങൾ | ബ്രാഹ്മണർ 45868 | നായന്മാർ 690495 | കത്തോലിക്കർ 611312 | മററുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| ഡിസ്ട്രിക്ട് ജഡ്ജിമാരാൽ 1104ലും 1105ലും | 238 | 40 | 104 | 6 | 7 |
| ഡിസ്ട്രിക്ട് മുൻസിഫന്മാരാൽ 1104ലും 1105-ലും | 835 | 89 | 419 | 27 | 137 |
| സെൻസസ് കമ്മീഷണരാൽ 1106ൽ | 421 | 48 | 194 | 2 | 85 |
| പേഷ്കാരന്മാരാലും ദേവികുളം കമ്മീഷണരാലും 1104ലും 1105ലും | 85 | 7 | 33 | 6 | 20 |
| ഡിസ്ട്രിക്ട് മജിസ്ട്രാരന്മാരാൽ 1104ലും 1105ലും 1106ലും | 564 | 53 | 261 | 41 | 67 |
| ഇംഗ്ലീഷ് സ്കൂൾ അധികൃതന്മാരാൽ 1104ലും 1105ലും | 17 | 2 | 4 | ഇല്ല | 5 |
| മെഡിക്കൽ ബോർഡിനാൽ 1104 മുതൽ 1106 വരെ | 88 | 11 | 26 | 8 | 30 |
| കൃഷിഡയറക്ടരാൽ 1104 മുതൽ 1106 വരെ | 23 | 5 | 6 | 1 | 4 |
| അഞ്ചൽ സൂപ്രണ്ടിനാൽ 1104 മുതൽ 1106 വരെ | 23 | 4 | 8 | 2 | 5 |
| ഫോറസ്റ്റ് കൺസർവേറ്ററാൽ 1104മുതൽ 1106 വരെ | 32 | 2 | 12 | 1 | 6 |
| ഗവൺമെന്റിനാൽ നിയമിക്കപ്പെട്ട മുൻസിഫന്മാർ 1085 മുതൽ 1107 വരെ | 54 | 15 | 17 | 1 | 13 |
| ഗവൺമെന്റിനാൽ നിയമിക്കപ്പെട്ട ഡിസ്ട്രിക്ട് മുൻസിഫന്മാർ 1100 മുതൽ 1107 വരെ | 22 | 6 | 9 | 1 | 3 |

ഇപ്പോൾ ഹജൂരിൽ അസിസ്റ്റന്റ് സെക്രട്ടറിയാണ്.

www.malankaralibrary.com

### പട്ടിക 5.

തിരുവിതാംകൂർ പബ്ലിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924 –1931) പുറത്തുനിന്നും നേരിട്ടു നിയമിക്കപ്പെട്ടവരിൽ അലവൻസു ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 50–ം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റി വരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ വിവരിണിക.

| ഗ്രേഡുകൾ | ആകെ നിയമിക്കപ്പെട്ടവർ | ബ്രാഹ്മണർ 45868 | നായന്മാർ 690495 | കത്തോലിക്കർ 611312 | മററുക്രൈസ്തവർ 561612 |
|---|---|---|---|---|---|
| 500 മുതൽ 2500 രൂപാ വരെ ശമ്പളമുള്ളവർ | 10 | 2 | 7 | 1 | ഇല്ല |
| 250 മുതൽ 500 രൂപാ വരെ ശമ്പളമുള്ളവർ | 17 | 5 | 7 | 1 | 2 |
| 150 മുതൽ 250 രൂപാ വരെ ശമ്പളമുള്ളവർ | 42 | 9 | 13 | 3 | 12 |
| 100 മുതൽ 150 രൂപാ വരെ ശമ്പളമുള്ളവർ | 56 | 8 | 9 | 8 | 15 |
| 50 മുതൽ 100 രൂപാ വരെ ശമ്പളമുള്ളവർ | 225 | 37 | 59 | 12 | 59 |
| **ആകെ** | **350** | **61** | **95** | **25** | **88** |
| ഇവരിൽ 150–ം കൂടുതലും രൂപാ ശമ്പളം ഉള്ളവർ | 69 | 16 | 27 | 5 | 14 |

### പട്ടിക 6.

തിരുവിതാംകൂർ പബ്ലിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924 –1931) പുറത്തുനിന്നും നേരിട്ടു നിയമിക്കപ്പെട്ടവരിൽ അലവൻസു ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150–ം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റി വരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ കത്തോലിക്കർ

| പേര് | ഉദ്യോഗം | ശമ്പളത്തുക |
|---|---|---|
| 1. ജോസഫ് തളിയത്ത് | ഹൈക്കോടതി ജഡ്ജി | 900 |
| 2. ടി.ജെ. ജോസഫ് | സർക്കാർ വക്കീൽ | 250 |
| 3. ടി. ചാണ്ടി | ഹജൂർ അസിസ്റ്റന്റു സെക്രട്ടറി | 200 |
| 4. ഇട്ടിയേര ജോസഫ് | കാളജ് ഡെമോൺസ്ട്രേറ്റർ | 150 |
| 5. ടി.ടി. തോമസ് | കാളജ് ഡെമോൺസ്ട്രേറ്റർ | 150 |

www.malankaralibrary.com

## പട്ടിക 7.

തിരുവിതാംകൂർ പബ്ലിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924 -1931) പുറത്തുനിന്നും നേരിട്ടു നിയമിക്കപ്പെട്ടവരിൽ അലവൻസു ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150-ം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റി വരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ മറ്റു ക്രൈസ്തവർ.

| പേര് | ഉദ്യോഗം | ശമ്പളത്തുക |
|---|---|---|
| 1. പത്രോസ് മത്തായി | ലാക്കാളജ് പ്രഫസർ | 400 |
| 2. എ.ഒ. ജേക്കബ് | എക്സറെ ഡാക്ടർ | 300 |
| 3. കെ.സി. അന്നാമ്മ | അസിസ്റ്റണ്ടു പ്രഫസർ | 220 |
| 4. പി. ജോൺ ജോസഫ് | പവ്വർഹൌസ് എഞ്ചിനീയർ | 200 |
| 5. പി.പി. ജോൺ | ലാക്കാളജ് ലച്ചറർ | 200 |
| 6. മാമ്മൻ തരകൻ | സർക്കാർ വക്കീൽ | 175 |
| 7. പി.കെ. ജോസഫ് | അസിസ്റ്റണ്ടു സർജൻ | 175 |
| 8. ആച്ചി അയ്പ് | അസിസ്റ്റണ്ടു സർജൻ | 170 |
| 9. സാറാ വർഗ്ഗീസ് | അസിസ്റ്റണ്ടു സർജൻ | 156 |
| 10. എം.ജി. ജോൺ | ഡിസ്ട്രിക്ട് മുൻസിഫ് | 150 |
| 11. ഈ.റ്റി. മാത്യു | കാളജ് ഡമോൺസ്ട്രേറ്റർ | 150 |
| 12. ഈപ്പൻ ഇട്ടിയേര | കാളജ് ഡമോൺസ്ട്രേറ്റർ | 150 |
| 13. കെ.ജെ. ജോൺ | അസിസ്റ്റണ്ടു സർജൻ | 150 |
| 14. കെ.വി. മാത്യു | അസിസ്റ്റണ്ടു സർജൻ | 150 |

www.malankaralibrary.com

## പട്ടിക 8.

തിരുവിതാംകൂർ പബ്ലിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924 -1931) പുറത്തുനിന്നും നേരിട്ടു നിയമിക്കപ്പെട്ടവരിൽ അലവൻസു ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150-ം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റി വരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ ബ്രാഹ്മണർ.

| പേര് | ഉദ്യോഗം | ശമ്പളത്തുക |
|---|---|---|
| 1. വി.എസ്. സുബ്രഹ്മണ്യയ്യർ | ദിവാൻ | 2500 |
| 2. എം.ഒ.ടി അയ്യങ്കാർ | എന്റോമൊളൊജിസ്റ്റ് | 800 |
| 3. പി. നരസിംഹയ്യ | കാളജ് പ്രഫസർ | 425 |
| 4. കെ. ശങ്കരസുബയ്യർ | സക്കൻസ് ജഡ്ജ് | 400 |
| 5. എസ്. ചക്രപാണി അയ്യർ | അസി. ഹെഡ്. സർക്കാർ വക്കീൽ | 250 |
| 6. കെ.എസ്. ഗോപാലഅയ്യർ | ഡിസ്ട്രിക്ട് മുൻസിഫ് | 250 |
| 7. എ. രാമസ്വാമി അയ്യങ്കാർ | റയിൽവെ അക്കൗണ്ടന്റ് | 250 |
| 8. എൻ. രാഘവയ്യർ | ഡിസ്ട്രിക്ട് മുൻസിഫ് | 200 |
| 9. എച്ച് ഗണപതിഅയ്യർ | ലാക്കാളജ് ലക്ചറർ | 200 |
| 10. കെ.എൻ. രഘുനാഥറാവു | അസിസ്റ്റന്റു സർജൻ | 200 |
| 11. ജെ. ശ്രീനിവാസൻ | കാളജ് ഡെമോൺസ്ട്രേറ്റർ | 175 |
| 12. ഡി. രാമനാഥൻ | അസിസ്റ്റന്റ് സർജൻ | 175 |
| 13. വി. വരദരാജയ്യങ്കാർ | ഡിസ്ട്രിക്ട് മുൻസിഫ് | 150 |
| 14. എസ്. സീതാരാമയ്യർ | കാളജ് ഡെമോൺസ്ട്രേറ്റർ | 150 |
| 15. പി.വി. രാമസ്വാമി അയ്യർ | കാളജ് ലക്ചറർ | 150 |
| 16. പി. പരമേശ്വര അയ്യർ | അസിസ്റ്റണ്ടു സർജ്ജൻ | 150 |

www.malankaralibrary.com

## പട്ടിക 9.

തിരുവിതാംകൂർ പബ്ലിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924 -1931) പുറത്തുനിന്നും നേരിട്ടു നിയമിക്കപ്പെട്ടവരിൽ അലവൻസു ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150-ം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റി വരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ നായന്മാർ

| പേര് | ഉദ്യോഗം | ശമ്പളത്തുക |
|---|---|---|
| 1. കെ. പരമേശ്വരൻപിള്ള | ഹൈക്കോടതി ജഡ്ജി | 900 |
| 2. പി.കെ. നാരായണപിള്ള | ഹൈക്കോടതി ജഡ്ജി | 900 |
| 3. ജി. ശങ്കരപ്പിള്ള | ലാസ്ഡിലേസ് കമ്മീഷണർ | 800 |
| 4. സി. രാമൻതമ്പി | ഡിസ്ട്രിക്ട് ജഡ്ജി | 700 |
| 5. എം.കെ. ഗോവിന്ദപ്പിള്ള | ലാക്കാളജ് പ്രിൻസിപ്പാൾ | 700 |
| 6. കെ. പരമേശ്വരൻപിള്ള | ഹെഡ് സർക്കാർ വക്കീൽ | 600 |
| 7. ജി. പരമേശ്വരൻ പിള്ള | അ. ലാസ്ഡി. കമ്മീഷണർ | 600 |
| 8. കെ. പത്മനാഭപിള്ള | ലാക്കാളജ് പ്രഫസർ | 400 |
| 9. എൻ. കൃഷ്ണൻതമ്പി | ഹെൽത്ത് മെഡിക്കൽ ആഫീസർ | 350 |
| 10. പി. കുമാരൻ നായർ | ഹെൽത്ത് ആഫീസർ | 275 |
| 11. യു. ശിവരാമൻ നായർ | അസിസ്റ്റണ്ടു പ്രഫസർ | 260 |
| 12. എൻ.കെ. നാരായണപിള്ള | സർക്കാർ വക്കീൽ | 250 |
| 13. എം.പി. ഗോപാലൻ നായർ | ടെക്സ്ടയിൽ എക്സപർട്ട് | 250 |
| 14. കെ. പരമേശ്വരൻപിള്ള | ഡിസ്ട്രിക്ട് മുൻസിഫ് | 225 |
| 15. ടി.കെ. വേലുപ്പിള്ള | ലാക്കാളജ് ലക്ചറർ | 200 |
| 16. ജി. ഗോവിന്ദൻ നായർ | ഡിസ്ട്രിക്ട് മുൻസിഫ് | 200 |
| 17. എം.കെ നാരായണപിള്ള | ലാക്കാളജ് ലക്ചറർ | 200 |
| 18. എ. നാരായണൻ നായർ | ഫിഷറി ഇൻസ്പെക്ടർ | 190 |
| 19. കെ.മാധവൻ നായർ | അസിസ്റ്റണ്ടു സർജൻ | 175 |
| 20. എ. കൃഷ്ണൻ തമ്പി | അസിസ്റ്റണ്ടു സർജൻ | 175 |
| 21. കെ. നീലകണ്ഠപ്പിള്ള | അസിസ്റ്റണ്ടു സർജൻ | 175 |
| 22. വി.കെ. കാർത്ത്യായനിഅമ്മ | കാളജ് ലക്ചറർ | 165 |
| 23. ബി. കമലമ്മ | അസിസ്റ്റണ്ടു സർജൻ | 156 |
| 24. ജി. മാധവൻപിള്ള | എലക്ട്രിക്കൽ സൂപ്രവൈസർ | 155 |
| 25. കെ. ശാരദാമ്മ | കാളജ് ലക്ചറർ | 155 |
| 26. കെ. മീനാക്ഷിഅമ്മ | കാളജ് ലക്ചറർ | 155 |
| 27. വി. വേലുപ്പിള്ള | ഡിസ്ട്രിക്ട് മുൻസിഫ് | 150 |

www.malankaralibrary.com

## പട്ടിക 10.

തിരുവിതാംകൂർ നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമായ അനുദ്യോഗസ്ഥ മെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | ഒന്നാമത്തെ നിയമസഭ 1922-25 | രണ്ടാമത്തെ നിയമസഭ 1925-28 | മൂന്നാമത്തെ നിയമസഭ 1928-31 | നാലാമത്തെ നിയമസഭ 1931-34 |
|---|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | 1 | 1 | 1 | 1 |
| തമിൾ ബ്രാഹ്മണർ | .45 | 2 | 1 | 1 | 1 |
| നായന്മാർ | 6.90 | 12 | 13 | 14 | 14 |
| ഈഴവർ | 6.67 | 2 | 2 | 2 | 2 |
| വെള്ളാളർ | .57 | 2 | 3 | 2 | 2 |
| ക്ഷത്രിയർ | .01 | 1 | 1 | 2 | 1 |
| നാടാന്മാർ | 2.00 | .. | .. | .. | 1 |
| കമ്മാളർ | 1.63 | .. | .. | .. | .. |
| മറ്റ് ഹിന്ദുക്കൾ | .53 | 2 | 1 | .. | 1 |
| അധഃകൃതർ | 6.07 | 1 | .. | .. | .. |
| പ്രോട്ടസ്റ്റന്റ് കാർ | 2.27 | 1 | 1 | 2 | 2 |
| മാർത്തോമ്മാക്കാർ | 1.07 | .. | 1 | 1 | 1 |
| യാക്കോബായക്കാർ | 2.25 | 2 | 3 | 2 | 3 |
| സിറിയൻ കത്തോലിക്കർ | 2.83 | 5 | 5 | 4 | 3 |
| ലത്തീൻ കത്തോലിക്കർ | 3.27 | 1 | 1 | 1 | .. |
| മുസ്ലീമുകൾ | 2.70 | 2 | 1 | 2 | 2 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | 1 | 1 | 1 | 1 |
| ആകെ | 40.06 | 35 | 35 | 35 | 35 |

www.malankaralibrary.com

## പട്ടിക 11.

തിരുവിതാംകൂർ നിയമസഭയിലേയ്ക്കു പൊതു നിയോജകമണ്ഡലങ്ങളിൽനിന്നും പ്രത്യേക നിയോജകമണ്ഡലങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | ഒന്നാമത്തെ നിയമസഭ 1922-25 | രണ്ടാമത്തെ നിയമസഭ 1925-28 | മൂന്നാമത്തെ നിയമസഭ 1928-31 | നാലാമത്തെ നിയമസഭ 1931-34 |
|---|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | 1 | 1 | 1 | 1 |
| തമിൾ ബ്രാഹ്മണർ | .45 | 1 | - | - | - |
| നായന്മാർ | 6.90 | 12 | 13 | 14 | 14 |
| ഈഴവർ | 6.67 | - | - | - | - |
| വെള്ളാളർ | .57 | 1 | 3 | 2 | 2 |
| ക്ഷത്രിയർ | .01 | 1 | 1 | 2 | 1 |
| നാടാന്മാർ | 2.00 | - | - | - | 1 |
| കമ്മാളർ | 1.63 | - | - | - | - |
| മറ്റ് ഹിന്ദുക്കൾ | .53 | 2 | 1 | - | 1 |
| അധഃകൃതർ | 6.07 | - | - | - | - |
| പ്രൊട്ടസ്റ്റന്റ്കാർ | 2.27 | 1 | - | 1 | - |
| മാർത്തോമ്മാക്കാർ | 1.07 | - | - | - | - |
| യാക്കോബായക്കാർ | 2.25 | 2 | 3 | 2 | 3 |
| സിറിയൻ കത്തോലിക്കർ | 2.83 | 5 | 5 | 4 | 3 |
| ലത്തീൻ കത്തോലിക്കർ | 3.27 | - | - | - | - |
| മുസ്ലീമുകൾ | 2.70 | 1 | - | 1 | 1 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | 1 | 1 | 1 | 1 |
| ആകെ | 40.06 | 28 | 28 | 28 | 28 |

www.malankaralibrary.com

## പട്ടിക 12

തിരുവിതാംകൂർ നിയമസഭയിലേയ്ക്കു പൊതു നിയോജകമണ്ഡലങ്ങളിൽനിന്നും പ്രത്യേക നിയോജകമണ്ഡലങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | ഒന്നാമത്തെ നിയമസഭ 1922–25 | രണ്ടാമത്തെ നിയമസഭ 1925–28 | മൂന്നാമത്തെ നിയമസഭ 1928–31 | നാലാമത്തെ നിയമസഭ 1931–34 |
|---|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | – | – | – | – |
| തമിഴ് ബ്രാഹ്മണർ | .45 | 1 | – | – | – |
| നായന്മാർ | 6.90 | 12 | 13 | 14 | 14 |
| ഈഴവർ | 6.67 | – | – | – | – |
| വെള്ളാളർ | .57 | 1 | 2 | 1 | 2 |
| ക്ഷത്രിയർ | .01 | – | – | 1 | – |
| നാടാന്മാർ | 2.00 | – | – | – | 1 |
| കമ്മാളർ | 1.63 | – | – | – | – |
| മറ്റ് ഹിന്ദുക്കൾ | .53 | 2 | 1 | – | 1 |
| അധഃകൃതർ | 6.07 | – | – | – | – |
| പ്രോട്ടസ്റ്റന്റ്കാർ | 2.27 | 1 | – | 1 | – |
| മാർത്തോമ്മാക്കാർ | 1.07 | – | – | – | – |
| യാക്കോബായക്കാർ | 2.25 | 1 | 2 | 1 | 3 |
| സിറിയൻ കത്തോലിക്കർ | 2.83 | 5 | 5 | 4 | 2 |
| ലത്തീൻ കത്തോലിക്കർ | 3.27 | – | – | – | – |
| മുസ്ലീമുകൾ | 2.70 | – | – | 1 | – |
| യൂറോപ്യന്മാർ | 389 പേർ മാത്രം | – | – | – | – |
| ആകെ | 40.06 | 23 | 23 | 23 | 23 |

www.malankaralibrary.com

## പട്ടിക 13.

തിരുവിതാംകൂർ നിയമസഭയിലേയ്ക്കു 1. ജന്മികൾ, 2. തോട്ടക്കാർ, 3. ഇടവക, 4. തെക്കൻ വാണിജ്യവ്യവസായം, 5. വടക്കൻ വാണിജ്യവ്യവസായം എന്നീ പ്രത്യേക നിയോജകമണ്ഡലങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | ഒന്നാംസഭ 1922-25 | രണ്ടാംസഭ 1925-28 | മൂന്നാംസഭ 1928-31 | നാലാംസഭ 1931-34 |
|---|---|---|---|---|---|
| മലയാളബ്രാഹ്മണർ (ജന്മികൾ) | .14 | 1 | 1 | 1 | 1 |
| വെള്ളാളർ (തെക്കൻ വാണിജ്യവ്യവസായം) | .57 | .. | 1 | 1 | – |
| ക്ഷത്രിയർ (ഇടവക) | .01 | 1 | 1 | 2 | 1 |
| യാക്കോബായക്കാർ (വടക്കൻ വാണിജ്യവ്യവസായം) | 2.25 | 1 | 1 | 1 | .. |
| സിറിയൻ കത്തോലിക്കർ (വടക്കൻ വാണിജ്യവ്യവസായം) | 2.83 | - | - | .. | 1 |
| മുസ്ലീമുകൾ (തെക്കൻ വാണിജ്യവ്യവസായം) | 2.70 | 1 | - | .. | 1 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | 1 | 1 | 1 | 1 |
| ആകെ | 40.06 | 5 | 5 | 5 | 5 |

## പട്ടിക 14.

തിരുവിതാംകൂർ നിയമസഭയിലേയ്ക്കു ഗവൺമെണ്ടിനാൽ നാമിനേറ്റ് ചെയ്യപ്പെട്ട അനുദ്യോഗസ്ഥമെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | ഒന്നാംസഭ 1922-25 | രണ്ടാംസഭ 1925-28 | മൂന്നാംസഭ 1928-31 | നാലാംസഭ 1931-34 |
|---|---|---|---|---|---|
| തമിൾബ്രാഹ്മണർ | .45 | 1* | 1 | 1 | 1 |
| ഈഴവർ | 6.67 | 2 | 2 | 2 | 2 |
| വെള്ളാളർ | .57 | 1* | .. | - | - |
| അധഃകൃതർ | 6.07 | 1 | .. | .. | .. |
| പ്രോട്ടസ്റ്റന്റുകാർ | 2.27 | .. | 1 | 1* | 2 |
| മാർത്തോമ്മക്കാർ | 1.07 | .. | 1 | 1 | 1 |
| ലത്തീൻ കത്തോലിക്കർ | 3.27 | 1 | 1 | 1 | .. |
| മുസ്ലീമുകൾ | 2.70 | 1* | 1 | 1* | 1* |
| ആകെ | 40.06 | 7 | 7 | 7 | 7 |

* ഈ സമുദായങ്ങളിൽനിന്ന്, തെരഞ്ഞെടുക്കപ്പെട്ട ഓരോ മെമ്പർ ഉണ്ടായിരിക്കെയാണ് ഇവരെ നോമിനേറ്റ് ചെയ്തത്.

www.malankaralibrary.com

## പട്ടിക 15.

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലെ മെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | 25-ാമതു പ്രജാസഭ 1929 | 26-ാമതു പ്രജാസഭ 1930 | 27-ാമതു പ്രജാസഭ 1931 |
|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | 4 | 5 | 3 |
| തമിൾ ബ്രാഹ്മണർ | .45 | 6 | 2 | 2 |
| നായന്മാർ | 6.90 | 31 | 21 | 32 |
| ഈഴവർ | 6.67 | 6 | 9 | 8 |
| വെള്ളാളർ | .57 | 2 | 7 | 9 |
| ക്ഷത്രിയർ | .01 | .. | .. | .. |
| നാടാന്മാർ | 2.00 | 1 | 1 | 1 |
| കമ്മാളർ | 1.63 | 1 | 1 | 1 |
| മറ്റ് ഹിന്ദുക്കൾ | .53 | 5 | 4 | 3 |
| അധഃകൃതർ | 6.07 | 5 | 7 | 5 |
| പ്രൊട്ടസ്റ്റന്റ്കാർ | 2.27 | 4 | 4 | 5 |
| മാർത്തോമ്മാക്കാർ | 1.07 | 3 | 3 | 2 |
| യാക്കോബായക്കാർ | 2.25 | 7 | 11 | 6 |
| സിറിയൻ കത്തോലിക്കർ | 2.83 | 9 | 8 | 6 |
| ലത്തീൻ കത്തോലിക്കർ | 3.27 | 2 | 1 | 1 |
| മുസ്ലീമുകൾ | 2.70 | 10 | 11 | 11 |
| യുറോപ്യന്മാർ | 389 പേർ മാത്രം | 4 | 4 | 4 |
| ആകെ | 40.06 | 100 | 99 | 99 |

www.malankaralibrary.com

## പട്ടിക 16.

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലെ തിരഞ്ഞെടുക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമായ മെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദാ | ജനസംഖ്യ ലക്ഷക്കണക്കു | 1929-ലെ പ്രജാസഭ | | 1930-ലെ പ്രജാസഭ | | 1931-ലെ പ്രജാസഭ | |
|---|---|---|---|---|---|---|---|
| | | തിരഞ്ഞെടുക്കപ്പെട്ടവർ | നിയമിക്കപ്പെവർ | തിരഞ്ഞെടുക്കപ്പെട്ടവർ | നിയമിക്കപ്പെവർ | തിരഞ്ഞെടുക്കപ്പെട്ടവർ | നിയമിക്കപ്പെവർ |
| മലയാളബ്രാഹ്മണർ | .14 | 4 | .. | 5 | .. | 3 | .. |
| തമിൾ ബ്രാഹ്മണർ | .45 | 6 | .. | 2 | .. | 2 | .. |
| നായന്മാർ | 6.90 | 30 | 1 | 21 | .. | 31 | 1 |
| ഈഴവർ | 6.67 | .. | 6 | 3 | 6 | 2 | 6 |
| വെള്ളാളർ | .57 | 1 | 1 | 7 | .. | 9 | .. |
| ക്ഷത്രിയർ | .01 | .. | .. | .. | .. | .. | .. |
| നാടാന്മാർ | 2.00 | 1 | .. | .. | 1 | .. | 1 |
| കമ്മാളർ | 1.63 | .. | 1 | .. | 1 | 1 | .. |
| മറ്റ് ഹിന്ദുക്കൾ | .53 | 5 | .. | 4 | .. | 3 | .. |
| അധഃകൃതർ | 6.07 | 2 | 3 | .. | 7 | .. | 5 |
| പ്രോട്ടസ്റ്റന്റ് കാർ | 2.27 | 1 | 3 | 2 | 2 | 1 | 4 |
| മാർത്തോമ്മാക്കാർ | 1.07 | 2 | 1 | 2 | 1 | 1 | 1 |
| യാക്കോബായക്കാർ | 2.25 | 6 | 1 | 11 | .. | 6 | .. |
| സിറിയൻ കത്തോലിക്കർ | 2.83 | 8 | 1 | 8 | .. | 6 | .. |
| ലത്തീൻ കത്തോലിക്കർ | 3.27 | 1 | 1 | .. | 1 | .. | 1 |
| മുസ്ലീമുകൾ | 2.70 | 6 | 4 | 7 | 4 | 7 | 4 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | 4 | .. | 4 | .. | 4 | .. |
| ആകെ | 40.06 | 77 | 23 | 76 | 23 | 76 | 23 |

www.malankaralibrary.com

## പട്ടിക 17.

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്കു പൊതു നിയോജക മണ്ഡലങ്ങളിൽനിന്നും പ്രത്യേകനിയോജകമണ്ഡലങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | 1929–ലെ പ്രജാസഭ | 1930–ലെ പ്രജാസഭ | 1931–ലെ പ്രജാസഭ |
|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | 4 | 5 | 3 |
| തമിൾ ബ്രാഹ്മണർ | .45 | 6 | 2 | 2 |
| നായന്മാർ | 6.90 | 30 | 21 | 31 |
| ഈഴവർ | 6.67 | .. | 3 | 2 |
| വെള്ളാളർ | .57 | 1 | 7 | 9 |
| ക്ഷത്രിയർ | .01 | .. | .. | .. |
| നാടാന്മാർ | 2.00 | 1 | .. | .. |
| കമ്മാളർ | 1.63 | .. | .. | 1 |
| മറ്റ് ഹിന്ദുക്കൾ | .53 | 5 | 4 | 3 |
| അധഃകൃതർ | 6.07 | 2 | .. | .. |
| പ്രോട്ടസ്റ്റന്റ്കാർ | 2.27 | 1 | 2 | 1 |
| മാർത്തോമ്മാക്കാർ | 1.07 | 2 | 2 | 1 |
| യാക്കോബായക്കാർ | 2.25 | 6 | 11 | 6 |
| സിറിയൻ കത്തോലിക്കർ | 2.83 | 8 | 8 | 6 |
| ലത്തീൻ കത്തോലിക്കർ | 3.27 | 1 | .. | .. |
| മുസ്ലീമുകൾ | 2.70 | 6 | 7 | 7 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | 4 | 4 | 4 |
| ആകെ | 40.06 | 77 | 76 | 76 |

www.malankaralibrary.com

## പട്ടിക 18.

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്കു പൊതു നിയോജക മണ്ഡലങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കിൽ | 1929-ലെ പ്രജാസഭ | 1930-ലെ പ്രജാസഭ | 1931-ലെ പ്രജാസഭ |
|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | .. | 1 | .. |
| തമിൾ ബ്രാഹ്മണർ | .45 | 3 | 1 | 1 |
| നായന്മാർ | 6.90 | 25 | 16 | 24 |
| ഈഴവർ | 6.67 | .. | 1 | .. |
| വെള്ളാളർ | .57 | 1 | 4 | 4 |
| ക്ഷത്രിയർ | .01 | .. | ... | .. |
| നാടാന്മാർ | 2.00 | 1 | .. | .. |
| കമ്മാളർ | 1.63 | .. | .. | .. |
| മറ്റ് ഹിന്ദുക്കൾ | .53 | .. | 2 | .. |
| അധഃകൃതർ | 6.07 | 1 | .. | .. |
| പ്രോട്ടസ്റ്റന്റ്കാർ | 2.27 | .. | 1 | 1 |
| മാർത്തോമ്മാക്കാർ | 1.07 | 1 | 1 | 1 |
| യാക്കോബായക്കാർ | 2.25 | 2 | 4 | 7 |
| സിറിയൻ കത്തോലിക്കർ | 2.83 | 6 | 6 | 4 |
| ലത്തീൻ കത്തോലിക്കർ | 3.27 | 1 | .. | .. |
| മുസ്ലീമുകൾ | 2.70 | 2 | 3 | 4 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | .. | .. | .. |
| ആകെ | 40.06 | 43 | 43 | 43 |

www.malankaralibrary.com

## പട്ടിക 19

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്കു തോട്ടക്കാർ (4 പ്രതിനിധികൾ), കച്ചവടക്കാർ (7 പ്രതിനിധികൾ), മുനിസിപ്പാലിറ്റികൾ (19 പ്രതിനിധികൾ), ജന്മികൾ (4 പ്രതിനിധികൾ) എന്നീ 4 പ്രത്യേക നിയോജകമണ്ഡലങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | 1929-ലെ പ്രജാസഭ | 1930-ലെ പ്രജാസഭ | 1931-ലെ പ്രജാസഭ |
|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | 4 | 4 | 3 |
| തമിൾ ബ്രാഹ്മണർ | .45 | 3 | 1 | 1 |
| നായന്മാർ | 6.90 | 5 | 5 | 7 |
| ഈഴവർ | 6.67 | .. | 2 | 2 |
| വെള്ളാളർ | .57 | .. | 3 | 5 |
| ക്ഷത്രിയർ | .01 | .. | .... | .. |
| നാടാന്മാർ | 2.00 | .. | .. | .. |
| കമ്മാളർ | 1.63 | .. | .. | 1 |
| മറ്റ് ഹിന്ദുക്കൾ | .53 | 5 | 2 | 3 |
| അധഃകൃതർ | 6.07 | 1 | .. | .. |
| പ്രോട്ടസ്റ്റന്റ്കാർ | 2.27 | 1 | 1 | .. |
| മാർത്തോമ്മാക്കാർ | 1.07 | 1 | 1 | .. |
| യാക്കോബായക്കാർ | 2.25 | 4 | 4 | 2 |
| സിറിയൻ കത്തോലിക്കർ | 2.83 | 2 | 2 | 2 |
| ലത്തീൻ കത്തോലിക്കർ | 3.27 | .. | .. | .. |
| മുസ്ലീമുകൾ | 2.70 | 4 | 4 | 3 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | 4 | 4 | 4 |
| ആകെ | 40.06 | 34 | 33* | 33* |

*ജന്മികളുടെ(മലയാള ബ്രാഹ്മണരുടെ) പ്രത്യേക നിയോജകമണ്ഡലങ്ങളിൽനിന്നും അവർക്ക് അനുവദിച്ചിട്ടുള്ള 4 പ്രതിനിധികളിൽ 3 പേരെ മാത്രമേ ഇക്കൊല്ലങ്ങളിൽ തിരഞ്ഞെടുക്കുകയുണ്ടായുള്ളു. ഇതാണ് ഇക്കൊല്ലങ്ങളിലെ പ്രജാസഭകളിൽ ഓരോ മെമ്പർ കുറവായി ഈ പട്ടികയിലും മുൻ പട്ടികകളിലും കാണുന്നത്. ഈ കുറവിനുണ്ടായ കാരണത്തെപ്പറ്റി ഭരണറിപ്പോർട്ടിൽ ഗവൺമെന്റു ഇങ്ങനെയെഴുതിയിരിക്കുന്നു:- "ജന്മികളുടെ തിരുവനന്തപുരം നിയോജകമണ്ഡലത്തിലുള്ള ഏക വോട്ടർ വോട്ടു ചെയ്യാനോ മെമ്പറാകാനോ വിസമ്മതിക്കയാൽ സ്ഥാനം ഒഴിവായി കിടന്നു."

www.malankaralibrary.com

## പട്ടിക 20.

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്കു നിയമിക്കപ്പെട്ടവരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | 1929-ലെ പ്രജാസഭ | 1930-ലെ പ്രജാസഭ | 1931-ലെ പ്രജാസഭ |
|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | .. | .. | ... |
| തമിൾ ബ്രാഹ്മണർ | .45 | .. | .. | ... |
| നായന്മാർ | 6.90 | 1 | .. | 1 |
| ഈഴവർ | 6.67 | 6 | 6 | 6 |
| വെള്ളാളർ | .57 | 1 | .. | .. |
| ക്ഷത്രിയർ | .01 | .. | ... | .. |
| നാടാന്മാർ | 2.00 | .. | 1 | 1 |
| കമ്മാളർ | 1.63 | 1 | 1 | .. |
| മറ്റ് ഹിന്ദുക്കൾ | .53 | .. | .. | .. |
| അധഃകൃതർ | 6.07 | 3 | 7 | 5 |
| പ്രോട്ടസ്റ്റന്റ് കാർ | 2.27 | 3 | 2 | 4 |
| മാർത്തോമ്മാക്കാർ | 1.07 | 1 | 1 | 1 |
| യാക്കോബായക്കാർ | 2.25 | 1 | .. | .. |
| സിറിയൻ കത്തോലിക്കർ | 2.83 | 1 | .. | .. |
| ലത്തീൻ കത്തോലിക്കർ | 3.27 | 1 | 1 | 1 |
| മുസ്ലീമുകൾ | 2.70 | 4 | 4 | 4 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | .. | .. | .. |
| ആകെ | 40.06 | 23 | 23 | 23 |

www.malankaralibrary.com

## പട്ടിക 21.

തിരുവിതാംകൂറിലുള്ള 19 മുനിസിപ്പൽ കൗൺസിലുകളിലെ തിരഞ്ഞെടുക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമായ മെമ്പർമാരുടെ ജാതി തിരിച്ചുള്ള വിവരിണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | ആകെയുള്ള മെമ്പർമാർ | തിരഞ്ഞെടുക്കപ്പെട്ടവർ | നിയമിക്കപ്പെട്ടവർ |
|---|---|---|---|---|
| മലയാളബ്രാഹ്മണർ | .14 | 5 | 2 | 3 |
| തമിൾ ബ്രാഹ്മണർ | .45 | 31 | 26 | 5 |
| നായന്മാർ | 6.90 | 73 | 68 | 5 |
| ഈഴവർ | 6.67 | 16 | 2 | 14 |
| വെള്ളാളർ | .57 | 14 | 9 | 5 |
| ക്ഷത്രിയർ | .01 | 1 | 1 | .. |
| നാടാന്മാർ | 2.00 | 2 | .. | 2 |
| കമ്മാളർ | 1.63 | 1 | .. | 1 |
| മറ്റ് ഹിന്ദുക്കൾ | .53 | 28 | 20 | 8 |
| അധഃകൃതർ | 6.07 | 5 | .. | 5 |
| പ്രോട്ടസ്റ്റന്റ്കാർ | 2.27 | 14 | 10 | 4 |
| മാർത്തോമ്മാക്കാർ | 1.07 | 6 | 6 | .. |
| യാക്കോബായക്കാർ | 2.25 | 17 | 17 | .. |
| സിറിയൻ കത്തോലിക്കർ | 2.83 | 14 | 14 | .. |
| ലത്തീൻ കത്തോലിക്കർ | 3.27 | 5 | 1 | 4 |
| മുസ്ലീമുകൾ | 2.70 | 25 | 17 | 8 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | 1 | .. | 1 |
| ആകെ | 40.06 | 258 | 193 | 65 |

www.malankaralibrary.com

## പട്ടിക 22.

തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്കു നിയമിക്കപ്പെട്ടവരുടെ ജാതി തിരിച്ചുള്ള വിവരണിക.

| വിവിധ സമുദായങ്ങൾ | ജനസംഖ്യ ലക്ഷക്കണക്കു | പഞ്ചായത്തു ജഡ്ജിമാരും ബഞ്ച് മജിസ്ട്രേട്ടന്മാരു |
|---|---|---|
| മലയാളബ്രാഹ്മണർ | .14 | 5 |
| തമിൾ ബ്രാഹ്മണർ | .45 | 15 |
| നായന്മാർ | 6.90 | 33 |
| ഈഴവർ | 6.67 | 11 |
| വെള്ളാളർ | .57 | 4 |
| ക്ഷത്രിയർ | .01 | 2 |
| നാടാന്മാർ | 2.00 | 1 |
| കമ്മാളർ | 1.63 | .. |
| മറ്റ് ഹിന്ദുക്കൾ | .53 | 18 |
| അധഃകൃതർ | 6.07 | .. |
| പ്രോട്ടസ്റ്റന്റ്കാർ | 2.27 | 5 |
| മാർത്തോമ്മാക്കാർ | 1.07 | 7 |
| യാക്കോബായക്കാർ | 2.25 | 8 |
| സിറിയൻ കത്തോലിക്കർ | 2.83 | 3 |
| ലത്തീൻ കത്തോലിക്കർ | 3.27 | 3 |
| മുസ്ലീമുകൾ | 2.70 | 18 |
| യൂറോപ്യന്മാർ | 389 പേർ മാത്രം | .. |
| ആകെ | 40.06 | 133 |

www.malankaralibrary.com

# അനുബന്ധം സി

## 1. കത്തോലിക്കാ അവകാശവാദങ്ങളെപ്പറ്റി അകത്തോലിക്കാ പത്രാഭിപ്രായങ്ങൾ

1. "കാര്യക്ഷമതയ്ക്കു ഹാനിവരാത്തവിധത്തിൽ പബ്ളിക് സർവ്വീസിൽ വർഗ്ഗീയ പ്രാതിനിധ്യം അനുവദിച്ചുകൊടുക്കേണ്ടത് ഇന്നത്തെ കലങ്ങിമറിഞ്ഞ സ്ഥിതിക്ക് അത്യാവശ്യമാണെന്ന് ഞങ്ങൾ പലതവണയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അധഃകൃതർ, മസ്ലീമുകൾ, ഈഴവർ, കത്തോലിക്കർ ഇത്യാദി ചില വർഗ്ഗക്കാർക്കു പബ്ലിക് സർവ്വീസിൽ ശരിയായ പ്രാതനിധ്യം ലഭിച്ചിട്ടില്ല. ഈ ന്യൂനത പരിഹിരിക്കേണ്ടതു ഗവണ്മെന്റിന്റെ കർത്തവ്യമാണ്. ഈ നാടിനെ നാശഗർത്തത്തിലേയ്ക്കു നയിക്കുന്ന വർഗ്ഗീയ കലഹത്തിന്റെ ശാന്തിക്കായി ഇനിയെങ്കിലും ഗവൺമെന്റ് കഴിയുന്നിടത്തോളം പ്രസ്തുത വർഗ്ഗക്കാർക്ക് പബ്ലിക് സർവ്വീസിൽ കാര്യക്ഷമതയും ഹാനിവരാതെ ശരിയായ പ്രാതിനിധ്യം അനുവദിച്ചുകൊടുക്കുവാൻ ശ്രമിക്കേണ്ടതാണ്. ഈ സമുദായത്തിന്റെ സങ്കടം ന്യായമാണെന്നും ഗവൺമെന്റ് ഹിന്ദുക്കളെ നായന്മാർ, ഈഴവർ എന്നു തരംതിരിച്ചു പരിഗണിക്കുന്നതും പോലെ ക്രിസ്ത്യാനികളെ കത്തോലിക്കർ, കത്തോലിക്കരല്ലാത്തവർ എന്നിങ്ങനെ രണ്ടായി തരംതിരിച്ച് പരിഗണിച്ച് ഇവരുടെ സങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കി കൊടുക്കേണ്ടതാണെന്നും ആണ് ഞങ്ങളുടെ അഭിപ്രായം.

"സമദർശി", തിരുവനന്തപുരം

2. "ക്രിസ്ത്യാനികളിൽ സംഖ്യാബലംകൊണ്ട് റോമൻ കത്തോലിക്കർ പ്രഥമസ്ഥാനത്തെ അർഹിക്കുന്നവരാണ്. കത്തോലിക്കർക്കുള്ള സങ്കടകാരണങ്ങളെപ്പറ്റി മെമ്മോറിയലിൽ വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. കത്തോലിക്കർ ജനസംഖ്യയിൽ നായന്മാർ, ഈഴവർ ഇവരോടൊപ്പമുണ്ടെന്നു മാത്രമല്ല, വിദ്യാഭ്യാസവിഷയത്തിൽ ഗണ്യമായ പല പരിശ്രമങ്ങളും ചെയ്യുന്നുമുണ്ട്. .... ഈ മെമ്മോറിയലിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന കണക്കുകൾ ഉദ്യോഗദാനവിഷയത്തിലുള്ള അസമതയ്ക്ക് ഉത്തമദൃഷ്ടാന്തങ്ങളാണ്."

"മലയാളമനോരമ", കോട്ടയം

3. ക്രിസ്ത്യൻ സമുദായം പൊതുവിൽ അസംതൃപ്തരായി കഴിഞ്ഞുവരികയാണെങ്കിലും കത്തോലിക്കാ സമുദായവിഭാഗമാണ് ഇക്കൂട്ടത്തിൽ അത്യധികം ക്ലേശം അനുഭവിക്കുന്നത് എന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിൽനിന്നു കത്തോലിക്കരുടെ അവകാശവാദങ്ങൾ എത്രമാത്രം യുക്തിയുക്തങ്ങളും ന്യായപൂർവ്വങ്ങളുമാണെന്ന് ആർക്കും ബോദ്ധ്യമാകുന്നതാണ്. ക്രിസ്ത്യൻ സമുദായത്തെ മൊത്തമായും അതിലെ ഓരോ വിഭാ

www.malankaralibrary.com

ഗങ്ങളെ പ്രത്യേകമായും എടുത്തുനോക്കുന്ന പക്ഷം ഉദ്യോഗലോകത്തിലെ കഠിനമായ അനീതി വെളിപ്പെടുമെങ്കിലും കത്തോലിക്കാ വിഭാഗത്തിന്റെ സംഖ്യാബലം, സ്വത്തുടമസ്ഥത, വിദ്യാഭ്യാസസ്ഥിതി മുതലായവകളെപ്പറ്റി ആലോചിക്കുന്നപക്ഷം ഗവൺമെന്റിന്റെ ഉദ്യോഗനിയമനവിഷയത്തിലുള്ള പക്ഷപാതത്താൽ അധികമായി പീഡിപ്പിക്കപ്പെട്ടിരിക്കുന്നതു അവരാണെന്നു പ്രത്യക്ഷപ്പെടുന്നതായിരിക്കും. ... കത്തോലിക്കാ സമുദായത്തിന്റെ മെമ്മോറിയൽ അധികാരികളുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. അതിനെ ചവറ്റുകുട്ടയിൽ തള്ളിയിടുന്നത് ഒട്ടും തന്നെ ബുദ്ധിപൂർവ്വകമല്ല."

"കേരളീയാഭിമാനി, മാവേലിക്കര

4. അനപലപനീയമായ രാജ്യഭക്തിയും നിസ്സീമമായ രാജഭക്തിയും കൊണ്ട് ഈ സംസ്ഥാനനിവാസികളുടെ പ്രീതിബഹുമാനങ്ങൾ സമ്പാദിച്ചിട്ടുള്ള കത്തോലിക്കരുടെ അവകാശങ്ങൾ ത്യാജ്യകോടിയിൽ പെടുന്നുവെങ്കിൽ അതു വലിയ അനീതി തന്നെ. ..... അതിലേയ്ക്ക് അവർ തയ്യാറാക്കിയ മെമ്മോറിയലിന്റെ ഒരു പ്രതി ഇവിടെ സദയം അയച്ചുകിട്ടിയതു വായിച്ചപ്പോൾ ഗവൺമെന്റിൽനിന്നും വലിയ അനീതി കത്തോലിക്കരോടു പ്രദർശിപ്പിക്കുന്നുവെന്നു വ്യക്തമാകുന്നുണ്ട്. വിദ്യാഭ്യാസം, ധനസ്ഥിതി, ദേശാഭിമാനം, സ്വാധീനശക്തി മുതലായവകൊണ്ടു പ്രശോഭിക്കുന്ന കത്തോലിക്കർ ചെയ്തിരിക്കുന്ന അപേക്ഷ നീതിയുക്തമാകയാൽ, അതിന് എത്രയുംവേഗം ഗവൺമെന്റിൽനിന്നു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു."

"യുവകേസരി", തിരുവല്ല.

5. "ഈ രാജ്യത്തിലെ കത്തോലിക്കർ, വിദ്യാഭ്യാസം, ധനസ്ഥിതി, സാമൂഹ്യശക്തി എന്നിവയിൽ അദ്വിതീയസമുദായക്കാരാകുന്നു. നായന്മാരുടെ ജനസംഖ്യയോളം തന്നെ അവരുമുണ്ട്. എന്നിട്ടും അവർക്കുണ്ടായിരിക്കുന്ന അവകാശഹാനി എത്രയും പരിതാപകരമായിരിക്കുന്നു.... തിരുവിതാംകൂർ ഗവൺമെന്റിന് ഇതുവരെയും അവരുടെ അവകാശശൂന്യത പരിഹരിക്കാൻ കഴിഞ്ഞില്ലെന്നുകണ്ട്, ഇതാ അവരുടെ പ്രതിനിധികൾ മഹാറാണി റീജന്റു തിരുമനസ്സിലെ സന്നിധിവരെ എത്തിയിരിക്കുന്നു. ഇപ്പോഴെങ്കിലും തിരുമനസ്സിലെ ഗവൺമെന്റ് ഇതിനെപ്പറ്റി തൃപ്തികരമായ ഒരു നടപടി നടത്താതിരിക്കില്ലെന്നാണ് ഞങ്ങൾ ആശിക്കുന്നത്.

"കുട്ടനാടൻ", ആലപ്പുഴ

6. "........ സർക്കാരുദ്യോഗങ്ങളിൽ റോമൻ കത്തോലിക്കർക്കു വളരെ മോശമായ പങ്കു മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് കണക്കുകൾ കൊണ്ടു തെളിയിച്ചു ന്യായമായ പങ്കു ലഭിക്കണമെന്ന് അപേക്ഷിക്കുകയാണ് മെമ്മോറിയൽ ചെയ്തിരിക്കുന്നത്. സർക്കാരുദ്യോഗങ്ങളിലും ജനപ്രതിനിധിസഭകളിലും സർക്കാർ വക മറ്റു സഹായങ്ങളിലും എല്ലാ ജാതിക്കാർക്കും ന്യായ

www.malankaralibrary.com

മായ പങ്കു കൊടുക്കേണ്ടതാണെന്നും അതിനായി അതാത് ജാതിക്കാർ ഗുണത്തിനല്ലാതെ ദോഷത്തിനു വഴിയില്ലെന്നും ഞങ്ങൾ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. റോമൻ കത്തോലിക്കരുടെ ഈ മെമ്മോറിയൽ എല്ലാ സമുദായങ്ങളുടേയും അവകാശസമത്വം സ്ഥാപിക്കുന്നതിനു ഫലപ്രദമാകട്ടെ എന്നു ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു."

"പൗരൻ", കായംകുളം

7. "...... മറ്റു ക്രിസ്ത്യൻ വിഭാഗക്കാരെക്കാൾ വളരെക്കൂടുതലാണ് കത്തോലിക്കാ സഹോദരന്മാരെന്നുള്ളത് വ്യക്തമാണ്. കത്തോലിക്കരുടെ ഈ മെമ്മോറിയൽ നാനാമുഖങ്ങളായ ചിന്താഗതികളെ ഉണ്ടാക്കുന്നുണ്ട്. കനേഷുമാരിക്കണക്കനുസരിച്ച് പതിനൊന്നുലക്ഷത്തിൽപ്പരം ക്രിസ്ത്യാനികളിൽ റോമൻ കത്തോലിക്കരെ ഒഴിച്ചാൽ വിദ്യാഭ്യാസവും മറ്റു യോഗ്യതകളും ഉള്ള മറ്റു ക്രിസ്ത്യൻ വിഭാഗങ്ങൾ, പൊതുവേ ക്രിസ്ത്യാനികളെന്ന പേരിൽ അനുഭവിക്കുന്ന അവകാശങ്ങൾ വെളിപ്പെടാതിരിക്കയില്ല. അപ്പോൾ റോമൻ കത്തോലിക്കരോട് ഗവൺമെന്റിനെന്നല്ല മറ്റു സഹോദരസമുദായങ്ങൾക്കും നിർവ്യാജമായ സഹതാപമുണ്ടാകാതിരിക്കയില്ല.... മെമ്മോറിയലിനെപ്പറ്റി ഗവൺമെന്റ് വേണ്ടവിധം പര്യാലോചിച്ചു കത്തോലിക്കരുടെ പരാതി ശമിപ്പിക്കേണ്ടത് കേവലം ധർമ്മമാകുന്നു"

"മലയാളി", കൊല്ലം.

8. "തിരുവിതാംകൂറിലെ പ്രധാന പ്രജാവിഭാഗമായ കത്തോലിക്കർ ആറുലക്ഷത്തിൽപരമുണ്ടെങ്കിലും ഇവർക്കു സർക്കാർ സർവ്വീസിൽ പറയത്തക്ക യാതൊരു പ്രോത്സാഹനവും ചെയ്തുവരുന്നില്ലെന്നുള്ളതു മഹാറാണി തിരുമനസ്സിലേക്കു മെമ്മോറിയൽ സമർപ്പിക്കുന്നതിന് എത്രയോ മുമ്പു തന്നെ ഞങ്ങൾക്ക് അറിയാവുന്ന ഒരു കാര്യമാണ്. .... എന്നാൽ ഇതിന്, ഈ തീരാപരാതിക്ക്, ഒരേ ഒരു സിദ്ധൗഷധം കാണുന്നത് കഴിഞ്ഞ സെൻസസ് പ്രകാരമുള്ള ജനവിഭാഗത്തിന്റെ ന്യൂനാധിക്യത്തെ ആസ്പദമാക്കി ഉദ്യോഗങ്ങളെ വിഭജിക്കുകയാകുന്നു. ഇതിനു മറ്റൊരുപശമനവും ഞങ്ങൾ കാണുന്നില്ല. ഉദ്യോഗങ്ങളുടെ എണ്ണവും ജനവിഭാഗങ്ങളുടെ ശതമാനവും നോക്കി വീതിച്ചുകൊടുക്കുകയും അങ്ങനെ ചെയ്യുമ്പോൾ ബ്രാഹ്മണരോ മറ്റോ കണക്കിൽ കവിഞ്ഞിട്ടുള്ളതായി കാണുന്നുവെങ്കിൽ ബ്രിട്ടീഷ് ഇന്ത്യയിലെപ്പോലെ അങ്ങിനെയുള്ളവരെ അല്പം തടഞ്ഞുനിർത്തിയിട്ട് പിന്നോക്കം നിൽക്കുന്നവരെ തൂക്കം ശരിപ്പെടുന്നതുവരെ കടത്തിവിടുകയാണ് വേണ്ടത്. അതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റും നിയമസഭാംഗങ്ങളും വേണ്ട ശ്രമം ചെയ്യണമെന്നു ഞങ്ങൾ താല്പര്യപ്പെടുന്നു.

"ലോകമിത്രം", ചിറയിൻകീഴ്.

ശ്രീവാഴുംകോട് കൊല്ലം, നവഭാരതി തിരുവല്ല, എന്നീ പത്രങ്ങളുടെ അഭിപ്രായങ്ങൾ 77, 78 പേജുകളിൽ ചേർത്തിട്ടുണ്ട്.

www.malankaralibrary.com

### 2. തിരുവിതാംകൂർ പത്രപ്രവർത്തകസംഘത്തിന്റെ പബ്ലിക് സർവ്വീസ് കമ്മിറ്റി റിപ്പോർട്ട്

തിരുവിതാംകൂർ പത്രപ്രവർത്തകസംഘത്തിന്റെ ഒരു വിശേഷാൽ യോഗം 1105 മകരം 16 നു സമദർശി പത്രാധിപർ മി.കെ. വേലുപ്പിള്ളയുടെ ആതിഥ്യത്തിൽകൂടി താഴെപ്പറയുന്ന നിശ്ചയപ്രകാരം ഒരു കമ്മറ്റിയെ നിയമിക്കുകയുണ്ടായി.

നിശ്ചയം – തിരുവിതാംകൂറിലെ വർഗ്ഗീയമായ ഉദ്യോഗവഴക്കു പല തരത്തിൽ രാഷ്ട്രകായത്തെ വർഗ്ഗീയമായി ഭിന്നിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ അതിനെ പരിഹരിക്കത്തക്കവിധം ഒരു പദ്ധതി രൂപവൽക്കരിക്കുന്നതിനു താഴെ കാണുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു സബ്കമ്മറ്റിയെ കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള അധികാരത്തോടുകൂടി ഈ യോഗം നിയോഗിക്കുന്നു. ഈ കമ്മറ്റി ഒരു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കേണ്ടതാകുന്നു. കമ്മറ്റിയിലെ അംഗങ്ങൾ മെ.കെ.സി. ഈപ്പൻ ബി.എ., എം.ആർ. മാധവവാര്യർ ബി.എ., എൽ.എൽ.ബി., പി.കെ. ഗോവിന്ദപ്പിള്ള, അമ്പലപ്പുഴ മഹാദേവശർമ്മ, എം.എം. വർക്കി, എം. രാമൻപിള്ള, കേശവൻ ചിറയിൽ ബി.എ., പി.ജെ. മാത്യു, എൻ.കെ. കൃഷ്ണപിള്ള (സംയോജകൻ)

ഈ കമ്മിറ്റി ആറുപേരെക്കൂടി കൂടിയാലോചനയ്ക്കു ക്ഷണിക്കുകയും അവരിൽ മെ. സി. വി. കുഞ്ഞുരാമൻ, ടി. സുമംഗലം എന്നീ രണ്ടു മാന്യന്മാർ മാത്രം കമ്മിറ്റി യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. പ്രസ്തുത കമ്മറ്റിയിൽനിന്നും താഴെപ്പറയുന്ന പദ്ധതി ഞങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

### പദ്ധതി

1. ഉദ്യോഗവിതരണത്തിൽ ജനസംഖ്യക്രമമനുസരിച്ച് സമുദായപ്രാതിനിധ്യതത്വം ഗവൺമെന്റു അംഗീകരിക്കേണ്ടതാണ്.

2. ഏതെങ്കിലും ഒരു സമുദായത്തിൽനിന്നു പല ഉദ്യോഗാർത്ഥികളുണ്ടെങ്കിൽ അവരിൽ കൂടുതൽ നൈപുണ്യമുള്ളവരെ തിരഞ്ഞെടുക്കുന്നതിനു ഒരു തിരഞ്ഞെടുപ്പു പരീക്ഷ നടത്താവുന്നതാണ്.

3. കഴിഞ്ഞ സെൻസസ് അനുസരിച്ച് സമുദായങ്ങളെ ഉദ്യോഗവിതരണത്തിനായി താഴെപ്പറയുന്ന വിധത്തിൽ വിഭജിക്കേണ്ടതും ഓരോ വിഭാഗത്തിനും താഴെപ്പറയുന്ന തോതും മുറയുമനുസരിച്ച് ഉദ്യോഗം വീതിക്കേണ്ടതും ആകുന്നു.

www.malankaralibrary.com

**ജനസംഖ്യാതോത്:**

**1. ഹിന്ദുക്കൾ**

| സമുദായം | ജനസംഖ്യ | ഉദ്യോഗ എണ്ണം |
|---|---|---|
| നായന്മാർ | 702076 | 7 |
| മറ്റു സവർണ്ണർ | 171969 | 2 |
| ഈഴവർ | 667935 | 7 |
| പുലയർ | 259222 | 2.5 |
| നാടാന്മാർ | 200838 | 2 |
| കമ്മാളന്മാർ | 163724 | 1.5 |
| മറ്റു ഹിന്ദുക്കൾ | 383900 | 4 |
| **ആകെ** | **2549664** | **26** |

**2. ക്രിസ്ത്യാനികൾ**

| സമുദായം | ജനസംഖ്യ | ഉദ്യോഗ എണ്ണം |
|---|---|---|
| ലത്തീൻ കത്തോലിക്കർ | 327979 | 3.5 |
| സിറിയൻ കത്തോലിക്കർ | 283333 | 3 |
| യാക്കോബായക്കാർ | 225854 | 2.5 |
| മാർതോമ്മാക്കാർ | 107862 | 1 |
| കാൺഗ്രിഗേഷനലിസ്റ്റ് | 108062 | 1 |
| മറ്റുള്ള ക്രിസ്ത്യാനികൾ | 119844 | 1 |
| **ആകെ** | **1172934** | **12** |

**3. മുസ്ലീമുകൾ**

| | | |
|---|---|---|
| **ആകെ** | **270478** | **3** |

**ഉദ്യോഗവിതരണമുറ**

1. മുസ്ലീമുകൾ
2. ലത്തീൻ കത്തോലിക്കർ
3. ഈഴവർ
4. മറ്റു അവർണ്ണർ
5. സിറിയൻ കത്തോലിക്കർ
6. പുലയരോ, പറയരോ
7. നായന്മാർ
8. യാക്കോബായക്കാർ
9. നാടാന്മാർ
10. മറ്റു സവർണ്ണർ
11. മാർതോമാക്കാർ
12. ഈഴവർ
13. കമ്മാളർ
14. മുസ്ലീമുകൾ
15. മറ്റു ക്രിസ്ത്യാനികൾ
16. നായന്മാർ

www.malankaralibrary.com

17. മറ്റു അവർണ്ണർ
18. കാൺഗ്രിഗേഷണലിസ്റ്റ്
19. ഈഴവർ
20. നായന്മാർ
21. പുലയരോ, പറയരോ
22. ലത്തീൻ കത്തോലിക്കർ
23. ഈഴവർ
24. നായന്മാർ
25. സിറിയൻ കത്തോലിക്കർ
26. മറ്റു അവർണ്ണർ
27. മറ്റു സവർണ്ണർ
28. മുസ്ലീമുകൾ
29. യാക്കോബായക്കാർ
30. ഈഴവർ
31. നായന്മാർ
32. ലത്തീൻ കത്തോലിക്കർ
33. നാടാന്മാർ
34. ഈഴവർ
35. നായന്മാർ
36. സിറിയൻ കത്തോലിക്കർ
37. മറ്റു അവർണ്ണർ
38. പുലയരോ പറയരോ, കമ്മാളരോ
39. ലത്തീൻ കത്തോലിക്കോരോ, യാക്കോബായക്കാരോ
40. ഈഴവർ
41. നായന്മാർ

4. മേൽപറഞ്ഞ തോതും മുറയുമനുസരിച്ച് ഓരോ സമുദായത്തിൽനിന്ന് തിരഞ്ഞെടുക്കുന്നതിന് അനുദ്യോഗസ്ഥരായ ഏഴ് അംഗങ്ങളടങ്ങിയ ഒരു സ്ററാഫ് സെലക്ഷൻ ബോർഡ് ഉണ്ടായിരിക്കേണ്ടതും ആ ബോർഡിൽ ഒരു നായരും ഒരു മറ്റു സവർണ്ണഹിന്ദുവും, ഒരു ഈഴവനും ഒരു മറ്റു അവർണ്ണഹിന്ദുവും ഒരു കത്തോലിക്കാ ക്രിസ്ത്യാനിയും ഒരു അകത്തോലിക്കാ ക്രിസ്ത്യാനിയും ഒരു മുസ്ലീമും ഉണ്ടായിരിക്കേണ്ടതും ആ ബോർഡിലെ അംഗങ്ങളെ നിയമസഭയ്ക്കു പുറത്തുനിന്നു തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം നിയമസഭയ്ക്ക് നൽകേണ്ടതുമാകുന്നു.

5. മേൽപറഞ്ഞ ഏതെങ്കിലും ഉപവിഭാഗത്തിൽ പരീക്ഷായോഗ്യതയും മറ്റുമുള്ളവർ ഇല്ലാതെവന്നാൽ പ്രധാന മതവിഭാഗത്തിൽപ്പെട്ടതും ഏററവും പ്രാതിനിധ്യം കുറഞ്ഞതുമായ മറ്റൊരു ഉപവിഭാഗത്തിൽനിന്നും യോഗ്യതയുള്ളവരെ ഉദ്യോഗത്തിൽ നിയമിക്കേണ്ടതും അതിനുപകരം ആദ്യത്തെ ഉപവിഭാഗത്തിൽപ്പെട്ടവർക്ക് രണ്ടാമത്തെ ഉപവിഭാഗത്തിൽപ്പെട്ടവർക്കു അവകാശമുള്ളതായ മറ്റൊരു സ്ഥാനം നൽകേണ്ടതുമാകുന്നു.

ഉദാഹരണം - പുലയസമുദായത്തിൽനിന്നു ഒരു ഗ്രാഡുവേററിനെ തിരഞ്ഞെടുക്കേണ്ടതായി വരികയും അതിന് ആ സമുദായത്തിൽ ആളില്ലാതെ വരികയും ചെയ്താൽ ഹിന്ദു സമുദായത്തിൽപെട്ട ഏററവും പ്രാതിനിധ്യക്കുറവുള്ള മറ്റൊരു വിഭാഗത്തിന് ആ ഉദ്യോഗം കൊടുക്കേണ്ടതും ഇവരിൽനിന്നും ഒരു സ്ഥാനം പുലയസമുദായത്തിന് പകരം നൽകേണ്ടതുമാകുന്നു.

6. ഉദ്യോഗത്തിനുള്ള തിരഞ്ഞെടുപ്പു ഗ്രാഡുവേറ്റുകൾ, അണ്ടർഗ്രാഡുവേറ്റുകൾ, സാങ്കേതിക പരിജ്ഞാനമുള്ളവർ, മാതൃഭാഷാ പരീക്ഷക്കാർ, വിശേഷാൽ പരീക്ഷായോഗ്യതയില്ലാത്തവർ എന്നീ അഞ്ചു തരത്തിൽ വേണ്ടതാകുന്നു.

www.malankaralibrary.com

7. സകല ഡിപ്പാർട്ടുമെന്റുകളിലും മേൽപറഞ്ഞ പ്രകാരം സമുദായപ്രാതിനിധ്യം നൽകേണ്ടതും ഉദ്യോഗങ്ങൾ കുറവായിരിക്കുന്ന മൈനർ ഡിപ്പാർട്ടുമെന്റുകളിൽ മതപ്രാതിനിധ്യമെങ്കിലും അനുവദിക്കേണ്ടതുമാകുന്നു.

8. മേലാലുള്ള പകരമൊ, സ്ഥിരമൊ, ആയ എല്ലാ പുതിയ നിയമനങ്ങളിലും സെലക്ഷൻ അപ്പോയിന്റ്മെന്റുകളിലും മേൽപ്പറഞ്ഞ തത്വങ്ങൾ സ്വീകരിക്കേണ്ടതാകുന്നു.

## ഉദ്ദേശകാരണവിവരണം

1. ഈ നാട്ടിലെ വർഗ്ഗീയവഴക്കിനു പ്രധാനകാരണം ഉദ്യോഗവഴക്കാകുന്നു. ഉദ്യോഗങ്ങൾ അധികാരസ്ഥാനങ്ങളാണ്. വിവിധസമുദായക്കാർക്കും അവരവർ അർഹിക്കുന്ന പ്രകാരം പ്രാതിനിധ്യമില്ലാത്തതുകൊണ്ട് പ്രസ്തുത അധികാരം ഇവിടെ ദുഷ്പ്രഭുത്വമായി പരിണമിച്ചിട്ടുണ്ട്. ഒരു രാജ്യത്തുള്ള എല്ലാ സമുദായക്കാർക്കും ഈ അധികാരസ്ഥാനങ്ങൾ അവകാശം പോലെ കിട്ടണമെന്നു വാദിക്കുന്നത് സൽഭരണത്തെ ഉദ്ദേശിച്ചു മാത്രമാണ്. എന്തെന്നാൽ രാജ്യഭരണത്തെ ഉത്തരോത്തരം നന്നാക്കണമെന്നുള്ള വിചാരത്തോടുകൂടി പരസ്പരം ദോഷങ്ങളെ തടയുകയും മത്സരപൂർവ്വം കാര്യങ്ങൾ നടത്തുകയും ചെയ്യുന്ന വിവിധസമുദായക്കാരുടെ പ്രതിനിധികൾ ഭരണഘടനയിലെ അംഗങ്ങളായിരിക്കുന്നതുകൊണ്ടുണ്ടാകുന്നിടത്തോളം കാര്യക്ഷമത മറ്റൊന്നുകൊണ്ടും ഉണ്ടാകുന്നതല്ല. ഭരണകാര്യത്തിൽ ഭാഗഭാക്കുകളാക്കുന്നതുപോലെ ഒരു സമുദായത്തെ രാജ്യകാര്യത്തിൽ തല്പരരാക്കുവാൻ മറ്റൊന്നിനും സാധിക്കുന്നതല്ല.

2. തിരുവിതാംകൂറിൽ പല സമുദായക്കാർക്കും ഉദ്യോഗവിഷയത്തിൽ വളരെ അസമത്വങ്ങൾ ഉണ്ട്. സാമുദായികമായ പല അസമത്വങ്ങളും പ്രതിബന്ധങ്ങളും പരിപാലിച്ചു കൊണ്ടിരുന്നതും ഇരിക്കുന്നതുമായ ഒരു രാജ്യത്ത് ചില സമുദായങ്ങളെ വിദ്യാലയങ്ങളിലും ചില ഡിപ്പാർട്ടുമെന്റുകളിലും സ്ഥാപനങ്ങളിലും കയറ്റാതെ തടഞ്ഞുനിർത്തിയും ചിലരോടു വർഗ്ഗീയദാക്ഷിണ്യം കാണിച്ചും വന്നിരുന്നതിനാൽ സ്വാഭാവികഗതിക്കു വിരുദ്ധമായി പല സമുദായങ്ങൾക്കും പബ്ലിക് സർവ്വീസിൽ അസമത്വം നേരിടുവാനിടയായിട്ടുള്ളതാണ്. പണ്ടത്തെ സുപ്രസിദ്ധമായ മലയാളിമെമ്മോറിയൽ കാലത്തിനു മുമ്പുമുതൽ ഈ നില ഇവിടെ സമുദായഭിന്നതയ്ക്കും ഗവൺമെന്റിനോടുള്ള വഴക്കിനും കാരണമാക്കിക്കൊണ്ടിരിക്കുന്നതാണെങ്കിലും ഇതേവരെ ഇതിനൊരു പരിഹാരമുണ്ടായിട്ടില്ല. പ്രജാസഭ, നിയമസഭ മുതലായ പ്രാതിനിധ്യസ്ഥാപനങ്ങളിൽ ഇതേപ്പറ്റി വലിയ വാദങ്ങളും വഴക്കുകളും നടന്നുവരുന്നുണ്ട്. ഓരോ സമുദായത്തിന്റെയും വകയായി പല മെമ്മോറിയലുകൾ തിരുവിതാംകൂർ ഗവൺമെന്റിനും അധീശഗവൺമെന്റിനും ഇക്കാര്യത്തെ സംബന്ധിച്ച് അയച്ചിട്ടുണ്ട്. ഈ നാട്ടിലെ വർത്തമാനപ്പത്രങ്ങൾ പലതും ഉദ്യോഗവഴക്കിൽ കേന്ദ്രീഭവിച്ചാണിരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഈ ഉദ്യോഗവഴക്കുമൂലം ഏകോ

www.malankaralibrary.com

ദരസഹോദരങ്ങളെപ്പോലെ വർത്തിച്ചുവന്ന പല സമുദായക്കാരും ഭിന്നിച്ചു മത്സരിക്കുന്നതിനിടയായിട്ടുണ്ട്. ഉദ്യോഗവഴക്കാകുന്ന ഈ വ്രണം ഗവൺമെന്റിന്റേയും സമുദായത്തിന്റേയും സുന്ദരഗാത്രത്തെ ദുഷിപ്പിച്ചിരിക്കുന്നതിനാൽ സൽഭരണം തന്നെ നിഷ്ക്രിയമായിത്തീർന്നിട്ടുണ്ട്.

3. മേൽപ്പറഞ്ഞ ദുഷ്യങ്ങളുടെ പരിഹാരത്തിനു സമുദായപ്രാതിനിധ്യതത്വം സ്വീകരിക്കാതെ ഗത്യന്തരമില്ല. ഗവൺമെന്റുതന്നെ പല വൈഷമ്യങ്ങൾ അനുഭവിച്ചതിന്റെ ഫലമായി ഈ തത്വം അംഗീകരിക്കുന്നുണ്ടെന്നു നിയമസഭയിലും മറ്റും പ്രഖ്യാപനം ചെയ്തിട്ടുണ്ട്. പക്ഷെ ഈ തത്വത്തെ വേണ്ട വിധത്തിൽ പ്രയോഗക്ഷമമാക്കുന്നതിന് ഗവൺമെന്റ് ഒട്ടുംതന്നെ ശ്രമിച്ചിട്ടില്ല. ഗവൺമെന്റിന്റെ ഉദ്യോഗവിതരണനയം ജനതാമദ്ധ്യത്തിൽ ഇന്നും അസംതൃപ്തി വർദ്ധിപ്പിച്ചുകൊണ്ടുതന്നെ വരികയാണ്. മേല്പറഞ്ഞ കാരണങ്ങളാൽ രാജ്യത്തിൽ ശാന്തതയുണ്ടാക്കുന്നതിനും വിവിധ സമുദായങ്ങൾക്കു തമ്മിൽ ഐക്യം വർദ്ധിപ്പിക്കുന്നതിനും ഭരണത്തെ പ്രജകൾക്കു കൂടുതൽ തൃപ്തികരമാക്കുന്നതിനുമായി ജനസംഖ്യാക്രമമനുസരിച്ചു സമുദായപ്രാതിനിധ്യതത്വം സ്വീകരിക്കണമെന്നാണ് ഞങ്ങൾ അഭിപ്രായപ്പെടുന്നത്.

4. ഇപ്രകാരം സമുദായ പ്രാതിനിധ്യതത്വം അംഗീകരിക്കുന്നതുകൊണ്ട് കാര്യക്ഷമതയ്ക്കു യാതൊരുവിധമായ ദോഷവുമുണ്ടാകുന്നതല്ല. ഒരു ഉദ്യോഗത്തിനു സർവ്വീസ് റെഗുലേഷൻപ്രകാരം എന്തു യോഗ്യത വേണമെന്നാണോ ഗവൺമെന്റ് നിശ്ചയിക്കുന്നത് ആ യോഗ്യതയില്ലാത്തയാളിനെ ഒരു സമുദായത്തിൽനിന്നും എടുക്കണമെന്നു ഞങ്ങൾ പറയുന്നില്ല. ഏതു സമുദായത്തിൽനിന്നാണോ ഏതെങ്കിലും ഉദ്യോഗത്തിനാളെടുക്കേണ്ടത് ആ സമുദായത്തിലുള്ളതിൽ ഏറ്റവും യോഗ്യതയുള്ളയാളിനെ എടുക്കേണ്ടതാണെന്ന് ഞങ്ങൾ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിധം സർവ്വകലാശാലയുടെയും സെലക്ഷൻ ബോർഡിന്റെയും പരീക്ഷകളിൽ വിജയം പ്രാപിച്ചവരായ ഏതെങ്കിലും സമുദായാംഗങ്ങൾക്ക് കാര്യക്ഷമതയില്ലെന്ന് ആരെങ്കിലും വാദിക്കുന്നതായാൽതന്നെ ആ സമുദായക്കാർക്ക് ഭരണചാതുരിയുണ്ടാക്കുവാൻ കാര്യക്ഷമതയെ അല്പം ബലികഴിച്ചാലും തരക്കേടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

5. ഞങ്ങൾ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പദ്ധതി ഗവൺമെന്റ് അംഗീകരിക്കുന്നതായാൽ അധികം താമസിയാതെ മിക്ക സമുദായങ്ങളുടെയും ഉദ്യോഗസംബന്ധമായ അസമത്വങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ഉദ്യോഗദാനവിഷയത്തിൽ ഗവൺമെന്റിനും ഉദ്യോഗസ്ഥന്മാർക്കുമുള്ള വൈഷമ്യങ്ങൾ നിശ്ശേഷം മാറുന്നതിനും ഉദ്യോഗകാര്യം രാജ്യകാര്യവിചാരത്തിൽനിന്നും ബഹിഷ്കൃതമാകുന്നതിനും ഈ പദ്ധതി സഹായിക്കാതെയിരിക്കുകയില്ല. ഈ പദ്ധതിയെ എല്ലാ പത്രങ്ങളും സ്വീകരിച്ചു ഏകസ്വരത്തിൽ അഭിപ്രായപ്രകടനം ചെയ്യുകയും വർഗ്ഗീയ വിദ്വേഷത്തിനു കാരണ

www.malankaralibrary.com

മാകുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കുകയും ചെയ്താൽ സമുദായമൈത്രിയെ പാലിക്കുവാൻ യാതൊരു വിഷമതയുമുണ്ടാകയില്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

കെ.സി. ഈപ്പൻ (ഒപ്പ്)
എം.ആർ. മാധവവാര്യർ (ഒപ്പ്)
പി.ജെ.മാത്യു (ഒപ്പ്)
എം.എം. വർക്കി (ഒപ്പ്)
പി.കെ. ഗോവിന്ദപ്പിള്ള (ഒപ്പ്)
അമ്പലപ്പുഴ മഹാദേശവർമ്മ (ഒപ്പ്)
എം. രാമൻപിള്ള (ഒപ്പ്)
കേശവൻ ചിറയിൽ (ഒപ്പ്)
സി.വി. കുഞ്ഞുരാമൻ (ഒപ്പ്)
എസ്.ടി സുഗലം (ഒപ്പ്)
എൻ.കെ. കൃഷ്ണപിള്ള (ഒപ്പ്)

---

കാത്തലിക് ഗ്രീവൻസസ് എന്ന മെമ്മോറാണ്ടം അവസാനിച്ചു. വായനക്കാരുടെ അറിവിലേക്കായി മെമ്മോറാണ്ടത്തിൽ ചേർത്തിരിക്കുന്ന പട്ടികകളുടെ സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.

## മെമ്മോറിയലിലെ പട്ടികകൾ

ഇന്ന് മോമ്മോറാണ്ടങ്ങളും പ്രമേയങ്ങളും തയ്യാറാക്കുന്നത് വളരെ ലഘുവായ ഒരു ചടങ്ങാണ്. അവയ്ക്ക് ഉപോൽബലകങ്ങളായ വസ്തുതകൾ ശേഖരിച്ച് നൽകുന്നതിൽ ആരും അത്ര താല്പര്യം പ്രകടിപ്പിക്കുന്നുമില്ല. എന്നാൽ പണ്ട് അങ്ങനെയായിരുന്നില്ല. അന്ന് മെമ്മോറാണ്ടത്തിൽ ഉന്നയിക്കുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ആവശ്യമായ സ്ഥിതിവിവരകണക്കുകളുംകൂടി ഉൾപ്പെടുത്തുമായിരുന്നു. തിരുവിതാംകൂർ മഹാരാജാവിന് കഴിഞ്ഞകാലങ്ങളിൽ സമർപ്പിച്ച മെമ്മോറാണ്ടങ്ങൾ പൂർണ്ണമായി പ്രസിദ്ധീകരിച്ചാൽ ആയിരക്കണക്കിന് പേജുകൾ വരും. ഈ ഗ്രന്ഥത്തിൽ പ്രധാനമായും ചേർത്തിരിക്കുന്ന കാത്തലിക് ഗ്രിവൻസസ് എന്ന മെമ്മോറാണ്ടം തന്നെ 140-ഓളം പേജുകളുണ്ട്. ആ മെമ്മോറിലിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികകൾ തയ്യാറാക്കാൻ മാസങ്ങൾതന്നെ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഇതിനുവേണ്ടി കഷ്ടപ്പെട്ടത് ശ്രീ. എം.എം. വർക്കിയെന്ന ദാസൻ വർക്കിയാണ്. ഈ മെമ്മോറിയലിൽ ചേർത്തിരിക്കുന്ന പട്ടികകൾ ഏതെന്ന് ഒന്ന് പരിശോധിക്കാം. (1) തിരുവിതാംകൂർ പബ്ളിക് സർവ്വീ

www.malankaralibrary.com

സിലുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള വിവരണം. (2) തിരുവിതാംകൂർ പബ്ളിക് സർവ്വീസിൽ ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള വിവരണം. (3) തിരുവിതാംകൂറിലെ പബ്ളിക് സർവ്വീസിൽ ചില ഡിപ്പാർട്ടുമെന്റുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള വിവരണം. (4) തിരുവിതാംകൂർ പബ്ളിക് സർവ്വീസിലെ ചില ഡിപ്പാർട്ടുമെന്റുകളിൽ ഗവൺമെന്റും ചില ഡിപ്പാർട്ട്മെന്റ് അദ്ധ്യക്ഷന്മാരും നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള വിവരണം. (5) തിരുവിതാംകൂർ പബ്ളിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924–1931) പുറത്തുനിന്ന് നേരിട്ട് നിയമിക്കപ്പെട്ടവരിൽ അലവൻസ് ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 50 ഉം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റിവരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ വിവരണം. (6) തിരുവിതാംകൂർ പബ്ളിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924–1931) പുറത്തുനിന്നും നിയമിക്കപ്പെട്ടവരിൽ അലവൻസ് ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150 ഉം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റിവരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ കത്തോലിക്കർ. (7) തിരുവിതാംകൂർ പബ്ളിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് (1924–1931) പുറത്തുനിന്നും നേരിട്ടു നിയമിക്കപ്പെട്ടവരിൽ അലവൻസ് ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150 ഉം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റിവരുന്ന ഉദ്യോഗസ്ഥന്മാരിൽ മറ്റുക്രൈസ്തവർ. (8) തിരുവിതാംകൂർ പബ്ളിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് പുറത്തുനിന്നും നേരിട്ട് നിയമിക്കപ്പെട്ടവരിൽ അലവൻസ് ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150 ഉം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റിവരുന്ന ഉദ്യോഗസ്ഥന്മാരിൽ ബ്രാഹ്മണർ. (9) തിരുവിതാംകൂർ പബ്ളിക് സർവ്വീസിൽ റീജൻസി ഭരണകാലത്ത് പുറത്തുനിന്നും നേരിട്ട് നിയമിക്കപ്പെട്ടവരിൽ അലവൻസ് ഉണ്ടെങ്കിൽ അതുൾപ്പെടെ ഇപ്പോൾ 150 ഉം അതിൽ കൂടുതലും രൂപാ ശമ്പളം പറ്റിവരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ നായന്മാർ. (10) തിരുവിതാംകൂർ നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമായ അനുദ്യോഗസ്ഥ മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (11) തിരുവിതാംകൂർ നിയമസഭയിലേയ്ക്ക് പൊതു നിയോജകമണ്ഡലങ്ങളിൽ നിന്നും പ്രത്യേക നിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (12) തിരുവിതാംകൂർ നിയമസഭയിലേയ്ക്ക് (1) ജന്മികൾ (2) തോട്ടക്കാർ (3) ഇടവക (4) തെക്കൻ വാണിജ്യവ്യവസായം (5) വടക്കൻ വാണിജ്യവ്യവസായം എന്നീ പ്രത്യേക നിയോജകമണ്ഡലങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ജാതിതിരിച്ചുള്ള വിവരണം. (13) തിരുവിതാംകൂർ നിയമസഭയിലേയ്ക്ക് ഗവൺമെന്റിനാൽ നോമിനേറ്റ് ചെയ്യപ്പെട്ട അനുദ്യോഗസ്ഥ മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (14) തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലെ മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (15) തിരുവിതാംകൂർ ശ്രീമൂലം

www.malankaralibrary.com

പ്രജാസഭയിലെ തിരഞ്ഞെടുക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമായ മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (16) തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് പൊതുനിയോജകമണ്ഡലങ്ങളിൽ നിന്നും പ്രത്യേക നിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (17) തിരുവിതാംകൂർ നിയമസഭയിലേയ്ക്ക് തോട്ടക്കാർ, കച്ചവടക്കാർ, മുൻസിപ്പാലിറ്റികൾ, ജന്മികൾ, എന്നീ നാലു പ്രത്യേക പ്രത്യേക നിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (18) തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് പൊതുനിയോജകമണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (19) തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് നിയമിക്കപ്പെട്ടവരുടെ ജാതിതിരിച്ചുള്ള വിവരണം. (20) തിരുവിതാംകൂറിലുള്ള 19 മുൻസിപ്പൽ കൗൺസിലുകളിലെ തിരഞ്ഞെടുക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമായ മെമ്പർമാരുടെ ജാതിതിരിച്ചുള്ള വിവരണം. (21) തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയിലേയ്ക്ക് നിയമിക്കപ്പെട്ടവരുടെ ജാതിതിരിച്ചുള്ള വിവരണം തുടങ്ങിയവ അനുബന്ധമായി ഈ മെമ്മോറിയലിൽ ചേർത്തിരിക്കുന്നത് കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. അന്ന് പത്രങ്ങൾ ഈ വിഷയത്തെപ്പറ്റി എഴുതിയ അഭിപ്രായപ്രകടനങ്ങളും ഇതിൽ ചേർത്തിരിക്കുന്നു.

മുൻപുനടന്ന സെൻസസ് അനുസരിച്ച് സമുദായങ്ങളെ ഉദ്യോഗവിതരണത്തിനായി വിഭജിക്കേണ്ട വിധവും ഓരോ വിഭാഗത്തിനും ഉദ്യോഗത്തിന് വീതിക്കേണ്ട തോതും മുറയും പ്രത്യേകം എടുത്തു കാണിച്ചിട്ടുമുണ്ട്. ഇതെല്ലാം അന്നത്തെ ഉദ്യോഗരംഗത്തുള്ള അനീതി സ്പഷ്ടമാക്കുന്നതാണ്. എല്ലാ വിവരങ്ങളും ചേർത്ത് പ്രസിദ്ധീകരിച്ച ഈ നിവേദനം ഇന്നത്തെ തലമുറ മനസ്സിലാക്കി പ്രവർത്തിക്കുന്നത് നന്നായിരിക്കും. കഴിഞ്ഞകാലങ്ങളിൽ കത്തോലിക്കാ കോൺഗ്രസ്സ് എന്തുചെയ്തു, എങ്ങനെ പ്രവർത്തിച്ചുവെന്ന് മനസ്സിലാക്കാതെ കോൺഗ്രസ്സ് പ്രവർത്തനങ്ങളിലേർപ്പെടുന്നവർ സംഘടനയെ വഞ്ചിക്കുകയായിരുക്കും ചെയ്യുന്നത് എന്നുകൂടി പ്രസ്താവിക്കട്ടെ.

www.malankaralibrary.com

# 5. ചരിത്രം സൃഷ്ടിച്ച ഒരു നിവേദനം

തിരുവിതാംകൂറിലെ ഓരോ സമുദായവും അതതു സമുദായങ്ങളുടെ മാത്രം താൽപര്യം സംരക്ഷിക്കുവാൻ ശ്രമിച്ചിരുന്ന ഒരു കാലഘട്ടത്തിൽ എല്ലാ സമുദായങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം ആദ്യമായി തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ചത് 1932 ഒക്ടോബർ 15 ന് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ആണ്. എല്ലാ സമുദായങ്ങളുടേയും താല്പര്യം സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഈ നിവേദനം ഇന്ത്യ ഒട്ടാകെ പ്രശംസിക്കപ്പെട്ടു. ചരിത്രം സൃഷ്ടിച്ച ആ നിവേദനം കവടിയാർ കൊട്ടാരത്തിലെത്തി മഹാരാജാവിന് സമർപ്പിച്ചത് തിരുവിതാംകൂർ സ്റ്റേറ്റ് കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് എൻ.വി. ജോസഫ്, സെക്രട്ടറി എ.സി. കുര്യാക്കോസ്, എ.ജെ. ജോൺ, ഇ.പി. വർഗീസ്, ജോസഫ് ചാഴികാടൻ എന്നിവർ ചേർന്നാണ്.

സംയുക്ത രാഷ്ട്രീയ കോൺഗ്രസ്സിന്റെ രൂപീകരണത്തിനും നിവർത്തനപ്രക്ഷോഭണത്തിനും വഴിതെളിച്ചത് ഈ നിവേദനം സമർപ്പിക്കലാണ്. ആ നിവേദന സമർപ്പണത്തിന്റെ പശ്ചാത്തലത്തെപ്പറ്റി ഒന്നു ചിന്തിക്കുന്നത് സമുചിതമായിരിക്കും.

പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനും അവശതകൾ പരിഹരിക്കുന്നതിനും പുറമേനിന്നുള്ള പ്രക്ഷോഭണത്തോടൊപ്പം പ്രതിനിധിസഭകളിൽ കയറിപ്പറ്റി അവിടെനിന്നുകൂടി വാദിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കത്തോലിക്കാ സമുദായം മനസ്സിലാക്കി. പക്ഷെ അന്നത്തെ വോട്ടവകാശ സമ്പ്രദായവും നിയോജകമണ്ഡല വിഭജനവും കത്തോലിക്കർക്ക് അർഹമായ പ്രാധിനിദ്ധ്യം ലഭിക്കത്തക്കതരത്തിലല്ലായിരുന്നു. പോരെങ്കിൽ തെരഞ്ഞെടുപ്പുകാലത്ത് തിരുവിതാംകൂറിൽ വർഗീയത കൊടികുത്തി വാഴുകയും ചെയ്തിരുന്നു. അതിനാൽ നിയമസഭകളിൽ കടന്നുകൂടാൻ സാധിച്ചവർ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യത്തിനുവേണ്ടി ഉഗ്രസമരം നടത്തിയിരുന്നു. ഇതിനു നേതൃത്വം നൽകിയ കുഞ്ഞിത്തൊമ്മൻ ഇതരസമുദായങ്ങളുടെ മാത്രമല്ല സ്വന്തം സമുദായത്തിൽപ്പെട്ടവരുടെ പോലും പരിഹാസത്തിന് പാത്രീഭവിച്ചിരുന്നു. അതൊന്നും കുഞ്ഞിത്തൊമ്മനെ തന്റെ പ്രവർത്തനത്തിൽ നിന്നും പിന്തിരിപ്പിച്ചില്ല. നിയമസഭാ പ്രാതിനിധ്യത്തിനുവേണ്ടി നടന്ന സമരത്തെപ്പറ്റി പറയുന്നതിന് മുമ്പ് തിരുവിതാംകൂറിലെ നിയമസഭകളെപ്പറ്റി അല്പം പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിലാദ്യമായി ഒരു നിയമ

www.malankaralibrary.com

നിർമ്മാണസഭ ആരംഭിച്ചത് തിരുവിതാംകൂറിലാണ്. 1888-ൽ ആരംഭിച്ച നിയമനിർമ്മാണസഭ ലജിസ്ലേറ്റീവ് കൗൺസിൽ എന്നാണ് അറിയപ്പെട്ടത്. അഖിലേന്ത്യാതലത്തിൽ തിരുവിതാംകൂറിന് പ്രശസ്തി നേടിക്കൊടുത്ത നിയമനിർമ്മാണസഭയുടെ രൂപീകരണം പൗരാവകാശലബ്ധിയ്ക്കു വേണ്ടിയുള്ള പ്രക്ഷോഭം നടത്തുവാൻ തിരുവിതാംകൂർ ജനതയ്ക്ക് പ്രചോദനം നൽകിയെന്നു പറയാം. അഞ്ചു ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും മൂന്ന് അനുദ്യോഗസ്ഥാംഗങ്ങളും ഉൾപ്പെടെ എട്ടുപേരായിരുന്നു സഭയിലെ അംഗങ്ങൾ. തെരഞ്ഞെടുപ്പു തത്വം അംഗീകരിച്ചിരുന്നില്ല. കൂടുതൽ അധികാരത്തിനുവേണ്ടിയുള്ള ജനങ്ങളുടെ മുറവിളി ഉയർന്നുകൊണ്ടിരുന്നു. തൽഫലമായി 1898-ൽ നിയമനിർമ്മാണസഭ പരിഷ്കരിച്ചു. 22 വർഷക്കാലം പരിഷക്കരണത്തിന് വിധേയമാകാതെ ആ നിയമനിർമ്മാണസഭ നിലകൊണ്ടു. ഇതേസമയം 1904-ൽ 100 അംഗങ്ങളുള്ള ശ്രീമൂലം പ്രജാസഭ രൂപീകരിക്കുകയും പ്രജാസഭയിലെ 77 അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. തെരഞ്ഞെടുപ്പുതത്വം അംഗീകരിച്ചത് ജനാധിപത്യത്തിലേയ്ക്കുള്ള വലിയൊരു കാൽവയ്പ്പായിട്ടാണ് ഇന്ത്യ മുഴുവൻ ദർശിച്ചത്. നിവേദനസമർപ്പണത്തിനുള്ള അവകാശമല്ലാതെ മറ്റു യാതൊരു അവകാശവും സഭയിലെ അംഗങ്ങൾക്ക് ഉണ്ടായിരുന്നില്ല. അധികം താമസിയ്ക്കാതെ ശ്രീമൂലം പ്രജാസഭ നിർത്തിക്കളഞ്ഞു. ലജിസ്ലേറ്റീവ് കൗൺസിലിന് കൂടുതൽ അധികാരം വേണമെന്നു മുറവിളി ഉയർന്നു. തന്മൂലം 1920-ൽ നിയമനിർമ്മാണസഭ വീണ്ടും പരിഷ്ക്കരിച്ചു. ഗവൺമെന്റിന്റെ ബഡ്ജറ്റിനെപ്പറ്റി ചർച്ചചെയ്യുവാനും നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുവാനുമുള്ള അവകാശം അംഗങ്ങൾക്കു ലഭിച്ചു. കൂടുതൽ അധികാരങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭം വീണ്ടും തുടർന്നു. തൽഫലമായി അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു നിയമസഭ 1921-ലെ ഭരണപരിഷ്ക്കാരത്തോടുകൂടി നിലവിൽ വന്നു. 1932 വരെ ആ പരിഷ്കാരം നിലനിന്നു. അതിനിടെ നാലു തെരഞ്ഞെടുപ്പുകൾ നടന്നു. കരം തീരുവയുടെ അടിസ്ഥാനത്തിലായിരുന്നു വോട്ടവകാശം. നിയമസഭാ പ്രാതിനിധ്യം പൗരന്മാരിൽ രണ്ടരശതമാനത്തിനു മാത്രമേ ലഭ്യമാകുകയുള്ളുവെന്ന വസ്തുത ഈ തെരഞ്ഞെടുപ്പുകളിൽ നിന്നും വ്യക്തമായി. അന്നത്തെ സമ്മതിദാന യോഗ്യതയും നിയോജകമണ്ഡലവിഭജനവും പൊതുവേ വളരെ തുഛമായ ഒരു വിഭാഗത്തിനു മാത്രം പൗരാവകാശം ലഭിക്കത്തക്കതായിരുന്നുവെന്നതിനു പുറമേ ആ ചെറിയ വിഭാഗം തന്നെ സാമുദായികമായി സവർണ്ണ ഹിന്ദുക്കളിൽ മാത്രം ഉൾപ്പെടുന്നവരുമായിരുന്നുവെന്ന് അനുഭവപ്പെട്ടു. 1922, 1925, 1928, 1931 എന്നീ വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ ലഭിച്ച സീറ്റുകൾ താഴെ കാണുന്ന പട്ടികയിൽ നിന്നു വിശദമാകും.

www.malankaralibrary.com

| | ആകെജനസംഖ്യ | ലഭിച്ച സീറ്റ് | | | |
|---|---|---|---|---|---|
| | 50.59 ലക്ഷം | 1922 | 1925 | 1928 | 1931 |
| നായന്മാർ | 8.68 | 12 | 13 | 14 | 15 |
| ക്രസ്ത്യാനി | 16.04 | 7 | 7 | 6 | 4 |
| ഈഴവൻ | 8.69 | 0 | 0 | 0 | 0 |
| മുസ്ലീം | 3.53 | 0 | 0 | 1 | 0 |
| മറ്റുസവർണ്ണഹിന്ദുക്കൾ | 4.79 | 4 | 3 | 2 | 3 |
| മറ്റു അവർണ്ണഹിന്ദുക്കൾ | 9.17 | 0 | 0 | 0 | 1 |

1931 ലെ തെരഞ്ഞെടുപ്പിൽ കത്തോലിക്കർക്ക് ലഭിച്ചത് രണ്ടുസീറ്റുമാത്രമാണ്. 8.68 ലക്ഷം ജനസംഖ്യയുള്ള നായന്മാർക്ക് നാലു തെരഞ്ഞെടുപ്പുകളിലും യഥാക്രമം 12,13,14, 15 സീറ്റുകൾ ലഭിച്ചപ്പോൾ 8.69 ലക്ഷം ജനസംഖ്യയുള്ള ഈഴവർക്ക് നാലു തെരഞ്ഞെടുപ്പുകളിലും ഓരോ സീറ്റുപോലും നേടുവാൻ സാധിച്ചില്ല. അവർണ്ണഹിന്ദുക്കളുടെയും മുസ്ലീമിന്റെയും സ്ഥിതി ഇതുതന്നെയായിരുന്നു.

ഈ കാലഘട്ടത്തിൽ സർക്കാർ സർവ്വീസിലെ പ്രാതിനിധ്യവും പഠനവിധേയമാക്കേണ്ടതാണ്. 16.04 ലക്ഷമുള്ള ക്രസ്ത്യാനികളിൽ നിന്നും 4042 ഉദ്യോഗസ്ഥന്മാർ സർവ്വീസിൽ ഉണ്ടായിരുന്നപ്പോൾ 8.68 ലക്ഷമുള്ള നായന്മാരിൽ നിന്ന് 13435 പേർ സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നു. 4.79 ലക്ഷമുള്ള സവർണ്ണഹിന്ദുക്കളിൽ നിന്നും 5257 പേരും സർവ്വിസിൽ ഉണ്ടായിരുന്നു. അതേസമയം 8.69 ലക്ഷമുള്ള ഈഴവരിൽ നിന്നും വെറും 913 പേരും 3.53 ലക്ഷമുള്ള മുസ്ലീങ്ങളിൽ നിന്നും 613 പേരും 9.17 ലക്ഷമുണ്ടായിരുന്ന അധഃകൃതരിൽ നിന്നും 422 പേരും .03 ലക്ഷമുള്ള മറ്റുജാതിക്കാരിൽ നിന്നും വെറും 83 പേരും മാത്രമാണ് സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നത്.

ക്രൈസ്തവർ, ഈഴവർ, മുസ്ലീങ്ങൾ, മറ്റ് അധഃകൃതജാതിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രതിനിധി സഭകളിലും സർക്കാർ സർവ്വീസിലും ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നുവെന്ന് മേൽ വിവരിച്ച സ്ഥിതിവിവരക്കണക്കുകൾ വെളിവാക്കുന്നു,

1932-ൽ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവായി അധികാരമേറ്റെടുത്തു. അദ്ദേഹം സർ. സി.പി. യെ തന്റെ ഉപദേഷ്ടാവായി നിയമിച്ചു. റീജൻസി ഭരണകാലത്ത് റീജൻസി ഭരണം അവസാനിപ്പിക്കുവാൻ ജൂണിയർ മഹാറാണിയുടെ താത്പര്യപ്രകാരം നായന്മാരുടെ നേതൃത്വത്തിൽ നടന്ന ഒപ്പിടീൽ പ്രസ്ഥാനത്തിൽ സഹകരിക്കണ്ടായെന്ന് കത്തോലിക്കാ കോൺഗ്രസ്സ് തീരുമാനിച്ചു. വൈരാഗ്യബുദ്ധിയൊടെയാണ് ജൂണിയർ മഹാറാണിയും സർ. സി.പി. യും കത്തോലിക്കരുടെ ഈ നടപടിയെ കണ്ടത്.

www.malankaralibrary.com

1932 ജൂൺ 2 ന് പ്രഖ്യാപിച്ച ഭരണപരിഷ്കാരവും ക്രിസ്ത്യൻ, ഈഴവ, മുസ്ലീം സമുദായ താത്പര്യങ്ങൾക്ക് ഗുണകരമല്ലെന്ന് കേരളത്തിലെ ജന സമുദായങ്ങൾക്ക് ബോധ്യമായി. ഈ അവഗണനകൾ അവസാനിപ്പിക്ക ണമെന്ന് ആശ്യപ്പെട്ടുകൊണ്ടാണ് 1932 ഒക്ടോബർ 15-ാം തീയതി നിവേ ദനം സമർപ്പിച്ചത്. ഈ നിവേദനം സമർപ്പിച്ചിട്ട് ഒരു മറുപടി പോലും സർക്കാർ ഭാഗത്തുനിന്നുണ്ടായില്ല.

ഈ മൊമ്മോറാണ്ടസമർപ്പണവും തുടർനടപടികളും അവശസമുദാ യങ്ങളെ മുഴുവൻ ഒന്നിപ്പിക്കുന്നതിന് സഹായകമായി. തിരുവിതാംകൂറിലെ രാഷ്ട്രീയപ്രശനങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരമാധികാരത്തോടുകൂടി രൂപീകരിച്ച സാംസ്ഥാനിക കത്തോലിക്കാ കോൺഗ്രസ്സ്, അവശസമുദായ ങ്ങളുടെ ഒരു യോഗം 1932 ഡിസംബറിൽ (1108 ധനു 3-ാം തീയതി) തിരുവ നന്തപുരത്ത് എൽ.എം.എസ്. ഹാളിൽ വിളിച്ചുചേർത്തു. പ്രസ്തുതയോഗം "തിരുവിതാംകൂർ സംസ്ഥാനത്തെ നിയമസഭയുടെ രണ്ടുമണ്ഡലങ്ങളിലും വിവിധ സമുദായങ്ങൾക്ക് അവരുടെ സംഖ്യാബലമനുസരിച്ച് സ്ഥാനങ്ങൾ ക്ലിപ്തപ്പെടുത്തി കൊടുക്കേണ്ടതാണെന്ന് ഒരു പ്രമേയം അംഗീകരിച്ചു മറ്റൊരു പ്രമേയം വഴി സമസ്ത തിരുവിതാംകൂർ രാഷ്ട്രീയ സമിതി രൂപീ കരിക്കുവാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് സമുദായ നേതാക്കൾ സംയു ക്തപ്രസ്താവനയിൽ "നമ്മുടെ രാഷ്ട്രീയ ആവശ്യങ്ങളുടെ സംസ്ഥാപന ത്തിനുവേണ്ടി നാം അടുത്തുവരുന്ന തെരഞ്ഞെടുപ്പുകളിൽ നിസ്സഹകരി ക്കാൻ നിർബന്ധിതരായി തീരാവുന്നതാണ്." എന്ന് പറയുകയും ചെയ്തു. ഈ വാചകം പിന്നീടുണ്ടായ നിവർത്തന പ്രസ്ഥാനത്തിന്റെ വിത്തു തന്നെയായിരുന്നു. സർക്കാരിൽ നിന്നും അനുകൂലമായ മറുപടി ലഭിക്കുക യുണ്ടായില്ല. അവഗണിക്കപ്പെട്ട സമുദായങ്ങളുടെ പ്രതിനിധി സമ്മേളനം 1933 ജനുവരി 25-ന് തിരുവനന്തപുരത്ത് എൽ.എം.എസ്. ഹാളിൽ ചേർന്നു. ശ്രീ. ഇലഞ്ഞിക്കൽ ഇ.ജെ. ജോൺ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു. രാഷ്ട്രീയമായ എല്ലാപ്രശനങ്ങളും പരിഹരിച്ചു കിട്ടുന്നതുവരെ അസമത്വം അനുഭവിക്കുന്ന സമുദായക്കാർ നിയമസഭാതെരഞ്ഞെടുപ്പുകളിൽ നിവർത്ത നനയം അനുഷ്ഠിക്കണമെന്നുള്ള പ്രമേയം പ്രൗഢമായ ഒരു പ്രസംഗത്തോ ടുകൂടി ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചു. തുടർന്ന് പ്രക്ഷോഭണത്തിന് നേതൃത്വം നൽകുവാൻ മൂന്നുസമുദായങ്ങളും കൂടി ച്ചേർന്ന് സംയുക്ത രാഷ്ട്രീയ കോൺഗ്രസ്സ് രൂപവത്കരിച്ചു. അതിന്റെ പ്രസി ഡന്റായി ഇ.ജെ. ജോണും, ജനറൽ സെക്രട്ടറിയായി ശ്രീ. എൻ.വി. ജോസഫും ജോ. സെക്രട്ടറിമാരായി ശ്രീ. പി.കെ. കുഞ്ഞ്, സി. കേശവൻ, കെ.റ്റി. തോമസ് എന്നിവരും ഖജാൻജിയായി ശ്രീ. എ.വി. ജോർജ്ജും തെര ഞ്ഞെടുക്കപ്പെട്ടു.

നിവർത്തനക്കാരുടെ നിവേദനങ്ങളെ അവഗണിച്ച് തെരഞ്ഞെടുപ്പു നട

www.malankaralibrary.com

ത്തി. ആ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തോടെ ഭരണപരിഷ്ക്കാരത്തിന്റെ പൊള്ളത്തരം എല്ലാവർക്കും ബോധ്യമായി. സംയുക്ത രാഷ്ട്രീയ മഹാസഭയുടെ സുശക്തമായ പ്രക്ഷോഭണത്തിന്റെ മുമ്പിൽ ഗവൺമെന്റിന് മുട്ടുമടക്കേണ്ടതായി വന്നു. മഹാസഭ ഉന്നയിച്ച അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് സമ്മതിദാന തത്വങ്ങളെക്കുറിച്ച് വിസ്തരിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും നിയോജകമണ്ഡലങ്ങളെ ക്രമപ്പെടുത്തി പൂർണ്ണമായ ഒരു പദ്ധതി തയ്യാറാക്കുന്നതിനുമായി ലോ-കോളേജ് പ്രിൻസിപ്പാൾ ഇ. സുബ്രമഹ്ണ്യ അയ്യരെ കമ്മീഷണറായി നിയമിച്ചുകൊണ്ട് 1935 ആഗസ്റ്റ് 17-ാം തീയതി ഒരു പ്രസ് കമ്യൂണിക്കെ പ്രസിദ്ധീകരിച്ചു. 1936 ആഗസ്റ്റ് 16-ാം തീയതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംയുക്ത രാഷ്ട്രീയ മഹാജനസഭയ്ക്കും സ്വീകാര്യമായിരുന്നു. പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ നീക്കങ്ങൾ ആരംഭിച്ചു. ദിവാൻ പേഷ്ക്കാർ ആയിരുന്ന എം.കെ. നീലകണ്ഠ അയ്യരെ നിയോജകമണ്ഡലങ്ങൾ തിരിക്കുന്നതിനും വോട്ടർപട്ടിക തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തി.

നിവർത്തനപ്രക്ഷോഭത്തിനിടയ്ക്ക് ദിവാനായി നിയമിക്കപ്പെട്ടിരുന്ന സർ മുഹമ്മദ് ഹബീബുള്ളയാണ് സംയുക്ത സമുദായങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് നേതൃത്വം വഹിച്ചത്. പുതിയ ഭരണപരിഷ്ക്കാരത്തെതുടർന്ന് അദ്ദേഹം ദിവാൻ സ്ഥാനത്തുനിന്ന് വിരമിക്കുകയും 1936 ഒക്ടോബർ 8-ാം തീയതി സർ. സി.പി. രാമസ്വാമി അയ്യർ ദിവാനായി ചാർജ്ജെടുക്കുകയും ചെയ്തു.

# 6. ക്രിസ്ത്യൻ മെമ്മോറാണ്ടം

1944 ജനുവരി 11-ാം തീയതി തിരുവിതാംകൂറിലെ ക്രൈസ്തവരായ എം.എൽ.എ.മാരും എം.എൽ.സിമാരും ചേർന്ന് സമർപ്പിച്ച മെമ്മോറാണ്ടമാണ് ക്രിസ്ത്യൻ മെമ്മോറാണ്ടം. ക്രിസ്ത്യാനികളുടെ ജനസംഖ്യ 32.3 ആയിരുന്നുവെങ്കിലും അതിന് ആനുപാതികമായി പ്രാതിനിദ്ധ്യം സർക്കാർ സർവ്വീസിൽ ലഭിക്കുന്നില്ലെന്നുള്ളതായിരുന്നു മെമ്മോറാണ്ടത്തിൽ ഒന്നാമതായി പ്രതിപാദിച്ചിരുന്നത്. 300 രൂപയിൽ കൂടുതൽ ശമ്പളമുള്ളവരുടെ എണ്ണം യഥാർത്ഥത്തിൽ കുറയുകയാണ് ചെയ്തതെന്നും മെമ്മോറാണ്ടത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഭൂനിയമംമൂലം ഉളവായ വിഷമതകളാണ് പ്രമേയത്തിൽ സൂചിപ്പിച്ച രണ്ടാമത്തെ കാര്യം. ഏലകർഷകരെ പ്രധാനമായി ബാധിക്കുന്ന പ്രശ്നങ്ങൾ മെമ്മോറാണ്ടത്തിൽ എടുത്തു പറഞ്ഞിരുന്നു. സർക്കാർനയം മൂലം വിദ്യാഭ്യാസരംഗത്ത് ഉണ്ടായ പ്രശ്നങ്ങളായിരുന്നു മൂന്നാമത്തെ ഇനം.

www.malankaralibrary.com

ക്രിസ്ത്യൻ മെമ്മോറാണ്ടത്തിൽ ഒപ്പുവെച്ച 8 ജനപ്രതിനിധികൾ പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ മത്സരിച്ചു. അവർ 8 പേരെയും പരാജയപ്പെടുത്തുവാൻ സി.പി. ശ്രമിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സ് ഈ എട്ട് പേർക്കെതിരെയും സ്ഥാനാർത്ഥികളെ നിറുത്തി അവരെ പരാജയപ്പെടുത്തുവാൻ സി.പി.യെ പരോക്ഷമായി സഹായിച്ചു. ആ മെമ്മോറാണ്ടത്തിൽ ഒപ്പുവെച്ച എം.എൽ.എ.മാർ താഴെ പറയുന്നവരാണ്. തര്യതു കുഞ്ഞിത്തൊമ്മൻ, താമരപ്പള്ളിയിൽ കൊച്ചു തൊമ്മൻ, കോട്ടാലിൽ പി. അബ്രാഹം, ഇ.പി. വർഗ്ഗീസ്, കെ.എസ്സ്. സെബാസ്റ്റ്യൻ, പി.വി. മത്തായി ചെമ്പരത്തി, കെ.പി. കൊച്ചു കോരതരകൻ, ജി. ഫ്രാൻസീസ്, കെ. ഡൊമിനിക് ജോസഫ്, ഡി.സി. ജോസഫ്, സി. ജപമണി നാടാർ, മെമ്മോറാണ്ടത്തിൽ ഒപ്പുവെച്ച എം.എൽ.സി.മാർ ജയിംസ് ഫ്ളെറ്റ്ച്ചർ, എം. ലിനസ് ഡി.ക്രൂസ്, മിസ് ത്രേസ്യാ കോര, തോമസ് ചാണ്ടി മുക്കാടൻ, അബേർണം ശിഖാമണി, കെ.കെ. കുരുവിള എന്നിവരും ആണ്.

ഈ മെമ്മോറാണ്ടം സർ. സി.പി.യെ കോപാകുലനാക്കി. അതിന്റെ പ്രത്യാഘാതമായിട്ടാണ് ഷെവ. കുഞ്ഞിത്തൊമ്മനെ കോശി വധക്കേസിൽ പ്രതിയാക്കാനായി നടപടി സ്വീകരിച്ചത്. ഇതോടെ ക്രിസ്ത്യൻ മെമ്മോറാണ്ടത്തിൽ ഒപ്പിട്ടവർ സുധീരമായ നിലപാട് സ്വീകരിച്ചു. അചഞ്ചലനായ കുഞ്ഞിത്തൊമ്മൻ അന്ന് കോനൂരിൽ ആയിരുന്ന സർ. സ.പി.യെക്കണ്ട് ഈ കൊലക്കേസിൽ തന്നെ പ്രതിയാക്കിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം സി.പി.യ്ക്കായിരിക്കുമെന്നും ദൈവകോപത്തിന് സി.പി. വിധേയനാകുമെന്നും മുന്നറിയിപ്പ് നൽകി. ഏതായാലും സി.പി. അതിൽ നിന്നും പിന്മാറി.

www.malankaralibrary.com

# 7. രണ്ടരലക്ഷത്തിന്റെ ഭീമഹർജി

സമർത്ഥനും ഭരണപടുവുമായ സർ. സി.പി. രാമസ്വാമി അയ്യർ ദിവാൻ പദം ഏറ്റെടുക്കുന്നതു നിവർത്തനപ്രക്ഷോഭത്തിന്റെ വിജയത്തിനു ശേഷ മാണ്. അദ്ദേഹം സമർത്ഥനായ ഒരു ഭരണാധികാരിയായിരുന്നെങ്കിലും ക്രൈസ്തവരോട് ശത്രുതയോടെയാണ് പെരുമാറിയത്. നിവർത്തനപ്രക്ഷോ ഭണത്തിനു ശേഷം ഉത്തരവാദഭരണ പ്രക്ഷോഭണത്തിന് നേതൃത്വം നൽകി യത് സ്റ്റേറ്റ് കോൺഗ്രസ്സായിരുന്നു. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ രൂപീകരണ ത്തിൽ നിർണ്ണായകമായ പങ്കുവഹിച്ചത് ക്രൈസ്തവരായിരുന്നു. ഉത്തര വാദഭരണ പ്രക്ഷോഭണത്തെ നായർ സർവ്വീസ് സൊസൈറ്റിയും എസ്.എൻ. ഡി.പി. യും ശക്തമായി എതിർക്കുകയുണ്ടായി. അതോടെ സ്റ്റേറ്റ് കോൺ ഗ്രസ്സ് കത്തോലിക്കരുടെ കോൺഗ്രസ്സാണെന്ന് സർ. സി.പി. പ്രചരണം നട ത്തുകയും ചെയ്തു. ആ പ്രചരണത്തെ അതിജീവിച്ച് ഉത്തരവാദഭരണ പ്രക്ഷോഭണം ശക്തമായി മുന്നോട്ടുനീങ്ങി. മന്നത്തുപത്മനാഭനും ആർ. ശങ്കറും സി.പി. യോടൊത്തുനിന്ന് സ്റ്റേറ്റ് കോൺഗ്രസ്സിനെ തകർക്കുവാൻ ശ്രമിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പിന്നിൽ ഉറച്ചുനിന്ന ക്രൈസ്തവരെ ദ്രോഹി ക്കുകയെന്നതായിരുന്നു സി.പി. യുടെ ലക്ഷ്യം. നാഷണൽ ക്വയിലോൺ ബാങ്ക് തകർത്തു. മനോരമ പത്രം കണ്ടുകെട്ടി. എന്നാൽ അതിനെല്ലാം പുറമേ ക്രൈസ്തവരുടെ വിദ്യാലയങ്ങൾ മുഴുവൻ ഏറ്റെടുക്കാൻ ശ്രമിച്ചു.

സർ. സി.പി. യുടെ ഈ നീക്കത്തിനെതിരെ 1943 ജൂലൈ രണ്ടാം തീയതി തിരുവിതാംകൂറിലേയും കൊച്ചിയിലേയും വൈദികമേലദ്ധ്യക്ഷന്മാർ സംയുക്ത ഇടയലേഖനം പുറപ്പെടുവിച്ചു. പിന്നീട് 1945 ആഗസ്റ്റ് 15-ാം തീയതി ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി 123-ാം നമ്പരായി ഒരു ഇടയലേഖനം പുറപ്പെടുവിച്ചു. ആ ഇടയലേഖനം രാജ്യദ്രോഹപരമാ ണെന്നും അത് പിൻവലിച്ച് ക്ഷമായാചനം ചെയ്യണമെന്നും കാണിച്ചു കാളാ ശ്ശേരി തിരുമേനിക്ക് സർക്കാർ നോട്ടീസയച്ചും താൻ രാജ്യദ്രോഹപരമായി ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നും താൻ എഴുതിയത് എഴുതിയത് തന്നെയാ ണെന്നും ക്ഷമചോദിക്കുന്നില്ലെന്നുമായിരുന്നു മാർ കാളാശ്ശേരിയുടെ മറുപ ടി. വിദ്യാഭ്യാസപ്രക്ഷോഭണം മുന്നോട്ടുനീങ്ങി കത്തോലിക്കാ കോൺഗ്രസ്സ് തെരഞ്ഞെടുത്ത 350 പേരടങ്ങിയ കമ്മറ്റിയുടെ നേതൃത്വത്തിലായിരുന്നു സമ രപരിപാടി. ആ കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരു ഭീമഹർജി മഹാരാജാ വിന് സമർപ്പിക്കുവാൻ തീരുമാനിച്ചു. രണ്ടരലക്ഷം പേർ ഒപ്പിട്ട ആ ഭീമ ഹർജി മഹാരാജാവിന്റെ കയ്യിൽ നേരിട്ട് കൊടുക്കുവാൻ അനുവാദം ലഭിച്ചി ല്ല. പ്രസ്തുത മെമ്മോറാണ്ടം പോസ്റ്റുവഴി അയച്ചുകൊടുത്തു. ആ മെമ്മോ റാണ്ടത്തിന്റെ ഒരു കോപ്പി കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസ്സ് ഓഫീ സിലും ഒരു കോപ്പി വത്തിക്കാൻ ഗ്രന്ഥാലയത്തിലും സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

www.malankaralibrary.com

## ഭീമഹർജിയുടെ പൂർണ്ണരൂപം

ശ്രീ. പത്മനാഭദാസ, വഞ്ചിപാല, കുലശേഖര, കിരീടപതി, മന്നേസുൽത്താൻ, മഹാരാജ രാജൈ, രാമരാജ ബഹദൂർ, ഷംഷർ ജംഗ്, നൈറ്റ് ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എമിനെന്റ് ആർഡർ ആഫ് ദി ഇൻഡ്യൻ എമ്പയർ, ലഫ്റ്റനന്റ് കർണൽ, സർ ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് തിരുമനസ്സിലെ സന്നിധിയിൽ തിരുമനസ്സിലെ കത്തോലിക്കാ പ്രജകളായ താഴെ കൈഒപ്പിട്ടിരിക്കുന്ന അടിയങ്ങൾ സമർപ്പിക്കുന്ന

**മെമ്മോറിയൽ**

ദയാനിധിയായ തിരുമേനി,

തിരുമനസ്സിലെ നേർക്ക്, അടിയങ്ങൾക്കുള്ള ഭക്ത്യാദരങ്ങളെ തിരുമനസ്സുണർത്തിക്കുകയും, താഴെ വിവരിക്കുന്ന അടിയങ്ങളുടെ സങ്കടങ്ങളെ കരുണാനിധിയായ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

1. വിദ്യാഭ്യാസത്തെ അധികരിച്ച് കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളെയും, നിയമങ്ങളെയും ഇതോടനുബന്ധമായി ചേർത്തിരിക്കുന്ന മെമ്മോറാണ്ടത്തിൽ വിശദമാക്കിയിട്ടുണ്ട്. ഒരു കത്തോലിക്കനും ഇവയിൽനിന്ന് വ്യതിചലിക്കാവുന്നതല്ല.

2. ഈ സിദ്ധാന്തങ്ങൾക്കും നിയമങ്ങൾക്കും വിപരീതമായി എന്തെങ്കിലും ചെയ്യുവാൻ അടിയങ്ങൾ നിർബന്ധരായാൽ അതു അടിയങ്ങളുടെ മതസ്വാതന്ത്ര്യത്തെ സാരമായി ബാധിക്കുന്നതും, അടിയങ്ങൾക്കു വളരെ സങ്കടമുണ്ടാകുന്നതുമാകുന്നു.

3. മതാഭ്യസനം വിദ്യാഭ്യാസത്തിന്റെ പ്രധാനവും അഭേദ്യവുമായ ഒരു ഭാഗമാണെന്നും ശരിയായി രൂപവൽക്കരിച്ചിട്ടുള്ള മതബോധനം ഓരോരുത്തരുടെയും വിദ്യാഭ്യാസത്തിന്റെ അംശമായിരിക്കണമെന്നും വിദഗ്ദ്ധന്മാർകൂടി ഉൾപ്പെട്ടിരുന്ന വിദ്യാഭ്യാസ പുനഃസംയോജനക്കമ്മറ്റി ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ഗ്രാന്റ് സ്കൂളുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്മറ്റിയേക്കാൾ നിയമപ്രകാരം ഉയർന്ന പദവി ഉള്ളവയെങ്കിലും വിദ്യാഭ്യാസകാര്യത്തിൽ വിദഗ്ദ്ധസംഘങ്ങളല്ലാത്ത നിയമസഭയുടെ ഇരുമണ്ഡലങ്ങളും കമ്മിറ്റിയുടെ ഈ ശുപാർശകൾക്ക് വിപരീതമായി തീരുമാനങ്ങൾ ചെയ്തു.

4. ദിവാൻജിയുടെ പ്രസ്താവനകളിൽനിന്നും 1945 ഓഗസ്റ്റ് 31-ാം തീയതിയിലെ പ്രസ് കമ്മ്യൂണിക്കേഷനിൽനിന്നും ക്രിസ്ത്യാനികളുടെ പ്രതിഷേധങ്ങളെ അവഗണിച്ച് നിയമസമിതികളുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അടിയങ്ങൾക്ക് ഭയം തോന്നി.

www.malankaralibrary.com

അതിനാൽ അടിയങ്ങളുടെ സങ്കടങ്ങൾ വിവരിച്ചും പരിഹാരങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചും ഒരു പൊതുജനമെമ്മോറിയൽ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുവാൻ 1945 സെപ്റ്റംബർ 9-ാം തീയതി അഖില കേരള കത്തോലിക്ക കോൺഗ്രസ്സിന്റെ വിദ്യാഭ്യാസക്കമ്മിറ്റി തീരുമാനിച്ചു.

5. ഈ വാർത്ത പത്രങ്ങളിൽ കണ്ട ഉടനെതന്നെ മെമ്മോറിയൽ തയ്യാറാക്കി തിരുമനസ്സുണർത്തിക്കുന്നതിന് അടിയങ്ങൾക്ക് സമയം കിട്ടുന്നതിനുമുമ്പായി നിയമസമിതികളുടെ നിശ്ചയങ്ങൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റിൽനിന്ന് R.Dis. 1324/45/Edn., നമ്പരായി 1945 - സെപ്റ്റംബർ 12-ാം തീയതി പ്രൊസീഡിംഗ്സ് പാസ്സാക്കുകയും ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിലേക്കായി വിശദമായ പരിപാടികൾ രൂപവൽക്കരിക്കുന്നതിന് വിദ്യാഭ്യാസഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

6. എല്ലാ വിപത്തുകളിൽനിന്നും അടിയങ്ങളെ രക്ഷിക്കുന്നതിന് തിരുമനസ്സിലെ സന്നിധാനത്തിൽ സങ്കടങ്ങൾ ഉണർത്തിക്കുന്നതിന് സമയം കിട്ടുന്നതിന് മുമ്പായി ഗവൺമെന്റിൽനിന്നും ഗൗരവാവഹമായ ഈ നടപടി കൈക്കൊണ്ടത് അടിയങ്ങൾക്ക് കൂടുതൽ സങ്കടത്തിന് കാരണമായിട്ടുണ്ട്.

7. ഇപ്രകാരം തന്നെ അടിയങ്ങളെ വേദനിപ്പിക്കുന്ന മറ്റു പല സങ്കടങ്ങളും അടിയങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും ഈ കാര്യത്തിന്റെ ഗൗരവത്തെ പരിഗണിച്ച് ഇതിനെപ്പറ്റി മാത്രമേ ഉടനെ തിരുമനസ്സുണർത്തിക്കുവാൻ ഇടയായിട്ടുള്ളതാകുന്നു.

അതിനാൽ താഴെ വിവരിക്കുന്ന അപേക്ഷകൾ ഏറ്റവും വിനയത്തോടും ഭക്തിയോടുംകൂടി തിരുമനസ്സുണർത്തിച്ചുകൊള്ളുന്നു.

എ. അടിയങ്ങളുടെ സങ്കടങ്ങൾക്കു പരിഹാരം വരത്തക്കവണ്ണം മേൽവിവരിച്ചിട്ടുള്ള ഗവൺമെന്റ് പ്രൊസീഡിംഗ്സ് കല്പിച്ചു ഭേദപ്പെടുത്തുമാറാകണം.

ബി. അടിയങ്ങളുടെ വിദ്യാലയങ്ങളിൽ അടിയങ്ങളുടെ കുട്ടികൾക്കു മതബോധനം നൽകുന്നതിനുള്ള അവകാശം അടിയങ്ങൾ തുടർന്ന് അനുഭവിക്കുന്നതിന് കല്പിച്ചനുവദിക്കുമാറാകണം.

സി. അടിയങ്ങളുടെ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് അവരുടെ മുഴുവൻ ശമ്പളവും സഹായധനമായി നൽകുന്നതിന് കല്പിച്ചനുവദിക്കുമാറാകണം.

എന്ന്

തിരുമനസ്സിലെ ഭക്തരും വിനീതരുമായ

25 സെപ്റ്റംബർ 1945 കത്തോലിക്കാ പ്രജകൾ

www.malankaralibrary.com

# 8. സ്വതന്ത്ര തിരുവിതാംകൂർ

സ്വാതന്ത്ര്യപ്രാപ്തി അടുത്തുവന്നപ്പോൾ ദിവാൻ സർ. സി.പി. തിരുവിതാംകൂർ രാജ്യത്തെ ഇന്ത്യൻയൂണിയനിൽ ചേർക്കാതെ സ്വതന്ത്രരാജ്യമായി നിലനിർത്താനുള്ള ശ്രമം നടത്തി. സി.പി. യുടെ പിന്നിൽ പല സമുദായ സംഘടനകളും ഉറച്ചുനിന്നു. കത്തോലിക്കാ കോൺഗ്രസ്സ് ഒറ്റയ്ക്കുനിന്ന് സ്വതന്ത്രതിരുവിതാംകൂർ വാദത്തെ എതിർത്തു പരാജയപ്പെടുത്തി. ഇക്കാലഘട്ടത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പാസ്സാക്കിയ പ്രമേയം പ്രത്യേകം ശ്രദ്ധേയമാണ്.

തിരുവിതാംകൂർ മഹാരാജാവിന് 1891 മുതൽ 1945 വരെ നൽകിയ നിവേദനങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ എന്തിനാണ് കത്തോലിക്കാ കോൺഗ്രസ്സ് പാസ്സാക്കിയ പ്രമേയത്തെപ്പറ്റി സൂചിപ്പിക്കുന്നതെന്ന് ചിലരെങ്കിലും സംശയിക്കാം. കത്തോലിക്കാ കോൺഗ്രസ്സ് സ്വതന്ത്രതിരുവിതാംകൂർ വാദത്തെ എതിർത്തുകൊണ്ട് പാസ്സാക്കിയ പ്രമേയം തിരുവിതാംകൂറിലെ ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ച ഒരു നിവേദനമായിരുന്നു. ആ നിവേദനം ജനങ്ങൾക്കാണ് കത്തോലിക്കാ കോൺഗ്രസ്സ് സമർപ്പിച്ചത്. പ്രസ്തുത പ്രമേയം താഴെ ചേർക്കുന്നു.

"തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യത്തിന്റെ പേരിൽ തിരുവിതാംകൂറിനെ ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും വേർപെടുത്തി ഒറ്റതിരുക്കുന്നതിന് ചെയ്തുകൊണ്ടിരിക്കുന്ന ശ്രമങ്ങളേയും തൽസംബന്ധമായി ചെയ്തുകൊണ്ടിരിക്കുന്ന പ്രസ്താവനകളേയും ഈ കമ്മറ്റി വളരെ ഉത്കണ്ഠയോടെ വീക്ഷിക്കുന്നു. തിരുവിതാംകൂറിലെ ക്രസ്ത്യാനികൾ വിശേഷിച്ച് കത്തോലിക്കർ ഈ ശ്രമത്തിന്റെ പിന്നിലുണ്ടെന്ന് അദ്ദേഹം ഭാവിക്കുകയും പലപ്രാവശ്യം ആവർത്തിച്ച് പറയുകയും ഇന്നേവരെ ഇല്ലാതിരുന്ന ഒരു പ്രത്യേക മമത പ്രദർശിപ്പിക്കുകയും ചെയ്തുകാണുന്നതിൽ കമ്മറ്റി അത്ഭുതപ്പെടുന്നു. രാജ്യത്തെ ഒറ്റിക്കൊടുത്ത് കത്തോലിക്കരുടെ ഏതെങ്കിലും അവകാശം അതെത്ര ന്യായമായിരുന്നാലും അംഗീകരിക്കപ്പെടണമെന്നോ അനർഹമായ ഏതെങ്കിലും ആനുകൂല്യം സമ്പാദിക്കണമെന്നോ കത്തോലിക്കർ വിചാരിക്കുന്നില്ലെന്ന് വ്യക്തമാക്കിക്കൊള്ളുന്നു. ജനഹസ്തങ്ങളിലേയ്ക്ക് അധികാരം കൈമാറിക്കിട്ടുകയാണ് തിരുവിതാംകൂർ ജനതയുടെ ഇന്നത്തെ അടിയന്തിര ആവശ്യം. സർ. സി.പി. രാമസ്വാമി അയ്യർ ഈ ജനകീയ അവകാശവാദത്തെ നിരന്തരമായി തിരുവിതാംകൂർ ഭരണകൂടത്തിന്റെ സർവ്വശക്തികളും ഉപയോഗിച്ച് എതിർത്തുകൊണ്ടിരിക്കുക

www.malankaralibrary.com

യാണ്. തന്റെ സ്വേഛാധിപത്യത്തെ പുലർത്തുന്നതിന് തിരുവിതാംകൂർ ജനതയെ അനവരതം അടിമത്തത്തിൽ താഴ്ത്തുന്നതിനുവേണ്ടി അദ്ദേഹം കണ്ടെത്തിയ ഒരു തന്ത്രമാണ് സ്വതന്ത്രതിരുവിതാംകൂർ. തങ്ങളുടെ അവകാശങ്ങൾ ആരിൽനിന്നെങ്കിലും ദാനമായി വാങ്ങണമെന്ന് തിരുവിതാംകൂറിലെ കത്തോലിക്കർ വിചാരിച്ചിട്ടില്ല. ന്യായമായ അവകാശങ്ങൾ കണക്കുപറഞ്ഞ് വാങ്ങുന്നതിനുള്ള പ്രാഗത്ഭ്യം തിരുവിതാംകൂറിലെ കത്തോലിക്കർക്കുണ്ട്. തിരുവിതാംകൂർ ജനതയുടേയും രാജകുടുംബത്തിന്റേയും ഭാവി ഭയാനകമാക്കിത്തീർക്കുന്ന തിരുവിതാംകൂർ സ്വാതന്ത്ര്യത്തെ അനുകൂലിച്ച് ഏതെങ്കിലും അവകാശം അതിന്റെ കോഴയായി പറ്റുന്നതിന് കത്തോലിക്കർക്ക് നിർവാഹമില്ല. തിരുവിതാംകൂർ ജനതയുടേയും രാജകുടുംബത്തിന്റേയും താത്പര്യങ്ങൾക്ക് ഏറ്റവും ഹാനികരമായ ഈ സ്വാതന്ത്ര്യപ്രസ്ഥാനത്തെ തിരുവിതാംകൂറിലെ കത്തോലിക്കർ അവരുടെ സർവ്വകഴിവുകളും ഉപയോഗിച്ച് എതിർത്ത് പരാജയപ്പെടുത്തുമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു."

ഈ പ്രമേയം ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ച ഒരു നിവേദനമായിരുന്നു. ജനങ്ങൾ ഈ നിവേദനം സ്വീകരിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കാത്തലിക് ഗ്രീവൻസസ്



ജോൺ കച്ചിറമറ്റം

കത്തോലിക്കരുടെ ചരിത്രത്തിന് രണ്ടു മാനങ്ങളുണ്ട്. ഒന്ന് അവരുടെ സഭാ ചരിത്രം. ബ. പ്ലാസിഡച്ചനും കൂടപ്പുഴയച്ചനും മത്തിയാസ് മുണ്ടാടനച്ചനും മാർത്തോമ്മാക്രിസ്ത്യാനികളുടെ കർത്താവായ ബർനാർദച്ചനുമെല്ലാം സഭാ ചരിത്രകാരന്മാരാണ്. ഒരു സമുദായമെന്ന നിലയിൽ അവരുടെ ചരിത്രം ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത് ആനുഷംഗികമായി മാത്രമാണ്. ശ്രീ. കച്ചിറമറ്റത്തിന്റെ കൃതികളെല്ലാം കത്തോലിക്കരുടെ സമൂഹചരിത്രത്തിന്റെ ഭാഗമാണ്. ഇതിൽ ഏറ്റവും പ്രധാനം ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന കൃതിയാണ്. തച്ചിൽ മാത്തുതരകൻ തര്യത്കുഞ്ഞിതൊമ്മൻ എന്നിവ ജീവചരിത്രങ്ങളാണെങ്കിലും അവ നമ്മുടെ സമുദായചരിത്രത്തിന്റെ സുപ്രധാന ഏടുകളാണ്. കേരള സഭാരത്നങ്ങളെന്ന ബ്രഹത് ഗ്രന്ഥാവലിയിലൂടെ ഉരുത്തിരിയുന്നത് കത്തോലിക്കാ സമുദായത്തിന്റെ തന്നെ കഴിഞ്ഞകാല ചരിത്രമാണ്. മൺമറഞ്ഞുപോയ നമ്മുടെ പൂർവ്വികരെക്കുറിച്ചുള്ള ഓർമ്മകളുടെ ഒരു അമൂല്യനിധിയാണ്, സഭാരത്ന ഗ്രന്ഥാവലി. നമ്മുടെ സമൂഹത്തിന്റെ ചരിത്രരചനയിൽ ഏർപ്പെട്ട പ്രതിഭാധനരായിരുന്ന ശ്രീ എം.ഒ.ജോസഫ് നെടുങ്കുന്നം , ഷെവ. വി.സി.ജോർജ് എന്നിവരോടൊപ്പം എടുത്തുപറയാവുന്ന ഒരേ ഒരാൾ ഈ തലമുറയിൽ ശ്രീ ജോൺ കച്ചിറമറ്റം മാത്രമാണ്.

സമുദായ ചരിത്രത്തെസംബന്ധിച്ചിടത്തോളം ശ്രീ. കച്ചിറമറ്റത്തിന്റെ ഏറ്റവും വിലപ്പെട്ട സംഭാവനയായിരിക്കും കാത്തലിക്ക് ഗ്രീവൻസസ് എന്ന ഈ പുസ്തകം.

ശ്രീ. തര്യത് കുഞ്ഞിത്തൊമ്മൻ, ശ്രീ എം.എം.വർക്കി, ഷെവ. ഐ.സി.ചാക്കോ, ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം, ശ്രീ. ജോൺ നിധീരി തുടങ്ങിയ സഭാ സ്നേഹികളുടെ നിരയിലാണ് ശ്രീ. കച്ചിറമറ്റം. സഭയിൽനിന്ന് എന്തും ലഭിക്കും എന്നതിനെക്കാൾ സഭയ്ക്കുവേണ്ടി എന്തു ചെയ്യാൻ സാധിക്കും എന്നുള്ള ചേതോവികാരമാണ് ഇവരുടെ പൊതുജീവിതത്തെ മുമ്പോട്ടുകൊണ്ടു പോകുന്നത്.

ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ സഭാസേവനം കഴിഞ്ഞനാലു പതിറ്റാണ്ടുകാലമായി ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. രണ്ടു വള്ളത്തിൽ ചവിട്ടുന്ന സഭാസ്നേഹികൾ ധാരാളമുള്ള ഈ കാലത്ത് ശ്രീ. കച്ചിറമറ്റം വേറിട്ടു നിൽക്കുന്നു. ഈ സമുദായത്തിന് അദ്ദേഹത്തോട് വലുതായ ഒരു കടപ്പാടുണ്ട്. അദ്ദേഹത്തിന്റെ പുസ്തകങ്ങളെല്ലാം തന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചിരിക്കുന്നത് സ്വന്തം ചിലവിലാണ്. ഇതിന്റെ രചനയിൽ അദ്ദേഹത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ക്ലേശങ്ങളെക്കുറിച്ച് എനിക്കു നന്നായിട്ടറിയാം. അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ ഓരോ പ്രതി എല്ലാ സഭാസ്നേഹികളും വൈദീക-അല്മായ വ്യത്യാസം കൂടാതെ വാങ്ങിക്കുകയും വായിക്കുകയും ചെയ്യേണ്ടതാണ് - വളർന്നു വരുന്ന തലമുറ അറിയേണ്ടതായി പല കാര്യങ്ങളും ഇതിലുണ്ട്.

കാത്തലിക്ക് ഗ്രീവൻസസ് എന്ന ഗ്രന്ഥം തയ്യാറാക്കുന്നതിന് ശ്രീ. കച്ചിറമറ്റത്തിന് ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നതായി എനിക്കറിയാം. സ്വന്തം ആരോഗ്യപ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടാണ് അദ്ദേഹം ഈ ഗ്രന്ഥത്തിന്റെ രചനയിലും പ്രസാധനത്തിലും ഏർപ്പെട്ടത്. അതുകൊണ്ടു തന്നെ ഈ ഗ്രന്ഥത്തിന്റെ മൂല്യം വർദ്ധിച്ചിരിക്കുന്നു. എഴുപതാം വയസ്സിന്റെ പടിവാതിൽക്കലെത്തി നിൽക്കുന്ന അദ്ദേഹത്തിന് എന്റെ അഭിനന്ദനങ്ങളും സമുദായത്തിന്റെ പേരിലുള്ള ആശംസകളും.

**പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ**

Distribution : വിമല പബ്ലിക്കേഷൻസ് ഫോൺ : 04828-202665, 202906
കാഞ്ഞിരപ്പള്ളി 686507

www.malankaralibrary.com

cover design : Joseph francis / Pala / 9447137342